# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2019 നവംബർ 15, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1068/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവുംസാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | :ശ്രീമതി കെ. കെ. ശൈലജടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽകുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ.ടി.എം.തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..34

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..34

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..100

**II ശ്രദ്ധക്ഷണിക്കൽ**

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
– ശ്രീ. കെ. ഡി. പ്രസേനൻ ..514

(2) വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ്
– ശ്രീ. വി. ടി. ബൽറാം ..518

**III സബ്മിഷൻ**

(1) ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ പിന്നോക്കാവസ്ഥ
– ശ്രീ. പി. ടി. തോമസ് ..523

(2) ഐ.ഐ.ടി. വിദ്യാർത്ഥിനിയുടെ മരണം
– ശ്രീ. എം. നൗഷാദ് ..525

(3) കെ.ടി.ഡി.സി. ഹോട്ടൽ
– ശ്രീ. എ. പ്രദീപ്കുമാർ ..526

**IV റിപ്പോർട്ട് സമർപ്പണം**

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച
സമിതിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ ..528

**V റിപ്പോർട്ട് പരിഗണന**

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച
സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ..528

*പേജ്*

**VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ..529

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ ..529

(i) 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ

(ii) 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(iii) 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

(iv) 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(v) 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബിൽ

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 15, വെള്ളി*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2019 നവംബർ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ *421

### കുടുംബശ്രീ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

1 (*421) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണത്തിന്റെ ജനകീയ ഇടപെടലായതും രാജ്യത്തിന് മാതൃകയായതുമായ കുടുംബശ്രീ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റംവരുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) വിപണി നിയന്ത്രിതമാണ് ഉല്പന്നങ്ങളുടെ ആവശ്യകത എന്നതിനാൽ കുടുംബശ്രീ ബ്രാൻഡിംഗ് ഏർപ്പെടുത്തുന്നതോടൊപ്പം ഉല്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വിവിധ സേവന രംഗങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ കാൽലക്ഷം വനിതകൾക്ക് മികച്ച വരുമാനം ലഭിക്കുന്ന സ്ഥായിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കുമോ;

(ഡി) കേരള പുനർനിർമ്മിതിയുടെ ഭാഗമായി കുടുംബശ്രീ വഴി ഉപജീവന പദ്ധതികൾ നടത്തി വരുന്നുണ്ടോ; കുടുംബശ്രീ വഴി എത്ര കുടുംബങ്ങൾക്ക് പ്രളയാനന്തരം പലിശരഹിത വായ്പ ലഭ്യമായെന്നതിന്റെ കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ;

(ഇ) മുട്ട, കോഴിയിറച്ചി എന്നിവയുടെ വിപണന രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) കുടുംബശ്രീയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനായി എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനായി 'കുടുംബശ്രീ സ്കൂൾ', വിവിധ തലങ്ങളിലുള്ള ഭാരവാഹികൾക്ക് പരിശീലനം നൽകുന്നതിനായി 'കേളി' എന്ന പേരിൽ പരിശീലന പരിപാടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി 'സമന്വയം' പദ്ധതി, തീരദേശ മേഖലയിലെ സംഘടനാ ശാക്തീകരണത്തിനായി 'തീരശ്രീ', അയൽക്കൂട്ടാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സമഗ്ര വിവര ശേഖരണത്തിനായി 'ഇ-നെസ്റ്റ് ', അയൽക്കൂട്ടാംഗങ്ങളെ വട്ടിപ്പലിശക്കാരിൽ നിന്നും രക്ഷിക്കുന്നതിനായി സഹകരണ വകുപ്പുമായി ചേർന്ന് 'മുറ്റത്തെ മുല്ല', വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്ററുകൾ എന്നിവരെ സാമൂഹ്യമായി സംഘടിപ്പിക്കുന്നതിനായി 'റിലേഷൻഷിപ്പ് കേരള' എന്നിങ്ങനെ ഒട്ടേറെ നൂതന പദ്ധതികൾ കുടുംബശ്രീ സംഘടനാ ശാക്തീകരണത്തിനായും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനായും കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ നടപ്പിലാക്കി. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) കുടുംബശ്രീയുടെ ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണി നിലവാരത്തിലേക്ക് എത്തിക്കുന്നതിനൊപ്പം ഉല്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുന്നതിനായി 4 തരത്തിലുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീ സ്വീകരിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. <u>പ്രാദേശിക ദേശീയ വിപണന മേളകളിലൂടെയുള്ള വിപണനം (മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, മറ്റ് വിപണനമേളകൾ)</u>

3,990 മാസച്ചന്തകളും 249 പ്രാദേശിക വിപണന മേളകളും 4 സരസ്സ് മേളകളും 2,211 ഓണം വിപണന മേളകളും 234 ഭക്ഷ്യമേളകളും കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ സംഘടിപ്പിച്ചു. ഇതുകൂടാതെ അന്യ സംസ്ഥാനങ്ങളിൽ നടന്ന 45 സരസ്സ് മേളകളിൽ കുടുംബശ്രീ സംരംഭകർ പങ്കെടുക്കുകയും ചെയ്തു.

2. <u>കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിരവിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള വിപണനം ബസാർ, നാനോ മാർക്കറ്റ്, കിയോസ്ക്, സംയോജിത വിപണന കേന്ദ്രങ്ങൾ)</u>

2 കുടുംബശ്രീ ബസാറുകളും 711 നാനോ മാർക്കറ്റുകളും 39 കിയോസ്കുകളും ഇക്കാലയളവിൽ ആരംഭിച്ചു.

3. <u>കുടുംബശ്രീ ഉല്പന്നങ്ങൾ വീടുകളിലെത്തിക്കുന്നതിലൂടെയുള്ള വിപണനം (ഹോം ഷോപ്പുകൾ)</u>

മൂന്ന് ജില്ലകളിലാണ് ഹോം ഷോപ്പ് സംവിധാനം നിലവിലുള്ളത്. 1213 ഹോം ഷോപ്പ് ഓണർമാർ കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടുവരുന്നു. മറ്റ് ജില്ലകളിൽ ഹോം ഷോപ്പ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

4. <u>ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിപണനം</u>

ഓൺലൈൻ വിപണനത്തിനായി 'കുടുംബശ്രീ ബസാർ' എന്ന ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. ഇതുകൂടാതെ ആമസോൺ സഹേലി എന്ന ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലൂടെയും കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി മേൽ വിപണന പ്രവർത്തനങ്ങളിലൂടെ 111 കോടിയിലധികം രൂപയുടെ വിറ്റുവരവ് കുടുബശ്രീ സംരംഭകർക്ക് നേടിക്കൊടുക്കാൻ സാധിച്ചു. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത വരുത്തുന്നതിനായി മികച്ച 50 ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് പൊതു വിപണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) സേവന മേഖലയിൽ 50,000 യുവതീയുവാക്കൾക്ക് സ്ഥായിയായ തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എറൈസ്'. പത്ത് മേഖലകളിലായിട്ടാണ് ഇവർക്ക് പരിശീലനം നൽകുന്നത്. നിലവിൽ 11,985 യുവജനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം പൂർത്തിയാക്കുകയും 132 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ വിവിധ സേവന മേഖലകളായ ഡ്രൈവിംഗ്, ഖരമാലിന്യ നിർമ്മാർജ്ജനം, ഹോട്ടൽ & കാറ്ററിംഗ്, ഹോം സ്റ്റേ, വയോജന പരിപാലനം - 'ഹർഷം', ജീവിതശൈലീരോഗ നിർണ്ണയത്തിനായി സാന്ത്വനം ആരോഗ്യ വോളന്റിയർമാർ, വനിതകളുടെ കെട്ടിട നിർമ്മാണം തുടങ്ങിയവയിലൂടെ വനിതകൾക്ക് മികച്ച വരുമാനം ലഭിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ മേഖലകളിലായി ഏകദേശം 44000 ആളുകൾ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

(ഡി) ഉണ്ട്. 2018-ലെ പ്രളയത്തിനുശേഷം നവകേരള പുനർ നിർമ്മാണത്തിന്റെ ഭാഗമായി ആരംഭിച്ച ഉപജീവന പദ്ധതിയാണ് 'എറൈസ്'. സേവന മേഖലയിൽ 50,000 യുവതീയുവാക്കൾക്ക് സ്ഥായിയായ തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ഇലക്ട്രോണിക്സ് റിപ്പയറിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി പഞ്ചായത്ത് തലത്തിൽ മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ചുവരുന്നു. നിലവിൽ 120 പഞ്ചായത്തുകളിൽ 132 'എറൈസ് ' മൾട്ടി ടാസ്ക് ടീമുകൾ പ്രവർത്തിച്ചുവരുന്നു. ഒരു ടീമിൽ 3 മുതൽ 7 വരെയുള്ള അംഗങ്ങളാണ് ഉൾപ്പെടുന്നത്.

പ്രളയാനന്തരം കുടുംബശ്രീ മുഖേന നടപ്പാക്കിയ പലിശ രഹിത വായ്പാ പദ്ധതിയാണ് 'റിസർജെന്റ് കേരള ലോൺ സ്കീം'. ഇതിലൂടെ ഒൻപത് ശതമാനം പലിശയ്ക്ക് ബാങ്കുകൾ കുടുംബശ്രീ അംഗങ്ങൾക്ക് വായ്പ ലഭ്യമാക്കും. ഈ പലിശത്തുക സർക്കാർ പ്രസ്തുത അംഗത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കും. ഈ പദ്ധതി പ്രകാരം ആകെ 28212 അയൽക്കൂട്ടങ്ങൾ വഴി 1.95 ലക്ഷം പേർക്ക് 1680 കോടി രൂപ പലിശരഹിത വായ്പയായി നൽകിയിട്ടുണ്ട്. പ്രളയത്തിൽ ഉപജീവനോപാധികൾ നഷ്ടപ്പെട്ട സംരംഭകർക്കും സംഘകർഷകർക്കും സമാശ്വാസമായി പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പ്രത്യേക പദ്ധതി പ്രകാരം 25 കോടി രൂപയുടെ നഷ്ടപരിഹാര പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. ഇതുകൂടാതെ കേരള പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീ അംഗങ്ങൾക്കായി 250 കോടി രൂപയുടെ പ്രത്യേക പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. മുട്ട വിപണന രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി 'ജെനോവ 'എന്ന പദ്ധതിയും കോഴിയിറച്ചി വിപണന രംഗത്ത് പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി 'കേരള ചിക്കൻ' എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 800 ബ്രോയിലർ ഫാമുകൾ ആരംഭിച്ചു. കുടുംബശ്രീ അംഗങ്ങളായ ഇറച്ചിക്കോഴി കർഷകരെ ഉൾപ്പെടുത്തി 'കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ' എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഏറെ വിവാദമായതും ഒട്ടേറെ ആരോപണങ്ങൾക്ക് ഇടയായതുമാണ് കുട്ടികൾക്ക് നൽകുന്ന അമൃതം ന്യൂട്രിമിക്സ് പൗഡർ വിതരണം. ന്യൂട്രിമിക്സ് യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനും ഈ രംഗത്ത് നിലനിന്നിരുന്ന അഴിമതി ഇല്ലാതാക്കുന്നതിനും എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, കുട്ടികൾക്ക് ഏറ്റവും പോഷകദായക ഭക്ഷണമായ ന്യൂട്രിമിക്സ് നൽകുന്നതിനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ കാലത്തുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി 11 പോഷകങ്ങൾകൂടി ഉൾപ്പെടുത്തി ഏറ്റവും മികച്ച രീതിയിൽ തയ്യാറാക്കി നൽകുന്നതിനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അത് വളരെ കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സ്ത്രീ ശാക്തീകരണത്തിനായി നൂതന പദ്ധതികളും വലിയ ഫണ്ടുമൊക്കെ നൽകുന്നതാണ് എൽ.ഡി.എഫ്. സർക്കാർ. 'സ്നേഹിത കോളിംഗ് ബെൽ' എന്ന സവിശേഷമായ ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. ഒറ്റപ്പെട്ടുകഴിയുന്ന ആളുകളെ കണ്ടെത്തി മാനസിക പിന്തുണ നൽകുക എന്നതാണ് 'സ്നേഹിത കോളിംഗ് ബെൽ' പദ്ധതി. ഈ പദ്ധതിയിലൂടെ നടത്തുന്ന മനുഷ്യത്വപൂർണ്ണമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്നേഹിത ജെന്റർ ഹെൽപ് ഡെസ്കിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങളിൽ നിന്നാണ് 'സ്നേഹിത കോളിംഗ് ബെൽ''' പദ്ധതി ആരംഭിച്ചത്. മുമ്പ് 8 ജില്ലകളിലാണ് ഉണ്ടായിരുന്നത്. ഇപ്പോൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും നൽകുക, മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനായി കൗൺസിലിംഗ് നൽകുക, നിയമോപദേശം ലഭ്യമാക്കുക,

താൽക്കാലിക അഭയകേന്ദ്രമൊരുക്കുക, രാത്രി യാത്ര ചെയ്യേണ്ടിവരുന്ന സ്ത്രീകൾക്ക് താമസ സൗകര്യമൊരുക്കുക തുടങ്ങിയവയാണ് സ്നേഹിത സെന്ററുകളുടെ മുഖ്യ പ്രവർത്തനങ്ങൾ. 'സ്നേഹിത കോളിംഗ് ബെൽ' പദ്ധതി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിലുള്ള അയൽക്കൂട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും അയൽക്കൂട്ട ആരോഗ്യദായക വോളന്റിയറുടെ നേതൃത്വത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെ കണ്ടെത്തി ആവശ്യമായ മാനസിക പിന്തുണ നൽകുക എന്ന ഉദ്ദേശ്യത്തോടെ 2018-19 സാമ്പത്തികവർഷം സംസ്ഥാനത്ത് നടപ്പാക്കുകയും ചെയ്തുവരുന്നു. ഒറ്റപ്പെട്ട് കഴിയുന്നവർക്കെതിരെയുള്ള അക്രമങ്ങൾ പെരുകുന്ന വാർത്തകൾ ധാരാളം വരുന്നുണ്ട്. ചിലർ പരിചരണമില്ലാതെ മരണപ്പെട്ട സംഭവങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഇത്തരം ഒരു പരിപാടിയെക്കുറിച്ച് ആലോചിക്കുന്നത്. 57555 വ്യക്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. സാമൂഹ്യ-സാമ്പത്തിക ജീവിതസാഹചര്യങ്ങൾ മെച്ചമെങ്കിലും മക്കൾ വിദേശത്തായതിനാൽ ഒറ്റയ്ക്ക് കഴിയേണ്ടിവരുന്നവരുണ്ട്. സാമൂഹ്യ-സാമ്പത്തിക ജീവിതസാഹചര്യങ്ങൾ മോശമായി ഒറ്റയ്ക്ക് കഴിയുന്നവരുമുണ്ട്. ഇവർക്കാവശ്യമായ സേവനം ലഭ്യമാക്കുക എന്നുള്ളതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവർത്തിച്ചുവരുന്ന സ്നേഹിത കോളിംഗ് ബെൽ കൊണ്ടുദ്ദേശിക്കുന്നത്. ഇന്ന് ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം നടക്കുകയാണ്. 15 മുതൽ 21-ാം തീയതി വരെ എല്ലാ അയൽക്കൂട്ടങ്ങളിലും ഈ വാരാചരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.-മാരും ഇക്കാര്യത്തിൽ സഹകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ കത്ത് നൽകിയിട്ടുണ്ട്. എല്ലാവരുടെയും സഹകരണമുണ്ടാകണം.

<u>ശ്രീമതി യു. പ്രതിഭ:</u> സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ജനശ്രീയിലൂടെ കുടുംബശ്രീ സംഘടനാ സംവിധാനത്തെ തകർക്കാൻ ശ്രമിച്ചപ്പോൾ ഈ സർക്കാർ കണ്ണിലെ കൃഷ്ണമണിപോലെയാണ് ആ സംവിധാനത്തെ മാറ്റിയത്. അതിന്റെ ഫലമായി കുടുംബശ്രീ ഇടപെടാത്ത ഒരു മേഖലയും ഇന്ന് കേരളത്തിലില്ല. ഇന്ന് ലോകത്തിന്റെ തന്നെ അഭിമാനമായി കാണിക്കാൻ കഴിയുന്ന പ്രസ്ഥാനമായി കുടുംബശ്രീ മാറി. കുടുംബശ്രീ അംഗം തന്റെ കുടുംബത്തെയാണ് അയൽക്കൂട്ടത്തിൽ പ്രതിനിധീകരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ കുടുംബാംഗങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, കുടുംബത്തിനുവേണ്ടി അതിലെ ഒരു അംഗമായിട്ടുള്ള സ്ത്രീ എന്ന അർത്ഥത്തിലാണ് കുടുംബശ്രീയുടെ ബൈലോ വ്യാഖ്യാനിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ആ കുടുംബത്തിന്റെ സാമ്പത്തിക-സാമൂഹ്യ സ്ഥിതിഗതികൾകൂടി മനസ്സിലാക്കിയാൽ മാത്രമേ നമുക്ക് അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയൂ. 'ഇ നെസ്റ്റ് 'എന്ന ഒരു പരിപാടി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കുടുംബത്തിന്റെ പൊതുവിവരങ്ങൾകൂടി ശേഖരിച്ചാൽ മാത്രമേ അവരുടെ ദാരിദ്ര്യലഘൂകരണത്തിനും സ്ത്രീശാക്തീകരണത്തിനും സഹായകമായ അന്തരീക്ഷം ഒരുക്കാൻ കഴിയുകയുള്ളൂ; അതുകൊണ്ടാണ് അത്തരമൊരു പരിപാടി ആരംഭിച്ചിട്ടുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമനുവേണ്ടി <u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, കുടുംബശ്രീയെ എങ്ങനെയാണ് ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നതെന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ഭരണകാലത്ത് കുടുംബശ്രീക്ക് നൽകേണ്ട പണം ജനശ്രീക്ക് നൽകിയതിനാൽ രാപ്പകൽ സമരം നടത്തേണ്ടി വന്നത് നമുക്ക് ഓർമ്മയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീക്ക് അനുവദിക്കുന്ന ധനസഹായത്തിന്റെ കാര്യത്തിൽ എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; അതോടൊപ്പം കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീക്കായി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന തുകയിൽ കാലാനുസൃതമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം ഉൾപ്പെടെ 1000 കോടി രൂപയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കുടുംബശ്രീക്ക് കഴിയും. 2015-16-ൽ 75 കോടി രൂപയും 2016-17-ൽ 130 കോടി രൂപയും 2017-18-ൽ 161 കോടി രൂപയും 2018-19-ൽ 158 കോടി രൂപയും ചെലവഴിച്ചു. 2019-20-ൽ 153 കോടി രൂപയും പ്രളയവുമായി ബന്ധപ്പെട്ട 75 കോടി രൂപയും ചേർന്ന വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജിത പദ്ധതികളിൽ നിന്നുള്ള 400 കോടി രൂപ ആശ്രയ വരുമാനദായക പ്രവർത്തനങ്ങൾക്കുവേണ്ടി കുടുംബശ്രീക്ക് ലഭിക്കും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത പ്രവർത്തനത്തിനായി 302 കോടി രൂപ വേറെയും ലഭിക്കും. കഴിഞ്ഞ ദിവസത്തെ ക്യാബിനറ്റിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഉപജീവന പദ്ധതികൾക്കായി 250 കോടി രൂപ അനുവദിച്ച കാര്യംകൂടി അറിയിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, സ്ത്രീ ശാക്തീകരണത്തിന്റെ മികച്ച മാതൃകയായ കുടുംബശ്രീ പ്രസ്ഥാനത്തെ സ്തുത്യർഹമായ നിലയിലാണ് ഈ ഗവൺമെന്റ് സഹായിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാർഷിക മേഖലയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്; അതിന്റെ നേട്ടങ്ങൾ വിശദീകരിക്കാനാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കാർഷിക മേഖലയിൽ ധാരാളം പദ്ധതികളുണ്ട്. വളരെ ദീർഘമായി പറയേണ്ടിവരും. Joint Liability Group (JLG) രൂപീകരിച്ച് ആവശ്യമായ സഹായം നൽകി കൃഷിയെ പ്രോൽസാഹിപ്പിക്കും. തരിശുരഹിത പഞ്ചായത്തുകൾ പ്രഖ്യാപിക്കുന്ന സ്ഥലത്ത് കുടുംബശ്രീയുടെ വലിയ പങ്കാളിത്തം ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്; അതിൽ തൊഴിലുറപ്പുമായി ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. മൃഗസംരക്ഷണ മേഖലകളിലും ഇടപെടലുകളുണ്ട്. ജൈവകൃഷിയുടെ കാര്യത്തിൽ വലിയ ഇടപെടലാണ് നടന്നിട്ടുള്ളത്. ഏകദേശം 55000 ഹെക്ടർ സ്ഥലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ കൃഷി നടന്നുവരികയാണ്. അതിൽ സൂക്ഷ്മസംരംഭങ്ങളും വാല്യൂ അഡിഷൻ പ്രോജക്ടുകളും നടപ്പാക്കുന്നതിനുള്ള പദ്ധതികളുണ്ട്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, പ്രളയം തകർത്ത പ്രദേശങ്ങളിലെ കുടുംബങ്ങളെ സഹായിക്കാനാണ് പലിശരഹിത വായ്പ നൽകാൻ തീരുമാനിച്ചത്. എന്നാൽ ഇപ്പോൾ അറിയാൻ കഴിയുന്നത്, പല പ്രദേശങ്ങളിലും മുൻകൂറായി വായ്പയെടുത്തിട്ടുള്ള കുടുംബശ്രീ യൂണിറ്റുകൾക്കും അംഗങ്ങൾക്കും ഈ വായ്പ നൽകുന്നില്ലെന്നാണ്. നമ്മുടെ നാട്ടിൽ കുടുംബശ്രീയിൽ അംഗങ്ങളായ 100 ശതമാനം സ്ത്രീകളും അതിൽനിന്നും വായ്പയെടുത്തിട്ടുള്ളവരാണ്. അതുകൊണ്ട് ഈ പലിശരഹിത വായ്പ കൊടുക്കുന്നതിന് നേരത്തെയുള്ള മാനദണ്ഡം ഒഴിവാക്കി പ്രളയത്തിന്റെ ആഘാതമേറ്റ എല്ലാവർക്കും വീട്ടുപകരണങ്ങളും മറ്റും വാങ്ങാൻ കുടുംബശ്രീയുടെ വായ്പ നൽകാൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വെള്ളത്തിൽ മുങ്ങിപ്പോയ വീടുകളിലുള്ള ആളുകളുടെ കണക്കെടുത്തശേഷമാണ് പലിശരഹിത വായ്പ നൽകുന്നത്. 1680 കോടി രൂപ 167000-ത്തോളം ആളുകൾക്ക് പ്രയോജനം ചെയ്യുന്ന രീതിയിൽ നൽകിയിട്ടുണ്ട്. തിരിച്ചടവിന്റെ സമയമാകുമ്പോൾ ഇതിന് ഏകദേശം 400 കോടി രൂപ പലിശ നൽകണം. അത് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ആ അർത്ഥത്തിൽ വിപുലമായ രീതിയിലുള്ള പദ്ധതിയായിട്ടാണ് മുന്നോട്ടുപോകുന്നത്. അങ്ങ് പറഞ്ഞതുപോലെ ഏതെങ്കിലും പ്രത്യേക പ്രശ്നങ്ങളാൽ ഈ

വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കാതെപോയിട്ടുണ്ടെങ്കിൽ നമുക്ക് പരിശോധിക്കാൻ കഴിയും. ഈ വർഷമുണ്ടായ പ്രളയത്തെത്തുടർന്ന് ഇങ്ങനെ ചില പ്രശ്നങ്ങൾ ചില ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും സംഭവിച്ചിട്ടുണ്ട്. അക്കാര്യവും പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, കുടുംബശ്രീയുമായി ബന്ധപ്പെട്ട് കേരളത്തിൽ വലിയ പ്രവർത്തനമാണ് ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ധാരാളം ഉൽപ്പന്നങ്ങൾ കുടുംബശ്രീ വഴി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഒരുപാട് പേർക്ക് തൊഴിൽ നൽകുന്നുമുണ്ട്. അത് വിപുലീകരിച്ചാൽ വലിയ സാധ്യതയാണ് ഈ മേഖലയിലുള്ളത്. 140 നിയോജകമണ്ഡലങ്ങളിലും കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഒരു വാഹനം വീതം കുടുംബശ്രീ വഴിയോ എം.എൽ.എ. ഫണ്ടിൽ നിന്നോ വാങ്ങി ഈ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള സംവിധാനം, അതായത് പത്തിരുന്നൂറ് കോടി രൂപ ചെലവഴിച്ചാൽ വലിയൊരു നെറ്റ്‌വർക്ക് കേരളത്തിൽ രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും. അങ്ങനെയൊരു സംവിധാനത്തിന് പകുതി പണം കുടുംബശ്രീയും ബാക്കി എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്നും നൽകാൻ കഴിഞ്ഞാൽ വലിയൊരു സംവിധാനമായിരിക്കും രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്നത്. ഒരുപാട് തൊഴിൽ സാധ്യതയുമുണ്ട്. ഇക്കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, മാർക്കറ്റിംഗിനെ സംബന്ധിച്ച് ഞാൻ മറുപടിയിൽ സൂചിപ്പിച്ചതാണ്. പ്രാദേശിക-ദേശീയ വിപണന മേളകളിലൂടെ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കായി സ്ഥിരം വിപണന കേന്ദ്രങ്ങൾ, വീടുകളിൽ എത്തിക്കുന്നതിനുള്ള ഹോംഷോപ്പുകൾ, ഓൺലൈൻ മാർക്കറ്റിംഗ്, അവ ബ്രാൻഡ് ചെയ്യാനുള്ള സംവിധാനം എന്നിവ ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വാഹനങ്ങളുമായി ബന്ധപ്പെടുത്തി വിതരണം ചെയ്യാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ചാണ്. തീർച്ചയായും അത് പരിശോധിക്കാം. എങ്ങനെയാണ് ബാധ്യതയുണ്ടാകുക, എങ്ങനെ നടപ്പിലാക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം പരിശോധിക്കാം.

ശ്രീ. സി. മമ്മൂട്ടി: സർ, കുടുംബശ്രീ മുഖേന സ്ത്രീകളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാൻ കഴിയുന്ന സംവിധാനമാകുന്നതോടുകൂടി കേരളത്തിലെ മുഴുവൻ കുടുംബങ്ങളും രക്ഷപ്പെടും. കുടുംബശ്രീയിൽ അംഗങ്ങളായ സ്ത്രീകൾക്ക് പരമാവധി വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ധാരാളം പദ്ധതികളുണ്ട്. നമ്മുടെ നാട്ടിൽ നാടൻ ഭക്ഷണവും കലർപ്പില്ലാത്ത ഭക്ഷണവും കിട്ടാൻ വളരെ പ്രയാസമാണ്.

പ്രാദേശികമായി പ്രത്യേകം സ്പെഷ്യലൈസ് ചെയ്ത കോഴിക്കോടൻ ഹൽവ, മലബാർ മേഖലയിലെ ഭക്ഷണവിഭവങ്ങൾ, കല്യാണങ്ങൾ നടത്തുന്നതിനും മറ്റും ഓൺലൈനായി രുചികരമായ ഭക്ഷണം പാചകം ചെയ്ത് കൊടുക്കുന്നത് ഉൾപ്പെടെയുള്ള ഒരുപാട് സേവനങ്ങൾ കുടുംബശ്രീ മുഖാന്തരം ചെയ്യാൻ സാധിക്കും. ഓരോ ജില്ലയിലും ഒരു പ്രോജക്ട് എടുത്ത് വിപുലീകരിച്ചാൽ ഗുണപരമായി ഭവിക്കുകയും വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്യും. അത്തരത്തിലുള്ള പരിപാടികളെക്കുറിച്ച് ആലോചിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് സൂചിപ്പിച്ച നിരവധി പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ കുടുംബശ്രീ മുഖാന്തരം നടത്തിക്കൊണ്ടിരിക്കുകയാണ്. 'കഫേ കുടുംബശ്രീ' അതിന്റെ ഏറ്റവും നല്ല മാതൃകയാണ്. ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളുണ്ട്; അവ ഇപ്പോൾ മാട്രിമോണി മേഖലയിലേയ്ക്കുകൂടി കടക്കുകയാണ്. സേവനമേഖലയിൽ നിരവധി സംരംഭങ്ങളുണ്ട്; കാർഷിക മേഖലയുണ്ട്. കെട്ടിട നിർമ്മാണ രംഗത്ത് 251 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രളയത്തിൽ തകർന്ന വീടുകളുടെ നിർമ്മാണം ഹൈദ്രാബാദിലെ രാമോജി ഫിലിംസിറ്റിയുടെ സഹായത്താലാണ് നടത്തുന്നത്. അലക്കുകാർക്കുള്ള ഒരു പ്രത്യേക കോളനിയായി കൊല്ലത്ത് 22 വീടുകൾ കഴിഞ്ഞ ആഴ്ച കുടുംബശ്രീ നിർമ്മിച്ചു നൽകിയിട്ടുണ്ട്. അങ്ങനെ നിരവധി പദ്ധതികളുണ്ട്. കാർഷിക മേഖലയിലെ ഇടപെടലുകൾ, ഹരിതകർമ്മ സേനകൾ കൂടാതെ പ്രത്യേക സംരംഭമായി മാലിന്യ നിർമ്മാർജ്ജനത്തിലും ഇടപെടുന്നുണ്ട്. ഇങ്ങനെ നാനാതരത്തിൽ കുടുംബങ്ങളുടെ ശാക്തീകരണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഏതൊക്കെ മേഖലയിൽ ഇടപെടാൻ കഴിയുമോ ആ മേഖലകളിലെല്ലാം ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, പ്രളയാനന്തരം 28000-ത്തിലധികം അയൽക്കൂട്ടങ്ങളിലുള്ള രണ്ടുലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് ഒരു ലക്ഷം രൂപ വീതം പലിശരഹിത വായ്പയായി നൽകിയത്. അത് ഞങ്ങളുടെയൊക്കെ പ്രദേശത്തെ കുടുംബങ്ങൾക്ക് വലിയ ആശ്വാസമാണ് നൽകിയിട്ടുള്ളത്. ഇപ്പോൾ ചില ബാങ്കുകൾ 3,000 രൂപ മാസം തിരിച്ചടവ് ഇൻസിസ്റ്റ് ചെയ്യുന്നുണ്ട്. ഒരു മാസം 3,000 രൂപ തിരിച്ചടവെന്നൊക്ക പറയുമ്പോൾ വാസ്തവത്തിൽ കുറെയധികം കുടുംബങ്ങൾക്ക് അത് ബുദ്ധിമുട്ടാണ്. അതിനാൽ തവണകൾകൂട്ടി തിരിച്ചടവിന്റെ തുക കുറയ്ക്കുന്ന രീതിയിലുള്ള ഇടപെടൽ കാര്യക്ഷമമായി നടത്താൻ കഴിയുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ലോണിന്റെ കാലാവധി 4 വർഷമാണ്. ഏതെങ്കിലും ബാങ്കുകൾ ഈ കരാറിന് വിരുദ്ധമായ രീതിയിൽ ഇടപെടുന്നുണ്ടോയെന്ന് നമുക്ക് പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്താം. മഹാഭൂരിപക്ഷം ലോണുകളും നൽകിയിട്ടുള്ളത് കേരളത്തിലെ സഹകരണ മേഖലയാണെന്നുള്ള അഭിമാനകരമായ കാര്യംകൂടി ഞാൻ പറയുകയാണ്. അത്തരം മേഖലകളിലൊന്നും ഈ ബുദ്ധിമുട്ടില്ല. മറ്റേതെങ്കിലും മേഖലയിൽ പ്രശ്നമുണ്ടെങ്കിൽ പരിശോധിക്കാം.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, നഗര ഉപജീവന മിഷൻ, National Urban Livelihood Mission (NULM) പ്രകാരം നമ്മുടെ സംസ്ഥാനത്തെ കുടുംബശ്രീ, അയൽക്കൂട്ടം എന്നിവിടങ്ങളിലെ വ്യക്തികൾക്ക് 2 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയും സബ്സിഡി നിരക്കിൽ ലോൺ നൽകുന്ന നടപടിക്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പലിശ സബ്സിഡി 2015 മുതൽ പലർക്കും ലഭ്യമാകുന്നില്ലെന്നുള്ള വ്യാപകമായ പരാതി നിലനിൽക്കുന്നുണ്ട്. ഒരു വ്യക്തിക്ക് 2 ലക്ഷം രൂപയും ഒരു അയൽക്കൂട്ടത്തിന് 10 ലക്ഷം രൂപയുമാണ് സബ്സിഡി നിരക്കിൽ ബാങ്ക് വായ്പ കൊടുക്കുന്നത്. ഇതിന് പലിശ സബ്സിഡി ലഭിക്കുന്നില്ലെന്നുള്ള പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അങ്ങനെ എന്തെങ്കിലും പ്രത്യേക പ്രശ്നം ഉള്ളതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങ് ഉന്നയിച്ചതിന്റെ ഭാഗമായി പരിശോധിക്കാം. എൻ.യു.എൽ.എം.ന്റെ പ്രവർത്തനം കാര്യക്ഷമമായിട്ടാണ് നടക്കുന്നത്. വ്യക്തിഗത സംരംഭങ്ങൾക്ക് 80 കോടി രൂപ ലോൺ നൽകിയിട്ടുണ്ട്. ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള ലോണും നൽകുന്നുണ്ട്. നൈപുണ്യവികസനവും തൊഴിലും പദ്ധതിക്കുള്ള പരിശീലന പരിപാടിയും ഇതിന്റെ ഭാഗമായാണ് നടക്കുന്നത്. ആ കേന്ദ്ര പദ്ധതി കാര്യക്ഷമമായി നടക്കുന്നത് കേരളത്തിലാണെന്ന കാര്യംകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, ഏറ്റവും അവസാനം സംഘടിപ്പിച്ച സ്നേഹിത എന്ന പരിപാടി ഉൾപ്പെടെ വലിയ ആത്മവിശ്വാസമുണ്ടാക്കുന്ന നിരവധി പദ്ധതികൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീ രൂപീകരിച്ച ഘട്ടത്തിൽ സ്വയം തൊഴിൽ, വട്ടിപ്പലിശക്കാരിൽനിന്നും രക്ഷപ്പെടുത്തൽ തുടങ്ങി നിരവധി കാര്യങ്ങൾ പറഞ്ഞിരുന്നു. അതോടൊപ്പം പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നായി പറഞ്ഞിരുന്ന കാര്യമായിരുന്നു വനിതാ ബാങ്ക് രൂപീകരണം. വനിതാ ബാങ്ക് രൂപീകരണത്തിന്റെ സ്ഥിതി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വനിതാ സഹകരണ സംഘങ്ങൾ ഇപ്പോൾ രാജ്യത്തുണ്ട്. അത് എല്ലാ പ്രദേശത്തും എത്രയുണ്ടെന്ന് എനിക്ക് പറയാൻ കഴിയുകയില്ല. വനിതാ ബാങ്ക് എന്ന ആശയം കുടുംബശ്രീ ഇപ്പോൾ മുന്നോട്ട് വച്ചിട്ടില്ല. പ്രത്യേക പദ്ധതികൾ വഴി സ്ത്രീകളുടെ ഉപജീവനത്തിനും വരുമാനത്തിനും ശാക്തീകരണത്തിനുമുള്ള പദ്ധതിയെന്ന നിലയ്ക്കാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. മറ്റു പരിപാടികളെക്കുറിച്ച് ഇപ്പോൾ ഗൗരവപൂർവ്വം ആലോചിച്ചിട്ടില്ല.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, കുടുംബശ്രീയുടെ പ്രഖ്യാപനമുണ്ടായ കാലഘട്ടം മുതൽ പറയുന്നത് സ്ത്രീകളെ അടുക്കളയിൽ നിന്നും അരങ്ങത്ത് എത്തിക്കുക എന്നതാണ്. തീർച്ചയായും ഒരു പരിധിവരെ നമുക്കതിന് സാധിച്ചുവെന്നുള്ളത് ഒരു വസ്തുതയാണ്. അതോടൊപ്പം പറഞ്ഞിരുന്ന മറ്റൊരു കാര്യം സാമ്പത്തിക സ്വാശ്രയത്വമുണ്ടാക്കുന്ന നടപടികൾക്ക് നേതൃത്വം കൊടുക്കുക എന്നുള്ളതാണ്. സാമ്പത്തിക സ്വാശ്രയത്വം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഈ പദ്ധതികൊണ്ട് എത്രത്തോളം ഉയർച്ച സ്ത്രീകൾക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. എ. സി. മൊയ്തീൻ: സർ, അതിന്റെ വിശദാംശം എനിക്ക് ഇപ്പോൾ പറയാനാകില്ല; വിവരം ശേഖരിച്ച് നൽകാം. ഓരോ മേഖലയിലുമുണ്ടായ മാറ്റങ്ങൾ നമ്മുടെ മുന്നിൽ ദൃശ്യമാണ്. എല്ലാ മേഖലയിലും പുതിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്, അവർ അരങ്ങത്തേയ്ക്ക് വരികതന്നെയാണ്. സാമ്പത്തിക ശാക്തീകരണത്തിലും തൊഴിൽപരമായ മേഖലകളിലും സമൂഹത്തിൽ ഇടപെടേണ്ടതായ എല്ലാ മേഖലകളിലും കുടുംബശ്രീയുടെ പ്രത്യേക ഇടപെടൽ ഉണ്ടാകുന്നുണ്ട്. അതിന്റെ ഭാഗമായി പ്രത്യേക വരുമാനദായക പദ്ധതികളിലും ഇടപെടുന്നുണ്ട്. സ്ത്രീകൾ രംഗത്തേയ്ക്ക് വരുന്നുവെന്ന് പറഞ്ഞത് ശരിയാണ്. കലയെപ്പോലും സ്ത്രീകളുടെ വരുമാനത്തിന് പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള 'രംഗശ്രീ പദ്ധതി' ഇപ്പോൾ 13 ജില്ലകളിൽ നടന്നുകൊണ്ടിരിക്കുകയാണ്. കൊച്ചിയിൽ നടന്ന 'ബിനാലെ'-യിൽ ചിത്രമെഴുത്ത് തുടങ്ങിയ കാര്യങ്ങളിലൂടെ സ്ത്രീകളുടെ കൂട്ടായ്മയായ 'രംഗശ്രീ' ഒരു പ്രധാന പങ്കാളിയായിരുന്നു. ഇത്തരത്തിൽ വരുമാനമുണ്ടാക്കുന്ന തൊഴിലുകൾ പ്രയോജനപ്പെടുത്താവുന്ന ധാരാളം പദ്ധതികൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്; അതിന്റെ ഭാഗമായി വലിയ മാറ്റമുണ്ടായിട്ടുണ്ട്. പൊതുവായുണ്ടായ മാറ്റത്തെക്കുറിച്ചുള്ള കണക്കെടുപ്പ് നടത്തിയിട്ടുണ്ടെങ്കിലും അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല.

ശ്രീ. കെ. ബാബു: സർ, ഈ വർഷത്തെ സംസ്ഥാന കലോത്സവം പാലക്കാട് വച്ചാണ് നടന്നത്. മക്കൾ സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കുന്നതിനെക്കാൾ കൂടുതൽ വീറും വാശിയോടുകൂടിയുമാണ് ആ കലാമത്സരത്തിൽ പങ്കെടുത്ത നമ്മുടെ സഹോദരിമാർ അവരുടെ കലാരൂപങ്ങൾ അവതരിപ്പിച്ചത്. ഇന്നലെ ബഹുമാനപ്പെട്ട ഗവർണർ പങ്കെടുത്ത പരിപാടിയിൽ നമ്മുടെ ഈ സഭയിലെ വനിതാ അംഗങ്ങൾ ശ്രുതിമധുരമായ ഒരു നാടൻ പാട്ട്

അവതരിപ്പിച്ചു; അത് കലോത്സവത്തിന്റെ പ്രചോദനം ഉൾക്കൊണ്ടു കൊണ്ടുമായിരിക്കാം. അത്തരത്തിൽ സംസ്ഥാന കലോത്സവങ്ങളിൽ പങ്കെടുക്കുന്ന കലാടീമുകളെ ചേർത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തുനിന്നും മൺമറഞ്ഞുപോകുന്ന കലാരൂപങ്ങളെ ഉൾപ്പെടുത്തിയുള്ള ഒരു കലാടീമിന് നേതൃത്വം നൽകാൻ കുടുംബശ്രീ മിഷൻ മുഖാന്തരം ശ്രമിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഭാ ടി.വി.യുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പരിപാടിയോടനുബന്ധിച്ച് നിയമസഭാ സാമാജികർക്കുള്ള പ്രത്യേക പരിപാടിയിൽ വളരെ മനോഹരമായിട്ടാണ് വനിതാ എം.എൽ.എ.-മാർ പരിപാടി അവതരിപ്പിച്ചത്, അതിന് അവരെ അഭിനന്ദിക്കുകയാണ്. ഈ രംഗത്തെ പ്രത്യേക കലാഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ജില്ലാ-സംസ്ഥാനതല മേളകൾ നടത്തിയത്; അതിൽ അഭൂതപൂർവ്വമായ പങ്കാളിത്തമായിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ പാലക്കാട് വലിയ സംഘാടനം നടന്നിരുന്നു. നമുക്ക് വിശ്വസിക്കാൻ കഴിയാത്ത രീതിയിലുള്ള നല്ല പ്രകടനങ്ങൾ ആ മേഖലയിലുണ്ടായി. അതിന്റെ ഭാഗമായാണ് 'രംഗശ്രീ' പദ്ധതി ആരംഭിച്ചത്. അവർക്കാവശ്യമായ പരിശീലനം നൽകി തേച്ചുമിനുക്കിയെടുത്താൽ കലകൊണ്ട് ഉപജീവനം നടത്താൻ കഴിയുന്ന മേഖലയിലേക്ക് പോകാൻ കഴിയും. അതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

മി. സ്പീക്കർ: 422-ാം നമ്പർ ചോദ്യവുമായി 430-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. സി. കൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. രണ്ട് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

## നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

2 (*422) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉത്പാദനക്ഷമതയും ഉത്പാദനവും ആശങ്കാജനകമാകുംവിധത്തിൽ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉത്പാദനം വർദ്ധിപ്പിക്കാനായി രോഗപ്രതിരോധ പ്രവർത്തനങ്ങളിലും പരിപാലന മുറകളിലും ശാസ്ത്രീയമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നാളികേരത്തിനായി പ്രത്യേക കൃഷിരീതിയും ആധുനിക സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) സംസ്ഥാനത്തെ നാളികേര കൃഷി വിസ്തൃതി നിലവിൽ 7.81 ലക്ഷം ഹെക്ടറും തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരവുമാണ്. ഇത് തെങ്ങിന്റെ ദേശീയ ഉത്പാദനക്ഷമതയേക്കാൾ കുറവാണ്. വിസ്തൃതി സംബന്ധിച്ച് ആശങ്കപ്പെടേണ്ടതില്ലെങ്കിലും നാളികേരകൃഷി വികസനത്തിനായി കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയ നിരവധി പദ്ധതികൾ യഥാർത്ഥ ഫലം കാണുകയുണ്ടായില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിസ്തൃതി, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ കുറയാനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ താഴെ പറയുന്നവയാണ്:

1. സംസ്ഥാനത്ത് ജനസാന്ദ്രത കൂടുന്നതിനാൽ നിലവിലെ തെങ്ങിൻതോപ്പുകൾ കെട്ടിട നിർമ്മാണത്തിനും മറ്റ് കാർഷികേതര ആവശ്യങ്ങൾക്കും വൻതോതിൽ ഉപയോഗിക്കപ്പെടുന്നു.
2. തെങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളും കീടബാധകളും.
3. പ്രായാധിക്യം വന്ന തെങ്ങുകൾ.
4. ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള വൈമുഖ്യം.
5. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
6. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവും.
7. വിപണനത്തിനുള്ള പ്രയാസങ്ങൾ.
8. വിലയിടിവ്, വിലസ്ഥിരതയില്ലായ്മ.
9. മൂല്യവർദ്ധനയിലെ അപര്യാപ്തത.

(ബി & സി) കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത്

അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കാനും നിലവിലുള്ള തെങ്ങിൻതോട്ടങ്ങളിൽ ഉത്പാദനക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889-ൽ നിന്നും 8500 നാളികേരമായി ഉയർത്താനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 എന്ന അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 10 വർഷംകൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിനും കീടരോഗ പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടി ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019-20 സാമ്പത്തികവർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻതൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നമായ നീര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാരിന്റെ ഭരണകാലത്ത് എട്ടോളം നാളികേര ഉൽപ്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്. നീര ഉത്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവയിൽ പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. നീരയെ ഒറ്റ ബ്രാന്റായി വിപണിയിൽ എത്തിക്കാൻ ലോഗോ, പേര് എന്നിവയിൽ ധാരണയായിട്ടുണ്ട്.

കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉത്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോത്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

കേരവെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് നിർമ്മിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും വിപണനം നടത്തിവരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉത്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡു, നീര വിനിഗർ തുടങ്ങിയ ഉത്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ "വൈഗ" എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

## നാളികേര കൃഷിയുടെ സമഗ്ര വികസനം

3(* 430) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും വില നിലവാരത്തിലും പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ നാളികേര കൃഷിയുടെ ഉത്തേജനത്തിനായി കോഴിക്കോട്ടുവച്ചുനടന്ന അന്താരാഷ്ട്ര നാളികേര സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളിൽ മുഖ്യമായവ എന്തൊക്കെയായിരുന്നു;

(ബി) തെങ്ങുകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഈ സർക്കാർ രൂപീകരിച്ച നാളികേര കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; അത്യുത്പാദനശേഷിയുള്ള രണ്ടുകോടി തെങ്ങിൻ തൈകൾ

സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) നീര ഉൾപ്പെടെ തെങ്ങിൽനിന്നും തേങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിതോത്പന്നങ്ങൾ പ്രോൽസാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) നാളികേരകൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യവസായ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആഭിമുഖ്യത്തിൽ 2019 നവംബർ 2, 3 തീയതികളിൽ കോഴിക്കോട് വച്ച് അന്താരാഷ്ട്ര നാളികേര സമ്മേളനം സംഘടിപ്പിച്ചിരുന്നു. ആധുനിക കൃഷി രീതികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായുള്ള സാങ്കേതികതയുടെ വികാസം, സമകാലിക വാണിജ്യം, നാളികേര വികസനത്തിനായുള്ള സ്ഥാപന സൗകര്യങ്ങൾ ഒരുക്കൽ എന്നിവ മുഖ്യലക്ഷ്യങ്ങളാക്കി ലോകത്തെ നാളികേരകൃഷി ചെയ്തുവരുന്ന പ്രമുഖ രാജ്യങ്ങളിലെ പ്രതിനിധികളെയും രാജ്യത്തിനകത്തുള്ള ശാസ്ത്രജ്ഞരെയും കർഷകരെയും സംരംഭകരെയും സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നടന്ന അന്താരാഷ്ട്ര കോക്കനട്ട് എക്സ്പോയിൽ ആശയവിനിമയത്തിനും ബിസിനസ്സ് ടു ബിസിനസ്സ് മീറ്റിനും അവസരം ലഭിക്കുകയുണ്ടായി. സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു:

1. കേരളത്തിലെ നാളികേര മേഖലയിലെ പ്രവർത്തനങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ആവിഷ്കരിക്കുക.
2. സംസ്ഥാനത്തെ അനുകൂല സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നാളികേര മേഖലയ്ക്ക് കൂടുതൽ നേട്ടങ്ങൾ കൊയ്യാൻ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
3. മൂല്യവർദ്ധനവിന്റെ ഗുണഫലങ്ങൾ കൃഷിക്കാരിലേക്ക് എത്തിക്കുന്നതിനായി ഉത്പാദകരെയും മൂല്യവർദ്ധനവിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഒരേ തട്ടിൽ കൊണ്ടുവരികയും അവരുടെ സംയോജിത പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
4. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംയോജിത കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
5. ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ജലലഭ്യത അനിവാര്യമാണ്. ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ അവലംബിക്കുക.

(ബി) കേരകൃഷിയുടെ വിസ്തീർണ്ണത്തിൽ കേരളം മുന്നിലാണെങ്കിലും പ്രതിഹെക്ടർ നാളികേര ഉത്പാദനം ദേശീയ ശരാശരിയെക്കാൾ താഴെയാണ്. നാളികേര വികസനത്തിനായി കഴിഞ്ഞ കാലങ്ങളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയൊന്നും യഥാർത്ഥ ഫലം കാണുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ കേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക, നാളികേരാധിഷ്ഠിതമായ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വ്യവസായ സംരംഭങ്ങൾ വ്യാപിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്തുതല കേര സമിതികൾ ബ്ലോക്കുതല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കാനും നിലവിലുള്ള തെങ്ങിൻതോട്ടങ്ങളിൽ ഉത്പാദനക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുത്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 6889-ൽനിന്നും 8500 മുതൽ 9000 വരെ നാളികേരമായി ഉയർത്താനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉത്പാദക കേന്ദ്രങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 എന്ന അനുപാതത്തിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 10 വർഷംകൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിനും

കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതിപ്രകാരം ഗുണമേന്മയും അത്യുത്പാദനശേഷിയുമുള്ള തെങ്ങിൻതൈകളുടെ വിതരണോദ്ഘാടനം 6-7-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു.

കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻതൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടുകൂടി വിതരണം ചെയ്തുവരുന്നു.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻതൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) തെങ്ങിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നമായ നീരയുടെ ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാരിന്റെ ഭരണകാലത്ത് എട്ടോളം നാളികേര ഉത്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്. നീര ഉത്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവയിൽ പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. നീരയെ ഒറ്റ ബ്രാന്റായി വിപണിയിൽ എത്തിക്കാൻ ലോഗോ, പേര് എന്നിവയിൽ ധാരണയായിട്ടുണ്ട്.

കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉത്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോത്പന്നങ്ങളുടെ

സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടിയും പുരോഗമിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

കേര വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം കേശാമൃത് ഹെർബൽ ഓയിൽ മുതലായവ പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് നിർമ്മിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും വിപണനം നടത്തിവരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉത്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡു, നീര വിനിഗർ തുടങ്ങിയ ഉത്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ "വൈഗ" എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ഉത്തരത്തിൽ നാളികേര വികസനത്തിനായി തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിന് ചെയ്യുന്ന ഒട്ടനവധി കാര്യങ്ങളാണ് സൂചിപ്പിച്ചത്. കേരളത്തിന്റെ അവസ്ഥ പരിശോധിച്ചാൽ, ഒരു കാലഘട്ടത്തിൽ കേരളം എന്ന പേര് അന്വർത്ഥമാക്കി തെങ്ങിൻതോപ്പുകളുടെ മൂന്നിൽ രണ്ടുഭാഗവും നമ്മുടെ സംസ്ഥാനത്തായിരുന്നു. ഇന്ന് തേങ്ങ ഉത്പാദന രംഗത്ത് ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട് തുടങ്ങിയ തൊട്ടടുത്ത സംസ്ഥാനങ്ങളുടെ പിറകിൽ നാലാമതായാണ് നമ്മുടെ സ്ഥാനം. കേര കൃഷിയുടെ വ്യാപ്തി കുറഞ്ഞുവരുന്നു. ഉത്പാദനക്കുറവ് പത്ത് ശതമാനമാണ്. ഇങ്ങനെപോയാൽ കേരളം എന്ന പേരിൽ മാത്രമേ കേരമുണ്ടാകുകയുള്ളൂ. അദ്ദേഹത്തിന്റെ ഉത്തരത്തിൽ ധാരാളം കാര്യങ്ങൾ പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അതിന്റെയൊന്നും റിസൾട്ട് കേരളത്തിൽ ലഭ്യമാകുന്നില്ല എന്നുള്ളകാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? കാലാകാലങ്ങളിലുണ്ടാകുന്ന വിലയിടിവ് വരുമ്പോൾ കർഷകന് പിടിച്ചുനിൽക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കാനായി ആവശ്യമായ പിന്തുണ നൽകാൻ എന്തെങ്കിലും ചെയ്യുകയെന്നുള്ളതാണ് ഗൗരവമായ കാര്യം. അത്തരം കാര്യങ്ങളിൽ ഗുരുതരമായ അലംഭാവവും വീഴ്ചയുമുണ്ടാകുന്നു. വിലയിടിവ് താങ്ങാൻ കഴിയാത്തതുകൊണ്ട് കർഷകർ ഈ രംഗത്തുനിന്നും പിന്മാറുന്ന അവസ്ഥയുണ്ടാകുന്നുവെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് കേരകർഷകർക്കായി പച്ചത്തേങ്ങ സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? -

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറഞ്ഞ കാര്യം വളരെ ശരിയാണ്. 2002 മുതൽ പരിശോധിച്ചാൽ നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും ഗണ്യമായി കുറഞ്ഞുവരികയാണുണ്ടായത്. 7800-ൽ അധികമുണ്ടായിരുന്ന ഉല്പാദനക്ഷമത 6800 നാളികേരമായി കുറയുകയാണുണ്ടായത്. ഇത്തരത്തിലുള്ള കാര്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാളികേര ഡെവലപ്മെന്റ് കൗൺസിൽ രൂപീകരിച്ച് 10 വർഷക്കാലത്തെ ഒരു മിഷൻ മോഡിൽ വിപുലമായ തോതിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കുള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതിന്റെ റിസൾട്ട് നാലോ അഞ്ചോ വർഷം കൊണ്ടുണ്ടാകുന്നതാണ്. തെങ്ങിന്റെ ഉല്പാദനരീതി അറിയാവുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്കെത്തണമെങ്കിൽ 10 വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടി തുടരണമെന്നതുകൊണ്ടാണ് സ്ഥിരമായ ഡെവലപ്മെന്റ് കൗൺസിൽ രൂപീകരിച്ച് വിപുലമായ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നമ്മൾ ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ അഞ്ചോ പത്തോ ശതമാനം മാത്രമാണ് മൂല്യവർദ്ധിത മേഖലയിലേക്ക് പോകുന്നത്. പ്രൈമറി പ്രൊഡക്ഷനിൽ മാത്രം നിൽക്കുന്ന നാളികേര മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യംകൂടി ഇതിലുണ്ട്. അതെല്ലാംകൂടി നടപ്പാക്കുകയാണെങ്കിൽ കേരളത്തിന് നഷ്ടപ്പെട്ട നാളികേരോത്പാദനത്തിന്റെ പ്രതാപം തിരിച്ചെടുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 2017-18 കാലഘട്ടത്തിൽ നാളികേരത്തിന് 47-48 രൂപവരെ വിലകിട്ടിയിട്ടുണ്ട്. 2019 ആദ്യഘട്ടമായപ്പോൾ അത് 25-26 രൂപ വരെയെത്തി. പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ ചോദിച്ചത്. മറുപടി പറയുമ്പോൾ അതുകൂടി സൂചിപ്പിക്കണം. കേരളത്തിലെ കർഷകരിൽനിന്ന് തേങ്ങ സംഭരിച്ച് 'കേര' എന്ന ബ്രാൻഡിലിറക്കണമെന്ന രീതിയിൽ കേരഫെഡ് കുറെ പ്രവർത്തനങ്ങൾ നടത്തി. യഥാർത്ഥത്തിൽ അതിനുവേണ്ട തേങ്ങപോലും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കേരഫെഡ് ഇന്ന് ശേഖരിക്കുന്നതെന്ന് പറയുന്നു. അതിൽ എത്രമാത്രം വാസ്തവമുണ്ടെന്ന് എനിക്കറിയില്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന വെളിച്ചെണ്ണ മായംചേർത്തതാണെങ്കിൽപ്പോലും കുറഞ്ഞ വിലയ്ക്ക് ഇവിടെ സുലഭമായി ലഭിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ധാരാളം വെല്ലുവിളികൾ ഈ രംഗത്തുണ്ട്. ഗൗരവത്തോടുകൂടി നമ്മളതിനെ കണ്ടില്ലെങ്കിൽ കേരളത്തിൽ തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട് വലിയ പ്രയാസങ്ങളുണ്ടാകും. അതുകൊണ്ട് കർഷകർക്ക് പരമാവധി സപ്പോർട്ട് നൽകുന്നതിൽ, അവരുടെ ഉല്പന്നത്തിനും അനുബന്ധ ഉല്പന്നങ്ങൾക്കും

പരമാവധി വില ലഭ്യമാക്കുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്ത് നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നത്? എവിടെയാണ് സംഭരിക്കുന്നതെന്നത് സംബന്ധിച്ചും ആർക്കും അറിയാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കേരഫെഡ്, നാഫെഡ് അല്ലെങ്കിൽ സൊസൈറ്റി എന്നിവിടങ്ങളിൽനിന്ന് നാളികേരം എടുത്തിരുന്നോ എന്നതിനൊന്നും ഇപ്പോൾ വ്യക്തതയില്ല. കർഷകരുടെ ഉല്പന്നത്തിന് എന്ത് വില ലഭിക്കുമെന്ന് പറയാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പച്ചത്തേങ്ങ സംഭരണം തുടങ്ങിയത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ്. വില 25 രൂപയിൽ കുറയുകയാണെങ്കിൽ പച്ചത്തേങ്ങ സംഭരിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തേങ്ങയുടെ അടിസ്ഥാനവില 27 രൂപയായി നിശ്ചയിച്ചിരുന്നു. പച്ചത്തേങ്ങയുടെ വില 27 രൂപയിൽ കുറയുമ്പോൾ മാത്രമേ ആ വിലയ്ക്ക് സംഭരിക്കുകയുള്ളൂ എന്നതാണ് തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട ഗവൺമെന്റിന്റെ പ്രഖ്യാപിത നയം. ഇന്നത്തെ പച്ചത്തേങ്ങയുടെ വില 30 രൂപ 80 പൈസയാണ്. NAFED ഒരു ക്വിന്റൽ കൊപ്രയുടെ വില 95 രൂപ 25 പൈസയായാണ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് കൊപ്രയുടെ വില 95 രൂപ 25 പൈസയിൽ താഴെ വരുമ്പോൾ മാത്രമേ NAFED കൊപ്ര സംഭരിക്കുകയുള്ളൂ. ഒരു പൈസ വർദ്ധിച്ചാൽ കൊപ്ര സംഭരണം നിർത്തിവയ്ക്കും. അത് കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്. അതുമായി ബന്ധപ്പെടുത്തിയാണ് ഇവിടെ പച്ചത്തേങ്ങ സംഭരിക്കുന്നത്. NAFED കൊടുക്കുന്നതിനെക്കാളും രണ്ട് രൂപ അധികം ലഭ്യമാകുന്ന തരത്തിലാണ് വില നിശ്ചയിച്ചിരിക്കുന്നത്. നാളികേരവില ഇപ്പോൾ 27 രൂപയില്ലാത്തതിനാലാണ് സംഭരിക്കാത്തത്. 27 രൂപ എന്നാകുന്നുവോ അന്നുമുതൽ സംഭരിക്കാൻ 104 സഹകരണ സംഘങ്ങളും മറ്റ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുംവഴി എഗ്രിമെന്റുണ്ടാക്കിയിട്ടുണ്ട്. ഒരു ക്വിന്റൽ പച്ചത്തേങ്ങ സംഭരിക്കുന്നതിന് 910 രൂപ ഹാൻഡ്‌ലിംഗ് ചാർജായി കൊടുക്കുന്നതിന് ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടക്കുന്നത്. സംഭരണം എവിടെ നടക്കുന്നുവെന്ന് ചോദിച്ചാൽ, 27 രൂപയിൽ താഴെ വില കുറയുമ്പോൾ മാത്രമാണ് കർഷകരെ സഹായിക്കാൻ പച്ചത്തേങ്ങ സംഭരണം ഗവൺമെന്റ് ആരംഭിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമുണ്ടായിരുന്ന സ്ഥിതിയിൽ നിന്ന് കേരഫെഡ് വളരെ മാറിയിട്ടുണ്ട്. 25 കോടി രൂപ നഷ്ടമുണ്ടായിരുന്ന കേരഫെഡ് ഇപ്പോൾ 8.73 കോടി രൂപ ലാഭമുണ്ടാക്കുന്ന കമ്പനിയായി മാറിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തുനിന്നും വ്യത്യസ്തമായി കേര വെളിച്ചെണ്ണയുടെ ഉല്പാദനം ഇരട്ടിയിലധികം വർദ്ധിപ്പിക്കാനും മാർക്കറ്റ് കണ്ടെത്താനും സാധിച്ചിട്ടുണ്ട്. അതിപ്പോൾ വിദേശത്തേക്ക് കയറ്റുമതി ചെയ്തു കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഡ്യൂപ്ലിക്കേറ്റ് വെളിച്ചെണ്ണ ധാരാളം വില്പന നടത്തിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷന്റെ നേതൃത്വത്തിൽ വ്യാപകമായ തോതിൽ അവ പിടിച്ചെടുക്കുന്നതിന്

നടപടി സ്വീകരിക്കുന്നുണ്ട്. 140-ൽ കൂടുതൽ ബ്രാൻഡുകൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് ഗവൺമെന്റിറക്കുകയും ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞൊരുകാര്യം സത്യമാണ്. കേരഫെഡ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊപ്ര സംഭരിക്കുന്നില്ല. ഇ-ടെണ്ടർ വഴി കൊപ്ര സംഭരിക്കുന്ന നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. സുതാര്യമായ രീതിയിലൂടെയാണ് കൊപ്ര സംഭരിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. അനിൽ അക്കരയ്ക്കുവേണ്ടി ശ്രീ. പി. ടി. തോമസ്: സർ, നാളികേര വികസനത്തിനും അതിന്റെ ശാസ്ത്രീയമായ പരിചരണത്തിനുംവേണ്ടി സി.പി.സി.ആർ.ഐ. (Central Plantation Crops Research Institute)-യുടെ സെന്ററുകൾ കാസർഗോഡ്, കായംകുളം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ആർ.എ.ആർ.എസ്. (Regional Agricultural Research Station) സെന്റർ പീലിക്കോടുമുണ്ട്. ഇങ്ങനെയുള്ള സെന്ററുകളിലൊക്കെ ധാരാളം ശാസ്ത്രീയ പഠനങ്ങളും നിരീക്ഷണങ്ങളും ഗവേഷണങ്ങളുമൊക്കെ നടത്തുന്നുണ്ടെങ്കിലും നാളികേര ഉല്പാദനത്തിൽ നമ്മൾ പുറകോട്ട് പോയിരിക്കുകയാണ്. ശ്രീലങ്ക പോലുള്ള തേങ്ങ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, ഇവിടത്തെ തേങ്ങയിൽനിന്നും തെങ്ങിൽനിന്നും ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ വളരെക്കുറവാണ് എന്നതാണ്. ഉദാഹരണത്തിന് 'നീര' മാത്രമാണ് കേരളത്തിൽ നിന്നുള്ള സൃഷ്ടിപരമായ മൂല്യവർദ്ധിത ഉല്പന്നം. അതുപോലും ഇപ്പോൾ സ്തംഭനാവസ്ഥയിലാണെന്നാണ് മനസ്സിലാക്കുന്നത്. കാസർഗോഡുള്ള ഒരു സ്ത്രീ തേങ്ങയിൽനിന്ന് 67 ഇനം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുവെന്നുള്ള പത്രവാർത്ത വായിക്കുകയുണ്ടായി. അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടിയെടുക്കുമോ; അതോടൊപ്പം മായം കണ്ടെത്തിയതുകാരണം വെളിച്ചെണ്ണയുടെ 19 ബ്രാൻഡുകൾ നിരോധിച്ചതായി കണ്ടു. ഇത്തരം കാര്യങ്ങളും തേങ്ങയുടെ ഉല്പാദനവും വെളിച്ചെണ്ണയുടെ ഉപയോഗവും കുറയാൻ കാരണമായിട്ടുണ്ട്. ഇപ്പോൾ 'കോള' പോലെയുള്ളവ കുടിക്കുന്നതിനെതിരെ വലിയ ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കരിക്ക് ഉല്പാദിപ്പിക്കാനുള്ള ഒരു നടപടികൂടി ഉണ്ടാകണം. തെങ്ങിന് മഞ്ഞളിപ്പ് രോഗം വന്ന് വെള്ളയ്ക്ക കൊഴിയുന്ന പ്രശ്നമുണ്ട്. ഒരു കുലയിൽ നൂറോളം വെള്ളയ്ക്കയുണ്ടായാൽ അതിൽ ഏകദേശം മുപ്പതെണ്ണം കൊഴിഞ്ഞുപോകുകയാണ്. അത് ബോറോൺ എന്ന സൂക്ഷ്മമൂലകത്തിന്റെ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന് തെങ്ങിന്റെ വേരിൽ ട്രീറ്റ്മെന്റ് നടത്തണം. ഇക്കാര്യങ്ങളൊന്നും കൃത്യമായി നടക്കുന്നില്ല. ഇത്തരം കാര്യങ്ങളെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ? തമിഴ്നാട്ടിലെ ഒരു സാധാരണ കൃഷിക്കാരൻ പെട്രോൾ പമ്പിൽ കിട്ടുന്ന കാലിയായ ഓയിൽ ടിൻ തെങ്ങിൽ കെട്ടിവച്ച് ചെമ്പൻചെല്ലിയെ നേരിടാനുള്ള മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കാനും കണ്ടുപിടിക്കാനും തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് ഒരുപാട് കാര്യങ്ങൾ ചോദിച്ചിട്ടുണ്ട്. എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയാൻ ധാരാളം സമയമെടുക്കും. അങ്ങ് ചോദിച്ചതെല്ലാം പ്രസക്തമായതുകൊണ്ട് പൂർണ്ണമായി ഒഴിവാക്കുന്നില്ല. എന്നാലും അങ്ങ് അവസാനം ചോദിച്ചതിന് മറുപടി പറയാം. തെങ്ങുകളുടെ കീടരോഗബാധ നിയന്ത്രിക്കുന്നതിനുവേണ്ട അതിവിപുലമായ, ക്യാമ്പയിൻ മോഡിലുള്ള പ്രവർത്തനം നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയാണ് തെങ്ങിനെ ബാധിക്കുന്ന രൂക്ഷമായ കീടരോഗ ആക്രമണം. അത് പരിഹരിക്കുന്നതിന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ തെങ്ങുകൃഷി നടത്തുന്ന എല്ലാ പഞ്ചായത്തുകളിലും ഒരേസമയം ഇതിനെ നിയന്ത്രിക്കുന്നതിനും തുരത്തുന്നതിനുമായി നിരവധി ടെക്നോളജികളുണ്ട്. അത് പ്രയോജനപ്പെടുത്തി ക്യാമ്പയിൻ മോഡിൽ ഒരു വർഷത്തിൽ രണ്ടുതവണ എന്ന തോതിൽ അങ്ങനെയൊരു പരിപാടി നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് നടത്തുകയാണെങ്കിൽ കേരളത്തിൽ വ്യാപകമായ തോതിൽ ഇതിനെ തുരത്താൻ കഴിയുമെന്ന് വിദഗ്ദ്ധർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബോറോണിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും ചെയ്യാനുദ്ദേശിക്കുന്നുണ്ട്. പ്രദേശത്തെ മണ്ണ് പരിശോധിച്ചശേഷം, ബോറോൺ ആണോ സിങ്കാണോ കോപ്പറാണോ കുറവെന്നത് കണ്ടെത്തി പരിഹരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സൂക്ഷ്മതല പരിപാലനമുറകൾ ആവിഷ്കരിക്കാനുള്ള നടപടി ഈ ക്യാമ്പയിന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ശ്രീ. ഐ.സി. ബാലകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, തെങ്ങുകൃഷിയും തേങ്ങയുല്പാദനവും കേരളത്തിൽ കുറവാണെന്നുള്ള ആക്ഷേപവും പരിഭവവുമാണ് നമുക്കെല്ലാമുള്ളത്. അത്യുല്പാദനശേഷിയുള്ള നല്ലയിനം തെങ്ങിൻതൈകൾ കുറഞ്ഞ നിരക്കിൽ കർഷകന് നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ; അതോടൊപ്പം പച്ചക്കറിയുടെ കാര്യത്തിൽ നമ്മൾ നല്ലരീതിയിൽ വിജയിച്ചിട്ടുള്ളതാണ്. വിദ്യാർത്ഥികൾക്ക് വിത്തുകൾ വിതരണം ചെയ്ത് പച്ചക്കറി ഉല്പാദനത്തിനുള്ള അവബോധം അവരുടെയിടയിലുണ്ടാക്കാൻ സാധിച്ചു. അതേരീതിയിൽ വിദ്യാർത്ഥികൾക്ക് തെങ്ങിൻതൈകൾ സൗജന്യമായി കൊടുത്ത് തേങ്ങയുടെയും ഉല്പാദനം വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളത്തിൽ അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകളുണ്ടെങ്കിലും 95 ശതമാനം തെങ്ങുകളും West Coast Tall (WCT) എന്ന വെറൈറ്റിയിൽപ്പെട്ടതാണ്. അതുകൊണ്ട് 60:20:20 എന്ന അനുപാതത്തിൽ പുതിയ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കാൻ 50 ശതമാനം സബ്സിഡി കൊടുത്താണ് അവയുടെ വിതരണം ആരംഭിച്ചിരിക്കുന്നത്. ഈ വർഷം അഞ്ച് ലക്ഷത്തിലധികം തെങ്ങിൻതൈകളാണ് വിതരണം ചെയ്യാൻ ടാർജറ്റ് ചെയ്തിരിക്കുന്നത്. അടുത്തവർഷം അത് പതിനഞ്ച് ലക്ഷമാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്. തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാൻ നൂറ് വിത്ത് പാകിയാൽ, അതിൽ culling നടത്തി അറുപത്തിയഞ്ച് തെങ്ങിൻതൈകൾ മാത്രമേ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കണമെങ്കിൽ അതിന്റെ mother palms ആവശ്യമാണ്. അത് കണ്ടെത്തുകയും അതിൽനിന്ന് വിത്തുതേങ്ങ സംഭരിച്ച് പ്രത്യേക രീതിയിൽ പാകി അതിൽ culling നടത്തി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് അവയുടെ ഉത്പാദനം കൃഷി ഡിപ്പാർട്ടുമെന്റും അനുബന്ധ സ്ഥാപനങ്ങളും നടത്തിവരുന്നത്. സ്വകാര്യസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മറ്റ് സ്റ്റേറ്റുകളിൽ നിന്നുൾപ്പെടെ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ കൊണ്ടുവന്ന് ഇപ്പോൾ നൽകിയതിന്റെ ഇരട്ടിയിലധികം, 50 ശതമാനം സബ്സിഡിക്ക് അടുത്തവർഷം കൊടുക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. വിദ്യാർത്ഥികളെക്കൂടി ഇതിലുൾപ്പെടുത്തും. സൗജന്യമായി കൊടുക്കുന്ന കാര്യത്തെപ്പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല. അത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, സംസ്ഥാനത്തെ കേരകൃഷി പരിപോഷിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതായി സൂചിപ്പിച്ചു. അതിന്റെയടിസ്ഥാനത്തിൽ അന്താരാഷ്ട്രതലത്തിൽ 'വൈഗ' എന്ന പേരിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത പദ്ധതിയുമായി ബന്ധപ്പെട്ട് (ഒട്ടനവധി ചർച്ചകൾ നടത്തി ആശയങ്ങൾ രൂപപ്പെടുത്തുകയുണ്ടായി) എന്തൊക്കെ ആശയങ്ങളാണ് രൂപപ്പെടുത്തിയിട്ടുള്ളത്; അത്തരം ആശയങ്ങൾ കേരളത്തിലെ കേരമേഖലയിൽ നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളത്തിലെ കാർഷിക രംഗത്ത് മൂല്യവർദ്ധനവിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'വൈഗ' എന്ന പരിപാടി ആരംഭിച്ചത്. ആദ്യത്തെ 'വൈഗ'യുടെ തീം നാളികേരമായിരുന്നു. നാളികേര ഉത്പ്പാദനവുമായി ബന്ധപ്പെട്ട്

ശ്രീ. പി. ടി. തോമസ് പറഞ്ഞതുപോലെ അറുപതല്ല, നൂറിലധികം പ്രോഡക്റ്റുണ്ടാക്കാൻ കഴിയുന്ന ടെക്നോളജികൾ ലഭ്യമായിട്ടുണ്ട്. ഈ ടെക്നോളജികളെല്ലാം കർഷകരുടെ സംരംഭങ്ങൾക്ക് കൈമാറുകയും അവരുടെ വാല്യൂ അഡിഷൻ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ സഹായങ്ങൾ ചെയ്യുകയെന്നുള്ളതുമാണ് 'വൈഗ'യിലൂടെ മുന്നോട്ടുവന്ന ആശയം. അതിന്റെ അടിസ്ഥാനത്തിൽ എസ്.എഫ്.എ.സി. (Small Farmers Agri-Business Consortium) നിരവധി തരത്തിലുള്ള കമ്പനികൾ രൂപീകരിച്ച് പലയിടത്തും സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം നൂറ് എഫ്.പി.ഒ.-കൾ (Farmer Producer Organisation) സ്ഥാപിക്കാനാണ് ഗവൺമെന്റ് എസ്.എഫ്.എ.സി.-യിൽ ലക്ഷ്യംവയ്ക്കുന്നത്. അതിൽ പ്രധാനമായും ചെറുകിട നാളികേരാധിഷ്ഠിത യൂണിറ്റുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ നാളികേരാധിഷ്ഠിത സംരംഭങ്ങൾ ആരംഭിച്ച് മൂല്യവർദ്ധിത സാധ്യതകൾ പരമാവധി കർഷകരിലേക്ക് എത്തിക്കുകയെന്നുള്ളതാണ് സസ്റ്റെയിനബിളായ വില ലഭ്യമാക്കുന്നതിന് അടിസ്ഥാനമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് 'വൈഗ'യിലൂടെ ഇത് നടപ്പിലാക്കിവരുന്നത്.

ശ്രീ. സി. കൃഷ്ണൻ: സർ, തെങ്ങുകൃഷിയുടെ വിസ്തൃതിയിലും ഉൽപ്പാദനത്തിലുമെല്ലാം കേരളം മുന്നിലാണെങ്കിലും ഉൽപ്പാദനക്ഷമതയിൽ പടിപടിയായി കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളാണ് മുന്നിൽ നിൽക്കുന്നത്. തെങ്ങുകൃഷി നശിക്കാനിടയാക്കിയ നിരവധി രോഗങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. കൂമ്പുചീയൽ, മണ്ഡരി, വേരുചീയൽ തുടങ്ങിയ രോഗങ്ങൾ തെങ്ങുകൃഷിയെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റും കൃഷിവകുപ്പും നടപ്പിലാക്കുന്ന കേരഗ്രാമം ഉൾപ്പെടെ ഒട്ടേറെ പദ്ധതികളുണ്ട്. അത് നല്ലനിലയ്ക്ക് കൃഷിക്കാർ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ ഒരു വർഷത്തേക്കോ രണ്ടുവർഷത്തേക്കോ ഉള്ള പദ്ധതികൊണ്ട് പ്രയോജനമില്ല. അത്തരം പദ്ധതികൾ ഒരു പ്രദേശത്ത് തുടർച്ചയായി നിരീക്ഷണത്തിന് വിധേയമാക്കി കൃഷിക്കാരെ സഹായിക്കുന്നതിനായി അഞ്ചുവർഷത്തേക്കെങ്കിലുമുള്ള പദ്ധതിയായി രൂപാന്തരപ്പെടുത്തുമോ? കേരളത്തിലെ തെങ്ങുകൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളമാണ് ഏറ്റവും കൂടുതൽ നാളികേരം ഉത്പാദിപ്പിക്കുന്നതെങ്കിലും ഉത്പാദനക്ഷമതയുടെ കാര്യത്തിൽ 6889 നാളികേരം മാത്രമാണ് ഒരു ഹെക്ടറിൽനിന്നും ഉത്പാദിപ്പിക്കുന്നത്.

ഛത്തീസ്ഗഢോ മറ്റു സംസ്ഥാനങ്ങളോ 16000 നാളികേരം ഉത്പാദിപ്പിക്കുമ്പോഴാണ് കേരളം 6889-ൽ നിൽക്കുന്നത്. എന്നാൽ നമ്മുടെ നാളികേരത്തിന്റെ ഗുണനിലവാരം 16000 നാളികേരം ഉത്പാദിപ്പിക്കുന്ന സ്റ്റേറ്റിനില്ല എന്നുള്ളത് ഏറ്റവും വലിയ നേട്ടമാണ്. ഇത് രണ്ടും പ്രയോജനപ്പെടുത്തിയാണ് 6889-ൽ നിന്ന് 8500 നാളികേരമെങ്കിലുമാക്കി വർദ്ധിപ്പിക്കാനുള്ള വിപുലമായ പരിപാടി സംഘടിപ്പിക്കുന്നത്. കേരളത്തിലെ ഓരോ പ്രദേശത്തെയും മണ്ണിന്റെ ഘടനയും ജൈവസ്വഭാവവും അനുസരിച്ച് കൃത്യമായ രീതിയിൽ പരിപാലനമുറകൾ ആവിഷ്കരിച്ചുകൊണ്ടല്ലാതെ ഇത് വർദ്ധിപ്പിക്കാൻ സാധ്യമല്ല. ഉത്പാദനക്ഷമത കുറയുന്നുവെന്നതിന്റെ പ്രധാന കാരണം, തെങ്ങിന്റെ പരിപാലനത്തിൽനിന്നും മുൻകാലങ്ങളിലെന്നപ്പോലെ കർഷകർ പിന്നോട്ടുപോയിരിക്കുന്നു എന്നുള്ളതാണ്. അവരെ തിരിച്ചു കൊണ്ടുവരാൻ ആവശ്യമായ സഹായമാണ് ഗവൺമെന്റ് ചെയ്യുന്നത്. അതുപോലെ സൂക്ഷ്മതലത്തിൽ ജലസേചനം നടത്തി കൃഷി ചെയ്യുകയാണെങ്കിൽ ഇന്ന് ലഭ്യമാകുന്നതിന്റെ മൂന്നിരട്ടിയിലധികം നാളികേരം ഉത്പാദിപ്പിക്കാൻ കഴിയുമെന്നുള്ളതിന്റെ തെളിവുകൾ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാറുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ എന്ന സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അത് കേരകർഷകരെ ഏറ്റവും കൂടുതൽ സഹായിക്കുന്ന പരിപാടിയായിരിക്കും.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. കെ. ദാസൻ: സർ, തെങ്ങിൽ നിന്നുകിട്ടുന്ന പല ഉത്പന്നങ്ങളും മൂല്യവർദ്ധിതങ്ങളാക്കി വിപണനം ചെയ്യുന്നുണ്ട്. പക്ഷേ, വില കൂടുതലായതിനാൽ ടി ഉത്പന്നങ്ങൾ മാർക്കറ്റിൽ വേണ്ടത്ര പ്രിയമാകാതെ പോകുന്നു. വലിയ വില കൊടുത്താണ് ഉത്പന്നങ്ങൾ മാർക്കറ്റിൽനിന്ന് വാങ്ങുന്നത്. സംസ്കരണച്ചെലവ് കൂടുതൽ വരുന്നതാണ് വിലവർദ്ധനവിന്റെ പ്രധാന കാരണം. അതുകൊണ്ട് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണച്ചെലവിൽ പുതിയ സാങ്കേതികവിദ്യകൾ പരീക്ഷിക്കാനും അതുപയോഗിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ; അതോടൊപ്പം പച്ചത്തേങ്ങ സംഭരണത്തിന് സ്ഥായിയായ വില നിശ്ചയിക്കാൻ സർക്കാരിന് കഴിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പച്ചത്തേങ്ങ സംഭരണത്തിന് സ്ഥായിയായ വില നിശ്ചയിച്ചിട്ടുണ്ട്. ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 27 രൂപയാണ് വില. നല്ല ഉത്പന്നങ്ങൾക്ക് വില കൊടുക്കേണ്ടിവരും.

ശ്രീ. കെ. സി. ജോസഫ്: സർ, ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 27 രൂപ നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണ്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാഫെഡിന്റെ കൊപ്രയുടെ താങ്ങുവില അടിസ്ഥാനപ്പെടുത്തിയാണ് വില നിശ്ചയിച്ചിരിക്കുന്നത്. നാഫെഡ് ഒരു ക്വിന്റൽ കൊപ്രയ്ക്ക് 95 രൂപ 25 പൈസ കൊടുക്കുമ്പോൾ ഒരു ക്വിന്റൽ കൊപ്ര ഉത്പാദിപ്പിക്കാൻ എത്ര പച്ചത്തേങ്ങ വേണ്ടിവരുമെന്ന അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് 27 രൂപ വില നിശ്ചയിച്ചിരിക്കുന്നത്. ഇവിടെ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് പുതിയ ടെക്നോളജി പലതും വരികയാണ്. 2020-ലെ 'വൈഗ' യിൽ പ്രധാനമായും ഉദ്ദേശിക്കുന്നത് ലോകത്തിലെ ഏറ്റവും പുതിയ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട ടെക്നോളജികൾ പ്രദർശിപ്പിക്കുകയും സംരംഭകർക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്. നവംബർ 2, 3 തീയതികളിൽ കോഴിക്കോട് വച്ചുനടന്ന അന്താരാഷ്ട്ര നാളികേര സമ്മേളനത്തിലും ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഏറ്റവും മികച്ച, അന്താരാഷ്ട്ര നിലവാരമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുകയും അതുവഴി കർഷകർക്ക് ലാഭമുണ്ടാക്കുകയും ചെയ്യുന്ന തരത്തിലുള്ള പദ്ധതികളാണ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും കൃഷി വകുപ്പും ചേർന്ന് നാളികേര വികസന മേഖലയിൽ ചെയ്യാനുദ്ദേശിക്കുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ദീർഘവീക്ഷണത്തോടുകൂടി ബൃഹത് പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. കേരകർഷകർ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമാണ് തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവം. യന്ത്രോപകരണങ്ങളും പരിശീലനവും കൃഷിവകുപ്പ് കൊടുക്കുന്നുണ്ടെങ്കിലും ഇന്നും കേരകർഷകരുടെ വലിയ പ്രതിസന്ധിയായി ഇത് നിലനിൽക്കുകയാണ്. തെങ്ങിൽനിന്നും വിളവെടുപ്പ് സുഗമമാക്കാൻ കൃഷിഫാമുകളിൽനിന്നും കൂടുതൽ കുറിയ ഇനം, സങ്കരയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കയർ വകുപ്പിന്റെ സംയുക്താഭിമുഖ്യത്തിൽ തെങ്ങുകയറ്റയന്ത്രം വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചുവരികയാണ്. അതോടുകൂടി മോട്ടോറൈസ്ഡ് യന്ത്രം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുറിയ ഇനം തെങ്ങിൻതൈയുടെ വ്യാപനം 60:20:20 എന്ന അനുപാതത്തിലല്ലാതെ WCT 60 ശതമാനം നിലനിർത്തേണ്ടിവരും. എല്ലാം കുറിയ ഇനമാക്കാൻ കഴിയില്ല. ഗുണമേന്മയുള്ള കുറിയ ഇനം തെങ്ങിൻതൈകളുടെ mother palms ലഭ്യമല്ല എന്നുള്ളതാണ് പ്രശ്നം.

അവയുടെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാൻ കഴിയുകയുള്ളൂ. കർഷകരുടെ തോട്ടത്തിലുള്ള കുറിയ ഇനം തെങ്ങുകളുടെ മാതൃവൃക്ഷങ്ങളെ കണ്ടെത്തി അവരുടെയുംകൂടി സഹകരണത്തോടെ കൂടുതൽ കുറിയ ഇനം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാനുള്ള പദ്ധതിയാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. അത് പൂർത്തീകരിക്കുന്നതോടുകൂടി 20 ശതമാനം കുറിയ ഇനം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാൻ കഴിയും. ബാക്കിയുള്ളത് തമിഴ്നാട്, ലക്ഷദ്വീപ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്ന് വാങ്ങാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, കേരള കാർഷിക സർവ്വകലാശാലയുടെയും കേന്ദ്ര കാർഷിക സർവ്വകലാശാലയുടെയും റിസർച്ചിലൂടെ ഉൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ കണ്ടെത്തിയിട്ടുണ്ട്. അതിനെ കർഷകർക്ക് പരിചയപ്പെടുത്താനോ നിർബന്ധിച്ച് അവ കൂടുതലായി നമ്മുടെ നാട്ടിൽ നട്ടുപിടിപ്പിക്കാനോ ഭൂരിപക്ഷം വരുന്ന കൃഷി ഓഫീസർമാരും തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നമ്മുടെ സർവ്വകലാശാലകളുടെ ഇത്തരം നല്ലയിനം തൈകളെക്കുറിച്ചുള്ള കണ്ടുപിടിത്തങ്ങൾ സംബന്ധിച്ച അവബോധം കൃഷി ഉദ്യോഗസ്ഥർ മുഖേന നിർബന്ധമായും കർഷകരിൽ എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, നാളികേര വികസന മിഷന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യവും അതുതന്നെയാണ്. ഏറ്റവും മികച്ച തരത്തിലുള്ള തെങ്ങിനങ്ങളായ ചാവക്കാട് ഓറഞ്ച് ഡ്വാർഫ്, കൽപശ്രീ, കൽപജ്യോതി, കൽപസൂര്യ, കൽപരക്ഷ, ഗംഗാ ബോണ്ടം തുടങ്ങി ഒട്ടനവധി പുതിയ ഇനം തൈകൾ ഇന്ന് ലഭ്യമാണ്. എന്നാൽ നമുക്ക് വേണ്ടത് ഗുണമേന്മയുള്ള നടീൽ വസ്തുക്കളാണ്. തെങ്ങിൻതൈകൾ മറ്റ് പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതു പോലെ ഉൽപ്പാദിപ്പിക്കാൻ കഴിയില്ല. ശാസ്ത്രീയ രീതിയിലല്ലാതെ തെങ്ങിൻതൈ ഉൽപ്പാദിപ്പിച്ചാൽ വിപരീതഫലമുണ്ടാകും. ഗുണമേന്മയില്ലാത്ത തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ചാൽ 5 കൊല്ലം കഴിഞ്ഞ് ഇതിന്റെ ഫലം ലഭിക്കുമ്പോഴായിരിക്കും ഗുണമേന്മയില്ലാത്ത തെങ്ങായിരുന്നു ഇതെന്ന് നമ്മൾ മനസ്സിലാക്കുന്നത്. അതുകൊണ്ട് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിരവധി റിസർച്ചുകൾ വരുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള പ്രതിഫലനം കാർഷിക മേഖലയിലുണ്ടാക്കാൻ കഴിയുന്നില്ല എന്നുള്ളത് വസ്തുതയാണ്. അതുകൂടി പരിഗണിച്ചാണ് പത്ത് വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടി തയ്യാറാക്കുന്നത്. CPCRI (Central Plantation Crops Research Institute)-യുടെയും ICAR (Indian Council of Agricultural Research)-ന്റെയും സംയുക്തസംരംഭമാണ് സംസ്ഥാന നാളികേര വികസന മിഷൻ. അവരുടെ സഹകരണത്തോടുകൂടി ഓരോ രണ്ടുമാസം കൂടുമ്പോഴും ഇക്കാര്യങ്ങളെല്ലാം ചർച്ച

നടത്താറുണ്ട്. ഇത് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ മാത്രം കുഴപ്പമല്ല; അവർക്ക് അവ ലഭ്യമാകാത്തതുകൊണ്ടാണ്. അവർക്കുകൂടി ലഭ്യമാകത്തക്ക രീതിയിലാണ് പത്ത് വർഷത്തെ പദ്ധതി നടപ്പിലാക്കുന്നത്. കേരഗ്രാമം പദ്ധതി 300 പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്. ബാക്കി പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഈ രീതിയിൽ അവർക്കാവശ്യമായ നടീൽവസ്തുക്കൾ കൃത്യമായി എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, മുൻകാലങ്ങളിൽ കേരളത്തിൽ ഒരു തെങ്ങിന്റെ ഉൽപ്പാദനം ശരാശരി നാല്പത് തേങ്ങയാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ തോട്ടത്തിൽ നാളികേരത്തിന്റെ ശരാശരി ഉൽപ്പാദനം 150 എങ്കിലുമുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. WCT (West Coast Tall) ഇനമാണെങ്കിൽ 100 നാളികേരം വരെയുണ്ടാകും. CPCRI കായംകുളം സെന്റർ കേടുള്ള പ്രദേശത്തെ കേടില്ലാത്ത തെങ്ങുകൾ കണ്ടെത്തി അവ തമ്മിൽ ക്രോസ് ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള 20 തെങ്ങുകൾ ഞാൻ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അവർ അതിനെപ്പറ്റി പഠിക്കാൻ വന്നിരുന്നു. എനിക്ക് ശരാശരി 100 മുതൽ 120 തേങ്ങവരെ ലഭിക്കുന്നുണ്ട്. ഒരു തേങ്ങ ഒരു കിലോഗ്രാം വരും. പത്തുനാല്പത് മടലുകളും ഉണ്ടാകും; ഒന്നിനും കേടില്ല. പക്ഷേ, അതിനുള്ള pollinators വേണം. ഒരു തെങ്ങ് കഴിഞ്ഞാൽപ്പിന്നെ അഞ്ഞൂറ് എണ്ണം കഴിഞ്ഞിട്ടായിരിക്കും കേടില്ലാത്തത് നിൽക്കുന്നത്. അത് രോഗപ്രതിരോധശേഷിയുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം തെങ്ങ് ഉത്പാദിപ്പിച്ചാൽ അതിന്റെ കേട് ഒരുപരിധിവരെ ഒഴിവാക്കാൻ കഴിയും. പിന്നെയുള്ളത് DxT ആണ്. അത് എത്ര ഉൽപ്പാദിപ്പിക്കാമെന്ന് നോക്കണം. അതാണെങ്കിൽ 150-ൽ കൂടുതൽ നാളികേരം ലഭിക്കുമെന്നുറപ്പാണ്. എനിക്ക് ശരാശരി 200 നാളികേരം കിട്ടുന്നുണ്ട്. ഇത് വിജയകരമായി നടപ്പാക്കിയിട്ടുള്ള കർഷകരുടെ പുരയിടങ്ങൾ കണ്ടെത്തുകയും അവർ എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാക്കുകയും വേണം. സ്ലറി മാത്രം പ്രയോഗിച്ചാൽ ജൈവകൃഷി ഒന്നാംതരമായി നടത്താനാകും.

അങ്ങ് പറഞ്ഞ രണ്ടാമത്തെ പ്രശ്നം ചെമ്പൻചെല്ലിയാണ്. അതിന് ചില നാട്ടറിവുകളുണ്ട്. നല്ല വേപ്പിൻപിണ്ണാക്ക് അര കിലോവീതം മഴയ്ക്ക് മുമ്പേയും മഴ കഴിയുമ്പോഴും ഇട്ടുകൊടുത്താൽ ഒരു ചെമ്പൻചെല്ലിയും വരില്ല. എന്റെ സ്ഥലത്ത് ചെമ്പൻചെല്ലിയില്ല. അത് ആ പ്രദേശത്തുകൂടി നിൽക്കില്ല. ഇത് പരീക്ഷിച്ചിടത്തൊക്കെ അറിയാം, റിപ്പലന്റാണത്. അങ്ങ് പറഞ്ഞത് ഏറ്റവും നല്ല കാര്യമാണ്. ഒറ്റദിവസംകൊണ്ട് കെണിവച്ച് മുഴുവൻ ചെമ്പൻചെല്ലികളെയും നശിപ്പിക്കുകയാണ്. വെർജിൻ കോക്കനട്ട് ഓയിലിന് ഒരു കിലോയ്ക്ക് 500 രൂപ കിട്ടും. മറ്റ് കോക്കനട്ട് ഓയിലിന് 150 രൂപയാണുള്ളത്. ഇതിന് നല്ല ഡിമാന്റ് ഇന്ത്യയിലുണ്ട്. അമേരിക്കക്കാർ ഇപ്പോൾ ഇതാണ് ഉപയോഗിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേക്ക് വരൂ.

ശ്രീ. പി. ജെ. ജോസഫ്: സർ, വെർജിൻ കോക്കനട്ട് ഓയിൽ ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു യൂണിറ്റുണ്ടാക്കാൻ ഒരു കോടി രൂപ മതിയാകും. ആയിരം യൂണിറ്റുകൾ ഉപയോഗിച്ചാൽ ഒരു തേങ്ങയ്ക്ക് 100 രൂപവരെ കിട്ടും. പിന്നെ തേങ്ങാ സംഭരണം നടക്കില്ല. ഫിലിപ്പൈൻസിൽ വെർജിൻ കോക്കനട്ട് ഓയിൽപോലെ 200 ഉൽപ്പന്നങ്ങളുണ്ട്. ഇക്കാര്യത്തിൽ Successful farmers-നെ കണ്ടെത്തി അവർ എന്താണ് ചെയ്യുന്നതെന്ന് പഠിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞതെല്ലാം പ്രധാന നിർദ്ദേശങ്ങളാണ്. കൃഷിയെപ്പറ്റി വളരെ വാചാലനാകുകയും നന്നായി പറയുകയും ചെയ്യുന്ന ആളാണ്. അതുകൊണ്ട് വിജയിച്ച കർഷകരുടെ അനുഭവങ്ങൾകൂടി വച്ചുകൊണ്ട്, നേരത്തെ അങ്ങ് സൂചിപ്പിച്ചതുപോലെ കാറ്റുവീഴ്ചയുള്ള തെങ്ങുകളുള്ള സ്ഥലത്ത് അതിനെ അതിജീവിച്ച് നിൽക്കുന്ന തെങ്ങിൽനിന്ന് നാളികേരമെടുത്ത് തൈകൾ ഉൽപ്പാദിപ്പിക്കുകയാണ് ഇപ്പോൾ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള mother palms-ന്റെ എണ്ണം വളരെ കുറവാണ്. അതുകൊണ്ടാണ് നമുക്ക് വേണ്ടത്ര ഉൽപ്പാദനം നടത്താൻ കഴിയാതെ വരുന്നത്. അങ്ങനെയുള്ള തെങ്ങിൻതൈകൾ കൂടുതൽ ഉൽപ്പാദിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

വെർജിൻ കോക്കനട്ട് ഓയിലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുക എന്നത് നല്ലൊരു നിർദ്ദേശമാണ്, ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമാണ്. അങ്ങയുടെ നിർദ്ദേശം പരിഗണിച്ച് വെർജിൻ കോക്കനട്ട് ഓയിൽ വ്യാപകമായി ഉൽപ്പാദിപ്പിക്കുന്ന കാര്യവും കേരളത്തിലെ നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങളിൽ വെർജിൻ കോക്കനട്ട് ഓയിലിന് പ്രത്യേക പ്രാധാന്യം കൊടുക്കുന്ന കാര്യവും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ചീഫ് വിപ്പ് ശ്രീ. കെ. രാജൻ: സർ, അങ്ങയുടെ ഭരണകാലത്താണ് 21 വർഷത്തിനുശേഷം വിള ഇൻഷ്വറൻസ് മൂന്നിരട്ടി മുതൽ പതിമൂന്നിരട്ടി വരെ വർദ്ധിപ്പിച്ചത്. ഞങ്ങൾക്ക് വളരെ സന്തോഷമുള്ളത് പട്ടയമില്ലാത്ത ഭൂമിയിലുൾപ്പെടെ വാർഷിക കൃഷി നടത്തുന്നവരെ വിള ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു എന്നതാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി സ്വന്തം വിസർജ്ജ്യം കഴിച്ച് സമരം നടത്തുന്ന കർഷകരെ കാണേണ്ടിവന്ന ഒരു കാലമാണിത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്താണ് കർഷക കടാശ്വാസ കമ്മീഷൻ കേരളത്തിലാദ്യമായി നിലവിൽ വന്നത്. കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ കൊടുക്കേണ്ടവരുടെ കാലാവധി ഇന്ന്

അവസാനിക്കുകയാണ്. പല കാരണങ്ങളാൽ അപേക്ഷ കൊടുക്കാൻ സാധിക്കാത്ത ആളുകളുണ്ട്. അത് ദീർഘിപ്പിച്ച് നൽകുമോ; അക്കാര്യത്തിൽ അങ്ങയുടെ നിലപാട് എന്താണ് ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാരടക്കം ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നൽകുന്ന തീയതി ഡിസംബർ 31-വരെ നീട്ടി ഗവൺമെന്റ് ഉത്തരവിടുന്നതാണ്.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, കേരകർഷകർ പല ഘട്ടങ്ങളിലായി വലിയ വിഷമതകൾ അനുഭവിക്കുകയാണ്. ചില സമയത്ത് കൃഷി നശിച്ചുപോകുകയും മറ്റുചിലപ്പോൾ മണ്ഡരിയൊക്കെ ബാധിച്ച് ഉൽപ്പാദനമില്ലാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുമ്പോൾ തെങ്ങ് മുറിച്ചുമാറ്റേണ്ട സാഹചര്യമുണ്ടാകും. ഇതിനെല്ലാം സഹായിക്കാൻ നടപടി സ്വീകരിക്കുമോ; എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത്തരത്തിലൊരു നടപടി നടന്നുവരികയാണ്. ഉൽപ്പാദനക്ഷമതയില്ലാത്തവയും കേടായ തെങ്ങിൻ തൈകളും മുറിച്ചുമാറ്റാനുള്ള പദ്ധതിയുണ്ട്. ഇപ്പോൾ ഒരു വാർഡിൽ 75 തെങ്ങിൻതൈകൾ വീതം 500 പഞ്ചായത്തുകളിൽ നൽകുന്ന പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കുകയാണ്. ഹൈബ്രീഡിനാണെങ്കിലും ഡ്വാർഫ് ഇനത്തിനാണെങ്കിലും WCT-ക്ക് ആണെങ്കിലും നിലവിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിലയുടെ 50% മാത്രം ഇപ്പോൾ കൊടുത്ത് വാങ്ങാനുള്ള സൗകര്യം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നൽകുന്നതിനേക്കാൾ ഇരട്ടിയിലധികം തെങ്ങിൻതൈകൾ അടുത്ത വർഷം കർഷകരിലേയ്ക്കെത്തിക്കാൻ കഴിയും. അതിനാവശ്യമായ തെങ്ങിൻതൈ ഉൽപ്പാദനത്തിനുള്ള പ്ലാൻ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് നാളികേര മേഖല. അതിന്റെ സംരക്ഷണം എന്നുപറയുന്നത് നാളികേര കൃഷിക്കാരന്റെ സംരക്ഷണവും വാങ്ങൽശേഷി വികസിപ്പിക്കലുമാണ്. നാളികേരത്തിന്റെ വിലയിടിഞ്ഞിരിക്കുന്നു. എന്നാൽ അതിൽനിന്നും ലോകോത്തര പ്രശസ്തിയുള്ള വാല്യൂ ആഡഡ് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പശ്ചാത്തലമുണ്ട്. ഇപ്പോൾ ആ ടെക്നോളജി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കേന്ദ്രീകൃത ആസൂത്രണത്തിൻകീഴിൽ സംസ്ഥാന സമ്പദ്ഘടനയെ

സംരക്ഷിക്കുന്നത് ലക്ഷ്യംവച്ച് നാളികേരത്തിന്റെ റാ മെറ്റീരിയൽ ഉപയോഗപ്പെടുത്തി ഡോ. വർഗ്ഗീസ് കുര്യൻ ആരംഭിച്ച അമൂൽ പദ്ധതി ലോകപ്രശസ്തമായി മുന്നോട്ട് നീങ്ങിയതുപോലെ നാളികേര മേഖലയിലും സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ കൃഷിക്കാർക്ക് ആത്മവിശ്വാസം കൊടുത്തുകൊണ്ട് പ്രശസ്തമായ ഒരു പദ്ധതിക്ക് രൂപം നൽകാൻ സന്നദ്ധമാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രധാനപ്പെട്ടൊരു നിർദ്ദേശമാണിത്. ഓരോ ചെറിയ തെങ്ങിൻതോട്ടങ്ങളിലും പത്ത് സെന്റ് മുതലുള്ള കൃഷിയിടങ്ങളിലുമാണ് ഇപ്പോൾ തെങ്ങുകൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും കൃഷിക്കാർക്ക് ആവശ്യമായ പരിപാലനം നൽകാൻ പല പ്രയാസങ്ങളുമുണ്ട്. അതുകൊണ്ട് നാളികേരവികസന കൗൺസിൽ ഉദ്ദേശിക്കുന്നത് പാടശേഖര സമിതികൾ നെൽകൃഷി ചെയ്യുന്നതുപോലെ ഒരു സ്ഥലത്തെ എല്ലാ കർഷകരെയും സംയുക്തമായി ചേർത്ത് ഒരു യൂണിറ്റാക്കി പരിപാലനമുറകളും ഹാർവെസ്റ്റിംഗ് അടക്കമുള്ള കാര്യങ്ങളും രോഗപരിപാലന രീതികളും സമന്വയിപ്പിച്ച് ഓരോ യൂണിറ്റുകളാക്കി മാറ്റി പാടശേഖര സമിതി മോഡലിലുള്ള കർഷകരുടെ ഗ്രൂപ്പുകളുണ്ടാക്കാനാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. അതിനുശേഷം അങ്ങ് സൂചിപ്പിച്ചതുപോലെയുള്ള സാധ്യതകളുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, .....(മൈക്ക് ഓഫ്).....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്....ഞാൻ എന്താണ് ചെയ്യുന്നത്? ഓരോരുത്തരും അങ്ങനെയാണ്. എല്ലാവരും സ്വയം പരിശോധിക്കുക. ആരും മോശമല്ല. ഇന്നലെയും മിനിഞ്ഞാന്നും മൂന്ന് ചോദ്യങ്ങളേ എടുത്തിട്ടുള്ളൂ. നിങ്ങൾ സ്വയം നിയന്ത്രണം പാലിക്കുകയേ മാർഗ്ഗമുള്ളൂ. ....(ബഹളം).....പ്ലീസ്.... പ്ലീസ്... ബഹുമാന്യരായ അംഗങ്ങളുടെ പ്രസംഗം പലപ്പോഴും നീണ്ടുപോകുന്നതു കൊണ്ടാണ്. .......(ബഹളം)..... ഇവിടെ നിങ്ങളുടെ ചോദ്യമാണോ ഇപ്പുറത്തുള്ളവരുടെ ചോദ്യമാണോ എന്ന് നോക്കിയിട്ടൊന്നുമല്ല. .....(ബഹളം)... പ്ലീസ്... പ്ലീസ്... അങ്ങനെയൊന്നും കാണുന്നത് ശരിയല്ല. ഇവിടെ ആരോടും പരിഗണനയും അവഗണനയും ഇല്ല. വിളിക്കുന്ന പേരുകളുടെ ലിസ്റ്റ് നോക്കിയാൽ നിങ്ങൾക്ക് മനസ്സിലാകും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മഴവെള്ള സംഭരണം വ്യാപകമാക്കാൻ നടപടി

4(*423) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം സംഭരിക്കേണ്ടതിന്റെയും ആയത് യുക്തിപൂർവ്വം പുനരുപയോഗിക്കേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ എന്തെല്ലാം പദ്ധതികളും സഹായങ്ങളുമാണ് തദ്ദേശീയർക്ക് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) മഴവെള്ള സംഭരണം, മഴക്കുഴി നിർമ്മാണം എന്നീ പദ്ധതികൾ വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി നൽകിയിരുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) മഴവെള്ള സംഭരണിക്കുള്ള പ്രാധാന്യം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി ഗ്രാമസഭ നോട്ടീസുകളിൽ ഇക്കാര്യം ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ഗ്രാമസഭയിൽ ബോധവൽക്കരണവും ചർച്ചകളും നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി ഉൾപ്പെടുത്തിയാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതും ആയത് ഉണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷമാണ് കെട്ടിട നമ്പർ അനുവദിക്കുന്നതും. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തടഘടകം പദ്ധതിയിൽ മഴവെള്ളം സംഭരിക്കേണ്ടതിന്റെയും ആയത് യുക്തിപൂർവ്വം പുനരുപയോഗിക്കേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെടുത്താൻ വേണ്ടുന്ന ബോധവൽക്കരണവും സഹായങ്ങളും നൽകിവരുന്നു. ഹരിത കേരളം പദ്ധതി, ജലനിധി എന്നിവയുടെ ഭാഗമായി പല ഗ്രാമപഞ്ചായത്തുകളും മഴവെള്ള സംഭരണിയുടെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) മഴവെള്ളം സംഭരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, കിണർ റീചാർജിംഗ്, മണ്ണ്-ജല സംരക്ഷണത്തിന്റെ ഭാഗമായി തൈകൾ നൽകൽ എന്നിവ ഏറ്റെടുക്കുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ അനുവാദം നൽകിയിട്ടുള്ളതാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ ഈ പ്രവൃത്തികൾ നടപ്പാക്കുവാനും തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കാൻ കഴിയാത്തവയ്ക്ക് വികസന ഫണ്ട് ഉപയോഗപ്പെടുത്താനും അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മഴവെള്ള സംരക്ഷണത്തിന്റെ ഭാഗമായി കിണർ റീചാർജിംഗ്, മഴവെള്ള സംഭരണി നിർമ്മാണം, മഴക്കുഴി നിർമ്മാണം, കൃത്രിമ കുളങ്ങളുടെ നിർമ്മാണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 'ജലസുഭിക്ഷ' സമ്പൂർണ്ണ കിണർ റീചാർജിംഗ് പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ചരിഞ്ഞ മേൽക്കൂരയുള്ള വീടുകൾക്ക് 8,600 രൂപയും നിരപ്പായ മേൽക്കൂരയുള്ള വീടുകൾക്ക് 8,000 രൂപയും യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ച് ഗുണഭോക്താക്കളുടെ ഭൂമിയിൽ കിണർ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തിവരുന്നു. ടി പദ്ധതിയുടെ കാലയളവിൽ 72464 കിണറുകൾ റീചാർജ് ചെയ്യുകയും 212128 മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ പുതിയ കിണറുകളുടെയും കുളങ്ങളുടെയും നിർമ്മാണം, കുളങ്ങൾ ആഴം കൂട്ടൽ, മഴക്കുഴി നിർമ്മാണം എന്നിവയും നടത്തുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തടഘടകം പദ്ധതിയിലും മഴവെള്ളം സംഭരിക്കുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും കിണർ റീചാർജിംഗ്, മഴവെള്ള സംഭരണികളുടെ നിർമ്മാണം, തടയണകളുടെ നിർമ്മാണവും പുനരുദ്ധാരണവും, കോണ്ടൂർ ബണ്ടിംഗ്, തെങ്ങിൻതടം തുറക്കൽ, മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(സി) ആനുകൂല്യങ്ങൾ ഒന്നും നിർത്തലാക്കിയിട്ടില്ല.

## സ്മാർട്ട് നമ്പർ പ്ലേറ്റുകൾ

5(*424) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. ഉബൈദുള്ള:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങൾക്ക് സ്മാർട്ട് നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് നമ്പർ പ്ലേറ്റുകളുടെ ഉപയോഗം കൊണ്ട് പ്രതീക്ഷിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ വാഹനങ്ങളിൽ സ്മാർട്ട് നമ്പർ പ്ലേറ്റുകളും റോഡുകളിൽ കമ്പ്യൂട്ടർ നിയന്ത്രിത സി.സി.ടി.വി. ക്യാമറകളും സ്ഥാപിച്ച് നിരീക്ഷണം നടത്തുന്നത് മുഖേന ഗതാഗത നിയന്ത്രണത്തിലും നിയമലംഘനങ്ങൾ കണ്ടെത്തി നിയന്ത്രിക്കുന്നതിലും കൈവരിക്കാനായ നേട്ടങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) 1-4-2019-നുശേഷം നിരത്തിലിറങ്ങിയിട്ടുള്ള എല്ലാ വാഹനങ്ങൾക്കും HSRP നമ്പർപ്ലേറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. വാഹന ഉല്പാദകരുടെ ഡീലർമാരെ തന്നെയാണ് നമ്പർപ്ലേറ്റ് നൽകുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ എല്ലാംതന്നെ ഇത്തരം നമ്പർപ്ലേറ്റുകൾ ഘടിപ്പിച്ചതിനുശേഷം മാത്രമേ പുറത്തിറക്കാൻ സാധിക്കുകയുള്ളൂ.

(ബി) വ്യാജ നമ്പർ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുവാൻ സാധിക്കും. ഇത്തരം നമ്പർപ്ലേറ്റുകൾ എളുപ്പത്തിൽ മാറ്റി വ്യാജ നമ്പർപ്ലേറ്റുകൾ ഘടിപ്പിക്കാൻ സാധിക്കുകയില്ല. കൂടാതെ ഇത്തരം നമ്പർപ്ലേറ്റുകൾക്ക് സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ അംഗീകാരമോ അല്ലെങ്കിൽ സെൻട്രൽ ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു ടെസ്റ്റിംഗ് ഏജൻസിയുടെ സർട്ടിഫിക്കറ്റോ ആവശ്യമാണ്. ഇത്തരം നമ്പർപ്ലേറ്റുകൾ കേടുപാട് സംഭവിക്കുകയാണെങ്കിൽ വാഹന നിർമ്മാതാക്കളോ ഡീലർ വഴിയോ മാത്രമേ പുതിയ നമ്പർപ്ലേറ്റുകൾ ഘടിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ വളരെയധികം സെക്യൂരിറ്റി സംവിധാനങ്ങൾ ഇത്തരം നമ്പർപ്ലേറ്റുകളിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 6-12-2018-ലെ S.O.6052(E) നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഗതാഗത വകുപ്പ് ഇത്തരത്തിലുള്ള പഠനമൊന്നും നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാലിന്യ സംസ്കരണത്തിൽ വീഴ്ചവരുത്തിയ നഗരസഭകൾ

6(*425) ശ്രീ. എം. സി. കമറുദ്ദീൻ :

ഡോ. എം. കെ. മുനീർ :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിൽ വീഴ്ചവരുത്തിയതിന് സംസ്ഥാനത്തെ ഏതെങ്കിലും നഗരസഭകളോട് പിഴ ഒടുക്കുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ;

(ബി) മാലിന്യ സംസ്കരണത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) മാലിന്യ സംസ്കരണത്തിൽ വീഴ്ചവരുത്തിയെന്ന് തൃശ്ശൂർ കോർപ്പറേഷൻ, തിരുവനന്തപുരം കോർപ്പറേഷൻ, കളമശ്ശേരി നഗരസഭ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. തൃശ്ശൂർ കോർപ്പറേഷൻ

21-10-2019-ലെ PCB/HO/RULES/SWM-Thrissur/2018 പ്രകാരം 456.6 ലക്ഷം രൂപ എൻവയോൺമെന്റൽ കോമ്പൻസേഷൻ ആയി അടയ്ക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷന് നോട്ടീസ് നൽകിയിട്ടുണ്ട്.

2.. തിരുവനന്തപുരം കോർപ്പറേഷൻ

25-9-2019-ലെ PCB/HO/RULES/SWM-TVM CORPN/2018 പ്രകാരം എൻവയോൺമെന്റൽ കോമ്പൻസേഷൻ ആയി 1459.112 ലക്ഷം രൂപ ഈടാക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡിന് മറുപടി നൽകിയിട്ടുണ്ട്.

3. കളമശ്ശേരി നഗരസഭ

12-10-2019-ലെ PCB/HO/SEE2/SLMC-KALAMASSERI/2019 പ്രകാരം എൻവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 3-9-2019-ലെ PCB/HO/RULES/SWM-IDUKKI/2018 കത്ത് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എൻവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന്മേലുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 11-6-2018-ലെ സ.ഉ.(എം.എസ്)82/2018/ത.സ്വ.ഭ.വ നമ്പർ പ്രകാരം നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | പെരിങ്ങമല |
| തൃശ്ശൂർ | - | ലാലൂർ |
| പാലക്കാട് | - | കഞ്ചിക്കോട് |
| കോഴിക്കോട് | - | ഞെളിയംപറമ്പ് |
| കണ്ണൂർ | - | ചേലോറ |
| കൊല്ലം | - | കുരീപ്പുഴ |
| മലപ്പുറം | - | പാണക്കാട് |

അതിൻപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടി ചുവടെ ചേർക്കുന്നു:

- കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആഗോള ടെണ്ടറിലൂടെ ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Zonta infratech Pvt. Ltd. എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ടി കമ്പനി ഈ പദ്ധതി നടത്തിപ്പിനായി മാത്രം രൂപീകരിച്ച SPV ആയ മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡുമായി പദ്ധതി നടത്തിപ്പിനുള്ള കൺസെഷൻ എഗ്രിമെന്റ് ഒപ്പ് വച്ച് തുടർ നടപടികൾ പുരോഗമിക്കുന്നു.

- കണ്ണൂർ, പാലക്കാട് ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള ടെണ്ടർ പ്രസിദ്ധീകരിച്ചു. ലഭ്യമായ ടെണ്ടറുകളുടെ സാങ്കേതിക സാമ്പത്തിക പരിശോധനകൾ പുരോഗമിക്കുന്നു.

- കൊല്ലം ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.
- കൂടാതെ കൊച്ചിയിൽ ബ്രഹ്മപുരത്ത് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ഇടുക്കി ജില്ലയിലെ മൂന്നാറിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.
- വയനാട് ജില്ലയിലെ സുൽത്താൻബത്തേരിയിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് താമസംവിനാ കമ്മിഷൻ ചെയ്യുന്നതാണ്.
- മലപ്പുറം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

ഇതൊടൊപ്പം മാലിന്യ സംസ്കരണത്തിന് പരിഹാരം കാണുന്നതിനായി ചുവടെപ്പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു:

1. ഉറവിട ജൈവ മാലിന്യ സംസ്കരണം, വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും.
2. നിലവിലുള്ള ജൈവ മാലിന്യ സംസ്കരണ പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും
3. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി/റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും സ്ഥാപിക്കൽ, തരംതിരിക്കപ്പെട്ട അജൈവ മാലിന്യം പുനഃചംക്രമണത്തിനായി കൈമാറ്റം ചെയ്യൽ. പുനഃചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുക.
4. അജൈവ മാലിന്യം പരമാവധി കുറയ്ക്കുക. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള വിവര വിജ്ഞാന ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉൽപ്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.

5. പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.

6. അജൈവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കണ്ണിയാക്കുക.

7. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ.

8. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം.

9. ബന്ധപ്പെട്ട സ്റ്റേക് ഹോൾഡർമാർക്കുള്ള ശേഷി വികസന പരിപാടികൾ

10. പി.വി.സി. ഫ്ലക്സുകളുടെ നിരോധനം.

11. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചു.

**വിദ്യാർത്ഥികളുടെ സംഘടിക്കാനുള്ള മൗലികാവകാശം**

7(*426) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമർശനാത്മകമായി പ്രശ്നങ്ങളെ സമീപിക്കുന്നതിന് പ്രാപ്തിയും രാഷ്ട്രീയാവബോധവുമുള്ള യുവജനങ്ങളാണ് ബഹുസ്വര ജനാധിപത്യ രാഷ്ട്രത്തിന്റെ അടിത്തറയെന്നതുകൊണ്ട് സമാധാനപരമായി സംഘടിക്കാനുള്ള വിദ്യാർത്ഥികളുടെ മൗലികാവകാശം സംരക്ഷിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനും സാമൂഹ്യവൽക്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) സ്വാശ്രയകോളേജുകളും ഓട്ടോണമസ് കോളേജുകളും ഇന്റേണൽ മാർക്ക് എന്ന ഭീഷണി ഉയർത്തിയും അല്ലാതെയും നടത്തുന്ന വിദ്യാർത്ഥി പീഡനം അവസാനിപ്പിക്കാൻ ഇടപെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നടപടിയെടുത്തിട്ടുണ്ട്.

(ബി) ക്യാമ്പസുകളിൽ ജനാധിപത്യവൽക്കരണത്തിനും സാമൂഹ്യ വൽക്കരണത്തിനും ഉതകുന്ന തരത്തിലുള്ള അക്കാദമിക/അക്കാദമികേതര പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എൻ.എസ്.എസ്/എൻ.സി.സി എന്നീ സംവിധാനങ്ങളിലൂടെ വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ക്യാമ്പസുകളിൽ നടന്നുവരുന്നുണ്ട്. ക്യാമ്പസുകളിൽ നിർദ്ദേശാനുസരണമുള്ള ജനാധിപത്യ സമിതിയുടെ (സ്റ്റുഡന്റ്സ് യൂണിയൻ) രൂപീകരണവും പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. കൂടാതെ യുവജനങ്ങളിൽ സാമൂഹ്യപ്രശ്നങ്ങളെ കുറിച്ചറിയാനും മനസ്സിലാക്കാനുമുള്ള ആഗ്രഹം വളർത്തിയെടുക്കുന്നതിനും വിദ്യാർത്ഥികളിൽ ഗവേഷണ രംഗങ്ങളിൽ താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി Nurturing Inquisitiveness programme (NIP) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിനാൽ സർക്കാർ കോളേജുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനും സാമൂഹ്യവൽക്കരണത്തിനുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽപ്പെടുന്ന കോളേജുകളിൽ ധാരാളം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് കോളേജുകളിലെ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് പ്രക്രിയ കലാലയങ്ങളിൽ ജനാധിപത്യ വൽക്കരണത്തിനും സാമൂഹ്യവൽക്കരണത്തിനും സഹായകരമാകുന്നുണ്ട്.

സർവ്വകലാശാലകളുടെ അക്കാദമികപരവും ഭരണപരവുമായ തീരുമാനങ്ങൾ എടുക്കുവാൻ ചുമതലപ്പെട്ട സമിതികളായ ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ എന്നിവ വിദ്യാഭ്യാസ വിദഗ്ദ്ധർ ഉൾപ്പെടെയുള്ള സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരെ ഉൾപ്പെടുത്തി ജനാധിപത്യപരമായി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സമർപ്പിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിഷൻ റിപ്പോർട്ടിൽ ഇന്റേണൽ മാർക്ക് സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിനായി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകളിൽമേൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## റോഡ് ഗതാഗത സുരക്ഷാ പ്രവർത്തനങ്ങൾ

8(*427) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് നടത്തുന്ന റോഡ് ഗതാഗത സുരക്ഷാ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; എൻഫോഴ്സ്മെന്റിന് വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരുണ്ടോ;

(ബി) അഴിമതിക്കാര്യത്തിൽ കുപ്രസിദ്ധമായ വകുപ്പെന്ന ആക്ഷേപം മാറ്റി വകുപ്പിനെ ശുദ്ധീകരിക്കാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ പൊതുവാഹനങ്ങളിലും അപായ ബട്ടൺ നിർബന്ധമാക്കിയിട്ടുണ്ടോ; ഇതുകൊണ്ടുള്ള നേട്ടം അറിയിക്കാമോ;

(ഡി) റോഡപകടങ്ങൾ പത്തുശതമാനമെങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ റോഡ് സുരക്ഷാ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലം അറിയിക്കാമോ;

(ഇ) അടിക്കടി അപകടമുണ്ടാകുന്ന സ്ഥലങ്ങളിലെ അപകടസാധ്യതാ നിവാരണത്തിനും ശരിയായ ഡ്രൈവിംഗ് സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24X7 മണിക്കൂറും നിരീക്ഷിക്കുന്നതിനും അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീക്ഷണ സംവിധാനമുണ്ട്. ഇവിടങ്ങളിലെ സ്ഥിരം അപകടമേഖലകളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു. വാളയാർ-വടക്കഞ്ചേരി നാഷണൽ ഹൈവേയിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ഇതുകൂടാതെ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിതവേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ടുമാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുകയും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. കൂടാതെ, നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ/സബ് ആർ.ടി.ഒ.കളിലും ആട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ്/വെഹിക്കിൾ ടെസ്റ്റ് സെന്ററുകൾ PPP മാതൃകയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കിയിട്ടുണ്ട്. ഈ വർഷം വിവിധ നിയമലംഘനങ്ങൾക്കായി ആകെ 21,246 പേരുടെ ലൈസൻസ് റദ്ദുചെയ്യുകയുണ്ടായിട്ടുണ്ട്. ഇതു കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന "സേഫ് കേരള" എന്ന എൻഫോഴ്സ്മെന്റ് നിരീക്ഷണ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 14 ആർ.ടി.ഒ.മാരും 99 എം.വി.ഐ-.മാരും 255 എ.എം.വി.ഐ.-മാരും ഉൾപ്പെട്ട 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തിവരുന്നു. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടുകൂടി റോഡ് സുരക്ഷാവാരം ആചരിക്കുന്നു. ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി റോഡ് സുരക്ഷാസന്ദേശങ്ങളും ലഘുലേഖകളും പ്രചരിപ്പിക്കുന്നുമുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പ് അഴിമതിമുക്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ വരാതെ തന്നെ പരമാവധി സേവനങ്ങൾ നൽകാൻ ശ്രമിക്കുന്നുണ്ട്.

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട ഫീസുകൾ എല്ലാംതന്നെ ഇപ്പോൾ ഓൺലൈൻ വഴി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഫീസടയ്ക്കുന്നതിന് പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് ഹാജരാകേണ്ട ആവശ്യമില്ല. കൂടാതെ എല്ലാത്തരം മോട്ടോർ വെഹിക്കിൾ ടാക്സും ഓൺലൈനിൽ അടയ്ക്കാനുള്ള സൗകര്യം ഉണ്ട്. വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷ വാഹന ഡീലർമാർ ആർ.ടി. ഓഫീസുകളിലേക്ക് ഓൺലൈൻ വഴി അയയ്ക്കുകയും ആർ.ടി.ഒ.-യുടെ അംഗീകാരത്തിനുശേഷം ഓൺലൈൻ വഴി തന്നെ പ്രിന്റ് എടുക്കുകയും ചെയ്യാവുന്നതാണ്. സ്ഥിര രജിസ്ട്രേഷനുവേണ്ടി വാഹനം പരിശോധിച്ച് കഴിഞ്ഞാൽ നമ്പർ അനുവദിക്കുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തപാൽ വഴി അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. ഓഫീസിൽ സർവ്വീസുകൾ കഴിഞ്ഞ രേഖകൾ എല്ലാംതന്നെ അപേക്ഷകൻ ആവശ്യപ്പെട്ടാൽ തപാൽ വഴി നേരിട്ട് അയച്ചുകൊടുക്കുന്നുണ്ട്. ഇക്കാര്യങ്ങൾ അഴിമതി ഇല്ലാതാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ചെയ്തിരിക്കുന്നത്.

(സി) സംസ്ഥാനത്തെ ഇരുചക്ര-മുച്ചക്ര വാഹനങ്ങൾ ഒഴികെയുള്ള എല്ലാ പൊതു വാഹനങ്ങളിലും വാഹന ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണവും ഒന്നോ അതിലധികമോ അടിയന്തര ബട്ടണുകളും നിർബന്ധമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടേയും വിദ്യാർത്ഥികളുടെയും സുരക്ഷിതത്വവും പൊതുവായി റോഡ് സുരക്ഷയും ഉറപ്പാക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഈ സംവിധാനം വഴി വാഹനങ്ങളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കും എൻഫോഴ്സ്മെന്റിനുമായി നിരന്തരമായി നിരീക്ഷണം നടത്തുവാൻ കഴിയുന്നതാണ്. വാഹനങ്ങൾ അപകടത്തിൽപ്പെടുകയോ യാത്രയ്ക്ക് ഭംഗം വരുകയോ യാത്രക്കാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാകുകയോ ചെയ്താൽ അടിയന്തര സന്ദേശം നൽകി സഹായ അഭ്യർത്ഥന നടത്താനുള്ള സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിതവേഗതയും യാത്രാതടസ്സങ്ങളും റൂട്ടുമാറിയുള്ള സഞ്ചാരങ്ങളും ഈ സംവിധാനംവഴി നിരീക്ഷിക്കുവാനും നടപടി സ്വീകരിക്കുവാനും കഴിയുന്നതുമാണ്.

(ഡി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

1. <u>സേഫ് കേരള പദ്ധതി</u>

കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സേഫ് കേരള പദ്ധതി.

2. ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ശബരിമല സേഫ് സോൺ പദ്ധതി.

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകൾ എന്നിവയുടെ സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. മാതൃകാ സുരക്ഷാ വീഥി

ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി ചലഞ്ചുഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

5. ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം എഫ്.എം. റോഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

6. റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/ പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷ ശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

7. സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പിറ്റി.എ, സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ്സ് നൽകുകയുണ്ടായി.

ഇതിനുപുറമേ മോട്ടോർവാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ഏത് സമയത്തും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പട്രോളിംഗ് നടത്തുന്നു. ഈ ഉദ്യോഗസ്ഥരുടെ റോഡിലുള്ള സാന്നിധ്യവും വാഹന പരിശോധനയും അപകടങ്ങൾക്ക് കാരണമാകുന്ന അമിതവേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർ ലോഡ് എന്നീ കുറ്റങ്ങളെ തടയുന്നു. അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിതഭാരം എന്നീ അപകടങ്ങൾക്ക് കാരണമാകുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസുകൾ സസ്പെന്റ് ചെയ്യാറുണ്ട്. കൂടാതെ ഹൈവേകളിൽ മോട്ടോർ വാഹന വകുപ്പ് 240 ഹൈസ്പീഡ് ക്യാമറകളും ഘടിപ്പിച്ചിട്ടുണ്ട്. 2019-ൽ ഇത്തരത്തിൽ 21246 ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ അപകടത്തിന് ഇടയാകുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്നുണ്ട്. 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടുകൂടി റോഡ് സുരക്ഷാവാരം ആചരിക്കുന്നു. ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി റോഡ് സുരക്ഷാ സന്ദേശവും ലഘുരേഖകളും പ്രചരിപ്പിക്കുന്നുണ്ട്.

(ഇ) നിലവിൽ നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ മരണകാരണമായ അപകടങ്ങളും ഗുരുതരമായ അപകടങ്ങളും കൂടുതൽ നടന്ന സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ അവ പരിഹരിക്കുന്നതിന് നടപടികൾ അതാത് റോഡ് Owning agencies സ്വീകരിച്ചുവരികയാണ്. അമിതവേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക്

കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് മോട്ടോർ വാഹനവകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹനമോടിയ്ക്കുവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചു വരുന്നു. കൂടാതെ World Bank സഹായത്തോടെ റോഡ് സുരക്ഷാ വീഥിയുടെ മാതൃക (അടൂർ-കഴക്കൂട്ടം) നിർമ്മിച്ച് അതിൽ ആധുനികമായ റോഡ് സുരക്ഷ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചുവരികയാണ്. ഈ പദ്ധതിയിൽ ചെയ്തുവന്ന റോഡ് സുരക്ഷാസംവിധാനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നാറ്റ്പാക് മുഖാന്തരം Awareness Campaign നടത്തിവരുന്നു. റോഡ് ഉപയോഗിക്കുന്നവർക്കുള്ള പരിശീലന പരിപാടിക്കും റോഡ് സുരക്ഷാവബോധ പരിപാടികൾക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി ഊന്നൽ നൽകിവരുന്നു. ഭാവിയിലേയ്ക്ക് റോഡ് സുരക്ഷാവബോധമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിനായി SCERT-യുമായി ചേർന്ന് "റോഡ് സുരക്ഷ" കൈ പുസ്തകവും തയ്യാറാക്കിവരുന്നു. വരുംകാലയളവിൽ SCERT-യുടെ കരിക്കുലത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്താനുള്ള നടപടികളും എടുത്തുവരികയാണ്.

## മാലിന്യ സംസ്കരണ സംവിധാനം

9(*428) <u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ ഏറെ മുന്നിലായിരിക്കുമ്പോഴും ജനസാന്ദ്രതയും മാലിന്യ സംസ്കരണത്തിലെ അപര്യാപ്തതകളുംകൊണ്ട് മഴക്കാലമാകുമ്പോൾ സംസ്ഥാനത്ത് പകർച്ച വ്യാധികൾ വ്യാപിക്കുന്നതു തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാക്കാനായി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പു വരുത്താൻ സർക്കാർ തലത്തിൽ പദ്ധതിയുണ്ടോ;

(ബി) വികേന്ദ്രീകൃത രീതിയിൽ മാലിന്യ സംസ്കരണം സാധ്യമാക്കാൻ രൂപീകരിച്ച സംഘടനാ സംവിധാനം വിശദമാക്കാമോ;

(സി) ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സീറോ വേസ്റ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ഡി) ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ;

(ഇ) ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ-മാലിന്യ നിവാരണ പദ്ധതിയുടെ കാര്യക്ഷമതയെക്കുറിച്ച് അറിയിക്കാമോ; അജൈവ മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഉള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>):

(എ) ഉണ്ട്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 11-6-2018-ലെ സ.ഉ. (എം.എസ്)82/2018/ത.സ്വ.ഭ.വ. നമ്പർ പ്രകാരം സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അതിൻപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടി ചുവടെ ചേർക്കുന്നു:

- കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആഗോള ടെണ്ടറിലൂടെ തെരഞ്ഞെടുത്ത ബംഗ്ളൂരു ആസ്ഥാനമാക്കി പ്രവ്യത്തിക്കുന്ന Zonta Infratech Pvt. Ltd എന്ന സ്ഥാപനവുമായി പദ്ധതി നടത്തിപ്പിനുള്ള കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ച് തുടർനടപടികൾ പുരോഗമിക്കുന്നു.

- കണ്ണൂർ, പാലക്കാട്, കൊല്ലം ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

- കൂടാതെ കൊച്ചിയിൽ ബ്രഹ്മപുരത്ത് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- ഇടുക്കി ജില്ലയിലെ മൂന്നാറിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

- വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് താമസംവിനാ കമ്മിഷൻ ചെയ്യുന്നതാണ്.

കൂടാതെ വികേന്ദ്രീകൃത രീതിയിലുള്ള വിവിധ മാലിന്യ സംസ്കരണ പദ്ധതികളും (തുമ്പൂർമൂഴി, ബയോ ഗ്യാസ് പ്ലാന്റ്, ബയോ ബിൻ etc.) തദ്ദേശഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം (നഗരം), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ പദ്ധതികൾ വഴിയും മാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്തുകൾ തനത്/വികസന ഫണ്ടിൽനിന്നും 10 ശതമാനവും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ തനത് ഫണ്ടിൽനിന്നും 15 ശതമാനവും മാലിന്യ സംസ്കരണത്തിനായി നിർബന്ധമായും വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വികേന്ദ്രീകൃത രീതിയിൽ ജൈവമാലിന്യ സംസ്കരണം സാധ്യമാക്കാൻ രൂപീകരിച്ചിട്ടുള്ള സംവിധാനം ചുവടെ ചേർക്കുന്നു:

- ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ.
- ഗാർഹിക തലത്തിൽ ബയോബിൻ, പൈപ്പ് കംപോസ്റ്റിംഗ്, എയ്റോബിക് ബിൻ, ബയോ ഗ്യാസ് പ്ലാന്റ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ.
- സ്ഥാപന-കമ്മ്യൂണിറ്റി തലങ്ങളിൽ മാലിന്യത്തിന്റെ അളവിന് അനുസരിച്ച് ബയോ ഗ്യാസ് പ്ലാന്റുകളും തുമ്പൂർമൂഴി മാതൃകയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- ഗാർഹിക തലങ്ങളിൽ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാൻ കഴിയാത്തവരിൽനിന്നും മാലിന്യം ശേഖരിച്ച് പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ.

അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.കളിലും അവിടെ നിന്നും രണ്ടാം തരംതിരിവ് നടത്തി ആർ.ആർ.എഫ്.കളിലേയ്ക്കും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിന്

ഗ്രാമപഞ്ചായത്ത് തലത്തിൽ 589 എണ്ണവും നഗരസഭാ തലത്തിൽ 168 എണ്ണവും ഉൾപ്പെടെ ആകെ 757 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (MCF) 130 ആർ.ആർ.എഫുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിൽ ഒരു തദ്ദേശഭരണ സ്ഥാപനത്തിലും സീറോവേസ്റ്റ് പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് ' പദ്ധതി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന 14 നഗരസഭകളെ തെരഞ്ഞെടുത്ത് പ്രവർത്തനം നടത്തിയിരുന്നു:

1. വർക്കല നഗരസഭ
2. പുനലൂർ നഗരസഭ
3. പത്തനംതിട്ട നഗരസഭ
4. മാവേലിക്കര നഗരസഭ
5. വൈക്കം നഗരസഭ
6. കട്ടപ്പന നഗരസഭ
7. നോർത്ത് പറവൂർ നഗരസഭ
8. കുന്നംകുളം നഗരസഭ
9. ചിറ്റൂർ-തത്തമംഗലം നഗരസഭ
10. പെരിന്തൽമണ്ണ നഗരസഭ
11. കൊയിലാണ്ടി നഗരസഭ
12. കൽപ്പറ്റ നഗരസഭ
13. മട്ടന്നൂർ നഗരസഭ
14. കാഞ്ഞങ്ങാട് നഗരസഭ.

ഇതിൽ താഴെപ്പറയുന്ന 8 നഗരസഭകൾ സീറോവേസ്റ്റ് ഓൺ ഗ്രൗണ്ടായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള നഗരസഭകളിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു:

1. പുനലൂർ നഗരസഭ
2. മാവേലിക്കര നഗരസഭ

3. വൈക്കം നഗരസഭ
4. നോർത്ത് പറവൂർ നഗരസഭ
5. ചിറ്റൂർ-തത്തമംഗലം നഗരസഭ
6. കൊയിലാണ്ടി നഗരസഭ
7. കൽപ്പറ്റ നഗരസഭ
8. മട്ടന്നൂർ നഗരസഭ.

(ഡി) ഉണ്ട്. സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 788 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്ത് - 701

മുനിസിപ്പാലിറ്റി - 81

കോർപ്പറേഷൻ - 6

ആകെ - 788

(ഇ) ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ പ്രവർത്തനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കാര്യക്ഷമമായി നടന്നുവരുന്നു. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.കളിലും അവിടെ നിന്നും രണ്ടാം തരംതിരിവ് നടത്തി ആർ.ആർ.എഫ്.കളിലേയ്ക്കും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ 589 എണ്ണവും നഗരസഭ തലത്തിൽ 168 എണ്ണവും ഉൾപ്പെടെ ആകെ 757 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (MCF) 130 ആർ.ആർ.എഫ്.കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേനയാണ് അജൈവ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നത്. റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ യന്ത്രവൽക്കരണവും പരിപാലനവും ഹരിതകർമ്മസേന മുഖേന

ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുന:ചംക്രമണം, പുന:ചംക്രമണ യോഗ്യമല്ലാത്ത ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ശേഖരിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ലഭ്യമാക്കൽ, ഇ-മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായ സംസ്കരണത്തിനായി കൈമാറൽ, ചില്ല് (ഗ്ലാസ്സ്) മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ ഏജൻസികൾക്ക് കൈമാറൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. നാളിതുവരെയായി 590.572 മെട്രിക് ടൺ ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ 750.41 കി.മീ റോഡുകളും പൊതുമരാമത്ത് വകുപ്പ് മുഖേന 287.409 കി.മീ. റോഡുകളും നിർമ്മിച്ചിട്ടുണ്ട്.

## അമൃത് പദ്ധതി

10(*429) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അമൃത് പദ്ധതി ഏതൊക്കെ നഗരങ്ങളിലാണ് നടപ്പാക്കുന്നത്; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്;

(സി) ഈ പദ്ധതിയിലെ സംസ്ഥാനത്തിന്റെ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ഇൻസെന്റീവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലയിലെന്ന് അറിയിക്കാമോ;

(ഡി) എറണാകുളം, തിരുവനന്തപുരം നഗരസഭകൾക്കായുള്ള സ്മാർട്ട് സിറ്റി പദ്ധതിയെക്കുറിച്ചും നിലവിലെ സ്ഥിതിയെക്കുറിച്ചും അറിയിക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കിവരുന്നത്.

ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്), പാർക്ക് ആന്റ് ഓപ്പൺ സ്പെയിസ് എന്നീ അഞ്ച് മേഖലകളിലായാണ് (സെക്ടറുകൾ) പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി പുരോഗതി ചുവടെ ചേർക്കുന്നു:

- ആകെ പദ്ധതികൾ - 1023
- ആകെ തുക – 2357.66 കോടി രൂപ
- ഭരണാനുമതി ലഭിച്ച പദ്ധതികൾ - 1023
- ഭരണാനുമതി നൽകിയ തുക - 2248.82 കോടി രൂപ
- സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ - 1018
- സാങ്കേതികാനുമതി ലഭിച്ച തുക - 2127.75 കോടി രൂപ
- ടെണ്ടർ ചെയ്ത പദ്ധതികൾ -1017
- ടെണ്ടർ തുക – 2115.92 കോടി രൂപ
- വർക്ക് അവാർഡ് ചെയ്ത പദ്ധതികൾ - 951
- അവാർഡ് ചെയ്ത പദ്ധതി തുക - 1609.23 കോടി രൂപ
- നിർവ്വഹണം പൂർത്തിയാക്കിയ പദ്ധതികൾ- 298
- നാളിതുവരെ ചെലവഴിച്ച തുക – 577.71 കോടി രൂപ.

(സി) അമൃത് പദ്ധതിയുടെ ഭാഗമായി 11 നഗര ഭരണ പരിഷ്കരണങ്ങൾക്കായുള്ള 54 നാഴികക്കല്ലുകൾ 2015-20 കാലയളവിൽ കൈവരിക്കേണ്ടതായുണ്ട്. കഴിഞ്ഞ നാല് വർഷമായി സംസ്ഥാനത്തിന് നഗര പരിഷ്കരണങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയതിന് പ്രോത്സാഹനത്തുക തുടർച്ചയായി ലഭിച്ചിട്ടുണ്ട്. നാല് വർഷങ്ങളിലായി ആകെ 59.52 കോടി രൂപ സംസ്ഥാനത്തിന് ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ഡി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

കൊച്ചി കോർപ്പറേഷനിലെ 8 വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ട് പ്രോജക്ടുകൾ കൊച്ചി കോർപ്പറേഷന്റെ മൊത്തം ഏര്യയിലും വരുന്നുണ്ട്. 940 കോടി രൂപയുടെ 42 പദ്ധതികളാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ നടപ്പിലാക്കുന്നത്.

പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിശദാംശങ്ങൾ | പദ്ധതികളുടെ എണ്ണം | തുക(കോടി) |
|---|---|---|---|
| 1 | നിർമ്മാണം/ആരംഭിച്ച/ അവാർഡ് ചെയ്ത പദ്ധതികൾ | 17+1(PPP) | 592 |
| 2 | കൊച്ചി കോർപ്പറേഷൻ- ഭവന നിർമ്മാണ പദ്ധതികൾക്കായി നീക്കി വച്ചിരിക്കുന്നത് | 2 | 34 |
| 3 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നതും/ നവംബറിൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതുമായ പദ്ധതികൾ | 16 | 104 |
| 4 | ഡിസംബറിൽ ടെണ്ടർ ചെയ്യുന്ന പദ്ധതികൾ | 6 | 210 |
| ആകെ | | 42 | 940 |

<u>തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി</u>

1538 കോടി രൂപയുടെ 43 പ്രധാന പദ്ധതികളാണ് (Module) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പര് | വിശദവിവരങ്ങൾ | ആകെ പ്രോജക്ടുകൾ (ഉപ പദ്ധതികൾ ഉൾപ്പെടെ) | തുക |
|---|---|---|---|
| 1 | ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ | 24 | 512.11 കോടി |
| 2 | അതിൽ സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടുകൾ | 17 | 92.06 കോടി |
| 3 | അതിൽ ടെണ്ടർ ചെയ്ത പ്രോജക്ടുകൾ | 10 | 30.95 കോടി |
| 4 | അതിൽ വർക്ക് അവാർഡ് ചെയ്ത പ്രോജക്ടുകൾ | 7 | 5.94 കോടി |

## അധിക വൈദഗ്ദ്ധ്യ ആർജ്ജന പദ്ധതി

11(*431) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. സ്വരാജ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തല്പരരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ വൈദഗ്ദ്ധ്യം നേടി കർമ്മശേഷി വർദ്ധിപ്പിക്കുന്ന അധിക വൈദഗ്ദ്ധ്യ ആർജ്ജന പദ്ധതി (അസാപ്) അവലോകനം ചെയ്തിരുന്നോ; എത്ര വിദ്യാർത്ഥികൾക്ക് നൈപുണി ശേഷി വികസന പരിശീലനം നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ; പദ്ധതിയുടെ നിക്ഷേപ പ്രയോജനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ടോ; ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) തൊഴിലധിഷ്ഠിത ന്യൂജനറേഷൻ അപ്ലൈഡ് ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) അസാപ് പദ്ധതിയിൽ പരിശീലനം നേടിയ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ വർദ്ധനവിന്റെ അവലോകനം, അന്തർദ്ദേശീയതലത്തിൽ സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയമായ മാതൃകകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ "എംപ്ലോയബിലിറ്റി ഇൻഡക്സ്" നിർണ്ണയത്തിലൂടെ നടപ്പിലാക്കിവരുന്നുണ്ട്.

അസാപ് പദ്ധതിയിൽ ഫൗണ്ടേഷൻ മൊഡ്യൂൾ, സ്കിൽ മൊഡ്യൂൾ എന്നീ രണ്ട് പരിശീലന മൊഡ്യൂളുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഫൗണ്ടേഷൻ കോഴ്സിൽ 168043 വിദ്യാർത്ഥികളും സ്കിൽ കോഴ്സിൽ 154814 വിദ്യാർത്ഥികളും പരിശീലനം നേടിയിട്ടുണ്ട്. ഇതുകൂടാതെ ഹ്രസ്വകാല കോഴ്സായ സമ്മർ സ്കിൽ സ്കൂൾ വഴി 33366 കുട്ടികൾക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ നിക്ഷേപപ്രയോജനം വിലയിരുത്തുന്നതിനായി 2012 മുതൽ 2017 വരെ അസാപ് പരിശീലനം ലഭിച്ച 121017 വിദ്യാർത്ഥികളുടെ പരിശീലന പ്രയോജനം, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച വിശദമായ പഠനം അവസാനഘട്ടത്തിലാണ്.

(ബി) സ്ഥാപിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ്, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്രദമാകുന്ന രീതിയിൽ സംസ്ഥാനത്തെ 66 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക്കുകളിലും അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുകയും അതിനൂതന സാങ്കേതിക നൈപുണ്യ വികസനത്തിനായി ക്ലൗഡ് കമ്പ്യൂട്ടിംഗ്, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ, ലൈഫ് സ്കിൽ മൊഡ്യൂൾ മുതലായ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരികയും ചെയ്യുന്നു.

(സി) ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുള്ള തൊഴിലധിഷ്ഠിത ന്യൂജനറേഷൻ അപ്ലൈഡ് ഹ്രസ്വകാല കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വെർച്വൽ റിയാലിറ്റി (Virtual Reality)
2. ഓഗ്മെന്റഡ് റിയാലിറ്റി (Augmented Reality)
3. മാപ്പിംഗ് ടെക്നോളജി (Here Maps)
4. സൈബർ സെക്യൂരിറ്റി (Cyber Security)
5. എത്തിക്കൽ ഹാക്കിംഗ് (Ethical Hacking)
6. നെറ്റ്‌വർക്ക് സെക്യൂരിറ്റി (Network Security)
7. കോഡിംഗ് സ്കിൽസ് (Coding Skills)
8. ഡാറ്റാ സയൻസ് (Data Science).

**എൻജിനീയറിംഗ് കോളേജുകളിൽ അക്കാദമിക് ആഡിറ്റിംഗ്**

12(*432) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എല്ലാ എൻജിനീയറിംഗ് കോളേജുകളിലും അക്കാദമിക് ആഡിറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കോളേജുകളുടെ അഫിലിയേഷൻ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) വരുംവർഷം മുതൽ അക്കാദമിക് ഓഡിറ്റിംഗിലെ കോളേജുകളുടെ നിലവാരവും റാങ്കിംഗും സ്ഥാപനത്തിന്റെ അഫിലിയേഷനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നത് സർവ്വകലാശാലയുടെ പരിഗണനയിലുണ്ട്. അക്കാദമിക് ഓഡിറ്റിംഗിനായി 10 വർഷത്തിലധികം പരിചയമുള്ള 116 അദ്ധ്യാപകരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓഡിറ്റിംഗിനായി ഒരു ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

## പച്ചക്കറിയുടെ വിലവർദ്ധനവ് തടയുന്നതിന് നടപടി

13(*433) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ പച്ചക്കറികളുടെ വിലവർദ്ധനവ് തടയുന്നതിന് സർക്കാർ സംവിധാനങ്ങൾ ഫലപ്രദമല്ല എന്ന ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹോർട്ടികോർപ്പിൻെറ വിൽപനശാലകളിൽ പൊതുവിപണിയെക്കാൾ വിലവർദ്ധനവ് അനുഭവപ്പെടുന്നതായുള്ള പരാതി പരിഹരിക്കുമോ;

(സി) ഇടനിലക്കാരാണ് വിപണിയിൽ പച്ചക്കറി വിലവർദ്ധനവ് സൃഷ്ടിക്കുന്നതെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ ഒഴിവാക്കി മാർക്കറ്റിൽ ഇടപെടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷി വകുപ്പ് നടത്തിവരുന്ന വിപണി ഇടപെടൽ പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിഭവങ്ങൾക്ക് വിലയിടിവുണ്ടാകുമ്പോഴാണ്. വിലയിടിവുമൂലം കർഷകർക്ക് നഷ്ടം സംഭവിക്കാതിരിക്കാനാണ്. അതേസമയം പച്ചക്കറികൾക്ക് അമിതമായ തോതിൽ വിലവർദ്ധനവ് ഉണ്ടാവുകയും ഉപഭോക്താക്കൾക്ക് പ്രയാസമുണ്ടാകുന്ന ഘട്ടങ്ങളിലും കൃഷി വകുപ്പ് വിപണി ഇടപെടൽ നടത്താറുണ്ട്. പച്ചക്കറികളുടെ അമിതമായ വിലവർദ്ധനവ്

നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി, ജൈവകൃഷി പദ്ധതി, വിപണി വികസന പദ്ധതി എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്തുടനീളം 1131 വിപണികൾക്ക് സൗകര്യദാതാവായി കൃഷി വകുപ്പ് പ്രവർത്തിച്ചുവരുന്നു. ഉത്സവകാലത്തെ പഴം-പച്ചക്കറി വില നിയന്ത്രിക്കുന്നതിന് ഓണം, വിഷു തുടങ്ങിയ സമയങ്ങളിൽ പ്രത്യേക ഉത്സവകാല വിപണികളും സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് വഴി മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമുള്ള പച്ചക്കറികൾ വിൽപ്പന നടത്തിവരുന്നുണ്ട്.

(ബി) ഹോർട്ടികോർപ്പിന്റെ വില്പനശാലകളിൽ പൊതു വിപണിയെക്കാൾ വിലകുറച്ചാണ് പച്ചക്കറികൾ വിറ്റഴിച്ചുവരുന്നത്. പൊതു വിപണിയെക്കാൾ വില കൂടുതലാണ് എന്ന പരാതി ലഭിക്കുന്ന സാഹചര്യങ്ങളിൽ അടിയന്തരമായി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാറുണ്ട്.

(സി) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കർഷകർ/കർഷക കൂട്ടായ്മകൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് പഴം, പച്ചക്കറി വ്യാപാരികൾക്ക് ലേല സംവിധാനത്തിലൂടെ നൽകുന്ന സാഹചര്യം നിലവിലുണ്ട്.

## വാഹനാപകടങ്ങൾ കുറയ്ക്കാൻ നടപടി

14(*434) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ മുഖ്യ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അമിത വേഗത നിയന്ത്രിക്കുന്നതിനായി ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പറുകളിലും സ്പീഡ് ഗവേണർ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അമിത വേഗതയിലും അശ്രദ്ധമായും ട്രാഫിക് നിയമങ്ങൾ ലംഘിച്ചും മദ്യപിച്ചും വാഹനങ്ങൾ ഓടിക്കുന്നവർക്ക് എന്തെല്ലാം ശിക്ഷാനടപടികളാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) വാഹനാപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനായി ദീർഘ കാലാടിസ്ഥാനത്തിൽ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. അമിതവേഗത, അമിതഭാരം, മദ്യപിച്ച് വാഹനം ഓടിക്കൽ, വാഹനം ഓടിക്കുമ്പോൾ മൊബൈലിൽ സംസാരിക്കുക, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതിരിക്കുക തുടങ്ങിയവയാണ് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ മുഖ്യകാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്. വാഹന പെരുപ്പത്തിനനുസരിച്ച് റോഡുകളുടെ അപര്യാപ്തതയും മറ്റൊരു കാരണമാണ്. 2018-ൽ റിപ്പോർട്ട് ചെയ്ത 40181 അപകടങ്ങളിൽ 29773 എണ്ണവും അമിതവേഗതമൂലമാണ് സംഭവിച്ചത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. കൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24X7 മണിക്കൂറും നിരീക്ഷിക്കുന്നതിനും അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ, പ്രത്യേകിച്ച് സ്ഥിരം അപകട മേഖലകൾ, ക്യാമറാ നിരീക്ഷണ സംവിധാനത്തിലാണ്. വാളയാർ-വടക്കാഞ്ചേരി നാഷണൽ ഹൈവേയിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിതവേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ടുമാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കുന്നതിനും സാധിക്കും. കൂടാതെ, നിലവിലെ ലൈസൻസ്

നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധനാ കേന്ദ്രങ്ങൾ എന്നിവ എല്ലാ ആർ.ടി.ഒ./സബ് ആർ.ടി.ഒ.കളിലും പ്രൈവറ്റ്-പബ്ലിക്-പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. കൂടാതെ, ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും മോട്ടോർ വാഹന വകുപ്പിൽ നിന്നും ശക്തമാക്കിയിട്ടുണ്ട്. ഈ വർഷം വിവിധ നിയമലംഘനങ്ങൾക്കായി ആകെ 21246 പേരുടെ ലൈസൻസ് റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട്.

റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'സേഫ് കേരള' എന്ന എൻഫോഴ്സ്മെന്റ് നിരീക്ഷണ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ റോഡിലുള്ള സാന്നിധ്യവും വാഹന പരിശോധനയും അപകടങ്ങൾക്ക് കാരണമാകുന്ന അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർ ലോഡ് എന്നീ പ്രവണതകൾ തടയുന്നു.

2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടുകൂടി റോഡ് സുരക്ഷാവാരം ആചരിക്കുകയും ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി റോഡ് സുരക്ഷാ സന്ദേശങ്ങളും ലഘുലേഖകളും പ്രചരിപ്പിക്കുകയും ചെയ്യുന്നു.

പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കർശന വാഹനപരിശോധന നടത്തിയും റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ച് വാഹനം ഓടിക്കുക, അമിത വേഗത, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കുക, അനധികൃത പാർക്കിംഗ്, ചുവന്ന സിഗ്നൽ ലൈറ്റ് അവഗണിക്കുക, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതിരിക്കുക, ലൈസൻസ് ഇല്ലാതെ വാഹനം

ഓടിക്കുക തുടങ്ങി ട്രാഫിക് നിയമങ്ങൾ അവഗണിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന പോലീസ് മേധാവിയുടെ 27-4-2015-ലെ സർക്കുലർ നമ്പർ 10/2015 പ്രകാരം "ശുഭയാത്ര 2015" പദ്ധതിയും വിജയകരമായി നടപ്പിലാക്കിവരുന്നു. പ്രധാന റോഡുവശങ്ങളിലും മറ്റും വിവിധ സംഘടനകളുടെ സഹായത്തോടുകൂടി സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് ഗതാഗതം നിരീക്ഷിച്ചുവരുന്നതും ഹൈവേ പട്രോൾ, കൺട്രോൾ റൂം വാഹനങ്ങൾ, ഇന്റർസെപ്റ്റർ, സ്പീഡ് റഡാർ എന്നിവ ഉപയോഗിച്ചുകൊണ്ടും അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിച്ചും ക്രാഷ് ബാരിക്കേഡുകൾ, ബ്ലിങ്കിംഗ് ലൈറ്റുകൾ, റിഫ്ളെക്ടിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചും അതാത് പോലീസ് സ്റ്റേഷൻ വാഹനങ്ങൾ, ഷാഡോ ട്രാഫിക് എൻഫോഴ്സ്മെന്റ് ടീം എന്നിവയെ ഉപയോഗിച്ചും റോഡ് ഗതാഗതം അപകടരഹിതമാക്കാനും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി രാപ്പകൽ വാഹന പരിശോധനയും പട്രോളിംഗും നടത്തിയും മോട്ടോർ വാഹന വകുപ്പുമായി കൂടിച്ചേർന്ന് പ്രത്യേക പരിശോധനകൾ നടത്തിവരുന്നതും കൂടാതെ ജനമൈത്രി, എസ്.പി.സി. കേഡറ്റ്, വിദ്യാർത്ഥികൾ, വിവിധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ റാലികളും ട്രാഫിക് ബോധവൽക്കരണ പരിപാടികളും മറ്റും സംഘടിപ്പിച്ചും സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും ബോധവൽക്കരണ ലഘുലേഖകൾ പൊതുജനങ്ങൾക്കും മറ്റും വിതരണം ചെയ്ത് ബോധവൽക്കരണം നടത്തിയുംവരുന്നു.

റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൂർണ്ണസമയ നിരീക്ഷണത്തിനായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റും, ഹൈവേ പട്രോളും, കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതത് പോലീസ് കൺട്രോൾ റൂം വാഹനങ്ങൾ ഉപയോഗിച്ചും പൂർണ്ണസമയ നിരീക്ഷണം നടത്തിവരുന്നു. എസ്.പി.സി. കേഡറ്റുകളെ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾക്കും സ്കൂളുകൾക്ക് മുൻവശം റോഡ് കേഡറ്റുകളായും ഉപയോഗിച്ചുവരുന്നുണ്ട്. റോഡ് സുരക്ഷ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് വിദ്യാർത്ഥികളെയും എസ്.പി.സി., സ്കൗട്ട് കേഡറ്റുകളെയും പങ്കെടുപ്പിച്ച് റോഡ് സേഫ്റ്റി ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(സി) നിർബന്ധമാക്കിയിട്ടുണ്ട്. SRO No.59/2016/Trans പ്രകാരം സ്കൂൾ വാഹനങ്ങളുടെ വേഗത 50Km/hr ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിവിധ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ ഈടാക്കിവരുന്നുണ്ട്. അമിതവേഗതയിലും അശ്രദ്ധമായും ട്രാഫിക് നിയമങ്ങൾ ലംഘിച്ചും മദ്യപിച്ചും വാഹനങ്ങൾ ഓടിക്കുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്തുവരുന്നു. 2019 സെപ്റ്റംബർ വരെ 21246 പേരുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) വാഹനാപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 'സേഫ് കേരള' എന്ന എൻഫോഴ്സ്മെന്റ് നിരീക്ഷണ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ റോഡിലുള്ള സാന്നിധ്യവും വാഹനപരിശോധനയും അപകടങ്ങൾക്ക് കാരണമാകുന്ന അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർലോഡ് എന്നീ പ്രവണതകൾ തടയുന്നു. ഇതുകൂടാതെ 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തിവരുന്നു. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടുകൂടി റോഡ് സുരക്ഷാവാരം ആചരിക്കുന്നു. ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി റോഡ് സുരക്ഷാ സന്ദേശങ്ങളും ലഘുലേഖകളും പ്രചരിപ്പിക്കുന്നു. വാഹനാപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനായി ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടികൾ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ നടത്തിവരുന്നു. മലയാള മനോരമയുമായി ചേർന്ന്, കേരള ബ്ലാസ്റ്റേഴ്സിനോടൊപ്പം ഒരു വർഷം നീണ്ടുനിൽക്കുന്ന റോഡ് സുരക്ഷാ പ്രചരണ പരിപാടി മുഖ്യമായും യുവാക്കളെ ലക്ഷ്യംവെച്ചുകൊണ്ടുള്ളതാണ്. ഏഷ്യാനെറ്റുമായും മാതൃഭൂമിയുമായും ചേർന്നും ഇത്തരം പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

വിവിധ പത്ര-ദൃശ്യ മാധ്യമ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രചരണ പരിപാടികൾ വർഷം ഉടനീളം നടത്തിവരുന്നു. ആകാശവാണി, എഫ്.എം. സ്റ്റേഷനുകൾ വഴിയും കേരളത്തിലെ എല്ലാ സ്വകാര്യ എഫ്.എം. സ്റ്റേഷനുകൾ വഴിയും റോഡ് സുരക്ഷാ പരിപാടികളും പരസ്യങ്ങളും സന്ദേശങ്ങളും സംപ്രേഷണം ചെയ്തുവരുന്നു.

വിദ്യാലയങ്ങളിൽ എല്ലാ ക്ലാസ്സ് മുറികളിലും റോഡ് സുരക്ഷാ പോസ്റ്ററുകൾ പ്രദർശിപ്പിക്കുവാനും സ്കൂൾ പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷ ഉൾപ്പെടുത്തുവാനും അദ്ധ്യാപക പരിശീലനവും അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകവും തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പോലീസും മോട്ടോർ വാഹന വകുപ്പും എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിക്കുന്നുണ്ട്. അമിത വേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളും ഉൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹനമോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്ക് വാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

## പ്രത്യേക കാർഷിക മേഖലകൾ

15(*435) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക കാർഷിക മേഖലകൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ വിളകൾക്കാണ് പ്രത്യേക കാർഷിക മേഖലകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുത്തത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ചെറു ധാന്യങ്ങളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ട്രൈബൽ അഗ്രികൾച്ചറിനായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) തെങ്ങ് കൃഷി സംബന്ധിച്ച പ്രത്യേക കാർഷിക മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. 5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്. ഇവ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| നെല്ല് (7) | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് |
| പച്ചക്കറി(4) | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-നെന്മാറ |
| വാഴ(1) | തൃശ്ശൂർ |
| പൂക്കൾ(1) | വയനാട് |
| തെങ്ങ്(1) | കോഴിക്കോട് |

കൂടാതെ അട്ടപ്പാടി മേഖലയിൽ ട്രൈബൽ കൃഷിക്കായി പ്രത്യേക കാർഷിക മേഖലയും രൂപീകരിച്ചിട്ടുണ്ട്.

(സി) അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1-5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉത്പാദനക്ഷമത, മണ്ണിന്റെയും കാലാവസ്ഥയുടെയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉൽപ്പാദനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) ഉണ്ട്. പാലക്കാട് ജില്ലയിൽ അട്ടപ്പാടിമേഖല കേന്ദ്രീകരിച്ചാണ് ട്രൈബൽ അഗ്രികൾച്ചറിനായി പ്രത്യേക കാർഷികമേഖല രൂപീകരിച്ചിട്ടുള്ളത്. ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ആദിവാസി സമൂഹത്തിൽ നിലനിൽക്കുന്ന പോഷകാഹാര കുറവിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇതുവഴി ഉദ്ദേശിക്കുന്നു.

(ഇ) തെങ്ങുകൃഷി സംബന്ധിച്ച പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിരിക്കുന്നത് കോഴിക്കോട് ജില്ലയെയാണ്. പ്രത്യേക കാർഷിക മേഖലാ വികസന പദ്ധതി വിഹിതം ഉപയോഗിച്ച് കാർഷിക കർമ്മസേനകൾക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുകയും ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻതോട്ടങ്ങളിൽ രോഗ കീട നിയന്ത്രണ പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാളികേര വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി, കുറിയയിനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹനം തുടങ്ങിയ പദ്ധതികൾ ഈ ജില്ലയിൽ കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്നു.

**കാർഷിക മേഖലയുടെ വീണ്ടെടുപ്പിനുള്ള പദ്ധതികൾ**

16(*436) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടായ പ്രളയം ഏറ്റവും നാശംവിതച്ച കാർഷിക മേഖലയുടെ വീണ്ടെടുപ്പിനും കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയും ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; വിലസ്ഥിരതയ്ക്കായി നടത്തുന്ന വിപണി ഇടപെടലിനെക്കുറിച്ച് അറിയിക്കാമോ;

(ബി) ജീവനോപാധിയായ കൃഷിയുടെ സമ്പൂർണ്ണ നാശത്തിൽ കർഷകർക്ക് ആശ്വാസമേകുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; പദ്ധതിക്ക് വിപുലമായ പ്രചാരം നൽകിയിട്ടുണ്ടോ; നഷ്ടപരിഹാരത്തുക കാലോചിതമായി പുതുക്കിയിട്ടുണ്ടോ; ഇതിനു പുറമേ പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകാനായി സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) കൃഷി വിജയത്തിന് അനിവാര്യമായ വിള ആരോഗ്യ പരിപാലന പദ്ധതി വ്യാപകമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമി തന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിവരുന്നത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ- കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് 'പുനർജനി' പദ്ധതി നടപ്പിലാക്കിയത്.

മഹാപ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾ പൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചു.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ മാറ്റംവരുത്തി വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപ്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ അംഗീകരിച്ചു.

പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 102 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു.

കൂടാതെ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിന്റെയും കുട്ടനാട് മേഖലയിലുണ്ടായ പ്രളയക്കെടുതികളുടെയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, പാടശേഖരങ്ങളിലും വീടുകളിലും കെട്ടിനിൽക്കുന്ന വെള്ളം അടിയന്തരമായി പമ്പ് ചെയ്ത് കളയേണ്ട ആവശ്യകതയും കൃഷി നശിച്ച പാടശേഖരങ്ങളിൽ വീണ്ടും കൃഷി ഇറക്കേണ്ട ആവശ്യകതയും പരിഗണിച്ച് 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ നിയമത്തിൽ നിയമാനുസൃതമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണെന്ന വ്യവസ്ഥയോടെ, കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൻകൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്കുതന്നെ (പുഞ്ചകൃഷിക്ക് ഏക്കറിന് 1800 രൂപയും വിരിപ്പു കൃഷിക്ക് ഏക്കറിന് 1900 രൂപയും) പാടശേഖര സമിതി/കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് 4-9-2018-ലെ സർക്കാർ ഉത്തരവ് (കൈ)111/2018/അഗ്രി പ്രകാരം നടപ്പാക്കി.

കളക്ടറുടെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് പമ്പ് സെറ്റുകൾ വാങ്ങി വാട്ടർ അതോറിറ്റി-ഇറിഗേഷൻ വകുപ്പുകളുടെ നേതൃത്വത്തിൽ മടവീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചു. കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പെയർ ചെയ്തു. കിലോമീറ്ററിന് 60,000 രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകി.

2018-ൽ പ്രളയത്തെ തുടർന്ന് തകർന്ന മടകളുടെ പുനർനിർമ്മാണം സംബന്ധിച്ച തുടർപ്രവർത്തനങ്ങളെ ഇ-ടെണ്ടർ/ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി പാടശേഖര സമിതി വഴി നടപ്പിലാക്കുന്നതിനും അനുമതി നൽകി. ബണ്ട് ബലപ്പെടുത്തുന്നതിനും/ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ. മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ നൽകുന്നതിനും പ്രത്യേക അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി, കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ് (RKI) യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആർ.കെ.ഐ സെക്രട്ടേറിയറ്റാണ് തുക അനുവദിക്കുന്നത്.

തുറന്ന വിപണിയിലെ പഴം, പച്ചക്കറി, നാളികേരം എന്നിവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിപണി വികസന പദ്ധതിയുടെ കീഴിൽ "വിലസ്ഥിരതയ്ക്കായി വിപണി ഇടപെടൽ " എന്ന ഘടക പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 22-3-2017-ലെ സ.ഉ. (എം.എസ്)നമ്പർ 37/2017/കൃഷി പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ്, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാംബൂ, വെറ്റില പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. 13-12-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 1192/2017/കൃഷി പ്രകാരം ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതിപ്രകാരം സംരക്ഷണം നൽകുന്നത്. 27-10-2017-ലെ സ.ഉ. (സാധാ) നമ്പർ 1066/2017 കൃഷി പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 28-12-2017-ലെ സ.ഉ (കൈ) നമ്പർ 167/2017/കൃഷി പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ് (വിശദ വിവരങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്*). സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ കൃഷിഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫോറത്തിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കൃഷിഭവനിൽനിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖകളിൽ അടയ്ക്കണം. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസത്തിനുശേഷം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ട പരിഹാരത്തിന് അർഹതയുണ്ട്. പ്രകൃതിക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. കൃഷി ഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തണം. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12-12-2018-ലെ സ.ഉ. (സാധാ)നമ്പർ 1198/2018/കൃഷി പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കഴിഞ്ഞ വർഷങ്ങളിലെ പ്രകൃതിക്ഷോഭദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് വിപുലമായ പ്രചാരം നൽകിയിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയുടെ അനിവാര്യതയെപ്പറ്റി കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി എല്ലാ കൃഷിഭവനിലും 2019 ജൂലൈ 1 വിള ഇൻഷ്വറൻസ് ദിനമായി ആചരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ടി ദിനത്തിന്റെ ഭാഗമായി പരമാവധി കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി 25-10-2019 വരെ 235579 കർഷകർ അംഗങ്ങളാവുകയും 2,95,12,707 രൂപ പ്രീമിയം ആയി ശേഖരിക്കുകയും 19586 കർഷകർക്ക് തുക വിതരണം ചെയ്യുകയും ചെയ്തു.

നഷ്ടപരിഹാരത്തുക കാലോചിതമായി പുതുക്കിയിട്ടുണ്ട്. പഴയ 25-3-1995-ലെ സർക്കാർ ഉത്തരവ് (എം.എസ്.)125/95/കൃഷി പ്രകാരം നൽകിയിരുന്ന നഷ്ടപരിഹാരത്തിന്റെ തോത് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

വിള ഇൻഷ്വറൻസിനുപുറമേ കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ.എഫ് ഫണ്ടും, സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയ നഷ്ടത്തിനും, കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ.എഫ്. ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതാണ്.

(സി) വിള ആരോഗ്യ പരിപാലനം വിപുലപ്പെടുത്തുന്നതിനായി വിവിധ പദ്ധതി ഘടകങ്ങൾ ആവിഷ്കരിച്ച് വിള ആരോഗ്യ പരിപാലനം പദ്ധതി 2013-14 മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കുടുംബശ്രീ മിഷന്റെ മുറ്റത്തെ മുല്ല പദ്ധതി

17(*437) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന മുറ്റത്തെ മുല്ല പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിലവിൽ എത്ര ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(സി) മുറ്റത്തെ മുല്ല പദ്ധതിക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് കുടുംബശ്രീ നിഷ്കർഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 'മുറ്റത്തെ മുല്ല പദ്ധതി' കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഗ്രാമീണ ജനതയെ കടക്കെണിയിലൂടെ ദുരിതത്തിലാക്കി പീഡിപ്പിക്കുന്ന കൊള്ളപ്പലിശക്കാരിൽനിന്നും സ്വകാര്യ മൈക്രോ ഫൈനാൻസ് സ്ഥാപനങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനായാണ് സഹകരണ വകുപ്പ് മുറ്റത്തെ മുല്ല എന്ന ലഘുഗ്രാമീണ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വായ്പ എടുക്കുന്നതിന് വ്യവസ്ഥാപിത മാർഗ്ഗങ്ങളോട് വിമുഖത കാണിക്കുന്ന ഗ്രാമീണ ജനതയെ അവരുടെ വീട്ടുമുറ്റത്തെത്തി ഏറ്റവും ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകി സഹായിക്കുക എന്നതാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. കുറഞ്ഞ പലിശ നിരക്കിൽ വായ്പയുമായി കുടുംബശ്രീ പ്രവർത്തകർ വീട്ടുമുറ്റത്ത് എത്തുന്നത്, കുടുംബശ്രീ പ്രസ്ഥാനത്തിനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാമീണ മേഖലയിലെ പിന്നാക്കാവസ്ഥയിലായ ജനവിഭാഗത്തിനും ഏറെ പ്രയോജനകരമാണ്. 2017-ൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച പദ്ധതിയിൽ 40328 ഗുണഭോക്താക്കൾക്കായി 100.24 കോടി രൂപ നാളിതുവരെ വായ്പയായി നൽകിക്കഴിഞ്ഞു. പാലക്കാട് ജില്ലയിലെ വിജയത്തെത്തുടർന്ന് മറ്റ് ജില്ലയിലേയ്ക്കും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 11 ജില്ലകളിലാണ് മുറ്റത്തെ മുല്ല പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) 'മുറ്റത്തെ മുല്ല' പദ്ധതി നടത്തിപ്പിനായി പ്രത്യേക മാർഗ്ഗനിർദ്ദേശം കുടുംബശ്രീ പുറപ്പെടുവിച്ചിട്ടില്ല. ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ കുടുംബശ്രീ ജില്ലാ മിഷൻ പ്രതിനിധികളുമായി ചർച്ച ചെയ്ത്, പദ്ധതി നടത്തിപ്പിനുള്ള സി.ഡി.എസ്.നെ തീരുമാനിക്കുകയും ഓരോ പ്രദേശത്തെയും ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലെയും 1 മുതൽ 3 വരെ കുടുംബശ്രീ

അയൽക്കൂട്ടങ്ങളെ(കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളെ) കണ്ടെത്തി നൽകുകയും ചെയ്യുന്നു. തുടർന്ന്, സഹകരണ സംഘങ്ങൾ ഈ അയൽക്കൂട്ടങ്ങൾ വഴി മുറ്റത്തെ മുല്ല വായ്പാ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. സഹകരണ സംഘങ്ങൾ തെരഞ്ഞെടുത്ത അയൽക്കൂട്ടങ്ങൾക്ക് 10 ലക്ഷം രൂപ വരെ 9 ശതമാനം പലിശയ്ക്ക് നൽകുകയും ഈ തുക അയൽക്കൂട്ടം വ്യക്തികൾക്ക് 12 ശതമാനം പലിശയ്ക്ക് വായ്പയായി നൽകുകയുമാണ് ചെയ്യുന്നത്. 3 ശതമാനം പലിശ കുടുംബശ്രീ യൂണിറ്റുകൾക്ക് ഇക്കാര്യത്തിലുള്ള പ്രവർത്തന ചെലവിനുവേണ്ടി വിനിയോഗിക്കാവുന്നതാണ്. 1000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. ആഴ്ചയിൽ തിരിച്ചടയ്ക്കുന്ന ഈ വായ്പയുടെ കാലാവധി ഒരു വർഷമാണ്.

## സർവ്വകലാശാലകളെ മികവുറ്റതാക്കുന്നതിനുള്ള പദ്ധതികൾ

18(*438) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകളെയും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന ഫ്ലയർ (ഫോസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാഡമിക് ഇന്നവേഷൻ ആന്റ് റിസർച്ച്) ഗവേഷണ സഹായ പദ്ധതി (എസ്.എസ്.പി), പഠിതാവിനൊപ്പം (ഡബ്ല്യൂ.ഡബ്ല്യൂ.എസ്.) എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) അക്കാദമിക തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ആസ്പയർ സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ)

ചാൻസലേഴ്സ് അവാർഡ്:

ബഹുമാനപ്പെട്ട കേരളാ ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അല്ലാത്തവർക്ക് 5 കോടി രൂപയാണ് അവാർഡായി നൽകുന്നത്.

കൈരളി ഗവേഷണ പുരസ്കാരങ്ങൾ:

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ.

എറുഡൈറ്റ് പദ്ധതി: ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme'. ദേശീയ/അന്തർദ്ദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള ദേശീയ-അന്തർദ്ദേശീയ പ്രശസ്തരായ ഏകദേശം 300-ഓളം അക്കാദമിക പണ്ഡിതർ ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചു.

ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം: നവീനവും അന്തർവൈജ്ഞാനികവുമായ പഠന, ഗവേഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കേന്ദ്രങ്ങളാണ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ. സർക്കാർ

നൽകുന്ന ഫണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഇത്തരം കേന്ദ്രങ്ങളുടെ ആതിഥേയത്വം വഹിക്കുക എന്ന ഉത്തരവാദിത്വം മാത്രമാണ് സർവ്വകലാശാലകൾക്കുള്ളത്. ഒരു സെന്ററിന്റെ എല്ലാ വിഭവങ്ങളും മറ്റ് സർവ്വകലാശാലകളിലെയും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമാകണം എന്ന അടിസ്ഥാന സങ്കൽപ്പത്തിൽ ഊന്നിയാണ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്. കേരള, മഹാത്മാഗാന്ധി, കാലിക്കട്ട്, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ നിലവിലുണ്ട്.

ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC): ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിച്ചുകഴിഞ്ഞു.

സാക്ക് (SAAC-State Assessment & Accreditation Centre): സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

കൗൺസിൽ ജേണൽ: ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന 'ബൈ -ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക വിദഗ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ജേർണൽ Scoups Data Base-ൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ഗവേഷണ നിലവാരം ഉയർത്തുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് ഫ്ളയർ. ഈ പദ്ധതിയുടെ കീഴിൽ പ്രധാനമായും നാല് ഘടകങ്ങളാണ് ഉള്ളത്.

(a) അദ്ധ്യാപക നിലവാരം ഉയർത്തുവാനും അദ്ധ്യായനത്തിലെ പുതിയ രീതികൾ പരിചയപ്പെടുത്തുന്നതിനുമായി ഐ.ഐ.റ്റി. മദ്രാസ്, ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ഹൈദ്രാബാദ് തുടങ്ങിയ രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തപ്പെടുന്ന പരിശീലന പരിപാടികളാണ് ഒന്നാമത്തെ ഘടകം.

(b) കേരളത്തിലെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ കോളേജുകളിൽ നടത്തുന്ന ഗവേഷണങ്ങൾ ഗവേഷണ പ്രബന്ധങ്ങളുടെ രൂപത്തിൽ രാജ്യത്തിനകത്തും പുറത്തും വച്ച് നടത്തപ്പെടുന്ന

കോൺഫറൻസുകളിലും സെമിനാറുകളിലും അവതരിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതാണ് രണ്ടാമത്തെ ഘടകം.

(c) കേരളത്തിലെ സർക്കാർ, എയിഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ഗവേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി ഒരു മാസം നീണ്ടുനിൽക്കുന്ന ഗവേഷണ പരിചയ ഇന്റേൺഷിപ്പുകളാണ് മൂന്നാമത്തെ ഘടകം.

(d) കേരളത്തിലെ സർക്കാർ കോളേജുകളിലെ യൂണിയൻ/ ചെയർപേഴ്സൺമാർക്ക് നേതൃത്വ പരിശീലനം നൽകുന്നതാണ് നാലാമത്തെ ഘടകം.

ഫ്ളയർ പദ്ധതിയുടെ ഭാഗമായി 2019-20 സാമ്പത്തികവർഷം മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അക്കാദമിക തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി ആസ്പയർ സ്കോളർഷിപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2017-18 അദ്ധ്യയന വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 336 വിദ്യാർത്ഥികളിൽ 309 പേർക്ക് സ്കോളർഷിപ്പ് തുകയുടെ ഒന്നാം ഗഡു അനുവദിക്കുകയും 305 പേർക്ക് രണ്ടാം ഗഡു അനുവദിക്കുകയും ചെയ്തു.

2018-19 അദ്ധ്യയന വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 671 വിദ്യാർത്ഥികളിൽ 622 പേർക്ക് സ്കോളർഷിപ്പ് തുകയുടെ ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2019-20 അദ്ധ്യയന വർഷത്തേയ്ക്കുള്ള സ്കോളർഷിപ്പ് അപേക്ഷകൾക്കായി വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ മേഖലയുടെ യശസ്സിനെ ബാധിച്ച വിഷയങ്ങൾ

19(*439) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയിടെയുണ്ടായ മാർക്ക് ദാനം, പരീക്ഷാത്തട്ടിപ്പ് തുടങ്ങിയ വിവാദങ്ങൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ യശസ്സിനെ കാര്യമായി ബാധിച്ചു എന്നത് വസ്തുതയല്ലേ എന്ന് വ്യക്തമാക്കാമോ;

(ബി) എം.ജി. യൂണിവേഴ്സിറ്റി മാർക്ക് ദാന വിവാദവും കേരള യൂണിവേഴ്സിറ്റി പരീക്ഷയുടെ ഉത്തരക്കടലാസ്സും സീലും യൂണിവേഴ്സിറ്റി കോളേജിലെ കുത്ത് കേസ് പ്രതിയുടെ വീട്ടിൽനിന്നും കണ്ടെടുത്തതും യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്ന അവസ്ഥ സംജാതമാക്കിയിട്ടില്ലേ എന്നറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ&ബി) മഹാത്മാഗാന്ധി സർവ്വകലാശാല 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിന് പുറമേ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തിരുന്നു. സിൻഡിക്കേറ്റ് ഉത്തമ വിശ്വാസത്തോടുകൂടി ബി.ടെക് വിദ്യാർത്ഥികളുടെ വൈഷമ്യങ്ങൾക്ക് ഒരു പരിഹാരമെന്ന നിലയിൽ എടുത്ത തീരുമാനത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ ഉണ്ടായി. അടിസ്ഥാനരഹിതവും ദുരുദ്ദേശ്യപരവുമായ വിവാദം ഉയർത്തി സർവ്വകലാശാലയുടെ യശസ്സിനെയും കൈവരിച്ച നേട്ടങ്ങളെയും കളങ്കപ്പെടുത്തുന്ന സാഹചര്യവുമുണ്ടായി. ഇതേത്തുടർന്ന് വസ്തുതകൾക്ക് വിരുദ്ധമായി സമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ പ്രചരിപ്പിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ സർവ്വകലാശാല 2019 ഏപ്രിൽ 30-ന് എടുത്ത നയപരമായ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു. പൊതുസമൂഹത്തിനു മുമ്പിൽ സർവ്വകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽ പോലും വരാതിരിക്കുവാനായിരുന്നു ഈ നടപടി.

യൂണിവേഴ്സിറ്റി കോളേജിലുണ്ടായ ഒറ്റപ്പെട്ട സംഭവത്തെ മുൻനിർത്തി കൂടുതൽ കാര്യക്ഷമമായി പരീക്ഷകൾ നടത്തുന്നതിനുള്ള നിർദ്ദേശം കേരള സർവ്വകലാശാല, കോളേജ് പ്രിൻസിപ്പാൾമാർക്ക് നൽകിയിട്ടുണ്ട്. ടി സംഭവങ്ങളെത്തുടർന്ന് സൃഷ്ടിക്കപ്പെട്ട വിവാദങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയുടെ യശസ്സിനെയോ യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യതയോ ബാധിക്കുന്നതായി കരുതുന്നില്ല.

## സർവ്വകലാശാലകളിലെ ഫയൽ അദാലത്തുകൾ

20(*440) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല നടത്തുന്ന ഫയൽ അദാലത്തിൽ വിദ്യാർത്ഥികൾക്ക് മോഡറേഷനോ മാർക്ക് കൂട്ടിനൽകാനോ ഏതെങ്കിലും തരത്തിലുള്ള അധികാരം സർവ്വകലാശാലക്കോ സർക്കാരിനോ ഉണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ എം.ജി. സർവ്വകലാശാലയിൽ മോഡറേഷൻ/മാർക്ക് കൂട്ടി നൽകലിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ; ആരാണ് ഇതിന് ഉത്തരവാദിയെന്നും എത്ര മാർക്ക് വരെ ഇത്തരത്തിൽ കൂട്ടി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അദാലത്തിൽ ആരെല്ലാമാണ് പങ്കെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) അദാലത്തുകൾക്ക് ഇത്തരത്തിൽ അധികാരമുള്ളതായി കാണുന്നില്ല.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന അദാലത്തിൽ മോഡറേഷൻ/മാർക്ക് കൂട്ടി നൽകുന്നതിന് തീരുമാനിച്ചിട്ടില്ല.

(സി) പ്രസ്തുത അദാലത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രി വീഡിയോ കോൺഫറൻസിലൂടെ നടത്തി. ഈ സമ്മേളനത്തിൽ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം, സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർ, സിൻഡിക്കേറ്റ് അംഗങ്ങൾ, ഫാക്കൽറ്റി ഡീൻമാർ എന്നിവരും ബിസിനസ് സെഷനിൽ സർവ്വകലാശാലാ അധികാരികൾ, ഉദ്യോഗസ്ഥർ, സിൻഡിക്കേറ്റ് അംഗങ്ങൾ ഫാക്കൽറ്റി ഡീൻമാർ എന്നിവരും പങ്കെടുത്തിരുന്നു.

## കാർഷിക മേഖലയുടെ പ്രളയാനന്തര പുനരുജ്ജീവനം

21(*441) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) മലയോര കാർഷിക മേഖലയ്ക്ക് പ്രത്യേകമായി എന്തു സഹായമാണ് ചെയ്യാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. പ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുക, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുക, പ്രത്യേക പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പരിപാടികളാണ് വിഭാവനം ചെയ്തിരുന്നത്.

(ബി) ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ- കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്.

മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്കും അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തി വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.

പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചു.

2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ നിയമത്തിൽ നിയമാനുസൃതമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണെന്ന വ്യവസ്ഥയോടെ, കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും, തൻകൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും അനുമതി നൽകിക്കൊണ്ടും, കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്കുതന്നെ (പുഞ്ചകൃഷിക്ക് ഏക്കറിന് 1800 രൂപയും വിരിപ്പു കൃഷിക്ക് ഏക്കറിന് 1,900 രൂപയും) പാടശേഖര സമിതി/കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകി.

കളക്ടറുടെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ പമ്പുസെറ്റുകൾ ഉപയോഗിച്ചും വാട്ടർ അതോറിറ്റി ഇറിഗേഷൻ വകുപ്പുകളുടെ നേതൃത്വത്തിൽ മടവീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ച് വീണ്ടും കൃഷിയിറക്കുന്നതിന് സഹായിച്ചു.

കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്ത് കിലോ മീറ്ററിന് 60,000 രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകി.

2018-ൽ പ്രളയത്തെ തുടർന്ന് തകർന്ന മടകളുടെ പുനർനിർമ്മാണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളെ ഇ-ടെണ്ടർ/ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി പാടശേഖരസമിതി വഴി നടപ്പിലാക്കുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനും/ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ. മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ നൽകുന്നതിനും പ്രത്യേക അനുമതി നൽകി.

പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി, കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിന് സമർപ്പിച്ചിട്ടുണ്ട്.

2020-21-ലെ വാർഷിക പദ്ധതിയിൽ പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണവും കൃഷിഭൂമി നഷ്ടപ്പെട്ട കർഷകരെ കൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ള പുനർജനി പദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2020-21 വർഷം മുതൽ ഓരോ പ്രദേശത്തിനും ഏറ്റവും അനുയോജ്യമായ വിളകളും കൃഷിരീതികളും അവലംബിച്ചുകൊണ്ട് അഗ്രോ എക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 'സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20' എന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ കുരുമുളക് കൃഷി വ്യാപനം, പ്രദർശനത്തോട്ടം സജ്ജമാക്കൽ, സെക്കണ്ടറി/സൂക്ഷ്മ മൂലകങ്ങൾ, കുമ്മായം എന്നിവയുടെ വിതരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, കുരുമുളക് സമിതി പുനരുജ്ജീവനം തുടങ്ങിയ പദ്ധതി ഘടകങ്ങൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനും ജല-മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം 1700 ലക്ഷം രൂപ വയനാട് പാക്കേജ് പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള കുരുമുളകുകൾക്ക് പുതിയ താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കൽ, കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനം, ദ്രുതവാട്ടത്തിനെതിരെ സംയോജിത കീടനിയന്ത്രണം, വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ സ്ഥാപിക്കൽ, സെക്കണ്ടറി/സൂക്ഷ്മ മൂലകങ്ങൾ/ജൈവ കീടനാശിനികളുടെ വിതരണം, മാതൃതോട്ടങ്ങളുടെ സംരക്ഷണം, ഫാർമേഴ്സ്, ഫീൽഡ് സ്കൂളുകൾ, പുതിയ ടെക്നോളജിയുടെ ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനുകൾ, കുരുമുളക് സമിതികളുടെ ശാക്തീകരണം, പ്രവർത്തന ചെലവുകൾ എന്നിവ നടപ്പിലാക്കുന്നതിനായി പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നു.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത

22(*442) ശ്രീ. എം. സ്വരാജ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗത്തിലുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പ്രാദേശിക വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനുമായി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അഞ്ചാം ധനകാര്യകമ്മീഷന്റെ ശിപാർശ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പൽ ആക്ടിൽ ഭേദഗതികൾ നടത്തേണ്ടതായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഓരോ തദ്ദേശ സ്ഥാപനത്തിന്റേയും പ്രാദേശികമായ സാധ്യതകൾക്കനുസരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും പ്രദേശവാസികൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 2017-18, 2018-19 വർഷങ്ങളിലെ പദ്ധതി ചെലവിൽ ഗണ്യമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാലയളവിൽ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുന്നേ കാലേക്കൂട്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും സാധിച്ചു. ഇതുവഴി പദ്ധതി നിർവ്വഹണത്തിന് 12 മാസം സമയം ലഭിക്കുകയും പ്രോജക്ടുകളുടെ ഗുണനിലവാരത്തിലും ചെലവിനത്തിലും കാര്യക്ഷമത കൈവരിക്കാനും കഴിഞ്ഞു. ഇതിന്റെ ഫലമായി 2017-18-ൽ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 85.44 എന്ന റെക്കോഡ് നേട്ടം കൈവരിക്കുകയുണ്ടായി. 2018-19-ൽ 84.66 ശതമാനമാണ് ചെലവ്. ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ക്യൂ ബില്ലുകളുടെ തുക കൂടി ചേർത്താൽ 93 ശതമാനമാണ് പദ്ധതിച്ചെലവ്. 267 തദ്ദേശഭരണ സ്ഥാപനങ്ങൾ

100 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചു. 2019-20 വർഷത്തിൽ 10-11-2019 വരെയുള്ള പദ്ധതി ചെലവ് 30.71 ശതമാനവും ട്രഷറി പെൻഡിംഗ് ഉൾപ്പെടെയുള്ള ചെലവ് 33.49 ശതമാനവുമാണ്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി 31-8-2019-ലെ സ.ഉ.(കൈ)നം.112/2019-തസ്വഭവ പ്രകാരം 100 രൂപയിൽ കുറവുള്ള സിനിമാ ടിക്കറ്റുകൾക്ക് 5 ശതമാനം വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനം വിനോദനികുതിയും 1-9-2019 മുതൽ ഈടാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.

നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുകയും 43 നഗരസഭകളിൽ വസ്തു നികുതി പിരിവ് ഓൺലൈൻ ആക്കിയിട്ടുള്ളതുമാണ്. കോർപ്പറേഷനുകളിൽ പ്രൊഫഷണൽ ടാക്സ് പിരിവ് ഓൺലൈൻ ആക്കിയിട്ടുള്ളതാണ്. മറ്റു നഗരസഭകളിൽ ഡിസംബർ മാസത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വസ്തു നികുതി 100 ശതമാനം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് 1994-ലെ കേരള പഞ്ചായത്തീ രാജ്/മുനിസിപ്പാലിറ്റി ആക്ടുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. വർഷംതോറും കെട്ടിട നികുതിയിൽ 2 ശതമാനം വർദ്ധനവ് വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) 29-1-2018-ലെ സ.ഉ.(കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റുകൾ

23(*443) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റുകളുടെയും വൻകിട കെട്ടിട സമുച്ചയങ്ങളുടെയും കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അത്തരം നിർമ്മിതികളുടെ കണക്കെടുപ്പ് നടത്താൻ ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ;

(സി) നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാതെ ഒത്താശചെയ്തു കൊടുത്ത ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവർക്കെതിരെ ശിക്ഷണനടപടി ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ ചട്ടം അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കണമെന്നതാണ് സർക്കാരിന്റെ നയം.

(ബി) 16-10-2019-ലെ സ.ഉ.(സാധാ)നമ്പർ 98/2017/പരി., 17-10-2019-ലെ സ.ഉ.(സാധാ)നം.101/2019/പരി. എന്നിവപ്രകാരം തീരദേശപരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി വിവര ശേഖരണം പൂർത്തിയാക്കിയിട്ടില്ല.

(സി) അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), നിർമ്മാണ ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവർ നടത്തുന്ന പരിശോധനകളിൽ ഉദ്യോഗസ്ഥരുടെ പങ്ക് വ്യക്തമാകുന്നപക്ഷം ഇവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സർവ്വകലാശാലകളിലെ പഠന-ഗവേഷണ സൗകര്യങ്ങൾ**

24(*444) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ പഠന-ഗവേഷണ സൗകര്യങ്ങൾ ഐ.ഐ.എസ്.സി., ഐ.ഐ.ടി. നിലവാരത്തിലേക്കുയർത്തുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സർവ്വകലാശാലകളുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ബൃഹദ് പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(സി) സർവ്വകലാശാലകളിൽ നിന്ന് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ സമയബന്ധിതമായും ഏകീകൃത രീതിയിലും നടത്തുന്നതിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; അതിനായി നിയമിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാഡുവേറ്റ് ആട്രിബ്യൂട്ടുകളും (GA): ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാഡുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് സിലബസിലും കരിക്കുലത്തിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും മറ്റ് കോളേജുകളിലെ അദ്ധ്യാപകർക്കുമായുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.

എറുഡൈറ്റ് പദ്ധതി: ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme'. ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ/അന്തർദ്ദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത

വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള ദേശീയ-അന്തർദ്ദേശീയ പ്രശസ്തരായ ഏകദേശം മുന്നോറോളം അക്കാദമിക പണ്ഡിതർ ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചു.

<u>കൗൺസിൽ ജേണൽ</u>: ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ SAGE പബ്ലിഷിംഗ് ഹൗസുമായി ചേർന്ന് 'Higher Education for the Future' എന്ന ജേണൽ പ്രസിദ്ധീകരിച്ചുവരുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക വിദഗ്ദ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ജേണലാണിത്. 2018 ജൂലൈയിൽ ജേണലിന്റെ 5-ാം ലക്കവും 2019 ജൂലൈയിൽ 6-ാം ലക്കം ഭാഗം 2-ഉം പ്രസിദ്ധീകരിച്ചു. അന്തർദ്ദേശീയ തലത്തിലുള്ള Scoups Data Base-ൽ കൗൺസിൽ ജേണൽ ഉൾപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്താനായി State Assessment and Accreditation Centre (SAAC) രൂപീകരിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഔപചാരിക വിലയിരുത്തലിന്, നാക്കിനോടൊപ്പം, സംസ്ഥാനതല ഏജൻസികളും ഉണ്ടാകേണ്ടതാണെന്ന് യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ പ്രവർത്തിച്ചുതുടങ്ങുമ്പോൾ അത് യു.ജി.സി വിഭാവനം ചെയ്ത ദിശയിലെ രാജ്യത്തെതന്നെ പ്രഥമ കാൽവയ്പ്പായിരിക്കും.

<u>ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC):</u> ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്. Humanities & Social Science, Science, Commerce and Management എന്നീ സ്കീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം സംഘടിപ്പിക്കുന്ന ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം മെച്ചപ്പെടുത്തി, ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക.

2. ബോധന സമ്പ്രദായങ്ങളിലെ പുതിയ പ്രവണതകൾ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക.

3. അക്കാദമിക മേന്മ, ഗവേഷണപരത, ബോധന വൈദഗ്ധ്യം എന്നിവയിൽ ഊന്നിയുള്ള പരിശീലന പരിപാടികളിലൂടെ അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുക.

4. പുതുതായി അദ്ധ്യാപക വൃത്തിയിൽ എത്തുന്നവർക്ക് പ്രാരംഭഘട്ടത്തിൽതന്നെ പരിശീലനവും ദിശാബോധവും നൽകുക.

5. അന്താരാഷ്ട്രസ്വഭാവമുള്ള പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക.

6. വിദ്യാർത്ഥികളുടെ കഴിവുകളുടെയും താല്പര്യങ്ങളുടെയും വ്യത്യസ്തത ഉൾക്കൊണ്ടുകൊണ്ട്, ബോധനരീതിയിൽ ആവശ്യമായ നൂതനതയും മാറ്റങ്ങളും കൊണ്ടുവരാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക.

7. നൂതന ബോധന സങ്കേതങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗത്തിൽ നൈപുണ്യം നേടാൻ അദ്ധ്യാപകരെ സഹായിക്കുക.

നടപ്പുവർഷം 1000 അദ്ധ്യാപകർക്കായി നാളിതുവരെ പരിശീലന പരിപാടികൾ കൗൺസിൽ ആസൂത്രണം ചെയ്തതിൽ, ഏകദേശം 600 അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. 2019-ൽ നടത്താനുദ്ദേശിക്കുന്ന മറ്റ് ഫാക്കൽറ്റി ട്രെയിനിംഗ് പ്രോഗ്രാമുകളുടെ ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

<u>ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം</u>: നവീനവും അന്തർവൈജ്ഞാനികവുമായ പഠന, ഗവേഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കേന്ദ്രങ്ങളാണ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ. സർക്കാർ നൽകുന്ന ഫണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഇത്തരം കേന്ദ്രങ്ങളുടെ ആതിഥേയത്വം വഹിക്കുക എന്ന ഉത്തരവാദിത്വം മാത്രമാണ് സർവ്വകലാശാലകൾക്കുള്ളത്. ഒരു സെന്ററിന്റെ എല്ലാ വിഭവങ്ങളും മറ്റ് സർവ്വകലാശാലകളിലെയും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമാകണം എന്ന അടിസ്ഥാന സങ്കൽപ്പത്തിൽ ഊന്നിയാണ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്. കേരള, മഹാത്മാഗാന്ധി, കാലിക്കട്ട്, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ നിലവിലുണ്ട്.

(ബി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും കാലിക്കട്ട് സർവ്വകലാശാലയ്ക്ക് 165 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 207.82 കോടി രൂപയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു.

(സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ഡി) ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിൽ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്.

വൈജ്ഞാനികരംഗത്തെ പുതിയ അറിവുകൾക്കൂടി ഉൾപ്പെടുത്തിയുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിവരുന്നത്.

## ദ്രവമാലിന്യ സംസ്കരണ പദ്ധതി

25(*445) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവമാലിന്യ സംസ്കരണ പദ്ധതി ഏതൊക്കെ തരത്തിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല, താലൂക്ക് ആശുപത്രികളിലെ ദ്രവമാലിന്യ സംസ്കരണത്തിനായും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായും ശുചിത്വമിഷൻ സാങ്കേതിക, സാമ്പത്തിക സഹായം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ചന്തകൾ, പൊതുസ്ഥാപനങ്ങൾ, പൊതുഇടങ്ങൾ എന്നിവിടങ്ങളിൽ ജൈവകമ്പോസ്റ്റിങ് സംവിധാനങ്ങൾ ഒരുക്കുമോ; വ്യക്തമാക്കുമോ;

(ഡി) വീടുകളിൽ താരതമ്യേന ചെലവ് കുറഞ്ഞ കിച്ചൻ ബിൻ, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, കലം കമ്പോസ്റ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇത്തരം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് എത്ര ശതമാനം സബ്സിഡി നല്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>):

(എ) രണ്ട് വിധത്തിലുള്ള ദ്രവമാലിന്യ സംസ്കരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. ദ്രവമാലിന്യങ്ങൾ പൈപ്പ് ശൃംഖല വഴി ശേഖരിച്ച് സംസ്കരിക്കുന്ന കേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും അനുബന്ധ പൈപ്പ് ലൈനുകളും.
2. വീടുകളിലെയും സ്ഥാപനങ്ങളിലെയും സെപ്റ്റിക് ടാങ്കുകളിൽ നിന്ന് മാലിന്യം ടാങ്കറുകളിലും മറ്റും ശേഖരിച്ച് കൊണ്ടുവന്ന് സംസ്കരിക്കുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ജില്ലാ- താലൂക്ക് ആശുപത്രികളിലെ ദ്രവമാലിന്യ സംസ്കരണത്തിന് സ്വീവേജ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷൻ സാങ്കേതിക സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. സംസ്ഥാന ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകുന്ന ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നപക്ഷം ശുചിത്വ മിഷൻ മുഖേന 100 ശതമാനം വരെ സർക്കാർ സാമ്പത്തിക സഹായം നൽകുവാൻ 3-8-2018-ലെ സ.ഉ.(സാധാ) നമ്പർ 2141/2018/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ചന്തകൾ, പൊതു സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ ജൈവ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിലോ, മാർക്കറ്റ് പോലുള്ള പൊതു ഇടങ്ങളിലോ വികേന്ദ്രീകൃതമായ, കമ്മ്യൂണിറ്റി തല ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്ഥാപിക്കാവുന്നതാണ്. തുമ്പൂർമൂഴി

മാതൃകയിലുള്ള ഫെറോ സിമന്റ് ബിന്നുകൾ, കൂടുതൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിച്ചുവരുന്നു. ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കി നൽകുന്ന പ്രോജക്റ്റുകൾക്ക് ശുചിത്വ മിഷൻ സാങ്കേതിക അനുമതിയും അർഹമായ സർക്കാർ സഹായവും നൽകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്ലാൻ ഫണ്ട്/തനതുഫണ്ടുകൾ മാത്രം വകയിരുത്തിയും ഇത്തരം പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്.

ഉറവിട മാലിന്യ സംസ്കരണം സ്ഥാപനതലങ്ങളിൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകി 22-7-2017-ൽ സ.ഉ. (സാധാ) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ചന്തകളിലെ മാലിന്യ സംസ്കരണത്തിന് ഓരോ ചന്തകളുടെയും നേരിട്ടുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉത്തരവാദിത്വവും ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രോജക്റ്റുകൾക്ക് രൂപം നൽകി മാർക്കറ്റുകളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനിക വൽക്കരിക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 30-9-2019-ലെ സ.ഉ.(ആർ.റ്റി.) നമ്പർ2141/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നൽകുന്നുണ്ട്. 2018-19-ലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ പൊതു വിഹിത ഫണ്ടിൽനിന്നും യഥാക്രമം 10 ശതമാനം 15 ശതമാനം എന്ന നിരക്കിൽ മാലിന്യ സംസ്കരണ പ്രോജക്റ്റുകൾക്ക് മുൻഗണന നൽകി ഫണ്ട് നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നുണ്ട്.

(ഇ) 31-12-2018-ലെ സ.ഉ.(സാധാ)നമ്പർ 3281/2018/തസ്വഭവ പ്രകാരം ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 90 ശതമാനം വരെ പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. ഇതിൽ 60 ശതമാനം മുതൽ 90 ശതമാനം വരെ തദ്ദേശഭരണ സ്ഥാപന വിഹിതവും പരമാവധി 30 ശതമാനം വരെ ശുചിത്വ മിഷൻ വിഹിതവും ബാക്കി 10 ശതമാനം തുക ഗുണഭോക്തൃ വിഹിതവുമാണ്.

## വിള ഇൻഷ്വറൻസ് പദ്ധതി

26(*446) ശ്രീ. ആർ. രാജേഷ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം ഏതെല്ലാം കാർഷിക വിളകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രകൃതിക്ഷോഭങ്ങളാൽ വിളനാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എപ്രകാരമെല്ലാമുള്ള നാശനഷ്ടങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നെല്ല്, വാഴ, പച്ചക്കറി, കുരുമുളക്, കമുക്, തെങ്ങ്, റബ്ബർ, ഇഞ്ചി, മരച്ചീനി, മഞ്ഞൾ, കൊക്കോ, കിഴങ്ങുവർഗ്ഗങ്ങൾ എന്നീ വിളകളെയാണ് കൂടുതലായും ബാധിക്കുന്നത്. കൂടാതെ ഏലം, കശുമാവ്, കൈതച്ചക്ക, ജാതി, വെറ്റില എന്നീ വിളകളെയും ബാധിക്കുന്നുണ്ട്.

(ബി) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ 2018-ലെ പ്രളയത്തിന് 26 കോടിയും വേനൽ മഴമൂലമുള്ള നാശത്തിന് 15.72 കോടി രൂപയും 2019-ലെ പ്രളയത്തിന് 17.16 കോടി രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1-6-2019 മുതൽ വിള നാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ. ഫണ്ടും സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതിന് കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിച്ച് സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രി നടത്തിവരുന്നു. ഇത് പൂർത്തീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക_കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

(ഡി) വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് സംരക്ഷണം നൽകുന്നത്.

**കേന്ദ്രനയം ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാക്കുന്ന പ്രത്യാഘാതം**

27(*447) ശ്രീ. സി. കെ. ഹരീന്ദ്രൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതിനും പുരാതന ചരിത്രം മാത്രമല്ല സ്വാതന്ത്ര്യസമര ചരിത്രവും ദേശനിർമ്മാണത്തിൽ രാഷ്ട്രപിതാവിന്റെയും രാഷ്ട്രനേതാക്കളുടെയും പങ്കുപോലും വളച്ചൊടിക്കുന്നതിനും ജ്ഞാന നിർമ്മിതി നടത്തുന്ന സാഹചര്യത്തിൽ, കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയവും യു.ജി.സി യെ ഇല്ലാതാക്കുന്നതും ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തെ നിലവാരം ആഗോള നിലവാരത്തിലേക്കുയർത്താനുള്ള പ്രവർത്തനത്തിൽ ആഗോള തൊഴിൽ വിപണിയുടെ സാധ്യതകളോടൊപ്പം ദേശീയ, പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ ശാക്തീകരണത്തിനുള്ള മാനവവിഭവശേഷി സൃഷ്ടിക്ക് ഊന്നൽ നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക പരിസരവും മികവുറ്റതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. കേന്ദ്ര സർക്കാർ പുറത്തിറക്കിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് സംബന്ധിച്ചും യു.ജി.സി.ക്ക് പകരം കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സംബന്ധിച്ചുമുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നയം നടപ്പിലാക്കുന്നത് സംബന്ധിച്ചും കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചും വിദ്യാഭ്യാസത്തിൽ ഭാഗഭാക്കായി വരുന്ന എല്ലാ വിഭാഗക്കാരുമായും സംസ്ഥാന സർക്കാരുകളുമായും വിശദമായ ചർച്ചയും കൂടിയാലോചനയും നടത്തിയശേഷം മാത്രമേ തീരുമാനമെടുക്കാവൂ എന്നും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക പരിസരം മികവുറ്റതാക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഓരോ പ്രോഗ്രാമിലും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിക്കുന്ന ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷൻ, ഗ്രാഡുവേറ്റ് ആട്രിബ്യൂട്ടുകൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന കരിക്കുലം, സിലബസ് എന്നിവയുടെ പരിഷ്കരണം, മൂല്യനിർണ്ണയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ച പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. കോളേജുകളിലെ അദ്ധ്യാപകർക്കായുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ മുഖേന അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ ഉന്നത വിജ്ഞാനത്തിന്റെ

ജനാധിപത്യവൽക്കരണവും സാമൂഹ്യവൽക്കരണവും ലക്ഷ്യമാക്കി കുടുംബശ്രീ മിഷന്റെ സഹായത്തോടെ 'പ്രബുദ്ധത' എന്ന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആവിഷ്കരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പ്രസരണം ചെയ്യുന്ന അറിവും വിജ്ഞാനവും സമൂഹത്തിലെ സാധാരണക്കാരന്റെ ജീവിതത്തിൽ ഉണ്ടാക്കുന്ന പ്രതിഫലനം അവരെ ബോധ്യപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും പ്രാപ്യതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ് സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-online Resource Initiative of Collegiate Education) യിൽ Beyond Syllabi, മലയാള സാഹിത്യ യാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നു. കൂടാതെ Walk with a Scholar, FLAIR (Fostering Linkage For Academic Innovation and Research), ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി, ആസ്പയർ, സാഹിത്യത്തിൽ സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ മറ്റ് വിവിധ സ്കോളർഷിപ്പുകൾ എന്നിവയും നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും " Jeevani-College Mental Awareness Programme സെന്റർ ഓഫ് എക്സലൻസ്, അക്കാദമിക് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, സമഗ്രമായ ലൈബ്രറി നവീകരണം, ലബോറട്ടറി വികസനത്തിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അത്യാധുനിക സ്മാർട്ട് ക്ലാസ്സ് മുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ്‌വർക്ക്, ഫിറ്റ്നസ് സെന്റർ, എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, സമഗ്രമായ ഐ.സി.റ്റി പദ്ധതി, അന്തർദ്ദേശീയ ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കൽ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ എഞ്ചിനീയറിംഗ് പോളിടെക്നിക് കോളേജിലും പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനുകളും ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു.

ഗവേഷണ/പരിശീലന പദ്ധതികളുടെ ഭാഗമായി വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യപ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗം ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടിയ ടെക്നോളജി ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈനിംഗ് ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു. വ്യക്തമായ കരിക്കുലം പരിഷ്കരണത്തിനും പൊതു അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും പരീക്ഷകൾ, റിസൾട്ടുകൾ എന്നിവ നിശ്ചിത സമയക്രമത്തിൽ പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകൾ വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യവും ഗവേഷണ നിലവാരവും മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന റൂസ പദ്ധതിയുടെ ഭാഗമായി വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഇതുവരെ 163.07 കോടി രൂപയുടെ ഫണ്ടാണ് ലഭ്യമായിട്ടുള്ളത്. തെരഞ്ഞെടുത്ത സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി കേന്ദ്രീകൃത ലബോറട്ടറി കോംപ്ലക്സുകൾ, അത്യാധുനിക ലാബ് ഉപകരണങ്ങൾ അക്കാദമിക ഗവേഷണ രംഗത്ത് നൂതന പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് നിലവിൽ നാൽപ്പത് (40) സർക്കാർ കോളേജുകൾക്ക് നാക് (NAAC) അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് പ്രത്യേകമായി സാക് (SAAC) അക്രെഡിറ്റേഷൻ നൽകുന്നതിനായുള്ള സ്റ്റേറ്റ് അസ്സസ്മെന്റ് & അക്രെഡിറ്റേഷൻ സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സർവ്വകലാശാലകളിൽ അദ്ധ്യാപക ഒഴിവുകൾ നികത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. അനദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

28(*448) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇലക്ട്രിക് ഗതാഗത നയം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതി സൗഹൃദ വാഹനങ്ങൾ എന്ന നിലയിൽ ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾക്ക് ആവശ്യമായ ചാർജിംഗ് സെന്ററുകൾ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഇലക്ട്രിക് വാഹനങ്ങൾക്ക് നികുതിയിളവ് നല്കുമോ; എങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഇ) സർക്കാർ ആവശ്യങ്ങൾക്കായി പരിസ്ഥിതി സൗഹൃദമായ ഇലക്ട്രിക് കാറുകൾ ഉപയോഗിക്കുന്നത് പരിഗണിക്കുമോ;

(എഫ്) ഇലക്ട്രിക് ഗതാഗത നയം നടപ്പാക്കുമ്പോൾ നിലവിലെ വാഹന മേഖലയെയും സാങ്കേതിക തൊഴിൽ മേഖലകളെയും ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. പ്രസ്തുത നയത്തിലൂടെ ലക്ഷ്യംവയ്ക്കുന്ന പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്:

- 2022 -ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുക.
- 2020-ഓടുകൂടി വൈദ്യുതി ഇന്ധനമായ 2 ലക്ഷം ഇരുചക്ര വാഹനങ്ങൾ, 50000 മുച്ചക്ര വാഹനങ്ങൾ, 1000 ചരക്ക് വാഹനങ്ങൾ, 3000 ബസുകൾ, 100 ബോട്ടുകൾ എന്നിവ നിരത്തിലിറക്കുക.
- വൈദ്യുത വാഹനങ്ങളുടെ ബാറ്ററി, മോട്ടോർ തുടങ്ങിയ യന്ത്രഭാഗങ്ങൾ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.
- ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് തന്നെ വൈദ്യുത വാഹനങ്ങൾ നിർമ്മിക്കുക.
- വൈദ്യുത വാഹന നിർമ്മാണത്തിൽ സംസ്ഥാനത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

(ബി) സംസ്ഥാനത്തെ വൈദ്യുത വാഹന വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2019 ജൂൺ 29, 30 തീയതികളിൽ കൊച്ചിയിൽ വച്ച് "EVOLVE" എന്ന പേരിൽ ഒരു എക്സ്പോ സംഘടിപ്പിക്കുകയും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അനേകം കമ്പനികൾ പ്രസ്തുത എക്സ്പോയിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ഇതിൽ പങ്കെടുത്ത കമ്പനികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി യോഗം ചേർന്ന് സംസ്ഥാനത്ത് വൈദ്യുത വാഹന വിപണി പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു.

ഇലക്ട്രിക് ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം വാഹനവിലയുടെ 25 ശതമാനം അല്ലെങ്കിൽ 30,000 രൂപ ഏതാണോ കുറവ്, ആ തുക സബ്സിഡിയായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇലക്ട്രിക് ടു വീലറുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെന്റ് എ ബൈക്ക് ലൈസൻസുകൾ അനുവദിക്കുന്നത് ഇലക്ട്രിക് വാഹനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസുകൾ നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ FAME II പദ്ധതിയിൽ ഉൾപ്പെടുത്തി 250 ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിനായി ദർഘാസ് ക്ഷണിച്ചിട്ടുമുണ്ട്.

(സി) വൈദ്യുത വാഹനങ്ങൾ വ്യാപകമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി കെ.എസ്.ഇ.ബി.എൽ.-നെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് വൈദ്യുത വാഹന നയത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിനും കെ.എസ്.ഇ.ബി.എൽ.-മായി ധാരണയായിട്ടുണ്ട്. ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി 15-10-2019-ലെ സ.ഉ. (ആർ.റ്റി.) 473/2019/ഗതാ. നമ്പർ പ്രകാരം ഇ മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 8.20 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പുതുതായി വാങ്ങുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് 25 ശതമാനം റോഡ് നികുതിയിളവും പുതിയതായി വാങ്ങുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 50 ശതമാനം റോഡ് നികുതിയിളവും അഞ്ചുവർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) സർക്കാർ വകുപ്പുകളുടെ ഒരു നിശ്ചിത ശതമാനം വാഹനങ്ങൾ പരിസ്ഥിതി സൗഹൃദമായ ഇലക്ട്രിക് കാറുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ട്.

(എഫ്) വൈദ്യുത വാഹന നയം ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ സാധിക്കൂ. അതിനാൽതന്നെ ഇത് നിലവിലെ വാഹന മേഖലയെയും സാങ്കേതിക തൊഴിൽ മേഖലകളെയും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

**കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടി**

29(*449) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സാമൂഹ്യ പ്രതിബദ്ധതയുള്ളതും സാമ്പത്തികമായി സ്വയംപര്യാപ്തവുമായ സ്ഥാപനമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മൂന്ന് മേഖലകളാക്കി മാറ്റിയിട്ടുണ്ടോ;

(ബി) ഇത് പ്രസ്തുത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് എത്രമാത്രം പ്രയോജനപ്രദമായെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുറവുള്ള സർവ്വീസുകളെ പുന:ക്രമീകരിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) ഇത് ഗ്രാമീണ മേഖലയിലെ പല ഷെഡ്യൂളുകളും വെട്ടിക്കുറയ്ക്കുന്നു എന്ന പരാതിക്ക് ഇടയാക്കിയിട്ടില്ലേ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ഇ) ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ എന്ത് പരിഷ്കാരമാണ് നടപ്പിലാക്കിയത്; ഇതുമൂലമുണ്ടായ നേട്ടം എന്താണെന്ന് വിശദമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ) ഉണ്ട്.

(ബി) സ്വയംപര്യാപ്തവും മൽസര ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതുമായ മൂന്ന് ലാഭകേന്ദ്രങ്ങളാണ് മേഖലാവത്കരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഓരോ മേഖലയെയും ഓരോ ലാഭ കേന്ദ്രമാക്കി മാറ്റുവാനും മത്സരാധിഷ്ഠിതമായി സർവ്വീസ് ഓപ്പറേഷൻ നടത്തുവാനുമാണ് മേഖലാവത്കരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കുള്ള നടപടികൾ ത്വരിതഗതിയിലാണ്. ഇതിലൂടെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകുവാൻ കഴിയും. അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്നും പ്രതീക്ഷിക്കുന്നു. നഷ്ടത്തിൽ ഓടിക്കൊണ്ടിരുന്ന സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ ക്രമീകരിക്കുന്നതിനും മാനവ വിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്ന തരത്തിൽ ക്രമീകരിക്കുന്നതിനും മേഖലാവത്കരണം സഹായിച്ചിട്ടുണ്ട്. കൂടാതെ, അച്ചടക്ക നടപടികൾ കൈക്കൊള്ളുവാനുള്ള അധികാരവും മേഖലാ ഓഫീസർമാരിൽ നിക്ഷിപ്തമാക്കിയതുമൂലം അച്ചടക്ക നടപടികളിലെ കാലതാമസം ഒഴിവാക്കുവാനും സാധിക്കും.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായിട്ടുള്ള ഒരു സർവ്വീസും കെ.എസ്.ആർ.ടി.സി. വെട്ടിക്കുറച്ചിട്ടില്ല.

എന്നാൽ യാത്രക്കാർ തീരെ കുറവുള്ളതും പ്രവർത്തന ചെലവിനുപോലും വരുമാനം ലഭിക്കാത്തതുമായ ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും യാത്രക്കാർക്ക് ഗുണകരമാകുന്ന പ്രധാന ട്രിപ്പുകൾ മറ്റ് സർവ്വീസുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുണ്ടായിരുന്ന ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയതുമൂലം ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ, പകൽ സമയം ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓഫീസർമാരുടെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി. ജീവനക്കാരുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയിരുന്നത്. 16-8-2017 മുതൽ രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5.30 മണി വരെ ആയി നിജപ്പെടുത്തിയിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഫീസർ, ഡിപ്പോ എഞ്ചിനീയർ, ചീഫ് സ്റ്റോറിലെയും സ്റ്റേഷനറി സ്റ്റോറിലെയും ഓഫീസർമാർ, ജീവനക്കാർ, കൂടാതെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സിവിൽ വിഭാഗത്തിലെ ഓഫീസർമാർ, ജീവനക്കാർ എന്നിവർക്ക് രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. കൂടാതെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ എന്നിവരുടെ ഡ്യൂട്ടി സമയം രാവിലെ 5 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെയായി പുനഃക്രമീകരിക്കുകയും ടി സമയക്രമത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് 2 മണിക്കൂർ വിശ്രമം അനുവദിക്കുകയും എന്നാൽ ഫസ്റ്റ് സ്പെല്ലിൽ ആരംഭിക്കുന്ന സർവ്വീസുകൾ മുഴുവനും ഓപ്പറേറ്റ് ചെയ്യുന്നതിനായി രാവിലെ 5 മണി മുതൽ 8 മണി വരെ

നിർബന്ധമായും ടി ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ മാറ്റങ്ങൾ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(എഫ്) ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തനമികവ് വിലയിരുത്തുകയും ചെയ്തുവരുന്നു. ബസ്സിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമം നടപ്പിലാക്കിവരുന്നു. വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രൊഫ. സുശീൽ ഖന്ന, ശ്രീ. ഹനുമന്ത റാവു എന്നിവരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ വിഭാഗം സീനിയർ ഉദ്യോഗസ്ഥരുടെയും വർക്ക്ഷോപ്പ് മേധാവികളുടെയും നാല് ദിവസത്തെ ശിൽപശാല നടത്തിയിരുന്നു. വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തി, അവരുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ, അംഗീകൃത സംഘടനകളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിലവിലെ കടുത്ത സാമ്പത്തിക പരാധീനതമൂലം ആധുനികവത്ക്കരണ പദ്ധതികൾ മന്ദഗതിയിലാണ് നടപ്പാക്കിവരുന്നത്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ

30(*450) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കുറഞ്ഞുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ എന്നിവ കൈകാര്യം ചെയ്തിരുന്ന ഏതെല്ലാം അധികാരങ്ങളാണ് സർക്കാർ ഏറ്റെടുത്തതെന്ന് അറിയിക്കാമോ;

(സി) താഴെത്തട്ടിലേക്ക് അധികാര വികേന്ദ്രീകരണം നടത്തുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നിലപാട് വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി അനിവാര്യമായതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം കണക്കിലെടുത്ത് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും ഉചിതമായി ഭേദഗതി ചെയ്തിട്ടുണ്ട്.

(സി) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി മാറ്റുകയെന്നതാണ് ഈ സർക്കാരിന്റെ നയം.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആർ.സി.ഇ.പി. വ്യാപാരക്കരാർ സംബന്ധിച്ച പഠനം

1(5025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.സി.ഇ.പി. വ്യാപാരക്കരാർ സംസ്ഥാനത്തെ കാർഷിക മേഖലയെ എങ്ങനെയെല്ലാമാണ് പ്രതികൂലമായി ബാധിക്കുന്നത് എന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ആർ.സി.ഇ.പി. കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകിവന്നാൽ നമ്മുടെ കാർഷിക, ചെറുകിട വ്യവസായ, ക്ഷീര, മത്സ്യബന്ധന, ആരോഗ്യ തോട്ടം മേഖലകൾ വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽനഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയും ആയിരിക്കും ഈ കരാറിന്റെ ഫലം.

ആർ.സി.ഇ.പി.-യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്നത് ഉറപ്പാണ്. കർഷകർ കടുത്ത മൽസരത്തെയും വൻ വിലത്തകർച്ചയേയും നേരിടേണ്ടിവരും.

ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. അനിയന്ത്രിതമായ പാൽ, പാൽ ഉൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കും.

ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവും ഇല്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യസാധനമേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യം ഉണ്ടായാൽ അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവും ഇല്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും.

### ആർ.സി.ഇ.പി. കരാർ

2(5026) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.സി.ഇ.പി. കരാറിൽ കേന്ദ്രം ഒപ്പുവെക്കരുതെന്ന് കാണിച്ച് സർവ്വകക്ഷി സംഘമോ, മന്ത്രിതല സംഘമോ, അല്ലെങ്കിൽ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഔദ്യോഗിക പ്രതിനിധി സംഘമോ കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

2016-ൽ തന്നെ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്നും, ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ കൂടി അറിയിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 30-10-2019-ൽ കേരള നിയമസഭ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്ര സർക്കാർ ഈ കരാറിൽ നിന്നും പിൻവാങ്ങണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

**ഹൈടെക് കൃഷി**

3 (5027) ശ്രീ. പി. കെ. ശശി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ജെയിംസ് മാത്യൂ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മാറിമാറി വരുന്ന കാലാവസ്ഥാ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്ന തരത്തിൽ ഹരിതഭവനങ്ങൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഹൈടെക് കൃഷിയുടെ ഭാഗമായി ഉറസ്സായ സ്ഥലത്തുള്ള സൂക്ഷ്മകൃഷി രീതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഹൈടെക് കൃഷി രീതി സംബന്ധിച്ച് കർഷകർക്ക് എന്തെല്ലാം പരിശീലനങ്ങളും അവബോധ ക്ലാസ്സുകളുമാണ് നൽകിവരുന്നത്;

(ഇ) ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് നൽകി വരുന്ന ധനസഹായം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഇ) ഹൈടെക് അഗ്രികൾച്ചർ 2019-20 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഉറസ്സായ സ്ഥലത്തുള്ള കൃത്യതാ കൃഷിക്കായി (സൂക്ഷ്മ കൃഷി) 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി വയനാട് പാക്കേജിന്റെ ഭാഗമായിട്ടുള്ള ജാതി കൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയിലൂടെ 277 യൂണിറ്റ് നടപ്പിലാക്കാനും ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ 9,000 രൂപയാണ് നീക്കിവച്ചിട്ടുള്ളത്. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 2019-20-ൽ ഈ പദ്ധതിക്കായി 1,200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സൂക്ഷ്മജല സേചനത്തിലൂടെ വളപ്രയോഗം എന്ന ഘടകത്തിനായി 200 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. ഇതിനായി 75% സബ്സിഡി നിരക്കിൽ പരമാവധി 30,000 രൂപയാണ് നൽകുന്നത്.

കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 40 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് 50% സഹായധനവും ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 40 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് 75% സഹായധനവും നൽകിവരുന്നു. ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതിയെക്കുറിച്ച് പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ പോസ്റ്ററുകൾ, ലീഫ്ലെറ്റുകൾ, ആകാശവാണി എഫ്.എം. ചാനലുകൾ വീഡിയോ പ്രോഗ്രാമുകൾ എന്നിവയിലൂടെ അവബോധം നൽകിവരുന്നു. സമിതി, ജില്ല ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ, കേരള കാർഷിക സർവ്വകലാശാല എന്നിവ മുഖേന ഹൈടെക് ഫാമിംഗിന് പരിശീലനം നൽകിവരുന്നുണ്ട്.

**ഡാറ്റാ ബാങ്കുകളിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

4 (5028) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡാറ്റാ ബാങ്കുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള പുരയിടങ്ങൾ ഒഴിവാക്കുന്നതിനുമായി കൃഷിഭവനുകളിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കി കുറ്റമറ്റ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ അപാകതകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ അവ പരിഹരിക്കുന്നതിന് പൊതുജനങ്ങൾക്ക് പുനഃപരിശോധനാ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ പ്രാദേശികതല നിരീക്ഷണ സമിതി സ്ഥലം പരിശോധിച്ച് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കേണ്ട ഭൂമി ഒഴിവാക്കുന്നതിനുള്ള നടപടികളും അവ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനായി 2,28,905 അപേക്ഷകൾ ലഭിയ്ക്കുകയും, ആയതിൽ 1,01,433 അപേക്ഷകൾ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ തീർപ്പുകൽപ്പിച്ച് കുറ്റമറ്റ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

## കർഷക ആത്മഹത്യകൾ

5 (5029) ശ്രീ. സി. മമ്മൂട്ടി:

ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) യഥാസമയം കാർഷിക മൊറട്ടോറിയം നൽകാത്തതാണ് ഇത്തരം ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യം സൃഷ്ടിച്ചതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കർഷക ആത്മഹത്യകൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2018 ആഗസ്റ്റ് മാസം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാപ്രളയത്തെ തുടർന്ന് കർഷകർക്കുണ്ടായ വലിയ നാശനഷ്ടങ്ങൾ കാരണം ഇടുക്കി, വയനാട് ജില്ലകളിൽ 9 കർഷകർ വീതവും കണ്ണൂർ ജില്ലയിൽ രണ്ട് പേരും കാസർഗോഡ് ജില്ലയിൽ ഒരു കർഷകനും ആത്മഹത്യ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) സംസ്ഥാന സർക്കാർ അതാത് വർഷം പ്രളയബാധിതമായി പ്രഖ്യാപിപ്പിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ വായ്പകൾക്കെല്ലാം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെന്ന് എസ്.എൽ.ബി.സി. കൺവീനറും പ്രളയബാധിത പ്രദേശങ്ങളിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് യഥാസമയം മൊറട്ടോറിയം അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രത്യേക എസ്.എൽ.ബി.സി. യോഗ തീരുമാനപ്രകാരം അർഹരായ കർഷകർക്ക്, കാർഷികാവശ്യത്തിന് നിലവിലെ തോത് അനുസരിച്ചും ഭൂമിയുടെ വിസ്തീർണ്ണം, വിളവിന്റെ സ്വഭാവം എന്നിവ അനുസരിച്ചും മാർജിനോ അധിക ഈടോ ഇല്ലാതെ പുതിയ വായ്പ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

അർഹതയുള്ള നെൽകർഷകർക്ക് പലിശരഹിത വായ്പ സഹകരണ വകുപ്പ് മുഖാന്തരം നല്കിവരുന്നു.

കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്.

കർഷകരുടെ ദീർഘകാല വിളകൾക്കുവേണ്ട പുതിയ ലോണുകളുടെ 9% വരെയുള്ള പലിശ, വായ്പ എടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് സർക്കാർ നൽകുന്നു.

കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട്, ജില്ലകളൊഴികെ മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്. ടി നടപടികൾ കർഷക ആത്മഹത്യകൾ തടയുന്നതിന് ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

## സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം

6 (5030) ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ലാഭകരമാക്കി അഭ്യസ്തവിദ്യരായ യുവാക്കളെയുൾപ്പെടെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിനായി സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം നടത്തുന്ന പ്രവർത്തനത്തെ കുറിച്ച് അറിയിക്കാമോ;

(ബി) കർഷകർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകിയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കിയും കാർഷിക രംഗത്ത് വളർച്ച സൃഷ്ടിക്കുന്നതിലേക്കായി കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ

കാര്യക്ഷമമാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ മാനവവിഭവശേഷി വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയ്ക്കുള്ള പങ്ക് എന്താണെന്ന് അറിയിക്കാമോ;

(സി) കാർഷിക വിജ്ഞാന വ്യാപനവും കാർഷിക സേവന സംവിധാനവും ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന പ്രോത്സാഹന പദ്ധതിയുടെ സബ്സിഡികൾ സംരംഭകരുടെ വായ്പാ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു. വ്യക്തിഗത സംരംഭകർ, പങ്കാളിത്ത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരേതര ഏജൻസികൾ, ഉല്പാദക സംഘങ്ങൾ എന്നിവർക്ക് സബ്സിഡിക്ക് അർഹതയുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാബന്ധിത പദ്ധതികൾക്ക് മാത്രമാണ് ആനുകൂല്യം നൽകുക. 2018-19 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ കാർഷികോത്പന്നാധിഷ്ഠിതമായ മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സബ്സിഡിയായി നൽകിയിട്ടുണ്ട്.

2019-20 വർഷത്തിൽ ഉല്പാദക സംഘങ്ങൾ രൂപീകരിച്ച് 50 ഉല്പാദക കമ്പനികൾ രൂപീകരിക്കുവാനുള്ള ആർ.കെ.വി.വൈ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരവും മൂല്യവർദ്ധിതോല്പന്നങ്ങൾ പ്രകാരവും പ്രോത്സാഹിപ്പിക്കുവാൻ സാധിക്കും.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കാർഷിക വിജ്ഞാന വ്യാപനത്തിനായി വിവര വിനിമയ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ എന്ന പോർട്ടലിൽ വിളകൾ, സസ്യസംരക്ഷണം, ഉല്പാദനോപാധികൾ, വിപണി, ജൈവകൃഷി, കാർഷിക ഉപകരണങ്ങൾ, മണ്ണ് പരിപാലനം, പതിവു ചോദ്യങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, നഗരകൃഷി, ഹൈടെക് കൃഷി, കാലാവസ്ഥാ പ്രവചനം എന്നിങ്ങനെ കാർഷിക/കാർഷികാനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സമസ്ത സേവനങ്ങളും വിവരങ്ങളും സമഗ്രമായി ആവിഷ്കരിച്ചിരിക്കുന്നു.

(ബി) ഉണ്ട്. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ കാർഷിക സർവ്വകലാശാല നൽകിവരുന്നു.

(സി) കാർഷിക സേവന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്തുതലത്തിൽ കാർഷിക കർമ്മസേനയും പ്രവർത്തിക്കുന്നു. കാർഷിക മേഖലയ്ക്കാവശ്യമായ യന്ത്രങ്ങളും മനുഷ്യവിഭവശേഷിയും ഒരുക്കുക എന്നതാണ് ഇവയുടെ മുഖ്യമായ ലക്ഷ്യം.

കാർഷിക മേഖലയിൽ കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന് ആത്മ, ലീഡ്സ്, കർഷക നൈപുണ്യ അവാർഡ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനയും നടത്തിവരുന്ന പ്രവർത്തനങ്ങൾ

7 (5031) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനയും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനയുടെയും പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി അപെക്സ് ബോഡി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാർഷിക കർമ്മസേനയിലും കാർഷിക സേവന കേന്ദ്രങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കും അംഗങ്ങൾക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനായി ബ്ലോക്ക് തലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും, പഞ്ചായത്ത് തലത്തിൽ കർഷക കർമ്മ സേനകളും വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി യന്ത്രവൽക്കരണം, ആത്മ

അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപനം, വായ്പാ സഹായം, കാലാവസ്ഥ ഉപദേശ സേവനം, മറ്റ് സാങ്കേതിക സഹായങ്ങൾ എന്നീ സേവനങ്ങൾ കർഷകർക്ക് നൽകുന്നത് കാർഷിക മേഖലയെ ആധുനീകരിക്കുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ ബയോ ഫാർമസി വഴി ഗുണമേന്മയുള്ള സസ്യ സംരക്ഷണ മരുന്നുകൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നഴ്സറികളുടെ പ്രവർത്തനമാണ് എടുത്തുപറയത്തക്ക മറ്റൊരു സേവനം. കർഷകരുടെ ആവശ്യത്തിനനുസരിച്ച് ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ യഥാസമയം ലഭ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വളരെ ഫലപ്രദമാകുന്നുണ്ട്. അതുപോലെ കാർഷിക സേവന കേന്ദ്രങ്ങൾ വഴി പച്ചക്കറി തൈകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകാനും കൃഷി വകുപ്പിനു കഴിയുന്നുണ്ട്. ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി കർഷകർക്ക് മണ്ണു പരിശോധനയും നടപ്പിലാക്കാൻ കഴിയുന്നു.

പൂർണ്ണമായും യന്ത്രവൽക്കരണത്തിലൂടെ ലാഭകരമായ കൃഷി സാധ്യമാക്കുക, തെങ്ങുകയറ്റമടക്കമുള്ള ജോലികൾ ഏറ്റെടുക്കുക വഴി തെങ്ങുകൃഷിയോട് കർഷകർക്ക് ആഭിമുഖ്യമുണ്ടാക്കുക, തരിശുഭൂമിയിൽ പാട്ടത്തിന് കൃഷിയിറക്കുക, ഹൈടെക് കൃഷി രീതികൾ, മഴമറകൾ തുള്ളിനന ജലസേചനം എന്നിവ നടപ്പിലാക്കുക തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി കർഷകർക്ക് എത്തിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കഴിയുന്നുണ്ട്.

പരിശീലനം ലഭിച്ച അച്ചടക്കമുള്ള ഒരു തൊഴിൽസേന രൂപീകരിക്കുക, ആവശ്യത്തിന് തുടർച്ചയായി തൊഴിലാളികളെ ന്യായമായ കൂലിക്ക് ലഭ്യമാക്കുക, കാർഷികവൃത്തിക്കാവശ്യമായ പ്ലംബർ, ഇലക്ട്രീഷ്യൻ, മെക്കാനിക് എന്നിവരെ ന്യായമായ കൂലിക്ക് ലഭ്യമാക്കുന്നതിന് ഇവരുടെ സർവ്വീസ് ബാങ്ക് തുടങ്ങുക, ഒരു ലാഭകരമായ സംരംഭമായി കാർഷികവൃത്തിയെ ഉയർത്തുക, തൊഴിലാളികൾക്കും കർഷകർക്കുമുള്ള സാമൂഹ്യനിലവാരം ഉയർത്തുക, ഗ്രാമീണ തൊഴിൽ ശക്തിയെ ഒരു ചട്ടക്കൂട്ടിൽ കൊണ്ടുവന്ന് തൊഴിലാളികൾക്കും, കൃഷിക്കാരനും ഫലവത്തായി പ്രയോജനപ്പെടുത്താൻ അവസരമുണ്ടാക്കുക എന്നിവയാണ് കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ.

കാർഷിക പ്രവർത്തനത്തിനു വേണ്ടുന്ന മാനുഷിക പ്രയത്ന സേവനങ്ങളും കാർഷിക യന്ത്ര സേവനങ്ങളും ചെയ്തുകൊടുക്കുന്നതിനാണ് കാർഷിക കർമ്മസേനയെ സജ്ജീകരിച്ചിരിക്കുന്നത്. കൂടാതെ കാർഷിക വിള സംസ്കരണവും മൂല്യവർദ്ധിത ഉത്പാദനവും വിപണനവും ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക സേവന കേന്ദ്രങ്ങളെയും കാർഷിക കർമ്മ സേനകളെയും സജ്ജീകരിച്ചുവരുന്നു.

(ബി) കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശാക്തീകരിച്ച് സജ്ജീകരിക്കുന്നതിനും അപ്പെക്സ് ബോഡി അഥവാ 'കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ' രൂപീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രി ചെയർമാനും, കാർഷിക ഉത്പാദന കമ്മീഷണർ വൈസ് ചെയർമാനും, കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ മിഷൻ ഡയറക്ടറുമായി ഉൾപ്പെടുന്ന ഒരു 13 അംഗ ഭരണസമിതി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു. കാർഷിക കർമ്മ സേനയുടെയും കാർഷിക സേവന കേന്ദ്രത്തിന്റെയും സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇദ്ദേഹമാണ് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ മുഖ്യ നിർവ്വഹണ ഓഫീസർ. സംസ്ഥാനത്തുടനീളമുള്ള കാർഷിക കർമ്മ സേനകളുടെയും കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക യന്ത്രങ്ങൾ ഉൾപ്പെടെയുള്ള ഭൗതിക സാമ്പത്തിക വിഭവങ്ങളുടെ നിജസ്ഥിതി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ തയ്യാറാക്കിക്കഴിഞ്ഞു. കാർഷിക സേവന കേന്ദ്രത്തിന്റെയും കാർഷിക കർമ്മ സേനയുടെയും ഘടനയും പ്രവർത്തനവും നിഷ്കർഷിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന മാന്വൽ മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) അഗ്രോ സർവ്വീസ് സെന്ററിലേയും കാർഷിക കർമ്മ സേനയിലേയും തൊഴിലാളികൾക്ക് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമായോജന (PMJBY) പദ്ധതി വഴി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ പ്രീമിയം തുക ഒരാൾക്ക് 250 രൂപയാണ്.

**കാർഷിക രംഗത്തെ സ്വയംപര്യാപ്തതയ്ക്കായുള്ള പ്രവർത്തനങ്ങൾ**

8 (5032) <u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്;

(ബി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ തുടങ്ങിയവയുടെ വിപണിയിലുള്ള അപര്യാപ്തത ഉല്പാദനക്ഷമതയ്ക്ക് വെല്ലുവിളി ഉയർത്തുന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, ടിഷ്യൂകൾച്ചർ യൂണിറ്റ്, വിത്ത് സംസ്കരണം, ശേഖരണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി കൃഷി ഫാമുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അത്യുല്പാദന ശേഷിയുള്ള നാടൻ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി വിവിധ വിള വികസന പദ്ധതികൾ, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെയും മറ്റ് ഉത്പാദനോപാധികളുടെയും വിതരണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ, മണ്ണിന്റെയും ചെടികളുടെയും ആരോഗ്യ പരിപാലന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു.

നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്ന പ്രധാന പദ്ധതികളാണ് ഹൈടെക് അഗ്രികൾച്ചർ, പച്ചക്കറി കൃഷി വികസന പദ്ധതി, മൂല്യവർദ്ധന യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവ.

പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഹൈടെക് അഗ്രികൾച്ചർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.

പച്ചക്കറികൃഷി വികസന പദ്ധതി പ്രകാരം മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉല്പാദനത്തിനായി മിനി പോളിഹൗസുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്.

സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവനിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ധനസഹായം നൽകിവരുന്നു.

കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്ക് മാർഗ്ഗനിർദ്ദേശവും ധനസഹായവും നൽകുന്ന പദ്ധതി സ്മാൾ ഫാർമേഴ്സ് അഗ്രി കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖേന നടപ്പിലാക്കുന്നു.

(ബി) ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികളിൽ കൂടി ഗുണമേന്മയുള്ള നെടിയ ഇനം തെങ്ങിൻ തൈകൾ, റ്റിX ഡി, ഡിX റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ, CGD COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, വാഴത്തൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ 33 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴിയും 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകളും ലെയറുകളും, അലങ്കാരച്ചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറിക്കൾച്ചർ & ബയോ ടെക്നോളജി ലാബ് മുഖേന ടിഷ്യുകൾച്ചർ വാഴത്തൈകൾ, പച്ചക്കറി തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

(സി) ഫാമിലെ തൊഴിൽ ലഭ്യതയ്ക്കനുസരിച്ച് ആവശ്യമായ യന്ത്രവൽക്കരണം ഫാമുകളിൽ നടത്തിവരുന്നു. ട്രാക്റ്റർ, ടില്ലർ, ഞാറ് നടീൽ യന്ത്രം, ജലസേചന പമ്പ്, കോണോ വീഡർ എന്നിവയ്ക്കായി 150 ലക്ഷം രൂപ 2019-20-ൽ ഫാമുകൾക്ക് അനുവദിച്ചിട്ടുണ്ട്.

വിത്തിന്റെ ജലാംശം കൃത്യമായ അളവിലേക്ക് കുറയ്ക്കുന്നതിനായി വിത്ത് ഉണക്കാനുള്ള കളങ്ങൾ, വിത്ത് ഈർപ്പം ബാധിക്കാതെ സൂക്ഷിക്കുന്നതിന് സീഡ് ബിന്നുകൾ, നല്ല വിത്തും പതിരും തമ്മിൽ തരംതിരിക്കുന്നതിന് "സീഡ് സെപ്പറേറ്റർ" വിത്തിന്റെ അംഗുരണശേഷി നഷ്ടപ്പെടാതെ ദീർഘകാലം സൂക്ഷിക്കാൻ ശീതീകരിച്ച ചേമ്പറുകൾ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. ഫാമുകളുടെ അടിസ്ഥാനസൗകര്യ വികസനം എന്ന പദ്ധതിയിൽ ലഭ്യമായിട്ടുള്ള 500 ലക്ഷം രൂപയിൽ നിന്നും ഇവ ഫാമുകളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

ഹൈടെക് ഫാമിംഗ് യൂണിറ്റുകൾ എന്ന പദ്ധതി മുഖേന പോളിഹൗസ്, ഗ്രീൻഹൗസ് എന്നിവ നിർമ്മിച്ച് വർഷം മുഴുവനും നല്ലയിനം വിത്തും തൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് 25 ലക്ഷം രൂപ ഫാമുകൾക്ക് അനുവദിച്ചിട്ടുണ്ട്.

ഉല്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഉല്പന്നങ്ങൾക്കും ബാർകോഡിംഗ്, ബ്രാൻഡിംഗ് എന്നിവ നടപ്പിലാക്കുന്നതിനും ഫാമുകളുടെ കമ്പ്യൂട്ടറൈസേഷനും 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ തുക വകകൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് കഴക്കൂട്ടത്തുള്ള ബയോ ടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്റർ, കൊല്ലത്ത് അഞ്ചൽ ജില്ലാ കൃഷിത്തോട്ടം, കണ്ണൂരിൽ തളിപ്പറമ്പ് ജില്ലാ കൃഷിത്തോട്ടം എന്നിവിടങ്ങളിലുള്ള ടിഷ്യുകൾച്ചർ ലാബുകളിൽ പ്രതിവർഷം 20 മുതൽ 30 ലക്ഷം തൈകൾവരെ ഉല്പാദിപ്പിച്ചുവരുന്നു. ഈ ലാബുകളുടെ നവീകരണത്തിനും, ഉല്പാദിപ്പിച്ച തൈകളുടെ ഗാർഡനിംഗിനും വേണ്ടുന്ന സ്ട്രക്ച്ചറുകൾ പണിയുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 2017- 18 സാമ്പത്തിക വർഷം മുതൽ "സ്കീം ഫോർ കൺസർവേഷൻ ആന്റ് മൾട്ടിപ്ലിക്കേഷൻ ഓഫ് ട്രഡീഷണൽ ആന്റ് ഇൻഡിജനസ് വെറൈറ്റീസ് ഓഫ് പാഡി ആന്റ് മില്ലറ്റ്സ്" എന്ന പ്ലാൻ പദ്ധതി പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യംവെച്ചുകൊണ്ട് നടപ്പിലാക്കി വരുന്നു. നെല്ലിന്റെയും ചെറുധാന്യങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറിന് 10,000 രൂപ ധനസഹായം കർഷകർക്ക് നൽകിവരുന്നു. കൂടാതെ ഇത്തരം വിത്തിനങ്ങൾ കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി മുഖാന്തിരം സംഭരിച്ച് മറ്റ് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

ആധുനിക സൗകര്യങ്ങളോടെയുള്ള ഈ വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ ടി പദ്ധതി പ്രകാരം കൃഷി വകുപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. 2018 മുതൽ 2023 വരെ 5 വർഷത്തെ കാലയളവിലേയ്ക്കാണ് വിത്ത് ബാങ്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന വിത്ത് വിഭാഗവും പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

വിത്തു ബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കാർഷിക സർവ്വകലാശാല സമയബന്ധിതമായി നടപ്പിലാക്കിവരികയാണ്.

## പ്രത്യേക കാർഷിക മേഖലകളിലെ പ്രവർത്തനങ്ങൾ

9(5033) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിനായി രൂപീകരിച്ച പ്രത്യേക കാർഷിക മേഖലകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പച്ചക്കറിക്കായുള്ള പ്രത്യേക കാർഷിക മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) പുഷ്പഫല വർഗ്ഗങ്ങൾക്കായുള്ള പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച പഞ്ചായത്തുകളെ പഴവർഗ്ഗങ്ങളുടെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയുടെയും ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും പ്രചാരണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) വാഴയുടെ പ്രത്യേക കാർഷിക മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടി കൊടുക്കുവാനുമാണ് നെല്ലിനായി പ്രത്യേക കാർഷിക മേഖലാ പദ്ധതി രൂപീകരിച്ചത്. നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുക്കര, പാലക്കാട്, വയനാട്, കയ്പ്പാട് എന്നിവയാണ്.

കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും നടപ്പിലാക്കിവരുന്ന വിവിധ നെൽകൃഷി വികസന പദ്ധതികളുടെ സംയോജനം ഈ പദ്ധതി പ്രദേശത്ത് വിഭാവനം ചെയ്യുന്നു. കൂടാതെ നെല്ലുല്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായി വരുന്ന പശ്ചാത്തല സൗകര്യ വികസനത്തിനും നിർണ്ണായക പ്രാധാന്യമുള്ള മറ്റ് അടിയന്തര ഇടപെടലുകൾക്കുമായി വിനിയോഗിക്കുവാൻ 2018-19 സാമ്പത്തിക വർഷം പ്രത്യേക കാർഷിക മേഖലാ പദ്ധതിയിൽ ഭരണാനുമതി നൽകി തുക വകയിരുത്തിയിരുന്നു. ആയതിൽ 83.69067 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. എന്നാൽ 2019-20-ൽ പ്രത്യേക കാർഷിക മേഖലാ പദ്ധതിക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പച്ചക്കറികൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട മേഖലകൾ ഉൾപ്പെടുന്ന ദേവികുളം തെരഞ്ഞെടുത്തിരുന്നു. 2018-19-ൽ പ്രസ്തുത മേഖലയിലെ വികസനത്തിനായി 76.45 ലക്ഷം രൂപ പ്രത്യേക കാർഷിക മേഖല എന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗിനുമായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2019-20-ലെ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി പച്ചക്കറിയുടെ വിളവിസ്തൃതി വ്യാപനവും മൂല്യവർദ്ധനവും എന്ന പദ്ധതി പ്രകാരം ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പു സാമ്പത്തിക വർഷം 2078.32 ഹെക്ടർ സ്ഥലത്ത് പച്ചക്കറി വ്യാപന പദ്ധതി സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി നടപ്പിലാക്കിവരുന്നു

(സി) പുഷ്പവർഗ്ഗകൃഷിക്കായി 2017-18-ൽ വയനാട് ജില്ലയെ 'സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ' ആയി തെരഞ്ഞെടുത്തിരുന്നു. ജില്ലയുടെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന പുഷ്പകൃഷി വികസനിപ്പിക്കുന്നതിനായി ടി വർഷം 'പുഷ്പകൃഷി വികസന പദ്ധതിയിൽ' 43.90 ലക്ഷം രൂപ ചെലവഴിച്ച് സുൽത്താൻ ബത്തേരി, പനമരം എന്നീ ബ്ലോക്കുകളിൽ ഏഴ് ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി പഞ്ചായത്തുതല സമിതിയും ജില്ലാതല സമിതിയും രൂപീകരിച്ചു. തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക വഴി പുഷ്പകൃഷി വിപുലീകരിച്ചിട്ടുണ്ട്. പുഷ്പങ്ങളുടെ സംഭരണം, വിപണനം എന്നിവ ആരംഭിച്ചിട്ടുണ്ട്.

സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ പദ്ധതിയിൽ 25,750 രൂപ ചെലവഴിച്ച് പുഷ്പവിപണന സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) 2018-ൽ ചക്കയെ കേരളത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിക്കുകയുണ്ടായി. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരം, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, അമ്പലവയൽ എന്നീ സ്ഥാപനങ്ങൾ ചക്കയുടെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനായി വിവിധ പഠനങ്ങളിൽ ഏർപ്പെട്ടുവരുന്നുണ്ട്. ചക്കയിൽ നിന്നും മറ്റ് കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതി 'സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം' മുഖേന നടപ്പാക്കിവരുന്നുണ്ട്. 2018-19-ൽ ചക്കയിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് 3 സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. ഭാവിയിൽ കൂടുതൽ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ ഇതിലേക്ക് ആകർഷിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 2018-19 സാമ്പത്തിക വർഷത്തിൽ വാഴയുടെ പ്രത്യേക കാർഷിക മേഖലയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ ചങ്ങാലിക്കോടൻ (കാഴ്ചക്കുല) വാഴ കൃഷി ചെയ്യുന്നതിനും, കുലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും താങ്ങുകൊടുക്കൽ തുടങ്ങിയ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും, പ്രദർശനത്തോട്ടങ്ങൾക്കും, പരിശീലനത്തിനും, വിപണി മെച്ചപ്പെടുത്തുന്നതിനുമായി 22 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 14.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രത്യേക കാർഷിക മേഖലയ്ക്കായി 2019-2020-ൽ തുക വകയിരുത്തിയിട്ടില്ല.

## കാർഷിക വൈദ്യുതി കണക്ഷനുകൾ

10 (5034) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ട് എന്ന് അറിയിക്കുമോ;

(ബി) കാർഷിക കണക്ഷനുകളിൽ കൃഷിവകുപ്പ് പണം അടക്കുന്ന കണക്ഷനുകൾ എത്രയാണ്; വ്യക്തമാക്കുമോ;

(സി) കാർഷിക കണക്ഷൻ നൽകുന്നതിന് പമ്പ് ഹൗസ് നിർബന്ധമാണോ എന്ന് അറിയിക്കുമോ;

(ഡി) പരിയാരം, ചപ്പാരപ്പടവ്, കുറുമാത്തൂർ, മലപ്പട്ടം, മയ്യിൽ, കുറ്റ്യാട്ടൂർ, കൊളച്ചേരി, ആന്തൂർ, തളിപ്പറമ്പ് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്ര കാർഷിക കണക്ഷനുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 4,73,053 കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ട്.

(ബി) കാർഷിക കണക്ഷനുകളിൽ കൃഷി വകുപ്പ് പണം അടയ്ക്കുന്ന കണക്ഷനുകൾ 2,72,809 ആണ്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ജില്ല | കൃഷിവകുപ്പ് പണമടയ്ക്കുന്ന കാർഷിക കണക്ഷനുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 5544 |
| കൊല്ലം | 1965 |
| പത്തനംതിട്ട | 37 |
| കോട്ടയം | 1387 |

| (1) | (2) |
|---|---|
| ഇടുക്കി | 1168 |
| ആലപ്പുഴ | 9244 |
| എറണാകുളം | 20935 |
| തൃശ്ശൂർ | 108871 |
| പാലക്കാട് | 47614 |
| മലപ്പുറം | 33334 |
| കോഴിക്കോട് | 4821 |
| വയനാട് | 2338 |
| കണ്ണൂർ | 6615 |
| കാസർഗോഡ് | 28936 |
| ആകെ | 272809 |

(സി) കാർഷിക വൈദ്യുതി കണക്ഷനുകൾക്ക് ഘടിപ്പിക്കുന്ന വൈദ്യുതി മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സ്ഥാപിക്കുവാൻ പമ്പ് ഹൗസ് അല്ലെങ്കിൽ വെയിലും മഴയും ഏൽക്കാൻ സാധിക്കാത്ത രീതിയിലുള്ള സംവിധാനം (എൻക്ലോഷർ) ആവശ്യമാണ്.

(ഡി)

| തദ്ദേശ ഭരണ സ്ഥാപനം | കാർഷിക കണക്ഷനുകളുടെ എണ്ണം |
|---|---|
| പരിയാരം | 55 |
| ചപ്പാരപ്പടവ് | 176 |
| കുറുമാത്തൂർ | 136 |
| മലപ്പട്ടം | 49 |
| മയ്യിൽ | 35 |
| കുറ്റ്യാട്ടൂർ | 17 |
| കൊളച്ചേരി | 241 |
| ആന്തൂർ | 87 |
| തളിപ്പറമ്പ് | 36 |

## പോളിഹൗസുകളുടെ നിർമ്മാണം

11 (5035) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കായുള്ള പോളിഹൗസുകളുടെ നിർമ്മാണത്തിനും അതിനാവശ്യമായ മറ്റു സാങ്കേതിക സഹായങ്ങൾ നൽകുന്നതിനുമായി കൃഷി വകുപ്പിനു കീഴിൽ കർഷകർക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ എത്ര ചെലവഴിച്ചു; ഈയിനത്തിലുള്ള തുക വകമാറ്റാൻ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പോളിഹൗസുകളുടെ ഉപയോഗം മുൻവർഷങ്ങളിൽ നിന്നും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള മുഖേന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 40 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസിന് 50 ശതമാനം സഹായധനവും, ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 40 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസിന് 75 ശതമാനം സഹായധനവും നൽകിവരുന്നു.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ തുക വകയിരുത്തിയിട്ടില്ല.

(സി) ഉണ്ട്. തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയെ അപേക്ഷിച്ച് കൂടുതൽ മൂലധനവും ശ്രദ്ധയും ആവശ്യമായ പോളിഹൗസ് കൃഷി, കർഷകർ മതിയായ പരിജ്ഞാനമില്ലാതെ ചെയ്യുന്നതുകൊണ്ട് അപ്രതീക്ഷിത രോഗ-കീടബാധയുണ്ടാകുന്ന സന്ദർഭത്തിൽ ഉല്പാദനത്തെയും കർഷകന്റെ വരുമാനത്തെയും സാരമായി ബാധിക്കുന്നു. കേരളത്തിൽ 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം നിലവിലെ പോളിഹൗസുകൾക്ക് കനത്ത നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. ഈ സഹചര്യങ്ങൾ പോളിഹൗസിന്റെ ഉപയോഗം കുറയുന്നതിന് കാരണമായിട്ടുണ്ട്.

## ഏലം കയറ്റുമതി സംബന്ധിച്ച്

12 (5036) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലം കയറ്റുമതി ചെയ്യുമ്പോൾ അതിൽ കീടനാശിനികളുടെ അമിതമായ അളവ് കണ്ടെത്തുന്നതിനെ തുടർന്ന് തിരികെ അയയ്ക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ ഏലം കൃഷി കീടനാശിനി വിമുക്തമാക്കുന്നതിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചു കൃഷി നടത്തുന്നതിനും കർഷകരെ പ്രോത്സാഹിക്കുവാൻ കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2018 ഏപ്രിൽ, മേയ് മാസങ്ങളിൽ കേരളത്തിൽ നിന്നും കയറ്റി അയച്ച ഏലത്തിൽ കീടനാശിനിയുടെ അവശിഷ്ട പരിധി അളവ് അനുവദനീയമായതിനേക്കാൾ കൂടുതലാണെന്ന് സൗദി അറേബ്യയുടെ ഫുഡ് ആന്റ് ഡ്രഗ് അതോറിറ്റിയുടെ (SFDA) പരിശോധനയിൽ കണ്ടെത്തിയ സാഹചര്യത്തിൽ ഏതാനും ചില കൺസൈൻമെന്റുകൾ തടഞ്ഞുവച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ മുഖ്യമായി ഏലക്കൃഷി ചെയ്യുന്ന ഗ്രാമങ്ങളിൽ സ്പൈസ് ക്ലിനിക് പദ്ധതികൾ, ജൈവ കീടനിയന്ത്രണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുകയും സമഗ്ര കീടനിയന്ത്രണ ക്യാമ്പുകൾ (IPM) സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

2019 സെപ്റ്റംബർ മാസം കേരള, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ ഏലം കയറ്റുമതിക്കാരെയും സമഗ്ര കീട നിയന്ത്രണ മാർഗ്ഗങ്ങൾ (IPM) അവലംബിച്ച് കൃഷി നടത്തുന്ന ഏലം കർഷകരെയും കർഷക ഗ്രൂപ്പുകളെയും പങ്കെടുപ്പിച്ചുകൊണ്ട് സ്പൈസസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു ബയർ-സെല്ലർ മീറ്റ് (Buyer-Seller Meet) നടത്തിയിരുന്നു. ഇത് ഏലം കർഷകർക്ക് സമഗ്ര കീടനിയന്ത്രണ മാർഗ്ഗങ്ങൾ (IPM) അവലംബിക്കുവാൻ പ്രചോദനം ആവുകയും ചെയ്തിട്ടുണ്ട്. സൗദി അറേബ്യയുടെ ഫുഡ് ആന്റ് ഡ്രഗ് അതോറിറ്റിയുടെ പരിശോധനയിൽ കണ്ടെത്തിയ പരമാവധി കീടനാശിനി അവശിഷ്ട പരിധി സംബന്ധിച്ചുള്ള വിവരങ്ങൾ ഇൻഡ്യൻ എംബസിയുടെ സഹായത്തോടുകൂടി

സ്പൈസസ് ബോർഡ് ശേഖരിക്കുകയും എസ്.എഫ്.ഡി.എ. സ്റ്റാൻഡേർഡ്സ് അനുസരിച്ചുള്ള ഗുണമേന്മാ പരിശോധനയ്ക്കുള്ള പ്രോട്ടോക്കോൾ തയ്യാറാക്കുകയും ചെയ്തുവരുന്നു.

**പാഠം ഒന്ന് പാടത്തേക്ക് പദ്ധതി**

13 (5037) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കിയ പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതിയിൽ ഏതെല്ലാം വകുപ്പുകൾ പങ്കാളികളായിട്ടുണ്ടെന്നു വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പാടങ്ങൾ ഏറ്റെടുത്ത് കൃഷി നടത്തുന്ന വിദ്യാലയങ്ങൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകുമോ; വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്ന വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തി സബ് ജില്ല, ജില്ല, സംസ്ഥാനതലത്തിൽ പുരസ്കാരങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് പാഠം ഒന്ന് പാടത്തേക്കെന്ന പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളും കാർഷിക സർവ്വകലാശാലയും പരിപാടിയിൽ സഹകരിക്കുന്നു.

(ബി) പുതിയ തലമുറയിലെ വിദ്യാർത്ഥി സമൂഹത്തിനിടയിൽ കൃഷിയിൽ താല്പര്യം വരുന്ന രീതിയിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കാർഷിക സർവ്വകലാശാല, മറ്റു ഗവേഷണ സ്ഥാപനങ്ങൾ, പുരോഗമനാശയങ്ങൾ നടപ്പിലാക്കുന്ന കർഷകരുടെ കൃഷിയിടം എന്നിവ സന്ദർശനം, കൃഷിത്തോട്ട നിർമ്മാണം എന്നിവ ഈ ഒരു വർഷം നടപ്പിലാക്കുന്നതാണ്. നെൽകൃഷിയുടെ വിവിധ ഘട്ടങ്ങൾ കണ്ടു മനസ്സിലാക്കാനും, സാധ്യമായവ ചെയ്തു മനസ്സിലാക്കാനും അവസരം നൽകുക, ആരോഗ്യകരമായ ഭക്ഷണം, ജൈവഭക്ഷണ രീതി എന്നിവയെക്കുറിച്ചുള്ള അവബോധം കുട്ടികളിലുണ്ടാക്കുക എന്നിവയും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളിൽപ്പെടുന്നു. വിത, നടീൽ, കൊയ്ത്ത്, കരനെൽകൃഷി, അതാത് സ്ഥലത്തെ നെൽകൃഷിയുടെ

വിവിധ വളർച്ചാഘട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കി പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

(സി) ഈ പദ്ധതി പ്രകാരം ഒരു പാടവും കുട്ടികൾ/വിദ്യാലയങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നതിനു പരിപാടിയില്ല. എല്ലാ വളർച്ചാഘട്ടവും കണ്ടു മനസ്സിലാക്കുന്നതിന് കുട്ടികളെ പാടത്തേക്ക് കൊണ്ടുപോകുക മാത്രമാണ് ചെയ്യുന്നത്.

(ഡി) പുരസ്കാരങ്ങൾ നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**വിത്ത് ബാങ്ക് രൂപീകരണം**

14 (5038) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ്വയിനം നാടൻ വിത്തുകളുടേയും ജൈവ സർട്ടിഫിക്കേഷൻ നേടിയ പച്ചക്കറികളുടേയും സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പരമ്പരാഗത വിത്തുകളും കാർഷികോല്പന്നങ്ങളും സംരക്ഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള വിത്ത് ബാങ്ക് രൂപീകരിക്കേണ്ട ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിത്ത് ബാങ്ക് രൂപീകരണം സംബന്ധിച്ച നിലവിലെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം മുതൽ നെല്ലിന്റെയും ചെറുധാന്യങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും കൃഷിയിടങ്ങളിലെ വ്യാപനവും ലക്ഷ്യം വെച്ചുകൊണ്ട് 'Scheme for conservation and multiplication of Traditional and Indigenous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഘടകമാണ് " പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉത്പാദനവും" . നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉല്പാദനവും വിതരണവും ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത

വർദ്ധിക്കുന്നതിനുമായി തെരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉൽപ്പാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുമുള്ള ഒരു പ്രത്യേക പദ്ധതിയും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (വി.എഫ്.പി.സി.കെ.) തുടക്കം കുറിച്ചിട്ടുണ്ട്. VFPCK പുറത്തിറക്കുന്ന നാടൻ വിത്തുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തമ കൃഷിമുറകൾ നടപ്പാക്കുന്നതിനുമായി ജൈവക്ലസ്റ്ററുകൾ രൂപീകരിച്ച് ഡയറക്ട് മാർക്കറ്റുകൾ എന്നിവ മുഖേന വിപണനവും പ്രാദേശിക തലത്തിൽ നടപ്പാക്കിവരുന്നു.

(ബി&സി) ഉണ്ട്. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് രൂപീകരിക്കുന്നതിനുള്ള പദ്ധതി കൃഷിവകുപ്പ് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്ലാനിൽ ഉൾപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിക്കുകയും ചെയ്തു. 2018 മുതൽ 2023 വരെ 5 വർഷത്തെ കാലയളവിലേയ്ക്കാണ് വിത്ത് ബാങ്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന വിത്ത് വിഭാഗവും പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ, കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി, ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് എന്നീ പഞ്ചായത്തുകളിൽ പദ്ധതി പ്രകാരം നാടൻ ഇനങ്ങൾ കൃഷി ചെയ്തുവരുന്നു. പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത/തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിൽ വരികയും അതിൽ തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ വൻതോതിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കാവുന്ന രീതിയിലുള്ള പ്രവർത്തനവും നടന്നുവരുന്നുണ്ട്. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ സീഡ്സ് സയൻസ് വിഭാഗത്തിൽ 362 തനതായ നെല്ലിനങ്ങളുടെ ജനതിക ശേഖരം നിലനിർത്തിവരുന്നുണ്ട്. വിത്തുകളുടെ സൂക്ഷിപ്പുകാലം വർദ്ധിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ (മധ്യകാല ശാസ്ത്രീയ സൂക്ഷിപ്പ് സംവിധാനം) പൂർത്തീകരണ ഘട്ടത്തിലാണ്.

## ഫ്ലോറി വില്ലേജ് പദ്ധതി

15 (5039) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ ഫ്ലോറി വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി തെരഞ്ഞെടുത്ത സ്ഥലങ്ങളേതെല്ലാമെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ചെലവ് എത്രയെന്നും ഇതിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. കൃഷി വകുപ്പിന് കീഴിൽ ഫ്ലോറി വില്ലേജ് പദ്ധതി നടപ്പിലാക്കാൻ 2017-18-ൽ തീരുമാനിക്കുകയും വയനാട് ജില്ലയിൽ സുൽത്താൻബത്തേരി, പനമരം എന്നീ ബ്ലോക്കുകളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 25 മുതൽ 50 കർഷകർ അടങ്ങുന്ന 7 ക്ലസ്റ്ററുകൾ ആരംഭിച്ചു. 103 കർഷകർ മുഖേന 13.4 ഹെക്ടറിൽ വ്യവസായിക പുഷ്പകൃഷി ആരംഭിച്ചു. പഞ്ചായത്തുതല സമിതികൾ രൂപീകരിക്കുകയും അവയിൽനിന്നും ഓരോ അംഗങ്ങളെ ചേർത്തുകൊണ്ട് ജില്ലാതല സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയുണ്ടായി. സുൽത്താൻബത്തേരി ബ്ലോക്കിൽ അമ്പലവയൽ, നൂൽപ്പുഴ, മീനങ്ങാടി, സുൽത്താൻബത്തേരി, നെന്മേനി എന്നീ കൃഷി ഭവനുകളുടെ കീഴിലും പനമരം ബ്ലോക്കിൽ മുള്ളൻകൊല്ലി, പുൽപ്പള്ളി എന്നീ കൃഷിഭവനുകളുടെ കീഴിലുമാണ് ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നത്.

ജെൽബെറ, ഗ്ലാഡിയോലസ്, റോസ്, ഓർക്കിഡ്, ആന്തൂറിയം, ബന്ദി, ജമന്തി, വാടാമുല്ല, കുറ്റിമുല്ല, ഹെലിക്കോണിയം എന്നിവയാണ് വളർത്തുന്നത്. സുൽത്താൻ ബത്തേരിയിലും, കൽപ്പറ്റയിലും പുഷ്പ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പുഷ്പ വർഗ്ഗങ്ങളുടെ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്കായി വിതരണം ചെയ്യുന്നതിന് അമ്പലവയൽ കൃഷിഭവന്റെ കീഴിൽ 40 സെന്റിൽ ഷേഡ്ഹൗസ് തയ്യാറാക്കുകയും ചെയ്തു.

2019-20 സാമ്പത്തികവർഷം വയനാട്, മലപ്പുറം എന്നീ ജില്ലകളെ കേന്ദ്രീകരിച്ച് ഫ്ലോറി വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് അടക്കമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പുഷ്പകൃഷി വികസനത്തിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 240 ലക്ഷം രൂപ ഫ്ലോറി വില്ലേജ് സ്ഥാപനത്തിനായി നീക്കിവെച്ചതിൽ 100 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്.

## സംയോജിത ഭക്ഷ്യവിള ഉല്പാദന പദ്ധതി

16 (5040) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കൃഷിവകുപ്പ് ഓരോ വർഷവും നടപ്പാക്കാനുദ്ദേശിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതിയിലെ മുഖ്യ സംരംഭങ്ങൾ എന്തെല്ലാം; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) നെൽകൃഷി - പച്ചക്കറി വികസനത്തിനായിട്ടും സ്വയം പര്യാപ്തത ഉറപ്പിക്കാനുമായി നടപ്പിലാക്കിയ സംയോജിത ഭക്ഷ്യവിള ഉല്പാദന പദ്ധതി, കേര ഗ്രാമം പദ്ധതിയിലൂടെ നാളികേര വികസനം, സമഗ്ര തരിശുനില പദ്ധതി എന്നിവയ്ക്കായി എത്ര തുക വകയിരുത്തി, എത്ര ചെലവായി, എന്തെല്ലാം നേട്ടങ്ങൾ നേടാൻ കഴിഞ്ഞു എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ കൃഷി വകുപ്പ് ഓരോ വർഷവും നടപ്പാക്കാൻ ഉദ്ദേശിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതിയിലെ മുഖ്യ സംരംഭങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

(ബി) സമഗ്ര നെൽകൃഷി വികസന പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷം 4368.062 ലക്ഷം രൂപ വകയിരുത്തിയതിൽ 4331.62 ലക്ഷം രൂപ ചെലവഴിച്ചു. 2017-18 സാമ്പത്തിക വർ 7000 ലക്ഷം രൂപ വകയിരുത്തിയതിൽ 6475.6492 ലക്ഷം രൂപ ചെലവാക്കി. 2018-19 സാമ്പത്തിക വർഷം 9160 ലക്ഷം രൂപ വകയിരുത്തിയതിൽ 8715.11211 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി.

സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പാക്കിയതിലൂടെ 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് 2017-18-ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തികവർഷം 2,02,985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിർനിർത്തുവാൻ സാധിച്ചിട്ടുണ്ട്.

സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തിരശുനിലം കൃഷിയിലേക്ക് കൊണ്ടുവന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2016-17 സാമ്പത്തിക വർഷം കരനെൽകൃഷി, തരിശുനില കൃഷി, ഒരുപ്പൂ കൃഷി, ഇരുപ്പൂവാക്കൽ, ആറന്മുള പദ്ധതി എന്നിവയ്ക്ക് സംയുക്തമായി 868.0617 ലക്ഷം അനുവദിച്ചതിൽ 2782.3857 ഹെക്ടറിൽ നടപ്പിലാക്കിയ തരിശുനില കൃഷിക്കുമാത്രം 688.0024 ലക്ഷം രൂപ ചെലവഴിച്ചു.

2017-18 സാമ്പത്തിക വർഷം പുതുതായി ചെയ്യുന്ന തരിശുകൃഷിക്ക് 887 ലക്ഷം രൂപയും 2016-17-ൽ കൃഷി ആരംഭിച്ച തരിശിന്റെ രണ്ടാം വർഷ ആനുകൂല്യത്തിനു 203 ലക്ഷം രൂപയും ചേർത്ത് 1090 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഒന്നാം വർഷം വിഭാവനം ചെയ്തു 2956.7 ഹെക്ടറിന്റെ സ്ഥാനത്ത് 5485.686 ഹെക്ടറിൽ കൃഷി ആരംഭിച്ചു. ആകെ 1727.4 ലക്ഷം രൂപ ചെലവഴിച്ചു.

2018-19-ൽ 2016-17-ൽ ആരംഭിച്ച തരിശു കൃഷിയുടെ മൂന്നാം വർഷ ആനുകൂല്യവും 2017-18-ൽ ആരംഭിച്ച കൃഷിയുടെ രണ്ടാം വർഷ ആനുകൂല്യവും പുതുതായി ആരംഭിക്കുന്ന കൃഷിയുടെ ആനുകൂല്യവും ചേർത്ത് 1200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2878 ഹെക്ടറിൽ പുതുതായി കൃഷി ചെയ്യാനായിരുന്നു വിഭാവനം ചെയ്തത്. എന്നാൽ 3668.0064 ഹെക്ടറിൽ കൃഷി ചെയ്യിക്കാനായി ആകെ 1431.028 ലക്ഷം രൂപ ചെലവഴിച്ചു.

നാളികേര വികസത്തിനായുള്ള കേരഗ്രാമം പദ്ധതിക്കായി വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക (ലക്ഷം രൂപയിൽ) | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 2016-17 | 3803.7726 | 3718.55883 |
| 2017-18 | 3332.50 | 3087.87158 |
| 2018-19 | 3608.85147 | *3275.03167 |

*പ്രളയം കാരണം പ്ലാനിൽ കുറവു വരുത്തിയതിനാലാണ് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതിരുന്നത്.

<u>പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങൾ ഇപ്രകാരമാണ്.</u>

2016-17 മുതൽ 2018-19 വരെ സംയോജിത വിളപരിപാലനം 29665.863 ഹെക്ടറിൽ നടപ്പാക്കി. ജലസേചന സൗകര്യങ്ങൾ 3493.43 ഹെക്ടറിൽ നടപ്പാക്കി. 14991 തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് വിതരണം ചെയ്തു. കൂടാതെ 1163 ജൈവവളയൂണിറ്റുകൾ നിർമ്മിക്കുകയും 24 പ്രാദേശിക കോക്കനട്ട് നഴ്സറികൾക്ക്

സഹായം നൽകുകയും ചെയ്തു. സംസ്ഥാനത്ത് പച്ചക്കറിയുടെ ആവശ്യത്തിനായി അയൽ സംസ്ഥാനങ്ങളിൽ നിന്ന് കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ച് ഉല്പാദിപ്പിച്ച പച്ചക്കറിയെ ആശ്രയിക്കുന്നതിന് പരിഹാരമായി സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതിന് ഉൾപ്പെടെയുള്ള ഘടകങ്ങൾ സർക്കാർ പച്ചക്കറി വികസന പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ നടപ്പിലാക്കിവരുന്ന ഘടകങ്ങൾ ഇവയാണ്. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും, സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം, ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, നഴ്സറികൾ സ്ഥാപിക്കൽ, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്ക്കരണം, പ്രചരണം തുടങ്ങിയവ, സൂക്ഷ്മ ജസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും, പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം, കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം, മഴമറ നിർമ്മാണം, വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം എന്നിവ നടപ്പിലാക്കിവരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയിലേക്കായി 6560.38 രൂപ വകയിരുത്തുകയും 5673.39 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയിലേക്കായി 7304.1 ലക്ഷം രൂപ വകയിരുത്തുകയും 7126.2 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷത്തിൽ 7887.93 ലക്ഷം രൂപ വകയിരുത്തി 7015.04 ലക്ഷം രൂപ ചെലവഴിച്ചു. 2019-20 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി 6390 ലക്ഷം രൂപ വകയിരുത്തി പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

2017-18-ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2016-17-മായി താരതമ്യം ചെയ്യുമ്പോൾ 2017-18-ൽ 16217 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറികൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 2.76 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ

നിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിരുന്നത് കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 82166.55 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി പച്ചക്കറിയുടെ ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 12.12 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 92000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 14.70 ലക്ഷം മെട്രിക് ടണ്ണായി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പച്ചക്കറി വികസന പദ്ധതികൾ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

## പ്ലാന്റ് ക്ലിനിക്കും ഇക്കോ-ഷോപ്പുകളും ആരംഭിക്കാനുള്ള നടപടി

17 (5041) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ നിയോജകമണ്ഡലത്തിലും ഒരു കൃഷി ഓഫീസുമായി ബന്ധപ്പെട്ട് ഒരു പ്ലാന്റ് ക്ലിനിക്കും ഇക്കോ-ഷോപ്പുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലത്തിലും ഇതു സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് കൃഷി ഓഫീസുമായി ബന്ധപ്പെട്ട് ഒരു പ്ലാന്റ് ക്ലിനിക്കും പെരിന്തൽമണ്ണ, വെട്ടത്തൂർ, ആലിപറമ്പ് ഗ്രാമപഞ്ചായത്തുകളിൽ ഓരോ ഇക്കോ-ഷോപ്പും ആരംഭിയ്ക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിളപരിപാലന പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ പഞ്ചായത്ത് തലത്തിലുള്ള കൃഷിഭവനുകളോട് ചേർന്ന് പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ തീരുമാനിച്ചിട്ടുള്ളത്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ സംസ്ഥാനത്തെ 8 നിയോജകമണ്ഡലങ്ങൾ ഒഴികെ (ഇരിക്കൂർ, കോഴിക്കോട് സൗത്ത്, മഞ്ചേരി, വേങ്ങര, കൊച്ചി, എറണാകുളം, തിരുവനന്തപുരം, അരുവിക്കര) ബാക്കി എല്ലാ നിയോജകമണ്ഡലങ്ങളിലുമായി നാളിതുവരെ 252 സസ്യ ആരോഗ്യ ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓരോ നിയോജകമണ്ഡലങ്ങളിലും ഘട്ടം ഘട്ടമായി ഇക്കോഷോപ്പ് ആരംഭിക്കുന്നതിനുള്ള ശ്രമത്തിലാണ്. "ജൈവകൃഷിയും ഉത്തമ കൃഷി മുറകളും" പദ്ധതിയിൽ ഇത്തരത്തിലുള്ള ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 241 ഇക്കോഷോപ്പ് പ്രവർത്തിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷം പുതുതായി 15 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് കൃഷി ഭവനിൽ ഒരു പ്ലാന്റ് ഹെൽത്ത് ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. പെരിന്തൽമണ്ണ കൃഷിഭവന്റെ പരിധിയിൽ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിലുൾപ്പെടുത്തി ഒരു ഇക്കോഷോപ്പ് നിലവിലുണ്ട്. വെട്ടത്തൂർ, ആലിപറമ്പ് ഗ്രാമ പഞ്ചായത്തുകളിൽ മാർക്കറ്റിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കോഷോപ്പ് നിലവിലുണ്ട്.

**കേരഗ്രാമം പദ്ധതി**

18 (5042) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരഗ്രാമം പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതുവരെ കേരളത്തിൽ 312 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷം 54 കേരഗ്രാമങ്ങളാണ് നാളികേര വികസന പദ്ധതിയിൽ കൃഷി വകുപ്പ് നടപ്പാക്കിവരുന്നത്. നിയോജക മണ്ഡലം തിരിച്ചുള്ള വിവരം ഇതോടൊപ്പം ചേർക്കുന്നു:

| ജില്ല | കേരഗ്രാമം നടപ്പാക്കുന്ന പഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | പോത്തൻകോട്, നേമം, കല്ലറ |
| കൊല്ലം | തൃക്കോവിൽവട്ടം, പൂയപ്പള്ളി, ആദിച്ചനല്ലൂർ, കുളക്കട, ഉമ്മന്നൂർ, തഴവ, നെടുമ്പന, അഞ്ചൽ-ഏരൂർ |
| ആലപ്പുഴ | വള്ളിക്കുന്ന്, ഭരണിക്കാവ് |
| കോട്ടയം | പുതുപ്പള്ളി |
| എറണാകുളം | മഞ്ഞല്ലൂർ-കല്ലൂക്കാട്, തിരുമാറാടി-പാമ്പാക്കുട |
| തൃശ്ശൂർ | മേലൂർ, വരവൂർ, നാട്ടിക, മതിലകം, തോളൂർ, കൊടകര, അന്നമനട |
| പാലക്കാട് | വടക്കഞ്ചേരി, കണ്ണമ്പ്ര, തച്ചമ്പാറ, പരളി |
| മലപ്പുറം | ചീക്കോട്, നെടിയിരിപ്പ്, മൊറയൂർ, വള്ളിക്കുന്നം, പോരൂർ, തിരുവാടി, അമരമ്പലം, കീഴാറ്റൂർ, തിരുനാവായ, കുറ്റിപ്പുറം, മങ്കട, ഊർങ്ങാട്ടിരി, മുതുവല്ലൂർ |
| കോഴിക്കോട് | കുറ്റ്യാടി, അത്തോളി, മേപ്പയൂർ, കൂടരഞ്ഞി, ഒഞ്ചിയം, തിക്കോടി, എടച്ചേരി, മരുതോംകര, ഫറോക്ക്, തലക്കുളം |
| വയനാട് | പൂതാടി |
| കണ്ണൂർ | പാനൂർ മുനിസിപ്പാലിറ്റി, കതിരൂർ, ചെലോറ |

## ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിന് നടപടി

19 (5043) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മഴുവന്നൂർ പഞ്ചായത്തിലെ ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിനുള്ള നിവേദനം നൽകിയതിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്തെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിനുള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ)ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിനുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് മഴുവന്നൂർ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഡി.പി.ആർ. തയ്യാറാക്കിവരുന്നു. സ്ഥല പരിശോധനയ്ക്കും ആയതിന്റെ സർവ്വേയ്ക്കും മറ്റ് വിശദാംശങ്ങൾക്കുമായി കൂടുതൽ സമയം ആവശ്യമായി വന്നതിനാലാണ് ഡി.പി.ആർ. തയ്യാറാക്കാൻ കാലതാമസം നേരിട്ടത്.

(സി) അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## നാളികേരത്തിൽ നിന്നും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ

20 (5044) ശ്രീ. അനിൽ അക്കര:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉല്പാദന രംഗത്തും വില നിലവാര രംഗത്തും സംസ്ഥാനം വെല്ലുവിളികൾ നേരിടുന്നുണ്ടോ;

(ബി) നാളികേരോല്പന്നങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) നാളികേരത്തിൽ നിന്നും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാദ്ധ്യത വിപുലപ്പെടുത്തുവാൻ അഗ്രോപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) മൂല്യാധിഷ്ഠിത ഉല്പന്ന നിർമ്മാണത്തിലൂടെ കർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2015-16 മുതൽ 2017-18 വരെ കാലയളവിൽ, തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ നടപ്പാക്കിവന്നിരുന്നു. ഇതിനായി എട്ടോളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധനസഹായം നല്കിയിരുന്നു. ആരോഗ്യദായകമായ പാനീയം എന്ന നിലയിൽ നീരയെ കൊണ്ടുവരുന്നതിനായി, അതിന്റെ ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവ സംബന്ധിച്ച പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനും, നീരയെ ഒറ്റ ബ്രാന്റായി പൊതുവിതരണ വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി) തേങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്, വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉല്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത സബ്സിഡി നൽകുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 13 സംരംഭകർക്കായി 193 കോടി രൂപ, തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കുന്നതിന്, സബ്സിഡി ആയി നല്കിയിട്ടുണ്ട്.

നാളികേര ഉല്പന്നങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ കേരഫെഡ് വെളിച്ചെണ്ണയ്ക്ക് പുറമേ മൂല്യവർദ്ധിത ഉൽപന്നങ്ങളായ കേരജം കേരാമൃത് ഹെർബൽ ഹെയർ ഓയിൽ, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര മിൽക്ക് പൗഡർ എന്നിവ ഉല്പന്നങ്ങളായി വിപണനം നടത്തുന്നു.

(സി) എല്ലാ കാർഷികോല്പന്നങ്ങളുടെയും വിശിഷ്യാ നാളികേരത്തിൽ നിന്നും ഉല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് എസ്.എഫ്.എ.സി. നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നത്. പുതിയ സംരംഭങ്ങൾക്ക് നലകുന്ന ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം വരെയുള്ള സംരംഭം | 50 % പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40 % പരമാവധി 25 ലക്ഷം |
| 3 | ഇടത്തര സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30 % പരമാവധി 50 ലക്ഷം |

പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ഓഫീസ് ഉപകരണങ്ങൾ, പ്ലാന്റ് മെഷീനുകളുടെ ചെലവ്, വിളവെടുപ്പിനുശേഷമുള്ള വിള കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യകൾക്കുള്ള ചെലവ്, പരിശീലനം, പഠനയാത്ര, പാക്കേജിംഗ്, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിവയ്ക്ക് സഹായം നല്കുന്നു.

(ഡി) നാളികേരത്തിൽ നിന്നുമുള്ള മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാധ്യത വിപുലപ്പെടുത്താൻ, കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും, കുത്താളി ജില്ലാ കൃഷിത്തോട്ടത്തിലും നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി തെരഞ്ഞെടുത്തിരിക്കുന്നത്. നാളികേര അഗ്രോ പാർക്കുകൾ പ്രവർത്തന സജ്ജമായി കഴിഞ്ഞാൽ നാളികേരത്തിന്റെ മൂല്യവർദ്ധന നടത്തി കൂടുതൽ വരുമാനം കർഷകന് ഉറപ്പാക്കാൻ സാധിക്കും.

(ഇ) തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്നു. ഇത്തരത്തിൽ നീര ഉല്പാദിപ്പിക്കുന്ന 8-ഓളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷി വകുപ്പിൽ നിന്നും ധനസഹായം നല്കിയിരുന്നു.

നാളികേര വികസന കോർപ്പറേഷൻ, നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ എന്നിവ കൂടാതെ കോക്കനട്ട് ചിപ്സ്, കോക്കനട്ട് മിൽക്ക് തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ എസ്.എഫ്.എ.സി. തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യക്തിഗത സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉല്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത സബ്സിഡി നല്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 13 സംരംഭകർക്കായി 1.93 കോടി രൂപ തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സബ്സിഡിയായി നൽകിയിട്ടുണ്ട്.

**നെൽകൃഷിക്കായി പ്രത്യേക കാർഷികമേഖല**

21 (5045) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷിക്കായി പ്രത്യേക കാർഷികമേഖല രൂപപ്പെടുത്തി പരമാവധി ഉല്പാദനം കൈവരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2015-16-നെ അപേക്ഷിച്ച് നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) പ്രളയത്തെ തുടർന്ന് മണ്ണിന്റെ ഘടനയിലുണ്ടായ മാറ്റം നെല്ലുല്പാദനത്തിൽ എന്ത് ഗുണപരമായ മാറ്റമാണ് വരുത്തിയത്;

(ഡി) സംസ്ഥാനത്ത് മിനി റൈസ് മില്ലുകളും, പ്രോസസ്സിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടോ; ഈ വർഷം ഇത്തരത്തിൽ എത്രയെണ്ണം സ്ഥാപിച്ചു?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാദ്ധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണിവരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുകയെന്നതാണ് പ്രത്യേക കാർഷിക മേഖലകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

നെൽകൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കൈപ്പാട് എന്നിവയാണ്.

(ബി) 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽകൃഷിയാണുണ്ടായിരുന്നത്. അത് 2017-18-ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-ലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

(സി) പ്രളയശേഷം കുട്ടനാടൻ മേഖലയിൽ മണ്ണിന്റെ അമ്ലതയും ലവണാംശവും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ തരത്തിൽ ആകുകയും പ്രളയജലത്തോടൊപ്പം വന്നടിഞ്ഞ എക്കലിന്റെ സാന്നിദ്ധ്യംകൊണ്ട് ജൈവിക കാർബണിന്റെ അളവും ജൈവാംശവും വർദ്ധിക്കുകയും ചെയ്തതിനാൽ നെൽകൃഷിക്ക് ഗുണകരമായ ഫലമുണ്ടായി. നെല്ലിന്റെ ഉല്പന്നക്ഷമതയും ഉല്പാദനവും വർദ്ധിച്ചു.

മണ്ണിനുണ്ടായ മാറ്റത്തോടൊപ്പം പ്രളയശേഷമുള്ള നെൽകൃഷി പുനരുജ്ജീവന പ്രവർത്തനത്തിൽ കൃഷിവകുപ്പ് കർഷകരോടൊപ്പം തോളോടുതോൾ ചേർന്നു വിത്തുമുതൽ വിപണിവരെ ഇടപെടുകയും ചെയ്തു. പ്രളയത്തിൽ അടിഞ്ഞുകടിയ മണ്ണും മറ്റും നീക്കം ചെയ്യുന്നതിനും ചാലുകളും തോടുകളും വൃത്തിയാക്കുന്നതിനും പമ്പുസെറ്റുകളും പെട്ടി പറ മുതലായവ നന്നാക്കുകയോ പുന:സ്ഥാപിക്കുകയോ ചെയ്യുന്നതിനും ബണ്ടുകൾ നന്നാക്കുന്നതിനും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു. ഊർജ്ജിത മണ്ണുപരിശോധനാ കാമ്പയിനുകൾ സംഘടിപ്പിച്ചു. 100% സബ്സിഡിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഗുണമേന്മയുള്ള നെൽവിത്ത് വിതരണം ചെയ്തു. എല്ലാ ഉല്പാദനോപാധികളും യഥാസമയം ലഭ്യമാക്കുന്നതിനും സാധിച്ചു. കീടരോഗ നിയന്ത്രണത്തിനും കൃഷി ഉദ്യോഗസ്ഥർ കർഷകരോടൊപ്പം നിന്നു.

മണ്ണിനുണ്ടായ മാറ്റവും കൃഷി വകുപ്പിന്റെ സാങ്കേതിക ഇടപെടലുകളും സയബന്ധിതമായി നൽകിയ ഉല്പാദനോപാധികളും കാരണം നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുകയുണ്ടായി.

(ഡി) 2017-18 സാമ്പത്തിക വർഷത്തിലെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം മിനി റൈസ് മില്ലുകളും നെല്ല് പുഴുങ്ങികുത്തി അരിയും അരി ഉല്പന്നങ്ങളുമാക്കി വിപണനം നടത്തുന്ന പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനു പദ്ധതിയധിഷ്ഠിതമായി ആനുകൂല്യം

നൽകിയിരുന്നു. പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകി. അപ്രകാരം കാസർഗോഡ് 121, കണ്ണൂർ 228, എറണാകുളം 15, മലപ്പുറം 40, തൃശ്ശൂർ 8, പാലക്കാട് 3 എന്നിങ്ങനെ 415 മിനി റൈസ് മില്ലുകളും, കോഴിക്കോട് 3, കൊല്ലം 2, ആലപ്പുഴ 7, പാലക്കാട് 3, കോട്ടയം 1 എന്നിങ്ങനെ 16 പ്രോസസ്സിംഗ് യൂണിറ്റുകളും സ്ഥാപിച്ചു.

നടപ്പുവർഷം റൈസ് മില്ലുകളും പ്രോസസ്സിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വയനാട്ടിലും കോഴിക്കോട്ടും ഓരോ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## അടുക്കളത്തോട്ടങ്ങൾ

22 (5046) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വീടുകളിൽ അടുക്കളത്തോട്ടങ്ങൾ വർദ്ധിപ്പിച്ച് പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; പദ്ധതികൾ നിലവിലുണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സൗജന്യ നിരക്കിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് പച്ചക്കറി കൃഷി വ്യാപകമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിദ്യാലയങ്ങൾ വഴി വിത്തുകൾ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കുമോ;

(സി) നല്ലയിനം പച്ചക്കറി വിത്തുകൾ കൂടുതലായി ഉത്പാദിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വീടുകളിൽ അടുക്കളത്തോട്ടങ്ങളുടെ നിർമ്മാണത്തിനും നമുക്ക് ആവശ്യമായ പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പിൽത്തന്നെ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതിയിൽ മുഖ്യ ഘടകങ്ങളായി " വീട്ടുവളപ്പിലെ പച്ചക്കറി കൃഷി/ഓണത്തിന് ഒരു മുറം പച്ചക്കറി, മട്ടുപ്പാവിലെ പച്ചക്കറി കൃഷി " എന്നിവ നടപ്പിലാക്കി വരുന്നു.

<u>വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി/ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി</u> - വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കരഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും, 160 ലക്ഷം പച്ചക്കറി

തൈകളും, സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഇതിനായി 10 കോടി രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 120 ലക്ഷം രൂപയുടെ പച്ചക്കറി വിത്തുപായ്ക്കറ്റുകൾ മാധ്യമങ്ങൾ മുഖേനയും വി.എഫ്.പി.സി.കെ. വഴിയും സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

മട്ടുപ്പാവ് കൃഷി /ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി- സ്ഥലപരിമിതിയുള്ള നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 39000 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 585 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർകൃഷിക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200 രൂപ സബ്സിഡി നൽകിവരുന്നു. ഇതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണത്തിനായി ചെറുകിട/മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയും വീടുകളിലും ഫ്ലാറ്റുകളിലും ഉള്ള മലിനജലം സംസ്കരിച്ച് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ചെറുകിട തുള്ളിനന/തിരിനന/യൂണിറ്റുകൾ സ്ഥാപിച്ചും റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ചും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) അടുക്കളത്തോട്ടങ്ങൾ/വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും, 160 ലക്ഷം പച്ചക്കറി തൈകളും, സ്കൂൾ കുട്ടികൾ, കർഷകർ,

വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. മാധ്യമങ്ങൾ മുഖേന 120 ലക്ഷം രൂപയുടെ പച്ചക്കറി വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. വഴിയും സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറികൃഷി ചെയ്യുന്നതിനും, ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകത്തിൽ ഉൾപ്പെടുത്തി ഓരോ വർഷവും സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകിവരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1,000 രൂപ പ്രവർത്തന ചെലവായും നല്കിവരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്/കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു. ഈ സാമ്പത്തിക വർഷം ഇതിലേയ്ക്കായി 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഘടകത്തിൽ 170 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം പച്ചക്കറിവിത്തുകൾ, തൈകൾ എന്നിവ 33 സംസ്ഥാന വിത്തുല്പാദനകേന്ദ്രങ്ങൾ, 13 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ, 8 കോക്കനട്ട് നഴ്സറികൾ എന്നിവ മുഖേന ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ ഉത്പാദിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു;

1. സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിലൂടെ പച്ചക്കറി വിത്ത്/തൈകൾ എന്നിവയുടെ ഉത്പാദനം: പ്രധാനമായും നെൽവിത്തും, പച്ചക്കറി വിത്തും തൈകളുമാണ് സംസ്ഥാനത്തുള്ള 33 വിത്തുല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്നത്, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകിളിൽ ഇത്തരത്തിൽ രണ്ട് ഫാമുകൾ വീതമുണ്ട്. പാലക്കാട് ജില്ലയിൽ അഞ്ചും, മലപ്പുറം ജില്ലയിൽ മൂന്നും, തൃശ്ശൂർ ജില്ലയിൽ ആറും, ഇടുക്കി ജില്ലയിൽ ഒന്നും വിത്തുല്പാദന കേന്ദ്രങ്ങളിലൂടെ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

2. നടീൽ വസ്തുക്കളുടെ ഉത്പാദനം (കുരുമുളക് തൈകൾ ഉൾപ്പെടെ): സംസ്ഥാനത്തെ 9 ജില്ലാ ഫാമുകളിലൂടെയും, 13 സ്പെഷ്യൽ ഫാമുകളിലൂടെയും ഗുണമേന്മയുള്ള വിവിധയിനം പച്ചക്കറി തൈകൾ, തൈകൾ എന്നിവയുടെ ഉത്പാദനവും വിതരണവും നടത്തിവരുന്നു.

നല്ലയിനം പച്ചക്കറി വിത്തുകൾ കൂടുതലായി ഉത്പാദിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പച്ചക്കറി വിത്തുൽപ്പാദന പദ്ധതി.

ജനിതകശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ഒരു സീഡ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. ഈ വിത്ത്, സംസ്കരണശാലയിലെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്.

2. നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപ്പാദനവും വിതരണവും

ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉൽപ്പാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുമുള്ള ഒരു പ്രത്യേക പദ്ധതിക്കും കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2018 സാമ്പത്തിക വർഷം ഇരുപത്തെട്ടോളം നാടൻ ഇനങ്ങളുടെ പ്രദർശനത്തോട്ടം ഒരുക്കുകയും അവയിൽ നിന്നും ആവശ്യകത ഏറെയുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് വിത്തുൽപാദനത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## ജൈവ വൈപ്പിൻ പദ്ധതി

23 (5047) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാമെന്ന് വിശദമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നബാർഡ് RIDF XX സ്കീമിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ അനുവാദം ലഭ്യമായ ജൈവ വൈപ്പിൻ പദ്ധതിക്ക് Kerala Coastal Zone Management Authority (KCZMA)-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി National Centre for Earth Science Studies (NCESS) മുഖാന്തരം CRV സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കെ.എൽ.ഡി.സി. സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർപോയിന്റ് പ്രസന്റേഷൻ നടത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 9-5-2019-ൽ KCZMA മുമ്പാകെ പ്രസന്റേഷൻ അവതരിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ (KCZMA)-യുടെ അജണ്ട നമ്പർ 102.03.07 പ്രകാരമുള്ള അനുമതികൾ കൂടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ തുടർ പഠനം നടത്തി Environmental Impact Assessment (EIA) and Environmental Management Plan (EMP) റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.06.2019-ൽ ചേർന്ന യോഗത്തിൽ KITCO-യെ ചുമതലപ്പെടുത്തിയിരുന്നു. EIA പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് SEIAA (State Environment Impact Assessment Authority) അംഗീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തിലെ മഴയും വെള്ളപ്പൊക്കവുംമൂലം EIA പഠനത്തിന്റെ ഭാഗമായുള്ള സാംപിൾ ശേഖരണം തടസ്സപ്പെട്ടുവെങ്കിലും EIA പഠനം പൂർത്തീകരണ ഘട്ടത്തിലാണ്.

ഇതുമായി ബന്ധപ്പെട്ട മറ്റ് സാങ്കേതിക വിവരങ്ങൾ ശേഖരിക്കുവാൻ ഹൈഡ്രോഗ്രാഫിക് സർവ്വേ വകുപ്പിന്റെ സഹായവും തേടിയിട്ടുണ്ട്. ഡ്രെഡ്ജ് മെറ്റീരിയൽ സൂക്ഷിക്കുന്നതിനായി CPT (Cochin Port Trust)-യുടെ സ്ഥലത്ത് സ്ഥിരമായി മണ്ണിടുന്നതിന് അനുമതി നല്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിനായി സൗജന്യമായി മണ്ണ് നല്കണമോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്.

(സി) KCZMA നിർദ്ദേശിച്ചിട്ടുള്ള അനുമതികൾ KITCO മുഖാന്തരം ലഭ്യമാകുന്ന മുറയ്ക്ക്, KCZMA -യുടെ സ്റ്റോപ് മെമ്മോ പിൻവലിക്കാനാവുന്നതും, അതോടൊപ്പം ടി പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനില്ക്കുന്ന കേസും തീർപ്പായതിനുശേഷം പദ്ധതി പുനരാരംഭിക്കാനാവുമെന്നും പ്രതീക്ഷിക്കുന്നു.

**ജൈവ പച്ചക്കറിയുടെ ഗുണനിലവാരം**

24 (5048) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ പച്ചക്കറി എന്ന നിലയിൽ വിതരണം ചെയ്യുന്ന പച്ചക്കറികളുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാർഷികയിടങ്ങളിൽ അനിയന്ത്രിതമായ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് തടയാൻ നടപടികൾ ഉണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള മറ്റ് രണ്ടു ലബോറട്ടറികൾകൂടി പ്രവർത്തനസജ്ജമാണ്. ഇവയിൽ ഒന്ന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലും മറ്റൊന്ന് പടന്നക്കാട് കാർഷിക കോളേജിലുമാണ് പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനങ്ങൾവഴി അന്യസംസ്ഥാനത്തുനിന്ന് എത്തുന്ന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ബി) കൃഷിയിടങ്ങളിൽ അനിയന്ത്രിതമായ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് തടയാൻ ജൈവകൃഷി പ്രോത്സാഹിപ്പിച്ച് സുരക്ഷിത ഭക്ഷണം

ആഭ്യന്തര ഉപഭോഗത്തിന് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇക്കോഷോപ്പുകളിലൂടെ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇക്കോഷോപ്പുകളിലൂടെ വിറ്റഴിക്കുന്ന പച്ചക്കറികൾ പരിശോധിച്ചതിൽ (കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിലുള്ള അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിച്ചത് പ്രകാരം) കീടനാശിനിയുടെ അളവ് ഗണ്യമായി കുറഞ്ഞത് ശ്ലാഘനീയമായ വസ്തുതയാണ്. പരിശോധന സംബന്ധിച്ച കേരള കാർഷിക സർവ്വകലാശാലയുടെ 46-ാമത് റിപ്പോർട്ട് (2019 ജൂൺ) ഇത് വിശദമാക്കുന്നുണ്ട്.

കൂടാതെ നിരോധിച്ച കീടനാശിനികളുടെ വില്പന, ഉപയോഗം എന്നിവ തടയുന്നതിനും നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പന നടക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനും കൃഷി ഓഫീസർമാർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ കീടനാശിനികളുടെ ഉത്പാദനം മൊത്ത/ചില്ലറ വിതരണം എന്നിവ നിയന്ത്രിക്കുന്നതിന് 1968-ലെ ഇൻസെക്ടിസൈഡ് ആക്ടിലെ നിബന്ധനകൾ പാലിച്ച് ലൈസൻസ് നൽകുന്ന നടപടികളും സംസ്ഥാന തലങ്ങളിലും ജില്ലാ തലങ്ങളിലും സ്വീകരിച്ചിട്ടുമുണ്ട്. കീടനാശിനി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിവിധ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്കും കർഷകർക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും നല്ല കൃഷിമുറകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കർഷകർക്കും കർഷക ത്തൊഴിലാളികൾക്കും 'കീടനാശിനികളുടെ സുരക്ഷിത ഉപയോഗം ' സംബന്ധിച്ച പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

**ജൈവ കാർഷിക കേരളം**

25 (5049) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവ കാർഷിക കേരളം പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ ഘട്ടംഘട്ടമായി ജൈവകൃഷിയിലേയ്ക്ക് മാറ്റുന്നതിന് 2010-ൽ ജൈവ കാർഷിക നയം പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 2011-12

മുതൽ 2014-15 വരെ കാസർഗോഡ് ജില്ലയിൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപിപ്പിക്കുകയും തുടർന്ന് 2015-16 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ എല്ലാ ജില്ലകളിലും ജൈവകൃഷിയും ഉത്തമ കൃഷിമുറകളും നടപ്പിലാക്കിയും വരുന്നു. പ്രധാനമായും പഴം, പച്ചക്കറി വിളകളിലാണ് 'ജൈവകൃഷിയും ഉത്തമകൃഷിമുറകളും' നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ</u>

15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപ ധനസഹായം നല്കുന്നു.

2. <u>ഇക്കോഷോപ്പുകൾ</u>

241 ഇക്കോഷോപ്പുകൾ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

3. <u>ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u>

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. <u>കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ</u>

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നു.

5. <u>കുട്ടനാട് ജി.എ.പി. പദ്ധതി</u>

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി -ആവാസവ്യവസ്ഥകൾക്ക് അനുസൃതമായി നെൽകൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിയ്ക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി.

6. <u>സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്</u>

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷിചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കി വരുമാനവർദ്ധനവ് ഉണ്ടാക്കുന്നതിന് കർഷകരെ സജ്ജമാക്കുന്നതിന്റെ ഭാഗമായി സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിന്റെ നേതൃത്വത്തിൽ സംസ്ഥാനതല ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ മുഖേന കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി കർഷകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.

## ജൈവകൃഷി പരിപോഷിപ്പിക്കുന്നതിന് നടപടി

26 (5050) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള പച്ചക്കറികളും പഴങ്ങളും പൊതുജനങ്ങൾക്ക് വിലക്കുറവിൽ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹോർട്ടികോർപ്പിന്റെ പഴം പച്ചക്കറി വിപണന കേന്ദ്രം വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കൽപ്പറ്റ മണ്ഡലത്തിൽ ഗുണനിലവാരമുള്ള പഴങ്ങളും പച്ചക്കറികളും വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഹോർട്ടികോർപ്പിന്റെ വിപണനകേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗുണനിലവാരമുള്ള പച്ചക്കറികളും പഴങ്ങളും പൊതു ജനങ്ങൾക്ക് വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി ഹോർട്ടികോർപ്പ് സംസ്ഥാനത്തുടനീളം സസ്യസൂപ്പർമാർക്കറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ കീഴിൽ 98 സ്വന്തം സ്റ്റാളുകളും 257 ഫ്രാഞ്ചൈസി സ്റ്റാളുകളും പ്രവർത്തിച്ചുവരുന്നു. ഈ സ്റ്റാളുകളിലൂടെ കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക വിപണികൾ എന്നിവിടങ്ങളിൽനിന്നും പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു.

(ബി) ഹോർട്ടികോർപ്പിന്റെ സംഭരണ കേന്ദ്രം, വയനാട് ജില്ലയിലെ അമ്മായി പാലത്ത് പ്രവർത്തിച്ചുവരുന്നു. സുൽത്താൻബത്തേരിയിൽ ഒരു വിപണന കേന്ദ്രവും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) കൽപ്പറ്റ മണ്ഡലത്തിൽ ഹോർട്ടികോർപ്പ് പച്ചക്കറി വിപണന കേന്ദ്രം ആരംഭിക്കുവാൻ സന്നദ്ധമാണ്. അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

## ജൈവോല്പാദന വിപണനത്തിനായി ക്ലസ്റ്റർ മാർക്കറ്റുകൾ

27 (5051) <u>ശ്രീ. രാജു എബ്രഹാം</u>:
<u>ശ്രീ. പുരുഷൻ കടലുണ്ടി</u>:
<u>ശ്രീ. ബി. സത്യൻ</u>:
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷി രീതികൾ അവലംബിക്കുന്ന കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് നേരിട്ടുള്ള വിപണനം നടത്തുന്നതിനായി ക്ലസ്റ്റർ മാർക്കറ്റുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി കേരള ഓർഗാനിക് എന്ന ബ്രാൻഡ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. പൂർണ്ണമായും ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകളും ജൈവ ക്ലസ്റ്ററുകളുടെ നേരിട്ടുള്ള വിപണികളും ആരംഭിച്ചിട്ടുണ്ട്.

ജിഎപി സർട്ടിഫിക്കേഷനോടുകൂടിയ തെരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച്, ഗ്രേഡ് ചെയ്ത് " കേരള ഓർഗാനിക്" ലേബലോടുകൂടിയ " സുരക്ഷിത പച്ചക്കറികൾ" പരിസ്ഥിതി സൗഹൃദമായ പായ്ക്കറ്റുകളിലാണ് വിപണനം നടത്തുന്നത്. ഇത്തരം ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ജൈവ ക്ലസ്റ്ററുകളുടെ നേരിട്ടുള്ള വിപണി വഴിയും ഇക്കോഷോപ്പ് വഴിയും വിപണനം നടത്തുന്നുണ്ട്. നിലവിൽ ഇത്തരം 241 ഇക്കോഷോപ്പുകളും 32 നേരിട്ടുള്ള വിപണികളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പിന്റെ വിൽപ്പനശാലകൾ വഴി കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്ന വിഷരഹിത പച്ചക്കറികൾ പ്രത്യേക ലേബലിൽ വിറ്റഴിക്കുന്നുണ്ട്.

## ജൈവ കാർഷികോൽപ്പന്ന വിപണികളിലെ നിരീക്ഷണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് നടപടി

28 (T* 5052) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും ജൈവം എന്ന് അവകാശപ്പെട്ട് ജൈവ ഭക്ഷ്യോൽപ്പന്നങ്ങൾ വില്പന നടത്തുന്ന ഏതാനും ബ്രാന്റുകളിൽ കൂമിൾ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജൈവ ഭക്ഷ്യോല്പാദകർക്ക് ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ ലഭിക്കുന്നതിന് തങ്ങളുടെ ഉല്പന്നങ്ങൾ കീടനാശിനി മുക്തമാണെന്ന് സംരംഭകർ തന്നെ പരിശോധനാ റിപ്പോർട്ട് നൽകണമെന്ന നിബന്ധന ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജൈവ കാർഷികോൽപ്പന്ന വിപണികളിൽ നിരീക്ഷണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് പരിശോധന നടത്തുവാൻ കൃഷി വകുപ്പിന്റെ സേവനം കൂടി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിന്റെ നേതൃത്വത്തിൽ ശേഖരിച്ച ജൈവം ഉൾപ്പെടെയുള്ളവയിൽ കീടനാശിനി സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ജൈവ ഭക്ഷ്യോല്പാദകർക്ക് ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. ജൈവ ഭക്ഷ്യോല്പാദകർക്ക് ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ നല്കുന്നതിന് സഹായകരമായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജൈവ ക്ലസ്റ്ററുകളെയും ജൈവ കർഷകരെയും FSSAI-യുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനും മാരകമായ കീടനാശിനികൾ ഒഴിവാക്കി ജൈവ കീടനാശിനികളുടെ ഉപയോഗം, പ്രയോഗ രീതികൾ എന്നിവ സംബന്ധിച്ച് കർഷകർക്കായുള്ള പരിശീലന പരിപാടികളും, കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയും, കൂട്ടായ IEC (Information Education Communication) പ്രവർത്തനങ്ങളിലൂടെ പൊതു ജനങ്ങൾക്കും ഭക്ഷ്യസംരംഭകർക്കും കർഷകർക്കും അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) ജൈവ കാർഷികോല്പന്ന വിപണിയിൽ നിരീക്ഷണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് കൃഷി വകുപ്പ് ജൈവകൃഷിയും ഉത്തമകൃഷിമുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നു.

മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. റിപ്പോർട്ടുകളിൽ നിന്നും അനുവദനീയമായ അളവിലും (MRL) കൂടുതൽ കീടനാശിനി അവശിഷ്ടം ഉല്പന്നങ്ങളിൽ അടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നു. ഇതു പൊതുജനങ്ങളെയും കർഷകരെയും ബോധവൽക്കരിക്കുന്നതിന് സഹായകരമാകുന്നുണ്ട്.

കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന PKVY ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ APEDA അംഗീകാരമുള്ള ലാബുകളിൽ പഴം, പച്ചക്കറി, ഉൾപ്പെടെ 350-ലധികം സാമ്പിളുകൾ 2019-ൽ പരിശോധിക്കുകയും കീടനാശിനി വിമുക്തമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

## വിഷരഹിത പച്ചക്കറി ഉല്പാദനം

29 (5053) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ വിഷരഹിരത പച്ചക്കറി കൃഷി ഉൽപാദനത്തിൽ എന്തുമാത്രം നേട്ടം ഉണ്ടായിട്ടുണ്ടെന്ന് 2016 മുതലുള്ള വിശദാംശം ഉൾപ്പെടെ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ മാർക്കറ്റുകളിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളിൽ അനുവദനീയമായ അളവിൽ മാത്രമേ കീടനാശിനികളും മറ്റ് വിഷാംശങ്ങളും ഉള്ളൂ എന്ന പരിശോധനകൾ നടത്തുന്നതിനുള്ള ലാബുകൾ, മൊബൈൽ ലാബുകൾ എന്നിവ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

   25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകുന്നത്.

2. ഇക്കോഷോപ്പുകൾ

   241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നു.

5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

6. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.

7. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി കർഷകർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം സജ്ജമാക്കിയിട്ടുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

" സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിനും സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിന്റെ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. കുട്ടനാട് ജി.എ.പി പദ്ധതി

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി-ആവാസ വ്യവസ്ഥകൾക്ക് അനുസൃതമായി നെൽ കൃഷിയിൽ നല്ല കൃഷിമുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി.

10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)

60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്.

(ബി) വിഷരഹിത പച്ചക്കറി കൃഷി ഉല്പാദനത്തിൽ 2016 മുതൽ ഉണ്ടായിട്ടുള്ള ജില്ലാടിസ്ഥാനത്തിലുള്ള നേട്ടം അനുബന്ധമായി* ചേർക്കുന്നു.

(സി) പച്ചക്കറികളിൽ അനുവദനീയമായ അളവിൽ മാത്രമേ കീടനാശിനികളും മറ്റ് വിഷാംശങ്ങളും ഉള്ളൂ എന്ന് പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

പഴം, പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് നിലവിൽ മൊബൈൽ ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം

30 (5054) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറികളിൽ നിന്ന് നിശ്ചിത ഇടവേളകളിൽ സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തുന്നതിന് വകുപ്പിന്റെ കീഴിൽ സ്ഥിരം സംവിധാനം നിലവിൽ ഉണ്ടോ;

(ബി) ഇങ്ങനെയുള്ള പഠനത്തിന്റെ ഭാഗമായി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാറുണ്ടോ; അവസാനമായി റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് എന്നാണ്; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജ്, വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം, പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ, എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

14-10-2019-ൽ പ്രസിദ്ധീകരിച്ച 46-മത് റിപ്പോർട്ടാണ് അവസാനത്തേത്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് www.kerala.gov.in എന്ന വെബ്സൈറ്റിലെ General Reports എന്ന ഭാഗത്ത് " Pesticide Residue Research and Analytical Laboratory-Production and marketing of " Safe to Eat" vegetables for sale through government outlets" -Report No.46" എന്ന ശീർഷകത്തിൽ ലഭ്യമാണ്. www.kerala.gov.in -General Reports)

## നെല്ല് സംഭരിച്ച ഇനത്തിൽ കൃഷിക്കാർക്ക് സംഭരണ വില

31 (5055) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ നെല്ല് സംഭരിച്ച ഇനത്തിൽ കൃഷിക്കാർക്ക് സംഭരണ വില ഇനിയും നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

2018-19 സീസണിൽ സപ്ലൈകോ പാലക്കാട് ജില്ലയിൽ നിന്നും 2.47 ലക്ഷം മെട്രിക് നെല്ല് സംഭരിച്ച വകയിൽ 611.61 കോടി രൂപ കർഷകർക്ക് നാളിതുവരെ പി.ആർ.എസ്. വായ്പാ ഇനത്തിലും ഡയറക്ട് പേമെന്റ് ഇനത്തിലും നല്കിയിട്ടുണ്ട്. 15.82 കോടി രൂപയാണ് ഇനി നൽകുവാൻ ബാക്കിയുള്ളത്.

**പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധനവ്**

32(5056) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ നെൽകൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന കാലയളവിനുള്ളിൽ പാലക്കാട് ജില്ലയിൽ 13,930.59 ഹെക്ടർ കൃഷി വർദ്ധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 62592.6 ഹെക്ടർ ഉണ്ടായിരുന്ന നെൽകൃഷി 2017-18 -ൽ 76294.6117 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, 2018-19 -ൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തെ തുടർന്ന് നെൽകൃഷി 70919.9098 ഹെക്ടർ ആയി കുറഞ്ഞിരുന്നു. 5444.8 ഹെക്ടർ നെൽകൃഷി പ്രളയത്തിൽ നഷ്ടപ്പെട്ടതിനാലാണ് വിസ്തൃതി കുറഞ്ഞത്. 2019-20 സാമ്പത്തിക വർഷം വിരിപ്പും മുണ്ടകനും കൂടി 76523.19 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്.

(ബി) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി കഴിഞ്ഞ മൂന്ന് വർഷങ്ങളിലും നടപ്പാക്കിയിരുന്നു. സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും, സവിശേഷ നെല്ലിനങ്ങളുടെ കൃഷിക്ക് ഹെക്ടറിനു 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകിവരുന്നു. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5,400 രൂപയും സൂക്ഷ്മമൂലകങ്ങൾ നല്കുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിനു 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD-NMSA ആർ.കെ.വി.വൈ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

കർഷകരിൽ നിന്നും സപ്ലൈകോ മുഖേന കിലോയ്ക്ക് 26.95 രൂപ നൽകി നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ ഭക്ഷ്യ പൊതു വിതരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രളയംപോലുള്ള സാഹചര്യത്തിൽ പൂർണ്ണനഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും കർഷകന് ലഭിക്കും, പ്രകൃതിക്ഷോഭംകൊണ്ടുള്ള കൃഷിനാശത്തിന് ഇൻഷ്വർ ചെയ്ത വിളകളാണെങ്കിൽ നെല്ലിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000 രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നു. കീടരോഗബാധ കൃഷിഭവനിൽ അറിയിച്ച് ആവശ്യമായ പ്രതിരോധ നടപടികൾ എടുത്തതിനുശേഷവും കീടരോഗ ആക്രമണമുണ്ടായാൽ നഷ്ടപരിഹാര തുകയ്ക്ക് അർഹതയുണ്ട്. നെൽകൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിൽ അധികം നാശനഷ്ടം ഉണ്ടായാൽ ആയത് പൂർണ്ണ നാശനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകും.

## നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

33(5057) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ ഫലമായി എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) നെൽകൃഷിക്കാർക്ക് ഇതിന്റെ ഭാഗമായി വന്നുചേർന്നിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി കഴിഞ്ഞ മൂന്നു വർഷങ്ങളിലും നടപ്പാക്കിയിരുന്നു. സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടൊറൊന്നിന് 5,500 രൂപയും, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിനു ഹെക്ടറിനു 10,000 രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000 രൂപയും, കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകിവരുന്നു. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിനു 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിനു 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി, RAD-NMSA, ആർ.കെ.വി.വൈ. എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

നെൽകൃഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരമാവധി തരിശുഭൂമി നെൽകൃഷിയിലേക്ക് കൊണ്ടുവരുന്നതിനു നടപടികൾ സ്വീകരിച്ചിരുന്നു. തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000 രൂപയും, രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയും ധനസഹായമായി നൽകുന്നു. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വിതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനിലം കൃഷിയിലേക്ക് കൊണ്ടുവന്നു.

കൂടാതെ കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു. അതിനായി ഹെക്ടറിന് 13600 രൂപ സബ്സിഡി നൽകിവരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 7715.20406 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു.

ഈ നടപടികളുടെ ഫലമായി 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് 2017-18-ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവുണ്ടായതിനു ആനുപാതികമായി ഉല്പാദനത്തിലും വർദ്ധനവുണ്ടായി. 2015-16-ൽ 858242 മെട്രിക് ടൺ നെല്ലായിരുന്നു ഉല്പാദിപ്പിച്ചത്. 2018-19-ൽ പ്രകൃതിക്ഷോഭം കാരണം വിസ്തൃതിയിൽ 35,000 ഹെക്ടറിൽ കുറവുണ്ടായിട്ടും 864143.98 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കാൻ സാധിച്ചു. ഉല്പാദനം വർദ്ധിച്ചതിലൂടെ കർഷകരുടെ വരുമാനവും വർദ്ധിച്ചു. കർഷകരിൽ നിന്നും സപ്ലൈകോ മുഖേന കിലോയ്ക്ക് 26.95 രൂപ നൽകി നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ ഭക്ഷ്യ പൊതു വിതരണ വകുപ്പ് സ്വീകരിച്ചു വരുന്നു.

**ബ്ലാന്തേവർ പാടശേഖരത്തിലെ തോട് സംരക്ഷണപ്രവൃത്തി**

34(5058) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ ബ്ലാന്തേവർ പാടശേഖരത്തിൽ തോട് സംരക്ഷണപ്രവൃത്തിക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നറിയിക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ഫണ്ട് ഇല്ലെങ്കിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ബ്ലാന്തേവർ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XXII, XXIII എന്നീ ഘട്ടങ്ങളിൽ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും സെക്ടറൽ അലോക്കേഷന്റെ പരിമിതിമൂലം ഭരണാനുമതി നൽകിയിട്ടില്ല. ടി പദ്ധതി ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ച് പാടശേഖര സമിതിയുമായി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## നെൽകർഷകരെ സഹായിക്കുന്നതിനായി പ്രത്യേക പാക്കേജ്

35(5059) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെൽകർഷകർക്കുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) കാലവർഷവുമായി ബന്ധപ്പെട്ട് നെല്ലുല്പാദനത്തിൽ എത്ര ശതമാനം കുറവാണ് വന്നിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നെൽകർഷകർക്കുണ്ടായ ഭീമമായ നഷ്ടം കണക്കിലെടുത്ത് കർഷകരെ സഹായിക്കുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ;

(ഡി) നിലവിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലമുണ്ടായ കൃഷിനാശത്തിന്റെ വിവരങ്ങൾ ഓരോ ജില്ലയും സ്മാർട്ട് software വഴി നല്കിക്കൊണ്ടിരിക്കുകയാണ്. 15.10.2019 വരെയുള്ള കണക്കുപ്രകാരം കാലവർഷക്കെടുതിയിൽ 18664.30 ഹെക്ടർ നെൽകൃഷി നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ബി) കാലവർഷവുമായി ബന്ധപ്പെട്ട് നെല്ലുല്പാദനത്തിൽ കുറവു വന്നിട്ടില്ല. മാത്രമല്ല, ഉല്പാദനക്ഷമതയിലെ വർദ്ധനവുകാരണം ഉല്പാദനം വർദ്ധിക്കുകയാണ് ചെയ്തത്.

പ്രളയശേഷം കുട്ടനാടൻ മേഖലയിൽ മണ്ണിന്റെ അമ്ലതയും ലവണാംശവും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ തരത്തിൽ ആകുകയും പ്രളയജലത്തോടൊപ്പം വന്നടിഞ്ഞ എക്കലിന്റെ സാന്നിദ്ധ്യംകൊണ്ട് ജൈവിക കാർബണിന്റെ അളവും ജൈവാംശവും വർദ്ധിക്കുകയും ചെയ്തതിനാൽ നെൽകൃഷിക്ക് ഗുണകരമായ ഫലമുണ്ടായി. നെല്ലിന്റെ ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിച്ചു.

മണ്ണിനുണ്ടായ മാറ്റത്തോടൊപ്പം പ്രളയശേഷമുള്ള നെൽകൃഷി പുനരുജ്ജീവന പ്രവർത്തനത്തിൽ കൃഷിവകുപ്പ് കർഷകരോടൊപ്പം തോളോടുതോൾ ചേർന്ന വിത്തുമുതൽ വിപണിവരെ ഇടപെടുകയും ചെയ്തു. പ്രളയത്തിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റും നീക്കം ചെയ്യുന്നതിനും ചാലുകളും തോടുകളും വൃത്തിയാക്കുന്നതിനും പമ്പുസെറ്റുകളും പെട്ടി പറ മുതലായവ നന്നാക്കുകയോ പുന:സ്ഥാപിക്കുകയോ ചെയ്യുന്നതിനും ബണ്ടുകൾ നന്നാക്കുന്നതിനും കൃഷിവകുപ്പ് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു. ഊർജ്ജിത മണ്ണു പരിശോധനാ കാമ്പയിനുകൾ

സംഘടിപ്പിച്ചു. 100% സബ്സിഡിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഗുണമേന്മയുള്ള നെൽ വിത്ത് വിതരണം ചെയ്തു. എല്ലാ ഉല്പാദനോപാധികളും നിർദ്ദേശാനുസരണം യഥാസമയം ലഭ്യമാക്കുകയും ചെയ്തു. കീടരോഗ നിയന്ത്രണത്തിനും കൃഷി ഉദ്യോഗസ്ഥർ കർഷകരോടൊപ്പം നിന്നു.

മണ്ണിനുണ്ടായ മാറ്റവും കൃഷി വകുപ്പിന്റെ സാങ്കേതിക ഇടപെടലുകളും സമയബന്ധിതമായി നൽകിയ ഉല്പാദനോപാധികളും കാരണം നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുകയുണ്ടായി. 2016-17-ൽ 682004.69 മെട്രിക് ടൺ നെല്ലായിരുന്നു ഉല്പാദിപ്പിച്ചത്. 2017-18-ൽ 814546.88 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19-ൽ പ്രകൃതിക്ഷോഭംമൂലം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 864143.98 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കാൻ സാധിച്ചു. 2016-ലെ ഉല്പാദനത്തെക്കാൾ 26.7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി&ഡി) നെൽകൃഷി ഇപ്പോൾ ലാഭകരമാണ്. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കേര കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

36(5060) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും പ്രധാന വിളയായ കേര കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) സർക്കാർ വക സ്ഥലത്തും പൊതുസ്ഥാപനങ്ങളുടെ വളപ്പിലും കേര വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) നാളികേരം വിളവെടുക്കുന്നതിന് പ്രത്യേകം പരിശീലനം സിദ്ധിച്ചവരുടെ കർമ്മസേനയെ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷിഭവനുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവവഴി സഹായമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരവൃക്ഷത്തെ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ച് കേരകൃഷിയേയും കേരവൃക്ഷങ്ങളെയും സംരക്ഷിക്കുന്നതിന് വിപുലമായ പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിരവരുമാനം ഉറപ്പാക്കുന്നതിനും കേരള വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. തേങ്ങയുടെ ഉത്പാദനവും, തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തിക മാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിക്കുകയുണ്ടായി. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ 2019-20 മുതൽ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കരിക്കിനും, കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും തെങ്ങുകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിച്ച് ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

തെങ്ങുകൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ നടത്തുന്നതിലേക്കായി പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

നാളികേര മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സാധ്യത മനസ്സിലാക്കുന്നതിനും, കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശന സെമിനാറുകൾ കൃഷി വകുപ്പ് എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി. (SFAC) മുഖാന്തരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തെങ്ങുകൃഷിയുടെ വിസ്തൃതി വരുന്ന 10 വർഷംകൊണ്ട് 1.44 ലക്ഷം ഹെക്ടർ കൂടി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിൽ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതും ആരംഭഘട്ടത്തിൽ തൃശ്ശൂർ-പൊന്നാനി കോൾ പാടങ്ങളിലെ സർക്കാർ അധീനതയിലുള്ള ബണ്ടുകളിൽ 4-5 മാസം പ്രായമുള്ള തെങ്ങിൻതൈകൾ നട്ടുപരിപാലിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതുമാണ്. ഇതിനായുള്ള തൈകൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരളത്തിലെ തെങ്ങുകളിൽ ഉയരം കൂടിയവയുടെ സാന്ദ്രത കൂടുതലായതിനാൽ നാളികേരം വിളവെടുക്കുന്നതിന് കർഷകർ പ്രയാസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് കേരഗ്രാമം പദ്ധതി മുഖേന 2,000 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ മുഖേന 50% സബ്സിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് നൽകിവരുന്നുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കുന്നതിനും, തെങ്ങുകയറ്റ തൊഴിലാളികൾക്ക് പരിശീലനം നല്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. നാളികേരത്തിന്റെ വിളവെടുപ്പ്, തെങ്ങുകളിലെ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി (" ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ) ചങ്ങാതിക്കൂട്ടം എന്ന പേരിൽ ചെറുപ്പക്കാരുടെ ഒരു വിദഗ്ദ്ധ സംഘത്തെ പരിശീലനത്തിലൂടെ സംഘടിപ്പിക്കാൻ കേന്ദ്രനാളികേര വികസന ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവരുടെ സഹായവും നാളികേര വിളവെടുപ്പിന് കർഷകർക്ക് ലഭ്യമാണ്.

(ഡി) കേരകൃഷിയുടെ പ്രാധാന്യവും, കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതും ലക്ഷ്യമിട്ട് 2017-18 വർഷം നാളികേര വർഷമായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ആദിനാട് തെങ്ങുപോലുള്ള കേരളത്തിന്റെ തനത് തെങ്ങിൻതൈകൾ കണ്ടെത്തി ജനിതക വൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനും, കൃഷി വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മങ്കട മണ്ഡലത്തിലെ കേര ഗ്രാമം പദ്ധതി**

37(5061) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ കേര ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം കൃഷിവകുപ്പ് മുഖേന മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ കേര ഗ്രാമം പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും 50,17,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. വാർഡുതല സമിതി രൂപീകരണം, അപേക്ഷ സ്വീകരിക്കൽ എന്നിവ കൃഷി ഭവൻ തലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**നാളികേര ഉല്പാദനം**

38(5062) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രതിവർഷം ഹെക്ടറിന് എത്രയാണ് എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇത് എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അത് നൽകാമോ;

(സി) സംസ്ഥാനത്തെ നാളികേര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനായി എത്ര തുകയാണ് മുടക്കിയത്; 2009-ൽ നാളികേര ഉല്പാദനക്ഷമത ഹെക്ടറിന് എത്രയായിരുന്നു; നിലവിൽ അത് എത്രയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം 2017-18-ലെ സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രതിവർഷം ഹെക്ടറിന് 6878 നാളികേരമാണ്.

(ബി) നാളികേര വികസന ബോർഡിന്റെ 2017-18-ലെ കണക്കുകൾ പ്രകാരം തമിഴ്നാട്-ഹെക്ടറിന് -13637 നാളികേരം, കർണ്ണാടകം-12102 നാളികേരം, ആന്ധ്രാപ്രദേശ്-14038 നാളികേരം എന്നിങ്ങനെയാണ്.

(സി) തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുന്നതിനും, ശാസ്ത്രീയ പരിപാലനമുറകളിലൂടെയും രോഗ-കീട നിയന്ത്രണങ്ങളിലൂടെയും നാളികേര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൃഷിവകുപ്പ് നടപ്പാക്കിവരുന്നു.

തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ പ്രത്യേകിച്ച് ഉയരം കുറഞ്ഞതും സങ്കരയിനത്തിലുമുള്ളവ നടുക, സംയോജിത വളപ്രയോഗം, തെങ്ങിൻ തോപ്പുകളിൽ ഇടവിള കൃഷി, ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക, നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് കേരഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു.

സംസ്ഥാനത്ത് ഉയരം കൂടിയ തെങ്ങിനങ്ങളുടെ കൃഷി ക്രമേണ കുറച്ചുകൊണ്ടുവരുന്നത് ലക്ഷ്യമിട്ട് ഉല്പാദനക്ഷമത ഇല്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനം, പൊക്കം കുറഞ്ഞയിനം തെങ്ങുകൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നല്കിവരുന്നു.

നാളികേര കൃഷിയിലെ വിവിധ പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് 2017-18 വർഷം മുതൽ കൃഷി വകുപ്പ് പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നുണ്ട്. ഗവേഷണ ഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീട-രോഗ നിയന്ത്രണ പരിപാടികൾ സംഘടിപ്പിച്ച് പ്രധാന കീട-രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ക്യാമ്പയിനുകൾ നടപ്പാക്കി വരുന്നു.

കേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടി കേര കൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക. എന്നിവ ലക്ഷ്യമിട്ടു കൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്ത്തല കേര സമിതികൾ, ബ്ലോക്ക് തല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദനക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 10 വർഷംകൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ

ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വിളവെട്ടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയോജിത കിടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേരവികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ " കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതി പ്രകാരം ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ തെങ്ങിൻ തൈകളുടെ വിതരണം നടക്കുന്നുണ്ട്.

കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാവാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻ തൈകൾ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടുകൂടി തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മുടക്കിയ തുക സംബന്ധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | മുടക്കിയ തുക (ലക്ഷത്തിൽ) |
|---|---|
| 2009-10 | 3506.12 |
| 2010-11 | 5956.97 |
| 2011-12 | 9413.23 |
| 2012-13 | 11242.20 |
| 2013-14 | 7821.68 |
| 2014-15 | 3372.56 |
| 2015-16 | 3657.98 |
| 2016-17 | 3803.77 |
| 2017-18 | 4128.74 |
| 2018-19 | 3897.03 |

2008-09 വർഷം സംസ്ഥാനത്ത് നാളികേര ഉല്പാദനക്ഷമത ഹെക്ടറിന് 7365 നാളികേരവും 2009-10 വർഷം ഹെക്ടറിന് 7278 നാളികേരവുമായിരുന്നു. 2017-18-ലെ പ്രസിദ്ധപ്പെടുത്തിയ കണക്കുകൾ പ്രകാരം അത് ഹെക്ടറിന് 6878 നാളികേരമാണ്.

**നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധികൾ**

39(5063) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും നാളികേര കൃഷി സംരക്ഷിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അയൽസംസ്ഥാനങ്ങളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നാളികേര കൃഷി സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നാളികേര മിഷൻ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണ് ഇതുവഴി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയുടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. തേങ്ങയുടെ ഉൽപ്പാദനവും, തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ രൂപീകരിക്കുകയുണ്ടായി. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 2019-20 വർഷം 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ നടപ്പാക്കി വരുന്നു.

തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കരഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമപദ്ധതി നടപ്പാക്കി വരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കരിക്കിനും, കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും, തെങ്ങുകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിച്ച് ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

തെങ്ങുകൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടത്തുന്നതിലേക്കായി പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യത മനസ്സിലാക്കുന്നതിനും, കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശന സെമിനാറുകൾ കൃഷി വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി. (SFAC) മുഖാന്തരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നല്കുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും കേന്ദ്രനാളികേര വികസന ബോർഡ് വിവിധ പദ്ധതികളിലൂടെ സഹായം അനുവദിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ആവിഷ്കരണ പദ്ധതികളും ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും, രോഗം ബാധിച്ചതും ഉൽപാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളിലെ ഉല്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും, വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടെയും, കുറിയ ഇനങ്ങളുടെയും, സങ്കര ഇനങ്ങളുടെയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സഹായിയായതും, വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/ സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിളകൃഷി സമ്പ്രദായം നടപ്പിലാക്കിയും, സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും, ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും, ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും, തെങ്ങിന്റെ സംയോജിത വികസനത്തിനായി " കേരഗ്രാമങ്ങൾ" ആരംഭിക്കുക. സാധ്യമായ എല്ലാ കേരഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും, കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേരകൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേരസമിതികൾ/ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളും തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക

9. വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി " കേര കർമ്മസേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തുന്നതിനായി നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽ നിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന /കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോൽപ്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക.

**നാളികേര സംഭരണത്തിന് ഏർപ്പെടുത്തിയ സംവിധാനം**

40(5064) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസനവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) നാളികേര സംഭരണത്തിന് കൃഷി വകുപ്പ് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരകൃഷിയുടെ വിസ്തീർണ്ണത്തിൽ കേരളം മുന്നിലാണെങ്കിലും പ്രതിഹെക്ടർ നാളികേര ഉൽപ്പാദനം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. നാളികേര വികസനത്തിനായി കഴിഞ്ഞ കാലങ്ങളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയൊന്നും യഥാർത്ഥ ഫലം കാണുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ കേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടി

കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്തുതല കേര സമിതികൾ, ബ്ലോക്ക്തല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻതോട്ടങ്ങളിൽ ഉൽപ്പാദനക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 10 വർഷം കൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നല്കുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019- 20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതി പ്രകാരം ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം 6-7-2019-ന് ബഹു മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു.

കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻ തൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടുകൂടി തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു.

കോൾ നിലയങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചു പിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി കോഴിക്കോട് ജില്ലയിലെ കുത്താളി ഫാമിൽ ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് കേരവെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക്, പൗഡർ, കേരജം, കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും വിപണനം നടത്തിവരുന്നു. കോക്കനട്ട് പ്രോഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡു, നീര വിനെഗർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ " വൈഗ" എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

നാളികേരകൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യവസായ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആഭിമുഖ്യത്തിൽ 2019 നവംബർ 2, 3 തീയതികളിൽ കോഴിക്കോട് വച്ച് അന്താരാഷ്ട്ര നാളികേര സമ്മേളനം സംഘടിപ്പിച്ചിരുന്നു. ആധുനിക കൃഷി രീതികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായുള്ള സാങ്കേതികതയുടെ വികാസം, സമകാലിക വാണിജ്യം, നാളികേര വികസനത്തിനായുള്ള സ്ഥാപന സൗകര്യങ്ങൾ ഒരുക്കൽ എന്നിവ മുഖ്യലക്ഷ്യങ്ങളാക്കി ലോകത്തെ നാളികേരകൃഷി ചെയ്തുവരുന്ന പ്രമുഖ രാജ്യങ്ങളിലെ പ്രതിനിധികളെയും രാജ്യത്തിനകത്തു നിന്നുള്ള ശാസ്ത്രജ്ഞരെയും കർഷകരെയും സംരംഭകരെയും സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ആശയവിനിമയത്തിനും ബിസിനസ് ടു ബിസിനസ് മീറ്റിനും അവസരം നൽകി കോക്കനട്ട് എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി.

(ബി) കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിന് സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനം എടുക്കുകയും കേരഫെഡിനെ പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 25 രൂപയിൽ നിന്നും 27 രൂപയായി ഈ സീസണിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

**നാളികേര കർഷകർക്ക് ധനസഹായത്തിന് നടപടി**

41(5065) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നാളികേരം കൃഷി ചെയ്യുന്നുണ്ടെന്നും പത്തുവർഷം മുൻപ് എത്ര ഹെക്ടറിലായിരുന്നു കൃഷി ഉണ്ടായിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ശരാശരി നാളികേര ഉല്പാദനം പ്രതിവർഷം ഹെക്ടറിന് എത്രയെന്നും പത്തുവർഷം മുൻപ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് നാളികേരം കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം എത്രയെന്നും പത്തുവർഷം മുൻപ് എത്രയായിരുന്നുവെന്നും അറിയിക്കുമോ;

(ഡി) 2018-ലെ മഹാ പ്രളയവും 2019-ലെ പ്രളയവും ഉരുൾപൊട്ടലും കാരണം നാളികേരകൃഷിയിൽ എത്ര കോടി രൂപയുടെ നാശനഷ്ടമുണ്ടായി;

(ഇ) ഇത്തരത്തിൽ നാശനഷ്ടമുണ്ടായ കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വ്യക്തമാക്കുമോ;

(എഫ്) എത്ര നാളികേര കർഷകർക്ക് ഇതിനകം പ്രയോജനം ലഭിച്ചുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ടു വർഷത്തിനകം എത്ര ലക്ഷം തെങ്ങിൻതൈ നട്ടുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2017-18-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ നാളികേര കൃഷി വിസ്തൃതി 7,81,496 ഹെക്ടറും, ശരാശരി നാളികേര ഉല്പാദനം ഹെക്ടറിന് 6889 നാളികേരവുമാണ്. പത്ത് വർഷം മുൻപ് (2009-10) സംസ്ഥാനത്തെ നാളികേര കൃഷി വിസ്തൃതി 7,78,818 ഹെക്ടറും ഉല്പാദനം ഹെക്ടറിന് 7278 നാളികേരവും ആയിരുന്നു.

നിലവിൽ സംസ്ഥാനത്ത് നാളികേരം കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം സംബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകൾ ലഭ്യമല്ലായെങ്കിലും സംസ്ഥാനത്ത് 50 ലക്ഷത്തോളം കർഷകർ തെങ്ങ് കൃഷി ചെയ്യുന്നതായി കണക്കാക്കുന്നു.

(ഡി-എഫ്) 2018-ലെ കാലവർഷത്തിൽ 24,850 ലക്ഷം രൂപയുടേയും 2019-ലെ കാലവർഷത്തിൽ 4585.01 ലക്ഷം രൂപയുടേയും നഷ്ടം നാളികേര കൃഷിയിൽ ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ട്.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം കായ്ഫലമുള്ള ഒരു തെങ്ങിന് 700 രൂപയും കായ്ഫലമില്ലാത്ത തെങ്ങിന് 350 രൂപയും നഷ്ടപരിഹാരം നല്കിവരുന്നു. ഇൻഷ്വർ ചെയ്തിട്ടുള്ള നാളികേര കർഷകർക്ക് വിള ഇൻഷ്വറൻസ് തുകയും 2018 പ്രളയം കാരണമുള്ള നഷ്ടത്തിന് വിതരണം ചെയ്തിട്ടുണ്ട്. SDRF-ൽ നിന്നും ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും ദുരിതാശ്വാസ സഹായധനവും നല്കിവരുന്നു. കൂടാതെ പ്രളയ ബാധിതരായ സംസ്ഥാനത്തെ തെങ്ങുകൃഷി പുനർനടീലിനും പുനരുദ്ധാരണത്തിനുമായി നാളികേര വികസന ബോർഡ് അനുവദിച്ച പദ്ധതിയും കേരകർഷകർക്കായി ജില്ലകളിൽ നടപ്പാക്കിവരുന്നു.

നാളിതുവരെ 24394 നാളികേര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിനായി 270.98 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ നാളികേര കൃഷിയുടെ സമഗ്ര വികസനത്തിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കേരകൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനും അതിലേയ്ക്കായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 75 തെങ്ങിൻ തൈകൾ വീതം വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി " കേരകേരളം സമൃദ്ധ കേരളം" എന്ന പേരിൽ 2019 ജൂലൈ മാസം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. പ്രതിവർഷം 15 ലക്ഷം തൈകൾ വീതം എന്ന തോതിൽ ഭൗതിക ലക്ഷ്യം വച്ചാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേയ്ക്കാവശ്യമായ തൈകൾ കൃഷി വകുപ്പ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, കേരള കാർഷിക സർവ്വകലാശാല വന്നിവ മുഖേന ഉല്പാദിപ്പിച്ച് കർഷകന് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. നെടിയ ഇനം, കുറിയ ഇനം, ഹൈബ്രിഡ് എന്നീ ഇനങ്ങൾ 60:20:20 അനുപാതത്തിൽ 50% വിലയ്ക്കാണ് കർഷകർക്ക് നല്കുന്നത്. ആദ്യവർഷമായ 2019-20-ൽ കേരഗ്രാമങ്ങളായ 300 പഞ്ചായത്തുകളിലും അല്ലാതുള്ള 200 തെരഞ്ഞെടുത്ത പഞ്ചായത്തുകളിലുമായി ആകെ 500 പഞ്ചായത്തുകളിൽ 5.82 ലക്ഷം തെങ്ങിൻ തൈകൾ നടുന്നതിനും തൈകളുടെ ഉല്പാദനം വർദ്ധിപ്പിച്ച് വരും വർഷങ്ങളിൽ പ്രതിവർഷം 15 ലക്ഷം തൈകൾ വീതം നടുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**കേരഗ്രാമം പദ്ധതി**

42(5066) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകളുടെ, നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു:

| നിയോജക മണ്ഡലം | പഞ്ചായത്ത് |
|---|---|
| പാറശ്ശാല | പാറശ്ശാല, പെരുങ്കടവിള, കൊല്ലയിൽ |
| ചിറയിൻകീഴ് | കിഴുവിലം, കഠിനംകുളം |
| ആറ്റിങ്ങൽ | മുദാക്കൽ, കരവാരം |
| വർക്കല | ഇലകമൺ |
| കാട്ടാക്കട | കാട്ടാക്കട |
| അരുവിക്കര | ആര്യനാട്, ഉഴമലയ്ക്കൽ |
| നെയ്യാറ്റിൻകര | അതിയന്നൂർ |
| നേമം | തിരുവല്ലം, നേമം |
| വാമനപുരം | കല്ലറ |
| നെടുമങ്ങാട് | പോത്തൻകോട് |

**മാവേലിക്കര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

43(5067) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര കൃഷി ഭവനുകൾ മുഖേന കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിക്കായി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ 2016-17 വർഷം തഴക്കര, തെക്കേക്കര കൃഷി ഭവനുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. 2019-20 വർഷം വള്ളിക്കുന്നം കൃഷിഭവനിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) 2016-17 വർഷം കേരഗ്രാമം പദ്ധതിക്കായി 1,41,17,000 രൂപ അനുവദിച്ചിരുന്നു. 2019-20 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി 50,17,000 രൂപ അനുവദിച്ചിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണം**

44(5068) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിന് സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനം എടുക്കുകയും, കേരഫെഡിനെ പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

പച്ചത്തേങ്ങളുടെ സംഭരണവില കിലോയ്ക്ക് 25 രൂപയിൽ നിന്നും 27 രൂപയായി ഈ സീസണിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

**കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന നാളികേര വികസന പദ്ധതികൾ**

45(5069) ശ്രീ. കെ. രാജൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന നാളികേര വികസന പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) കുറിയ ഇനം തെങ്ങിൻ തൈ മാതൃകാ പ്രദർശനത്തോട്ടം സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ഇ) നാളികേര വികസനത്തിനായി കാസർഗോഡ് കേന്ദ്രതോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(എഫ്) വാണിജ്യാടിസ്ഥാനത്തിൽ നീര വിപണിയിൽ ഇറക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കേര കൃഷിയുടെ വിസ്തീർണ്ണത്തിൽ കേരളം മുന്നിലാണെങ്കിലും പ്രതി ഹെക്ടർ നാളികേര ഉൽപ്പാദനം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. നാളികേര വികസനത്തിനായി കഴിഞ്ഞ കാലങ്ങളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയൊന്നും യഥാർത്ഥ ഫലം കാണുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ കേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടി കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്ത് തല കേര സമിതികൾ, ബ്ലോക്ക് തല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻതോട്ടങ്ങളിൽ ഉൽപ്പാദനക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 10 വർഷംകൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിനും കീടരോഗ പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക്

പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നല്കുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019- 20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതി പ്രകാരം ഗുണമേന്മയുള്ള അത്യുൽപ്പാദനശേഷിയുള്ളതുമായ തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം 6-7-2019-ന് ബഹു മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു.

കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുളും കേരഗ്രാമങ്ങളില്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻ തൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടുകൂടി തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷം 1068-ഉം 2018-19 സാമ്പത്തിക വർഷം 871-ഉം കുറിയ ഇനം തെങ്ങുകളുടെ ഡെമോൺസ്ട്രേഷൻ ഫാമുകൾ കർഷകരുടെ കൃഷി ഇടങ്ങളിലും കൃഷി വകുപ്പിന്റെ ഫാമുകളിലും സജ്ജമാക്കിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം കുറിയ ഇനം തെങ്ങുകളുടെ 193 പ്രദർശന തോട്ടങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കോരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ്, കേരവെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം, കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും വിപണനം നടത്തിവരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലെഡു, നീര വിനിഗർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ " വൈഗ" എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

നാളികേരകൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യവസായ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആഭിമുഖ്യത്തിൽ 2019 നവംബർ 2, 3 തീയതികളിൽ കോഴിക്കോട് വച്ച് അന്താരാഷ്ട്ര നാളികേര സമ്മേളനം സംഘടിപ്പിച്ചിരുന്നു. ആധുനിക കൃഷി രീതികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായുള്ള സാങ്കേതികതയുടെ വികാസം, സമകാലിക വാണിജ്യം, നാളികേര വികസനത്തിനായുള്ള സ്ഥാപന സൗകര്യങ്ങൾ ഒരുക്കൽ എന്നിവ മുഖ്യലക്ഷ്യങ്ങളാക്കി ലോകത്തെ നാളികേരകൃഷി ചെയതുവരുന്ന പ്രമുഖ രാജ്യങ്ങളിലെ പ്രതിനിധികളെയും രാജ്യത്തിനകത്തു നിന്നുള്ള ശാസ്ത്രജ്ഞരെയും കർഷകരെയും സംരംഭകരെയും സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ആശയവിനിമയത്തിനും ബിസിനസ് ടു ബിസിനസ് മീറ്റിനും അവസരം നൽകി അന്തരാഷ്ട്ര കോക്കനട്ട് എക്സ്പോ സംഘടിപ്പിച്ചു.

(ഇ) കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് മൂന്നു പ്രോജക്ടുകൾക്കാണ് കൃഷി വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത്. 2017-18 മുതൽ മൂന്നു വർഷമാണ് പദ്ധതി കാലാവധി. പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (i) | കുറിയ ഇനം/ഇടത്തരം ഉയരമുള്ള തെങ്ങുകളുടെ ഗുണമേന്മയുള്ള തൈകളുടെ ഉല്പാദനം | പദ്ധതി തുക 109.6552 ലക്ഷം രൂപ |
| (ii) | ഹൈബ്രിഡൈസേഷൻ /ഇടത്തരം ഉയരമുള്ള തെങ്ങിൻ തൈ ഉല്പാദനത്തിനുള്ള ടെക്നോളജി സപ്പോർട്ട് | പദ്ധതി തുക 119.9264 ലക്ഷം രൂപ |
| (iii) | തെങ്ങിലെ കീടരോഗ നിയന്ത്രണ കാമ്പയിനുകൾക്കുള്ള ടെക്നോളജി സപ്പോർട്ട് | പദ്ധതി തുക 71.83 ലക്ഷം രൂപ |
| | ആകെ | 301.4116 ലക്ഷം രൂപ |

പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് ഗവേഷണ ഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതാണ്.

(എഫ്) തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് എട്ടോളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷിവകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്. നീര ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവയിൽ പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. നീരയെ ഒറ്റ ബ്രാന്റായി വിപണിയിൽ എത്തിക്കാൻ ലോഗോ, പേര് എന്നിവയിൽ ധാരണയായിട്ടുണ്ട്.

തേങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യക്തിഗത സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉത്പാദക സംഘങ്ങൾ എന്നിവയ്ക്ക് എസ്.എഫ്.എ.സി., വായ്പാധിഷ്ഠിത സബ്സിഡി നൽകുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 13 സംരംഭകർക്ക് 1.93 കോടി രൂപ, തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക്, എസ്.എഫ്.എ.സി. സബ്സിഡിയും നല്കിയിട്ടുണ്ട്.

## റബ്ബർ വിലസ്ഥിരതാപദ്ധതി

46(5070) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ച നേരിടുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായുള്ള റബ്ബർ വിലസ്ഥിരതാ പദ്ധതി നടപ്പിലാക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവമ്പാടി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കർഷകർക്ക്, എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും റബ്ബർ കൃഷി ലാഭകരമാക്കുന്നതിനും 2015-16 മുതൽ സർക്കാർ റബ്ബർ വിലസ്ഥിരതാ പദ്ധതി നടപ്പാക്കിവരുന്നു. നിലവിൽ കിലോയ്ക്ക് 150 രൂപയാണ് സംഭരണ വിലയായി നൽകുന്നത്. ധനകാര്യ വകുപ്പും, റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബറിന് കിലോയ്ക്ക് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ ആയി നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ സബ്സിഡി വിതരണം ചെയ്യുന്നത് അപേക്ഷ ലഭിക്കുന്ന മുറയ്ക്കാണ്. ഇതിന്റെ മണ്ഡലം/ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(സി) റബ്ബർ പ്രൊഡകഷൻ ഇൻസെന്റീവ് സ്കീം പ്രകാരം ലഭിക്കുന്ന നിലവിലുള്ള വിലയായ 150 രൂപ അപര്യാപ്തമായതുകൊണ്ട് വില കിലോയ്ക്ക് 200 രൂപ എങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്.

**ചെറുകിട കർഷകർക്കായി റബ്ബർ വിലസ്ഥിരതാ പദ്ധതി**

47(5071) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന നിർമ്മാണ രംഗത്തെ മാന്ദ്യം സംസ്ഥാനത്തെ ചെറുകിട റബ്ബർ കർഷകരെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സെപ്റ്റംബർ ആരംഭം മുതൽ രാജ്യത്തെ അഞ്ച് വൻകിട റബ്ബർ കമ്പനികൾ റബ്ബർ സംഭരിക്കുന്നതിൽനിന്നും വിട്ടുനിൽക്കുന്നത് റബ്ബർ വില കുത്തനെ താഴുന്നതിന് ഇടയാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) റബ്ബറിന് കിലോയ്ക്ക് നൂറ്റിയമ്പതുരൂപ ഉറപ്പ് നൽകുന്ന വില സ്ഥിരതാ പദ്ധതിയിൽ നിന്നുള്ള സഹായം മാസങ്ങളായി കർഷകരുടെ അക്കൗണ്ടിൽ എത്തുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരം ഇരുന്നൂറ് രൂപ വില ഉറപ്പാക്കണമെന്ന കർഷകരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 കാലയളവിലെ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ 2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗത്തിൽ 7.67% കുറവ് രേഖപ്പെടുത്തിയതായി റബ്ബർ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ ടയർ മേഖല 9.67 ശതമാനത്തിൽ താഴോട്ടുള്ള വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടയർ മേഖലയിലെ സ്വാഭാവിക റബ്ബറിന്റെ കുറഞ്ഞ ഉപഭോഗം സംസ്ഥാനത്തെ റബ്ബർ കർഷകരെ ദോഷകരമായി ബാധിച്ചു എന്ന് കണക്കാക്കാവുന്നതാണ്.

(ബി) സെപ്റ്റംബർ ആരംഭം മുതൽ രാജ്യത്തെ 5 വൻകിട റബ്ബർ കമ്പനികൾ റബ്ബർ സംഭരിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം മുഖേനയുള്ള ധനസഹായം മുടങ്ങിക്കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. പ്രളയക്കെടുതിയിലുൾപ്പെടെയുള്ള നഷ്ടങ്ങൾ സംഭവിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന റബ്ബർ കൃഷിക്കാർക്ക് ആശ്വാസമാകത്തക്ക രീതിയിൽ റബ്ബർ ബോർഡിൽ നിന്നും സർക്കാരിൽ ലഭിച്ച ക്ലെയിമുകളിന്മേൽ 98.53 കോടി രൂപ സബ്സിഡിയായി കർഷകർക്ക് 2019 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കർഷകരുടെ 2019 മാർച്ച് വാസം വരെയുള്ള ബില്ലുകൾ ഉൾപ്പെടും. 2019 ആഗസ്റ്റ് മാസത്തിനുശേഷം റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള 43 കോടിയോളം രൂപയുടെ ക്ലെയിമുകൾ അനുവദിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം

ഇതുവരെ വിതരണം ചെയ്ത 218.51 കോടി രൂപ ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1103.13 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം ലഭിക്കുന്ന നിലവിലുള്ള വിലയായ 150 രൂപ അപര്യാപ്തമായതുകൊണ്ട് വില കിലോയ്ക്ക് 200 രൂപ എങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്.

## പൈനാപ്പിൾ കൃഷിക്ക് വിലസ്ഥിരതയും സബ്സിഡിയും ഉറപ്പാക്കാൻ നടപടി

48(5072) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഏജൻസികളിലൂടെ സംഭരിക്കുന്ന പൈനാപ്പിളിന്റെ തോത് നിലവിൽ അപര്യാപ്തമായതിനാൽ പ്രസ്തുത സംഭരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ;

(സി) പൈനാപ്പിൾ കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനായി പൈനാപ്പിൾ ഉൽപ്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലാ ഹോർട്ടികോർപ്പ് സംഭരണകേന്ദ്രം മുഖേന പൈനാപ്പിൾ വിലയിടിവുണ്ടാകുന്ന സീസണിൽ മൂവാറ്റുപുഴ-വാഴക്കുളം പൈനാപ്പിൾ ഫാർമേഴ്സ് അസോസിയേഷനുമായി സഹകരിച്ച് പൈനാപ്പിൾ സംഭരിച്ച് മറ്റിതര ജില്ലകളിലെ സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്ന നടപടി സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ സീസണിൽ പൈനാപ്പിളിന്റെ വില 15 രൂപയിൽ താഴെയായിരുന്നപ്പോൾ 17 രൂപ കിലോഗ്രാമിന് സ്ഥിരവില നൽകി 110 ടൺ വാഴക്കുളത്ത് നിന്നും സംഭരിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പൈനാപ്പിളിന് വിലത്തകർച്ച നേരിട്ടപ്പോൾ കൃഷിവകുപ്പ് വാഴക്കുളത്തെ പൈനാപ്പിൾ കർഷകരുമായി ചർച്ച നടത്തുകയും ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ മാർക്കറ്റ് വിലയേക്കാൾ അധികവില നൽകി സംഭരിച്ച് വിപണനം നടത്തുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിലും പൈനാപ്പിളിന്റെ അധിക ഉല്പാദന സീസണിൽ ഹോർട്ടികോർപ്പ് സമയോചിതമായി വിപണിയിടപെടൽ നടത്തിയിട്ടുണ്ട്.

വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതിയിൽ അംഗങ്ങളായ കർഷകർക്ക് വില താഴുന്ന അവസരങ്ങളിൽ ന്യായവില ലഭ്യമാക്കുന്നതിനുള്ള " റിസ്ക് ഫണ്ട്" പദ്ധതിയിൽ പൈനാപ്പിൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൈനാപ്പിൾ അധികമായി ഉത്പാദിപ്പിക്കുന്ന അവസരത്തിൽ മറ്റു മാർക്കറ്റുകളിലേയ്ക്ക് കൊണ്ടു പോയി വിപണനം നടത്തുന്നതിനുള്ള " മാർക്കറ്റ് ഇന്റർവെൻഷൻ" പദ്ധതിയും വി.എഫ്.പി.സി.കെ. മുഖാന്തരം നടപ്പിലാക്കിയിട്ടുണ്ട്. വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക വിപണികൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കിലോയ്ക്ക് ഒരു രൂപ ധനസഹായം നല്കുന്ന മാർക്കറ്റിംഗ് സെയിൽസ് പ്രൊമോഷൻ ഇൻസെന്റീവ് പദ്ധതിയിലും പൈനാപ്പിൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശമനുസരിച്ച് 2018 മേയ്, ജൂൺ കാലയളവിൽ വി.എ.എഫ്.പി.സി. താങ്ങുവില നൽകി 133 ടൺ പൈനാപ്പിൾ സംഭരിച്ചു. അതിൽ 82 ടൺ കമ്പനി ഉപയോഗിക്കുകയും 51 ടൺ പൈനാപ്പിൾ ഹോർട്ടികോർപ്പിന് നൽകുയും ചെയ്തിട്ടുണ്ട്. 2019, ജനുവരി മാസത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ.-യിൽ നിന്നും നേരിട്ട് പൈനാപ്പിൾ സംഭരണം നടത്തുകയുണ്ടായി.

(ബി) ഈ സീസണിൽ വിലയിടിവ് നേരിട്ടിരിക്കുന്ന പൈനാപ്പിൾ, വിപണനവില മെച്ചപ്പെട്ട് കിലോഗ്രാമിന് 23 രൂപയായിട്ടുണ്ട്. വാഴക്കുളം കർഷക സൊസൈറ്റിയിൽ നിന്നും ലിസ്റ്റ് പ്രകാരം പൈനാപ്പിളിന് വിലയിടിവുണ്ടായാൽ സംഭരിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് എറണാകുളം സംഭരണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പൈനാപ്പിൾ പൂർണ്ണമായി വിറ്റഴിക്കുന്നതിന് നിലവിൽ കർഷകരുടേതായ സംവിധാനങ്ങളുണ്ട്. എന്നാൽ അധിക ഉത്പാദന സീസണുകളിൽ സർക്കാർ തലത്തിൽ വിപണിയിടപെടൽ

ആവശ്യമായി വരുന്ന ഘട്ടത്തിൽ വിലത്തകർച്ച ഒഴിവാക്കുന്നതിനായി സർക്കാർ നിർദ്ദേശത്തിന് വിധേയമായി വിപണിയിടപെടൽ നടത്തുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.

(സി) പൈനാപ്പിളിന്റെ ഉൽപ്പാദനം വർദ്ധിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖേന വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുന്നു. ടി പദ്ധതി ഘടകം മുഖേന പൈനാപ്പിൾ നടീൽ വസ്തുക്കളുടെ സംഭരണത്തിനും സംയോജിത വളപ്രയോഗം, കീടരോഗ ബാധ നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതിനും ഹെക്ടറൊന്നിന് 26250 രൂപ ധനസഹായം നൽകുന്നു.

ഇപ്രകാരം 1075 Ha വിളവിസ്തൃതി വ്യാപനം നടപ്പിലാക്കി 2.82 കോടി രൂപയോളം എറണാകുളം ജില്ലയിലെ പൈനാപ്പിൾ കർഷകർക്ക് 2018-19, 2019-20 സാമ്പത്തികവർഷങ്ങളിലായി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

### കർഷക പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ

49(5073) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷനുള്ള അപേക്ഷകൾ നിലവിൽ സ്വീകരിക്കുന്നുണ്ടോ; അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് കർഷക പെൻഷനുകൾക്ക് വേണ്ടി സ്വീകരിച്ച അപേക്ഷകളിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ എത്രയാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്ത് കർഷക പെൻഷനുകൾക്ക് വേണ്ടി സ്വീകരിച്ച 8871 അപേക്ഷകൾ തീർപ്പാകാതെയുണ്ട്.

കർഷക പെൻഷൻ ലഭിക്കുന്നതിന് യോഗ്യതയുള്ള പുതിയ കർഷകരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൃഷി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## ആലത്തൂർ മണ്ഡലത്തിലെ കർഷക പെൻഷൻ വിതരണം

50(5074) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണമെത്രയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) കർഷക പെൻഷനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ പ്രസ്തുത പഞ്ചായത്തുകളിലെ കൃഷിഭവനുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കൃഷി ഭവനുകളിൽ നിന്നും കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കൃഷി ഭവൻ/ പഞ്ചായത്ത് | കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം |
|---|---|---|
| 1 | ആലത്തൂർ | 277 |
| 2 | എരിമയൂർ | 448 |
| 3 | കിഴക്കഞ്ചേരി | 485 |
| 4 | മേലാർകോട് | 245 |
| 5 | വണ്ടാഴി | 196 |
| 6 | കുഴൽമന്ദം | 397 |
| 7 | തേങ്കുറിശ്ശി | 350 |

(ബി) ഉണ്ട്. കർഷക പെൻഷന് വേണ്ടി സമർപ്പിച്ച അപേക്ഷകളിൽ തീർപ്പാക്കാത്തവ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | കൃഷി ഭവൻ/പഞ്ചായത്ത് | തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | ആലത്തൂർ | 17 |
| 2 | എരിമയൂർ | 50 |
| 3 | കിഴക്കഞ്ചേരി | 57 |
| 4 | മേലാർകോട് | - |
| 5 | വണ്ടാഴി | 25 |
| 6 | കുഴൽമന്ദം | 60 |
| 7 | തേങ്കുറിശ്ശി | 31 |

കർഷക ക്ഷേമനിധി ബോർഡ് യാഥാർത്ഥ്യമാകുന്നതോടെ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

## പിറവം മണ്ഡലത്തിലെ വിളനാശത്തിന് നഷ്ടപരിഹാരം

51(5075) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 സെപ്റ്റംബറിൽ ഉണ്ടായ പേമാരിയിലും കാറ്റിലും പിറവം നിയോജകമണ്ഡലത്തിലെ എത്ര കർഷകർ കാർഷിക ഭക്ഷ്യ വിളകൾക്ക് നാശനഷ്ടമുണ്ടായതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും എത്ര കർഷകർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഓരോ വിളയ്ക്കും നല്കാൻ തീരുമാനിച്ച /നല്കിയ നഷ്ടപരിഹാര നിരക്ക് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 59 കർഷകർ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷകൾ സ്മാർട്ട് സോഫ്റ്റ്‌വെയർ വഴി അപ്‌ലോഡ് ചെയ്ത് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിളകൾക്ക് നൽകുന്ന നഷ്ടപരിഹാര നിരക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിളയുടെ പേര് | നഷ്ടപരിഹാര നിരക്ക് |
|---|---|---|
| 1 | ഏത്തവാഴ കുലച്ചത് | 100 രൂപ |
| 2 | ഏത്തവാഴ കുലയ്ക്കാത്തത് | 75 രൂപ |
| 3 | ജാതി കായ്ഫലമില്ലാത്തത് | 150 രൂപ |

### ഇടുക്കി ജില്ലയിലെ കാർഷികമേഖലയിലുണ്ടായ നാശനഷ്ടം

52 (5076) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ഇടുക്കി ജില്ലയിലെ കാർഷികമേഖലയിൽ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) ഇതുപ്രകാരം എത്ര കോടി രൂപയാണ് കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്; ആയതിന്റെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(സി) കൃഷിഭൂമിക്ക് പട്ടയമില്ലാത്ത കർഷകർക്ക് പ്രളയത്തിലെ നാശനഷ്ടത്തിന് നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) 2019-ലെ കാലവർഷത്തെ തുടർന്ന് ഇടുക്കി ജില്ലയിലെ കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള കൃഷി നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 65,26,62,950 രൂപയുടെ കൃഷി നാശം കണക്കാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെ 37,470 കർഷകർക്ക് 26,84,05,174 രൂപയുടെ സഹായധനം വിതരണം ചെയ്തിട്ടുണ്ട്.

(സി) കൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും കൃഷിനാശവും വിലയിരുത്തി നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

(ഡി) 2019-ലെ പ്രളയംമൂലം 7209 കർഷകരുടെ 1668.6046 ഹെക്ടർ സ്ഥലത്ത് 27,91,85,850 രൂപയുടെ നഷ്ടം വിലയിരുത്തിയിട്ടുണ്ട്.

### പ്രകൃതി ദുരന്തങ്ങൾ കാർഷിക മേഖലയിലുണ്ടാക്കിയ നാശനഷ്ടം

53 (5077) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിലുണ്ടായ പ്രകൃതിദുരന്തങ്ങളായ കൊടിയവരൾച്ച, ഓഖി, പ്രളയം എന്നിവ കാർഷിക മേഖലയെയും കർഷകരെയും എത്തരത്തിൽ ബാധിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ദുരന്തങ്ങൾമൂലം പ്രസ്തുത മേഖലയിലെ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽനിന്നും കർഷരെ സംരക്ഷിക്കാനും കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്തുണ്ടായ പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽനിന്നും കാർഷിക മേഖലയെ രക്ഷിക്കാനായി എന്തെല്ലാം കേന്ദ്ര സഹായം ലഭ്യമായി എന്നും സംസ്ഥാനം ആവശ്യപ്പെട്ടത് എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതി ദുരന്തങ്ങളായ കൊടിയ വരൾച്ച, ഓഖി, പ്രളയം എന്നിവ കാർഷിക മേഖലയെയും കർഷകരെയും പ്രതികൂലമായി ബാധിക്കുകയും കർഷകരുടെ കൃഷിയിടങ്ങൾ മൊത്തമായും ഭാഗികമായും വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ അവസ്ഥയുമുണ്ടായി. കാർഷിക രംഗത്തെ അഭിവൃദ്ധിക്കുവേണ്ടി സർക്കാർ മുമ്പില്ലാത്തവിധം അനവധി പദ്ധതികൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തെങ്കിലും കൊടിയ വരൾച്ച, ഓഖി, മഹാപ്രളയങ്ങൾ എന്നിവ നമ്മുടെ സംസ്ഥാനത്തിന്റെ കൃഷിയെയും സമ്പദ്‌വ്യവസ്ഥയെയും അതീവ ഗുരുതരമായി ബാധിച്ചു.

(ബി) സംസ്ഥാനത്ത് 2016-ൽ കടുത്ത വരൾച്ചമൂലം 41592.3 ഹെക്ടർ സ്ഥലത്ത് 724.5 കോടി രൂപയുടെ കൃഷി നാശമാണുണ്ടായിട്ടുള്ളത്.

2017-ലുണ്ടായ ഓഖി ദുരന്തത്തിൽ 2389.69 ഹെക്ടർ സ്ഥലത്ത് 59.385 കോടി രൂപയുടെ നഷ്ടമുണ്ടായി.

2018-19-ലെ പ്രളയംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

2019-ൽ സംസ്ഥാനത്ത് പ്രളയത്തിലും ഉരുൾപൊട്ടലിലും കാർഷിക മേഖലയ്ക്ക് 15-10-2019 വരെ 1386.2415 കോടി രൂപയുടെ നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്.

മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്കും അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തി വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായംപോലുള്ള ഉത്പാദനോപാദികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.

പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി, കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുണ്ട്.

2020-21-ലെ വാർഷിക പദ്ധതിയിൽ പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണവും കൃഷിഭൂമി നഷ്ടപ്പെട്ട കർഷകരെ കൃഷിയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ള പുനർജനി പദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2020-21 വർഷം മുതൽ ഓരോ പ്രദേശത്തിനും ഏറ്റവും അനുയോജ്യമായ വിളകളും കൃഷിരീതികളും അവലംബിച്ചുകൊണ്ട് അഗ്രോ എക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിന് കർഷകർക്ക് അധികവരുമാനം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു.

കൂടാതെ ഓഖി ദുരിതാശ്വാസമായി 9.21 കോടി രൂപയും 2018-ലെ പ്രളയദുരിതാശ്വാസമായി 181.52 കോടി രൂപയും 2019-ൽ ഒരു കോടി രൂപയും എസ്.ഡി.ആർ.എഫ്. ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

## തിരുവമ്പാടി മണ്ഡലത്തിൽ പ്രളയധനസഹായം ലഭിച്ചവർ

54 (5078) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ലെ മഹാപ്രളയത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ കൃഷിനശിച്ചവർക്ക് നൽകിയ ധനസഹായം ലഭിച്ച ആളുകളുടെ പേര്, വിലാസം, അനുവദിക്കപ്പെട്ടസംഖ്യ മുതലായ വിവരങ്ങൾ ഇനം തിരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ അർഹതപ്പെട്ട ആളുകൾക്ക് ഇനിയും ധനസഹായം ലഭ്യമാകാത്ത സാഹചര്യമുണ്ടോ; ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2018-ലെ മഹാപ്രളയത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ കൃഷി നാശത്തിന് നൽകിയ ധനസഹായം ലഭിച്ച ആളുകളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇനിയും ധനസഹായം ലഭ്യമാക്കുവാനുള്ള കർഷകർക്ക് ഫണ്ട് ലഭ്യമാക്കി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രളയത്തിൽ നശിച്ച കുട്ടനാട്ടിലെ കൃഷിയെ പുനരുജ്ജീവിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ

55 (5079) ശ്രീ. കെ. രാജൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കനത്ത നാശനഷ്ടം നേരിട്ട കുട്ടനാട്ടിലെ കൃഷിയെ പുനരുജ്ജീവിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) പാടശേഖരങ്ങളിലെ മണ്ണും ചെളിയും നീക്കി കൃഷിയോഗ്യമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേടായ മോട്ടോർ, പമ്പ് സെറ്റ്, പെട്ടി പറ എന്നിവയുടെ റിപ്പയറിംഗിന് തുക അനുവദിച്ച് നല്കിയിരുന്നോ; വ്യക്തമാക്കുമോ;

(ഡി) മടവീഴ്ചക്ക് നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കുമോ;

(ഇ) ബണ്ട് പുനർനിർമ്മാണത്തിനായി പാടശേഖര സമിതികൾക്ക് ധനസഹായം നല്കിയിരുന്നോ; വ്യക്തമാക്കുമോ;

(എഫ്) നെൽവിത്തുകളും പച്ചക്കറി വിത്തുകളും സൗജന്യമായി കർഷകർക്ക് നല്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിനുശേഷമുള്ള കുട്ടനാട്ടിനെ പുനരുജ്ജീവിപ്പിക്കാൻ കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടനാട്ടിലെ അറുനൂറോളം പാടശേഖരങ്ങളിൽപ്പെട്ട 30000 ഹെക്ടറിൽ പ്രളയശേഷം പുഞ്ച കൃഷിയിറിക്കുന്നതിന് കൃഷിവകുപ്പ് സൗജന്യമായി നെൽവിത്ത് നൽകി. സ്വന്തമായി ഉണ്ടായിരുന്ന നെൽവിത്തുപയോഗിച്ച് കൃഷിയിറക്കിയ കർഷകർക്ക് വിത്തിന്റെ വില നൽകുകയും ചെയ്തു.

പച്ചക്കറി കൃഷി വികസനത്തിനായി പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പച്ചക്കറി തൈകളും വിതരണം നടത്തി.

പ്രളയംമൂലം ദോഷം സംഭവിച്ച മണ്ണിന്റെ പുനരുജ്ജീവനത്തിനായി കർഷകർക്ക് സബ്സിഡി നിരക്കിൽ കുമ്മായം നൽകി.

മടവീഴ്ചയും ബണ്ട് തകർച്ചയുമുണ്ടായ പാടശേഖരങ്ങളെല്ലാം പുനർനിർമ്മിക്കുന്നതിനുള്ള വെല്ലുവിളി ഏറ്റെടുത്തുകൊണ്ടാണ് കൃഷിവകുപ്പ് മുഴുവൻ പാടശേഖരങ്ങളിലും കൃഷിയിറക്കിയത്. രണ്ടാം കൃഷി നഷ്ടപ്പെട്ട പാടങ്ങൾ ഉൾപ്പെടെ പുഞ്ച കൃഷി ഇറക്കിയപ്പോൾ മുൻ വർഷത്തേക്കാൾ 7000 ഹെക്ടറോളം അധികമായി കൃഷിയിറക്കാൻ സാധിച്ചു.

ശരാശരി ഉത്പാദനക്ഷമത പത്തനംതിട്ട ജില്ലയിലെ കണക്ക് പ്രകാരം 5.2 ടണ്ണും ആലപ്പുഴ ജില്ലയിൽ 7.5 ടണ്ണും കോട്ടയം ജില്ലയിൽ 6.7 ടണ്ണും ആയി വർദ്ധിച്ചു. കുട്ടനാടൻ പ്രദേശത്ത് ആകെ കൃഷി ചെയ്ത 50503.073 ഹെക്ടർ സ്ഥലത്ത് നിന്നും 3,58,644.47 ടൺ നെല്ല് ഉത്പാദിപ്പിച്ചു.

പ്രളയത്തിനുമുമ്പ് (2017-18 സാമ്പത്തിക വർഷം) നെല്ലിന്റെ ശരാശരി ഉത്പാദനക്ഷമത പത്തനംതിട്ട ജില്ലയിൽ 4.75 ടണ്ണും ആലപ്പുഴ ജില്ലയിൽ 4.36 ടണ്ണും കോട്ടയം ജില്ലയിൽ 4.72 ടണ്ണും ആയിരുന്നു. കുട്ടനാടൻ പ്രദേശത്ത് ആകെ ഉത്പാദനം 2,73,379 ടൺ മാത്രമായിരുന്നു. പ്രളയത്തിനുശേഷം 85265.47 ടൺ നെല്ലിന്റെ ഉത്പാദനവർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു.

(ബി) പ്രളയത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് ധനസഹായമായി ഹെക്ടറിന് 12,200 രൂപ പ്രകാരം കൃഷിവകുപ്പ് നൽകിയിരുന്നു.

(സി) പ്രളയത്തിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റും നീക്കം ചെയ്യുന്നതിനും ചാലുകളും തോടുകളും വൃത്തിയാക്കുന്നതിനും മോട്ടോറുകളും പമ്പുസെറ്റുകളും പെട്ടി പറ മുതലായവയും നന്നാക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നതിനും കൃഷി വകുപ്പ് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു.

(ഡി) കുട്ടനാട്ടിൽ മടവീഴ്ചയുണ്ടായ പാടശേഖരങ്ങൾക്ക് മട പുനഃസ്ഥാപിക്കുന്നതിന് 5,25,00,000 രൂപ നൽകിയിട്ടുണ്ട്.

(ഇ) ബണ്ട് പുനർനിർമ്മാണത്തിനായി കിലോമീറ്ററിന് 60,000 രൂപ എന്ന നിരക്കിൽ പാടശേഖര സമിതികൾക്ക് ധനസഹായം നൽകിവരുന്നു.

(എഫ്) കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും പ്രളയാനന്തരം തുടർ കൃഷിക്കും പുഞ്ച കൃഷിക്കും 100 ശതമാനം സൗജന്യമായി നെൽവിത്ത് നൽകി. പച്ചക്കറി കൃഷി വികസനത്തിനായി പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും വിതരണം നടത്തി.

**പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണം**

56 (5080) <u>ശ്രീ. എം. രാജഗോപാലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019- ലെ പ്രളയത്തിൽ കാർഷിക മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 വർഷത്തിൽ കാർഷിക മേഖലയിൽ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനം നടത്തി വരുന്നുണ്ടോ; എങ്കിൽ ഇതിനായി സർക്കാർ എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2019-ലുണ്ടായ പ്രളയത്തിൽ കാർഷിക മേഖലയ്ക്ക് 15-10-2019 വരെ 1386.624 കോടി രൂപയുടെ നഷ്ടമാണ് പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്. 40230 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും 174993 കർഷകരെ ബാധിക്കുകയും ചെയ്തു. ഇവ കൂടാതെ, ഉരുൾപൊട്ടലിൽ ബണ്ടുകൾ തകർന്നതും കൃഷിയിടത്തിൽ മണ്ണും ചെളിയും അടിഞ്ഞതും പമ്പ് സെറ്റുകളുടെ കേടുപാടിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് കാരണമുണ്ടായ നാശത്തിനും ഏകദേശം 10 കോടി രൂപയുടെ ആനുകൂല്യം നൽകേണ്ടതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഫാമുകൾക്ക് ഏകദേശം 3.5 കോടി രൂപയും കേരള കാർഷിക സർവ്വകലാശാലയുടെ റിപ്പോർട്ട് പ്രകാരം 20.26 ലക്ഷം രൂപയുടെ നഷ്ടവുമാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) 2018-19 വർഷത്തിൽ കാർഷിക മേഖലയിൽ പ്രളയാനന്തരം കർഷകർക്ക് താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്:

| ക്രമ നമ്പർ | പദ്ധതി/ഫണ്ട് | 2018-19-ൽ നൽകിയ തുക | 2019-20-ൽ നൽകിയ തുക |
|---|---|---|---|
| 1 | വിള ഇൻഷ്വറൻസ് പദ്ധതി | 24.63 കോടി | 55.60 കോടി |
| 2 | പ്രകൃതിക്ഷോഭം പദ്ധതിയിലുള്ള കണ്ടിജൻസി ഫണ്ട് | 111.98 കോടി | 4.71 കോടി |
| 3 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് | 54 കോടി | - |
| 4 | എസ്.ഡി.ആർ.എഫ്. | 181.52 കോടി | 1 കോടി |

- പ്രളയം ബാധിച്ച നെൽപ്പാടങ്ങളിൽ വീണ്ടും വിത്ത് വിതയ്ക്കുന്നതിനുവേണ്ടി 2260.338 ലക്ഷം രൂപയുടെ 5650.85 ടൺ നെൽവിത്ത് നൽകി.
- 770 ലക്ഷം രൂപയുടെ 770 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് നൽകി.
- 220 ലക്ഷം രൂപയുടെ ഒരു കോടി പച്ചക്കറി തൈകൾ കർഷകർക്ക് വിതരണം ചെയ്തു.
- 21846 കർഷകർക്ക് 4369.27 ഹെക്ടർ സ്ഥലത്തേയ്ക്ക് 236 ലക്ഷം രൂപയുടെ കുമ്മായ വസ്തുക്കൾ വിതരണം ചെയ്തു.

- സംസ്ഥാന ഹോൾട്ടികൾച്ചർ മിഷന്റെ MIDH പദ്ധതികൾക്കുവേണ്ടി 41.55 കോടി രൂപ നൽകി.
- വിള ആരോഗ്യ പരിപാലന പദ്ധതിയിൽ എലി നശീകരണ ക്യാമ്പയിൻ നടത്തുന്നതിന് 1.5375 ലക്ഷം രൂപ ചെലവാക്കി.
- ദീർഘകാല സുഗന്ധവ്യഞ്ജന വിളകളുടെ പദ്ധതിക്കുവേണ്ടി 1.73 കോടി രൂപ ചെലവാക്കി.

## 2019-ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

57 (5081) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ പ്രളയത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് അറിയിക്കാമോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകർ എത്രയാണെന്നും ധനസഹായം എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 4.712 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി വഴിയും 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. 2019-20 വർഷം മുതൽ പ്രകൃതിക്ഷോഭത്തിന്റെ വിവരങ്ങൾ കൃഷിഭവൻ തലത്തിൽ സ്മാർട്ട് സോഫ്റ്റ്‌വെയർ വഴിയാണ് അപ്‌ലോഡ് ചെയ്യുന്നത്. സോഫ്റ്റ്‌വെയർ വഴിയുള്ള അപ്ഡേഷൻ പൂർത്തീകരിച്ചാൽ മാത്രമേ ഓരോ ജില്ലയ്ക്കും ആവശ്യമുള്ള തുക നൽകുവാൻ സാധിക്കുകയുള്ളൂ.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ 2018-ലെ പ്രളയത്തിന് 26 കോടി രൂപയും വേനൽമഴമൂലമുള്ള നാശത്തിന് 15.72 കോടി രൂപയും 2019-ലെ പ്രളയത്തിന് 17.16 കോടി രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 11005 അപേക്ഷകൾ.

(സി) 1361 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി അടിയന്തരമായി കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

## കാർഷിക ഉത്പന്നങ്ങൾക്ക് വിലയിടിവ്

58 (5082) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്നറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇവയിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നത് ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാർഷികോത്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും, കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 13-09-2019-ൽ അവസാനിച്ച ആഴ്ചയിലെ കമ്പോള മൊത്ത വിലനിലവാര അവലോകന റിപ്പോർട്ട് പ്രകാരം റിപ്പോർട്ടുവാരത്തെ വിലനിവാരം മുൻവർഷം ഇതേ കാലത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചുക്ക്, ഇഞ്ചി, ഏലം, റബ്ബർ, നേന്ത്രക്കായ, പച്ചക്കപ്പ, ഉണക്കക്കപ്പ, വെറ്റില എന്നിവയ്ക്ക് വിലവർദ്ധനവും വെളിച്ചെണ്ണ, നാളികേരം, കുരുമുളക് എന്നിവയ്ക്ക് വിലക്കുറവും കൊപ്ര, അടയ്ക്ക, കൊട്ടപ്പാക്ക്, ശർക്കര എന്നിവയ്ക്ക് സമ്മിശ്ര പ്രതികരണവുമാണ് അനുഭവപ്പെട്ടത്. പ്രസ്തുത വകുപ്പ് 2019 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ച കമ്പോള മൊത്ത വിലനിലവാര സൂചിക പ്രകാരം മുൻവർഷത്തെ ഇതേ കാലത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇഞ്ചി, ഏലം, കപ്പ, കപ്പലണ്ടി, റബ്ബർ, എള്ള്, കുരുമുളക്, കാപ്പി എന്നിവയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തെ ഇതേ കാലത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മഞ്ഞൾ, കശുവണ്ടി, അടയ്ക്ക, ഏത്തൻ, തേയില എന്നിവയ്ക്ക് വിലക്കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) കാർഷികോത്പന്നങ്ങളുടെ വിലക്കുറവ് പൊതുവെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ആഘാതം ചെലുത്തുമെന്നുള്ള വിവരം നിരീക്ഷിച്ചിട്ടുണ്ട്. കുരുമുളക് ഒരു പ്രധാന കയറ്റുമതിയുൽപ്പന്നം ആയതിനാൽ കുരുമുളകിന്റെ വിലയിടവ് ഒരു പ്രധാന പ്രശ്നമായി കണക്കാക്കാവുന്നതാണ്.

(സി) കാർഷികോത്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് വിവിധ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവകുപ്പ് മുഖേന നെല്ല് സംഭരണവും നടപ്പിലാക്കിവരുന്നുണ്ട്.

കേരളത്തിൽ ഉത്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കിലോ ഒന്നിന് 26 രൂപ 95 പൈസ എന്ന നിരക്കിൽ സംഭരിച്ചുവരുന്നുണ്ട്. നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി പച്ചത്തേങ്ങ സംഭരണം കിലോയ്ക്ക് ഒന്നിന് 27.00 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

പഴം, പച്ചക്കറി കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനായി വിപണി വികസന പദ്ധതി, ജൈവ കൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി എന്നിവയിലൂടെ 1131 വിപണികൾ സംസ്ഥാനത്തുടനീളം രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ കൊല്ലം, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്.

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികളും ഇടനിലക്കാരെ ഒഴിവാക്കി കാർഷികോത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട് എന്നിവിടങ്ങളിലും കോഴിക്കോട് ജില്ലയിലെ വേങ്ങരി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി എന്നിവിടങ്ങളിലുമാണ് ഈ വിപണികൾ പ്രവർത്തിക്കുന്നത്. ആഴ്ചയിൽ 1 മുതൽ 3 ദിവസം വരെ ഈ വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ലേല സംവിധാനത്തിലൂടെയാണ് ഉത്പന്നങ്ങൾ ഇവിടെ വിറ്റഴിക്കപ്പെടുന്നത്.

ഈ സംവിധാനങ്ങൾ എല്ലാംതന്നെ കാർഷികോത്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കാർഷികോത്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും സഹായം ആയിട്ടുണ്ട്.

## നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ വികസനം

59 (5083) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇരുനൂറ് ഏക്കറിലധികം വ്യാപിച്ചു കിടക്കുന്നതും മുന്നൂറിലധികം പേർ ജോലി ചെയ്യുന്നതുമായ പ്രസ്തുത ജില്ലാ കൃഷിതോട്ടത്തിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടന്നു വരുന്നതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത ഫാമിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലാ കൃഷിത്തോട്ടമായ നേര്യമംഗലം ഫാമിൽ സംയോജിത കൃഷി സമ്പ്രദായ പദ്ധതി, വിദേശ ഫലവൃക്ഷത്തോട്ട നിർമ്മാണം, പുതിയ പ്രജനനത്തോട്ടങ്ങൾ, നിലവിലുള്ള പ്രജനനത്തോട്ടങ്ങളുടെ പുനരുദ്ധാരണം, കുരുമുളക് തൈകളുടെ ഉത്പാദനം, അത്യുത്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ പ്രദർശനത്തോട്ടങ്ങൾ, ഔഷധ സസ്യഉദ്യാനം തുടങ്ങിയ പദ്ധതികൾ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കി.

(ബി) ആർ.കെ.വി.വൈ. പദ്ധതിയിൽ 3.75 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് 2019-20 വർഷം അനുമതി നൽകിയിട്ടുണ്ട്. ഫാം ടൂറിസവുമായി ബന്ധപ്പെട്ട് മോഡൽ കന്നുകാലി തൊഴുത്ത്, അലങ്കാര മത്സ്യക്കുളങ്ങൾ, റെയിൻ ഷെൽട്ടർ, പോളി ഹൗസുകൾ തുടങ്ങിയവയുടെ നിർമ്മാണം ഇതിൽ ഉൾപ്പെടുന്നു. സംയോജിത കൃഷിസമ്പ്രദായം പദ്ധതിയിൽ 64.8 ലക്ഷം രൂപ നേര്യമംഗലം കൃഷിത്തോട്ടത്തിന് അനുവദിച്ചിട്ടുണ്ട്. പുതിയ പ്രജനനത്തോട്ടങ്ങൾ നിർമ്മിക്കൽ, കുരുമുളക് നഴ്സറി, വിദേശയിനം ഫല വൃക്ഷത്തോട്ടങ്ങളുടെ നിർമ്മാണം, പ്രദർശനത്തോട്ടങ്ങൾ എന്നിവയ്ക്കായി 22.64525 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ഫാമിൽ നടത്തിവരുന്നു.

കൂടാതെ എറണാകുളം ജില്ലാ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം പച്ചക്കറി വികസനം, വാഴകൃഷി വികസനം, തെങ്ങുകൃഷി വികസനവും പുനരുദ്ധാരണവും, ജാതികൃഷി വികസനം, കൊക്കോകൃഷി വികസനം, വിദേശ ഫലവൃക്ഷത്തോട്ടം, സുഗന്ധവ്യഞ്ജന കൃഷി, പൈനാപ്പിൾ കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനം, അലങ്കാര ചെടികളുടെ ഉല്പാദനം, കിഴങ്ങുവർഗ്ഗ വിളകളുടെ ഉത്പാദനം, നെല്ലും മീനും പദ്ധതി, ജൈവവളങ്ങളുടെ ഉത്പാദനം എന്നീ പദ്ധതികളിലുൾപ്പെടുത്തി 74.22 ലക്ഷം രൂപ അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

(സി) ഉണ്ട്. ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ 50 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാം എന്നാണ് ഉദ്ദേശിക്കുന്നത്.

## നേര്യമംഗലം കൃഷിഫാമിൽ സ്റ്റാഫ് സ്റ്റ്രെംഗ്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

60 (5084) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറ് ഏക്കറിലധികം വ്യാപിച്ചുകിടക്കുന്ന നേര്യമംഗലം കൃഷിഫാമിൽ നിലവിൽ എത്ര സ്ഥിരം തൊഴിലാളികളും എത്ര കാഷ്വൽ തൊഴിലാളികളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തി എന്ന് വ്യക്തമാക്കാമോ;

(സി) സ്ഥിരം തൊഴിലാളികളും കാഷ്വൽ തൊഴിലാളികളുമായി മൂന്നൂറിൽ അധികം പേർ പണിയെടുക്കുന്ന ജില്ലാ കൃഷിതോട്ടത്തിലെ സ്റ്റാഫ് സ്റ്റ്രെംഗ്ത് നൂറ്റി പതിനൊന്ന് മാത്രമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 200 ഏക്കറിലധികം വ്യാപിച്ച് കിടക്കുന്നതും വിപുലമായ പ്രവർത്തനങ്ങൾ ഉള്ളതുമായ ഫാമിൽ സ്റ്റാഫ് സ്റ്റ്രെംഗ്ത് നൂറ്റി പതിനൊന്നിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നേര്യമംഗലം കൃഷിത്തോട്ടത്തിൽ 108 സ്ഥിരം തൊഴിലാളികളും 186 കാഷ്വൽ തൊഴിലാളികളുമാണ് നിലവിലുള്ളത്.

(ബി) 99 കാഷ്വൽ തൊഴിലാളികളെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) നേര്യമംഗലം ഫാമിൽ 111 സ്ഥിരം തൊഴിലാളികളുടെ പോസ്റ്റാണ് ഉള്ളത്. കൃഷി വകുപ്പിനുകീഴിലുള്ള ഫാമുകളിൽ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലല്ല തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നത്. ഇതിനായി 15-12-1980-ലെ സർക്കാർ ഉത്തരവ് [G.O.(MS) No. 481/80/AD] അനുസരിച്ചുള്ള ഒരു ഫോർമുല നിലവിലുണ്ട്. ഇതനുസരിച്ചാണ് കൃഷിവകുപ്പിന്റെ കീഴിലുള്ള ജില്ലാ ഫാമുകളിൽ തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഫാം തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള ലീവ് റൂൾ കമ്മിറ്റിയുടെ ശിപാർശകളിൽ നിലവിലെ അംഗസംഖ്യ നിർണ്ണയിക്കുന്ന ഫോർമുലയിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്.

## ഫാം ടൂറിസം പദ്ധതി

61 (5085) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നല്കുമോ?

### ഉത്തരം

(എ) ഉണ്ട്. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടം, പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം എന്നിവിടങ്ങളിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഫാമുകളുടെ പ്രവർത്തനവും പൈതൃകവും സഞ്ചാരികളെ പരിചയപ്പെടുത്തുക, ഫാമിന്റെ വരുമാനവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുക, ഫാമിലെ നൂതന കൃഷി രീതികൾ ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തുക, ഫാം ഉത്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും വില്പനയിലൂടെ ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കുക, നെല്ലിയാമ്പതി ഫാമിൽ സന്ദർശകർക്ക് ശീതകാല പച്ചക്കറി, ഓറഞ്ച് കൃഷി, കാപ്പി കൃഷി തുടങ്ങിയവയുടെ ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് അവബോധം ഉണ്ടാക്കുക, പഴവർഗ്ഗങ്ങളുടെ സംസ്കരണ രീതി പഠിപ്പിക്കുക, ഫാം തൊഴിലാളികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നിങ്ങനെ കൃഷിഫാമുകളുടെ നവീകരണത്തിനും വ്യാപനത്തിനും പര്യാപ്തമായ പദ്ധതികൾ വിഭാവന ചെയ്ത് ഫാം ടൂറിസത്തിലൂടെ നടപ്പിലാക്കുക വഴി ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) കോട്ടയം ജില്ലയിൽ വാലാച്ചിറ സ്റ്റേറ്റ് സീഡ് ഫാമിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് ജില്ലാ കൃഷി തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ നക്ഷത്രവനം, ബട്ടർഫ്ലൈ പാർക്ക്, റോസ് ഗാർഡൻ എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന 50 കോടി രൂപയുടെ കരട് പദ്ധതി നിർദ്ദേശം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രകൃതിരമണീയമായ ഭൂപ്രകൃതിയും ജൈവ വൈവിധ്യവുമുള്ള ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി പദ്ധതി രൂപീകരിച്ചുവരുന്നു. കോഴിക്കോട് കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കുട്ടികളുടെ പാർക്കിൽ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടിരിക്കുന്നു.

## തരിശുഭൂമികൾ കൃഷിയോഗ്യമാക്കാൻ നടപടി

62 (5086) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി നഗരസഭ, കൊയിലാണ്ടി നഗരസഭ, തിക്കോടി, മൂടാടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര ഹെക്ടർ തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഈ വർഷം കൂടുതൽ തരിശു നിലങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിയോഗ്യമാക്കാൻ കഴിയുന്ന തരിശുനിലങ്ങൾ കണ്ടെത്തി നെൽകൃഷി വ്യാപകമാക്കാൻ ഉതകുന്ന ഒരു പ്രൊജക്ട് ജില്ലാ കൃഷി വകുപ്പ് തയ്യാറാക്കി വരുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ പയ്യോളി നഗരസഭാ പരിധിയിൽ 0.88 ഹെക്ടറും, തിക്കൊടി തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ 5 ഹെക്ടറും തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ കൊയിലാണ്ടി നഗരസഭയിൽ 40 ഹെക്ടർ, മൂടാടി 7 ഹെക്ടർ, ചെങ്ങോട്ടുകാവ് 10 ഹെക്ടർ, ചേമഞ്ചേരി 1.8 ഹെക്ടർ തരിശുഭൂമിയും കൃഷിയോഗ്യമാക്കിയിട്ടുണ്ട്.

(ബി) 2019-20 വർഷത്തിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി ചെത്തിൽ, കണ്ടച്ചിറ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഷട്ടർ നിർമ്മിക്കുന്നതിന് ജനകീയാസൂത്രണം വഴി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അകലാപ്പുഴ കോൾ നിലത്തിൽ ഏകദേശം 80 ഹെക്ടർ സ്ഥലം നെൽകൃഷി യോഗ്യമാക്കും.

ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ തരിശുനിലത്തിൽ പച്ചക്കറി കൃഷിയും, നെൽകൃഷിയും തുടങ്ങിയിട്ടുണ്ട്. മൂടാടി പഞ്ചായത്തിൽ കൃഷിവകുപ്പ് പദ്ധതിപ്രകാരം 10 ഹെക്ടറിലും ജനകീയാസൂത്രണ പദ്ധതിപ്രകാരം 5 ഹെക്ടറിലും കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ചേമഞ്ചേരി പഞ്ചായത്തിൽ 10 ഹെക്ടർ തരിശുനില നെൽകൃഷി 0.5 ഹെക്ടർ പച്ചക്കറി കൃഷി എന്നിവയും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തിക്കോടി പഞ്ചായത്തിലെ 6 പാടശേഖരങ്ങളിലും തരിശായി കിടക്കുന്ന നെൽവയലുകൾ കണ്ടെത്തി 25 ഹെക്ടർ സ്ഥലം നെൽകൃഷി യോഗ്യമാക്കാനുള്ള പ്രോജക്ട് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ തരിശായി കിടക്കുന്ന പഞ്ചായത്തുകൾ കണ്ടെത്തി അവ തരിശുരഹിതമാക്കാനുള്ള പ്രോജക്ട് കോഴിക്കോട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹരിത കേരള മിഷൻ, കൃഷി ഓഫീസർമാർ എന്നിവരുടെ കൂട്ടായ്മയിലൂടെ നടപ്പിലാക്കിവരുന്നുണ്ട്.

**വിള ഇൻഷ്വറൻസ് വിതരണം ചെയ്യാൻ നടപടി**

63 (5087) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം വിളകൾ നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് ആയി ലഭിക്കേണ്ട തുക വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അടിയന്തരമായി തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇൻഷ്വർ ചെയ്ത ധാരാളം കർഷകർക്ക് പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിനാൽ അപേക്ഷ പരിശോധിക്കുന്നതിനും തുക തിട്ടപ്പെടുത്തി അനുവദിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി കേന്ദ്രീകൃതമായി 'സ്മാർട്ട്'എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി ആനുകൂല്യം കാലതാമസം ഇല്ലാതെ കർഷകർക്ക് വിതരണം ചെയ്യുവാൻ കഴിയുന്നതാണ്. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കി ഉടൻതന്നെ കർഷകർക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൃഷിയിടങ്ങളിൽ കീടനാശിനിപ്രയോഗം

64 (5088) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള കൃഷിയിടങ്ങളിൽ കീടനാശിനി പ്രയോഗം നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ കർഷകർ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഭക്ഷ്യധാന്യവിളകളിൽ കീടനാശിനി പ്രയോഗിക്കുന്നതിന് മുമ്പ് കൃഷി ഓഫീസർ പരിശോധിച്ച് നിർദ്ദേശം നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

(ഡി) മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കീടനാശിനി പ്രയോഗം വ്യാപകമാവുന്നത് വൻദുരന്തങ്ങൾക്ക് വഴിവയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള കൃഷിയിടങ്ങളിൽ കീടനാശിനി പ്രയോഗം നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്:

കീടനാശിനി തെരഞ്ഞെടുക്കുമ്പോൾ

- മറ്റ് നിയന്ത്രണമാർഗ്ഗങ്ങൾ പാലിക്കാതെ വന്നാൽ അവസാന പോംവഴി എന്ന നിലയിൽ അത്യാവശ്യത്തിനുമാത്രം രാസകീടനാശിനികൾ ഉപയോഗിക്കുക.
- ഓരോ വിളയെയും അടിസ്ഥാനപ്പെടുത്തി വിദഗ്ധർ നിർദ്ദേശിക്കുന്ന കീടനാശിനികൾ മാത്രം അതാതു വിളകൾക്ക് ഉപയോഗിക്കുക.
- കീടനാശിനികൾ വാങ്ങുമ്പോൾ അംഗീകൃത വ്യാപാരികളിൽനിന്നും ഉപയോഗത്തിന് വേണ്ട അളവിൽ മാത്രം വാങ്ങിക്കുക.
- കീടനാശിനികളുടെ ലേബൽ/പായ്ക്കറ്റ്/ടിൻ എന്നിവയ്ക്ക് കേടൊന്നുമില്ലായെന്ന് ഉറപ്പുവരുത്തുക.
- കീടനാശിനികൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളോടുകൂടിയ കീടനാശിനികൾ വാങ്ങുവാൻ ശ്രദ്ധിക്കുക.

<u>കീടനാശിനികൾ സൂക്ഷിക്കുമ്പോൾ</u>

- കീടനാശിനികൾ അവയുടെ തന്നെ കണ്ടെയ്നറിനുള്ളിൽ തന്നെ വ്യക്തമായ ലേബലുകളോടുകൂടി സൂക്ഷിക്കുക.
- കീടനാശിനികൾ, ഭക്ഷണ സാധനങ്ങളുടെയും മരുന്നുകളുടെയും കുടിവെള്ളത്തിന്റെയും ജലസംഭരണികളുടെയും സമീപം സൂക്ഷിക്കാതിരിക്കുക.
- നേരിട്ട് വെയിലും തീയും ഏൽക്കാതെ നല്ല വായുസഞ്ചാരമുള്ള മുറികളിൽ സൂക്ഷിക്കുക. പ്രസ്തുത മുറികളിലേക്ക് പൊടുന്നനെ കയറാതിരിക്കുക.
- കുട്ടികളെയും വളർത്തുമൃഗങ്ങളെയും കീടനാശിനികളിൽ നിന്നും അകറ്റി നിർത്തുക.

<u>സ്പ്രേ ലായനി തയ്യാറാക്കുമ്പോൾ</u>

- എല്ലായ്പ്പോഴും ശുദ്ധജലം ഉപയോഗിക്കുക.
- സംരക്ഷണത്തിനുള്ള തുണിത്തരങ്ങൾ ഉപയോഗിക്കുക. കൈയുറകൾ, മുഖത്ത് മാസ്ക്, തൊപ്പി, ഏപ്രൺ, ഫുൾ ട്രൗസർ, ഗംബൂട്ട് മുതലായവ ശരീര മുഴുവൻ മറയുന്നവിധം ഉപയോഗിക്കുക.
- ഉപയോഗിക്കുന്നതിന് മുമ്പ് കണ്ടെയ്നറിന്റെ ലേബലിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി വായിക്കുകയും പാലിക്കുകയും ചെയ്യുക.
- കീടനാശിനിയും വെള്ളവും അളന്നെടുത്ത് നീളമുള്ള വടി ഉപയോഗിച്ച് ഇളക്കിയ ശേഷം മാത്രം സ്പ്രേയറിൽ നിറയ്ക്കുക.

<u>കീടനാശിനി പ്രയോഗത്തിന് മുമ്പ്</u>

- തരിയായിട്ടുള്ള കീടനാശിനികൾ അങ്ങനെ തന്നെ ഉപയോഗിക്കുക.
- ശിപാർശ ചെയ്തിട്ടുള്ള അളവിൽ മാത്രം കൃത്യമായി ഉപയോഗിക്കുക.
- ചെളിവെള്ളമോ കെട്ടികിടക്കുന്ന വെള്ളമോ ഉപയോഗിക്കാൻ പാടില്ല.
- സംരക്ഷണവസ്ത്രം ഉപയോഗിക്കാതെ ഒരിക്കലും സ്പ്രേ ലായനി തയ്യാറാക്കാൻ പാടില്ല.
- തയ്യാറാക്കിയ ലായനി ബാക്കി വന്നാൽ 24 മണിക്കൂറിനുശേഷം ഉപയോഗിക്കരുത്.

- തരിയായുള്ളത് വെള്ളവുമായി മിക്സ് ചെയ്യരുത്.
- സ്പ്രേ ടാങ്ക് മണത്തുനോക്കാൻ പാടില്ല.
- വായകൊണ്ട് ഒരിക്കലും കീടനാശിനികൾ നിറച്ച ടിന്നുകളോ പായ്ക്കറ്റുകളോ തുറക്കാൻ ശ്രമിക്കരുത്.

സ്പ്രേയർ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ശരിയായ ഉപകരണങ്ങൾ തെരഞ്ഞെടുക്കുക.
- കൃത്യ അളവിലുള്ള നോസിലുകൾ തെരഞ്ഞെടുക്കുക.
- കീടനാശിനിയും കളനാശിനിയും പ്രത്യേകം സ്പ്രേയറുകളിൽ ഉപയോഗിക്കുക.
- ചോർച്ചയുള്ളതോ, കേടായതോ ആയ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുക.
- അടഞ്ഞിരിക്കുന്ന നോസിലുകൾ വായിലൂടെ ഊതാൻ പാടില്ല.

ലായിനി സ്പ്രേ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- കീടനാശിനി സ്പ്രേ ചെയ്യുമ്പോൾ ഒന്നോ രണ്ടോ തൊഴിലാളികളുടെ സാന്നിധ്യം കൂടി ഉറപ്പുവരുത്തേണ്ടതാണ്.
- ശിപാർശ ചെയ്തിട്ടുള്ള അളവിൽ മാത്രം ഉപയോഗിക്കുക.
- സൂര്യപ്രകാശവും തെളിച്ചവുമുള്ള ദിവസങ്ങളിൽ മാത്രം കീടനാശിനി പ്രയോഗം നടത്തുക.
- സ്പ്രെയറുകളുടെ തരം അനുസരിച്ച് വെള്ളത്തിന്റെ അളവ് ക്രമീകരിക്കുക.
- കാറ്റിന്റെ ദിശയുടെ നേർക്ക് സ്പ്രേ ചെയ്യുക.
- നല്ല കാറ്റുള്ള സമയങ്ങളിൽ മരുന്ന് തളിക്കരുത്. രാവിലെ 8 മണിക്ക് മുമ്പോ വൈകിട്ട് 3 മണിക്ക് ശേഷമോ ലായിനി സ്പ്രേ ചെയ്യാൻ തെരഞ്ഞെടുക്കുക.
- ശരീരഭാഗങ്ങളിൽ കീടനാശിനി തട്ടാതെ സൂക്ഷിക്കുക. എവിടെയെങ്കിലും തട്ടാനിടയായാൽ സോപ്പും വെള്ളവുമുപയോഗിച്ച് അവിടം ഉടനടി കഴുകുക.
- ഉപയോഗത്തിനുശേഷം സ്പ്രേയർ സോപ്പ്/ഡിറ്റർജന്റ്, ശുദ്ധമായ വെള്ളം ഇവ ഉപയോഗിച്ച് വൃത്തിയായി കഴുകുക.

- മഴയ്ക്ക് തൊട്ടുമുമ്പോ ശേഷമോ സ്പ്രേ ചെയ്യാൻ പാടില്ല.
- മരുന്ന തളിക്കുമ്പോൾ പുകലവിക്കുകയോ മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ മുറുക്കാൻ ചവയ്ക്കുകയോ അരുത്.
- കീടനാശിനി മിശ്രിതം തയ്യാറാക്കാൻ ഉപയോഗിക്കുന്ന ബക്കറ്റ്, കപ്പ്, ചോർപ്പ് എന്നിവ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കുക.

സ്പ്രേ ഓപ്പറേഷന് ശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ബാക്കി വന്ന ലായനികൾ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റുക. അവയുടെ തന്നെ പാത്രങ്ങളിൽ ഭദ്രമായി അടച്ച് സൂക്ഷിക്കുക.
- ഉപയോഗിച്ച് കഴിഞ്ഞ കണ്ടെയ്നറുകൾ പൊട്ടിച്ച് അടിച്ചുക്കി, ജലസ്രോതസ്സുകളിൽ നിന്നും ദൂരെ 15 സെന്റീമീറ്റർ ആഴത്തിൽ കുഴിച്ചിടുക.
- മുഖവും കയ്യും ശുദ്ധമായ വെള്ളവും സോപ്പും ഉപയോഗിച്ച് കഴുകുക. ഏതെങ്കിലും തരത്തിൽ വിഷമേറ്റ ലക്ഷണം തോന്നിക്കുന്നപക്ഷം ഫസ്റ്റ് എയ്ഡ് നൽകുകയും ഒഴിഞ്ഞ കണ്ടെയ്നർ സഹിതം എത്രയും വേഗം ഡോക്ടറുടെ അടുക്കൽ എത്തിക്കുകയും വേണം.
- കുളിക്കുകയോ വസ്ത്രം അലക്കുകയോ ചെയ്യാതെ സ്പ്രേ ചെയ്യുന്നയാൾ ഭക്ഷണം കഴിക്കാൻ പാടില്ല.

(ബി) പരിശീലന ക്ലാസ്സുകൾ, ശിൽപ്പശാലകൾ എന്നിവയിലൂടെ കർഷകർക്ക് കീടനാശിനി പ്രയോഗം നടത്തുന്നതുമായി ബന്ധപ്പെട്ട ബോധവത്കരണം നടത്തിവരുന്നു. കൂടാതെ കർഷകത്തൊഴിലാളികൾക്ക് കീടനാശിനി പ്രയോഗം സംബന്ധിച്ച് പ്രത്യേക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടത്തിവരുന്നു. 2018-19 വർഷം ഇപ്രകാരം 410 പരിശീലന പരിപാടികൾ രജിസ്റ്റർ ചെയ്ത 4286 കീടനാശിനി പ്രയോഗം നടത്തുന്ന കർഷകത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ "കീടനാശിനികൾ പ്രയോഗിക്കുമ്പോൾ" എന്ന ലഘുലേഖ അച്ചടിച്ച് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കീടനാശിനി പ്രയോഗിക്കുന്നതിനു മുമ്പ് കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ എന്ന് 17-01-2011-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ നടപടി

പ്രാവർത്തികമാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണനയ്ക്കെടുത്തു കൊണ്ട് 7 നിയന്ത്രിത കീട/കുമിൾ/കളനാശിനികളുടെ മാത്രം വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കർഷകർക്ക് ഇതുസംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് 3-1-2019-ലെ ടി.ക്യൂ.22908/2017, തീയതി നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് സമയോചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കടാശ്വാസ കമ്മീഷൻ ഇളവ് ലഭിച്ച കർഷകർക്ക് രേഖകൾ യഥാസമയം ബാങ്കുകളിൽ നിന്നും ലഭിക്കാൻ നടപടി

65 (5089) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ഇളവ് പ്രകാരം കടാശ്വാസം ലഭിച്ച വ്യക്തികൾ കമ്മീഷൻ നിശ്ചയിച്ച തുക ബാങ്കിൽ അടച്ചിട്ടും പല ബാങ്കുകളിൽ നിന്നും കർഷകർക്ക് രേഖകൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളാൻ തീരുമാനിച്ച ലോൺ കുടിശ്ശിക അതാത് ബാങ്കുകളിൽ യഥാസമയം എത്തുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയത് വേഗത്തിൽ ആക്കാൻ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-ഡി) കർഷകർക്ക് രേഖകൾ യഥാസമയം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നുള്ള വായ്പകൾക്ക് കർഷക കടാശ്വാസമായി അനുവദിച്ച് നൽകുന്ന തുക ബാങ്കിന് അർഹതപ്പെട്ട l താണെന്നും ടി തുക ഉദ്ദേശ്യലക്ഷ്യത്തിനുതന്നെ വിനിയോഗിച്ചുവെന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ ഉറപ്പ് വരുത്തേണ്ടതാണെന്നും ആനുകൂല്യം ലഭിച്ച വായ്പക്കാരന്റെ പേരും തുകയും ബാങ്ക്

നോട്ടീസ് ബോർഡിൽ വായ്പക്കാരന്റെ പരിശോധനയ്ക്കായി നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണെന്നും ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുകയും സഹകരണ സംഘം രജിസ്ട്രാർ ചെയ്യുന്നുണ്ട്. കടാശ്വാസം യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പച്ചക്കറികൃഷിക്ക് പലിശരഹിത വായ്പ**

66 (5090) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷിക്ക് പലിശരഹിത വായ്പ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരത്തിൽ കർഷകർക്ക് എത്ര രൂപ വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) പച്ചക്കറി കൃഷിക്ക് മാത്രമായി കൃഷി വകുപ്പ് മുഖേന ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിൽ പരിശരഹിത വായ്പ അനുവദിക്കുന്നില്ല. എന്നാൽ RBI-യുടെ Interest Subvention പദ്ധതിപ്രകാരം, വായ്പ എടുത്തശേഷം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക്, താങ്ങ് പലിശ (Interest Subvention) നൽകാറുണ്ട്. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന കാർഷിക വായ്പ എടുക്കുന്ന കർഷകർ കൃത്യമായി വായ്പ തിരിച്ചടച്ചാൽ 2 ശതമാനം പലിശ കൂടി കർഷകർക്ക് തിരികെ നൽകാൻ VFPCK-യുടെ പച്ചക്കറി കൃഷി വികസന പദ്ധതി വിഭാവന ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

പച്ചക്കറി കൃഷിക്ക് സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം പലിശരഹിത വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം സംസ്ഥാനത്തെ കർഷകർക്ക് പച്ചക്കറി കൃഷിക്ക് പലിശരഹിത വായ്പയായി ആകെ 77.028 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ആർ.സി.ഇ.പി. കരാർ കാർഷിക മേഖലയിൽ**

67 (5091) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. സി. ഇ. പി. കരാർ കാർഷിക മേഖലയെ ഏതൊക്കെ രീതിയിൽ ആണ് ദോഷകരമായി ബാധിക്കുന്നത്; വിശദമാക്കാമോ;

(ബി) ആർ.സി .ഇ. പി. കരാർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ ദുരീകരിക്കുവാൻ സർവ്വകക്ഷി സംഘത്തെ അയച്ച് കേന്ദ്രസർക്കാരുമായി ചർച്ച നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉത്പന്നങ്ങളും സേവനങ്ങളും ഒഴുകി വന്നാൽ നമ്മുടെ കാർഷിക, ചെറുകിട വ്യവസായ, ക്ഷീര, മത്സ്യബന്ധന, ആരോഗ്യ, തോട്ടം മേഖലകൾ വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയും ആയിരിക്കും ഈ കരാറിന്റെ ഫലം.

ആർ.സി.ഇ.പി.-യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോത്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തെയും വൻവിലത്തകർച്ചയേയും നേരിടേണ്ടി വരും.

ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോത്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീരമേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. അനിയന്ത്രിതമായ പാൽ, പാൽ ഉത്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കും.

ലോകത്തിലെ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉത്പന്നങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉത്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും ആവശ്യസാധനമേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യം ഉണ്ടായാൽ അവരുടെ സമുദ്രോത്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവും ഇല്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും.

(ബി) 2016-ൽ തന്നെ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ, കാർഷിക, കാർഷിക അനുബന്ധ, ക്ഷീര, വ്യവസായ, മത്സ്യബന്ധന, ചെറുകിട വ്യവസായ, ആരോഗ്യ മേഖലകളിൽ സ്വതന്ത്ര വ്യാപാര കരാർ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ അറിയിക്കണമെന്നും ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നുമാവശ്യപ്പെട്ട് നിരവധി കത്തുകൾ നേരിട്ടും അല്ലാതെയും കേന്ദ്രസർക്കാരിന് നൽകിയിരുന്നു. 30-10-2019-ൽ കേരള നിയമസഭ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ ഈ കരാറിൽ നിന്നും പിൻവാങ്ങണമെന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## കൃഷി ഓഫീസർമാരുടെ നിയമനം

68 (5092) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എല്ലാ പഞ്ചായത്ത് കൃഷിഭവനുകളിലും കൃഷി ഓഫീസർമാരുടെ തസ്തികയിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം പഞ്ചായത്ത് കൃഷി ഓഫീസുകളിലെ കൃഷി ഓഫീസർമാരുടെ ഒഴിവ് ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഒഴിവുവന്ന കൃഷി ഭവനുകളിൽ ഓഫീസർമാരുടെ നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ 10 കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുവന്ന കൃഷി ഭവനുകൾ മങ്ങാട്ടിടം, കന്നോത്ത് പറമ്പ്, പന്ന്യന്നൂർ, കീഴൂർ-ചാവശ്ശേരി, പാനൂർ, പെരിങ്ങളം, തൃപ്പങ്ങോട്ടൂർ, ഇരിക്കൂർ, അയ്യങ്കുന്ന്, മുണ്ടേരി എന്നിവയാണ്.

(സി) ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. കമ്മീഷൻ ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് കൃഷി ഓഫീസർമാരെ ഉടനെതന്നെ നിയമിക്കുന്നതാണ്.

## പുതിയ തസ്തികകൾ

69 (5093) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പുമന്ത്രിയുടെ കീഴിൽ വരുന്ന വകുപ്പുകളിലായി ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികകളുടെ പേര്, എണ്ണം, വകുപ്പിന്റെ പേര് എന്ന ക്രമത്തിലുള്ള പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 20 പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കൃഷി ഓഫീസർ | - | 1 |
| കൃഷി അസിസ്റ്റന്റ് | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 18 |

## എളവള്ളി, മല്ലശ്ശേരി ഭവനുകളിലെ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവ്

70 (5094) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവ് നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ എളവള്ളി കൃഷിഭവനിൽ കൃഷി അസിസ്റ്റന്റിന്റെ ഒഴിവ് നികത്തിയിട്ടുണ്ട്. അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ മുല്ലശ്ശേരി കൃഷി ഭവനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി അസിസ്റ്റന്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

## നെന്മാറ മണ്ഡലത്തിൽ കൃഷി വകുപ്പിലെ ഒഴിവുള്ള തസ്തികകൾ

71 (5095) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൃഷിവകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ കൃഷി ഭവനിൽ ഒരു കൃഷി അസിസ്റ്റന്റിന്റെയും നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ഒരു ക്ലാർക്കിന്റെയും ഒഴിവുണ്ട്.

(ബി) കൃഷി അസിസ്റ്റന്റിന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിലെ ക്ലാർക്കിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (തമിഴ്-മലയാളം).

## കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

72 (5096) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ എത്ര തസ്തികകളാണുള്ളതെന്നും പ്രസ്തുത തസ്തികകളുള്ള ഓഫീസുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ എവിടെയെല്ലാമാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും എത്ര കാലമായി ഒഴിവ് തുടരുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ ഏതെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്നത് എന്നതിനെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; കൃഷി ഓഫീസർമാർ ഇല്ലാത്തതുകൊണ്ട് അർഹമായ ആനുകൂല്യങ്ങൾ കർഷകർക്ക് കിട്ടാതെ പോയിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ഡി) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് എന്തുകൊണ്ടാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഭാവിയിൽ ഈ അവസ്ഥ ഇല്ലാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഇപ്പോഴത്തെ ഒഴിവുകൾ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ കൃഷി ഭവനുകളിൽ 41 തസ്തികകളും കാഷ്യൂ ഓർച്ചാർഡ് ഗ്വാളിമുഖം, ചീമേനി തുറന്ന ജയിൽ എന്നീ ഓഫീസുകളിൽ ഓരോ തസ്തിക വീതവും ചേർത്ത് ആകെ 43 കൃഷി ഓഫീസർമാരുടെ തസ്തികകളാണുള്ളത്. പ്രസ്തുത തസ്തിക, നിലവിലുള്ള കൃഷി ഭവനുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

നീലേശ്വരം, കയ്യൂർ - ചീമേനി, ചെറുവത്തൂർ, പടന്ന, പീലിക്കോട്, വലിയപറമ്പ, തൃക്കരിപ്പൂർ, ഉദുമ, പള്ളിക്കര, അജാനൂർ, പുല്ലൂർ -പെരിയ, മടിക്കൈ, കാഞ്ഞങ്ങാട് (എം), ബലാൽ, കോടംബെല്ലൂർ, പനത്തടി, കല്ലാൽ, കിനനൂർ-കരിന്തളം, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, മധൂർ, മൊഗ്രാൽപുത്തൂർ, ചെങ്കള, കാസർഗോഡ് (എം), ചെംനാട്, കുമ്പള, ബദിയഡുക്ക, മുളിയൂർ, കാറഡുക്ക, ദേലംപാടി, ബെദഡുക്ക, കുട്ടിക്കോൽ, കുമ്പഡജേ, ബെല്ലൂർ, വോർക്കാടി, മഞ്ചേശ്വർ, മീഞ്ച, മംഗൽപ്പാടി, പൽവാലികെ, പുത്തിഗെ, എന്മകജെ.

(ബി) മംഗൽപ്പാടി, കുമ്പള കൃഷി ഭവനുകളിൽ കൃഷി ഓഫീസർ തസ്തിക 7-9-2019 മുതൽ ഒഴിഞ്ഞുകിടക്കുന്നു.

(സി) കൃഷി ഓഫീസർ തസ്തിക ഒഴിവുള്ള കൃഷി ഭവനുകളിൽ തൊട്ടടുത്ത കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുള്ളതിനാൽ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടിയന്തരമായി കൃഷി ഓഫീസർമാരെ നിയമിക്കുന്നതാണ്.

(ഡി) കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കൃഷി ഭവനുകളിൽ ജോലി ചെയ്തിരുന്ന കൃഷി ഓഫീസർമാർക്ക് പ്രൊമോഷൻ/സ്ഥലംമാറ്റം ലഭിച്ചതിനെ തുടർന്നാണ് ഒഴിവുകളുണ്ടായത്. പുതിയ നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

## അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

73 (5097) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിലവിൽ 123 ഒഴിവുകളുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | ഇല്ല (9 പേർ അധികം) |
| കൊല്ലം | ഇല്ല. (2 പേർ അധികം) |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 2 |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 2 |
| തൃശ്ശൂർ | 24 |
| പാലക്കാട് | 7(10 പേർ അധികം) |
| മലപ്പുറം | 36 |
| കോഴിക്കോട് | 50 |
| വയനാട് | 2 |
| കണ്ണൂർ | 16 |
| കാസർഗോഡ് | 1 |

(സി) നിലവിൽ 108 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിച്ച ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റാങ്ക് ലിസ്റ്റ് വരുന്ന മുറയ്ക്ക് മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതാണ്.

**കോൾ വികസന പദ്ധതി മണലൂർ മണ്ഡലത്തിൽ**

74 (5098) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകി എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്നും ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ-പൊന്നാനി കോൾ മേഖലയിലെ സംയോജിത കോൾ വികസന പദ്ധതി, പെട്ടി പറയ്ക്കു ബദൽ സംവിധാനം ഒരുക്കുന്ന പ്രവൃത്തിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് താഴെപ്പറയും പ്രകാരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിച്ചിരുന്നു.

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം/കോൾ പടവ് |
|---|---|---|
| 1 | മുല്ലശ്ശേരി | മണൽപ്പുഴ കന്നോത്ത് കോൾ പടവ് |
| 2 | വെങ്കിടങ്ങ് | പൊന്നമൃത കോൾപടവ് |
| 3 | മണലൂർ | മണലൂർതാഴം കോൾപടവ് |

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം തൃശ്ശൂർ, പൊന്നാനി കോൾ വികസന അതോറിറ്റി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ബി) കൃഷി വകുപ്പ് മുഖാന്തരം 32,16,958.50 രൂപ ചെലവഴിച്ച് നടപ്പാക്കിയ ടി പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കർഷകർക്കുണ്ടായ നാശനഷ്ടം**

75 (5099) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 വർഷത്തിൽ ഉണ്ടായ പ്രളയത്തിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ നിരവധി കർഷകർക്ക് കൃഷിനാശം സംഭവിക്കുകയും വലിയ തോതിലുള്ള നഷ്ടം ഉണ്ടാകുകയും ചെയ്ത കാര്യം കൃഷിവകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) അവർക്കുവേണ്ടി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നിന്ന് ലഭിച്ച അപേക്ഷകൾ പരിശോധിച്ചിട്ടുണ്ടോ; നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുണ്ടോ; ആയത് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പുനർകൃഷിക്ക് ലഭ്യമായ പദ്ധതികളിൽ ഈ കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിനാശത്തിന് ആനുകൂല്യം നൽകുന്നതിനായി ലഭിച്ച 642 അപേക്ഷകൾ പരിശോധിച്ച് 66.66623 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചവറ പന്മനയിലെ കേരഗ്രാമം പദ്ധതി**

76 (5100) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ചവറ നിയോജകമണ്ഡലത്തിലെ പന്മന ഗ്രാമപഞ്ചായത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

ഉത്പാദനക്ഷമത കുറഞ്ഞതും രോഗം ബാധിച്ചതുമായ 1370 തെങ്ങുകൾ വെട്ടിമാറ്റി പുതിയ നടീലിനായി 659 തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു. 46067 തെങ്ങുകൾക്ക് തടം തുറക്കുകയും 30625 തെങ്ങുകൾക്ക്

ജൈവവളവും കുമ്മായവും വിതരണം ചെയ്യുകയും ചെയ്തു. 18 ജലസേചന കിണറുകൾ കുഴിക്കുകയും 18 പമ്പ് സെറ്റുകൾ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു. കയർ പ്രോസസിംഗ് യൂണിറ്റിനുള്ള സഹായമായി 2,00,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കേരഗ്രാമം പദ്ധതിയിൽ പന്മന ഗ്രാമപഞ്ചായത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും നീക്കിവച്ചിട്ടുള്ള തുകയും ഇവയാണ്.

1. പഞ്ചായത്ത് തല കേരസമിതിക്ക് ആനുകൂല്യം - 20000 രൂപ.
2. കൃഷിഭവന്റെ അടിസ്ഥാന സൗകര്യ വികസനം - 5850 രൂപ.
3. ജൈവവള വിതരണം - 10,93,750 രൂപ
4. രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് - 8,46,000 രൂപ.
5. തെങ്ങിൻതൈ വിതരണം - 35,250 രൂപ.

**ഇടുക്കി കൊന്നത്തടി കൃഷിഭവൻ മുഖേന സമർപ്പിച്ച പ്രോജക്ട്**

77 (5101) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ഇടുക്കി കൊന്നത്തടി കൃഷിഭവൻ മുഖേന ഏതെങ്കിലും വ്യക്തികൾ പ്രോജക്ട് സമർപ്പിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങൾ നൽകുമോ; ആയത് ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) ലോക ബാങ്കിന്റെ സഹായത്തോടെ ഇപ്രകാരം എന്തെല്ലാം പദ്ധതികളാണ് കാർഷിക മേഖലയിൽ നടപ്പു സാമ്പത്തിക വർഷം നടപ്പിൽവരുത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ബഹു. എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിൻ മുഖേന ശ്രീ. മൽക്ക, അടിമാലി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) കുരുമുളക്, തെങ്ങ്, നെല്ല്, കൊക്കോ, ജാതി, പച്ചക്കറി തുടങ്ങിയ വിളകളുടെ വിസ്തൃതിവ്യാപനവും വിപണനവും, അഗ്രോ പാർക്ക്, മണ്ണ് സംരക്ഷണ

പ്രവർത്തനങ്ങൾ, ഫാം ടൂറിസം തുടങ്ങി കൊന്നത്തടി പഞ്ചായത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള നിർദ്ദേശങ്ങളാണ് നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ച് റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് (ആർ.കെ.ഐ.) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് കൃത്യമായ പ്രൊഫോർമയിൽ സമർപ്പിക്കുന്നതിനായി ഇടുക്കി ജില്ലാ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (ആർ.കെ.ഐ.) സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽ കാഷ്വൽ തൊഴിലാളി നിയമനം**

78 (5102) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടേരി ജില്ലാ വിത്തു കൃഷി തോട്ടത്തിലേക്ക് പുതിയ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തയ്യാറാക്കിയിരുന്ന പട്ടികയിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) മേൽ ലിസ്റ്റിൽ നിന്നും ആളുകളെ നിയമിക്കുന്നില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗതീരുമാനമായ ഫാമിന്റെ അതിർത്തി നിർണ്ണയത്തിന് റവന്യൂ, കൃഷി, വനം വകുപ്പുകളുടെ സംയുക്തസർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. 2019 ആഗസ്റ്റ് 8, 9 തീയതികളിലുണ്ടായ പ്രളയത്തിൽ മുണ്ടേരി ഫാമിലെ റോഡുകളും കൃഷിയിടങ്ങളും മറ്റും നശിച്ചിരുന്നു. പ്രസ്തുത റോഡുകൾ പുനർനിർമ്മിച്ച് കൃഷി സ്ഥലങ്ങൾ കൃഷിയോഗ്യമാക്കിയതിനുശേഷം കാഷ്വൽ തൊഴിലാളികളുടെ നിയമനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിലെ കൃഷിയോഗ്യമായ കുറച്ച് സ്ഥലങ്ങളിൽ ഉരുൾപ്പൊട്ടൽ, പ്രളയം എന്നിവമൂലം ഇപ്പോൾ കാർഷിക പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിക്കുന്നില്ല. മേൽ സാഹചര്യത്തിലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നൽകിയ ലിസ്റ്റിൽ നിന്നും ആളുകളെ നിയമിക്കുവാൻ കഴിയാതെ വന്നത്.

(സി) മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിൽ കൃഷി, റവന്യൂ, വനം എന്നീ വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ അതിർത്തികൾ വേർതിരിക്കുന്നതിനായി സ്പെഷ്യൽ ടീമിനെ വച്ച് ഒരു സംയുക്ത സർവ്വേ നടത്തി ഡീമാർക്കേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ആയത് സംസ്ഥാന കാർഷികോത്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംയുക്ത ടീം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിന് മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### മുണ്ടേരി ജില്ലാ വിത്തുകൃഷി തോട്ടത്തിൽ അഴിമതി

79 (5103) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുണ്ടേരി ജില്ലാ വിത്തുകൃഷി തോട്ടത്തിൽ ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിലെ അഴിമതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് നൽകിയ ഇ-പെറ്റീഷൻ 1900/2019 ൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)-യുടെ അദ്ധ്യക്ഷതയിൽ ടീം രൂപീകരിച്ചു. വിശദമായ സ്ഥലപരിശോധന നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 14-6-2019-ന് രാവിലെ 11 മണിക്ക് ഫാമിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ ചേംബറിൽ മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ തൊഴിലാളി യൂണിയൻ നേതാക്കളുമായി പരാതിയിലെ ബന്ധപ്പെട്ട വിഷയം വിശദമായി ചർച്ച ചെയ്യുകയും അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് വിവിധ സാങ്കേതിക ഉദ്യോഗസ്ഥരുടെ യോഗം വീണ്ടും ചേരുകയും 2017-18 സാമ്പത്തിക വർഷത്തിൽ ഫാമിലെ അഞ്ച് ബ്ലോക്കുകളിലായി നടപ്പിലാക്കിയ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികളുടെ ന്യൂനതകൾ വിശദമായി ചർച്ച ചെയ്ത്

വിലയിരുത്തുകയും ചെയ്തു. 26-6-2019-ന് ഓരോ ബ്ലോക്കിലും തൊഴിലാളികളുടെ സാന്നിധ്യത്തിൽ മലപ്പുറം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ സാങ്കേതികവിഭാഗം ജീവനക്കാർ തകരാറിലായ ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഈ പ്രവൃത്തികളുടെ പ്രാരംഭഘട്ടത്തിൽ അപ്രതീക്ഷിതമായുണ്ടായ ഉരുൾപ്പൊട്ടലും മലവെള്ളപ്പാച്ചിലിലും ഈ ഫാമിലെ ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റുകൾ പൂർണ്ണമായും നാമാവശേഷമാക്കി. കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സാങ്കേതിക കമ്മിറ്റി ഫാമിന്റെ പുനർ നിർമ്മാണത്തിനുള്ള പദ്ധതി തയ്യാറാക്കിവരികയാണ്.

**പാലക്കാട് ഒന്നാം നെൽകൃഷിയുടെ സംഭരണവേളയിലുണ്ടായ ചൂഷണം**

80 (5104) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരുടെ കാര്യത്തിൽ സമയത്ത് വിളവെടുപ്പിന് സാഹചര്യമൊരുക്കൽ, സംഭരണം സുഗമമായി നടത്താൻ സഹായിക്കൽ, അതിന്റെ വില വൈകാതെ ലഭ്യമാക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ സർക്കാർ ഇടപെടലും സന്ദർഭോചിതമായ നടപടികളും ഉറപ്പു വരുത്താൻ എന്തൊക്കെ ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) പാലക്കാട് ഒന്നാം നെൽകൃഷിയുടെ സംഭരണ വേളയിലുണ്ടായ ചൂഷണം ആവർത്തിക്കപ്പെടുന്ന സാഹചര്യമുണ്ടാകുമോ;

(സി) അവിടെ മഴ ശക്തിപ്പെട്ടതോടെ സംഭരണസൗകര്യമില്ലാത്ത നെൽകർഷകർ കിട്ടിയ വിലയ്ക്ക് നെല്ല് സ്വകാര്യ മില്ലുകൾക്ക് നൽകേണ്ട സാഹചര്യമുണ്ടായോ;

(ഡി) ഇതിനൊരു പരിഹാരമായി ഒരു കാർഷിക കലണ്ടർ ഉണ്ടാക്കി വിതയും നടീലും വിളവെടുപ്പും അനുബന്ധ കാര്യങ്ങളും അതനുസരിച്ച് ചെയ്താൽ ഇത്തരം ചൂഷണങ്ങൾ ഒഴിവാക്കാനാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിളവെടുപ്പ് കഴിയുന്ന മുറയ്ക്ക് നെല്ല് സപ്ലൈകോ വഴി സംഭരിക്കുകയും പ്രഖ്യാപിച്ചിട്ടുള്ള വില കാലതാമസം കൂടാതെ നൽകുന്നുമുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ രണ്ടാം വിളയ്ക്ക് 585 കർഷകരിൽ നിന്നും സംഭരിച്ച 1490043 കിലോ നെല്ലിന്റെ വിലയായ 3,76,980,088 രൂപ മാത്രമേ നൽകുവാൻ ബാക്കിയുള്ളൂ.

(ബി&സി) നെല്ലിന്റെ ഒന്നാംവിള കാലത്ത് കർഷകർക്ക് നെല്ല് ഉണക്കാനും മറ്റും കളങ്ങളും (യാർഡുകളും) ഉണക്കി സംഭരിക്കുന്നതിന് സീഡ് ഗോഡൗണുകളും ഇല്ലാത്തതിനാൽ മഴമൂലം നെല്ല് കേടുവരുന്നതുകൊണ്ട് ചില കർഷകർ കുറഞ്ഞ വിലയ്ക്ക് സ്വകാര്യ മില്ലുകാർക്ക് നെല്ല് കൊടുത്തിട്ടുണ്ടാവാം.

നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാത്ത കർഷകർക്കാണ് ഓപ്പൺ മാർക്കറ്റിൽ നെല്ല് വിറ്റഴിക്കേണ്ടിവന്നത്. വിലയിൽ വലിയ വ്യത്യാസമില്ലാത്ത സാഹചര്യത്തിലാണ് കർഷകർ സ്വന്തം ഇഷ്ടപ്രകാരം നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാതെ വിറ്റഴിച്ചത്.

(ഡി) പാലക്കാട് കാർഷിക മേഖലകളുടെ പ്രത്യേകതകളാലും ജലലഭ്യതയുടെ അടിസ്ഥാനത്തിലും മഴയുടെ പാറ്റേൺ അനുസരിച്ചും കാർഷിക കലണ്ടർ തയ്യാറാക്കുകയും വിത്ത് ഒരുക്കുന്നതുമുതൽ വിളവെടുപ്പ് വരെയുള്ള കാർഷിക പരിപാലനമുറകൾ ക്രമപ്പെടുത്തുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ കൃഷിനാശം**

81 (5105) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ലെ കാലവർഷത്തിൽ ആലത്തൂർ മണ്ഡലത്തിൽ എത്ര രൂപയുടെ കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൃഷിനാശത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ 17,24,32,120 (പതിനേഴ് കോടി ഇരുപത്തിനാല് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി ഒരുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപയുടെ കൃഷിനാശം സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖാന്തരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കോഴിക്കോട് ജില്ലയിലെ സഹസ്ര സരോവരം പദ്ധതി**

82 (5106) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹസ്ര സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

സഹസ്ര സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | RIDF XXI- കോഴിക്കോട് ജില്ലയിലെ പനങ്ങാട് പഞ്ചായത്തിലെ നിർമ്മല്ലൂർ നരസിംഹമൂർത്തി ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 94.28 | പൂർത്തീകരിച്ചു. |
| 2 | RIDF XXI- കോഴിക്കോട് ജില്ലയിലെ നൊച്ചാട് പഞ്ചായത്തിലെ കൽപത്തൂരിടത്തിനടുത്തുള്ള ശ്രീപരദേവതാ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 53.14 | 85% ഭൗതിക പുരോഗതി കൈവരിച്ചു. |
| 3 | RIDF XXI- കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി പഞ്ചായത്തിലെ ശ്രീപിഷാരിക്കാവ് ക്ഷേത്രത്തിനടുത്തുള്ള കൊല്ലം ചിറയിലെ പുഴയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 325.23 | പൂർത്തീകരിച്ചു. |
| 4 | RIDF XXII- കോഴിക്കോട് ജില്ലയിലെ അരീക്കുളം ഗ്രാമ പഞ്ചായത്തിലെ ഉരല്ലൂർ ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 104.92 | പൂർത്തീകരണ ഘട്ടത്തിലാണ് |
| 5 | RKVY 2014-15 കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ചുണ്ടയിൽ പാടശേഖരത്തിലെ ഒതയോത്ത് കുളത്തിന്റെ നവീകരണവും ബണ്ട് നിർമ്മാണവും. | 87.34 | പൂർത്തീകരിച്ചു |
| 6 | കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ വാലൻകുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 218.74 | പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തിന് കൈമാറാത്തതിനാൽ പദ്ധതി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

## പിറവന്തൂർ കൃഷിഭവൻ മാറ്റി സ്ഥാപിക്കാൻ നടപടി

83 (5107) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജക മണ്ഡലത്തിൽപ്പെട്ട പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ ഇപ്പോൾ സ്ഥിതി ചെയ്യുന്ന മേടക്കട എന്ന സ്ഥലത്തു നിന്നും പഞ്ചായത്ത് ആസ്ഥാനം സ്ഥിതി ചെയ്യുന്ന അലിമുക്ക് ജംഗ്ഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കൃഷി ഭവന് വേണ്ടി അലിമുക്ക് ജംഗ്ഷനിലുള്ള പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം വാടകരഹിതമായി നൽകുവാൻ സന്നദ്ധമാണെന്നുള്ള പിറവന്തൂർ ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാന പകർപ്പും നിവേദനത്തോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യം എത്രയും വേഗം നടപ്പിലാക്കുന്നതിന് അനുകൂല നടപടി കൈക്കൊള്ളുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പിറവന്തൂർ കൃഷി ഭവനിലെ കാർഷിക വികസന സമിതിയുടെ ശിപാർശയോടുകൂടിയ കത്ത് കൊല്ലം ജില്ലാ കൃഷി ഓഫീസർക്ക് നൽകുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കൃഷി ഭവൻ കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വസ്തുവിന്റെ സ്വഭാവ വ്യതിയാനം വരുത്തൽ

84 (5108) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് സെന്റിൽ കുറവ് ഭൂമി ഉള്ളവരും, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളവരും, വസ്തുവിന്റെ സ്വഭാവ വ്യതിയാനം വരുത്തി വീട് നിർമ്മിക്കുന്നതിനുള്ള അനുവാദത്തിനായി ബന്ധപ്പെട്ട കൃഷി പ്രിൻസിപ്പൽ ആഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ട് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ആഫീസിൽ എത്ര അപേക്ഷകളാണ് പ്രസ്തുത അനുവാദത്തിനായി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അനുവാദം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ഡി) ചെങ്ങന്നൂർ മണ്ഡലവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ഇതിനായി ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) നിലം പരിവർത്തനപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതും പരിഗണിക്കുന്നതും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 9(8)-ലെ 1 മുതൽ 4 വരെയുള്ള വ്യവസ്ഥകൾ പ്രകാരമാണ്. ഇതുപ്രകാരം അപേക്ഷകനോ, അപേക്ഷകന്റെ കുടുംബത്തിനോ പ്രസ്തുത ജില്ലയിൽ വീട് വയ്ക്കുന്നതിനാവശ്യമായ ഭൂമി ഇല്ലെന്നും വീട് നിർമ്മിക്കുന്നത് സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും ടി സ്ഥലം മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ടതല്ല എന്നും ഇപ്രകാരം പരിവർത്തനം ചേർന്നുകിടക്കുന്ന നെൽവയലുകളിലെ കൃഷിയേയും പാരിസ്ഥിതിക വ്യവസ്ഥയേയും ബാധിക്കുകയില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം പരിശോധനകൾക്ക് സാങ്കേതികവും ശാസ്ത്രീയവുമായ ഉപാധികളും പരിശോധനാ നിരീക്ഷണങ്ങളും ആവശ്യമാണ്. അതോടൊപ്പം ഭൂമി സംബന്ധിച്ച വിഷയങ്ങളിൽ ആധികാരികത ഉറപ്പുവരുത്തുന്നതിന് റവന്യൂ രേഖകളുടെ വിശദമായ പരിശോധനയും ആവശ്യമാണ്. ഇക്കാര്യങ്ങൾ നിയമത്തിലെ വ്യവസ്ഥകൾക്കും ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾക്കും വിധേയമായി ഉറപ്പുവരുത്തുന്നതിനാലാണ് ഇത്തരം സാങ്കേതിക പരിശോധനയ്ക്കും നിശ്ചിത സമയം ആവശ്യമായി വരുന്നത്. എന്നാൽ ഈ പരിശോധനകൾ പൂർത്തിയാകുന്ന വേളയിൽ അർഹമായ അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് മറ്റ് സാങ്കേതിക തടസ്സങ്ങളില്ല.

(സി) നിലം നികത്തി വീട് വയ്ക്കുന്നതിന് 2017 ഡിസംബർ വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്. 2018 ജനുവരി മുതൽ നാളിതുവരെ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ 1080 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(ഡി) 99 അപേക്ഷകൾ.

**കോലിയക്കോട് പാടശേഖര കൃഷി സഹായധനം**

85 (5109) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിപ്രകാരം നേമം കൃഷി ഭവനു കീഴിലെ കോലിയക്കോട് പാടശേഖരത്തിൽ

കൃഷി നടത്തിയതിന് വർഷങ്ങൾക്കു മുമ്പ് അനുവദിച്ച തുക പാടശേഖര സമിതിക്കോ, കർഷകർക്കോ, കാർഷിക കർമ്മസേനക്കോ ഇതേവരെ അനുവദിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിച്ച് അടിയന്തരമായി തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പാടശേഖരത്തിൽ ഇപ്പോൾ കൃഷി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ദീർഘ നാളായി സഹായധനം ലഭിക്കാത്തതുകൊണ്ട് കടക്കെണിയിലായ പാടശേഖര സമിതിക്ക് അടിയന്തരമായി സഹായധനം വിതരണം ചെയ്ത് ഏലായിൽ നെൽകൃഷി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പാടശേഖരത്തിൽ നടപ്പുവർഷം നെൽകൃഷി നടത്തിയിട്ടില്ല. നേരത്തെ നടത്തിയ നെൽകൃഷിക്ക് ആനുകൂല്യം ലഭിക്കാതിരുന്നതിനാൽ ബന്ധപ്പെട്ട പാടശേഖര സമിതി കൂടുതൽ സ്ഥലത്ത് കൃഷിയിറക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ വിഷയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നെടുമങ്ങാട് മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

86 (5110) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ടോയെന്നും പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് മണ്ഡലത്തിൽ രണ്ട് കാർഷിക സേവന കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | കാർഷിക സേവന കേന്ദ്രം | വിശദാംശം |
|---|---|---|
| 1 | നെടുമങ്ങാട് കാർഷിക സേവന കേന്ദ്രം | നെടുമങ്ങാട് ബ്ലോക്കിൽ 18-5-2018-ൽ പ്രവർത്തനം ആരംഭിച്ചു. |
| 2 | കഴക്കൂട്ടം കാർഷിക സേവന കേന്ദ്രം | കഴക്കൂട്ടം ബ്ലോക്കിൽ ആണ്ടൂർക്കോണം പഞ്ചായത്തിൽ 24-4-2013-ൽ പ്രവർത്തനം ആരംഭിച്ചു. |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2017-18-ൽ നെടുമങ്ങാട് ബ്ലോക്കിൽ, നെടുമങ്ങാട് കാർഷിക സേവന കേന്ദ്രം അനുവദിച്ചിരുന്നു. സംസ്ഥാനത്ത് ഇതുവരെ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കാത്ത 11 ബ്ലോക്കുകൾക്കാണ് ഈ വർഷം സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നത്.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ

87 (5111) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മുല്ലശ്ശേരിയിൽ സീഡ് സ്റ്റോർ പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടവും

88 (5112) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ 7-ാം വാർഡിൽ മുല്ലശ്ശേരി കൃഷിഭവന്റെ കീഴിൽ ഊരകത്ത് വർഷങ്ങൾക്കു മുമ്പ് സീഡ് സ്റ്റോർ പ്രവർത്തിച്ചുവന്നിരുന്ന സ്ഥലവും കെട്ടിടവും അനാഥമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സ്ഥലം കൃഷി വകുപ്പിന്റെ അധീനതയിലുള്ളതാണോ എന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പരും വിസ്തീർണ്ണവും അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലം വീണ്ടും പ്രയോജനപ്പെടുത്തുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൃഷിവകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിൽ 7-ാം വാർഡിൽ ഊരകത്ത് സ്ഥിതിചെയ്യുന്ന വിത്തു സംഭരണ കേന്ദ്രം നിലവിൽ പ്രവർത്തനരഹിതമാണ്. കൃഷിവകുപ്പിന്റെ അധീനതയിലുള്ള പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പർ 288/4-ഉം (അന്നകര വില്ലേജ്) വിസ്തീർണ്ണം ഏകദേശം 5 സെന്റുമാണ്.

(സി) ഈ സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

**കേരഫെഡിലെ അഴിമതി**

89 (5113) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കേരഫെഡിൽ ഉണ്ടായിട്ടുള്ള അഴിമതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) അത് സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദവിവരം നൽകുമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2011-16 കാലയളവിൽ കേരഫെഡിൽ പച്ചത്തേങ്ങാ സംഭരണം, ഉണക്ക് യന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനായും അനുബന്ധ ഷെഡ്ഡുകളുടെ നിർമ്മാണത്തിനായും കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെ ശേഷി വർദ്ധനയ്ക്കു വേണ്ടിയുള്ള യന്ത്രങ്ങളും മറ്റും വാങ്ങുന്നതിനായും ക്ഷണിച്ച ദർഘാസ് നടപടികളിലെ ക്രമക്കേടുകൾ, കരാർ ജീവനക്കാർക്ക് അധിക ശമ്പളം നൽകിയത് തുടങ്ങിയവയുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ എന്നിവ സംബന്ധിച്ച്

കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ പ്രാരംഭ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

കേരഫെഡിലെ രേഖകൾ അനുസരിച്ച് 2011-16 കാലയളവിലെ താഴെ പരാമർശിക്കുന്ന പ്രകാരം വിവിധ വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു:

1. വിജിലൻസ് എൻക്വയറി നമ്പർ QV-19/2014/SIUI- കേരഫെഡിന്റെ 19-3-2013-ലെ ഭരണസമിതി തീരുമാനം അനുസരിച്ച് M/s. AUM Consultancy, Chennai എന്ന സ്ഥാപനത്തെ കേരഫെഡിന്റെ 'Marketing Consultancy' ആയി നിയമിച്ചത് സംബന്ധിച്ച്.

2. വിജിലൻസ് കേസ് ക്രൈം നമ്പർ VC/03/2018/SIU-1 മെക്കാനിക്കൽ കൊപ്ര ഡ്രയറുകൾ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തത് സംബന്ധിച്ച്.

3. വിജിലൻസ് കേസ് നമ്പർ VC/01/14/SIS-1 2013-2016 കാലയളവിലെ പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച്.

4. വിജിലൻസ് കേസ് നമ്പർ VC/01/14/SIUI-1 2013-ൽ ഉപഹാരങ്ങൾ വാങ്ങിയത് വിതരണം ചെയ്തത് സംബന്ധിച്ച്.

5. വിജിലൻസ് കേസ് നം. VC/04/17/SRT കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറിയിൽ 2014-ൽ കൊപ്രയാട്ട് യന്ത്രം സ്ഥാപിച്ചത് സംബന്ധിച്ച്.

(ബി) പച്ചത്തേങ്ങാ സംഭരണവുമായി ബന്ധപ്പെട്ട് ഗുണനിലവാരമില്ലാത്ത 4530.21 മെട്രിക് ടൺ മോശം കൊപ്ര 2013-2016 കാലയളവിൽ കേരഫെഡിന്റെ പ്ലാന്റുകളിൽ സ്വീകരിച്ചതിനാൽ 58,57,766 രൂപയും ദർഘാസ് ചട്ടങ്ങൾ പാലിക്കാതെ ഉണക്കയന്ത്രങ്ങൾ വാങ്ങിയ വകയിൽ 50,41,540 രൂപയുടെ നഷ്ടവും അനുബന്ധ ഷെഡ്ഡുകൾ വാങ്ങിയ വകയിൽ 19,68,860 രൂപയുടെയും കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെ ശേഷി വർദ്ധനവിനായി യന്ത്രങ്ങൾ വാങ്ങിയ വകയിൽ ഏകദേശം 2.67 കോടി രൂപയും കോഴിക്കോട് ജില്ലയിലെ 8 കൃഷി ഭവനുകളിൽ ഒരൊറ്റ തേങ്ങ പോലും സംഭരിക്കാതെ കരാറടിസ്ഥാനത്തിൽ നിയമിച്ച അക്കൗണ്ടന്റിനും വർക്കർമാർക്കും 2014-15 വർഷത്തിൽ 9,08,212 രൂപയും മലപ്പുറം ജില്ലയിൽ 34,590 രൂപയും കാസർഗോഡ് ജില്ലയിൽ 1,07,647 രൂപയും അനുവദിച്ച വകയിൽ സർക്കാരിന് നഷ്ടം സംഭവിച്ചതായി സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ പ്രാഥമിക അന്വേഷണത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ പുരോഗമിക്കുന്നു.

(സി) സ്പെഷ്യൽ വിജിലൻസ് സെൽ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. അശോക് കുമാർ തെക്കനെ ഡയറക്ടർ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

## തൃശ്ശൂർ-പൊന്നാനി കോൾനില വികസന പദ്ധതി

90 (5114) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പൊന്നാനി കോൾനില വികസന പദ്ധതിക്ക് കേന്ദ്ര സർക്കാർ മതിയായ ഫണ്ട് അനുവദിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തൃശ്ശൂർ-പൊന്നാനി കോൾ നില വികസന പദ്ധതി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി 799.77 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കി കേന്ദ്ര കൃഷിവകുപ്പിന് സമർപ്പിച്ചിരുന്നു. ആയത് പുനഃക്രമീകരിച്ച് 425.2 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി 114.2 കോടി രൂപയുടെ 11 പ്രോജക്ടുകളും ആർ.ഐ.ഡി.എഫ്. മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 300 കോടി രൂപയുടെ പ്രോജക്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുവാനുമാണ് ഉത്തരവായത്. എന്നാൽ പദ്ധതികൾ പൂർത്തീകരിക്കുവാൻ മതിയായ ഫണ്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

തൃശ്ശൂർ-പൊന്നാനി കോൾനില വികസന പദ്ധതിയുടെ ഭാഗമായി 'Supply and Installation of Energy Efficient Water Lifting Devices for Dewatering, Thrissur-Ponnani Kole area' എന്ന പ്രോജക്ട് 2019-20 സാമ്പത്തിക വർഷത്തെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തൃശ്ശൂർ-പൊന്നാനി കോൾ മേഖലയിലെ പാടശേഖരങ്ങളിൽ നെല്ലുല്പാദന വർദ്ധനവിനുതകുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ 308,83,62,948 രൂപയുടെ വിശദമായ പ്രൊപ്പോസൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിൽ ബണ്ടുകളുടെ നിർമ്മാണം/നവീകരണം, തോടുകളുടെ ആഴംകൂട്ടൽ, എഞ്ചിൻ തറ, എഞ്ചിൻ ഷെഡ്, കനാലുകളുടെ ആഴം കൂട്ടൽ, നവീകരണം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട്

91 (5115) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിൽ ജനങ്ങളുടെ ജിവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വനം, പട്ടികവർഗ്ഗക്ഷേമം, ടൂറിസം, കൃഷി വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടും റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയും അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട് യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

അതിരപ്പിള്ളി ആദിവാസി മേഖലയിലെ കർഷകരുടെ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനത്തിനും ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും കാർഷിക മേഖലയിൽ വിവിധ ഇടപെടലുകൾ നടത്തി, അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിരപ്പള്ളി ട്രൈബൽവാലി പ്രോജക്ടിന് പദ്ധതി ചെലവായി 952.57 ലക്ഷം രൂപയാണ് 3 വർഷത്തേയ്ക്ക് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 13 ഘടകങ്ങൾ ഉൾപ്പെടുത്തി 8.46 കോടി രൂപയുടെ 3 വർഷത്തേയ്ക്ക് നടപ്പാക്കുന്ന സമഗ്രമായ ഒരു പ്രോജക്ട്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ഈ മേഖലയിലെ കർഷകരുടെ ഉത്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം നടത്തുന്നതിനും വിളവെടുപ്പിനുശേഷമുള്ള പരിപാലനം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതിരേഖ കേന്ദ്ര ഗവൺമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ട്രൈഫെഡ് (TRIFED)-ന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ട്രൈഫെഡ് (TRIFED)-ന്റെ

രാജ്യത്താകമാനമുള്ള വിവിധ ഔട്ട്‌ലെറ്റുകൾ വഴി അതിരപ്പള്ളി ട്രൈബൽ മേഖലയിലെ കർഷകരുടെ ഉത്പന്നങ്ങൾ വിതരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപരിയായി കേന്ദ്രസർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 9 ക്ലസ്റ്ററുകൾ അതിരപ്പള്ളി ട്രൈബൽവാലി പ്രോജക്ട് ഏരിയയിൽ നൽകുന്നതിന് തീരുമാനിക്കുകയും 9 ക്ലസ്റ്റർ (180 ഹെക്ടർ) അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ ഒന്നാം വർഷം പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 27.26973 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

## കാർഷിക സർവ്വകലാശാലയിൽ ഫാം ഓഫീസർമാരുടെ (അഗ്രി) നിയമനങ്ങൾ

92 (5116) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലും ഗവേഷണ സ്ഥാപനങ്ങളിലുമായി ഫാം ഓഫീസർ(അഗ്രി)മാരുടെ എത്ര തസ്തികകൾ ആണ് നിലവിലുള്ളത്; അതിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്നും എത്ര തസ്തികകൾ ഒഴിവുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) സർവ്വകലാശാല പുതുതായി ആരംഭിച്ചിട്ടുള്ള കോളേജുകളിൽ മറ്റു കോളേജുകൾക്ക് സമാനമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇത്തരം ജീവക്കാരുടെ സേവനങ്ങൾ കോളേജുകളിൽ ആവശ്യമുണ്ടോ; എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക സർവ്വകലാശാലയിലെ ഫാം ഓഫീസർമാരുടെ അഭാവം കാർഷിക സർവ്വകലാശാലയുടെ ഗവേഷണത്തെയും ഫാമുകളുടെ പ്രവർത്തനത്തെയും ദോഷകരമായി ബാധിക്കുന്നുണ്ടോ; അത്യാവശ്യമായി ഈ നിയമനങ്ങൾ നടക്കണമെന്ന്കാർഷിക സർവകാലാശാല കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) ഫാം ഓഫീസർ (അഗ്രി)മാരുടെ തസ്തികകളുടെ എണ്ണം 148. നിലവിലുള്ള ജീവനക്കാരുടെ എണ്ണം 41. ഒഴിവുള്ള തസ്തികകളുടെ എണ്ണം 107.

(ബി) ഇല്ല. ഇത്തരം ജീവനക്കാരുടെ സേവനങ്ങൾ കോളേജുകളിൽ ആവശ്യമുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് പുറപ്പെടുവിച്ച (ഐ.സി.എ.ആർ) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുതുതായി ആരംഭിച്ച കോളേജുകളിലേക്ക് ആവശ്യമായ തസ്തികളുടെ എണ്ണം സർവ്വകലാശാലാ എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി പരിശോധിച്ചുവരുന്നു.

(സി) ലഭ്യമായ ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയും ദിവസനവേതനത്തിൽ ആളുകളെ നിയമിച്ചും ശാസ്ത്രജ്ഞർ പ്രവർത്തനങ്ങളുടെ മേൽനോട്ടംവഹിച്ചും ഫാം ഓഫീസർമാരുടെ അഭാവം പരിഹരിച്ച് സർവ്വകലാശാലയുടെയും ഫാമുകളുടെയും പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നു.

## വെയർഹൗസിംഗ് കോർപ്പറേഷനിലെ വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ

93 (5117) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ നിലവിൽവന്നത് ഏതുവർഷം മുതലാണ്; നിലവിൽ എത്ര പേർക്ക് കോർപ്പറേഷൻ പെൻഷൻ നൽകുന്നുണ്ട്;

(ബി) പെൻഷൻ നിലവിൽവന്നത് മുതൽ കോർപ്പറേഷനിൽ നിന്നും വിവിധ കാലഘട്ടങ്ങളിൽ വിരമിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, ജനറൽ മാനേജർ തുടങ്ങിയ റാങ്കിലുള്ളവർക്ക് ഓരോമാസവും കോർപ്പറേഷൻ നൽകിവരുന്ന പെൻഷൻ തുക എത്രയെന്ന് വിശദമാക്കാമോ;

(സി) കോർപ്പറേഷനിലെ വിരമിച്ച ജീവനക്കാർക്ക് സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയ കെ.എസ്.ഡബ്ല്യു.സി.പെൻഷൻ റെഗുലേഷൻ പ്രകാരമുള്ള പെൻഷൻ നൽകണമെന്ന 2017 നവംബർ 14 ന്റെ സുപ്രീംകോടതി ഉത്തരവ് നടപ്പിലാക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ കെ.എസ്.ഡബ്ല്യു.സി. സാമ്പത്തികമായി ലാഭത്തിലാണോ; ആണെങ്കിൽ പ്രതിമാസം എത്ര രൂപ ലാഭവിഹിതം ലഭിക്കുന്നുണ്ട്;

(ഇ) കെ.എസ്.ഡബ്ല്യു.സി. സാമ്പത്തികമായി ലാഭത്തിലാണെങ്കിൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1996 മുതലാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ നിലവിൽ വന്നത്. നിലവിൽ 540 പേർക്ക് കോർപ്പറേഷൻ പെൻഷൻ നൽകുന്നുണ്ട്.

(ബി) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും വിരമിച്ച ലാസ്റ്റ് ഗ്രേഡ് മുതൽ ജനറൽ മാനേജർ വരെയുള്ള ജീവനക്കാർക്ക് അടിസ്ഥാന പെൻഷൻ ഇനത്തിൽ 3,82,990 രൂപയും ഡി.ആർ. ഇനത്തിൽ 8,87,177 രൂപയും ഇടക്കാലാശ്വാസമായി 5,40,000 രൂപയും ഉൾപ്പെടെ പ്രതിമാസം 18,10,167 രൂപ പെൻഷൻ അനുവദിക്കുന്നതിന് വിനിയോഗിക്കുന്നു.

(സി) സുപ്രീംകോടതി വിധി നടപ്പിലാക്കാൻ പെൻഷൻ ട്രസ്റ്റിലെ ഫണ്ട് അപര്യാപ്തമാണ്. ആയതിനാൽ 2018 ജൂൺ മാസം മുതൽ എല്ലാ പെൻഷനേഴ്സിനും 1000 രൂപ വീതം ഇടക്കാലാശ്വാസമായി നൽകിവരുന്നു.

(ഡി) കോർപ്പറേഷൻ ഇപ്പോൾ 26.70 കോടി രൂപ സഞ്ചിത നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 2017-18-ൽ 6.57 കോടി രൂപ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്.

(ഇ) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിലെ പെൻഷൻ വിതരണം സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് കെ.എസ്.ഡബ്ല്യൂ.സി. എംപ്ലോയീസ് പെൻഷൻ ആൻഡ് അദർ റിട്ടയർമെന്റ് ബെനിഫിറ്റ്സ് ഫണ്ട് ട്രസ്റ്റാണ്.

**നഗര-ഗ്രാമാസൂത്രണ നിയമത്തിൽ സമഗ്ര ഭേദഗതി**

94 (5118) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനുഭവത്തിന്റെയും വൻകിട ഫ്ലാറ്റ് നിർമ്മാതാക്കളിൽ ഏറെപ്പേർ നിയമലംഘനം നടത്തുന്നതായി വരുന്ന വാർത്തയുടെയും അടിസ്ഥാനത്തിൽ നഗര-ഗ്രാമാസൂത്രണ നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തി കാര്യക്ഷമമായ സ്ഥലപര ആസൂത്രണം സമയബന്ധിതമായി നടത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) നിർമ്മാണാനുമതി ലഭിക്കുന്നതിനും ക്രമവൽക്കരിക്കുന്നതിനും കെട്ടിട നമ്പർ അനുവദിക്കുന്നതിനും ഏറെ കാലതാമസം നേരിട്ടിരുന്നതും അഴിമതി നടന്നിരുന്നതും അവസാനിപ്പിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് മാനുഷിക മുഖം നൽകുകയെന്ന ലക്ഷ്യത്തോടെ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഡി) എഞ്ചിനീയറിംഗ്, ടൗൺ പ്ലാനിംഗ് വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് പ്രകാരമാണ് നിലവിൽ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നത്. ടി ആക്റ്റ് പ്രകാരം തയ്യാറാക്കുന്ന പ്ലാനുകളിൽ പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾക്കു വേണ്ടിയുള്ള റെഗുലേഷനുകൾ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ നിലവിലെ ആക്റ്റ് പ്രകാരം നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് ഏറ്റവും കുറഞ്ഞത് 2½ മുതൽ 3 വർഷം വരെ എടുക്കാറുണ്ട്. ടി സാഹചര്യത്തിൽ പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ആയതിനുവേണ്ടിയുള്ള നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ILDP (Interim Local Development Plan) എന്ന പദ്ധതി തയ്യാറാക്കി ആയത് കുറഞ്ഞ സമയത്തിനുള്ളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ നഗരാസൂത്രണ വകുപ്പ് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ആവശ്യപ്രകാരം തയ്യാറാക്കുന്നുണ്ട്.

(ബി) കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ക്രമവത്കരണം, കെട്ടിട നമ്പർ അനുവദിക്കൽ എന്നിവയിൽ കാലതാമസം ഒഴിവാക്കുന്നതിനായി വെബ് അധിഷ്ഠിതമായ IBPMS എന്ന ബിൽഡിംഗ് ആപ്ലിക്കേഷൻ സിസ്റ്റം സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും നടപ്പിലാക്കുന്നതിന്റെ ഒന്നാം ഘട്ടമായി 8 നഗരങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) G.O(P)No.77/2019/LSGD dated 2-11-2019 (SRO. No.828/2019 dt.8-11-2019) പ്രകാരം പുതുക്കിയ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, G.O.(P)No.78/2019/LSGD dated 2-11-2019 (SRO No.829/2019 dt.8-11-2019) പ്രകാരം പുതുക്കിയ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ നിലവിൽ വന്നിട്ടുണ്ട്. ഇത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ വ്യക്തിഗത വ്യാഖ്യാനം കഴിവതും ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ ജനോപകാരം മുന്നിൽ കണ്ടുകൊണ്ടാണ് രൂപീകരിച്ചിരിക്കുന്നത്.

(ഡി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ, വകുപ്പിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഏകീകൃത തദ്ദേശ പൊതുസർവ്വീസ്

95 (5119) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 2016-ലെ ടൗൺ & കൺട്രി പ്ലാനിംഗ് ആക്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തൃപ്തികരമായി പ്രവർത്തിക്കുന്ന വികസന അതോറിറ്റികളിലെ (ജി.സി.ഡി.എ, ജിഡ, ട്രിഡ) ജീവനക്കാരെ ഏകീകൃത തദ്ദേശ പൊതുസർവീസിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) പുതിയ സർവീസ് നിലവിൽ വരുന്നതോടെ മുനിസിപ്പൽ കോമൺ സർവീസ് സ്പെഷ്യൽ റൂൾസ്, എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് സർവീസ് സ്പെഷ്യൽ റൂൾസ്, ടൗൺ & കൺട്രി പ്ലാനിംഗ് സ്പെഷ്യൽ റൂൾസ് മുതലായവ ഇല്ലാതാകുമ്പോൾ ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നിയമിതരായ വികസന അതോറിറ്റികളിലെ ജീവനക്കാരെ ഉൾപ്പെടുത്താത്തത് ഭാവിയിൽ പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ ഇതു സംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ വിഷയം പരിശോധിച്ചുവരുന്നു.

## ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ ബത്ത

96 (5120) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ ബത്ത വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവർക്ക് യാത്രാ ബത്ത അനുവദിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 1. പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകുന്നതിന്: 1995-ലെ കേരള പഞ്ചായത്ത് രാജ്

(ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റുമാർക്കും ഏതൊരു തലത്തിലുള്ള പഞ്ചായത്തിന്റെയും വൈസ് പ്രസിഡന്റുമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും ജില്ലാ പഞ്ചായത്തിലെ ഓരോ അംഗത്തിനും അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് 1-ാം ക്ലാസ്സ് സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട യാത്രാപ്പടിയും ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തിലെയും ഓരോ അംഗത്തിനും അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് II (എ) ക്ലാസ്സ് സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട യാത്രാപ്പടിയും അനുവദിക്കാവുന്നതാണ്.

2. പൊതുകാര്യത്തിനായി യാത്ര ചെയ്യുമ്പോൾ ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർക്കും ജില്ലാ പഞ്ചായത്തിലെ അംഗങ്ങൾക്കും അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് 1-ാം ക്ലാസ്സ് സർക്കാർ ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രബത്തയും ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തിലെയും ഓരോ അംഗത്തിനും പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി ജില്ലാ ആസ്ഥാനത്തേക്കോ ബ്ലോക്ക് ആസ്ഥാനത്തേക്കോ നടത്തിയ യാത്രകൾക്കും സർക്കാരോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിളിച്ചുകൂട്ടിയ യോഗങ്ങളിലോ പരിശീലന പരിപാടികളിലോ പങ്കെടുക്കാനായി നടത്തിയ യാത്രകൾക്കും പഞ്ചായത്ത് യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായ പ്രകാരം പാസ്സാക്കിയ പ്രമേയംമൂലം അംഗീകരിച്ചിട്ടുള്ള പഞ്ചായത്ത് കാര്യങ്ങൾക്കുവേണ്ടി നടത്തിയ യാത്രകൾക്കും അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് II (എ) ക്ലാസ് സർക്കാരുദ്യോഗസ്ഥർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തയും അർഹതയുണ്ടായിരിക്കുന്നതാണ്.

## ഏകീകൃത തദ്ദേശഭരണ പൊതുസർവ്വീസ്

97 (5121) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-6-2016-ലെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ട ഏകീകൃത

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണം എന്ന് മുതലാണ് ഈ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസിൽ നിലവിലുള്ള വികസന അതോറിറ്റികളായ ജി.സി.ഡി.എ., ട്രിഡ, ജിഡ, എന്നിവിടങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ഏതെങ്കിലും സാഹചര്യത്തിൽ വികസന അതോറിറ്റി നിർത്തലാക്കുമ്പോഴോ, പ്രവർത്തനം നിലക്കുമ്പോഴോ ടി സ്ഥാപനത്തിലുള്ള ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിലേക്കും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിലേക്കും ലയിപ്പിക്കുമെന്ന് നിലവിലുള്ള കേരള ഡെവലപ്മെന്റ് അതോറിറ്റി റൂളിൽ പ്രതിപാദിക്കുന്ന സാഹചര്യത്തിൽ ഈ സർവ്വീസുകൾ ഇല്ലാതാക്കി ഇപ്പോൾ രൂപീകരിക്കുന്ന പൊതു സർവ്വീസിൽ നിലവിലുള്ള വികസന അതോറിറ്റി ജീവനക്കാരെ ഉൾപ്പെടുത്താതിരിക്കുന്നത് ഭാവിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കില്ലേയെന്നും, അതിനുള്ള പരിഹാരം എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുസർവ്വീസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏകീകരിച്ച വകുപ്പ് നിലവിൽ വരുന്നതാണ്.

(ബി-ഡി) നിലവിലുള്ള വികസന അതോറിറ്റി ജീവനക്കാരെ പൊതു സർവ്വീസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്ക് നാമകരണം**

98 (5122) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നും നിർമ്മിക്കുന്നതോ ജനപ്രതിനിധികളുടെ ഫണ്ടിൽ നിന്ന് നിർമ്മിക്കുന്നതോ ആയ ആസ്തികൾക്ക് നാമകരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്ഥാപന ഭരണ സമിതിയുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യക്തികളുടെ സ്മരണാർത്ഥമുള്ള പേരുകൾ

ആസ്തികൾക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഇത്തരത്തിൽ നാമകരണം നടത്താൻ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്ക് നാമകരണം നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നഗരസഭകളിൽ നിക്ഷിപ്തമായതും പരിരക്ഷിച്ചു പോരുന്നതുമായ പൊതുനിരത്തുകൾ നാമകരണം ചെയ്യേണ്ടതും അത്തരം പൊതുനിരത്തുകളുടെ പേരുകൾ ബന്ധപ്പെട്ട വാർഡ് കമ്മിറ്റികളുടെയോ വാർഡ് സഭകളുടെയോ അഭിപ്രായം പരിഗണിച്ച് മാറ്റാവുന്നതാണെന്നും 1994-ലെ കേരള മുൻസിപ്പൽ ആക്ട് 379-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും നിർമ്മിക്കുന്ന ആസ്തികൾക്ക് നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരം നാമകരണം നടത്തിവരുന്നു എങ്കിലും ജനപ്രതിനിധികളുടെ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികൾക്ക് നാമകരണം നടത്തുന്നത് കേരള മുൻസിപ്പൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾ തനത് ഫണ്ടോ, മറ്റേതെങ്കിലും കേന്ദ്ര സംസ്ഥാന ഫണ്ടുകളോ വകയിരുത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ആയത് ഏത് പൊതു സേവനത്തിനാണോ അല്ലെങ്കിൽ സൗകര്യത്തിനാണോ ഉപയോഗിക്കുന്നത് അതിന്റെ പേരും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പേരും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നാമകരണം ചെയ്യുന്നതുപോലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166 (6) പ്രകാരം നാമകരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപന ഭരണസമിതിയുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യക്തികളുടെ സ്മരണാർത്ഥമുള്ള പേരുകൾ ആസ്തികൾക്കുപയോഗിക്കുന്നതിന് നിലവിൽ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥയില്ല.

(സി) സർക്കാരിന്റെ 6-2-2003-ലെ 6184/ഡിപി1/03/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് സ്ഥാപനത്തിന്റെ പേര് ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ പേരിലാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുഴിക്കാണി പ്രദേശത്തെ കുടുംബങ്ങളെ കൊടകര പഞ്ചായത്തിലേക്ക് ചേർക്കുന്നതിന് നടപടികൾ

99 (5123) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മറ്റത്തൂർ പഞ്ചായത്തിന്റെ ഭാഗമായതും എന്നാൽ കൊടകര പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്നതുമായ കുഴിക്കാണി പ്രദേശത്തെ എൺപതോളം കുടുംബങ്ങളെ കൊടകര പഞ്ചായത്തിലേക്ക് ചേർക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കൊടകര ടൗണിനോട് അടുത്ത് കിടക്കുന്ന കുഴിക്കാണി പ്രദേശത്തെ ജനങ്ങളെ കൊടകര പഞ്ചായത്തിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കുഴിക്കാണി പ്രദേശത്തെ ജനങ്ങളെ കൊടകര പഞ്ചായത്തിലേയ്ക്ക് കൂട്ടിച്ചേർക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭജനം

100 (5124) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് നിയമിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്മേൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ വിഷയവുമായുള്ള നടപടിക്രമങ്ങൾ എന്ന് പൂർത്തീകരിയ്ക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിയ്ക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ

അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാപട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടിക സർക്കാർ പരിശോധിക്കുകയും വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിയമിച്ച സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ഉൾക്കൊള്ളിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായ സമിതി നൽകിയ ശിപാർശപ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ സാധ്യതാപട്ടിക തയ്യാറാക്കി സമർപ്പിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബ്ലോക്ക് പഞ്ചായത്തുകളുടെ സാധ്യതാപട്ടിക ലഭ്യമായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

### തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഏകീകരിച്ച സോഫ്റ്റ്‌വെയർ

101 (5125) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾക്കും പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വ്യത്യസ്തമായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലം പ്രയാസങ്ങൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം വിവിധ സോഫ്റ്റ്‌വെയറുകൾക്കുപകരം ഏകീകരിച്ച് ഒറ്റ സോഫ്റ്റ്‌വെയറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വിവിധ സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യാൻ തദ്ദേശസ്വയംഭരണ ജീവനക്കാർക്ക് നൽകുന്ന പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കും ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കി വിന്യസിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ സോഫ്റ്റ്‌വെയറുകളാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഇത്തരത്തിൽ വ്യത്യസ്തങ്ങളായ സോഫ്റ്റ്‌വെയറുകളിൽ ലഭ്യമായ ഡാറ്റ പരസ്പരം വിനിമയം ചെയ്യുന്നതിനോ ക്രോഡീകരിക്കുന്നതിനോ ഉള്ള സംവിധാനം ഇപ്പോൾ ഇല്ലാത്തതിനാൽ data consolidation-ന് കാലതാമസം അനുഭവപ്പെടുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ഐ.കെ.എം.-ന്റെ സഹായത്തോടെ ഉപയോഗിക്കുന്ന വിവിധ സേവന സോഫ്റ്റ്‌വെയറുകളെല്ലാം സംയോജിപ്പിച്ച് കുറച്ചുകൂടി സാങ്കേതിക മേന്മയുള്ള ഇ.ആർ.പി. സൊല്യൂഷന്റെ പൂർത്തീകരണം അന്തിമഘട്ടത്തിലാണ്.

(സി) 1-1-2011-ലെ സർക്കാർ ഉത്തരവ് നമ്പർ 02/2011/LSGD പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ നടത്തുന്നതിന് കില-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ഐ.കെ.എം. പരിശീലകർ നേരിട്ട് ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഇതിനോടകം ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ള വിവിധ സോഫ്റ്റ്‌വെയറുകളെ സംബന്ധിച്ച് എഴുപതിനായിരത്തിലധികം ജീവനക്കാർക്ക് ഐ.കെ.എം. പരിശീലനം നൽകിക്കഴിഞ്ഞു. സോഫ്റ്റ്‌വെയറുകളിൽ ഉണ്ടാകുന്ന തകാരാറുകൾ പരിഹരിക്കുന്നതിനും സംശയം ദുരീകരിക്കുന്നതിനുമായി ജില്ലാതലത്തിലും നഗരസഭാതലത്തിലും ഐ.കെ.എം.-ന്റെ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഹാളുകൾക്ക് വാടക ഇളവ്

102 (5126) ശ്രീ. വി. ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ സംഘടനകൾ നടത്തുന്ന പൊതുപരിപാടികൾക്ക് തദ്ദേശസ്ഥാപനങ്ങളുടെ ഹാളുകൾ 50 ശതമാനം വാടക ഇളവോടെ അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മുതിർന്ന പൗരന്മാരുടെ സംഘടനകൾ നടത്തുന്ന രാഷ്ട്രീയ പരിപാടികൾക്കും പ്രസ്തുത ഇളവ് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) രാഷ്ട്രീയ പരിപാടികൾ അല്ലാതെയുള്ള മുതിർന്ന പൗരന്മാരുടെ സംഘടനകളുടെ പരിപാടികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഹാളുകൾ വാടകയ്ക്ക് നൽകുമ്പോൾ 50 ശതമാനം വരെ കുറഞ്ഞ നിരക്കിൽ വാടക ഇളവ് അനുവദിക്കുവാൻ 23-9-2019-ലെ 307/ഡിബി2/18/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**വയോജനങ്ങൾക്കായുള്ള പരിപാലന കേന്ദ്രങ്ങൾ**

103 (5127) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങൾക്കായുള്ള പരിപാലനകേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ഏജൻസികളും ഇതര സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ എത്ര വയോജന പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടാതെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**അമൃത് പദ്ധതിക്കായി അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്ന സംവിധാനം**

104 (5128) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് സിറ്റി പദ്ധതിയുടെ കീഴിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിനുവേണ്ടി സർക്കാർ ആരംഭിച്ചിട്ടുള്ള പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ചെറിയ വീടുകൾ നിർമ്മിക്കുന്നവർക്ക് അവരുടെ പ്ലാൻ സോഫ്റ്റ്‌വെയറിലൂടെ സബ്മിറ്റ് ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി കുറഞ്ഞത് നൂറു സ്ക്വയർ മീറ്റർ വരെയുള്ള വീടുകൾക്കുള്ള നിർമ്മാണ അപേക്ഷ നേരിട്ട് സ്വീകരിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന IBPM സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി അത്തരം അപേക്ഷകൾ സ്വീകരിച്ച് പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം**

105 (5129) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം സംബന്ധിച്ച നിർദ്ദേശം 2018 സെപ്തംബറിൽ തന്നെ സർക്കാർ നൽകിയിരുന്നോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ എത്ര ശതമാനം വിനിയോഗിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിഭാഗം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നീ ഇനങ്ങളിൽ ചെലവാക്കിയ ശതമാനം എത്രയാണ്;

(ഡി) സംസ്ഥാന സർക്കാർ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പ്രാരംഭ നിർദ്ദേശങ്ങൾ 19-9-2018-ലെ 2462/2018/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരവും വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം അടക്കം മറ്റു നിർദ്ദേശങ്ങൾ 23-10-2018-ലെ 2710/2018/തസ്വഭവ. പ്രകാരവും നൽകിയിട്ടുണ്ട്.

(ബി) 2019 ഒക്ടോബർ 31 വരെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം 29.56 ശതമാനമാണ്.

(സി) 13-11-2019 വരെയുള്ള പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ജനറൽ | - | 38.73 % |
| എസ്.സി.പി. | - | 26.71% |
| റ്റി.എസ്.പി. | - | 29.27% |

(ഡി) പ്രതികൂലമായി ബാധിച്ചിട്ടില്ല.

## ലൈഫ് ഭവന പദ്ധതിപ്രകാരം ഭവനരഹിതർക്കായി തിരുവമ്പാടി മണ്ഡലത്തിൽ ഫ്ലാറ്റുകൾ

106 (5130) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനരഹിതർക്കായി തിരുവമ്പാടി മണ്ഡലത്തിൽ എവിടെയൊക്കെയാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതെന്നും പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളതാർക്കാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഫ്ളാറ്റ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഭവന അപേക്ഷകരുടെ തെരഞ്ഞെടുപ്പ് എങ്ങനെയാണെന്നും ഇതിന്റെ മാനദണ്ഡവും വിശദമാക്കുമോ?

### ഉത്തരം

(എ) മുക്കം മുനിസിപ്പാലിറ്റിയിൽ തഴേക്കോട് വില്ലേജ്, നീലേശ്വരം വില്ലേജ്, പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ ഏങ്ങപ്പുഴ വില്ലേജ്, പുതുപ്പാടി വില്ലേജിൽ വള്ളിയാട് എന്നിവിടങ്ങളിലാണ് ഫ്ലാറ്റുകൾ നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. നിർമ്മാണത്തിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പുതുപ്പാടി വില്ലേജിൽ വള്ളിയാട് സ്ഥലത്തെ നിർമ്മാണം കെയർ ഹോം മുഖേനയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. മറ്റ് സ്ഥലങ്ങളിലെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(സി) 2020 ഡിസംബറോടുകൂടി നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്.

1. സ്വന്തമായി/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ.
2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ.

4. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, പെൻഷൻ വാങ്ങുന്നവരുള്ള കുടുംബം ആകാൻ പാടില്ല.

5. സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

എന്നാൽ ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ എന്നിവർക്ക് വീട് നിർമ്മിച്ച് നൽകുന്ന ലൈഫ് മിഷൻ പദ്ധതിയിൽ മത്സ്യ തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്ക് നിലവിലുള്ള ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് 6-6-2019-ലെ സ.ഉ. (സാധാ) നമ്പർ 1946/2019/ത.സ്വ.ഭ.വ പ്രകാരവും 2-9-2019-ലെ സ.ഉ.(സാധാ) നമ്പർ 1897/2019/ത.സ്വ.ഭ.വ പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

**ലൈഫ് മിഷൻ**

107 (5131) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലം ഉള്ളവർക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി ആദ്യ തവണകൾ അനുവദിച്ച ഗുണഭോക്താക്കൾക്ക് അടുത്ത വിഹിതം കിട്ടുന്നതിനായി സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരിക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോടശ്ശേരി പഞ്ചായത്തിലെ ഇത്തരത്തിലുള്ള മുപ്പതോളം ഗുണഭോക്താക്കളുടെ നാലാം ഗഡു അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷന്റെ രണ്ടാംഘട്ട പദ്ധതിയായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള വീട് നിർമ്മാണത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ധനസഹായം 4 ലക്ഷം രൂപയാണ്. ഭവനനിർമ്മാണ പുരോഗതിയനുസരിച്ച് തദ്ദേശഭരണ സ്ഥാപനവിഹിതമായി 80,000 രൂപയും ഹഡ്കോ വായ്പായിനത്തിൽ 2.20 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപയും അനുവദിച്ചുവരുന്നുണ്ട്. തുടക്കത്തിൽ ഉണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചിട്ടുണ്ട്.

(ബി) തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

## ലൈഫ് മിഷൻ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ്

108 (5132) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന-ഭൂരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്ന ലൈഫ് മിഷൻ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വിഭാഗത്തിനും എന്തൊക്കെ ഇളവുകൾ നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്ന സാഹചര്യത്തിൽ വീണ്ടും അർഹതാ പരിശോധന നടത്തി ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) മാനദണ്ഡങ്ങളിൽ ഇളവ് നൽകിയശേഷം ഈ പദ്ധതിയിലേക്ക് എത്ര അപേക്ഷകളാണ് ലഭിച്ചത്; അതിൽ അർഹതയുള്ളവരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇവർക്കായി വീട് വച്ച് നൽകുന്നതിന് എത്ര സ്ഥലം കണ്ടെത്തിയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ&ബി) ഭവന-ഭൂരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്ന ലൈഫ് മിഷൻ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്ക് നിലവിലുള്ള ഒരു റേഷൻ കാർഡിലുൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് 6-6-2019-ലെ സ.ഉ (സാധാ) നമ്പർ 1946/2019/ത.സ്വ.ഭ.വ. നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ അതത് വകുപ്പിലെ ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ എന്നിവരിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറേണ്ടതും ലൈഫ് മിഷൻ ടി ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും 06-06-2019-ലെ സ.ഉ. (സാധാ) നം.1946/2019/ത.സ്വ.ഭ.വ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഇളവ് ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതോടൊപ്പം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## ലൈഫ് മിഷൻ ഫ്ലാറ്റുകളുടെ നിർമ്മാണം

109 (5133) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുക്കുവാൻ കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ സാഹചര്യം എന്താണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി തെരഞ്ഞെടുത്ത കൺസൾട്ടൻസിക്ക് കൺസൾട്ടൻസി ഫീസ് ഇനത്തിൽ ഇതുവരെ എന്തുതുക നൽകിയെന്ന് അറിയിക്കാമോ;

(സി) സർക്കാർ മേഖലയിലെ ഈ രംഗത്തുള്ള എഞ്ചിനീയേഴ്സിന്റെ സേവനം ഉപയോഗിക്കാതെ കൺസൾട്ടൻസിയെ നിയോഗിക്കുവാൻ തീരുമാനിച്ചത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാരിന്റെ ഏറ്റവും മുൻഗണനാ പദ്ധതികളിലൊന്നായതുകൊണ്ടാണ് അർഹരായ എല്ലാവർക്കും വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് പ്രത്യേക മിഷൻ രൂപീകരിച്ചതും ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ എല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മിഷൻ നേരിട്ട് നടപ്പാക്കുന്നതും. അതുകൊണ്ടാണ് ഈ ചുരുങ്ങിയ

കാലയളവിൽ 1,42,693 വീടുകൾ പൂർത്തീകരിക്കാനായത്. എല്ലാ വകുപ്പുകളിലെയും ഭവനപദ്ധതികളെ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ഒരു മിഷൻ മോഡിലാണ് പ്രവർത്തിക്കുന്നത്. ഈ പദ്ധതി PWD, LSGD Engineering Wing എന്നിവരെ ഏൽപ്പിച്ചാൽ അവരുടെ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതുമൂലം ലൈഫ് മിഷൻ പദ്ധതികൾക്ക് കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ലൈഫ് മിഷൻ നടപ്പിലാക്കിയപ്പോൾ തന്നെ അതിലേക്കായി മാത്രം ഒരു എഞ്ചിനീയറിംഗ് ഡിവിഷൻ രൂപീകരിച്ചത്. ഈ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് മിഷന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും ഏകോപന ചുമതല.

ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ വർഷം നിർമ്മാണം ആരംഭിക്കുന്ന 84 ഭവനസമുച്ചയങ്ങളിൽ 56 ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ടെണ്ടർ നടപടികൾ ആദ്യഘട്ടത്തിൽ പുരോഗമിക്കുന്നത്. ഇവയെല്ലാം തന്നെ 2020 ഒക്ടോബർ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് എല്ലാ ഭവന സമുച്ചയങ്ങളുടെയും കാര്യത്തിൽ അവലംബിക്കുന്നത്. നിലവിൽ കേരളത്തിലുള്ള സ്ഥാപനങ്ങൾക്കൊന്നും തന്നെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ പ്രാവീണ്യം ഇല്ല. ഈ പ്രവർത്തനങ്ങളെല്ലാം തന്നെ ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവന്നാൽ മാത്രമേ ലൈഫ് മിഷന്റെ ഉദ്ദേശ്യം ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ. അതുകൊണ്ടാണ് ഇതിലേക്കായി ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്.

കൺസൾട്ടൻസി ഫീസ് ഇനത്തിൽ ഇതുവരെ ഒരു തുകയും നൽകിയിട്ടില്ല.

## ലൈഫ് പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച തുക

110 (5134) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ പട്ടികജാതി പട്ടിക വർഗ്ഗകാർക്കു 2019-20 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) അനുവദിച്ച തുകയിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പട്ടികജാതി വിഭാഗത്തിൽ ലൈഫ് രണ്ടും മൂന്നും ഘട്ട പദ്ധതികൾക്കായി 400 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 102 കോടി രൂപയും ഉൾപ്പെടെ ആകെ 502 കോടി രൂപ 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായി നൽകേണ്ട ടി തുക പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ ബഡ്ജറ്റ് ഹെഡ്ഡുകളിലാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ടി തുക അനുവദിച്ച് ലൈഫ് മിഷന് നൽകുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേനയാണ്. പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനായി 100 കോടി രൂപയുടെ അപേക്ഷയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി 102 കോടി രൂപയുടെ അപേക്ഷയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് ലൈഫ് മിഷനിൽ നിന്നും നൽകിയിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് ആയത് ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

## ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

111 (5135) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻ കാർഡ് ലഭിച്ച വീടില്ലാത്ത നിരവധി കുടുംബങ്ങൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെപോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെപോയ വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) ജീർണ്ണിച്ചതും സമീപഭാവിയിൽ വാസയോഗ്യമല്ലാതായി തീരുന്നതുമായ വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതുതായി റേഷൻ കാർഡ് ലഭിച്ച വീടില്ലാത്ത നിരവധി കുടുംബങ്ങൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയ വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വീട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ മത്സ്യതൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്ക്

നിലവിലുള്ള ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് 06-06-2019-ലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ ഫിഷറീസ് വകുപ്പുകൾ അതത് വകുപ്പിലെ ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ എന്നിവരിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറേണ്ടതും ലൈഫ് മിഷൻ ടി ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്ത പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ ഇപ്പോൾ റേഷൻ കാർഡ് ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളെ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സ.ഉ(സാധാ) നം. 1897/2019/തസ്വഭവ തീയതി 2-9-2019 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ഇളവ് ഒഴികെയുള്ള ലൈഫ് മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി പ്രാരംഭ ഘട്ടത്തിലാണ്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണത്തിനുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലൈഫ് മിഷൻ നാലാംഘട്ടമായി വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ലൈഫ് പദ്ധതി**

112 (5136) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീടും ഭൂമിയും നല്കിയിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത വിവരം മാവേലിക്കര മണ്ഡലത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) വിശദവിവരം അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## പിറവം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മിച്ച വീട്ടുകൾ

113 (5137) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ 2016 മുതൽ നാളിതുവരെ എത്ര വീടുകൾ ഗുണഭോക്താക്കൾക്ക് നിർമ്മിച്ചു നല്കിയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ; എത്ര വീടുകൾ നിർമ്മാണത്തിലിരിക്കുന്നുവെന്നതിന്റെ വിശദാംശങ്ങൾ പഞ്ചായത്തടി സ്ഥാനത്തിൽ അറിയിക്കാമോ?

ഉത്തരം

പിറവം നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ 2016 മുതൽ നിർമ്മിച്ചുനൽകിയതും നിർമ്മാണത്തിലിരിക്കുന്നതുമായ വീടുകളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## എറണാകുളം ജില്ലയിലെ ലൈഫ് പദ്ധതി

114 (5138) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ലൈഫ് പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചെന്ന കണക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ നഗരസഭ/ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) ലൈഫ് പദ്ധതി പ്രകാരം പണി പൂർത്തിയാക്കിയ വീടുകളുടെ പട്ടിക നഗരസഭ/പഞ്ചായത്ത് തിരിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ; ഇനി എത്ര എണ്ണം പൂർത്തീകരിക്കാൻ ഉണ്ടെന്നും അവയുടെ നിർമ്മാണം വൈകാൻ ഉണ്ടായ കാരണം എന്തെന്നും വ്യക്തമാക്കാമോ; അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വസ്തുവും വീടും ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) എറണാകുളം ജില്ലയിൽ ഏതെല്ലാം നഗരസഭ/പഞ്ചായത്തുകൾ ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്ത് ഭൂരഹിത ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കിയിട്ടും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി അയ്യമ്പുഴ പഞ്ചായത്തിൽ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുവദിച്ച വീടുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) പണി പൂർത്തീകരിച്ച വീടുകളുടെയും പൂർത്തീകരിക്കാനുള്ള വീടുകളുടെയും വിശദാംശം അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.* 2020 ജനുവരി 31-ന് മുമ്പായി ബാക്കിയുള്ള വീടുകൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) 26-9-2019-ലെ സർക്കുലർ നം. എൽ.എസ്.ജി.ഡി.-ഡി.ബി1/304/2019-എൽ.എസ്.ജി.ഡി. പ്രകാരം ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.25 ലക്ഷം രൂപയും മുനിസിപ്പൽ പ്രദേശങ്ങളിൽ ജനറൽ വിഭാഗത്തിന് 2.70 ലക്ഷം രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.00 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശങ്ങളിൽ ജനറൽ വിഭാഗത്തിൽ 5.25 ലക്ഷം രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 6.00 ലക്ഷം രൂപയും (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) ധനസഹായമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്, ഏലൂർ മുനിസിപ്പാലിറ്റി, കൂത്താട്ടുകുളം മുനിസിപ്പാലിറ്റി, മലയാറ്റൂർ-നീലേശ്വരം ഗ്രാമപഞ്ചായത്ത്.

(ഇ) അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ലൈഫ് ഭവനസമുച്ചയത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ഭവന സമുച്ചയത്തിന്റെ രൂപകൽപ്പന അവസാനഘട്ടത്തിലുമാണ്.

**ചാലക്കുടി മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

115 (5139) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏഴ് പഞ്ചായത്തുകളിലെയും ചാലക്കുടി നഗരസഭയിലെയുമുൾപ്പെടെ സ്വന്തമായി വീടില്ലാത്തവരും സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരും കൂടി ആകെ എത്ര ഭവന രഹിതരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര പേർക്ക് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു എന്ന് വിശദമാക്കാമോ;

(സി) ലൈഫ് മിഷന്റെ ഭാഗമായി ബാക്കിയുള്ളവർക്ക് താമസ സൗകര്യം അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിൽ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയവർ

| | | |
|---|---|---|
| ഭൂമിയുള്ള ഭവനരഹിതർ | - | 589 |
| ഭൂരഹിത ഭവനരഹിതർ | - | 2561 |
| ആകെ | - | 3150 |

(ബി) ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗം

ലൈഫ് മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതർ - 304, തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ധനസഹായം ലഭിച്ചവർ - 247, ഭവന നിർമ്മാണം പൂർത്തീകരിച്ചവർ -163.

<u>ഭൂരഹിത ഭവനരഹിതരുടെ വിഭാഗം</u>

ഭൂരഹിത ഭവനരഹിതരുടെ രേഖാ പരിശോധന നടന്നുവരുന്നു.

(സി&ഡി) ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച 247 പേരിൽ നിർമ്മാണം പൂർത്തീകരിച്ച 163 പേർ ഒഴികെ ബാക്കിയുള്ള 84 പേരുടെ ഭവനനിർമ്മാണം ഡിസംബർ 31-ന് മുമ്പ് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അർഹരായി കണ്ടെത്തിയിട്ടുള്ള ബാക്കിയുള്ളവർ കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്. ഭൂരഹിത ഭവനരഹിതരായിട്ടുള്ളവർക്ക് ഭവനസമുച്ചയം വഴി ഭവനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

**കാസർഗോഡ് ജില്ലയിലെ ലൈഫ് ഭവനപദ്ധതി**

116 (5140) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനപദ്ധതികൾ വഴി കാസർഗോഡ് ജില്ലയിൽ എത്ര വീടുകളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ വീടുകൾ നിർമ്മിച്ചിട്ടുള്ള പഞ്ചായത്തുകൾ ഏതൊക്കെയെന്നും എത്ര വീടുകളാണ് ഇവിടെ പണിതീർത്തിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ 4292 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 117 വീടുകളും ബളാൽ ഗ്രാമപഞ്ചായത്തിൽ 93 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ലൈഫ് പദ്ധതി**

117 (5141) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഭവന രഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; ലൈഫ് പദ്ധതി പ്രകാരം ഇതിൽ എത്ര പേർക്ക് വീട് വച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇനിയും എത്ര പേർക്ക് വീട് വച്ച് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ കണ്ടെത്തിയ 2936 വീടുകളിൽ 2843 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാംഘട്ടമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം എന്ന വിഭാഗത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ 8123 ഗുണഭോക്താക്കളിൽ 3683 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും അതിൽ 3326 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1449 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ഭൂരഹിത ഭവനരഹിതരായ 12076 ഗുണഭോക്താക്കളെ സർവ്വേയിലൂടെ കണ്ടെത്തുകയും 8418 ഗുണഭോക്താക്കളുടെ അർഹതാപരിശോധന പൂർത്തീകരിച്ചിട്ടുമുണ്ട്. ഇവർക്ക് ഭവനസമുച്ചയങ്ങൾ വഴി ഭവനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**വെട്ടിക്കൽ കോളനി നവീകരണം**

118 (5142) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം മണ്ഡലത്തിൽ മുളന്തുരുത്തി പഞ്ചായത്തിലുള്ള വെട്ടിക്കൽ കോളനി നവീകരണം സംബന്ധിച്ച് ലൈഫ് മിഷൻ മുമ്പാകെ ഏതെങ്കിലും നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

പിറവം മണ്ഡലത്തിൽ മുളന്തുരുത്തി പഞ്ചായത്തിലുള്ള വെട്ടിക്കൽ കോളനി നവീകരണം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ടി മണ്ഡലത്തിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ വെട്ടിക്കൽ ലക്ഷംവീട് കോളനിയിൽ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകളിൽ താമസിച്ചുവരുന്ന 6 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനപദ്ധതിയിൽ വീട് നിർമ്മിച്ച് നൽകുന്നതിനുള്ള അപേക്ഷ ലൈഫ് മിഷനിൽ ലഭ്യമായിട്ടുണ്ട്. തുടർന്ന് 6-9-2019-ലെ സ.ഉ. (സാധാ)നമ്പർ 1946/2019/ത.സ്വ.ഭ.വ. പ്രകാരം ടി എസ്.ടി. കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത ഗുണഭോക്താക്കളുടെ ലൈഫ് മാനദണ്ഡപ്രകാരമുള്ള അർഹത പരിശോധിച്ച് ഗ്രാമസഭ/ഭരണസമിതി അംഗീകാരത്തോടുകൂടി പട്ടികവർഗ്ഗ വകുപ്പ് മുഖേന ലൈഫ് മിഷന്

സമർപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം എറണാകുളം ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ലൈഫ് മാനദണ്ഡം പാലിക്കുന്ന പക്ഷം ഈ കുടുംബങ്ങളെ ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ സഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾ

119 (5143) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്നും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും വിശദീകരിക്കുമോ;

(ബി) ഫ്ലാറ്റ് മാതൃകയിലുള്ള പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ഡി) വിപുലീകരിക്കുന്ന പട്ടികയിൽ അവശേഷിക്കുന്ന ഭവനരഹിതർക്ക് വീട് നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) ഒന്നാംഘട്ട പദ്ധതി (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) - 126 വീടുകൾ.

| | | |
|---|---|---|
| പൂർത്തീകരിച്ച വീടുകൾ | - | 125 |
| രണ്ടാംഘട്ട പദ്ധതി (ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവനം) | - | 805 വീടുകൾ |
| പൂർത്തീകരിച്ച വീടുകൾ | - | 553 |

മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതർക്ക് ഭവനം) - 304 (വെരിഫിക്കേഷൻ പൂർത്തീകരിച്ച് അർഹരായവർ)

(ബി) ഫ്ലാറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(സി&ഡി) നിലവിൽ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭവനം നൽകുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

120 (5144) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകളുടെ പണി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് എന്നും എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്നും അറിയിക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം - 1709

ഘട്ടം-1 (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) - 231 ഭവനം.

ഘട്ടം-2 (സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് ധനസഹായം നൽകി ഭവനനിർമ്മാണം പൂർത്തീകരിക്കൽ) - 347 ഭവനം.

ഘട്ടം-3 (സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതർക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകൽ) - പട്ടികയിലുള്ള ഗുണഭോക്താക്കൾ - 1131

(ബി) ഘട്ടം ഒന്ന് - 231 ഭവനങ്ങളിൽ 225 വീടുകൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന ആറ് വീടുകളുടെ നിലവിലെ സ്ഥിതി ബേസ് - 2, ലിന്റൽ 3, റൂഫ് -1.

ഘട്ടം രണ്ട് - 347 ഭവനങ്ങളിൽ 228 ഭവനങ്ങൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന 119 വീടുകളുടെ നിലവിലെ സ്ഥിതി - നോ ബേസ് -2, ബേസ് -17, ലിന്റൽ -34, റൂഫ് - 66

ഘട്ടം മൂന്ന് - പട്ടികയിൽ ഉൾപ്പെട്ടവരുടെ സൂക്ഷ്മപരിശോധന നടന്നുവരുന്നു.

നാളിതുവരെ രേഖാപരിശോധന പൂർത്തിയാക്കിയ അർഹരായവർ - 356

## പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി

121 (T5145) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.)പദ്ധതി പ്രകാരം എത്ര വീടുകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിനായി കേന്ദ്രസർക്കാർ എത്ര കോടി രൂപ അനുവദിച്ചു; സംസ്ഥാന സർക്കാർ എത്ര കോടി രൂപ അനുവദിച്ചു; എത്ര വീടുകൾ പൂർത്തീകരിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വീടുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാനമന്ത്രി ആവാസ് യോജന (നഗരം)- ലൈഫ് പദ്ധതിയിലെ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ ഘടകത്തിൽ (BLC) ഉൾപ്പെടുത്തി സ്വന്തമായി ഭൂമിയുള്ളവർക്കായി 1,11,252 വീടുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഡാറ്റാ ക്ലീനിംഗിനുശേഷം 88,672 പേരെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, ഭൂരഹിതർക്കായി അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ്പ് (AHP) ഘടകത്തിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങളിലായി 488 ഭവനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പി.എം.എ.വൈ. (ഗ്രാമം) പദ്ധതി പ്രകാരം 42,431 വീടുകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്.

(ബി) പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതിക്കായി കേന്ദ്ര സർക്കാർ 819.132 കോടി രൂപയും സംസ്ഥാന സർക്കാർ 300.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച ഭവനങ്ങളിൽ 72,959 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 26,704 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പി.എം.എ.വൈ. (ഗ്രാമം) പദ്ധതിക്കായി കേന്ദ്ര സർക്കാർ 114.71 കോടി രൂപയും സംസ്ഥാന സർക്കാർ 76.47 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പി.എം.എ.വൈ. (ജി) പദ്ധതിയിൽ 12-11-2019 വരെ 16276 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രധാനമന്ത്രി ആവാസ് യോജന (നഗരം) -ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. നഗരപ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി താമസിക്കുന്നവർ
2. വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ
3. ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)-യ്ക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് ലിസ്റ്റിൽ നിന്നുള്ള അർഹരായ ഗുണഭോക്താക്കളെയാണ്. അർഹരായ ഗുണഭോക്താക്കളുടെ മാനദണ്ഡ പട്ടിക ചുവടെ ചേർക്കുന്നു:

1. താഴെപ്പറയുന്ന മാനണ്ഡങ്ങളിൽപ്പറയുന്നവർ ഒഴിവാക്കൽ പ്രക്രിയയിൽ ഉൾക്കൊള്ളുന്നു.

1. യന്ത്രവത്കൃത രണ്ടുചക്ര/മൂന്നു ചക്ര/നാലു ചക്ര വാഹനമോ, യന്ത്രവത്കൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ
2. യന്ത്രവത്കൃത മൂന്നു ചക്ര/നാലു ചക്ര, കാർഷിക ഉപകരണങ്ങളുള്ളവർ
3. 50000 രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡുള്ളവർ.
4. സർക്കാർ ജീവനക്കാരുള്ള കുടുംബം
5. സർക്കാർ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ.
6. പ്രതിമാസം 10000 രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങളുള്ള കുടുംബങ്ങൾ.
7. വരുമാന നികുതി നൽകുന്നവരുള്ള കുടുംബം
8. തൊഴിൽ നികുതി നൽകുന്നവരുള്ള കുടുംബം
9. റെഫ്രിജറേറ്ററുള്ള കുടുംബം
10. ലാന്റ് ലെയിൻ ഫോണുള്ള കുടുംബം

11. സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

12. രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

13. ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം.

2. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽ പറയുന്നവർ സ്വയമേയുള്ള ഉൾക്കൊള്ളിക്കൽ പ്രക്രിയയിൽ ഉൾപ്പെടുന്നു.

1. ഭവനരഹിതർ
2. അഗതികൾ/യാചകർ
3. തോട്ടിപ്പണി ചെയ്യുന്നവർ
4. ആദിമ ഗോത്രവർഗ്ഗങ്ങൾ
5. വിമോചിതരായ അടിമപ്പണിക്കാർ.

**മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാര്യം**

122 (5146) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന ജില്ലയിൽത്തന്നെ അന്തർ വകുപ്പ് മാറ്റത്തിന് അപേക്ഷിക്കാൻ കഴിയും എന്നിരിക്കെ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് ഈ അവസരം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ കാലങ്ങളിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് സമ്മതം (വില്ലിംഗ്നസ്) ചോദിച്ചിരുന്നെങ്കിലും ഇപ്പോൾ ഇത് ആവശ്യപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ച് മുനിസിപ്പൽ സർവ്വീസിനെ അതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് മറ്റ് തദ്ദേശസ്വയംഭരണ വകുപ്പുകളിലേക്ക് മാറാൻ കഴിയുമോ;

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ശമ്പളം സ്പാർക്ക് വഴി നൽകാൻ കഴിയാതിരിക്കുന്നതിന്റെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയുടെ ഒഴിവുകൾ ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ ഓരാ ജില്ലയിലും നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ് എന്ന വ്യവസ്ഥ വിജ്ഞാപനത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുള്ളതുകൊണ്ടാണ് പ്രത്യേകം സമ്മതപത്രം വാങ്ങാത്തത്.

(സി) നഗരകാര്യവകുപ്പിന് കീഴിലുള്ള മുനിസിപ്പൽ കോമൺ സർവ്വീസിനെ ഉൾപ്പെടുത്തി തദ്ദേശഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ശമ്പളം സ്പാർക്ക് വഴി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

123 (5147) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ വിഭജനത്തിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ വിഭജനവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് പരാതികളും ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ടോ;

(ഡി) ആയവ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു.

പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനായി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. 27,430-ൽ അധികം ജനസംഖ്യ.
2. 32 ച.കി. മീറ്ററിലധികം വിസ്തീർണ്ണം
3. 50 ലക്ഷം രൂപയിൽ അധികം തനതുവരുമാനം.
4. ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്ക് പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ.
5. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം
6. ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ, രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ, വലുപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത.
7. ഭരണപരമായ സൗകര്യം.

പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടിക സർക്കാർ പരിശോധിക്കുകയും ചുവടെ പറയുന്ന കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

1. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് വലിയ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകും. അത്രയും ബാധ്യത സർക്കാരിന് ഇപ്പോൾ ഏറ്റെടുക്കാൻ കഴിയില്ല.
2. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിന് ഒരു വർഷംപോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്.

3. 2021-ലെ സെൻസസിന്റെ ആവശ്യത്തിലേയ്ക്ക് 31-12-2019-ന് ഭരണപ്രദേശങ്ങളുടെ അതിരുകൾ ഫ്രീസ് ചെയ്യുമെന്ന് സെൻസസ് വിഭാഗം അറിയിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന സമയത്തിനുള്ളിൽ പഞ്ചായത്ത് വിഭജനം പ്രായോഗികമല്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭജനം, അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഡി) എ, ബി, പിരിവുകളിലെ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ബാധകമല്ല.

**തിരുവനന്തപുരം ജില്ലയിൽ പുതിയ ഗ്രാമപഞ്ചായത്തുകൾ**

124 (5148) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ വിഭജിച്ചാണ് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശവും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ ?

ഉത്തരം

പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിക്കുകയും (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*) പ്രസ്തുത സമിതിയുടെ ശിപാർശകൾ 13-02-2019-ലെ സ.ഉ. (കൈ) നമ്പർ 23/2019/ത.സ്വ.ഭ.വ പ്രകാരം സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*). പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാപട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടിക സർക്കാർ പരിശോധിക്കുകയും വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ലെന്ന് 13-11-2019-ലെ സ.ഉ. (കൈ) നം: 143/2019/ ത.സ്വ.ഭ.വ. പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു*).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രാമപഞ്ചായത്തുകളിലെ പൊതുശ്മശാന നിർമ്മാണം

125 (5149) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് പൊതുജനങ്ങളിൽ നിന്നും എതിർപ്പുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം കാണുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്മശാനം നിർമ്മിക്കുന്നതിന് എതിർപ്പുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങളെ ഉൾപ്പെടുത്തി യോഗങ്ങൾ വിളിച്ച് ബോധവത്കരണം നടത്തി പരാതികൾക്ക് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കുന്നുണ്ട്.

## കുടുംബശ്രീ സംസ്ഥാന മിഷൻ

126 (5150) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീ സംസ്ഥാന മിഷനിൽ നടപ്പിലാക്കിയ മാതൃക പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കുടുംബശ്രീ സംസ്ഥാന മിഷനിൽ എത്ര അംഗങ്ങളാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനും വൈവിധ്യവത്കരണത്തിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനമായും മൂന്ന് മേഖലകളിലായിട്ടാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. കുടുംബശ്രീ സംഘടനാ ശാക്തീകരണം, ഉപജീവന വികസനം, സാമൂഹിക വികസനം എന്നിവയാണ് ഈ മൂന്ന് മേഖലകൾ. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കുടുംബശ്രീയിൽ ആകെ 43,93,579 അയൽക്കൂട്ടാംഗങ്ങൾ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Kudumbashree CBO Status as on 31.03.2019 | | | | | |
|---|---|---|---|---|---|
| Sl. No | Districts | Total CDS | Total ADS | Total NHGs | Total Members |
| 1 | Thiruvananthapuram | 83 | 1546 | 29861 | 468612 |
| 2 | Kollam | 74 | 1420 | 23821 | 356413 |
| 3 | Pathanamthitta | 58 | 920 | 9877 | 166597 |
| 4 | Alappuzha | 80 | 1384 | 20511 | 323977 |
| 5 | Kottayam | 78 | 1344 | 15771 | 225811 |
| 6 | Idukki | 54 | 861 | 15785 | 161815 |
| 7 | Ernakulam | 101 | 1833 | 26554 | 388271 |
| 8 | Thrissur | 100 | 1794 | 25961 | 402465 |
| 9 | Palakkad | 96 | 1730 | 24148 | 343099 |
| 10 | Malappuram | 110 | 2257 | 28720 | 475689 |
| 11 | Kozhikode | 82 | 1566 | 28317 | 449758 |
| 12 | Wayanad | 26 | 512 | 11186 | 125533 |
| 13 | Kannur | 81 | 1545 | 20004 | 329556 |
| 14 | Kasargod | 42 | 777 | 10991 | 175983 |
| | Total | 1065 | 19489 | 291507 | 4393579 |

**കെട്ടിട നിർമ്മാണ മേഖലയിലെ കുടുംബശ്രീ സാന്നിദ്ധ്യം**

127 (5151) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇതിലേക്കായി ഇവർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മേഖലയിൽ ഇവരുടെ സേവനം വിപുലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനമൊട്ടാകെ കുടുംബശ്രീയുടെ നേതൃത്വത്തിൽ 294 വനിതാ കൺസ്ട്രക്ഷൻ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമതലത്തിൽ 260 നിർമ്മാണ യൂണിറ്റുകളും നഗരസഭാതലത്തിൽ 34 യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച 53 ദിവസത്തെ പരിശീലന മൊഡ്യൂളാണ് ഇവരുടെ പരിശീലന പരിപാടിക്കായി ഉപയോഗിക്കുന്നത്. സർക്കാർ അംഗീകൃത കൺസ്ട്രക്ഷൻ ഏജൻസികളുടെയും (ഉദാ:- നിർമ്മിതി, കോസ്റ്റ് ഫോർഡ്) കുടുംബശ്രീയുടെ അംഗീകൃത പരിശീലന ഏജൻസികളുടെയും സഹായത്തോടെയാണ് പരിശീലനം നൽകിവരുന്നത്.

(സി) ഉണ്ട്. പരിശീലനം പൂർത്തീകരിച്ച യൂണിറ്റുകളെ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടതുമായ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ സ്ഥിരവരുമാനം ലഭ്യമാക്കുന്നുണ്ട്. ഇവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 5 ലക്ഷത്തിൽ താഴെവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കുന്ന സർക്കാർ അംഗീകൃത മൈക്രോ കോൺട്രാക്റ്റേഴ്സ് ആക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം.

**കുടുംബശ്രീ മിഷനിൽ ഡെപ്യൂട്ടേഷൻ**

128 (5152) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷനിൽ ജില്ലാ ഓഫീസുകളിലും ,ഡയറക്ടറേറ്റുകളിലും വിവിധ തസ്തികകളിൽ ഡെപ്യൂട്ടേഷനിൽ ജീവനക്കാരെ നിയമിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ 2016 മുതൽ നിയമനം നേടിയ ജീവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ ലഭിക്കുവാനായി മാതൃവകുപ്പിൽ നിന്നും എൻ.ഒ.സി. യഥാസമയം ഹാജരാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) എൻ.ഒ.സി. ഹാജരാക്കിയിട്ടും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരമില്ലാതെ മാതൃവകുപ്പിലേക്ക് തിരിച്ച് പോകേണ്ടി വന്ന ജിവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കുടുംബശ്രീ സംസ്ഥാന മിഷനിൽ ഡയറക്ടർ (എ & എഫ്), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, പ്രോഗ്രാം ഓഫീസർ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികകളിലും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് എന്നീ തസ്തികകളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനങ്ങൾ നടത്തുന്നത്.

(ബി) 2016 മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നേടിയ ജീവനക്കാരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) ഡയറക്ടർ (എ & എഫ്), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഒഴികെയുള്ള ജീവനക്കാർക്ക് മാതൃവകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചതിനുശേഷം മാത്രമാണ് അന്യത്ര സേവനത്തിനായുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണിക്കുന്നതും നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതും.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരമില്ലാത്തതുകൊണ്ടു മാത്രം ആർക്കും മാതൃവകുപ്പിലേയ്ക്ക് തിരിച്ചുപോകേണ്ടിവന്നിട്ടില്ല.

## കുടുംബശ്രീ മിഷന്റെ ഫീൽഡ് കോ-ഓർഡിനേറ്റർമാരുടെ വേതനം

129 (5153) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ ബ്ലോക്ക് തലത്തിലുള്ള ഫീൽഡ് കോ-ഓർഡിനേറ്റർമാരുടെ വേതനവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് യാത്രച്ചെലവിനായി വേതനത്തിന്റെ നല്ലൊരു പങ്കം മാറ്റിവയ്ക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഇവർക്ക് കാലോചിതമായ ഏകീകൃത യാത്രാപ്പടി വർദ്ധനവ് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) വേതനവും യാത്രാപ്പടിയും വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പുതുക്കിയ വേതന-യാത്രാപ്പടി നിരക്കുകളും അവ എന്നു മുതൽ നടപ്പിൽ വരുമെന്നും മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ബ്ലോക്ക് തലത്തിൽ 4 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഡി.ഡി.യു.ജി.കെ.വൈ., എം.കെ.എസ്.പി., എൻ.ആർ.എൽ.എം., എം.ഐ.എസ്. എന്നീ പദ്ധതികൾക്കുവേണ്ടിയാണ് മേൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചുവരുന്നത്. ഇതിൽ ഡി.ഡി.യു.ജി.കെ.വൈ. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനമായിരുന്ന 12,000 രൂപയും എൻ.ആർ.എൽ.എം. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനമായിരുന്ന 15,000 രൂപയും ഏകീകരിച്ച് 20,000 രൂപയായി ഉയർത്തിയും എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 10,000 രൂപയിൽ നിന്നും 15,000 രൂപയായി ഉയർത്തിയും 20-9-2019-ലെ സ.ഉ.(സാധാ)നം. 2031/2019/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, എം.ഐ.എസ്. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 15,000 രൂപയായി കുടുംബശ്രീ നിശ്ചയിച്ചിട്ടുണ്ട്.

(ബി) കാലോചിതമായി യാത്രാപ്പടി വർദ്ധനവ് അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഡി.ഡി.യു.ജി.കെ.വൈ., എൻ.ആർ.എൽ.എം., എം.കെ.എസ്.പി., എം.ഐ.എസ്. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ യാത്രാബത്ത 2500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(സി) പുതുക്കിയ വേതനം 2019 ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. ഇതിനു മുൻകാല പ്രാബല്യം അനുവദിച്ചിട്ടില്ല.

## കുടുംബശ്രീ മേഖലയിലെ ഉത്പന്നങ്ങൾ

130 (5154) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീ മേഖലയിലെ ഉത്പന്നങ്ങളെ ഒരു ഏകീകൃത ബ്രാൻഡിനുകീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

കുടുംബശ്രീ മേഖലയിലെ ഉത്പന്നങ്ങളെ ഒരു ഏകീകൃത ബ്രാൻഡിനു കീഴിൽ കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യപടിയെന്നോണം കണ്ണൂർ ജില്ലയിലെ കറിപൗഡർ യൂണിറ്റുകളുടെ മൂല്യശൃംഖലാ വികസനം സാധ്യമാക്കി 'കുടുംബശ്രീ' എന്ന ഉത്പന്ന ബ്രാൻഡിനു കീഴിൽ 15 ഉത്പന്നങ്ങൾ വിപണിയിലിറക്കുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. ഡിസംബർ മാസത്തിൽ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ വിജയത്തിനനുസൃതമായി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

## കുടുംബശ്രീ ഉത്പന്നങ്ങളുടെ കയറ്റുമതി

131 (5155) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീ ഉത്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്കോ വിദേശ രാജ്യങ്ങളിലേക്കോ കയറ്റി അയയ്ക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

കുടുംബശ്രീ ഉത്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്കും മറ്റു സംസ്ഥാനങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുന്നതിന് താൽപ്പര്യമുള്ള വിതരണ കമ്പനികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കടക്കെണിയിലായ കുടുംബശ്രീ സംരംഭകർക്കുള്ള പദ്ധതി

132 (5156) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകൾക്ക് ബാങ്കുകളിൽ നിന്നും നിലവിൽ എത്ര ശതമാനം പലിശക്കാണ് വായ്പ ലഭിക്കുന്നത് വിശദമാക്കാമോ;

(ബി) പ്രസ്തുത വായ്പകൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കുടുംബശ്രീ അംഗങ്ങളിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായിട്ടുള്ള തൊഴിൽ സംരംഭകരെ സഹായിക്കാൻ എന്തൊക്കെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ദേശീയ/ഷെഡ്യൂൾഡ് ബാങ്കുകൾ 9 മുതൽ 12 ശതമാനം വരെ പലിശയാണ് കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങൾക്ക് നൽകിവരുന്നത്. സഹകരണ ബാങ്കുകൾ 14 മുതൽ 16 ശതമാനം വരെ പലിശ ഈടാക്കാറുണ്ട്.

(ബി) കുടുംബശ്രീ ആർ.എം.ഇ/യുവശ്രീ പദ്ധതി പ്രകാരം ആരംഭിക്കുന്ന വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകാറുണ്ട്. കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, ദേശീയ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയിലൂടെ ലഭ്യമാക്കുന്ന ബാങ്ക് വായ്പകൾക്ക് പദ്ധതിപ്രകാരം പലിശയിളവ് ലഭ്യമാക്കുന്നുണ്ട്. വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എടുക്കുന്ന ബാങ്ക് വായ്പകളിൽ 7 ശതമാനത്തിൽ കൂടുതൽ വരുന്ന പലിശ ധനസഹായമായി (പലിശ സബ്സിഡി) ലഭ്യമാക്കാറുണ്ട്. ബാങ്കുകളിൽ അതാത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കുകളും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമായിരിക്കും സബ്സിഡി ആയി നൽകുക. കൂടാതെ കൃത്യസമയത്ത് വായ്പാ തിരിച്ചടവ് പൂർത്തിയാക്കുന്ന എല്ലാ സംരംഭങ്ങൾക്കും 3% അധിക പലിശകിഴിവ് അനുവദിക്കുന്നുണ്ട്.

(സി) കടക്കെണിയിലോ പ്രകൃതി ദുരന്തങ്ങളിലോ മറ്റ് പ്രതികൂല സാഹചര്യങ്ങളോമൂലം പ്രവർത്തനം നിലയ്ക്കുകയോ മാന്ദ്യം സംഭവിക്കുകയോ ചെയ്ത സൂക്ഷ്മസംരംഭകർക്ക് തങ്ങളുടെ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള കുടുംബശ്രീയുടെ കർമ്മപദ്ധതിയാണ് സി.എം.ആർ.എഫ്. (സിക്ക് എം.ഇ. റിവൈവൽ ഫണ്ട്). ടി പദ്ധതിയിൽ എസ്.എം.ഇ.ആർ.എഫ്. പ്രകാരം യോഗ്യത നേടിയ വ്യക്തിഗത സംരംഭങ്ങളുടെ പുനരുദ്ധാരണത്തിനായി എം.ഇ.സി. (മൈക്രോ കൺസൽട്ടന്റ്) തയ്യാറാക്കിയ പ്രോജക്ടിന്റെ ആകെ പദ്ധതി തുകയുടെ 75 ശതമാനമോ പരമാവധി 50,000 രൂപയോ ഏതാണോ കുറവ് ആയത് അനുവദിക്കുന്നുണ്ട്. ഗ്രൂപ്പ് സംരംഭങ്ങൾക്ക് ആകെ പദ്ധതി തുകയുടെ 75 ശതമാനമോ പരമാവധി 2,50,000 രൂപയോ ഏതാണോ കുറവ് ആയതും അനുവദിക്കുന്നുണ്ട്.

## മുൻ പഞ്ചായത്ത് അംഗങ്ങൾക്കും കൗൺസിലർമാർക്കും പെൻഷൻ

133 (5157) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ പഞ്ചായത്ത് അംഗങ്ങൾക്കും കൗൺസിലർമാർക്കും പെൻഷൻ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; പെൻഷൻ നൽകുന്ന കാര്യം അടിയന്തരമായി തീരുമാനിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനുംവേണ്ടി സർക്കാരിന്റെ 18-5-2017-ലെ സ.ഉ.(സാധാ)നമ്പർ 1621/2017/ത.സ്വ.ഭ.വ പ്രകാരം ഉപസമിതി രൂപീകരിച്ചു. സമിതി ഇതേവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സമിതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## തെരുവുനായ്ക്കളുടെ ആക്രമണം നിയന്ത്രിക്കുന്നതിന് നടപടി

134 (5158) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത തെരുവ് നായ ആക്രമണങ്ങൾ എത്രയാണെന്ന് അറിയിക്കുമോ; തലസ്ഥാനനഗരിയിൽപ്പോലും ജനങ്ങൾക്ക് സ്വൈര്യമായി യാത്രചെയ്യുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) തെരുവുനായ ആക്രമണങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് വിഭാഗം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) തെരുവുനായ ആക്രമണം തടയുവാൻ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) 2019-ൽ സംസ്ഥാനത്തൊട്ടാകെ ഗ്രാമ പ്രദേശങ്ങളിൽ ആകെ 587-ഉം നഗരപ്രദേശങ്ങളിൽ 249-ഉം തെരുവുനായ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത്/ നഗരകാര്യ ഡയറക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭയിൽ വളരെ ഊർജ്ജിതമായി തന്നെയാണ് എ.ബി.സി. പദ്ധതി നടപ്പിലാക്കിവരുന്നത്. എ.ബി.സി പദ്ധതി നിരന്തരമായി ദീർഘകാലാടിസ്ഥാനത്തിൽ ചെയ്താൽ മാത്രമേ വിജയലക്ഷ്യം കൈവരിക്കാനാവുകയുള്ളൂ. 2018-19-ൽ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി 52.15 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ നിന്ന് 47 ലക്ഷത്തോളം രൂപ ചെലവായിട്ടുണ്ട്. തിരുവല്ലം മൃഗാശുപത്രിയും പേട്ട മൃഗാശുപത്രിയും കേന്ദ്രീകരിച്ച് തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുവാനുള്ള സജ്ജീകരണം എല്ലാംതന്നെ നഗരസഭയുടെ ഹെൽത്ത് വിഭാഗം ക്രമീകരിച്ചിട്ടുണ്ട്. 2018 ജൂൺ മാസം മുതൽ ഒക്ടോബർ വരെ നഗരസഭയുടെ നേതൃത്വത്തിൽ 3600-ഓളം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2019 ജൂൺ മാസം മുതൽ കുടുംബശ്രീ ജില്ലാമിഷനെക്കൂടി എ.ബി.സി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസം ശരാശരി 400 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. വന്ധ്യംകരണ ശസ്ത്രക്രിയ ചെയ്യുവാനുള്ള സൗകര്യം കൂടുതൽ സെന്ററുകളിലേക്ക് വ്യാപിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തുവരുന്നു. എ.ബി.സി. പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിലൂടെ തെരുവുനായ ആക്രമണങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുവരുന്നതാണ്.

(സി) തെരുവുനായ ആക്രമണം തടയുവാൻ ഓരോ ഗ്രാമപഞ്ചായത്തും ചെലവഴിച്ച തുകയും ഓരോ നഗരസഭയും ചെലവഴിച്ച തുകയും അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

**തെരുവുനായ്ക്കളുടെ ശരീരത്തിൽ ചിപ്പ് ഘടിപ്പിക്കുന്ന പദ്ധതി**

135 (5159) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ തെരുവുനായ്ക്കളുടെയും വളർത്തുനായ്ക്കളുടെയും കണക്ക് എടുക്കുവാൻ നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളെ വന്ധ്യംകരിച്ച് ശരീരത്തിൽ ചിപ്പ് ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇതിനായി എത്ര ചിപ്പുകളാണ് നഗരസഭ വാങ്ങിയത്; ഈ പദ്ധതിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചു;

(ഡി) ഇതിനകം എത്ര തെരുവ് നായ്ക്കൾക്ക് ചിപ്പ് ഘടിപ്പിച്ചു; നിലവിൽ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) 2016-17 കാലഘട്ടത്തിൽ ABC Project-ന്റെ ഭാഗമായി തെരുവുനായ്ക്കളുടെയും വളർത്തുനായ്ക്കളുടെയും സർവ്വേ നടത്തിയിരുന്നു. ഇതിൻപ്രകാരം നഗരത്തിൽ 9500 തെരുവുനായ്ക്കളും 25000 വളർത്തുനായ്ക്കളും ഉള്ളതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2016-17-ൽ ABC Project-ന്റെ ഭാഗമായി 10,000 മൈക്രോ ചിപ്പുകൾ വാങ്ങിയിരുന്നു. ഇവ നഗരസഭയുടെ കീഴിലുള്ള 15 മൃഗാശുപത്രികളിലായി വളർത്തുനായ്ക്കൾക്ക് ഘടിപ്പിക്കുവാനായി നൽകുകയും ചെയ്തിരുന്നു. ഇവയിൽ 1000 മൈക്രോ ചിപ്പുകൾ തെരുവുനായ്ക്കൾക്ക് ഘടിപ്പിക്കുവാനും വകമാറ്റിയിരുന്നു. രോഗങ്ങളാലും മറ്റ് പല കാരണത്താലും വളർത്തുനായയെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണതയാണ് നഗരത്തിൽ തെരുവുനായ്ക്കളുടെ എണ്ണം കൂടുന്നതിന്റെ പ്രധാന കാരണം. അതിനാൽ എല്ലാ വളർത്തുനായ്ക്കൾക്കും മൈക്രോചിപ്പുകളും പെറ്റ് ലൈസൻസുകളും നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 600-ഓളം തെരുവുനായ്ക്കൾക്കും 6200 വളർത്തുനായ്ക്കൾക്കും മൈക്രോ ചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്.

(സി) ഇതിനായി 10,000 മൈക്രോചിപ്പുകൾ തിരുവനന്തപുരം നഗരസഭ വാങ്ങിയിട്ടുണ്ട്. ആയതിന് 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇതിനകം 600 തെരുവുനായ്ക്കൾക്ക് മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി വളർത്തുനായ്ക്കൾക്കും മൈക്രോചിപ്പ് ഘടിപ്പിച്ചുവരികയാണ്.

**അമൃത് പദ്ധതി**

136 (5160) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയുടെ കീഴിൽ സെപ്റ്റേജ്, സ്വീവേജ് സ്ഥാപിക്കുന്നതിന് കൺസൾട്ടൻസി കരാർ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഈ രംഗത്തുള്ള പരിചയസമ്പത്ത്, സാമ്പത്തിക ഭദ്രത എന്നിവ സംബന്ധിച്ച് സർക്കാർ എന്തെല്ലാം വിലയിരുത്തൽ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) കൺസൾട്ടൻസിക്കായി ആകെ എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളത്;

(ഡി) സർക്കാർ ഏജൻസികളെ ഒഴിവാക്കി സ്വകാര്യ ഏജൻസികൾക്ക് കരാർ നൽകുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി നടത്തിപ്പിൽ കൈവരിയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) കേരള ജല അതോറിറ്റി, റാം ബയോളജിക്കൽസ് കോഴിക്കോട് എന്നീ സ്ഥാപനങ്ങൾക്കാണ് കൺസൾട്ടൻസി നൽകിയിട്ടുള്ളത്. അമൃത് പദ്ധതി നടപ്പിലാക്കുന്നത് അതത് നഗരസഭകളാണ്. നഗരസഭകൾ മത്സരാധിഷ്ഠിത ക്വട്ടേഷൻ/ദർഘാസ് മുഖേനയാണ് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷൻ/ദർഘാസുകളുടെ സാങ്കേതിക – സാമ്പത്തിക പരിശോധനകൾ നടത്തുന്നത് അതാത് നഗരസഭകളുടെ മേൽനോട്ടത്തിലാണ്.

(സി) കൺസൾട്ടൻസിക്കായി പ്രത്യേകം തുക അമൃത് പദ്ധതിയിൽ നീക്കിവെച്ചിട്ടില്ല. കൺസൾട്ടൻസിക്ക് ആവശ്യമായ തുക അമൃത് പദ്ധതിയുടെ Administrative & Other Expenses ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നഗരസഭകൾക്ക് നൽകിവരുന്നു.

(ഡി) സർക്കാർ ഏജൻസികളെ ഒഴിവാക്കി സ്വകാര്യ ഏജൻസികൾക്ക് കരാർ നൽകിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയെ കൂടാതെ അതത് നഗരസഭകൾ, ശുചിത്വമിഷൻ എം-പാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ/ദർഘാസ് മുഖേന ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനങ്ങൾക്കാണ് കൺസൾട്ടൻസി നൽകിയത്.

**മാലിന്യമുക്ത കേരളം**

137 (5161) ശ്രീ. വി. ഡി.സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും, ഊർജ്ജം ഉദ്പാദിപ്പിക്കുന്ന തരത്തിലുള്ള വേസ്റ്റ് ആന്റ് എനർജി പ്ലാന്റുകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മാലിന്യമുക്ത കേരളം സൃഷ്ടിക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വീടുകളിൽ ഉറവിടതല ജൈവ മാലിന്യസംസ്കരണ പദ്ധതികൾ (കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ രീതിയിൽ)
2. കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവമാലിന്യ സംസ്കരണ പദ്ധതി.
3. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമസേനയുടെ ഉത്തരവാദിത്വത്തിൽ അജൈവമാലിന്യ ശേഖരണം.
4. അജൈവമാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കൽ
5. അജൈവമാലിന്യ പരിപാലനത്തിനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, റോഡ് നിർമ്മാണത്തിന് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കൽ.
6. നഗരമേഖലയിൽ പൊതുയിടങ്ങളും, റോഡുകളും യന്ത്ര സഹായത്തോടെ വൃത്തിയാക്കൽ.
7. കൺസ്ട്രക്ഷനും ഡിമോളിഷനുമായി ബന്ധപ്പെട്ട മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
8. സുരക്ഷിത മാലിന്യസംസ്കരണം ഉറപ്പാക്കുന്നതിനുവേണ്ട നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യാനുസരണം പുറപ്പെടുവിച്ചുവരുന്നു.
9. പൊതുജനങ്ങളിൽ സുരക്ഷിത മാലിന്യസംസ്കരണത്തിന് അനുകൂലമായ മനോഭാവം രൂപീകരിക്കുന്നതിനാവശ്യമായ വിവര വിജ്ഞാപനവ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

10. Reduce, Reuse എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ള ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളും സ്വാപ്പ് ഷോപ്പ് മേളകളും വ്യാപകമാക്കുന്നതിനുള്ള നടപടികൾ.

11. കോളനികൾ, അറവുശാലകൾ, ആശുപത്രികൾ, ലബോറട്ടറികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മലിനജലം ശുദ്ധീകരിക്കുന്നതിനായി സ്വീവേജ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള സഹായപദ്ധതികൾ.

12. ആധുനിക ഗ്യാസ് ക്രിമറ്റോറിയവും അറവുശാലകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

13. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം.

14. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ പൊതു വിഹിതം 10 ശതമാനവും നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ പൊതു വിഹിതം 15 ശതമാനവും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കണം

15. കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ചുകൊണ്ട് മാലിന്യസംസ്കരണ മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുക്കുക.

16. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രീകൃത വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.

(ബി) ഉണ്ട്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/തസ്വഭവ. പ്രകാരം നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി-യെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുപ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഓരോ

ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. പ്രസ്തുത പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളാണ് നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നിർമ്മിക്കുന്ന പ്ലാന്റുകൾ മാലിന്യം സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ളവ ആയിരിക്കും. ഈ പ്ലാന്റുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുന്നതായിരിക്കും. മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള മുൻപരിചയം, സാമ്പത്തികഭദ്രത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സ്വകാര്യ ഏജൻസികളെ കണ്ടെത്തുന്നത്. പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിൽ തദ്ദേശസ്വയംഭരണ വകുപ്പും കെ.എസ്.ഐ.ഡി.സി.യും നടത്തിപ്പിനുള്ള സ്വകാര്യ ഏജൻസിയും അതാതു തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത പ്ലാന്റുകൾ പ്രവർത്തിക്കുന്നത്.

പ്ലാന്റുകളുടെ നടത്തിപ്പിന് ഒരു നിശ്ചിത സാങ്കേതികവിദ്യ നിഷ്കർഷിച്ചിട്ടില്ല. പ്രതിദിനം 200 മുതൽ 300 ടൺ വരെ സംസ്കരണ ശേഷിയുള്ള പ്ലാന്റുകളായിരിക്കും ഈ പദ്ധതിയിലൂടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഖരമാലിന്യം സംഭരിച്ച് സംസ്കരിക്കുന്നതിന് ഓരോ ടണ്ണിനും ഏജൻസികൾ സമർപ്പിക്കുന്ന ടിപ്പിംഗ് ഫീസിന് തെരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതുമായിരിക്കും. ഇതിലൂടെ പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളാണ് ഈ പദ്ധതിയിലൂടെ നിലവിൽ വരാൻ പോകുന്നത്.

**മാലിന്യസംസ്കരണം ഏറ്റെടുക്കാൻ കേന്ദ്രസ്ഥാപനമായ നാഫെഡ്**

138 (5162) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേതുൾപ്പടെ മാലിന്യ സംസ്കരണം ഏറ്റെടുക്കാൻ കേന്ദ്ര സ്ഥാപനമായ നാഫെഡ് മുന്നോട്ട് വന്നിട്ടുണ്ടോ;

(ബി) ജൈവമാലിന്യം സംസ്കരിച്ച് പ്രകൃതിവാതകവും, ജൈവവളവും ഉൽപാദിപ്പിക്കുന്നതാണോ പദ്ധതി; പ്രകൃതിവാതകം ഏറ്റെടുത്ത് വിതരണം

ചെയ്യാൻ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി നാഫെഡ് ധാരണ ഉണ്ടാക്കിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി 20 കോടിയിലേറെ വില വരുന്ന സംസ്കരണ പ്ലാന്റ് നാഫെഡ് അവരുടെ ചെലവിൽ സ്ഥാപിക്കുമോയെന്നും ഇതിനായി 4 ഏക്കർ സ്ഥലം സർക്കാർ കണ്ടെത്തി നാഫെഡിന് നൽകേണ്ടതുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) നാഫെഡുമായി സർക്കാർ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) മാലിന്യസംസ്കരണം ഏറ്റെടുക്കുന്നത് സംബന്ധിച്ച് NAFED-ന്റെ പദ്ധതികൾ ഒന്നുംതന്നെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ പരിഗണനയിലില്ല.

(സി & ഡി) ബാധകമല്ല.

**മാലിന്യസംസ്കരണ പദ്ധതികൾ**

139 (5163) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ മൊത്തം പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ശുചിത്വ, മാലിന്യ സംസ്കണ പദ്ധതികൾക്കായി വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശുചിത്വ മിഷൻ സഹായം നൽകുന്നുണ്ടോ;

(സി) പ്ലാസ്റ്റിക് അടക്കമുള്ള പാഴ് വസ്തുക്കൾ ശേഖരിച്ച് സൂക്ഷിച്ച് ഇനംതിരിച്ച് പുനഃചംക്രമണത്തിനും റോഡ് ടാറിംഗിനുമായി ഉപയോഗിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് ടാറിംഗിന് നല്കുന്നതിനും പുന:ചംക്രമണത്തിന് യോഗ്യമായവ പാഴ്‌വസ്തു വ്യാപാരികളെ ഏൽപ്പിക്കുന്നതിനും ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനുമായി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശുചിത്വ മാലന്യസംസ്കരണ പദ്ധതികൾക്കായി പൊതുവിഭാഗം വികസനഫണ്ടിന്റെ 10% തുക ഗ്രാമപഞ്ചായത്തും ബ്ലോക്ക്പഞ്ചായത്തും ജില്ലാപഞ്ചായത്തും വകയിരുത്തണം. നഗരസഭയും കോർപ്പറേഷനും 15% തുകയാണ് വകയിരുത്തേണ്ടത്.

(ബി) ഉണ്ട്. മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (നഗരം) പദ്ധതിക്ക് 27 കോടി രൂപയും, ശുചിത്വ കേരളം (ഗ്രാമം) പദ്ധതിക്ക് 33 കോടി രൂപയുമാണ് 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം) പദ്ധതിയിൽ ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ വീതം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി നൽകിവരുന്നു. ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി അംഗീകാരം വാങ്ങിയ നഗരസഭകൾക്ക് ഡി.പി.ആർ. തുകയുടെ 58.3% തുക കേന്ദ്ര സംസ്ഥാന വിഹിതമായി സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ നിന്നും ശുചിത്വമിഷൻ മുഖേന നൽകിവരുന്നു.

(സി) നിലവിൽ ഗ്രാമങ്ങളിൽ 559 എം.സി.എഫുകളും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 168 എം.സി.എഫുകളും പ്രവർത്തിച്ചുവരുന്നു. ബാക്കിയുള്ളവയുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലും ബ്ലോക്ക് പഞ്ചായത്തുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

140 (5164) ശ്രീ. എസ്. ശർമ്മ:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. ജോയി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി ശുചിത്വ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ;

(സി) ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായി ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;അറിയിക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി വിനിയോഗിക്കുന്നതിനായി ജില്ലാ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര ശതമാനമാണെന്നും അറിയിക്കാമോ?

### ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിലെ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ വീതം അനുവദിച്ചുവരുന്നു. പൊതുജനങ്ങളിൽ സമ്പൂർണ്ണ ശുചിത്വസംസ്കാരം സൃഷ്ടിക്കുന്നതിനാവശ്യമായ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നുണ്ട്.

(ബി & സി) സംസ്ഥാനത്ത് എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ഉറപ്പാക്കി വെളിയിട വിസർജ്ജന വിമുക്തമാക്കുക, പൊതു ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗാർഹികയിടങ്ങളിലും പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ എന്നീ രീതികളിൽ സംസ്കരിക്കുന്നതിനുള്ള

സൗകര്യമൊരുക്കുന്നതിന് ആവശ്യമായ സഹായം നൽകുക, അജൈവമാലിന്യം ശേഖരിച്ച് തരംതിരിച്ച് പുന:ചംക്രമണം ഉറപ്പാക്കുക, റീ-സൈക്ലിംഗിന് വിധേയമാക്കുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ടാറിംഗിനായി ഉപയോഗിക്കുക, പുന:ചംക്രമണം നടത്തുന്നതിനനുസൃതമായ ശുചിത്വസംസ്കാരം പൗരന്മാരിൽ സൃഷ്ടിക്കുക, ദ്രവമാലിന്യം സുരക്ഷിതമായി സംസ്കരിക്കുക, സെപ്റ്റേജ് സംസ്കരിക്കുന്നതിന് പശ്ചാത്തല സൗകര്യം സൃഷ്ടിക്കുക മുതലായവയാണ് സംസ്ഥാനം സമ്പൂർണ്ണ ശുചിത്വപ്രദേശമായി മാറ്റുകയെന്ന ലക്ഷ്യത്തോടെ ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ. ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾക്കനുസൃതമായി ജനപങ്കാളിത്തമുറപ്പാക്കി മാലിന്യസംസ്കരണ പരിപാലന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണയും സർക്കാർ സഹായധനവും ശുചിത്വമിഷൻ മുഖേനയാണ് നൽകിവരുന്നത്.

ഹരിത കേരളം - ശുചിത്വ മാലിന്യസംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായ ഖര-ദ്രവ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രധാന പ്രോജക്ടുകൾ.

1. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ
2. തുമ്പൂർമൂഴി മോഡൽ, കമ്മ്യൂണിറ്റിതല എയറോബിക് കമ്പോസ്റ്റിംഗ് സംവിധാനം
3. മാർക്കറ്റുകളിൽ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായവ
4. കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ
5. കൈമാറി ലഭിച്ചിട്ടുള്ള സ്കൂളുകളിൽ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് സംവിധാനം.
6. സർക്കാർ ഓഫീസുകളിൽ ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ
7. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (സംയുക്ത പ്രോജക്ട്)

കൂടാതെ റസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വലിയ കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകിവരുന്നു.

(ഡി) 60:40 എന്ന അനുപാതത്തിലാണ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ട് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയ തുക വിനിയോഗിക്കുന്നതിനായി പദ്ധതി തയ്യാറാക്കി ഡി.പി.സി അംഗീകാരം ലഭ്യമാക്കിയാണ് നിർവ്വഹണം നടത്തുന്നത്.

## തിരുവനന്തപുരം നഗരസഭയിലെ മാലിന്യസംസ്കരണം

141 (5165) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണത്തിലും സംസ്കരണത്തിലും തിരുവനന്തപുരം നഗരസഭ ഗുരുതരമായ അലംഭാവം കാണിയ്ക്കുന്നു എന്ന ആക്ഷേപത്തിന് കാരണമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വീടുകളിൽനിന്നുള്ള മാലിന്യശേഖരണത്തിലും സംസ്കരണത്തിലും തിരുവനന്തപുരം നഗരസഭ അലംഭാവം കാണിക്കുന്നില്ല. ഗാർഹിക/ സ്ഥാപന/ കമ്മ്യൂണിറ്റി തലത്തിൽ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള വികേന്ദ്രീത മാലിന്യ സംസ്കരണ പദ്ധതിയാണ് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കി വരുന്നത്. വീടുകളിൽ നിന്നും അംഗീകൃത എജൻസികൾ വഴി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികളും തിരുവനന്തപുരം നഗരസഭ സ്വീകരിച്ചിട്ടുണ്ട്.

## തിരുവനന്തപുരം കോർപ്പറേഷന്റെ മാലിന്യശേഖരണ നടപടികൾ

142 (5166) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ജൈവ/അജൈവ മാലിന്യശേഖരണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഫാം നടത്തുന്ന സ്ഥാപനങ്ങൾ എത്രയുണ്ട്; ഫാം ഇല്ലാത്ത സ്ഥാപനങ്ങൾ ഈ മാലിന്യങ്ങൾ ശേഖരിച്ച് ഏത് വിധത്തിലാണ് സംസ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത എല്ലാ സ്ഥാപനങ്ങൾക്കുമായി തലസ്ഥാനത്തെ കടകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, ബേക്കറികൾ, കല്യാണമണ്ഡപങ്ങൾ തുടങ്ങിയ എത്ര സ്ഥാപനങ്ങളാണ് ജൈവ/അജൈവ മാലിന്യങ്ങൾ നൽകുന്നതെന്ന് പറയാമോ;

(ഡി) ജൈവ/അജൈവ മാലിന്യങ്ങൾ നൽകുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒരു കിലോ മാലിന്യത്തിന് എത്ര രൂപയാണ് കോർപ്പറേഷൻ ഈടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ തീരുമാനിച്ചിട്ടുള്ള തുക വളരെ കൂടുതലാണെന്ന വ്യാപാര സ്ഥാപനങ്ങളുടെ ആക്ഷേപം പരിഗണിച്ച് തുക കുറയ്ക്കുന്നതിന് തയ്യാറാകുമോ;

(ഇ) ജൈവ/അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നവയിൽ കേരളത്തിനകത്തല്ലാത്ത ഫാമുകളോ സ്ഥാപനങ്ങളോ ഉണ്ടോ; ഫാമുകൾ ഇല്ലാത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശേഖരിച്ച് തമിഴ് നാട്ടിലേയ്ക്ക് കടത്തുവാനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ നിക്ഷേപിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; മാലിന്യങ്ങൾ നൽകുന്ന ഓരോ സ്ഥാപനങ്ങളും ദിനംപ്രതി എത്ര കിലോ മാലിന്യം ലഭ്യമാക്കും എന്ന കണക്ക് കോർപ്പറേഷൻ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) മാലിന്യം ശേഖരിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്ന ഫാമുകൾക്ക് മതിയായ അളവിൽ ജൈവ മാലിന്യങ്ങൾ ലഭ്യമാക്കാത്തപക്ഷം സ്ഥാപനങ്ങളുടെ ലിസ്റ്റ് പുന:ക്രമീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എന്നുമുതൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭാ പരിധിയിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജൈവ-അജൈവ-കോഴി മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾ ചുവടെ ചേർക്കുന്നു:

ജൈവ മാലിന്യങ്ങൾ

ബത്‌ലഹേം ഏജൻസി, സെക്യൂർ മാനേജ്മെന്റ് സിസ്റ്റംസ്, സണ്ണേജ് എക്കോ സിസ്റ്റം, ക്ലീൻ & ഗ്രീൻ, മൈക്കിൾ പിഗ് ഫാം, സെന്റ് ജ്യൂഡ് പിഗ് ഫാം, കീർത്തി പിറ്റ് കമ്പോസ്റ്റിംഗ്, മേരി മാതാ പിഗ് ഫാം, മണക്കാട് കുടുംബശ്രീ ക്ലീൻ വെൽ യൂണിറ്റ്, എക്കോ ഫാം, വീ കെയർ, എസ്. ജെ ഫാം, നമ്പർ 1 സപ്പോർട്ട് സിസ്റ്റംസ്, തെക്കുംകര ഫാംസ്, അന്ന പിഗ് ഫാം, ലക്ഷ്മിപുരം അഗ്രോ ഫാം, ബൈസൺവാലി അനിമൽ ഫാം & ബയോ ഫെർട്ടിലൈസർ യൂണിറ്റ്, എസ്.എച്ച്. പിഗ് ഫാം.

കോഴിവേസ്റ്റ്

എവർഗ്രീൻ കമ്പോസ്റ്റ്

അജൈവ മാലിന്യങ്ങൾ

കൊച്ചി പ്ലാസ്റ്റിക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, സരോജിനി പൊന്നയ്യ ഫൗണ്ടേഷൻ, സണ്ണേജ് എക്കോ സിസ്റ്റം, വീ കെയർ.

(ബി) 14 എണ്ണം. ഫാം ഇല്ലാത്ത സ്ഥാപനങ്ങൾ പിറ്റ് കമ്പോസ്റ്റ് മുഖേന ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നു.

(സി) മാലിന്യങ്ങൾ ഏജൻസികൾക്ക് കൈമാറുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി തിരുവനന്തപുരം കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

(ഡി) 31-10-2019-ലെ കോർപ്പറേഷൻ കൗൺസിൽ തീരുമാനം നമ്പർ 3 (ഡി) 15 പ്രകാരം ജൈവ മാലിന്യം കിലോ 5 രൂപയും കോഴി മാലിന്യം കിലോ 7 രൂപയും അജൈവ മാലിന്യം ഒരു മാസത്തേക്ക് 5 കിലോ വരെ 500 രൂപയും 6 മുതൽ 10 കിലോ വരെ മാസത്തിൽ 750 രൂപയും 11 മുതൽ 20 കിലോ വരെ മാസത്തിൽ 1000 രൂപയും 21 മുതൽ 50 കിലോ വരെ 2000 രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. കോർപ്പറേഷൻ കൗൺസിൽ തീരുമാനമെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ നിരക്കുകൾ കോർപ്പറേഷന് ഭേദഗതി ചെയ്യാവുന്നതാണ്.

(ഇ) ഉണ്ട്. അനധികൃതമായി മാലിന്യങ്ങൾ ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) നഗരസഭയുടെ രാത്രികാല ഹെൽത്ത് സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. സ്ഥാപനങ്ങൾ ദിനംപ്രതി നൽകുന്ന മാലിന്യങ്ങളുടെ അളവ് കണക്കാക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

(ജി) തിരുവനന്തപുരം നഗരസഭാ കൗൺസിൽ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ ഹരിതകേരളം പദ്ധതി

143 (5167) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഇതുവരെ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾ പുരോഗമിച്ച് വരുന്നുവെന്നും ഇനി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ആലപ്പുഴയിലെ ശുചിമുറി മാലിന്യസംസ്കരണ പ്ലാന്റ്

144 (5168) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ വഞ്ചി വീടുകളിലെ ശുചിമുറി മാലിന്യ സംസ്കരണത്തിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) ഇതിനായി എന്തെങ്കിലും പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വട്ടക്കായലിലെ ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും സ്തംഭനാവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വഞ്ചി വീടുകളിലെ ശുചിമുറി മാലിന്യ സംസ്കരണത്തിന് 'എച്ച് ബ്ലോക്കിൽ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആലപ്പുഴ ഡി.ടി.പി.സി. സ്ഥാപിച്ചിട്ടുണ്ട്.

(സി) വട്ടക്കായലിലെ ശുചിമുറി മാലിന്യം സംസ്കരിക്കുന്നതിനായി പ്ലാന്റ് സ്ഥാപിക്കുന്നതിന് 2013-14 വർഷത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന് ഭരണാനുമതി ലഭിക്കുകയും 2016-17-ൽ KITCO-യ്ക്ക് നിർമ്മാണ ചുമതല നൽകുകയും ചെയ്തിരുന്നു. 60% നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച ടി പ്ലാന്റ് ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. 2018-ലെ പ്രളയത്തിൽ പ്ലാന്റിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ടൂറിസം ഡിപ്പാർട്ടുമെന്റ് KITCO-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഫ്ലക്സ് ബോർഡുകൾക്ക് നിരോധനം

145 (5169) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി മലിനീകരണം മുൻനിർത്തി ഫ്ലക്സ് ബോർഡുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ വേസ്റ്റ് മാനേജ്മെന്റ് നിയമപ്രകാരം വീണ്ടും ഉപയോഗിക്കുവാനോ പുനരുല്പാദനം ചെയ്യാവുന്നതോ ആയ പി. വി. സി. ഉല്പന്നങ്ങൾ നിരോധിക്കരുതെന്ന് വ്യവസ്ഥയുണ്ടോ; അറിയിക്കാമോ;

(സി) ഫ്ലക്സ് നിരോധനം പ്രാബല്യത്തിൽ വന്നിട്ടും പല സ്ഥലത്തും ഇത് കർശനമായി പാലിക്കപ്പെടുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിരോധനം ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 29-08-2019-ലെ സ.ഉ.(കൈ)നമ്പർ 111/2019/ത.സ്വ.ഭ.വ. പ്രകാരം പരിസ്ഥിതിക്ക് ദോഷകരമായ പോളിവിനൈൽ ക്ലോറൈഡുകളാൽ (പി.വി.സി.) നിർമ്മിതമായ ഫ്ലക്സുകൾ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലും, 2018-ൽ പുറപ്പെടുവിച്ച പ്രസ്തുത റൂൾസിന്റെ ഭേദഗതി ചട്ടങ്ങളിലും പി.വി.സി. ഉല്പന്നങ്ങളുടെ നിരോധനം സംബന്ധിച്ച് പ്രത്യേകിച്ച് പരാമർശിക്കുന്നില്ല. പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം 2016 പ്രകാരം ഏതെങ്കിലും പുന:ചംക്രമണം ചെയ്യാൻ പറ്റാത്ത മൾട്ടിലെയേർഡ് പ്ലാസ്റ്റിക് ഉണ്ടെങ്കിൽ 2 വർഷംകൊണ്ട് അതിന്റെ ഉല്പാദനവും ഉപയോഗവും ഘട്ടംഘട്ടമായി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 27-3-2018-ലെ പ്ലാസ്റ്റിക് വേസ്റ്റ് പരിപാലന (ഭേദഗതി) ചട്ടം 2018 പ്രകാരം പുനഃചംക്രമണം, ഊർജ്ജോത്പാദനം, മറ്റ് ഉപയോഗം എന്നിവയ്ക്ക് പറ്റാത്ത മൾട്ടിലെയേർഡ് പ്ലാസ്റ്റിക്കുകൾ ഘട്ടംഘട്ടമായി ഒഴിവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ, ദേശീയ ഹരിത ട്രൈബ്യൂണൽ OA No.606/2018 നമ്പർ കേസിനമേൽ 2019 ഏപ്രിൽ മാസം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം കുറഞ്ഞ കാലാവധിയുള്ള പി.വി.സി.-യും ക്ലോറിനേറ്റഡ് പ്ലാസ്റ്റിക് ഉല്പന്നങ്ങളും ഉത്തരവ് നിലവിൽ വന്ന് 6 മാസത്തിനകംതന്നെ പൂർണ്ണമായും നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 29-8-2019-ലെ സ.ഉ.(കൈ)നമ്പർ 111/2019/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ സംസ്ഥാനത്ത് പി.വി.സി. നിർമ്മിതമായ ഫ്ലക്സ് പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിനുശേഷം പി.വി.സി. ഫ്ലക്സിൽ പ്രിന്റ് ചെയ്ത് ബാനർ/ബോർഡ് സ്ഥാപിക്കുന്ന വ്യക്തി/സ്ഥാപനത്തിന് നോട്ടീസ് നൽകി പ്രിന്റ് ചെയ്ത് നൽകിയ സ്ഥാപനത്തിന്റെ വിവരം ശേഖരിച്ച് പ്രിന്റ് ചെയ്തവരിൽ നിന്നും ആദ്യപടിയായി സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം നിയമവിരുദ്ധമായ പ്രവൃത്തികൾ തുടരുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് അതത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## പാരിസ്ഥിതിക ആഘാതങ്ങൾ നിയന്ത്രിക്കുന്നതിന് പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടൽ

146 (5170) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൊതുവെ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും ഇതിനകം സംഭവിച്ച വ്യതിയാനങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും ദുരന്തങ്ങളുടെ ആഘാതം തടയുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ പങ്ക് വഹിക്കാനുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ സ്വാഭാവികമായ പ്രാദേശിക സവിശേഷതകൾ കണക്കിലെടുത്ത് പ്രകൃതിയെ സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനും അതുവഴി പരിസ്ഥിതി ആഘാതങ്ങൾ നിയന്ത്രിക്കുന്നതിനും കാര്യമായ ഇടപെടൽ പ്രാദേശിക ഭരണകൂടങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട അടിയന്തര ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. 23-10-2018-ലെ സ.ഉ.(സാധാ) നമ്പർ 2710/2018/ തസ്വഭവ. പ്രകാരം പ്രകൃതിദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് തയ്യാറാക്കുകയും ഇങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിനും സഹായകമാകുന്ന രീതിയിൽ സ്പെഷ്യൽ പ്ലാൻ (സ്ഥലപരാസൂത്രണം) തയ്യാറാക്കാൻ കഴിയുന്ന ഇടങ്ങളിൽ അതിന് മുൻകൈ എടുക്കേണ്ടതുമാണെന്ന നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 23-10-2018-ലെ സ.ഉ.(സാധാ) നമ്പർ 2710/18/ത.സ്വ.ഭ.വ-യിൽ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും ദുരന്ത നിവാരണ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി "ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ഉണ്ടായിരിക്കണമെന്നും ആ വർക്കിംഗ് ഗ്രൂപ്പ് അവിടുത്തെ ദുരന്തനിവാരണം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ ചർച്ച ചെയ്ത് വിശകലനം നടത്തി കർമ്മപദ്ധതി തയ്യാറാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ജനങ്ങളിൽ അവബോധവും പ്രതിരോധവും വളർത്തുന്നതിനും അടിയന്തരനടപടി സ്വീകരിക്കുന്നതിനുമായി ഓരോ വകുപ്പുകളും ചെയ്യേണ്ട കാര്യങ്ങൾ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 25-5-2019-ന് "കാലവർഷ-തുലാവർഷ-മുന്നൊരുക്ക-ദുരന്തപ്രതികരണ മാർഗ്ഗരേഖ 2019" പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കാലാവസ്ഥാ നിരീക്ഷണകേന്ദ്രവും ദുരന്തനിവാരണ അതോറിറ്റിയും സമയാസമയങ്ങളിൽ ഉണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പുകൾ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും ഓരോ കളക്ടറേറ്റിലുമുള്ള ദുരന്തനിവാരണ സെല്ലുമായി ബന്ധപ്പെട്ട് Early warning sign (EWS) അനുസരിച്ച് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ദുരന്തവുമായി ബന്ധപ്പെട്ട് കിടക്കുന്ന ജനവിഭാഗത്തിനും സന്നദ്ധസംഘടനകൾക്കും ആവശ്യമായ നിർദ്ദേശങ്ങളും അവബോധവും ബോധവത്കരണവും നൽകിവരുന്നുണ്ട്. കൂടാതെ മുന്നറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

## ഗ്രാമീണ റോഡുകളുടെ നവീകരണം

147 (5171) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി നാശനഷ്ടങ്ങളുണ്ടായ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മഴക്കെടുതിയെത്തുടർന്ന് മലപ്പുറം ജില്ലയിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 13-8-2019-ലെ സ.ഉ.(കൈ)നമ്പർ 25/2019/ആ.സാ.വ. പ്രകാരം, 2018-ലെ വെള്ളപ്പൊക്കക്കെടുതി നേരിട്ട 8 ജില്ലകൾക്കായി കാറ്റഗറി (എ) വിഭാഗത്തിൽപ്പെടുന്ന (5.5 മീ. വീതിയിൽ അധികം വരുന്നത്) റോഡുകൾക്ക് 315 കോടി രൂപയും കാറ്റഗറി (ബി) വിഭാഗത്തിൽപ്പെടുന്ന (5.5 മീ. വീതിയിൽ താഴെ വരുന്നത്) റോഡുകൾക്ക് 173 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) മലപ്പുറം ജില്ലയിലെ 8 ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ആകെ 1013.03 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾ

148 (5172) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്നിന് ശേഷം പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തി കേരളത്തിന് എത്ര കോടി രൂപയുടെ എത്ര കിലോമീറ്റർ റോഡിന് കേന്ദ്രാനുമതി ലഭിച്ചുവെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പാർലമെന്റംഗങ്ങളുടെ 'എസ്.എ.ജി.വൈ 'പദ്ധതിക്ക് പുറമേയാണോ പി.എം.ജി.എസ്.വൈ.-യിൽ നിന്നുള്ള മേൽപ്പറഞ്ഞ റോഡുകൾക്കുള്ള അനുവാദം ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇവയിൽ എത്ര റോഡുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയെന്നും എത്ര റോഡുകളുടെ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം എത്ര റോഡുകളുടെ പ്രവൃത്തികൾക്കുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016 ഏപ്രിൽ ഒന്നിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 707.349 കി.മീ ദൈർഘ്യം വരുന്ന 187 റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 568.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സൻസദ് ആദർശ് ഗ്രാമീൺ യോജന (എസ്.എ.ജി.വൈ) പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 33 റോഡുകൾ അടക്കമാണ് പി.എം.ജി.എസ്.വൈ-യിൽ റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുള്ളത്.

(സി) അനുമതി ലഭിച്ച 187 റോഡുകൾക്കും ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ സർക്കാർ വന്നതിനുശേഷം പി.എം.ജി.എസ്.വൈ-യിൽ 384.40 കി.മീ. ദൈർഘ്യം വരുന്ന 99 റോഡുകളുടെയും നീളം കൂടിയ 2 പാലങ്ങളുടെയും പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും**

149 (5173) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി.എഞ്ചിനീയറിങ് വിഭാഗം മുഖേന കഴിഞ്ഞ വർഷങ്ങളിൽ എത്ര കിലോമീറ്റർ റോഡുകൾ പുനരുദ്ധാരണം നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡ് അധികമായി നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | റോഡിന്റെ നീളം (കി.മീ) |
|---|---|---|
| 1. | തിരുവനന്തപുരം | 1794.43 |
| 2. | കൊല്ലം | 1010.17 |
| 3. | പത്തനംതിട്ട | 550.45 |
| 4. | ആലപ്പുഴ | 582.16 |
| 5. | കോട്ടയം | 833.51 |
| 6. | ഇടുക്കി | 442.68 |
| 7 | എറണാകുളം | 1733.51 |
| 8. | തൃശ്ശൂർ | 1782.85 |
| 9. | പാലക്കാട് | 1082.73 |
| 10. | മലപ്പുറം | 1608.55 |
| 11. | കോഴിക്കോട് | 1015.56 |
| 12. | വയനാട് | 350.30 |
| 13. | കണ്ണൂർ | 1317.72 |
| 14. | കാസർഗോഡ് | 681.85 |
| | ആകെ | 14786.47 |

(ബി) ഈ സർക്കാർ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 707.349 കി.മീ. ദൈർഘ്യം വരുന്ന 187 റോഡുകളാണ് ഏറ്റെടുത്തിട്ടുള്ളത്.

## പഞ്ചായത്ത്, നഗരസഭാ റോഡുകൾ

150 (5174) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പഞ്ചായത്ത്, നഗരസഭ റോഡുകൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പേരും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ടി റോഡുകൾക്കുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഗതാഗതയോഗ്യമല്ലാത്തതും അറ്റകുറ്റപ്പണി തീരെ നടക്കാത്തതുമായ റോഡുകൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ശേഷിയില്ലായ്മയാണ് റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമെങ്കിൽ അത്തരം റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് സർക്കാർ സഹായം നൽകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുംതൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക്**

151 (5175) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിലാളികൾ വൻതോതിൽ കൊഴിഞ്ഞു പോകുന്ന സാഹചര്യമുണ്ടോ; എങ്കിൽ അവിദഗ്ധതൊഴിലാളികളാണോ കൊഴിഞ്ഞു പോകുന്നവരിൽ ഏറെയുമെന്ന്പരിശോധിച്ചുവോ;

(ബി) പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുടുംബത്തിന് വർഷം 100 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുക എന്നത് പദ്ധതിയുടെ ലക്ഷ്യമായിരുന്നോ; എങ്കിൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടടുക്കുമ്പോഴേക്കും ഈ ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ;

(സി) പുതിയ കേന്ദ്ര നിർദ്ദേശമാണോ ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നടപ്പു സാമ്പത്തികവർഷം തയ്യാറാക്കിയ ഭൂരിപക്ഷം പദ്ധതികളിലും ഇതു കാരണം പഞ്ചായത്തുകൾക്ക് ഭേദഗതി വരുത്തേണ്ടിവരുമോ; ഇത് തൊഴിൽ ദിനങ്ങളുടെ എണ്ണത്തേയും ബാധിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിലാളികൾ വൻതോതിൽ കൊഴിഞ്ഞുപോകുന്ന സാഹചര്യമില്ല.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുടുംബത്തിന് ഒരു സാമ്പത്തികവർഷം 100 തൊഴിൽ ദിനങ്ങൾ നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. തൊഴിലിന് അപേക്ഷിക്കുന്ന എല്ലാ കുടുംബങ്ങൾക്കും തൊഴിൽ നൽകുന്നതിന് നിലവിൽ സാധിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം 11-11-2019 വരെ തൊഴിൽ ആവശ്യപ്പെട്ട 10634 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

(സി) തൊഴിൽ ദിനത്തെ ബാധിക്കുംവിധം പ്രതിസന്ധി സൃഷ്ടിക്കുന്ന കേന്ദ്രനിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തൊഴിലുറപ്പ് പദ്ധതിയുടെ ഓഫീസ്

152 (5176) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കണ്ണൂർ ജില്ലയിൽ പ്രത്യേകമായി ഓഫീസ് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കണ്ണൂർ ജില്ലയിൽ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററായി നിയമിച്ചുകൊണ്ട് 26-10-2019-ലെ സ.ഉ.(സാധാ)നമ്പർ 2382/2019/തസ്വഭവ. പുറപ്പെടുവിച്ചിട്ടുണ്ട്.

## പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

153 (5177) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ.യു. ആർ. പ്രദീപ് :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പി.എം.എ.വൈ. പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പദ്ധതി പ്രകാരം ഓരോ ഗുണഭോക്താക്കൾക്കും ലഭിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ വീടിനുമുള്ള ധനസഹായത്തിന് പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ദ്ധ തൊഴിലും ഗുണഭോക്താക്കൾക്ക് നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)-യ്ക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുമുള്ള അർഹരായ ഗുണഭോക്താക്കളെയാണ്. അർഹരായ ഗുണഭോക്താക്കളുടെ മാനദണ്ഡ പട്ടിക ചുവടെ ചേർക്കുന്നു:

1. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽപ്പറയുന്നവർ ഒഴിവാക്കൽ പ്രക്രിയയിൽ ഉൾക്കൊള്ളുന്നു.

1. യന്ത്രവൽകൃത രണ്ടുചക്ര/മൂന്നു ചക്ര/നാലു ചക്ര വാഹനമോ, യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ.
2. യന്ത്രവൽകൃത മൂന്നു ചക്ര/നാലു ചക്ര കാർഷിക ഉപകരണങ്ങൾ ഉള്ളവർ.
3. 50,000 രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ.
4. സർക്കാർ ജീവനക്കാരുള്ള കുടുംബം.
5. സർക്കാർ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ.
6. പ്രതിമാസം 10,000 രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങൾ ഉള്ള കുടുംബങ്ങൾ.
7. വരുമാന നികുതി നൽകുന്നവരുള്ള കുടുംബം.
8. തൊഴിൽ നികുതി നൽകുന്നവരുള്ള കുടുംബം.
9. റെഫ്രിജറേറ്റർ ഉള്ള കുടുംബം.
10. ലാന്റ് ലെയിൻ ഫോണുള്ള കുടുംബം.
11. സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം.

12. രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം.

13. ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം.

2. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽ പറയുന്നവർ സ്വയമേയുള്ള ഉൾക്കൊള്ളിക്കൽ പ്രക്രിയയിൽ ഉൾപ്പെടുന്നു:

1. ഭവനരഹിതർ
2. അഗതികൾ/യാചകർ
3. തോട്ടിപ്പണി ചെയ്യുന്നവർ
4. ആദിമ ഗോത്രവർഗ്ഗങ്ങൾ
5. വിമോചിതരായ അടിമപ്പണിക്കാർ

(ബി) പി.എം.എ.വൈ. പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ച ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ചില വ്യവസ്ഥകൾ കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(സി) പി.എം.എ.വൈ. പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും ലഭിക്കുന്ന യൂണിറ്റ് കോസ്റ്റായ 1,20,000 രൂപ 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. കേരളത്തിൽ പി.എം.എ.വൈ. പദ്ധതിയിൽ പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഇവർക്ക് 4,00,000 രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 6,00,000 രൂപയും നൽകുന്നു. 1,20,000 രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും നൽകുന്നു.

(ഡി) പി.എം.എ.വൈ (ജി) പദ്ധതി ഗുണഭോക്താക്കൾക്ക് ഓരോ വീടിനുമുള്ള ധനസഹായത്തിനുപുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ നൽകുന്നുണ്ട്. കേരളത്തിൽ 719624 മനുഷ്യാദ്ധ്വാന ദിനങ്ങൾക്കായി 18805.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

154 (5178) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 -20 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സാധന സാമഗ്രി ഇനത്തിൽ കേന്ദ്ര സർക്കാർ എത്ര രൂപ അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം തുക ലഭിച്ചത് ഏതെല്ലാം തീയതികളിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഏതെല്ലാം ജില്ലകൾക്ക് വിതരണം ചെയ്തു; വിതരണം ചെയ്ത തീയതി വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയിൽ എത്ര രൂപ വിതരണം ചെയ്യാൻ അവശേഷിക്കുന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സാധനസാമഗ്രി ഇനത്തിൽ കേന്ദ്ര സർക്കാർ 21701.45 ലക്ഷം രൂപ അനുവദിച്ചു.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ടി തുക ലഭ്യമായ തീയതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തീയതി | തുക (ലക്ഷത്തിൽ ) |
|---|---|---|
| 1 | 9-4-2019 | 2621.35 |
| 2. | 5-8-2019 | 16822.33 |
| 3 | 23-10-2019 | 2257.77 |

(സി) പ്രസ്തുത തുക സംസ്ഥാനത്തെ 14 ജില്ലകൾക്കുമായി 4-5-2019, 28-5-2019, 29-6-2019, 11-7-2019, 7-9-2019, 17-9-2019, 26-10-2019, 27-10-2019, 28-10-2019, 30-10-2019 എന്നീ തീയതികളിലായി വിതരണം ചെയ്തു.

(ഡി) കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയിൽ സാധനസാമഗ്രി ഇനത്തിൽ 4079.77 ലക്ഷം രൂപ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്.

## കെട്ടിടനിർമ്മാണ ചട്ടം ഭേദഗതി

155 (5179) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടവും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടവും ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് അനുമതി വാങ്ങിയശേഷം ഉണ്ടാകുന്ന ചെറിയ ചട്ടലംഘനങ്ങൾക്ക് ഇളവ് നൽകുന്നതിനും ഇതിനായി സർക്കാരിന് അപ്പീൽ നൽകുന്നതിനുമുള്ള വ്യവസ്ഥകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 300 ചതുരശ്ര മീറ്ററിന് മുകളിൽ വീട് വയ്ക്കുന്നവർക്ക് ബയോഗ്യാസ് പ്ലാന്റ് നിർബന്ധമാക്കുന്നതിനും മറ്റ് കെട്ടിടങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന സംവിധാനം ഒരുക്കുന്നതിനും ചട്ടത്തിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോഴി, പശു ഫാമുകൾക്ക് ഫയർ എൻ.ഒ.സി. വേണമെന്ന നിബന്ധന കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ അതിൽ എന്ത് ഇളവ് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിച്ച് 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും (G.O.(P)No.77/2019 dtd. 2-11-2019-SRO. No.828/2019), 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും (G.O(P)No.78/2019 dtd. 2/11/19-SRO. No.829/2019) പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുതിയ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം നിർമ്മാണം നടന്നതിനുശേഷം ചട്ടത്തിൽനിന്ന് ചെറിയതോതിൽ വ്യതിചലിച്ചിട്ടുണ്ടെങ്കിൽ ഫീസ് നൽകി ക്രമവത്കരിക്കാൻ സാധിക്കുന്നതാണ്.

(സി) 300 ചതുരശ്രമീറ്ററിന് മുകളിലുള്ള വാസഗൃഹങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് നിർബന്ധമാണ്. മറ്റു വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന രീതിയിൽ NOC വാങ്ങേണ്ടതുണ്ട്.

(ഡി) 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ എന്നിവപ്രകാരം ഗ്രൂപ്പ് G1 ഗ്രൂപ്പ് G2 ഒക്യുപെൻസിയിൽ ഉൾപ്പെടുന്ന ലൈവ്സ്റ്റോക്ക്, പൗൾട്ടി ഫാമുകൾക്ക് fire and rescue service-ന്റെ സർട്ടിഫിക്കറ്റ് ആവശ്യമില്ല.

**കെട്ടിടനിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം**

156 (5180) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെട്ടിട നിർമ്മാണത്തിന് അനുമതി തേടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും തുടർനടപടികൾ കൈക്കൊള്ളുന്നതും ഓൺലൈൻ ആപ്ലിക്കേഷനായ സങ്കേതം മുഖേനയാണോ; വ്യക്തമാക്കാമോ;

(ബി) കെട്ടിടനിർമ്മാണ അപേക്ഷകളിലെ കാലതാമസം ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻപുതന്നെ നിശ്ചിത നിയമങ്ങൾ ലംഘിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കെട്ടിടനിയമങ്ങൾ പാലിച്ചില്ല എന്ന കാരണത്താൽ കെട്ടിടനമ്പർ നൽകാത്ത എത്ര അപേക്ഷകളാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ ഉള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, വർക്കല, ഗുരുവായൂർ, ആലപ്പുഴ, പാലക്കാട്, കൊച്ചി, കോഴിക്കോട് ഒഴികെയുള്ള നഗരസഭകളിലും കെട്ടിടനിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് 'സങ്കേതം' എന്ന ഓൺലൈൻ ആപ്ലിക്കേഷൻ വഴിയാണ്. കൊച്ചി കോർപ്പറേഷനിൽ BPAMS എന്ന സോഫ്റ്റ്‌വെയർ മുഖേനയും കോഴിക്കോട് കോർപ്പറേഷനിൽ 'സുവേഗ' എന്ന സോഫ്റ്റ്‌വെയർ മുഖേനയും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, വർക്കല, ഗുരുവായൂർ, ആലപ്പുഴ, പാലക്കാട് നഗരസഭകളിൽ IBPMS എന്ന സോഫറ്റ്‌വെയർ മുഖേനയും നിലവിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്തുവരുന്നു.

(ബി) കേരളത്തിലെ കോർപ്പറേഷനുകളിൽ തീർപ്പാകാതെ ശേഷിച്ചിരുന്ന കെട്ടിടനിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. നിർമ്മാണാപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ അപ്രതീക്ഷിത പരിശോധനകൾ നടത്താനും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാനും വകുപ്പുതലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിക്കുന്നതിനും തടയുന്നതിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരവും രൂപീകരിച്ചിട്ടുള്ള ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ നടത്തുന്ന അന്വേഷണങ്ങളിൽ ചട്ടലംഘനങ്ങൾ കണ്ടെത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) 69 അപേക്ഷകൾ.

## മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങൾ

157 (5181) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ പാടെ ലംഘിച്ചുകൊണ്ട് മരടിൽ അഞ്ച് ഫ്ലാറ്റ് സമുച്ചയങ്ങൾ പണിയുന്നതിനുള്ള അനുമതി മരട് പഞ്ചായത്ത് നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മരട് പഞ്ചായത്ത് ഭരണം ഏത് കക്ഷി/മുന്നണിക്കായിരുന്നു;

(സി) മരടിലെ ഫ്ലാറ്റ് നിർമ്മാണത്തിന് പിന്നിലെ സാമ്പത്തിക ഇടപാടുകളും അഴിമതിയും രാഷ്ട്രീയ സ്വാധീനവും സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ആസ്തിവികസന പദ്ധതികളുടെ ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം

158 (5182) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. മുഖേന നടപ്പാക്കുന്ന എം.എൽ.എ.- മാരുടെ ആസ്തി വികസന പദ്ധതികളുടെ ഫണ്ട് അനുവദിക്കുന്നതിൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കാലതാമസം വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-19 സാമ്പത്തികവർഷം എത്ര പ്രവൃത്തികളുടെ ബില്ലുകളാണ് ലഭിച്ചത്; എത്ര ബില്ലുകളുടെ തുക നൽകി;

(സി) ബില്ലുകൾ പരിശോധിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവുള്ളപക്ഷം ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2018-19 വർഷത്തിൽ, നിർമ്മാണ പ്രവൃത്തി ഭാഗികം/ പൂർത്തിയാക്കിയവ/അക്രെഡിറ്റഡ് ഏജൻസി മുഖാന്തരമുള്ളവ/ഡെപ്പോസിറ്റ് പ്രവൃത്തി ഉൾപ്പെടെ 1350 എണ്ണം ബില്ലുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 1011 എണ്ണം ബില്ലുകളുടെ അലോട്ട്മെന്റ് നൽകി. 228.90 കോടി രൂപ ചെലവഴിച്ചു. 66 ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെട്ടുപോയതിനാൽ അലോട്ട്മെന്റ നൽകാൻ കഴിഞ്ഞില്ല. ആയതിനാൽ 18.19 കോടി രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഗുണഭോക്തൃ സമിതികളും ഭരണസമിതി അംഗീകാരവും

159 (5183) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് രൂപീകരിക്കുന്ന ഗുണഭോക്തൃ സമിതികളെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി അംഗീകരിക്കണമെന്ന് വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് പ്രവൃത്തികൾ നടത്തുന്നതിനെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം എതിർക്കുന്നപക്ഷം ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തി നിർവ്വഹണത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കൽപ്പറ്റ മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികൾ**

160 (5184) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണ ഏജൻസിയായി 2016-17 മുതൽ ഏതൊക്കെ പ്രവൃത്തികളാണ് നിർദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ പദ്ധതികളുടെ പുരോഗതി**

161 (5185) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലും , പ്രത്യേക വികസന നിധിയിലും ഉൾപ്പെട്ട 2016-17, 2017-18, 2018-19 വർഷത്തെ തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശം നൽകാമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ**

162 (5186) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് എം.എൽ.എ. എ.ഡി.എസ്. പ്രകാരം ടെണ്ടർ ചെയ്ത ഏതെല്ലാം പ്രവൃത്തികളാണ്

നാളിതുവരെ കരാറുകാർ ഏറ്റെടുക്കാത്തതുമൂലം നടപ്പാക്കാനാകാത്തതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികൾക്കായി സർക്കാർ പുതുതായി അനുവദിച്ച കൺവെയൻസ് തുക കൂടി ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തികൾക്ക് പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതികാനുമതി റദ്ദ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് എടുക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് കൺവേയൻസ് തുകകൂടി ഉൾപ്പെടുത്തി പുതിയ സാങ്കേതികാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

163 (5187) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളിലായി ആകെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്;

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ പേര്, എണ്ണം, വകുപ്പിന്റെ പേര് എന്ന ക്രമത്തിലുള്ള പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളിലായി 2354 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഗ്രാമവികസന വകുപ്പിലും നഗര-ഗ്രാമാസൂത്രണ വകുപ്പിലും പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ 22-8-2019-ലെ സ.ഉ.(കൈ) നമ്പർ 107/2019 തസ്വഭവ പ്രകാരം ടെക്നിക്കൽ എക്സ്പേർട്ട്, അഗ്രികൾച്ചർ (സംസ്ഥാനതലം - 1 തസ്തിക) അസിസ്റ്റന്റ് (സംസ്ഥാന മിഷൻ ഓഫീസിൽ 2 തസ്തികകൾ) എന്നിവ സൃഷ്ടിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ച പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## മലപ്പുറം ജില്ലയിലെ പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരുടെ കുറവ്

164 (5188) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പഞ്ചായത്തുകളിൽ ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ പതിനാറ് പഞ്ചായത്തുകളിൽ മാസങ്ങളായി നിലവിലുള്ള സെക്രട്ടറിമാരുടെയും ക്ലാർക്കുമാരുടേയും ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ ഇപ്പോൾ പത്താം സ്ഥാനത്തുള്ള ജില്ലയിലെ നഗരസഭകളിലെയും പഞ്ചായത്തുകളിലെയും സെക്രട്ടറിമാരുടെയും ക്ലാർക്കുമാരുടെയും ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മലപ്പുറം ജില്ലയിൽ ക്ലാർക്കുമാരുടെ 44 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 8 ഒഴിവുകൾ പി.എസ്.സി. വഴി നിയമിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 5 ഒഴിവുകൾ എസ്.സി./എസ്.റ്റി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയും 28 ഒഴിവുകൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നികത്തുവാനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 ഒഴിവുകൾ മാതൃത്വ അവധിയിൽ പ്രവേശിച്ച ഒഴിവുകൾ ആണ്.

(സി &ഡി) മലപ്പുറം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 18 സെക്രട്ടറി തസ്തികയുടേയും 44 ക്ലാർക്ക് തസ്തികകളുടെയും ഒഴിവ് നിലവിലുണ്ട്. നഗരസഭകളിൽ മലപ്പുറം ജില്ലയിൽ എൽ.ഡി. ക്ലാർക്ക്/ബിൽ ക്ലാർക്ക് തസ്തികകളിൽ 11 ഒഴിവുകളും മുനിസിപ്പൽ സെക്രട്ടറിമാരുടെ 4 ഒഴിവുകളും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തദ്ദേശസ്വയംഭരണ വകുപ്പിലെ ആശ്രിത നിയമനം**

165 (5189) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പാർട്ട്ടൈം ഫെറിമാനായിരിക്കെ മരണമടഞ്ഞ സത്യൻ കെ.കെ. യുടെ മകനായ ശ്രീ. ശ്യാംകുമാർ കെ.എസ്. ആശ്രിത നിയമന പദ്ധതി പ്രകാരം നൽകിയിരുന്ന 41/EPA/2018/ LSGD നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ശ്രീ. ശ്യാംകുമാറിന്റെ അപേക്ഷയിൽ ഉണ്ടായിരിക്കുന്ന പ്രധാന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിച്ച് ശ്യംകുമാറിന് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കോട്ടയം ജില്ലാ കളക്ടറേറ്റിൽ നിന്നും ഈ ഫയൽ സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം ഫെറിമാനായിരിക്കെ മരണമടഞ്ഞ സത്യൻ കെ. കെ-യുടെ മകനും ആശ്രിതനുമായ ശ്രീ. ശ്യാംകുമാർ. കെ. എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയിലെ Appendix C, D ഫോമുകൾ പൂരിപ്പിച്ചിരുന്നില്ല. കൂടാതെ സത്യൻ. കെ. കെ-യുടെ നിയമന വിവരങ്ങൾ അടങ്ങിയ സേവന പുസ്തകത്തിന്റെ പേജിന്റെ പകർപ്പ്, അനന്തരാവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നില്ല. അപേക്ഷയിലെ പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും കോട്ടയം ജില്ലാ കളക്ടറുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനുമായി അയച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(സി) ഇല്ല. അപേക്ഷയും അനുബന്ധ രേഖകളും റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർ വൈക്കം തഹസിൽദാർക്ക് നൽകിയിട്ടുണ്ട്.

## ആശ സാംസ്കാരിക സംഘടനയ്ക്ക് ഓഫീസ് കെട്ടിടം

166 (5190) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഗീത സംവിധായകൻ എം.കെ.അർജ്ജുനൻ മാസ്റ്റർ നേതൃത്വം നൽകുന്ന പശ്ചിമകൊച്ചിയിലെ ആശ എന്ന സാംസ്കാരിക സംഘടനയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷൻ വക മൂന്ന് സെന്റ് സ്ഥലം വിട്ടു നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച് 143/RC4/2018/LSGD നമ്പർ ഫയലിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന് അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) സർക്കാർ പരിശോധിച്ചുവരുന്നു.

## ഫുട് ക്രോസ് ഓവർബ്രിഡ്ജ് നിർമ്മാണം

167 (5191) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പട്ടം സെന്റ് മേരീസ് സ്കൂളിലെ കുട്ടികൾക്ക് റോഡുമുറിച്ച് കടക്കുന്നതിന് ഫുട് ക്രോസ് ഓവർബ്രിഡ്ജ് പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പണി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നതെന്നും പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 90% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) Struct up New (Sun) Infrastructure Pvt. Ltd. ടി കമ്പനി സ്വന്തം ചെലവിൽ നഗരസഭയ്ക്കുവേണ്ടി നടത്തുന്നതാണ് ഈ നിർമ്മാണം.

(സി) ഉണ്ട്. PWD-യുടെ NOC ലഭിക്കുന്നതിനുള്ള കാലതാമസം ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിച്ചിട്ടുണ്ട്.

## അങ്കമാലി നഗരസഭാ പാർക്ക്

168 (5192) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരസഭാ പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അങ്കമാലി കേരള ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് തുടങ്ങുവാൻ നിലവിലെ നിയമം അനുശാസിക്കുന്നുണ്ടോ;

(ബി) നഗരസഭ കൗൺസിലിന്റെ ഏതു ദിവസത്തെ തീരുമാന പ്രകാരമാണ് പൊതുജനങ്ങളിൽ നിന്നും വ്യാപാരികളിൽ നിന്നും ഇക്കാര്യത്തിനായി പണം പിരിക്കുവാൻ തീരുമാനിച്ചത്;

(സി) പാർക്ക് ഉദ്ഘാടനത്തിന് പണപ്പിരിവ് നടത്തുവാനായി രസീത് അച്ചടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ഇതിനായി പിരിഞ്ഞ് കിട്ടിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അങ്കമാലി നഗരസഭാ കൗൺസിൽ തീരുമാനം എടുത്തിട്ടില്ല.

(സി) അങ്കമലി നഗരസഭാ ഓഫീസിൽ നിന്നും ഇതിനായി രസീത് അച്ചടിച്ചിട്ടില്ല.

## മുട്ടത്തറ സ്വീവേജ് പ്ലാന്റ്

169 (5193) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടത്തറ സ്വീവേജ് പ്ലാന്റിൽ നിന്നും ശുദ്ധീകരിക്കുന്ന ജലം ഇപ്പോൾ ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ പ്രതിദിനം എത്ര ലിറ്റർ ജലം ശുദ്ധീകരിക്കപ്പെടുന്നുണ്ട്; ഇതിൽ എത്ര ലിറ്റർ വിതരണം ചെയ്യുന്നുണ്ട്; ബാക്കിവരുന്ന ശുദ്ധീകരിക്കപ്പെട്ട ജലം എന്താണ് ചെയ്യുന്നത്;

(ബി) മുട്ടത്തറ സ്വീവേജ് പ്ലാന്റിന്റെ മാതൃകയിൽ കൂടുതൽ പ്ലാന്റുകൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം പ്ലാന്റുകൾ ആരംഭിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നത്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ഇത്തരം കൂടുതൽ പ്ലാന്റുകൾ ആരംഭിക്കുന്നത് സെപ്റ്റേജ്, സ്വീവേജ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മുട്ടത്തറ സ്വീവേജ് പ്ലാന്റിൽ ശരാശരി 70 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ചുവരുന്നു. ഇതിൽ ശരാശരി 24000 ലിറ്റർ ജലം കെട്ടിട നിർമ്മാണത്തിനായി ഒരു ദിവസം വിതരണം ചെയ്യുന്നുണ്ട്. ബാക്കിവരുന്ന ശുദ്ധീകരിക്കപ്പെട്ട ജലം നിലവിൽ പാർവ്വതീപുത്തനാറിലേക്ക് ഒഴുക്കിവിടുന്നു.

(ബി) ഉണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുന്ന സെപ്റ്റേജ്/സീവറേജ് പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സാധ്യമായ സ്ഥലങ്ങളിൽ സെപ്റ്റേജ്/സീവറേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതോടൊപ്പം സ്ഥാപനങ്ങൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനും പദ്ധതികളുണ്ട്.

**തിരുവനന്തപുരം നഗരസഭയിലെ അനധികൃത കെട്ടിടങ്ങൾ**

170 (5194) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് കെട്ടിടങ്ങൾ പണിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം പണിത എത്ര കെട്ടിടങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇവർക്കെതിരെ എന്ത് നടപടിയാണ് കോർപ്പറേഷൻ സ്വീകരിച്ചത്;

(ഡി) 2015-ന് ശേഷം എത്ര കെട്ടിടങ്ങൾ പൊളിച്ചു നീക്കി; ഇതിനെതിരെ ഏതെങ്കിലും കെട്ടിട ഉടമകൾ കോടതിയിൽ നിന്നോ ലോകായുക്തയിൽ നിന്നോ ട്രൈബ്യൂണലിൽ നിന്നോ സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ;

(ഇ) പ്രസ്തുത സ്റ്റേ ഉത്തരവുകൾ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 450 എണ്ണം

(സി) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999 പ്രകാരമുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഡി) 42 എണ്ണം. 52 എണ്ണത്തിൽ സ്റ്റേ ഉത്തരവ് നിലവിലുണ്ട്.

(ഇ) ഉണ്ട്.

**തിരുവനന്തപുരം നഗരസഭയ്ക്ക് കാരണംകാണിക്കൽ നോട്ടീസ്**

171 (5195) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>:
<u>ശ്രീ. വി. എസ്. ശിവകുമാർ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപരിപാലന സംവിധാനങ്ങളിൽ വീഴ്ചവരുത്തിയെന്ന് ആരോപിച്ച് തിരുവനന്തപുരം നഗരസഭയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപ പിഴ അടയ്ക്കുവാനാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) തിരുവനന്തപുരം നഗരസഭ പിഴ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഉണ്ട്. 1459.112 ലക്ഷം രൂപയുടെ പിഴയടയ്ക്കാതിരിക്കാനുള്ള കാരണംകാണിക്കൽ നോട്ടീസാണ് ലഭിച്ചിട്ടുള്ളത്.

(സി) ഇല്ല. കാരണംകാണിക്കൽ നോട്ടീസിന് തിരുവനന്തപുരം നഗരസഭ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് മറുപടി നൽകിയിട്ടുണ്ട്.

**തിരുവനന്തപുരം കോർപ്പറേഷനിലെ അമൃത് പദ്ധതി**

172 (5196) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത്, സ്മാർട്ട് പദ്ധതികൾക്കായി തിരുവനന്തപുരം കോർപ്പറേഷൻ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) ഈ സാമ്പത്തിക വർഷം ഇതിൽ എന്തെങ്കിലും തുക കുറവ് വരുത്തുവാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ സ്ഥാപനങ്ങൾക്കും റസിഡൻസ് അസോസിയേഷനുകൾക്കും മാലിന്യ സംസ്കരണത്തിന് സബ്സിഡി നൽകുന്നതിന് നഗരസഭ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അമൃത് പദ്ധതിക്ക് 71.50 കോടി രൂപയാണ് തിരുവനന്തപുരം നഗരസഭ വകയിരുത്തിയിരിക്കുന്നത്. സ്മാർട്ട് സിറ്റി പദ്ധതിയുടെ നഗരസഭാ വിഹിതം 135.70 കോടി രൂപയാണ്.

(ബി) ഇല്ല.

(സി) 31-12-2018-ലെ 3281/18/തസ്വഭവ നം. ഉത്തരവുപ്രകാരം ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഗാർഹികം/സ്ഥാപനം/കമ്മ്യൂണിറ്റി തലങ്ങളിൽ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകിവരുന്നു.

**തിരുവനന്തപുരം കോർപ്പറേഷൻ മാലിന്യസംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ**

173 (5197) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്വമാണെന്നിരിക്കെ തിരുവനന്തപുരം കോർപ്പറേഷൻ മാലിന്യ സംസ്കരണത്തിനായി എന്ത് തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയത്;

(ബി) നഗരങ്ങളിലെ ശുചിത്വത്തിന്റെ നിലവാരം അറിയുവാൻ നാനൂറ്റി ഇരുപത്തി അഞ്ച് നഗരങ്ങളിൽ കേന്ദ്ര സർക്കാർ നടത്തിയ സർവ്വേയിൽ തിരുവനന്തപുരം നഗരത്തിന്റെ സ്ഥാനം നിലവിലെത്രയാണ്;

(സി) വിളപ്പിൽശാലയിലെ പ്ലാന്റ് അടച്ചുപൂട്ടിയതോടുകൂടി വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണത്തിലും, സംസ്കരണത്തിലും തിരുവനന്തപുരം കോർപ്പറേഷൻ ഗുരുതരമായ അലംഭാവം കാണിച്ചതായി മലിനീകരണ നിയന്ത്രണ ബോർഡ് കോർപ്പറേഷന് നൽകിയ നോട്ടീസിൽ ചൂണ്ടികാണിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം നഗരത്തിൽ പ്രതിദിനം നൂറ്റി എൺപത്തി ഏഴ് ടൺ മാലിന്യം പൊതുനിരത്തിൽ തള്ളുന്ന അവസ്ഥ നിലനിൽക്കുന്നത് മൂലമുള്ള ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുവാൻ തിരുവനന്തപുരം കോർപ്പറേഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 50,61,20,000 രൂപ

(ബി) സ്വച്ഛ് സർവേഷൻ പ്രകാരം 363-ാം സ്ഥാനത്താണുള്ളത്.

(സി) അത്തരത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നോട്ടീസിൽ പരാമർശിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം നഗരത്തിൽ പൊതുനിരത്തുകളിൽ വലിയതോതിൽ മാലിന്യം തള്ളുന്ന അവസ്ഥ നിലവിലില്ല. വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റ് അടച്ചുപൂട്ടിയശേഷം തിരുവനന്തപുരം നഗരസഭ വികേന്ദ്രീകൃത മാലിന്യ പരിപാലന പരിപാടിയാണ് നടപ്പിലാക്കിവരുന്നത്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഗാർഹിക/സ്ഥാപന/കമ്മ്യൂണിറ്റി തലത്തിൽ ഒരുക്കി നൽകുകയും അതിന്റെ പരിപാലനത്തിനായി അംഗീകൃത സേവനദാതാക്കളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉറവിട മാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കാൻ കഴിയാത്ത വീടുകളിലെയും പൊതുസ്ഥലങ്ങളിലെയും മാലിന്യ പരിപാലനത്തിനായി പൊതു സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഉറവിട മാലിന്യ പരിപാലനത്തിനായി ആദ്യഘട്ടത്തിൽ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളാണ് നഗരസഭ സ്ഥാപിച്ചത്. ഏകദേശം 87000 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചുനൽകിയിട്ടുണ്ട്. തുടർന്ന് കൂടുതൽ കാര്യക്ഷമവും സൗകര്യപ്രദവുമായ കിച്ചൻ ബിന്നുകൾ ഈ ആവശ്യത്തിലേയ്ക്കായി ഉപയോഗിച്ചുതുടങ്ങി. കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തി കിച്ചൻബിന്നുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. 15833 ബയോ കമ്പോസ്റ്ററുകൾ നഗരത്തിലെ വിവിധ വാർഡുകളുമായി സ്ഥാപിച്ച് മാലിന്യപരിപാലനം നടത്തിവരുന്നു. 1847 പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ സബ്സിഡിയോടെ സ്ഥാപിച്ചുനൽകിയിട്ടുണ്ട്. ഫ്ലാറ്റുകളിലെ മാലിന്യ പരിപാലനത്തിനായി ബയോബിന്നുകൾ സബ്സിഡിയോടുകൂടി സ്ഥാപിച്ചു നൽകിയിട്ടുണ്ട്. 109 ഫ്ലാറ്റുകളാണ് ഇത്തരത്തിൽ ബയോബിന്നുകൾ സ്ഥാപിച്ചിട്ടുള്ളത്.

പൊതുസ്ഥലങ്ങളിലെ മാലിന്യ പരിപാലനത്തിനായി നഗരത്തിലെ 55 കേന്ദ്രങ്ങളിലായി 414 എയ്റോബിക് ബിൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം നഗരസഭ വികസിപ്പിച്ചെടുത്ത പോർട്ടബിൾ എയറോബിക് ബിന്നുകൾ 154 എണ്ണം വിവിധ സ്ഥലങ്ങളിൽ ആവശ്യാനുസരണം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. മാർക്കറ്റുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ 23 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും റസിഡൻഷ്യൽ കോളനികളിൽ 2 ഓർഗാനിക് വേസ്റ്റ് കൺവർട്ടർ (OWC) യൂണിറ്റുകളും മാലിന്യ പരിപാലനത്തിനായി സ്ഥാപിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ മാലിന്യം കൈകാര്യം ചെയ്യുന്നതിന് 21 സേവനദാതാക്കളെ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിലെ വീടുകളിലും സ്ഥാപനങ്ങളിലും നഗരത്തിൽ നടക്കുന്ന ചടങ്ങുകളിലും ആഘോഷങ്ങളിലും മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതോടൊപ്പം അതിലേയ്ക്കാവശ്യമായ ബോധവൽക്കരണ പരിപാടികളും നഗരസഭ സംഘടിപ്പിച്ചുവരുന്നു. തിരുവനന്തപുരം നഗരസഭ സ്ഥാപനങ്ങൾക്ക് ട്രേഡ് ലൈസൻസ് അനുവദിക്കുന്നതിനുള്ള മുൻ ഉപാധിയായി മാലിന്യപരിപാലനം സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിച്ചുകൊള്ളാമെന്ന കരാർ നിർബന്ധമാക്കിയിട്ടുണ്ട്.

2017 മാർച്ച് ഒന്നുമുതൽ തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ പ്ലാസ്റ്റിക് നോൺ വോവൺ പോളിപ്രൊപ്പലീൻ ക്യാരിബാഗുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തി കൗൺസിൽ തീരുമാനം കൈക്കൊണ്ടു. വൃത്തിയാക്കിയതും നനവില്ലാത്തതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ മുട്ടത്തറയിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിൽ എത്തിച്ച് ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നു. നിലവിൽ രണ്ട് ഷ്രെഡ്ഡിംഗ് മെഷീനുകളും ഒരു ബെയിലിംഗ് മെഷീനും മുട്ടത്തറയിലും മണക്കാട് റിസോഴ്സ് റിക്കവറി സെന്ററിൽ 2 ഷ്രെഡ്ഡിംഗ് യൂണിറ്റുകളും ഒരു ബെയിലിംഗ് യൂണിറ്റും പ്രവർത്തിക്കുന്നു. നഗരത്തിൽ നടക്കുന്ന ആഘോഷങ്ങളിലും ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ട്. നഗരത്തിൽ വന്നുപോകുന്ന ആൾക്കാർ വലിച്ചെറിയാൻ സാധ്യതയുള്ള കുപ്പി, പ്ലാസ്റ്റിക്, ചെരുപ്പ്, ബാഗ് ഉപയോഗശൂന്യമായ തുണി എന്നിവ സുരക്ഷിതമായി നിക്ഷേപിക്കുന്നതിനായി ഡ്രൈ വേസ്റ്റ് കളക്ഷൻ ഹബ്ബ് ആരംഭിക്കുകയും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുകയും ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ് അടയ്ക്കേണ്ടതായ കുടിശ്ശിക അടയ്ക്കുന്നതിന് നടപടി

174 (5198) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2013-ലെ സ.ഉ. (കൈ) നമ്പർ 469/2013/റവന്യൂവിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. അടയ്ക്കേണ്ടതായ കുടിശ്ശിക തുകയുടെ ഒൻപത് ശതമാനം പലിശ ഉൾപ്പെടെയുള്ള തുക നാളിതുവരെ അടയ്ക്കാത്തത് കാരണം എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ സ്ഥിതി ചെയ്യുന്ന രാമേശ്വരം കോളനിയിൽ പുനരധിവസിപ്പിച്ചിട്ടുള്ള 29 കുടുംബങ്ങൾക്ക് വർഷങ്ങളായി അവർ വീട് വച്ച് താമസിക്കുന്ന വസ്തുവിന് പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് നൽകാമെന്നേറ്റിരുന്ന പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ എൽ.എസ്.ജി.ഡി. നൽകേണ്ടതായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനായി അനുവദിച്ച തുക

175 (5199) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയ്ക്ക് കീഴിലുള്ള ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രം പദ്ധതിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി നിലമ്പൂർ നഗരസഭ 2018-19, 2019-20 വർഷങ്ങളിൽ നഗരസഭയുടെ വിഹിതം നൽകിയിട്ടുണ്ടോ; എത്ര രൂപയാണ് വിഹിതമായി നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; വിശദമാക്കാമോ;

(ബി) മികവിന്റെ കേന്ദ്രം മാസ്റ്റർ പ്ലാനിലെ ഏത് പ്രവൃത്തിക്കാണ് വിഹിതം അനുവദിച്ചിട്ടുള്ളത്; അനുവദിച്ചിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സർക്കാർ അക്രഡിറ്റഡ് ഏജൻസികളായ വാപ്കോസ്, കിറ്റ്കോ, കൈറ്റ് എന്നിവർക്ക് നേരിട്ട് ഫണ്ടുകൾ കൈമാറ്റം ചെയ്യുവാൻ നഗരസഭകൾക്കാകുമോ; ഇത്തരം ഏജൻസികൾക്ക് ഫണ്ടുകൾ കൈമാറ്റം ചെയ്യുന്ന രീതി വിശദമാക്കാമോ;

(ഡി) 2015-16 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്.-ൽ നിലമ്പൂർ നഗരസഭ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും കരാറുകാരുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ഇ) 2015-16 മുതൽ 2019-20 വരെയുള്ള വാർഷിക പദ്ധതികളിൽ ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്. -ന് വേണ്ടി ഫണ്ട് വകയിരുത്തിയിരുന്നോ; വകയിരുത്തിയ ഫണ്ട് പിന്നീട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 വർഷത്തിൽ നഗരസഭാ വിഹിതം നൽകിയിട്ടില്ല. 2019-20 വർഷത്തിൽ നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുക കൈമാറിയിട്ടില്ല.

(ബി) സർക്കാരിന്റെ മികവിന്റെ കേന്ദ്രം മാസ്റ്റർ പ്ലാനിലെ വിവിധ പദ്ധതികൾക്കായി വിഹിതം അനുവദിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അക്രെഡിറ്റഡ് ഏജൻസികൾക്ക് ഫണ്ടുകൾ കൈമാറ്റം ചെയ്യുവാൻ സാധിക്കുന്നതാണ്.

(ഡി) 2015-16 മുതൽ 2019-20 വരെ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും കരാറുകാരുടെ വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

(ഇ) ഫണ്ട് വകയിരുത്തിയിട്ടുള്ളതും വകമാറ്റി ചെലവഴിച്ചിട്ടില്ലാത്തതുമാണ്.

**വൈക്കം ബസ്ബേയുടെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച്**

176 (5200) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മുനിസിപ്പാലിറ്റിയിൽ എം എൽ എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ബസ്ബേയുടെ ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടത്തിയ ഏജൻസിക്ക് ബില്ല് മാറി പണം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷം ബില്ലുകൾ മാറി, നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിച്ച ഏജൻസികൾക്ക് പണം നൽകുന്നതിൽ വൈക്കം മുനിസിപ്പാലിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാണിക്കുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) കരാറുകാരായ ഏജൻസി (SILK) എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള ബിൽ തയ്യാറാക്കി സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസംമൂലമാണ് പേയ്മെന്റ് നൽകുവാൻ വൈകുന്നത്.

## പാലക്കാട് നഗരസഭയിലെ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടികൾ

177 (5201) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭയിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നഗരസഭയിൽ അപേക്ഷിക്കുന്നവർക്ക് പുതിയ ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ അനുസരിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിട നിർമ്മാണ അനുമതി ലഭിക്കാതെ നഗരസഭയിൽ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016-ന്റെ 36-ാം വകുപ്പിന്റെ 12-ാം ഉപവകുപ്പുപ്രകാരം അനുമതി ലഭിച്ച ഒരു മാസ്റ്റർ പ്ലാൻ നിലവിലുള്ളിടത്ത് അതിന്റെ വ്യവസ്ഥകൾ മാത്രമായിരിക്കും ബാധകമാകുന്നത്. കരട് പാലക്കാട് മാസ്റ്റർപ്ലാനിനു ഇതുവരെ സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ നിലവിലുള്ള അംഗീകൃത പാലക്കാട് മാസ്റ്റർപ്ലാനിന്റെ വ്യവസ്ഥകൾപ്രകാരം മാത്രമേ നിലവിൽ കെട്ടിട നിർമ്മാണ അനുമതി നൽകാൻ കഴിയുകയുള്ളൂ.

(ബി) ഇല്ല.

## വളാഞ്ചേരി നഗരസഭയ്ക്ക് പുതിയ കെട്ടിടം

178 (5202) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് പ്രൊപ്പോസൽ കിഫ്ബിയിലേയ്ക്ക് പോയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആയതിന്മേൽ കിഫ്ബി നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വളാഞ്ചേരി നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബിയിലേക്ക് അയച്ചിരുന്ന ഡി.പി.ആർ.-ൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ച് നഗരസഭയ്ക്ക് തിരികെ അയച്ചിരുന്നു. ഇപ്രകാരം മാറ്റങ്ങൾ വരുത്തുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിയ കൺസൾട്ടൻസിക്ക് നഗരസഭ ആയത് നൽകിയിട്ടുണ്ട്.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

179 (5203) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവർത്തികൾക്കും അനുവദിച്ച തുക എത്രയെന്നും, ഓരോ പ്രവർത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭൂമി**

180 (5204) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ എസ്.ഐ.ആർ.ഡി., ഇ.റ്റി.സി. എന്നീ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര എസ്.ഐ.ആർ.ഡി.-യുടെ അധീനതയിലുള്ള ഭൂമി അളന്നുതിട്ടപ്പെടുത്തിയിട്ടുണ്ട്. കൊട്ടാരക്കര ഇ.റ്റി.സി-യുടെ അധീനതയിലുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തുവാനുള്ള ചുമതല കൊട്ടാരക്കര തഹസീൽദാരെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം, ആവശ്യമായ രേഖകൾ സഹിതം, കൊട്ടാരക്കര തഹസിൽദാർക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ, എസ്.ഐ.ആർ.ഡി.-യുടെ അധീനതയിലുള്ള ഭൂമി അളന്ന് 7.6404 ഹെക്ടർ എന്ന് തിട്ടപ്പെടുത്തി രേഖാമൂലം ലഭ്യമാക്കിയിട്ടുണ്ട്. ഇ.റ്റി.സി-യുടെ ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

**പട്ടിമറ്റം, മഴുവന്നൂർ പഞ്ചായത്തുകൾ**

181 (5205) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനസംഖ്യാടിസ്ഥാനത്തിൽ കുന്നത്തുനാട്, മഴുവന്നൂർ പഞ്ചായത്തുകൾ വിഭജിച്ച് പട്ടിമറ്റം, മഴുവന്നൂർ കേന്ദ്രമാക്കി പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ചുവടെ പറയുന്ന കാരണങ്ങൾ പരിഗണിച്ച് സംസ്ഥാനത്ത് ഇപ്പോൾ പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്:

1. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് വലിയ സാമ്പത്തികബാധ്യത സർക്കാരിനുണ്ടാകും. അത്രയും ബാധ്യത സർക്കാരിന് ഇപ്പോൾ ഏറ്റെടുക്കാൻ കഴിയില്ല.

2. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിന് ഒരു വർഷംപോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്.

3. 2021-ലെ സെൻസസിന്റെ ആവശ്യത്തിലേക്ക് 31-12-2019-ന് ഭരണപ്രദേശങ്ങളുടെ അതിരുകൾ ഫ്രീസ് ചെയ്യുമെന്ന് സെൻസസ് വിഭാഗം അറിയിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന സമയത്തിനുള്ളിൽ പഞ്ചായത്ത് വിഭജനം പ്രായോഗികമല്ല.

## മരടിലെ വിവാദ ഫ്ലാറ്റുകൾ പൊളിക്കുന്നത് സംബന്ധിച്ച്

182 (5206) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിലെ വിവാദ ഫ്ലാറ്റുകൾ നിയന്ത്രിത സ്ഫോടനത്തിലൂടെ പൊളിക്കുന്നതിന് ഏതൊക്കെ കമ്പനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കമ്പനികളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഫ്ലാറ്റ് പൊളിക്കുന്നതിന് ആരുടെയെങ്കിലും വിദഗ്ദ്ധ ഉപദേശം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എഡിഫൈസ് എഞ്ചിനീയറിംഗ്, വിജയ് സ്റ്റീൽസ് എന്നീ കമ്പനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) 5-10-2019-ലെ സ.ഉ.(സാധാ)നമ്പർ 2193/2019/തസ്വഭവ, 9-10-2019-ലെ സ.ഉ.(സാധാ)നമ്പർ 2211/2019/തസ്വഭവ. എന്നിവ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി, മരട് ഫ്ലാറ്റുകൾ പൊളിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച കമ്പനികളുമായി ചർച്ച നടത്തിയും അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യം വിലയിരുത്തിയുമാണ് എഡിഫൈസ് എഞ്ചിനീയറിംഗ്, വിജയ് സ്റ്റീൽസ് എന്നീ കമ്പനികളെ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ഉണ്ട്. 9-10-2019-ലെ സ.ഉ.(സാധാ)നമ്പർ 2211/2019/തസ്വഭവ. പ്രകാരം കൺട്രോൾഡ് ഇംപ്ലോഷൻ വിദഗ്ദ്ധനായ Sri. Sharad B Sarwate-യുടെയും 5-10-2019-ലെ സ.ഉ.(സാധാ)നമ്പർ 2193/2019/തസ്വഭവ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടേയും വിദഗ്ദ്ധ ഉപദേശം അനുസരിച്ചാണ് ഫ്ലാറ്റ് പൊളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

**ആലത്തൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം**

183 (5207) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ മഹാപ്രളയത്തിൽ ഗതാഗത യോഗ്യമല്ലാതായ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകളുടെ പുനർനിർമ്മാണത്തിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. പുനർനിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

**ആലത്തൂർ മണ്ഡലത്തിലെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി**

184 (5208) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിലെ ബ്ലോക്ക് പഞ്ചായത്തുകളുൾപ്പെടെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ആലത്തൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെ ഈ സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| ഗ്രാമപഞ്ചായത്ത് (11-11-2019 വരെ) | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|
| കിഴക്കഞ്ചേരി | 576.79 | 285.22 | 49.45 |
| മേലാർകോട് | 358.06 | 142.46 | 39.79 |
| ആലത്തൂർ | 316.08 | 107 | 33.85 |
| കുഴൽമന്ദം | 402.45 | 117.78 | 29.27 |
| എരിമയൂർ | 487.26 | 142.12 | 29.17 |
| തേങ്കുറിശ്ശി | 480.06 | 135.28 | 28.18 |
| വണ്ടാഴി | 396.21 | 102.6 | 25.9 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആലത്തൂർ നിയോജക മണ്ഡലത്തിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ ഈ സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| ബ്ലോക്ക് പഞ്ചായത്ത് (11-11-2019 വരെ) | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|
| ആലത്തൂർ | 889.69 | 297.15 | 33.40 |
| നെന്മാറ | 921.78 | 332.04 | 36.02 |
| കുഴൽമന്ദം | 771.83 | 287.31 | 37.22 |

**കടമക്കുടി പഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ**

185 (T* 5209) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി പഞ്ചായത്തിൽ ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിവരുന്ന വിവിധ പാലം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂലമ്പിള്ളി - പിഴല പാലം:- പാലത്തിന്റെ ടാറിംഗ് പെയിന്റിംഗ് എന്നിവ ഒഴിച്ചുള്ള മുഴുവൻ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

മൂലമ്പിള്ളി - പിഴല പാലത്തിൽ നിന്ന് പിഴലയിലേക്കുള്ള കണക്റ്റിവിറ്റി പാലം:- ആകെ 7 സ്പാനുകളിൽ 5 സ്പാനിന്റെ ഡെക് സ്ലാബ് കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ചു.

വലിയ കടമക്കുടി ചാത്തനാട് പാലം:- ആകെയുള്ള 12 സ്പാനുകളിൽ 8 സ്പാനുകളുടെ ഡെക് സ്ലാബ് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വലിയ കടമക്കുടി ചാത്തനാട് പാലത്തിന്റെ 4 സ്പാനുകളുടെയും അപ്രോച്ച് റോഡിന്റെയും പണികൾ സ്ഥലലഭ്യത ഇല്ലാത്തതുകൊണ്ട് നിർത്തിവച്ചിരിക്കുകയാണ്. ജിഡയുടെ കീഴിൽ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

(സി) മൂലമ്പിള്ളി - പിഴല പാലം, മൂലമ്പിള്ളി - പിഴല പാലത്തിൽ നിന്ന് പിഴലയിലേക്കുള്ള കണക്റ്റിവിറ്റി പാലം എന്നിവ ഈ വർഷം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. വലിയ കടമക്കുടി -ചാത്തനാട് പാലത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പണികൾ പുനരാരംഭിക്കുന്നതിനും ആയത് പൂർത്തീകരിക്കുന്നതിനും കഴിയുന്നതാണ്.

## കാട്ടാക്കട മണ്ഡലത്തിലെ ജെൻഡർ റിസോഴ്സ് സെന്ററുകൾ

186 (5210) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് തലത്തിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കുന്നതിന്റെ ഘടനയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അവയുടെ പ്രവർത്തനം സംബന്ധിച്ചും ലക്ഷ്യങ്ങളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കാട്ടാക്കട നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജെൻഡർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ടോ; രൂപീകരിച്ചതും രൂപീകരിക്കാനുള്ളവയുടെയും പേരു വിവരം വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ദ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും അസിസ്റ്റന്റ് സെക്രട്ടറി കൺവീനറായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സി.ഡി.എസ് ചെയർപേഴ്സൺ, രണ്ട് വനിതാ മെമ്പർമാർ, സന്നദ്ധപ്രവർത്തകരായ വനിതകൾ, വിദഗ്ദ്ധർ അടക്കം 15 പേരുള്ള ടീമിനെയാണ് ജെൻഡർ റിസോഴ്സ് സെന്ററിന്റെ ആവശ്യത്തിനായി രൂപീകരിക്കുന്നത്.

(ബി) ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാ ഘടകപദ്ധതി യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക, തദ്ദേശഭരണ പ്രദേശത്തെ വിവിധ സ്ത്രീ ശാക്തീകരണ പ്രവർത്തന പരിപാടികൾക്ക് പിന്തുണ നൽകുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുക, ഭരണക്രമത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പരിപോഷിപ്പിക്കുകയും പ്രാപ്തി വർദ്ധിപ്പിക്കുകയും

ചെയ്യുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുക, അതിക്രമങ്ങൾക്ക് വിധേയരാക്കപ്പെട്ടവർക്ക് എല്ലാ പിന്തുണയും നൽകുക എന്നിവയാണ് ജെൻഡർ റിസോഴ്സ് സെന്ററിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, പള്ളിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജെൻഡർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്.

## അമ്പലമുകൾ അമൃതകുടീരം കോളനിയിലെ നൂറ്റി ഇരുപത്തി നാല് കുടുംബങ്ങൾക്ക് ഭവനം

187 (5211) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലമുകൾ അമൃതകുടീരം കോളനിയിലെ നൂറ്റി ഇരുപത്തിനാല് കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലും കേന്ദ്രാവിഷ്കൃതപദ്ധതിയായ പി.എം.എ.വൈ. ഗ്രാമീൺ പദ്ധതിയിലും ഉൾപ്പെടുത്തി ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഫണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ;

(ബി) പദ്ധതി നിർവ്വഹണവും പദ്ധതി വിഹിതവും എത്രയെന്ന് വിശദമാക്കാമോ;

(സി) ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ 'അമൃതകുടീരം' കോളനിയിലെ അർഹരായ എല്ലാ ഗുണഭോക്താക്കളെയും പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

## അണ്ടൂർക്കോണം സ്വദേശി ഷജില നൽകിയ പരാതി

188 (5212) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആണ്ടൂർക്കോണം പഞ്ചായത്ത് സെക്രട്ടറിക്ക് 2019 മേയ് 8-ാം തീയതി ഷജില എന്നയാൾ നൽകിയ പരാതിയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പരാതിയുടെയും ആയതുമായി ബന്ധപ്പെട്ട് അയച്ച റിപ്പോർട്ടുകളുടെയും വിശദാംശങ്ങളും കോപ്പിയും ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രീമതി ഷജില എന്നയാൾ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ 15-5-2019-ൽ നൽകിയ പരാതി പരിഹരിക്കുന്നതിനായി ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നേതൃത്വത്തിൽ ഇരുകക്ഷികളുടേയും ഹിയറിംഗ് നടത്തുകയും പ്രസ്തുത ഹിയറിംഗിൽ അതിർത്തി നിർണ്ണയിക്കാൻ സർവ്വേ ഓഫീസിൽ പണം ഒടുക്കിയിട്ടുണ്ടെന്നും പരാതിയിൽ പരാമർശിക്കുന്ന വസ്തുവിലെ അതിർത്തി നിർണ്ണയിക്കുന്ന മുറയ്ക്ക് എതിർകക്ഷി പുരയിടത്തിലെ കുഴികൾ നികത്തി മതിൽകെട്ടി വസ്തുക്കൾ വേർതിരിക്കുന്നതിനും ഇരുകൂട്ടരും സമ്മതിച്ചിട്ടുമുണ്ട്.

(ബി) പരാതിയും റിപ്പോർട്ടും അനുബന്ധമായി* ചേർക്കുന്നു.

**മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം**

189 (5213) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ഉത്തരം

(എ) മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള വടക്കാങ്ങര വില്ലേജിലെ 20 സെന്റ് ഭൂമി റവന്യൂ വകുപ്പിന്റെ അനുമതിയോടുകൂടി വിലയ്ക്കുവാങ്ങി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി പെരിന്തൽമണ്ണ തഹസിൽദാറുടെ (ഭൂരേഖ) കത്തിനോടൊപ്പം മലപ്പുറം ജില്ലാ സർവ്വേ സൂപ്രണ്ട് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും 7-11-2019-ന് 11/5B.9 എന്ന നമ്പർ സബ് ഡിവിഷൻ റെക്കോർഡുകൾക്ക് അംഗീകാരം നൽകി റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് പെരിന്തൽമണ്ണ തഹസിൽദാർക്ക് ജില്ലാ സർവ്വേ സൂപ്രണ്ട് അപേക്ഷിച്ചിട്ടുണ്ട്. ആയതുപ്രകാരം തഹസിൽദാർ വില്ലേജ് രേഖകളിൽ മാറ്റം വരുത്തുന്ന മുറയ്ക്ക് സ്ഥലവില അടവാക്കി പഞ്ചായത്ത് സ്ഥലം റവന്യൂ വകുപ്പിൽ നിന്നും ഏറ്റെടുക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പഞ്ചായത്ത് ഭരണസമിതിയുടെ 24-10-2019-ലെ 1(6) നമ്പർ തീരുമാനപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര എന്ന സ്ഥാപനത്തെ കെട്ടിട നിർമ്മാണത്തിനും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

**കൊച്ചി നഗരസഭ നൽകേണ്ട വിവരങ്ങൾ**

190 (5214) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പ് ബസ്സ്റ്റാൻഡും മിനി സിവിൽസ്റ്റേഷനും നിർമ്മിക്കുന്നതിനായി 12-2-2019-ൽ മന്ത്രി വിളിച്ച ചേർത്ത യോഗ തീരുമാനപ്രകാരം RCI/23/2019 ഫയലിൽ നെൽവയൽ നികത്തിയത് സാധൂകരിക്കുന്ന കാര്യത്തിൽ വേണ്ട റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട വിശദവിവരങ്ങളും കൊച്ചി നഗരസഭ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം വിശദമാക്കാമോ;

(സി) ഇവ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭ്യമാക്കിയിട്ടുണ്ട്.

(ബി &സി) ബാധകമല്ല.

**മണലൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ**

191 (5215) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിനായി നിർദ്ദേശിച്ചതും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ നിർവ്വഹിക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിശദവിവരം അനുബന്ധം* ആയി ചേർക്കുന്നു.

**കക്കാട് മിനി സ്റ്റേഡിയം നിർമ്മാണം**

192 (5216) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-10-2018-ന്,കക്കാട് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭൂമി കൈമാറിയ അപേക്ഷയുടെ കോപ്പി ഒപ്പിട്ട് റവന്യൂ വകുപ്പിന് നൽകുന്നതിനായി കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് എം.എൽ.എ. നൽകിയ 25/KM2018(1) നമ്പർ കത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് പറയാമോ ;ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട എം.എൽ.എ-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിഷയം കോർപ്പറേഷൻ കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും കൗൺസിലിന്റെ 30-1-2019-ലെ 14-ാം നമ്പർ തീരുമാനപ്രകാരം ഭൂമി കോർപ്പറേഷനിൽ നിക്ഷിപ്തമാകയാൽ ടൗൺ സർവ്വേയർ പുഴ പുറമ്പോക്കാണെന്ന് റിപ്പോർട്ട് ചെയ്ത റീസർവ്വേ നമ്പർ 199-ൽപ്പെട്ട ഭൂമിയിൽ കക്കാട് മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് PWD ബിൽഡിംഗ്സ് വിഭാഗത്തിന് അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 6-4-2019-ന് കൗൺസിൽ തീരുമാനത്തിന്റെ പകർപ്പും പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അറിയിപ്പും PWD ബിൽഡിംഗ് വിഭാഗത്തിന് നൽകിയിട്ടുണ്ടെന്ന് കണ്ണൂർ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ബി) അപേക്ഷ റവന്യൂ വകുപ്പിന് കൈമാറിയിട്ടില്ല.

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എറണാകുളം ജില്ലയിലെ മാലിന്യനിക്ഷേപം തടയുന്നതിന് നടപടി

193 (5217) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പല ഭാഗങ്ങളിലും അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്രപേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) അനധികൃത മാലിന്യനിക്ഷേപം തടയുന്നതിന് എറണാകുളം ജില്ലയിൽ ഉൾപ്പെട്ട നഗരസഭകളും ഗ്രാമപഞ്ചായത്തുകളും നടപടികൾ സ്വീകരിക്കുന്നുണ്ട്. ആരോഗ്യപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്രാമസഭകളിലും റസിഡൻസ് അസോസിയേഷനുകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന മുഖാന്തരം ശേഖരിച്ച് സംഭരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കമ്പോസ്റ്റ് പിറ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് ബോർഡുകൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കാൻ കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരോഗ്യ വിഭാഗവുമായി സഹകരിച്ച് വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നും ഫൈൻ ഈടാക്കുന്നുണ്ട്. ഹെൽത്ത് സ്ക്വാഡുകൾ രൂപീകരിച്ച് നിരീക്ഷണം നടത്തുന്നുണ്ട്. പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളെ അറിയിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ അനധികൃതമായി മാലിന്യ നിക്ഷേപം നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

കൊച്ചി നഗരസഭ - മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തിയതിനെ തുടർന്ന് 3,67,020 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. 44,000 രൂപ പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

ആലുവ നഗരസഭ - അനധികൃതമായി മാലിന്യം നിക്ഷേപിച്ച 30 പേർക്ക് നോട്ടീസ് നൽകുകയും 87020 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

കോതമംഗലം നഗരസഭ - 8 പേരിൽ നിന്നും 3,260 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്.

മൂവാറ്റുപുഴ നഗരസഭ - 34 പേരിൽ നിന്നും 30,100 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്.

പെരുമ്പാവൂർ നഗരസഭ - ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മരട് നഗരസഭ - 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,51,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

അങ്കമാലി നഗരസഭ - പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി കണ്ടെത്തിയ 2 പേർക്കെതിരെ പിഴ ചുമത്തി നോട്ടീസ് നൽകിയിട്ടുണ്ട്.

ഏലൂർ നഗരസഭ - ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തൃക്കാക്കര നഗരസഭ - ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കളമശ്ശേരി നഗരസഭ - 43 പേർക്കെതിരെ പിഴ ചുമത്തിയിട്ടുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

നോർത്ത് പറവൂർ നഗരസഭ - 2019 വർഷത്തിൽ 26 പേരിൽ നിന്ന് 57180 രൂപ അനധികൃതമായി മാലിന്യം നിക്ഷേപിച്ചതിൽ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

പിറവം നഗരസഭ – മാലിന്യം നിക്ഷേപിച്ച ഇരുപത്തിയഞ്ച് പേർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 8,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

തൃപ്പൂണിത്തുറ നഗരസഭ - മാലിന്യം വലിച്ചെറിഞ്ഞവരിൽ നിന്നും നാളിതുവരെ 1,86,000 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

ചൂർണിക്കര ഗ്രാമപഞ്ചായത്ത് - രണ്ടുപേർക്കെതിരെ 4,000 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്.

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് - റോഡരികിൽ മാലിന്യം നിക്ഷേപിച്ചതിന് ഒരാളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

കാലടി ഗ്രാമപഞ്ചായത്ത് - മൂന്ന് പേർക്കെതിരെ 7,000 രൂപ പിഴ ചുമത്തിയിട്ടുണ്ട്.

കൂവപ്പടി ഗ്രാമപഞ്ചായത്ത് - നിലവിൽ രണ്ടുപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് - നിലവിൽ മൂന്നുപേരിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

മുളവുകാട് ഗ്രാമപഞ്ചായത്ത് - ഒരാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. 500 രൂപ ഈടാക്കിയിട്ടുണ്ട്.

നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് - ഒരു കേസ് രജിസ്റ്റർ ചെയ്തു നടപടി തുടർന്നുവരുന്നു.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - ഒരാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കക്കൂസ് മാലിന്യം പാടത്തേയ്ക്ക് ഒഴുക്കിയതിനെ തുടർന്ന് അന്യസംസ്ഥാനക്കാർക്ക് വാടകയ്ക്ക് നൽകിയിരുന്ന കെട്ടിടം സീൽ ചെയ്തു.

പാമ്പാക്കുട ഗ്രാമപഞ്ചായത്ത് - ഒരാൾക്കെതിരെ രണ്ട് കേസിൽ 10,000 രൂപ 20000 രൂപ വീതം പിഴ ഈടാക്കി.

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് - രണ്ടുപേരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് - മാലിന്യം കത്തിച്ചവരിൽ നിന്നും 5,000 രൂപ പിഴ ഈടാക്കി.

കുന്നുകര ഗ്രാമപഞ്ചായത്ത് - മൂന്നുപേരിൽ നിന്നും 3000 രൂപ പിഴ ഈടാക്കി.

## വൈപ്പിൻ മണ്ഡലത്തിലെ തെരുവുനായ ശല്യം

194 (T*5218) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവുനായ ശല്യം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ വിവിധ ഗ്രാമപ്പഞ്ചായത്തുകളിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തെരുവുനായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയെന്ന് വിശദമാക്കാമോ;

(ഡി) തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ചുമതല ഏത് ഉദ്യോഗസ്ഥനാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം, മുളവുകാട്, ഞാറയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ ആക്രമണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിനായി, മൃഗസംരക്ഷണവകുപ്പും കുടുംബശ്രീ മിഷനും ചേർന്ന് തെരുവുനായ വന്ധ്യംകരണം (ABC Programme) നടത്തിവരുന്നുണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ എടവനക്കാട് ഗ്രാമപഞ്ചായത്ത് Rs.1,03,000, കടമക്കുടി ഗ്രാമപഞ്ചായത്ത് Rs.1,05,000, നായരമ്പലം ഗ്രാമപഞ്ചായത്ത് Rs.21,000, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് Rs.1,47,000 എന്നിങ്ങനെ എബിസി പദ്ധതിക്കുവേണ്ടി 2019-20-ൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കടമക്കുടി ഗ്രാമപഞ്ചായത്ത് - 52, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് -84, എടവനക്കാട് ഗ്രാമപഞ്ചായത്ത് - 24, നായരമ്പലം ഗ്രാമപഞ്ചായത്ത്- 100, കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് -100 എന്നിങ്ങനെ മൊത്തം 360 തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റിന് ചുമതല നൽകിയിട്ടുണ്ട്.

---

* T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഷൊർണ്ണൂർ മണ്ഡലത്തിലെ റോഡുകൾക്ക് പി.എം.ജി.എസ്.വൈ.-ഫണ്ട്

195 (5219) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് പി.എം.ജി. എസ്.വൈ.-ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കപ്പെട്ട റോഡുകളുടെ പേര്, അടങ്കൽ തുക, പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. ഫണ്ട് വിനിയോഗിച്ചുള്ള റോഡുനിർമ്മാണം നടന്നിട്ടില്ല. പി.എം.ജി.എസ്.വൈ. ഫണ്ടിൽ നിർമ്മാണം പൂർത്തീകരിച്ച് 5 വർഷ മെയിന്റനൻസ് പൂർത്തീകരിച്ച ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ ഉത-കുളപ്പട റോഡിൽ (3.90) കി.മീ. സംസ്ഥാന വിഹിതം ഉപയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

## ഉള്ളിയേരിയിലെ പ്രകൃതി സൗഹൃദ മാതൃകാ ശ്മശാനം

196 (5220) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃക പദ്ധതിയായ ഉള്ളിയേരി പാലോറ കാരക്കാട് കുന്നിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രകൃതി സൗഹൃദ മാതൃക ശ്മശാനത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്മശാനം നിർമ്മിക്കുന്ന സ്ഥലം കട്ട് ചെയ്ത് മാറ്റുന്ന പ്രവൃത്തി കഴിഞ്ഞു. ശ്മശാനത്തിന്റെ ഫൗണ്ടേഷന്റെ പ്രവൃത്തി നടന്നുവരുന്നു. ശ്മശാനത്തിലേക്കുള്ള റോഡിന്റെ പ്രവൃത്തി 50% കഴിഞ്ഞിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിന്റെ പ്രവൃത്തി 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

**പുത്തൻകുരിശ് വികലാംഗ സഹകരണസംഘം ഓഫീസ്**

197 (5221) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ആവശ്യമാണോ എന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പുത്തൻകുരിശ് വികലാംഗ സഹകരണസംഘം ഓഫീസിന് പത്ത് സെന്റ് സ്ഥലം ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് അധികൃതർ എൻ.ഒ.സി. നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ആവശ്യമില്ല. എന്നാൽ റവന്യൂ രേഖകളിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതുമായ പുഴ പുറമ്പോക്ക്, തോട് പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവയിൽപ്പെട്ട ഭൂമി പതിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ആവശ്യമാണ്.

(ബി) പുത്തൻകുരിശ് വികലാംഗ സഹകരണസംഘം ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലം തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് 13-7-2018-ലെ 8(1) നമ്പർ തീരുമാന പ്രകാരം വിട്ടുനൽകുന്നതിന് പഞ്ചായത്തിന് തടസ്സമില്ലെന്ന വിവരം കുന്നത്തുനാട് തഹസിൽദാരെ അറിയിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു).

**പഞ്ചായത്ത് ജനപ്രതിനിധികളുടെ ഓണറേറിയം**

198 (5222) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് മെമ്പർമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ്/പ്രസിഡന്റുമാർ എന്നിവരുടെ നിലവിലെ ഓണറേറിയം എത്രയാണ്;

(ബി) ഇത് അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ്; ഓണറേറിയം പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) <u>ഗ്രാമപഞ്ചായത്ത്</u>

പ്രസിഡന്റ് - 13200

വൈസ് പ്രസിഡന്റ്- 10600

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - 8200

അംഗങ്ങൾ - 7000

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം 1-7-2016 മുതൽ മുൻകാല പ്രാബല്യത്തോടെ 10-8-2016-ലെ G.O.(P)No.30/2016/LSGD നമ്പർ പ്രകാരമാണ് അവസാനമായി വർദ്ധിപ്പിച്ചത്. ഓണറേറിയം പുതുക്കി നിശ്ചയിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി**

199 (5223) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിനുവേണ്ടി ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാക്കിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്മാർട്ട് സിറ്റി പദ്ധതിക്ക് കേന്ദ്രവിഹിതമായി ഇതുവരെ എത്ര തുകയാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്മാർട്ട് സിറ്റി പദ്ധതിക്കായി തിരുവനന്തപുരം കോർപ്പറേഷന്റെ വിഹിതമായി എത്ര കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരണം.

| ക്രമ നമ്പർ | വിശദവിവരങ്ങൾ | ആകെ പ്രോജക്ടുകൾ | തുക |
|---|---|---|---|
| 1 | ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ | 24 | 512.11 കോടി |
| 2 | അതിൽ സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടുകൾ | 17 | 92.06 കോടി |
| 3 | അതിൽ ടെണ്ടർ ചെയ്ത പ്രോജക്ടുകൾ | 10 | 30.95 കോടി |
| 4 | അതിൽ വർക്ക് അവാർഡ് ചെയ്ത പ്രോജക്ടുകൾ | 7 | 5.94 കോടി |

പൂർത്തിയാക്കിയ പദ്ധതികൾ

| വർക്ക് പൂർത്തിയാക്കിയ പ്രോജക്ടുകൾ | തുക |
|---|---|
| ലിങ്കിഡ് ഗ്രീൻ ആക്ടിവിറ്റീസ് സോൺ & പെഡ്സ്ട്രിയൽ സ്ട്രീറ്റ്സ്, (ഗാന്ധി പാർക്ക് & ശ്രീകണ്ഠേശ്വരം പാർക്ക്, ശ്രീ. ചിത്തിര തിരുനാൾ പാർക്ക്, ഓപ്പൺ ജിം) ഫേസ്-1 | 0.31 കോടി |

(ബി) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്ക് ഇതുവരെ ലഭിച്ച കേന്ദ്ര വിഹിതം

| ക്രമ നമ്പർ | വിശദ വിവരം | കേന്ദ്ര വിഹിതം ലഭിച്ചത് |
|---|---|---|
| 1 | പ്രോജക്ട് ഫണ്ട് | 186 കോടി |
| 2 | ഭരണ വിനിയോഗ ഫണ്ട് | 8 കോടി |
| ആകെ | | 194 കോടി |

(സി) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്കായി തിരുവനന്തപുരം കോർപ്പറേഷന്റെ വിഹിതം

| ക്രമ നമ്പർ | വിശദ വിവരം | വിഹിതം |
|---|---|---|
| 1 | പ്രോജക്ട് ഫണ്ട് | 135.7 കോടി |
| ആകെ | | 135.7 കോടി |

## നാഷണൽ അർബൻ റിന്യൂവൽ മിഷൻ

200 (5224) ശ്രീ. സജി ചെറിയാൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകിക്കൊണ്ട് നാഷണൽ അർബൻ റിന്യൂവൽ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കിവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് വഹിക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന വിഹിതം എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) പദ്ധതിക്കായി സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും കേന്ദ്രസർക്കാർ വിഹിതമായി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകിക്കൊണ്ട് നാഷണൽ അർബൻ റിന്യൂവൽ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നില്ല.

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ഓംബുഡ്സ്മാൻ നിയമനം

201 (5225) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് ഓംബുഡ്സ്മാനെ നിയമിക്കുന്നതിന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ ഓംബുഡ്സ്മാൻ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ പ്രവർത്തിക്കുന്നില്ല. ഓംബുഡ്സ്മാൻമാരെ നിയമിക്കുന്നതിന് 18-9-2019-ന് വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിക്കുകയും നിയമനവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ നിഷ്ക്രിയാസ്തി

202 (5226) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. പദ്ധതി അക്കൗണ്ടിൽ 1,57,23,261 രൂപ നിഷ്ക്രിയാസ്തിയായി കിടക്കുന്ന കാര്യം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) 2018 -ലെ പ്രളയത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 2013 മുതൽ 2017 വരെയുള്ള ഗുണഭോക്തൃ വിഹിതം കുറച്ചാൽ വരുന്ന 67,11,434 രൂപ ഉപയോഗിക്കുവാനുള്ള അനുവാദത്തിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ. പദ്ധതിക്കനുവദിച്ച തുകയിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ കിടക്കുന്ന 64,15,934 രൂപയിൽ ത്രിതല പഞ്ചായത്ത് നൽകിയ വിഹിതവും കൂടാതെ പലിശ ഇനത്തിൽ അവശേഷിക്കുന്ന തുകയായ 40,49,134 രൂപയും ടി ബ്ലോക്ക് പരിധിയിലെ ഒ.എൽ.എച്ച്. കോളനികളിലെ നിലവിലുള്ള ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിനുവേണ്ടി വിനിയോഗിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

(ബി & സി) അർഹതയുള്ളവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഗ്രാമവികസന കമ്മീഷണറേറ്റ് സ്വീകരിച്ചുവരികയാണ്.

## ഉപഗ്രഹ നഗരം

203 (T*5227) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി 400 ചതുരശ്ര കി. മീറ്റർ വിസ്തൃതിയുള്ള ഉപഗ്രഹ നഗരം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

---

* T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത ഉപഗ്രഹ നഗരത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെൻഡർ നടപടി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) അതിന്റെ ഭാഗമായി 80 കി. മീറ്റർ ദൈർഘ്യമുള്ള ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് അതോറിറ്റിക്കാണ് അതിന്റെ നിർമ്മാണച്ചുമതലയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉപഗ്രഹ നഗരത്തിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; അതിനുള്ള പണം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പ്ലാനിംഗ് കൺസൾട്ടന്റിനെ തീരുമാനിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ പുറപ്പെടുവിച്ച പ്രകാരം ലഭിച്ച 6 ബിഡുകൾ വിശദമായി പരിശോധിച്ചുവരുന്നു.

(സി) വിഴിഞ്ഞം ബൈപ്പാസ് മുതൽ പാരിപ്പള്ളി വരെ ഉദ്ദേശം 80 കി.മീ. നീളത്തിൽ ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് പൊതുമരാമത്ത് വകുപ്പ് തത്വത്തിലുള്ള അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-ക്കാണ് അതിന്റെ നിർമ്മാണച്ചുമതല.

(ഡി) പദ്ധതിയുടെ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. പദ്ധതി ചെലവ് കണക്കാക്കിയിട്ടില്ല.

**അറബി, ഉറുദു ഭാഷകളുടെ പഠനവും ഗവേഷണവും**

204 (5228) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായമായ മുസ്ലീംകൾ കൂടുതലായി ഉപയോഗിക്കുന്ന ഭാഷകൾ എന്ന നിലയിൽ അറബി, ഉറുദു ഭാഷകളുടെ പഠനവും ഗവേഷണവും സ്കൂൾ-കോളേജ് തലത്തിലും പൊതുമണ്ഡലത്തിലും പ്രോത്സാഹിപ്പിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമവകുപ്പ് വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ബി) ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി.-ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ക്യാഷ് അവാർഡ് നൽകുന്നുണ്ടോ;

(സി) ഇത്തരത്തിൽ അറബി ഒന്നാം ഭാഷയായി പഠിച്ച എസ്.എസ്.എൽ.സി.- ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) അറബി, ഉറുദു ഭാഷകളുടെ പഠനവും ഗവേഷണവും സ്കൂൾ, കോളേജുതലത്തിലും പൊതുമണ്ഡലത്തിലും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചുവരുന്നില്ല. ആയതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ഉറുദുഭാഷ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി., +2 എന്നിവയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന വിദ്യാർത്ഥികൾക്ക് 1,000 രൂപ ക്യാഷ് അവാർഡ് നൽകുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ ഡിഗ്രി

205 (5229) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ബിരുദ പഠനത്തിനായി നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ, വിദൂര വിദ്യാഭ്യാസ പദ്ധതി എന്നിവ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുമൂലം റെഗുലർ കോളേജ് വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് തന്നെ പ്രൈവറ്റ് രജിസ്ട്രേഷൻകാർക്കും ലഭിക്കുന്നത് ഇല്ലാതാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പാരലൽ കോളേജുകളുടെയും പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ ഡിഗ്രി നേടാനാഗ്രഹിക്കുന്നവരുടെയും താൽപര്യം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ബി. എഡ്. കോഴ്സുകൾക്ക് പൊതുപ്രവേശന പരീക്ഷ**

206 (5230) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.എഡ്. കോഴ്സുകൾക്ക് പൊതുപ്രവേശന പരീക്ഷ നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഏത് അധ്യയന വർഷം മുതലാണ് പൊതുപ്രവേശന പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നത്; ഓരോ സർവ്വകലാശാലയും പ്രത്യേകമായാണോ പരീക്ഷ നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ;

(സി) ഈ പൊതു പ്രവേശന പരീക്ഷയ്ക്ക് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ ;

(ഡി) ഈ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; പ്രവേശന പരീക്ഷയുടെ മാർക്കും ഡിഗ്രി പരിക്ഷയുടെ മാർക്കും കൂട്ടിച്ചേർത്താണോ പ്രവേശനം നേടുവാനുള്ള മാർക്ക് നിർണ്ണയിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ബി.എഡ്. കോഴ്സ് ബിരുദ പഠനത്തിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ -ഡി) ഇല്ല.

(ഇ) ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**'ലേൺ ആന്റ് ഏൺ' പദ്ധതി**

207 (5231) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനവും നേടുന്നതിന് ലേൺ ആന്റ് ഏൺ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ & ബി) എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനവും നേടുന്നതിന് 'ലേൺ ആന്റ് ഏൺ പദ്ധതി' നടപ്പാക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചുവരുന്നു. ഇതിലുൾപ്പെടുത്തി പ്രൊഡക്ഷൻ & ട്രെയിനിംഗ് (PAT) സെന്ററുകൾ കോഴിക്കോട് സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജ് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു. തിരൂരങ്ങാടി സർക്കാർ പോളിടെക്നിക് കോളേജിലും തൃശ്ശൂർ MTI-ലും PAT സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉൽപ്പാദനപ്രക്രിയയോടൊപ്പം ഇതിൽ ഭാഗമാകുന്ന വിദ്യാർത്ഥികൾക്ക് ഒരു ചെറിയ വരുമാനം ലഭിക്കുന്ന രീതിയിലാണ് PAT സെന്റർ പ്രവർത്തിക്കുന്നത്. വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും കൺസൾട്ടൻസി/സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് മേഖലകളിലായി 'ലേൺ ആന്റ് ഏൺ പദ്ധതി' നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## കലാലയ രാഷ്ട്രീയം നിയമ വിധേയമാക്കുന്ന നടപടി

208 (5232) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാലയ രാഷ്ട്രീയം ഹൈക്കോടതി വിലക്കിയിട്ടുണ്ടോ; എങ്കിൽ അത് നിയമവിധേയമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഏത് സാഹചര്യത്തിലാണ് പ്രസ്തുത തീരുമാനം എടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടന്ന കുത്തുകേസ് ഇത്തരം ഒരു തീരുമാനം എടുക്കുന്നതിന് കാരണമായിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഈ തീരുമാനം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരത്തെയും അച്ചടക്കത്തെയും പ്രതികൂലമായി ബാധിക്കുമെന്ന പൊതുസമൂഹത്തിന്റെ ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച ബിൽ എന്നത്തേയ്ക്ക് നിയമമാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ദേശീയ വിദ്യാഭ്യാസ കരട് നയം

209 (5233) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ കരട് നയത്തിലെ ശിപാർശകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ശിപാർശകളിൽ ഏതെങ്കിലും ശിപാർശകളോട് സംസ്ഥാന സർക്കാർ എതിർ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകി നിലവിലുള്ള എം.ഫിൽ കോഴ്സ് നിർത്തലാക്കുവാനുള്ള ദേശീയ വിദ്യാഭ്യാസ കരട് ശിപാർശ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കും;

(ഡി) ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം 12-ാം ക്ലാസ്സിലെ മാർക്കിന് പകരം പൂർണ്ണമായും ദേശീയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ആക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണോ;

(ഇ) ഈ നടപടി വിദ്യാർത്ഥികൾ നിലവിൽ അനുഭവിക്കുന്ന സമ്മർദ്ദം കുറയ്ക്കുന്നതിന് സഹായകമാകും എന്ന് വിലയിരുത്തുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിയെ നിലവിൽ ബാധിക്കുന്ന വെല്ലുവിളികൾ നേരിടാൻ അപര്യാപ്തമാണെന്ന് അറിയിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജ് സമ്പ്രദായം നിർത്തലാക്കുന്നതുമൂലം ഗ്രാമ-വിദൂര പ്രദേശങ്ങളിലെ സാധാരണക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുമെന്നറിയിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം ഫെഡറൽ തത്ത്വങ്ങളുടെ ലംഘനമാണെന്നും ഉന്നത വിദ്യാഭ്യാസരംഗത്ത് കേന്ദ്ര സർക്കാരിന്റെ അധികാരം ഊട്ടിയുറപ്പിക്കുന്നതാണെന്നും ഇത് തുല്യത, സാമൂഹ്യനീതി എന്നിവ ഇല്ലാതാക്കുമെന്നും അക്കാദമിക രംഗത്ത് കർക്കശ നിയന്ത്രണങ്ങൾക്ക് ഇടയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ഒരേ തരം നിയന്ത്രണ

സംവിധാനം കൊണ്ടുവരുന്നതിൽ എതിർപ്പറിയിച്ചിട്ടുണ്ട്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് പ്രസ്തുത നയത്തിൽ പ്രത്യേക പരിഗണന നൽകാത്തത് സംബന്ധിച്ചും ലിബറൽ ആർട്സ് സമീപനവും നാലുവർഷത്തെ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ ഘടന സംബന്ധിച്ചും സ്വയംഭരണ പദവിയുള്ള സ്ഥാപനങ്ങൾ അനിയന്ത്രിതമായി അനുവദിച്ച് നൽകുന്നത് സംബന്ധിച്ചും സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചിട്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) നിലവിൽ പരിശോധിച്ചിട്ടില്ല.

(ഡി & ഇ) കരട് വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്നത് രാജ്യത്തെ വിവിധ സർവ്വകലാശാലകൾ നടത്തിവരുന്ന പ്രവേശന പരീക്ഷകൾക്ക് പകരം പൊതു പ്രവേശനാ പരീക്ഷാ രീതിയാണ്. പ്രസ്തുത സമ്പ്രദായം വിദ്യാർത്ഥികളുടെ യുക്തിയും, സംവേദന മികവും നൈപുണ്യവും മാറ്റുരയ്ക്കുന്ന പരീക്ഷകളെ അവഗണിച്ച് അപകടകരമായ കോച്ചിംഗ് സംസ്കാരവും വിരുദ്ധ വിജ്ഞാനവും ജനിപ്പിക്കുന്നതിന് കാരണമാകാം. രാജ്യത്തെ 900-ൽപ്പരം സർവ്വകലാശാലകളിലും ഏകദേശം 40,000-ത്തോളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു പൊതു പ്രവേശന പരീക്ഷ നടത്തി ബിരുദ പ്രവശേനം നടത്തുക എന്നത് അത്യധികം ദുഷ്കരവും അപ്രായോഗികവുമാണ്. കരട് വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്നത് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) ബിരുദ തലത്തിലെ പ്രവേശനത്തിനായി ഒരു പരീക്ഷ നടത്തണമെന്നതാണ്. വിവിധ സർവ്വകലാശാലകൾ വിവിധ പ്രവേശന രീതി അവലംബിക്കുന്നത് വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കും ബാധ്യതയും ബുദ്ധിമുട്ടുമുണ്ടാക്കും. അതിനാൽ ഇത്തരമൊരു പൊതുപരീക്ഷയുള്ള ഒരു പ്രയോജനമായി കാണുന്നത് വൈവിധ്യമുള്ള വിഷയങ്ങൾ പ്രതിപാദിക്കുന്ന കോഴ്സുകളിൽ പ്രവേശനം നേടാനും പഠിക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുമെന്നതാണ്. അങ്ങനെ IIT, IIM, IISER, IISC തുടങ്ങി പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുപുറമേ മറ്റ് പ്രധാനപ്പെട്ട സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുമെന്നാണ് നയം മുന്നോട്ടുവയ്ക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നാഷണൽ ടെസ്റ്റിംഗ് ഏജൻസിമുഖേന പൊതുപ്രവേശന സമ്പ്രദായം ബിരുദതലത്തിൽ ഏർപ്പെടുത്തിയാൽ അത് ഏറ്റവുമധികം തിരിച്ചടിയാകുന്നത് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കും. എഞ്ചിനീയറിംഗ്/മെഡിസിൻ പ്രവേശനത്തിന് തയ്യാറെടുക്കുന്ന സയൻസ് സ്കീമിലെ വിദ്യാർത്ഥികൾ +2 പരീക്ഷാ പാഠ്യപദ്ധതി പഠിക്കുന്നതോടൊപ്പം ഇതര കോച്ചിംഗ് സമ്പ്രദായത്തിൽ മുന്നോട്ട് പോകുമ്പോൾ പാവപ്പെട്ട പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പിന്തള്ളപ്പെടാൻ സാധ്യതയുണ്ട്. ഇത്തരം പൊതുപ്രവേശന പരീക്ഷാസമ്പ്രദായം നിലവിലുള്ള വിദ്യാഭ്യാസ സംസ്കാരത്തെയും വ്യവസ്ഥയെയും തകിടംമറിക്കാനും നിലവാരമില്ലാത്ത കോച്ചിംഗ് സെന്ററുകൾ പെരുകുന്നതിനും ഇടയാക്കും.

**പുതിയ കോളേജുകളിൽ ആരംഭിച്ച പുതിയ കോഴ്സുകൾ**

210 (5234) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലയളവിൽ ആരംഭിച്ച പുതിയ കോളേജുകളിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ കോഴ്സുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ കോളേജുകളിൽ കാലഘട്ടത്തിന് അനുസരിച്ചുള്ള പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഉന്നത നിലവാരം പുലർത്തുന്ന സംസ്ഥാനത്തെ കോളേജുകൾക്ക് പ്രോത്സാഹനമായി സമ്മാനങ്ങളും, പുതിയ കോഴ്സുകളും, മികച്ച സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് കോളേജ് തഴവ, കരുനാഗപ്പള്ളിയിൽ ബി.എ. സോഷ്യോളജി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ കാലഘട്ടത്തിന് അനുസരിച്ചുള്ള കോഴ്സുകൾ ഉൾപ്പെടെയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നുണ്ട്.

## വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റ്

211 (T*5235) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പന്ത്രണ്ട് വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് അർഹത നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ പ്രസ്തുത കേസിൽ നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) ആർക്കൊക്കെ എതിരെയാണ് കേസ്സെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഇ) യൂണിവേഴ്സിറ്റി കോളേജ് കുത്തുകേസിലെ പ്രതി ശിവരഞ്ജിത് വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാണോ ഗ്രേസ് മാർക്ക് നേടിയത്; എങ്കിൽ ഏത് കായിക ഇനത്തിലാണ് ഗ്രേസ് മാർക്ക് വാങ്ങിയതെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായി കേരള സർവ്വകലാശാല കണ്ടെത്തിയിട്ടില്ല.

## കോളേജ് ക്ലാസ്സ്മുറികളിലും കെട്ടിടങ്ങളിലും ചുവരെഴുത്ത്

212 (5236) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളുടെ ക്ലാസ് മുറികളിലും കെട്ടിടങ്ങളിലും വിദ്യാർത്ഥി സംഘടനകളുടെ പേരും ചുവരെഴുത്തുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇത്തരം ചുവരെഴുത്തുകൾ നീക്കം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ നിർദ്ദേശം നൽകിയിട്ടും ചുവരെഴുത്തുകൾ നീക്കം ചെയ്യുന്നതിന് തയ്യാറാകാത്ത കോളേജ് പ്രിൻസിപ്പാൾമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേർക്കെതിരെയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഉണ്ട്. സർക്കാർ കോളേജുകളുടെ ക്ലാസ്സ് മുറികളിലെയും കെട്ടിടങ്ങളിലേയും ചുവരെഴുത്തുകൾ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട കോളേജുകളുടെ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി-ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾമാർക്കെതിരെ നടപടിയെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

**കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ബി.എഡ്. കോളേജുകൾ**

213 (5237) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എത്ര ബി.എഡ്. കോളേജുകളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നാല് സർക്കാർ ബി.എഡ് കോളേജുകളാണ് നിലവിലുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | ജില്ല |
|---|---|---|
| 1 | ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ | തൃശ്ശൂർ |
| 3 | ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട് | കോഴിക്കോട് |
| 4 | ഗവ. ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി | കണ്ണൂർ |

(ബി) പ്രസ്തുത കോളേജുകളിൽ ആകെ 7 ഒഴിവുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | തസ്തിക | ഒഴിവ് |
|---|---|---|---|
| 1 | ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം | ലക്ചറർ ഇൻ ഫൗണ്ടേഷൻ ഓഫ് എഡ്യൂക്കേഷൻ | 2 |
| 2 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ | ലക്ചറർ ഇൻ ഫൗണ്ടേഷൻ ഓഫ് എഡ്യൂക്കേഷൻ | 1 |
| 3 | ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട് | ലക്ചറർ ഇൻ സോഷ്യൽ സ്റ്റഡീസ് | 1 |
| | | ലക്ചറർ ഇൻ സംസ്കൃതം | 1 |
| 4 | ഗവ. ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി. | ലക്ചറർ ഇൻ ഫൗണ്ടേഷൻ ഓഫ് എഡ്യൂക്കേഷൻ | 1 |
| | | ലക്ചറർ ഇൻ മലയാളം | 1 |

(സി) ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അറബിക് കോളേജുകളിൽ ആർട്സ്, സയൻസ് കോഴ്സുകൾ അനുവദിക്കാൻ നടപടി

214 (5238) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അറബിക് കോളേജുകളിൽ ആർട്സ്, സയൻസ് കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം അറബിക് കോളേജുകളിലായാണ് ഇത്തരം കോഴ്സുകൾക്ക് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) അറബിക് കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകളിലേയ്ക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അറബിക് കോളേജുകളിൽ അഡീഷണൽ കോഴ്സുകൾ അനുവദിച്ചത് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടോയെന്ന് പരിശോധിച്ചതിന് ശേഷമാണോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) തീരുമാനമെടുത്തിട്ടില്ല.

(ഡി) സർവ്വകലാശാല ഇൻസ്പെക്ഷൻ കമ്മിറ്റി പരിശോധന നടത്തിയിട്ടുണ്ട്.

## കേന്ദ്ര കരട് നൈതിക നയം

215 (5239) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി പ്രവേശനം മുതൽ ഗവേഷണം വരെയുള്ള കാര്യങ്ങളിൽ വിദ്യാർത്ഥികളും സ്ഥാപനങ്ങളും പാലിക്കേണ്ട ധാർമ്മികമായ വഴികൾ കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് നൈതിക നയത്തിൽ പരാമർശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കാര്യങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) 2018-ലെ യു.ജി.സി.-യുടെ " Promotion of Academic Integrity and Plagiarism in Higher Education Institutions" എന്ന കരട് നയരേഖയിൽ ഗവേഷണ മേഖലയിലെ ഗുണനിലവാരവും നൈതികതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവിധാനങ്ങൾ ഒരുക്കുവാനും ഗവേഷകരെയും അദ്ധ്യാപകരെയും ഇതിനെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് ക്ലാസ്സുകളും മറ്റ് പരിശീലന പരിപാടികളും സംഘടിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും സർവ്വകലാശാലാ തലത്തിലുള്ള ഗവേഷണ സംബന്ധമായ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നവയാണ്. പ്രസ്തുത നൈതിക നയത്തിന്റെ അന്തിമരേഖ ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവ നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

**ഓപ്പൺ സർവ്വകലാശാല രൂപീകരണം**

216 (5240) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓപ്പൺ സർവ്വകലാശാല രൂപീകരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓപ്പൺ സർവ്വകലാശാല നിലവിൽ വരുമ്പോൾ നിലവിലുള്ള സർവ്വകലാശാലകളിൽ തന്നെ പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് തുടർന്നും പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസ കേന്ദ്രവും ഓഫ് കാമ്പസ് കേന്ദ്രവും നിലനിർത്തി ഉപരിപഠനത്തിന് അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## കോളേജ് കാമ്പസ്സുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് പെരുമാറ്റച്ചട്ടം

217 (5241) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് കാമ്പസ്സുകളിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനത്തിനായി പെരുമാറ്റചട്ടം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ പ്രശ്നങ്ങളിൽ അവിടത്തെ അദ്ധ്യാപകർക്കും പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തെ തുടർന്ന് അതേപ്പറ്റി അന്വേഷിച്ച കൊളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോളേജിലുണ്ടായ കത്തിക്കുത്ത് വിവാദത്തെ തുടർന്ന് കോളേജിലെ യൂണിയൻ ഓഫീസ് പൂട്ടിയിരുന്നോ; അത് വീണ്ടും കോളേജ് യൂണിയൻ പ്രവർത്തനത്തിനായി വിട്ടുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) യൂണിവേഴ്സിറ്റി കോളേജിൽ കൃത്യമായി ക്ലാസ്സെടുക്കാതെ വർഷങ്ങളായി കോളേജിൽ തുടരുന്ന അദ്ധ്യാപകരുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് " 2019-ലെ കേരള വിദ്യാർത്ഥി യൂണിയനുകളും വിദ്യാർത്ഥി പരാതിപരിഹാര അതോറിറ്റിയും ആക്റ്റ്" എന്ന പേരിൽ ഒരു ബില്ല് അവതരിപ്പിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി ബഹുമാനപ്പെട്ട ഗവർണർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച വകുപ്പുതല അന്വേഷണ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) യൂണിവേഴ്സിറ്റി കോളേജിലുണ്ടായ സംഘർഷത്തെത്തുടർന്ന് കോളേജ് യൂണിയൻ ഓഫീസ് പൂട്ടിയിരുന്നു. അത് വീണ്ടും കോളേജ് യൂണിയൻ പ്രവർത്തനത്തിനായി വിട്ടുകൊടുത്തിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ സ്പെഷ്യൽ റൂൾ

218 (5242) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂളിൽ അക്കൗണ്ടന്റിന്റെയും ക്ലാർക്കിന്റെയും സ്റ്റേറ്റ് കോ-ഓർഡിനേറ്ററിന്റെയും തസ്തികകളുടെ യോഗ്യത പ്രതിപാദിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ; അതിന് വിരുദ്ധമായി ടി തസ്തികകളിൽ ആരാണ് ജോലി ചെയ്തു വരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്തു വരുന്നവർ ആരെല്ലാമാണെന്നും അവരുടെ യോഗ്യതകൾ എന്തെല്ലാമെന്നും അവർക്ക് സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ച യോഗ്യതകൾ ഉണ്ടോയെന്നും ഇല്ലെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് അവരെ പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ ജീവനക്കാരുടെ നിയമനങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളിലും ക്രമരഹിതമായ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത് അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ബാധകമല്ല.

(സി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയ്ക്ക് ബാധകമായ റൂൾസ് & റെഗുലേഷൻസിൽ പ്രതിപാദിച്ചിരിക്കുന്ന ബി.കോം കമ്പ്യൂട്ടർ

ആപ്ലിക്കേഷൻ യോഗ്യതയുള്ള ശ്രീമതി മായാദേവി ടി. ആർ. അക്കൗണ്ടന്റ്-ഇൻ-ചാർജ് തസ്തികയിൽ ജോലി ചെയ്തുവരുന്നു. ക്ലാർക്ക്/സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തസ്തികകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.

(ഡി&ഇ) പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരുന്നു.

## പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് കോളേജുകൾ

219 (5243) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് കോളേജുകളിൽ അനുവദിച്ച കോഴ്സുകൾ ഏതെല്ലാമെന്നും ഓരോന്നിനും അനുവദിച്ച സീറ്റുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) സയൻസ്, ആർട്സ് വിഷയങ്ങളിലുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് വിദ്യാർത്ഥികൾ കൂടുതൽ ആഭിമുഖ്യം കാണിക്കുന്ന സാഹചര്യത്തിൽ ഈ കോഴ്സുകൾക്കുള്ള സീറ്റുകളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി) 21-6-2019-ലെ സ.ഉ.(കൈ)നമ്പർ176/19/ഉ.വി.വ പ്രകാരം 2019-20 അക്കാദമിക് വർഷം മുതൽ ഡിഗ്രി, പി.ജി. സീറ്റ് വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനുള്ള ഫ്ലോട്ടിംഗ് സംവരണം

220 (5244) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. ടി. വി. ഇബ്രാഹിം:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനുള്ള സംവരണം കോളേജ് അടിസ്ഥാനത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഫ്ലോട്ടിംഗ് സംവരണം നിർത്തലാക്കുന്നതിന്റെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പുതിയ രീതി നടപ്പിലാക്കുന്നതോടെ സംവരണ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് മെറിറ്റ് ക്വാട്ടയിലുള്ള സീറ്റുകൾ കുറയുമെന്ന ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നടന്നുകൊണ്ടിരിക്കുന്ന അലോട്ട്മെന്റ് പ്രക്രിയയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതായിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിനായി സർക്കാരിന്റെ 17-11-2017-ലെ ജി.ഒ.(ആർ.ടി)നമ്പർ 2077/17/ഉവിവ പ്രകാരം ഒരു "എക്സ്പെർട്ട് കമ്മിറ്റി" രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ നിലവിലുള്ള സംവരണ രീതി മാറ്റാൻ തീരുമാനിച്ചിട്ടില്ല.

(സി) നിലവിലുള്ള രീതിക്ക് മാറ്റം വരുത്തിയിട്ടില്ല.

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

221 (5245) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിൽ നിന്നും കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയത് ഏതെല്ലാം സർവ്വകലാശാലകളിൽ നിന്നാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

| നമ്പർ | സർവ്വകലാശാല | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1. | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 5 |
| 2. | മഹാത്മാഗാന്ധി സർവ്വകലാശാല | 55 |
| 3. | കേരള കാർഷിക സർവ്വകലാശാല | 19 |
| 4. | കണ്ണൂർ സർവ്വകലാശാല | 16 |
| 5. | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല | 25 |

| (1) | (2) | (3) |
|---|---|---|
| 6. | കേരള സർവ്വകലാശാല | 84 |
| 7. | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല | 22 |
| 8. | കേരള ഫിഷറീസ് - സമുദ്രപഠന സർവ്വകലാശാല | 19 |
| 9. | കാലിക്കറ്റ് സർവ്വകലാശാല | 69 |

## ഗവേഷണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഗുണമേന്മ ഉയർത്താൻ നടപടി

222 (5246) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. ഇ. കെ.വിജയൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക, സാമൂഹ്യശാസ്ത്ര മേഖലകളിൽ സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണങ്ങൾ സമൂഹത്തിന് ഉപകരിക്കത്തക്ക രീതിയിലാണോ എന്നുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് അക്കാദമിക് ആഡിറ്റ് നടത്തുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) വിഭജിത അവധിക്കാലവും ഉത്തരക്കടലാസ് ബാർ കോഡിങ്ങും ഏർപ്പെടുത്തണമെന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർദ്ദേശം നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങളും ഉപരിപഠന സാധ്യതകളും പരിചയപ്പെടുത്തുന്നതിന് അന്താരാഷ്ട്ര പ്രശസ്ത സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് സർവ്വകലാശാല തലത്തിൽ അക്കാദമിക് കാർണിവലുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. <u>ചാൻസിലേഴ്സ് അവാർഡ്</u>: ബഹുമാനപ്പെട്ട കേരളാ ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

2. <u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ</u>: ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ.

3. <u>എറുഡൈറ്റ് പദ്ധതി</u>: ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണമേന്മാ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme'. ദേശീയ/അന്തർദ്ദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നൊബേൽ സമ്മാനജേതാക്കളടക്കമുള്ള ദേശീയ-അന്തർ ദേശീയപ്രശസ്തരായ ഏകദേശം 300-ഓളം അക്കാദമിക പണ്ഡിതർ ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചു.

4. പ്രബുദ്ധത: ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്കരണവും സാമൂഹ്യവത്കരണവും ലക്ഷ്യമാക്കി ആവിഷ്കരിച്ച നൂതന പദ്ധതിയാണ് പ്രബുദ്ധത. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിലാണ് പ്രഥമ മാതൃക നടപ്പിലാക്കിയത്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പ്രസരണം ചെയ്യുന്ന അറിവും വിജ്ഞാനവും സമൂഹത്തിലെ സാധാരണക്കാരന്റെ ജീവിതത്തിൽ ഉണ്ടാക്കുന്ന പ്രതിഫലനം അവരെ ബോധ്യപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

5. ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം: നവീനവും അന്തർവൈജ്ഞാനികവുമായ പഠന ഗവേഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കേന്ദ്രങ്ങളാണ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ. സർക്കാർ നൽകുന്ന ഫണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഇത്തരം കേന്ദ്രങ്ങളുടെ ആതിഥേയത്വം വഹിക്കുക എന്ന ഉത്തരവാദിത്വം മാത്രമാണ് സർവ്വകലാശാലകൾക്കുള്ളത്. ഒരു സെന്ററിന്റെ എല്ലാ വിഭവങ്ങളും മറ്റ് സർവ്വകലാശാലകളിലെയും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമാകണം എന്ന അടിസ്ഥാനസങ്കൽപ്പത്തിൽ ഊന്നിയാണ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്. കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ നിലവിലുണ്ട്.

6. സാക്ക് (SAAC-State Assessment & Accreditation Centre): സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

7. കൗൺസിൽ ജേർണൽ: ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന 'ബൈ-ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക വിദഗ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ജേർണൽ Scopus Data Base-ൽ ഉൾപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു:

- Interaction with Eminent Scholars
- Meet the Scholars
- ശാസ്ത്രയാൻ, സയൻസ് വീക്ക് ആചരണം
- ഗവേഷകരുടെ 3 മിനിട്ട് വീഡിയോ ഗവേഷണഫല അവതരണം
- ക്യാമ്പസ് വൈഫൈ പദ്ധതി നടപ്പാക്കൽ
- സയൻസ് വകുപ്പുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം
- സയൻസ് വകുപ്പുകൾക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ
- വിവിധ പഠന വകുപ്പുകളിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ

(ബി) ശാസ്ത്ര-സാങ്കേതിക-സാമൂഹ്യശാസ്ത്ര മേഖലകളിൽ സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണങ്ങൾ സമൂഹത്തിന് ഉപകരിക്കത്തക്ക രീതിയിലാണോ എന്ന വിലയിരുത്തലാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിരിക്കുന്ന പ്രബുദ്ധത പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവിലെ സാഹചര്യങ്ങൾ പരിഗണിച്ച് സ്വാശ്രയ മേഖലയിൽ പുതിയ കോഴ്സുകളും കോളേജുകളും അനുവദിക്കുന്നത് സംബന്ധിച്ച് ഒരു പ്രാഥമിക പഠനം നടത്തുന്നതിനായി അക്കാദമിക് ഓഡിറ്റ് നടത്താറുണ്ട്.

(ഡി) വിഷയം സർവ്വകലാശാലകളുടെ പരിശോധനയിലാണ്.

(ഇ) വിവിധ സർവ്വകലാശാലകൾ ഇത്തരത്തിൽ പരിപാടികൾ നടത്തുകയോ നടത്താൻ ആലോചിക്കുകയോ ചെയ്യുന്നുണ്ട്.

## എയ്ഡഡ് കോളേജുകളിലെ ഗ്രേഡിംഗും തസ്തികകളും ക്രമീകരിക്കുന്നതിനുള്ള നടപടി

223 (5247) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ എ.ബി.സി.ഡി.

ഗ്രേഡിംഗ് നിലനിർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) 29-2-2016-ലെ G.O. (MS) No 60/2016/H.Edn പ്രകാരം എയ്ഡഡ് കോളേജുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അനുവദിച്ച തസ്തികകളും പ്രൊമോഷൻ സാധ്യതകളും നഷ്ടപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 1-9-2019-ലെ G.O. (MS) No 308/2019/H.Edn പുനഃപരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

## കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം പുറത്തിറക്കിയ ഉന്നതവിദ്യാഭ്യാസ സർവ്വേ റിപ്പോർട്ട്

224 (5248) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം പുറത്തിറക്കിയ ഉന്നതവിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകരായി പുരുഷന്മാരെക്കാൾ വനിതകളെ നിയോഗിക്കുന്ന കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിലാണെന്ന് പരാമർശിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരളം, പഞ്ചാബ്, ഹരിയാന, ചണ്ഡിഗഢ്, മേഘാലയ, നാഗാലാന്റ്, ഡൽഹി, ഗോവ എന്നീ സംസ്ഥാനങ്ങളിൽ വനിതാ അദ്ധ്യാപകരാണ് പുരുഷ അദ്ധ്യാപകരേക്കാൾ കൂടുതലുള്ളത്. 2018-19-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ മൊത്തം 59,236 അദ്ധ്യാപകരുള്ളതിൽ 36,291 വനിതകളും 22,945 പുരുഷന്മാരുമാണ്.

## രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി

225 (5249) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങൾ ലക്ഷ്യമിട്ടുള്ളതും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടുത്തിയുമുള്ളതുമായ രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി സംസ്ഥാനത്ത് എന്നുമുതലാണ് നടപ്പാക്കിയത് എന്നും ഇതിൽ കേന്ദ്രവിഹിതം എത്ര, സംസ്ഥാന വിഹിതം എത്ര എന്നും വ്യക്തമാക്കുമോ;

(ബി) റൂസയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഒന്നാംഘട്ട പ്രവർത്തനമുൾപ്പെടെ എത്ര ഘട്ടങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്നും ഓരോ ഘട്ടത്തിലും നടത്തിയ പ്രവർത്തനങ്ങൾ, അവയ്ക്ക് ലഭിച്ച കേന്ദ്ര സഹായം, സംസ്ഥാന വിഹിതം എന്നിവ എത്ര എന്നും വ്യക്തമാക്കുമോ;

(സി) ഓരോ ഘട്ടത്തിലും നടത്തിയ പ്രവർത്തനങ്ങളും പ്രവൃത്തികളും എന്ത് എന്നും ഇതുമൂലം സംസ്ഥാന ഉന്നതവിദ്യാഭ്യാസരംഗത്ത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങൾ ലക്ഷ്യമിട്ടിട്ടുള്ളതും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടുത്തിയുള്ളതുമായ റൂസാ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2014) സംസ്ഥാനം അംഗമായിട്ടുണ്ട്. പദ്ധതിയുടെ തുടക്കത്തിൽ 65 ശതമാനം കേന്ദ്ര വിഹിതവും 35 ശതമാനം സംസ്ഥാന വിഹിതവുമായിരുന്നു. പിന്നീട് 2016 മുതൽ കേന്ദ്ര-സംസ്ഥാന ഫണ്ടിന്റെ അനുപാതം 60:40 ആക്കി മാറ്റിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഭാഗമായി 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്.

(ബി) റൂസയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ 2 ഘട്ടങ്ങളുടെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. 2 ഘട്ടങ്ങളിലും സംസ്ഥാനം പദ്ധതിയിൽ പങ്കാളിയാണ്. റൂസ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 6 സർവ്വകലാശാലകൾക്ക് 20 കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും അതിന്റെ ഭാഗമായി 63.405 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കുകയും ആയതിലേക്കായി നിലവിൽ 41.44 കോടി രൂപ സംസ്ഥാന വിഹിതവും നൽകിയിട്ടുണ്ട്. കോളേജുകൾക്ക് അടിസ്ഥാന

സൗകര്യത്തിനായി 2 കോടി രൂപ നൽകുന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 28 കോളേജുകൾക്ക് ഫണ്ട് ലഭ്യമായിട്ടുണ്ട്. ആയതിലേക്കായി കേന്ദ്ര വിഹിതമായി 27.02 കോടി രൂപ ലഭിച്ചിട്ടുണ്ട്. 15.14 കോടി രൂപ സംസ്ഥാന വിഹിതവും നൽകിയിട്ടുണ്ട്. അദ്ധ്യാപക നിലവാരം ഉയർത്തുന്നതിലേക്കായി കേരള സർവ്വകലാശാലയുടെ അക്കാദമിക് സ്റ്റാഫ് കോളേജിന് ഒരു കോടി രൂപയുടെ ഫണ്ട് ലഭിക്കുന്ന പദ്ധതിയിൽ നിലവിൽ 0.45 കോടി രൂപ കേന്ദ്ര വിഹിതം ലഭിക്കുകയും 0.3 കോടി രൂപ സംസ്ഥാന വിഹിതമായി നൽകുകയും ചെയ്തിട്ടുണ്ട്. മൂന്നാർ ഗവൺമെന്റ് കോളേജിനെ മാതൃകാ ഡിഗ്രി കോളേജായി മാറ്റുന്ന പദ്ധതിയുടെ ഭാഗമായി 1.2 കോടി രൂപ കേന്ദ്ര വിഹിതം ലഭിക്കുകയും 80 ലക്ഷം രൂപ സംസ്ഥാന വിഹിതമായി നൽകുകയും ചെയ്തിട്ടുണ്ട്.

റൂസാ രണ്ടാംഘട്ടത്തിൽ സ്വയംഭരണ കോളേജുകൾക്ക് ഗവേഷണ മേഖലയുടെ ഉന്നമനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 5 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 6 കോളേജുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവർക്കായി നിലവിൽ 7.5 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കുകയും സംസ്ഥാന വിഹിതമായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ 116 കോളേജുകളെ തെരഞ്ഞെടുക്കുകയും നിലവിൽ 69.6 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിക്കുകയും സംസ്ഥാന വിഹിതമായി 16.24 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളുടെ ഗവേഷണ നിലവാരം ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 2 സർവ്വകലാശാലകൾക്ക് (കുസാറ്റ്, എം.ജി.) 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിയിൽ നിലവിൽ കേന്ദ്ര വിഹിതമായി 9 കോടി രൂപ ലഭിക്കുകയും സംസ്ഥാന വിഹിതമായി 3.12 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) റൂസ പദ്ധതി സംസ്ഥാനത്ത് നിലവിൽ 2 രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് 5 പ്രധാന ഘടകങ്ങളിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. താഴെപ്പറയുന്നവയാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

1. അടിസ്ഥാന സൗകര്യ വികസനത്തിനായി സർവ്വകലാശാലകൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയുടെ ഭാഗമായി നിർമ്മാണ, പുനരുദ്ധാരണ പ്രവർത്തനങ്ങളും അവർക്കാവശ്യമായ പർച്ചേസും നടത്തുന്നതിനുള്ള സൗകര്യം നൽകിയിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനം സ്ഥാപനങ്ങളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള ഒരു പ്രധാന ഘടകം തന്നെയാണ്.

2. കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഫണ്ട് നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 28 ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയും നിർമ്മാണ, പുനരുദ്ധാരണ, പർച്ചേസ് ആവശ്യങ്ങൾക്കായി സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഒന്നാം ഘട്ടത്തിലെ ഈ ഫണ്ടിന്റെ ഉപയോഗം സംസ്ഥാനത്തെ NAAC അക്രഡിറ്റേഷനുള്ള നല്ലൊരു ശതമാനം സർക്കാർ കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് കാരണമായിട്ടുണ്ട്.

3. അദ്ധ്യാപക ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അക്കാദമിക് സ്റ്റാഫ് കോളേജുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിക്ക് കീഴിൽ കേരള സർവ്വകലാശാലയുടെ അക്കാദമിക് സ്റ്റാഫ് കോളേജിന് ലഭിച്ച ഫണ്ട് വഴി കൂടുതൽ അദ്ധ്യാപകർക്ക് പരിശീലന പരിപാടികളും അടിസ്ഥാന സൗകര്യവും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

4. Equity Initiatives എന്ന വിഭാഗത്തിൽ ലഭിച്ച ഫണ്ടുവഴി സംസ്ഥാനത്തെ മുപ്പതോളം സർക്കാർ കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്.

5. മൂന്നാർ സർക്കാർ കോളേജിനെ മാതൃകാ ഡിഗ്രി കോളേജാക്കി ഉയർത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ലഭിച്ച 4 കോടി രൂപ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗിക്കുവാൻ സാധിക്കും. പ്രളയാനന്തര കേരളത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത തുകയുടെ ഉപയോഗം സ്ഥാപനത്തിന് ഏറെ ഗുണപരമാണ്.

2-ാം ഘട്ടത്തിൽ 4 പ്രധാന ഘടകങ്ങളിൽ ഉൾപ്പെടുത്തിയാണ് റൂസ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. താഴെപ്പറയുന്നവയാണ് 2-ാം ഘട്ടത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

1. സ്വയംഭരണ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഗവേഷണ നിലവാരം ഉയർത്തുന്നതിനുമായി ഫണ്ട് ലഭിച്ച 6 സ്ഥാപനങ്ങൾക്കും ഫണ്ടിന്റെ ഉപയോഗംവഴി ഉയർന്ന ഗുണനിലവാരമുള്ള സ്ഥാപനങ്ങളായി ഭാവിയിൽ മാറുന്നതിനുള്ള സാഹചര്യം ഉണ്ടാകും.

2. കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് രണ്ടുകോടി രൂപയുടെ ഫണ്ട് ലഭിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 116 സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭിക്കുവാൻ അർഹത നേടിയിട്ടുണ്ട്. NAAC അക്രഡിറ്റേഷനുള്ള സംസ്ഥാനത്തെ ഒട്ടുമിക്ക ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് കോളേജുകളും ഈ പദ്ധതിക്കുകീഴിൽ വരുന്നത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് വൻമാറ്റങ്ങൾക്ക് ഇടയാകും.

3. ഉയർന്ന അക്കാദമിക നിലവാരമുള്ള സർവ്വകലാശാലകൾക്ക് ഗവേഷണ മേഖലയുടെ ഉന്നമനത്തിനായി അനുവദിക്കുന്ന 50 കോടി രൂപ സംസ്ഥാനത്തെ 2 സർവ്വകലാശാലകൾക്ക് നേടിയെടുക്കുവാൻ സാധിച്ചത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തിന്റെ നേട്ടമാണ്. എം.ജി. സർവ്വകലാശാലയ്ക്കും കുസാറ്റിനും ലഭിച്ച ഈ ഫണ്ട് സ്ഥാപനങ്ങളെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുവാനുള്ള സാഹചര്യമുണ്ടാക്കും.

4. രാജ്യത്തെ തെരഞ്ഞെടുക്കപ്പെടുന്ന ആസ്പിറേഷണൽ ജില്ലകൾക്ക് (NITI AAYOG) മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനായി 12 കോടി രൂപ നൽകുന്ന വിഭാഗത്തിൽ സംസ്ഥാനത്തെ വയനാട് ജില്ലയെ തെരഞ്ഞെടുക്കുകയും പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മുന്നോട്ടുപോകുകയും ചെയ്യുകയാണ്. പുതിയൊരു കോളേജ് വരുന്നതോടുകൂടി കൂടുതൽ ഉയരങ്ങളിലേക്ക് എത്തുവാൻ പ്രസ്തുത ജില്ലയ്ക്ക് സാധിക്കും.

റൂസ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു എന്നത് വസ്തുതയാണ്. ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ചേർത്ത് നിലവിൽ 568 കോടി രൂപയ്ക്കാണ് സംസ്ഥാനം അർഹത നേടിയിട്ടുള്ളത്. കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ഫണ്ട് ലഭിക്കുന്ന പദ്ധതിയിൽ 1-ാം ഘട്ടത്തിൽ 28 കോളേജുകൾക്ക് ലഭിച്ചിരുന്ന ധനസഹായം രണ്ടാം ഘട്ടത്തിൽ എത്തിയപ്പോൾ നിലവിൽ 116 സ്ഥാപനങ്ങളാണ് ഫണ്ട് ലഭിക്കുവാൻ അർഹത നേടിയിട്ടുള്ളത്. ഇത് രാജ്യത്തുതന്നെ പ്രസ്തുത വിഭാഗത്തിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭിക്കുന്നതിലേക്ക് കേരളത്തെ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

## വള്ളിക്കുന്ന് ആർട്സ് ആന്റ് സയൻസ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ഫണ്ട്

226 (5250) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി തുടങ്ങുന്നതോ തുടങ്ങിയതോ ആയ ഗവൺമെന്റ് കോളേജുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി നൂറുകോടി രൂപ വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 21-10-2019 ലെ G.O.(MS) No. 350/2019/HEdn സർക്കാർ ഉത്തരവ് പ്രകാരം മെസ്സേർസ് കിറ്റ്കോ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഒന്നുപോലുമില്ലാത്ത വള്ളിക്കുന്ന് മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി ഇത്തരത്തിൽ ഫണ്ട് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 13-11-2017-ലെ G.O.(MS)No.285/2017/HEdn പ്രകാരം 100 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് അനുവദിക്കുകയുണ്ടായി. ഈ തുക പുതുതായി ആരംഭിച്ച സ്ഥലം അത്യാവശ്യമായ കോളേജുകൾക്കാണ് അനുവദിച്ചിരിക്കുന്നത്.

(ബി) 21-10-2019-ലെ G.O.(MS)No.350/2019/HEdn പ്രകാരം KITCO-യെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള SPV ആയി നിയമിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ ഉത്തരവിൽ KIIFB സഹായത്തോടുകൂടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 12 ഗവൺമെന്റ് കോളേജുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വള്ളിക്കുന്ന് മണ്ഡലത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്കുള്ള ഇന്ററാക്ടീവ് പ്രോഗ്രാം

227 (5251) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് മേഖലയോട് അഭിരുചി വർദ്ധിപ്പിക്കുവാൻ ഇന്ററാക്ടീവ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ ; എത്ര കാലത്തേക്കാണ് പ്രസ്തുത കോഴ്സ് നടത്തുന്നതെന്ന് അറിയിക്കാമോ ;

(ബി) ഇക്കാര്യത്തിനായി ഒന്നാം സെമസ്റ്ററിന്റെ ആകെ ക്രെഡിറ്റുകളിൽ കുറവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) സ്പോർട്സ്, ആർട്സ്, എൻ.എസ്.എസ്, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) എ.ഐ.സി.റ്റി.ഇ. ആവിഷ്കരിച്ച് നടപ്പിലാക്കിയ ഇൻഡക്ഷൻ പ്രോഗ്രാം സാങ്കേതിക സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും 2019-20 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ. വിഭാവന ചെയ്തപോലെ രണ്ടാഴ്ചയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കിയത്.

(ബി) ഇതിനായി ക്രെഡിറ്റിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ദേശീയതലത്തിൽ തന്നെ എ.ഐ.സി.റ്റി.ഇ. മുന്നോട്ടുവച്ച എഞ്ചിനീയറിംഗ് പാഠ്യപദ്ധതിക്കനുസരിച്ചും എ.ഐ.സി.റ്റി.ഇ.-യുടെ ബി.ടെക് പ്രോഗ്രാമിന്റെ മാതൃകാ പാഠ്യപദ്ധതിക്കനുസരിച്ചും ഒന്നാം സെമസ്റ്ററിലെ ആകെ ക്രെഡിറ്റ് 17 ആക്കി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) അക്കാഡമിക് കൗൺസിൽ തീരുമാനപ്രകാരം സർവ്വകലാശാലയെ ദേശീയതലത്തിൽ പ്രതിനിധീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

## കോളേജുകൾക്ക് റൂസ പദ്ധതി പ്രകാരം ലഭിച്ച പ്രയോജനം

228 (5252) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള റൂസ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) റൂസ പദ്ധതി പ്രകാരം ഏതൊക്കെ സർക്കാർ കോളേജുകൾക്ക് എന്തൊക്കെ പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള റൂസാ പദ്ധതി സംസ്ഥാനത്ത് സമയബന്ധിതമായി നടപ്പാക്കിവരുന്നു. നിലവിൽ റൂസാ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 6 സർവ്വകലാശാലകൾക്കും 28 കോളേജുകൾക്കും ഒരു അക്കാദമിക് സ്റ്റാഫ് കോളേജിനുമാണ് റൂസയുടെ സാമ്പത്തിക സഹായം നൽകുന്നത്. റൂസാ രണ്ടാം ഘട്ടത്തിൽ 2 സർവ്വകലാശാലകൾക്കും 122 കോളേജുകൾക്കും ഒരു മോഡൽ ഡിഗ്രി കോളേജിനുമാണ് റൂസയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാകുന്നത്.

(ബി)

- റൂസാ ഒന്നാം ഘട്ടത്തിൽ താഴെപ്പറയുന്ന സർക്കാർ കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള (പുതിയ നിർമ്മാണം, പുനരുദ്ധരണം, പർച്ചേസ് എന്നിവ) 2 കോടി രൂപയുടെ ഫണ്ട് ലഭിക്കുന്നുണ്ട്:

| Sl. No. | Name of College |
|---|---|
| (1) | (2) |
| 1. | University College, Thiruvananthapuram |
| 2. | CA Govt. College, Kuttanellor, Thrissur |
| 3. | KMM Women's College, Kannur |
| 4. | Govt. Brennen College, Thalassery, Kannur |
| 5. | Govt. College, Nedumangadu, Thiruvananthapuram |
| 6. | Govt. College, Kasargod |
| 7. | PM Govt. College Chalakkudy, Thrissur |
| 8. | TM Govt. College, Tirur, Malappuram |

| (1) | (2) |
|---|---|
| 9. | College of Engineering, Thiruvananthapuram |
| 10. | Govt. College for Women, Thiruvananthapuram |
| 11. | NMSM Govt. College, Kalpatta, Kozhikode |
| 12. | Govt. College, Mananthavady |
| 13. | Govt. Victoria College, Palakkad |
| 14. | Govt.College Attingal, Thiruvananthapuram |
| 15. | Govt. Arts & Science College, Meenchanthaa, Kozhikode |
| 16. | Govt. College, Kodenchery |
| 17. | Govt. Maharajas College, Ernakulam |
| 18. | Govt. College, Madappally |
| 19. | Govt. College, Nattakam |
| 20. | Govt. Sanskrit College Pattambi, Palakkad |
| 21. | Govt. College of Teacher Education, Kozhikode |
| 22. | Govt. College, Tripunithura, Ernakulam |

- മൂന്നാർ സർക്കാർ കോളേജിനെ മാതൃകാ ഡിഗ്രി കോളേജാക്കി മാറ്റുന്നതിനുള്ള 4 കോടി രൂപയുടെ ഫണ്ട് ലഭിക്കുന്നതിനുള്ള അംഗീകാരവും റൂസ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ലഭിച്ചിട്ടുണ്ട്.

- റൂസ രണ്ടാം ഘട്ടത്തിൽ താഴെപ്പറയുന്ന സർക്കാർ കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള 2 കോടി രൂപയുടെ ഫണ്ട് ലഭ്യമായിട്ടുണ്ട്.

| Sl. No. | Name of College |
|---|---|
| (1) | (2) |
| 1. | Govt.  Sanskrit College, Tripunithura, Ernakulam |
| 2. | Govt. Arts College,  Thiruvananthapuram |
| 3. | Govt.  College, Chittur |
| 4. | Govt.  College, Malappuram |
| 5. | KKTM Govt.  College, pullut, Kodungallur, Thrissur |

| (1) | (2) |
|---|---|
| 6. | Govt. College, Kattappana |
| 7. | CKGM Govt. College, Perambra, Kozhikode |
| 8. | BJM Govt. College, Chavara, Kollam |
| 9. | Govt. College, Mokeri |
| 10. | EKNM Govt. College, Elerithattu, Kasargod |
| 11. | Govt. College, Koyilandi, Kozhikode |
| 12. | TM Jacob Memorial Govt. College, Manimalakkunnu, Ernakulam |
| 13. | GPM Govt. College, Manjeswaram, Malappuram |

- റൂസ രണ്ടാംഘട്ടത്തിൽ ഘടകം 8-ൽ ഉൾപ്പെടുത്തി സർക്കാർ മേഖലയിലെ ഏക സ്വയംഭരണ കോളേജായ മഹാരാജാസ് കോളേജിന് ഗവേഷണ മേഖലയുടെ ഉന്നമനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 5 കോടി രൂപയുടെ ഫണ്ട് ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.
- റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഘടകം 5-ൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പിന്നോക്ക ജില്ലയായ വയനാടിന് മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനുള്ള അനുവാദവും ലഭ്യമായിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**

229 (5253) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ആർജ്ജവവും ബിരുദാനന്തര ബിരുദ റേറ്റും എത്രമാത്രം ഉയർന്നാലും വിദ്യാർത്ഥികൾ ഈടുറ്റ മൂല്യം നേടുന്നില്ലെങ്കിൽ വിദ്യാഭ്യാസമേന്മ തുലോം തുച്ഛമായിരിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളും കോളേജുകളും ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമാകുന്ന കാര്യത്തിൽ എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) സിലബസ് പരിഷ്കരണ പ്രക്രിയ ഓരോ അഞ്ച് വർഷം കൂടുമ്പോഴും നടത്തുക എന്ന രീതിക്ക് പകരം ഓരോ വർഷവും എന്ന നിലയിലേക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ദ്രുതഗതിയിൽ വിജ്ഞാന മേഖലയിൽ പരിവർത്തനങ്ങൾ നടക്കുമ്പോൾ സമാനരീതിയിലുള്ള പരിഷ്കാരങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കി കാലത്തിനനുയോജ്യമായ തരത്തിൽ മുന്നോട്ട് പോകുവാൻ വിദ്യാഭ്യാസ മേഖലയെ പ്രാപ്തമാക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) Outcome based Education അഥവാ ഫലപ്രാപ്തിയിലധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുകവഴി വിദ്യാർത്ഥികൾക്ക് ആർജ്ജവവും ഈടുറ്റ മൂല്യവും നേടാൻ കഴിയുന്ന വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിച്ചിട്ടുള്ളതിനാൽ വിദ്യാഭ്യാസ മേന്മ തുലോം തുച്ഛമാണെന്ന് കരുതുന്നില്ല.

(ബി) സർവ്വകലാശാലകളും കോളേജുകളും ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനായി യു.ജി.സി.-യും മറ്റും മുന്നോട്ടുവയ്ക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ-ബിരുദാനന്തര കോഴ്സുകൾ പരിഷ്കരിക്കാൻ കൃത്യമായ ഇടവേളകളിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ശ്രമം നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഭൗതികമായ കഴിവുകളും തൊഴിൽ നൈപുണ്യവും അതോടൊപ്പം സാമൂഹിക ഇടപെടലുകൾക്ക് ആർജ്ജിക്കേണ്ട സാമൂഹിക കഴിവുകളും പകർന്നുകൊടുക്കുന്ന ബിരുദതല വിദ്യാഭ്യാസം പുതിയ തൊഴിലുകൾക്കാവശ്യമായ ശേഷികളെ സംബന്ധിച്ചും ബഹുവിഷയാത്മക സമീപനത്തെ സംബന്ധിച്ചും അക്കാദമിക സമൂഹം ഉയർത്തുന്ന സംവാദത്തിന്റെ അടിസ്ഥാനത്തിലുമാണ് അന്തർ വൈജ്ഞാനിക പഠന മേഖലകൾ ഉൾപ്പെടെയുള്ളവയെ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുവൈജ്ഞാനികവും അന്തർവൈജ്ഞാനികവുമായ കോഴ്സുകളുടെ പ്രാപ്യത ലക്ഷ്യമാക്കിയാണ് ബിരുദതല വിദ്യാഭ്യാസം പുനഃസംഘടിപ്പിച്ചിട്ടുള്ളത്.

ശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനവിക വിഷയങ്ങൾ, വാണിജ്യപഠനം എന്നീ നാല് ധാരകളിലാണ് ബിരുദതല പദ്ധതി വികസിപ്പിച്ചിട്ടുള്ളത്.

(സി) നിലവിൽ പരിഗണനയില്ല.

(ഡി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ദേശീയ-അന്തർദ്ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resource Initiative of Collegiate Education)-യിൽ Beyond Syllabi, മലയാള സാഹിത്യ യാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളിലായി ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നു. കൂടാതെ Walk with Scholar, FLAIR

(Fostering Linkages For Academic Innovation and Research), ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി, ആസ്പയർ സ്കോളർഷിപ്പ്, സാഹിത്യം, സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, മറ്റ് സ്കോളർഷിപ്പുകൾ എന്നിവയും നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും " Jeevani -College Mental Awareness Programmes" , സെന്റർ ഓഫ് എക്സലൻസ്, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, സമഗ്രമായ ലൈബ്രറി നവീകരണം, ലബോറട്ടറി വികസനത്തിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അത്യാധുനിക സ്മാർട്ട് ക്ലാസ്സ് മുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ്‌വർക്ക്, ഫിറ്റ്നെസ് സെന്റർ, എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, സമഗ്രമായ ഐ.സി.റ്റി. പദ്ധതി, അന്തർദ്ദേശീയ/ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കൽ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ എഞ്ചിനീയറിംഗ് പോളിടെക്നിക് കോളേജുകളിലും പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു.

ഗവേഷണ/പരിശീലന പദ്ധതികളുടെ ഭാഗമായി വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യപ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, ഇന്റർഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും പ്രത്യേക നിലയിൽ സജ്ജീകരിച്ച കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടുംകൂടിയ ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവരുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എഞ്ചിനീയറിംഗ് വിഷയത്തിന്റെ ബിരുദാനന്തരബിരുദ പാഠ്യപദ്ധതിയിൽ സ്പെഷ്യലൈസേഷൻ ആയി ഉൾപ്പെടുത്തിയതുവഴിയും M.Tech in Artificial Intelligence, M.Tech in Robotics and Industrial Automation, M.Tech in Translation Engineering എന്നീ നൂതന ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിച്ചതുവഴിയും കാലത്തിനനുയോജ്യമായ തരത്തിൽ മുന്നോട്ടുപോകുവാൻ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ പ്രാപ്തമാക്കിയിട്ടുണ്ട്.

## പി.ടി.എം. ഗവൺമെന്റ് കോളേജിൽ കെമിസ്ട്രി അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

230 (5254) <u>ശ്രീ. മഞ്ഞളാംകുഴി അലി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ പി.ടി.എം.ഗവൺമെന്റ് കോളേജിൽ ബി.എസ്.സി. കെമിസ്ട്രി കോഴ്സ് അനുവദിച്ച് നാളിതുവരെയായിട്ടും കെമിസ്ട്രി വിഷയം പഠിപ്പിക്കുന്നതിന് ഒരു സ്ഥിരം തസ്തിക പോലും ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെമിസ്ട്രി അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ കോളേജിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ലാബുകൾ ഉൾപ്പെടുന്ന വിഷയം കൈകാര്യം ചെയ്യുന്നതിന് ഒരു സ്ഥിരം അദ്ധ്യാപക തസ്തിക പോലും നിലവിലില്ലാത്തത് ഈ കോഴ്സിന്റെ അദ്ധ്യാപന നിലവാരത്തെ ബാധിക്കാനിടയുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഈ കോളേജിൽ കെമിസ്ട്രി അധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പെരിന്തൽമണ്ണ പി.ടി.എം. ഗവൺമെന്റ് കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ ഒരു ലക്ചറർ തസ്തിക സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ**

231 (5255) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സൃഷ്ടിച്ച അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ എത്രയെന്നും അവ ഏതൊക്കെ കോളേജുകളിൽ എന്നും അറിയിക്കാമോ;

(ബി) സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ പുതുതായി കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സൃഷ്ടിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>അദ്ധ്യാപക തസ്തികകൾ</u>

| | | | |
|---|---|---|---|
| 1 | എം.ജി.കോളേജ്, ഇരിട്ടി | കൊമേഴ്സ്& മാനേജ്മെന്റ് സ്റ്റഡീസ് | 6 |
| 2 | മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര | BMMC | 2 |
| 3 | ടി.കെ.എം. കോളേജ്, കൊല്ലം | ബയോ കെമിസ്ട്രി | 1 |
| 4 | സെന്റ് തോമസ് കോളേജ്, റാന്നി | ഇംഗ്ലീഷ് | 1 |

| | | | |
|---|---|---|---|
| 5 | സാന്തോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജ്, പാറശാല | കെമിസ്ട്രി, ഇംഗ്ലീഷ്<br>ബി.കോം പ്രിൻസിപ്പാൾ | 1<br>1<br>1<br>1 |
| 6 | സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട | മലയാളം | 3 |
| 7 | സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം | ഇക്കണോമിക്സ് | 4 |
| 8 | എസ്.എൻ.കോളേജ്, കൊല്ലം | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 2 |

അനദ്ധ്യാപക തസ്തികകൾ

പുതിയ എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## സംഗീത വിഭാഗത്തിൽ ലക്ചറർ ഇൻ വോക്കൽ തസ്തികയിലെ ഒഴിവുകൾ

232 (5256) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസവകുപ്പിൽ സംഗീത വിഭാഗത്തിൽ ലക്ചറർ ഇൻ വോക്കൽ തസ്തികയിൽ 19-10-2017 ൽ വന്ന പി .എസ്.സി റാങ്ക് പട്ടിക പ്രകാരം എത്ര പേരെയാണ് ഇതുവരെ നിയമിച്ചതെന്ന് അറിയിക്കുമോ;

(ബി) പുതുതായി എത്ര ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടുണ്ട്; ഒഴിവുകൾ ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് പട്ടിക പ്രകാരം ആളുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19-10-2017-നുശേഷം ലക്ചറർ ഇൻ വോക്കൽ തസ്തികയിൽ ഒരു നോൺ ജോയിനിംഗ് ഉൾപ്പെടെ 14 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പുതുതായി ഒഴിവുകളില്ല.

## എയ്ഡഡ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളും തസ്തികകളും

233 (5257) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ എയ്ഡഡ് കോളജുകളിൽ പുതുതായി എത്ര കോഴ്സുകളാണ് അനുവദിച്ചിരുന്നതെന്നും ഏതെല്ലാം കോളേജുകളിലായി ഏതൊക്കെ കോഴ്സുകളാണ് അനുവദിച്ചിരുന്നതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കോഴ്സുകൾക്ക് ആവശ്യമായ അദ്ധ്യാപക തസ്തികകൾ പ്രസ്തുത കാലയളവിൽ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിക്കേണ്ടതായുള്ളത്;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 148 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലായി 234 കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) ഇല്ല; തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ എണ്ണം പരിശോധിച്ചുവരുന്നു.

## കോളേജ് അദ്ധ്യാപകരുടെ ശമ്പളം

234 (T5258) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. നിശ്ചയിച്ച പ്രകാരമുള്ള പുതിയ സ്കെയിലിലെ ശമ്പളം 2019 ഏപ്രിൽ മുതൽ സംസ്ഥാനത്തെ കോളേജധ്യാപകർക്ക് നൽകാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ആയത് നാളിതുവരെയും നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പരിഷ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നൽകിയ യു.ജി.സി. ഗ്രാന്റ് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ ശമ്പളവും നാളിതുവരെയുള്ള കുടിശ്ശികയും ചേർത്ത് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ ശമ്പളം ലഭ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് 29-6-2019-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 18/2019/ഉ.വി.വ, 30-9-2019-ലെ സ.ഉ.(പി)29/2019/ ഉ.വി.വ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ ശമ്പളം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ശമ്പള പരിഷ്കരണത്തിനായി കേന്ദ്രസർക്കാർ യു.ജി.സി. ഗ്രാന്റ് സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല.

(സി) 1-1-2016 മുതൽ 31-3-2019 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നതിന് വിധേയമായും സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുസരിച്ചും പിന്നീട് തീരുമാനമെടുക്കുന്നതാണെന്ന് ധനകാര്യവകുപ്പ് അറിയിച്ചിരുന്നു. പുതുക്കിയ ശമ്പളവും കുടിശ്ശികയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊമേഴ്സ് ലക്ചറർമാരുടെ ഒഴിവുകൾ

235 (5259) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ 2013-ൽ എം.കോം. അനുവദിച്ചതിന്റെ അടിസ്ഥാനത്തിലും അല്ലാതെയും കോളേജ് ലക്ചർമാരുടെ (കൊമേഴ്സ്) തസ്തിക അനുവദിച്ചിരുന്നോ; സർക്കാർ/ എയ്ഡഡ് കോളേജുകൾ ഉൾപ്പെടെ ഏതൊക്കെ കോളേജുകളിലാണ് തസ്തിക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടന്നിട്ടുണ്ടോ; എങ്കിൽ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) സർക്കാർ/ എയ്ഡഡ് കോളേജുകളിൽ നിലവിൽ എത്ര കൊമേഴ്സ് ലക്ചറർമാരുടെ ഒഴിവുകളുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കോളേജുകളിൽ 2013-ൽ എം.കോം അനുവദിച്ചതിന്റെ അടിസ്ഥാനത്തിലും അല്ലാതെയും കൊമേഴ്സ് തസ്തിക അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സർക്കാർ കോളേജുകൾ | | |
|---|---|---|
| 1 | ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം | 4 |
| 2 | ഗവൺമെന്റ് കോളേജ്, കോട്ടയം | 3 |
| 3 | ഗവൺമെന്റ് കോളേജ്, കട്ടപ്പന | 4 |
| 4 | മഹാരാജാസ് കോളേജ്, എറണാകുളം | 5 |
| 5 | ടി.എം.ഗവൺമെന്റ് കോളജ്, തിരൂർ | 4 |
| 6 | ഗവൺമെന്റ് കോളേജ്, കാസർഗോഡ് | 3 |
| 7 | ഗവൺമെന്റ് കോളേജ്, മാനന്തവാടി | 4 |
| 8 | ഗവൺമെന്റ് കോളേജ്, കോടഞ്ചേരി | 4 |
| 9 | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി | 4 |
| 10 | ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ | 5 |
| | ആകെ | 40 |

| എയ്ഡഡ് കോളേജുകൾ | | |
|---|---|---|
| 1 | എം.ജി. കോളേജ്, ഇരിട്ടി | 6 |
| 2 | സാന്തോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജ്, പാറശ്ശാല | 1 |
| | ആകെ | 7 |

(ബി) ഉണ്ട്. ഇരിട്ടി എം.ജി. കോളേജിലെ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ പ്രതിനിധിയെ നിയോഗിച്ചിട്ടുണ്ട്. സാന്തോം മലങ്കര കോളേജിൽ നിയമനം നടന്നിട്ടില്ല. സർക്കാർ കോളേജുകളിലെ നിയമനം സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സർക്കാർ കോളേജുകളിൽ നിലവിൽ കൊമേഴ്സ് ലക്ചറർമാരുടെ ഒഴിവുകളില്ല. എയ്ഡഡ് കോളേജുകളിലെ കൊമേഴ്സ് ലക്ചറർമാരുടെ നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലക്ചറർ ഇൻ കെമിസ്ട്രി റാങ്ക് ലിസ്റ്റ്

236 (5260) ശ്രീ. മാണി. സി. കാപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 586/2012 പ്രകാരമുള്ള ലക്ചറർ ഇൻ കെമിസ്ട്രി (Lecturer in Chemistry) തസ്തികയുടെ റാങ്ക് ലിസ്റ്റ് 2019 ഡിസംബർ മാസം കാലാവധി പൂർത്തിയാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 15-12-2016-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം 2016 ഡിസംബർ മുതൽ 2017 സെപ്തംബർ വരെ സ്റ്റേ ചെയ്തതുമൂലം കാര്യമായ നിയമനങ്ങൾ നടന്നിട്ടില്ലായെന്നത് പരിഗണിച്ച് നിലവിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പുതിയ നോട്ടിഫിക്കേഷൻ വിളിച്ചിട്ടില്ലാത്തതിനാലും പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിനുള്ള കാലവിളംബം പരിഗണിച്ചും പോസ്റ്റ് ക്രിയേഷനുള്ള പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് കിട്ടുന്നതിന് കാലതാമസം നേരിടുന്നതിനാലും നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കെമിസ്ട്രി വിഭാഗത്തിലെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കോളേജുകളിൽ പുതിയതായി സൃഷ്ടിച്ച തസ്തികകൾ

237 (5261) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ കോളേജുകളിൽ പുതിയതായി എത്ര തസ്തികകൾ (ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ്) ഏതൊക്കെ വിഭാഗത്തിൽ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എയ്ഡഡ് കോളേജുകളിലെ തസ്തികകൾക്ക് നിയമന സാധൂകരണം ഏതൊക്കെ കോളേജുകളിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ കോളേജുകളിൽ പുതിയതായി സൃഷ്ടിച്ച തസ്തികകൾ (ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ്) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എയ്ഡഡ് കോളേജുകളിൽ സർക്കാർ അനുവദിച്ചുനൽകിയ തസ്തികകളിൽ യൂണിവേഴ്സിറ്റി നിയമന സാധൂകരണം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

**കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ**

238 (5262) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണം വിഷയം തിരിച്ച് നൽകാമോ;

(ബി) ഈ തസ്തികകൾ ഏതെല്ലാം കോളേജുകളിലാണ് അനുവദിച്ചത് എന്നതിന്റെ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് സർക്കാർ / എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക - വിദ്യാർത്ഥി റേഷ്യോ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് ആനുപാതികമായുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത കോളേജുകളിൽ മലയാള അദ്ധ്യാപകരായി എത്ര ഗസ്റ്റ് ലക്ചറർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇവർ ജോലി ചെയ്യുന്ന തസ്തികകൾ സ്ഥിരം തസ്തികളാക്കി മാറ്റി പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/എയ്ഡഡ് കോളേജുകളിൽ അനുവദിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണം വിഷയം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ തസ്തികകൾ എതെല്ലാം കോളേജുകളിലാണ് അനുവദിച്ചത് എന്നതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി റേഷ്യോ എന്ന സംവിധാനം നിലവിലില്ല. സർക്കാർ/എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് യു.ജി.സി. മാനദണ്ഡപ്രകാരം വിഷയാടിസ്ഥാനത്തിലുള്ള വർക്ക് ലോഡിന്റെ അടിസ്ഥാനത്തിലാണ്.

(ഇ) സർക്കാർ/എയ്ഡഡ് കോളേജുകളിൽ മലയാള വിഭാഗത്തിൽ 39 ഗസ്റ്റ് അദ്ധ്യാപകർ ഉണ്ട്.

(എഫ്) വിവിധ സർക്കാർ കോളേജുകളിൽ മലയാള വിഭാഗത്തിൽ 18 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരശോധിച്ചുവരുന്നു. എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ല നടത്തുന്നത്.

**സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ**

239 (5263) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലെ സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) സർവ്വകലാശാലകളിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) പാലിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കേരള സർവ്വകലാശാല

ആക്ട് നമ്പർ 26/2014 പ്രകാരം 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ),(ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും പാലിച്ച് എല്ലാ വകുപ്പുകളെയും ഒറ്റ യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം പാലിക്കുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

കെ.എസ്.ആർ. പ്രകാരം

കണ്ണൂർ സർവ്വകലാശാല

കെ.എസ്.എസ്.ആർ./പി.എസ്.സി. പ്രകാരം

മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, 1997 അദ്ധ്യായം 3 പ്രകാരം വിവിധ പഠനവകുപ്പുകളിലേക്കുള്ള അദ്ധ്യാപക നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

കെ.എസ്. & എസ്.എസ്.ആർ. പ്രകാരം

കാലിക്കറ്റ് സർവ്വകലാശാല

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

സർക്കാർ പ്രതിപാദിക്കുന്ന സംവരണ തത്വപ്രകാരം

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

സംസ്ഥാന സർക്കാർ നിബന്ധനകൾക്കനുസൃതമായ സംവരണ തത്വപ്രകാരം

(സി) ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കേരള സർവ്വകലാശാല

വിവിധ വകുപ്പുകളിലായി അസിസ്റ്റന്റ് പ്രൊഫസർമാരുടെ 61 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 44 ഒഴിവുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

നിലവിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറുടെ ഒഴിവുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

വിവിധ പഠന വകുപ്പുകളിലായി അസിസ്റ്റന്റ് പ്രൊഫസർമാരുടെ 46 ഒഴിവുകളുണ്ട്. 31-8-2019-ലെ സർവ്വകലാശാല വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

മൂന്ന് ഒഴിവുകളുണ്ട്. (ഓപ്പൺ-2, ഒ.ബി.സി. സംവരണം-1)

കണ്ണൂർ സർവ്വകലാശാല

വിവിധ പഠന വകുപ്പുകളിലായി നിലവിൽ 18 അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകളുണ്ട്. അതിൽ സർക്കാർ ഉത്തരവുപ്രകാരം നിർത്തലാക്കിയ ഹെൽത്ത് സയൻസ് പഠനവകുപ്പിലെ ഒരു അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തിക ഒഴിച്ച് ബാക്കിയുള്ള 17 ഒഴിവുകളും പ്രസിദ്ധപ്പെടുത്തിക്കൊണ്ട് സർവ്വകലാശാല 3-10-2019-ന് വിജ്ഞാപനമിറക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല

ആകെ 7 ഒഴിവുകളാണ് സ്റ്റാറ്റ്യൂട്ടറി വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഇപ്പോൾ നിലവിലുള്ളത്.

1. School of Computer Sciences - 1
2. School of Indian Legal Thought - 2
3. School of Social Sciences - 1
4. School of Pure and Applied Physics - 1
5. School of Pedagogical Sciences - 1
6. School of Chemical Sciences - 1

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 62 ഒഴിവുകളുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനായി പരസ്യപ്പെടുത്തിയിട്ടുണ്ട് (Notification No. Ad.D2/136/Notif/2018(1) dated 22-10-2019).

കാലിക്കറ്റ് സർവ്വകലാശാല

ഡിപ്പാർട്ടുമെന്റ് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | Arabic | 2 |
| 2 | Botany | 4 |
| 3 | Chemistry | 4 |
| 4 | Commerce | 3 |
| 5 | Computer Science | 1 |
| 6 | Economics | 4 |
| 7 | Education | 2 |

| | | |
|---|---|---|
| 8 | English | 1 |
| 9 | Hindi | 2 |
| 10 | History | 2 |
| 11 | Journalism & Mass Communication | 2 |
| 12 | Library & Information Sciences | 1 |
| 13 | Malayalam & Kerala Studies | 3 |
| 14 | Mathematics | 2 |
| 15 | Nano Science & Technology | 2 |
| 16 | Physics | 1 |
| 17 | Philosophy | 4 |
| 18 | Psychology | 4 |
| 19 | Russian & Comparative Literature (Conversation of three posts under the consideration of the syndicate) | 4 |
| 20 | Sanskrit | 3 |
| 21 | School of Drama & Fine arts | 5 |
| 22 | Statistics | 2 |
| 23 | Zoology | 3 |

**ചോദ്യപേപ്പറിൽ തീയതി മാറ്റി പരീക്ഷ നടത്തിയെന്ന ആക്ഷേപം**

240 (5264) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജിൽ എം.എ.- ഇക്കണോമിക്സ് ക്രെഡിറ്റ് ആന്റ് സെമസ്റ്ററിൽ മാക്രോ ഇക്കണോമിക്സ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ കഴിഞ്ഞ വർഷത്തെ ചോദ്യ പേപ്പറിൽ തീയതി മാത്രം മാറ്റി ഈ വർഷം നടന്ന പരീക്ഷക്ക് നൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയത് ;

(സി) പരീക്ഷാ സമ്പ്രദായത്തെ തന്നെ നോക്കുകുത്തിയാക്കുന്ന അത്തരം കാര്യങ്ങൾ ഗൗരവത്തോടെ കാണുന്നതിനും തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിനാണ് ചുമതല നൽകിയത്.

(സി) CSS Academic Committee-യിൽ ചർച്ച ചെയ്ത് പരീക്ഷ റദ്ദ് ചെയ്യുകയും മറ്റൊരു തീയതിയിൽ പുനഃപരീക്ഷ നടത്താനും തീരുമാനിച്ചിട്ടുണ്ട്. കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രോ വൈസ് ചാൻസലറെ കേരള സർവ്വകലാശാല ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പരീക്ഷാ ക്രമക്കേടുകളിൽ യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഉള്ള പങ്ക്

241 (5265) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ്സിലെ പ്രതിയുടെ വീട്ടിൽ നിന്നും പരീക്ഷ എഴുതാനുപയോഗിക്കുന്ന ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സംഭവത്തിൽ യൂണിവേഴ്സിറ്റി തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എന്തൊക്കെയാണ് പ്രസ്തുത അന്വേഷണത്തിൽ വെളിവായതെന്ന് അറിയിക്കാമോ;

(ബി) പരീക്ഷ ക്രമക്കേടുകളിൽ യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഭാവിയിൽ യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷ കേന്ദ്രം അനുവദിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സർവ്വകലാശാല പരീക്ഷാനടത്തിപ്പിനായി നൽകുന്ന അതീവ സുരക്ഷയോടെ സൂക്ഷിക്കേണ്ട ഉത്തരക്കടലാസുകൾ അശ്രദ്ധയോടെ കൈകാര്യം ചെയ്തതായും പരീക്ഷാമാന്വലിനു വിരുദ്ധമായി പ്രവർത്തിച്ചതായും കേരള സർവ്വകലാശാല നിയോഗിച്ച ഉപസമിതി കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരള സർവ്വകലാശാലയുടെ കത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ യൂണിവേഴ്സിറ്റി കോളേജിലെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം തേടിയിട്ടുണ്ട്.

(സി) നിലവിൽ കേരള സർവ്വകലാശാല അത്തരത്തിലൊരു തീരുമാനമെടുത്തിട്ടില്ല.

## കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ തസ്തിക സൃഷ്ടിക്കൽ

242 (T5266) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവ. കോളേജിൽ പി.ജി. കോഴ്സുകൾക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കാത്തതിനാൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ നിന്നും പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസലൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

## പട്ടാമ്പി സംസ്കൃത കോളേജ് സയൻസ് ബ്ലോക്ക് നിർമ്മാണം

243 (5267) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി സംസ്കൃത കോളേജ് സയൻസ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ തീയതികൾ സഹിതം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതിയുടെ സ്റ്റേജ് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; ഇതിന്റെ രൂപരേഖകളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും ഇതിനായി പല ഘട്ടങ്ങളിലായി അനുവദിച്ചിട്ടുള്ള തുക ഓരോന്നും അതിന്റെ വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ)

1. പുതിയതായി നിർമ്മാണത്തിലിരിക്കുന്ന സയൻസ് ബ്ലോക്കിന്റെ വൈദ്യുതീകരണത്തിനുവേണ്ടി 256 ലക്ഷം രൂപ 3-9-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1624/2018/ഉ.വി.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടുപയോഗിച്ച് വൈദ്യുതീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

2. 16-7-2019-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1203/2019/ഉ.വി.വ.അനുസരിച്ച് പ്രസ്തുത ബ്ലോക്കിന്റെ ബാക്കി നിൽക്കുന്നതും കൂട്ടിച്ചേർക്കപ്പെട്ടതുമായ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി 2019-20 ആന്വൽ പദ്ധതി പ്രകാരം 300 ലക്ഷം രൂപ അനുവദിച്ചു. ടി തുകയ്ക്കുള്ള പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സെലക്ഷൻ നോട്ടീസ് കോൺട്രാക്ടർക്ക് കൈമാറി. എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെട്ടിടത്തിന്റെ രൂപരേഖയിലും തച്ചശാസ്ത്രത്തിലും മാറ്റങ്ങൾ വന്നതുകൊണ്ട് ടെണ്ടർ നടപടികൾക്കുശേഷമുള്ള കരാർ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(സി) മൂന്ന് തവണകളായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്.

1. 21-2-2012-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1226/2012/ഉ.വി.വ. പ്രകാരം സയൻസ് ബ്ലോക്കിന്റെ നിർമ്മാണത്തിനുവേണ്ടി 30.30 കോടി രൂപ അനുവദിച്ചു. നിർമ്മാണപ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

2. 3-9-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1624/2018/ഉ.വി.വ. പ്രകാരം വൈദ്യുതീകരണത്തിനുവേണ്ടി 256 ലക്ഷം രൂപ അനുവദിച്ചു. വൈദ്യുതീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

3. 16-7-2019-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1203/2019/ഉ.വി.വ. പ്രകാരം പ്രസ്തുത ബ്ലോക്കിന്റെ ബാക്കി നിൽക്കുന്നതും കൂട്ടിച്ചേർക്കപ്പെട്ടതുമായ നിർമ്മാണപ്രവർത്തനങ്ങൾക്ക് 2019-20 സാമ്പത്തികവർഷം 300 ലക്ഷം രൂപ അനുവദിച്ചു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് കോൺട്രാക്ടർക്ക് കൈമാറി. എഗ്രിമെന്റ് നടപടികൾ പൂർത്തിയായിവരുന്നു.

## വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്

244 (5268) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പാൾ തസ്തിക അനുവദിക്കാത്തത് കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തിക അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിന്റെ നവീകരണം

245 (5269) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതലകൾ ആർക്കാണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 21-11-2018-ന് വർക്ക് ഓർഡർ നൽകുകയും 19-01-2019-ന് കരാർ ഒപ്പുവയ്ക്കുകയും 16-5-2019-ന് സൈറ്റ് ലഭ്യമാക്കുകയും ചെയ്തുവെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾകാരണം തുടർന്ന് പ്രോജക്ടിന്റെ രൂപഘടനയിൽ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്.

(ബി) കൈറ്റിനാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്.

(സി) Gents Hostel കെട്ടിടത്തിന് നിശ്ചയിച്ചിരുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുള്ളതായി കൈറ്റ് അധികൃതർ റിപ്പോർട്ട് ചെയ്യുകയും പകരം കണ്ടെത്തിയ സ്ഥലത്ത് നിൽക്കുന്ന 46 മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതി വനം വകുപ്പിനോട് തേടിയിട്ടുള്ളതാണ്. സാങ്കേതികതടസ്സങ്ങൾ കാരണം പ്രോജക്റ്റിന്റെ രൂപഘടനയിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്.

## തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവം

246 (5270) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ പീഡനത്തെത്തുടർന്ന് ഒരു വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തിൽ വകുപ്പ് അന്വേഷണം നടത്തിയിരുന്നോ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കോളേജിയറ്റ് എഡ്യൂക്കേഷണൽ ഡയറക്ടർ നൽകിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നടത്തിയിരുന്നു. കോളേജ് യൂണിയൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രോഗ്രാമുകൾ അല്ലാതെയുള്ളവ പരമാവധി ഒഴിവാക്കണമെന്നും റെഗുലർ ക്ലാസ്സ് സമയത്തുള്ള യൂണിയൻ പ്രവർത്തനങ്ങൾ, ഡിപ്പാർട്ട്മെന്റ് മീറ്റിംഗുകൾ എന്നിവ ഒഴിവാക്കണമെന്നും അന്വേഷണ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ടി അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ വൈകിയിതുമൂലവും, പ്രളയം ബാധിച്ചതുമൂലവും മതിയായ അദ്ധ്യയന ദിനങ്ങൾ ലഭ്യമായില്ല എന്നും ആയത് പരിഹരിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു. ബയോമെട്രിക് പഞ്ചിംഗ് സ്റ്റേറ്റ്മെന്റും അറ്റൻഡൻസ് രജിസ്റ്ററും പരിശോധിച്ച് അദ്ധ്യാപകരുടെ സേവനങ്ങൾ വിലയിരുത്തിയിരുന്നു. 9.30-3.30 വരെയുള്ള സമയങ്ങളിൽ ക്ലാസ്സിൽ നിന്ന് കുട്ടികളെ ഇറക്കി മറ്റു പരിപാടികൾക്കായി കൊണ്ടുപോകുന്നത് അവസാനിപ്പിക്കണം. പ്രക്ഷോഭങ്ങളോ സമരപരിപാടികളോ മുൻകൂർ നോട്ടീസില്ലാതെ നടത്താൻ പാടില്ല. സംഘടനാപ്രവർത്തനങ്ങൾക്കായി ക്ലാസ്സുമുറികൾ ഉപയോഗിക്കാൻ പാടില്ല. കോളേജ് യൂണിയൻ നടത്തുന്ന

പരിപാടികൾ മാസത്തിൽ രണ്ടായി നിജപ്പെടുത്താവുന്നതാണ്. പരിപാടികൾ കൃത്യമായും സമയബന്ധിതവുമായി സംഘടിപ്പിക്കുകയും അവ അദ്ധ്യയനത്തെ ബാധിക്കാത്ത രീതിയിൽ നടത്തേണ്ടതുമാണ്. ഓരോ സെമസ്റ്ററിലും നടത്തേണ്ട യൂണിയൻ പരിപാടികളുടെ എണ്ണം നിജപ്പെടുത്തേണ്ടതാണ്. ഓണം, ക്രിസ്തുമസ് മുതലായ ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ട നടത്തുന്ന പരിപാടികൾ ഒരു ദിവസമായി ചുരുക്കേണ്ടതാണ്. സാഹിത്യ പ്രവർത്തനങ്ങൾ, സംവാദങ്ങൾ, കലാപ്രവർത്തനങ്ങൾ സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് ചുരുങ്ങിയത് അഞ്ചുദിവസങ്ങൾക്ക് മുൻപായി പ്രിൻസിപ്പാളിൽ നിന്ന് അനുവാദം വാങ്ങിയിരിക്കണം. യൂണിവേഴ്സിറ്റിയുടെ അക്കാദമിക കലണ്ടർ മാതൃകയിൽ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലും അക്കാദമിക കലണ്ടർ തയ്യാറാക്കേണ്ടതും അതിൻപ്രകാരം ജൂൺ 1 മുതൽ മാർച്ച് 31 വരെയുള്ള അക്കാദമികവും അല്ലാത്തതുമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. സിലബസ്/മൊഡ്യൂൾ പ്രകാരം അദ്ധ്യാപകർ ഓരോ മാസത്തിലും പൂർത്തീകരിക്കേണ്ട പാഠഭാഗങ്ങൾ ഡിപ്പാർട്ട്മെന്റ് കൗൺസിൽ വിലയിരുത്തേണ്ടതും അവ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വകുപ്പ് അദ്ധ്യക്ഷൻ ഉറപ്പുവരുത്തേണ്ടതുമാണ്. അദ്ധ്യാപകൻ ടീച്ചേഴ്സ് ഡയറിയും ലോഗ് ബുക്കും സൂക്ഷിക്കേണ്ടതാണ്. ഇന്റേണൽ പരീക്ഷ നടത്തുന്ന വിവരം 7 ദിവസങ്ങൾക്കുമൻപേ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(സി) വകുപ്പുതല ശിപാർശകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഓരോന്നായി നടപ്പിലാക്കിവരുന്നു.

ടി സംഭവവുമായി ബന്ധപ്പെട്ട് അദ്ധ്യാപകരുടെ ഭാഗത്തുള്ള വീഴ്ച വിശകലനം ചെയ്യവേ അദ്ധ്യാപകരുടെ ബയോമെട്രിക് ഹാജർനില പരിശോധിക്കുകയും കൃത്യവിലോപം തെളിഞ്ഞ കേസുകളിൽ അദ്ധ്യാപകർക്ക് മെമ്മോ നൽകുകയും വിശദീകരണം ആവശ്യപ്പെടുകയും സ്ഥലംമാറ്റം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നേരിട്ട് പരാതി സമർപ്പിക്കാവുന്ന Higher Education Minister's Students Grievance Redressal Portal വകുപ്പ് ആരംഭിച്ചിട്ടുണ്ട്. യൂണിയൻ ഓഫീസായി പ്രവർത്തിച്ചിരുന്ന മുറി നിലവിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ റിസർച്ച്-കം-ലൈബ്രറി ആയി മാറ്റിയിട്ടുണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിതപ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തിക വർഷം "Jeevani- College Mental Awareness Programme" എന്ന പദ്ധതി എല്ലാ സർക്കാർ കോളേജുകളിലും ആവിഷ്കരിച്ചിട്ടുണ്ട്. ആയതിനുള്ള നിർദ്ദേശം എല്ലാ സർക്കാർ കോളേജുകൾക്കും നൽകുകയും ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ കോളേജുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി കോളേജുകളിൽ സൈക്കോളജിയിൽ ബിരുദാനന്തരബിരുദം പൂർത്തിയാക്കിയ

ക്ലിനിക്കൽ എക്സ്പീരിയൻസ് ഉള്ള വിദ്യാർത്ഥികളെ ജീവനി അപ്രന്റീസ്മാരായി താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് മൂന്ന് ദിവസത്തെ പരിശീലനപരിപാടി കോളേജിൽ വച്ച് നടത്തുകയുണ്ടായി.

## സ്വാശ്രയ മേഖലയിൽ കൂടുതൽ ലാ കോളേജുകൾ

247 (5271)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ലോ കോളേജുകൾ സ്വാശ്രയമേഖലയിൽ തുടങ്ങുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും ഇതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് പന്തളം വെട്ടൂരിൽ ലാ കോളേജ് ആരംഭിക്കുവൻ അപേക്ഷ നൽകിയിട്ടുണ്ടോ; പ്രസ്തുത അപേക്ഷ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കൂടുതൽ ലാ കോളേജുകൾ സ്വാശ്രയ മേഖലയിൽ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) സ്വാശ്രയ മേഖലയിൽ പുതിയ ലാ കോളേജുകൾ തുടങ്ങുന്നതിന് താഴെ പറയുന്ന വിദ്യാഭ്യാസ ഏജൻസികൾ ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

1. Indira Gandhi Memorial Trust, Nellikuzhi.P.O., Kothamangalam
2. APJ Abdul Kalam Foundation, Chithara.P.O, Kollam
3. St. Dominic's College Trust, Kanjirappally, Kottayam
4. Co-Operative Academy of Professional Education (CAPE), Thiruvananthapuram
5. Centre for Professional & Advanced Studies (CPAS), Kottayam
6. Travancore Devasom Board, Thiruvanathapuram
7. മെറ്റ്കോ കോളേജ് ഓഫ് ലാ (Muslim Educatin Trust for Coastal Area)

(സി) 2019-20 അദ്ധ്യയനവർഷം സ്വാശ്രയമേഖലയിൽ പുതിയ ലാ കോളേജ് (വെട്ടൂർ, പന്തളം) ആരംഭിക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അനുവാദം നൽകിയിട്ടില്ല.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച

248 (5272) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല്പതുശതമാനത്തിൽ കുറവ് വിജയശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടണമെന്ന് കേരള ഹൈക്കോടതി നിരീക്ഷണം നടത്തിയിട്ടുണ്ടോ;

(ബി) ഗുണനിലവാര പ്രശ്നം പഠിക്കുവാനായി പ്രൊഫ. എൻ. വിജയകുമാരനെ കൺവീനറാക്കി സമിതി രൂപീകരിച്ചിരുന്നോ; സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-ൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല രൂപീകരിച്ചതിനുശേഷം സ്വാശ്രയ കോളേജുകളിലെ വിജയശതമാനം സംബന്ധിച്ച് ഹൈക്കോടതി നിരീക്ഷണം ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(ബി&സി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല രൂപീകരണത്തിനുശേഷം ഇങ്ങനെയൊരു സമിതി രൂപീകരിച്ചിട്ടില്ല.

## നിയമ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

249 (5273) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ സർക്കാർ-എയ്ഡഡ്-സ്വാശ്രയ-സഹകരണ മേഖലയിൽ എത്ര ലാ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതു വഴി എത്ര വിദ്യാർത്ഥികൾക്ക് നിയമ പഠന സൗകര്യങ്ങൾ ലഭ്യമാണ്; വിശദാംശം വെളിപ്പെടുത്താമോ;

(സി) കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിനായി സർക്കാർ ലോ കോളേജുകളിൽ കൂടുതൽ സീറ്റുകളുള്ള ബാച്ചുകൾ അനുവദിക്കുന്നതിനും, എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ഗവ. ലാ കോളേജിൽ നിയമ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷത്തെയും പ്ലാൻ ഫണ്ട് ഉപയോഗിച്ച് ലൈബ്രറി, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, മൂട്ട് കോർട്ട് ഹാൾ, മിനി സെമിനാർ ഹാൾ, ഓഡിറ്റോറിയം, പരീക്ഷാ ഹാൾ എന്നിവയുടെ നവീകരണം നടത്തിവരുന്നു. ക്രിമിനൽ ലാ, മെഡിക്കൽ ലാ, ഗവേണൻസ് പോളിസി സ്റ്റഡീസ് എന്നീ സെന്ററുകൾ മുഖേന ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തിവരുന്നു. കൂടാതെ മൂട്ട് കോർട്ട് മത്സരങ്ങൾ, അദാലത്തുകൾ, ട്രയൽ അഡ്വക്കസി മത്സരങ്ങളും നടത്തി വരുന്നുണ്ട്. ലൈബ്രറിയിൽ ഓരോ വർഷവും ആവശ്യമായ പുസ്തകങ്ങളും ജേണലുകളും ലഭ്യമാക്കിവരുന്നുണ്ട്.

നിയമപഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം സർക്കാർ ലാ കോളേജിന് ശരാശരി 1.5 കോടി രൂപ എല്ലാ സാമ്പത്തിക വർഷവും അനുവദിക്കുന്നുണ്ട്. ആയതുപയോഗിച്ച് 5 ലക്ഷത്തിൽപ്പരം രൂപയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുകയും അക്കാഡമിക് പരിപാടികളായ ദേശീയ മൂട്ട് കോർട്ട് മത്സരം, എ.ഡി.ആർ. മത്സരം, സെമിനാറുകൾ, സിമ്പോസിയങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. 170-ഓളം പെൺകുട്ടികൾ താമസിക്കുന്ന കോളേജ് വനിതാ ഹോസ്റ്റലിലെ എല്ലാവിധ അറ്റകുറ്റപ്പണികളും മറ്റ് വേണ്ട സാധനങ്ങളും പദ്ധതിവിഹിതം ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ കഴിഞ്ഞ വർഷം കോളേജിലെ ഹെറിറ്റേജിന് സമാനമായ ബാർട്ടൺ ബംഗ്ലാവ് പുനരുദ്ധാരണം പണി തീർന്നുവരുന്നു. ലാ കോളേജിനായി മൂട്ട് കോർട്ട് ഹാൾ സജ്ജമാക്കാൻ സാധിച്ചു. കൂടാതെ കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും സ്ഥാപിക്കുവാനും വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം, ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് എന്നിവ സ്ഥാപിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

തൃശ്ശൂർ സർക്കാർ ലാ കോളേജിൽ അക്കാദമിക് ആക്ടിവിറ്റീസ് ആയി മൂട്ട് കോർട്ട് കോമ്പറ്റീഷനും ഇന്റർനാഷണൽ സെമിനാറുകളും നടത്തുന്നുണ്ട്. പ്രസ്തുത കോളേജിൽ ആകെ 12 ക്ലാസ്സ് റൂമുകളും ലേഡീസ് അമിനിറ്റി സെന്റർ, എക്സാം ഹാൾ, ആഡിറ്റോറിയം എന്നിവയുമുണ്ട്.

പ്രസ്തുത കോളേജ് ലൈബ്രറിയിൽ ഏകദേശം 36530 പുസ്തകങ്ങളും 4 ഓൺലൈൻ മാഗസിനുകളും ഉണ്ട്. സൈബർ സ്റ്റേഷനിൽ 21 കമ്പ്യൂട്ടറുകളും സജ്ജീകരിച്ചിട്ടുണ്ട്.

കോഴിക്കോട് സർക്കാർ ലാ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓഡിയോ വിഷ്വൽ ഉപകരണങ്ങളുടെ സഹായത്തോടെ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങളുണ്ട്. സെമിനാർ, വർക്ക്ഷോപ്പ് എന്നിവ നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും പരീക്ഷ കുറ്റമറ്റതാക്കുന്നതിനും ക്ലാസ്സുകൾ മുടങ്ങാതെ പരീക്ഷ നടത്തുന്നതിനും സൗകര്യങ്ങളുണ്ട്. കൂടാതെ ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുമുണ്ട്. വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനായി കമ്പ്യൂട്ടർ ലാബ്, വിദൂര ദേശങ്ങളിലുള്ള വിദ്യാർത്ഥികളുടെ സൗകര്യത്തിനായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മിതമായ ചെലവിൽ ഹോസ്റ്റൽ സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ലൈബ്രറിയിൽ ഓൺലൈൻ റിസോഴ്സ് ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്. കൂടാതെ സ്വാശ്രയ മേഖലയിലും 20 ലാ കോളേജുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. കളമശ്ശേരിയിലുള്ള National University of Advanced Legal Studies (NUALS) മുഖേനയും LL.B, LL.M, Ph.D, ഡിപ്ലോമ കോഴ്സുകൾ നടത്തിവരുന്നുണ്ട്. സർക്കാരിൽനിന്നും ലഭിക്കുന്ന പ്ലാൻ ഫണ്ട് വിനിയോഗിച്ച് National University of Advanced Legal Studies ക്യാമ്പസ് വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) നിലവിൽ സർക്കാർ മേഖലയിൽ 4 ലാ കോളേജുകളും സ്വാശ്രയ മേഖലയിൽ 20 ലാ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ലാ കോളേജുകളിൽ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിന് 320 വിദ്യാർത്ഥികൾക്കും ത്രിവത്സര എൽ.എൽ.ബി. കോഴ്സിന് 400 വിദ്യാർത്ഥികൾക്കും സ്വാശ്രയ ലാ കോളേജുകളിൽ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിന് 2070 വിദ്യാർത്ഥികൾക്കും ത്രിവത്സര എൽ.എൽ.ബി. കോഴ്സിന് 450 വിദ്യാർത്ഥികൾക്കും പഠന സൗകര്യം ലഭ്യമാണ്. കൊച്ചി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ എൽ.എൽ.ബി.-ക്ക് 452 വിദ്യാർത്ഥികളും എൽ.എൽ.എം.-ന് 38 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. കൂടാതെ പി.എച്ച്.ഡി., ഡിപ്ലോമ കോഴ്സുകളും നൽകുന്നുണ്ട്. എയ്ഡഡ് സഹകരണ മേഖലയിൽ ലാ കോളേജുകൾ അനുവദിച്ചുനൽകിയിട്ടില്ല.

(സി) ഒരു ബാച്ചിൽ 60 കുട്ടികളെ ഉൾപ്പെടുത്തി എൽ.എൽ.ബി. ക്ലാസ്സ് നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കൂടുതൽ വിദ്യാർത്ഥികൾക്ക് നിയമപഠനം സാധ്യമാക്കുന്നതിനായി സർക്കാർ ലാ കോളേജുകളിൽ പഞ്ചവത്സര എൽ.എൽ.ബി.-ക്ക് 80 വിദ്യാർത്ഥികളും ത്രിവത്സര എൽ.എൽ.ബി.-ക്ക് 100 വിദ്യാർത്ഥികളും അടങ്ങുന്ന ബാച്ചുകൾക്കാണ് നിലവിൽ പ്രവേശനം നൽകിവരുന്നത്. എയ്ഡഡ് മേഖലയിൽ പുതിയ ലാ കോളേജ് ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

## ചെങ്ങന്നൂരിൽ കേരള യൂണിവേഴ്സിറ്റിയുടെ മേഖലാ ആഫീസും ഇൻഫർമേഷൻ സെന്ററും

250 (5274) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ കിഴക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ചെങ്ങന്നൂരിൽ രണ്ട് യു.ഐ.റ്റി.-കളും എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ നിരവധി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് ജില്ലാ ആഫീസുമായി ബന്ധപ്പെടുന്നതിന് വളരെ കഷ്ടപ്പെടേണ്ടിയിരിക്കുന്ന സാഹചര്യത്തിൽ കേരള യൂണിവേഴ്സിറ്റിയുടെ മേഖല ആഫീസും ഇൻഫർമേഷൻ സെന്ററും ചെങ്ങന്നൂരിൽ ആരംഭിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെങ്ങന്നൂരിൽ നിന്നും 10 കിലോമീറ്റർ മാത്രം അകലെയായ പന്തളത്ത് യൂണിവേഴ്സിറ്റിയുടെ ഒരു ഡിസ്ട്രിക്ട് ഇൻഫർമേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും അവിടെ നിന്നും ലഭ്യമാണ്.

## ഫയലിന്മേൽ സ്വീകരിച്ച നടപടി

251 (5275) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ A1-22967/19 ഫയലിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറും സർക്കാരും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ B3/124/2019 ഫയലിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറും സർക്കാരും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ A1-22967/19 നമ്പർ ഫയൽ പ്രകാരം ലഭ്യമാക്കിയ വിവിധ കോളേജുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ എഫ്2/247/2019/ഉ.വി.വ. ഫയൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വിവിധ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ B3/124/2019 നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ എക്സാമിനേഷൻ മാനേജ്മെന്റ് കമ്മിറ്റി

252 (5276) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ എക്സാമിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ; കമ്മിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണ്;

(ബി) ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഏത് തലത്തിൽ നിന്നാണ് ഉണ്ടായത്;

(സി) സിൻഡിക്കേറ്റിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കാമോ :

(ഡി) ഇപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുവാൻ യൂണിവേഴ്സിറ്റിയുടെ പ്രോ വൈസ് ചാൻസലർ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ വി.സി.-ക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇത്തരം ഒരു നിർദ്ദേശം നൽകുന്നതിന് പ്രോ വൈസ് ചാൻസലർക്ക് അധികാരം ഉണ്ടോ എന്നറിയിക്കാമോ;

(ഇ) സ്വയംഭരണ സ്ഥാപനമായ യൂണിവേഴ്സിറ്റിയുടെ പരീക്ഷാ നടത്തിപ്പ് തുടങ്ങിയ കാര്യങ്ങളിൽ ഇടപെടാൻ പ്രോ വൈസ് ചാൻസലർക്ക് ഏത് നിയമപ്രകാരമാണ് അധികാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 24-6-2017-ൽ വൈസ് ചാൻസലർ ആയിരുന്ന ഡോ. കുഞ്ചറിയ പി. ഐസക്കിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അക്കാഡമിക് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രോ വൈസ് ചാൻസലർ ചെയർമാനും കൺട്രോളർ ഓഫ് എക്സാമിനേഷൻസ് കൺവീനറും ഡീൻ അക്കാഡമിക്, ഡീൻ റിസർച്ച്, രജിസ്ട്രാർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി രൂപീകരിക്കാനാണ് തീരുമാനിച്ചത്. ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടും ഫലപ്രഖ്യാപനത്തിലെ കാലതാമസത്തെക്കുറിച്ചുമെല്ലാം വ്യാപകമായ പരാതികൾ ഉയർന്നുവന്നതിനെ തുടർന്ന് പരീക്ഷാ സംബന്ധമായ കാര്യങ്ങളിൽ കൺട്രോളർ ഓഫ് എക്സാമിനേഷൻസിന് സാധ്യമായ പരമാവധി സഹായം നൽകുവാൻ വേണ്ടിയാണ് ഈ കമ്മിറ്റി രൂപീകരിച്ചത്.

(ബി) 24-6-2017-ൽ വൈസ് ചാൻസലർ ആയിരുന്ന ഡോ. കുഞ്ചറിയ പി. ഐസക്കിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അക്കാഡമിക് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ഈ കമ്മിറ്റി രൂപീകരിച്ചത്.

(സി) സിൻഡിക്കേറ്റിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ല. അക്കാഡമിക് കമ്മിറ്റി എടുത്ത തീരുമാനമായതിനാലും സിൻഡിക്കേറ്റിൽ ചർച്ച ചെയ്യണമെന്ന് അക്കാഡമിക് കമ്മിറ്റി നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും സിൻഡിക്കേറ്റിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ല.

(ഡി) ഇല്ല. വൈസ് ചാൻസലർക്ക് നിർദ്ദേശം നൽകുന്നതിന് പ്രോ വൈസ് ചാൻസലർക്ക് അധികാരമില്ല.

(ഇ) യൂണിവേഴ്സിറ്റിയുടെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള ഏതു കാര്യങ്ങളിലും വൈസ് ചാൻസലറുടെ അനുവാദത്തോടെ ഇടപെടാൻ സർവ്വകലാശാല ആക്ട് പ്രകാരം പ്രോ വൈസ് ചാൻസലർക്ക് അധികാരമുണ്ട്.

**സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി**

253 (5277) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ബിരുദ ക്ലാസ്സുകളിൽ അഡ്മിഷൻ എടുക്കാതെ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുമ്പോൾ മറുഭാഗത്ത് അഡ്മിഷൻ എടുത്ത കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ ;

(ബി) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ എന്തുകൊണ്ടാണ് ഇപ്രകാരം ഒരു പ്രതിസന്ധി ഉണ്ടായതെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ, പരിശോധനയോ നടത്തിയിട്ടുണ്ടോ ;

(സി) സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ വാണിജ്യവൽക്കരണം ഈ മേഖലയുടെ തകർച്ചക്ക് ആക്കം കൂട്ടി എന്ന ആക്ഷേപം വസ്തുതാപരമാണോ ;

(ഡി) സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ അനുഭവപ്പെടുന്ന വളർച്ചാ മുരടിപ്പും അതുമൂലമുള്ള തൊഴിലില്ലായ്മയും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ അനാകർഷകമാക്കിയ സാഹചര്യം സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ ;

(ഇ) എങ്കിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തൊക്കെ ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ മികച്ച കോളേജുകളിൽ വിദ്യാർത്ഥി ദൗർലഭ്യമില്ല. എന്നാൽ അക്കാദമികമായി ദുർബലമായ കോളേജുകളിൽ കുട്ടികൾ കുറയുന്നതായി കാണുന്നു. കൂടാതെ എഞ്ചിനീയറിംഗ് അഡ്മിഷൻ തേടുന്ന കുട്ടികളുടെ എണ്ണം ഇന്ത്യയൊട്ടാകെ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. കോളേജുകളുടെ എണ്ണം വർദ്ധിച്ചതുകാരണം പരിചയവും അഭിരുചിയും ഉള്ള അദ്ധ്യാപകരുടെ അപര്യാപ്തത പഠനനിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് അഡ്മിഷൻ രീതി പഠന വിധേയമാക്കി ഡോ. ആർ വി.ജി. മേനോന്റെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് ഈ മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടിയെന്ന് കണ്ടെത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്ത ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തി സ്വാശ്രയ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കോഴ്സുകൾ പരിഷ്കരിച്ച് നവീന ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയിലാണ്.

(ഇ) കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള അക്കാദമിക് നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ കേരള സാങ്കേതിക സർവ്വകലാശാല നടത്തിവരുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation-ന് വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. സാങ്കേതിക നൈപുണ്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ അസാപ്പിന്റെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകി പാഠ്യപ്രക്രിയയുടെ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ സ്വയംസംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ട സൗകര്യം നൽകാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച ഉണ്ടാക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി, എ.ഐ.സി.ടി.-യുടെ മാതൃകാ കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ

254 (5278) ശ്രീ. എസ്. ശർമ്മ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ സമൂല മാറ്റം വരുത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ രംഗത്ത് ആഗോളതലത്തിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മാനവ വിഭവശേഷി വികസിപ്പിക്കുന്നതിന് നൂതന കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പോളി ടെക്നിക്കുകളിൽ നിന്നും പഠിച്ചിറങ്ങുന്നവരുടെ തൊഴിൽ വൈദഗ്ദ്ധ്യം പര്യാപ്തമായ നിലവാരത്തിലേക്ക് എത്തിക്കുന്നതിന് ഉത്പാദന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ പരിപാടിയുണ്ടോ;

(ഡി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ മൂല്യനിർണ്ണയം കാര്യക്ഷമമല്ലെന്ന പ്രശ്നം പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; സർവ്വകലാശാലയുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കാൻ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സർക്കാർ രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പ് ചുമതല സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിക്ഷിപ്തമാണ്. ഈ പദ്ധതികളുടെ നടത്തിപ്പിലൂടെ സാമൂഹ്യബോധമുള്ള സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കാനും അക്കാദമിക നിലവാരമുയർത്തി അതുവഴി സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാകാനുമാണ് ലക്ഷ്യമിടുന്നത്. 1957-ൽ നിലവിൽ വന്ന വകുപ്പ്, ITI/ITC-കൾ ഒഴികെയുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. ഡിപ്ലോമാതലംവരെയുള്ള കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കും വകുപ്പുതലത്തിൽ ശ്രദ്ധ നൽകുന്നുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തി ദേശീയ നിലവാരത്തിലെത്തിക്കാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 2016-17 മുതൽ നടപ്പിലാക്കിയിട്ടുള്ള ചില പദ്ധതികൾ താഴെ വിശദീകരിക്കുന്നു:

1. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമഗ്രവികസനം

വകുപ്പിനുകീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക് കോളേജുകൾ, 3 ഫൈൻ ആർട്സ് കോളേജുകൾ, 39 ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നീ സർക്കാർ സ്ഥാപനങ്ങളാണ് പ്രധാനമായും ഉള്ളത്. പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ (i) അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക, (ii) ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, (iii) ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, (iv) ക്യാമ്പസ് നെറ്റ്‌വർക്ക് സ്ഥാപിക്കുക, (v) ഫിറ്റ്നെസ് സെന്റർ (vi) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുക, (vii) ഐ.സി.റ്റി. പദ്ധതി, ഇ-ജേർണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ പലതും പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു.

2. ഗവേഷണ/പരിശീലന പദ്ധതികൾ

വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ് എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചുതുടങ്ങി. CET-SAT വിക്ഷേപണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഇതിനോടനുബന്ധിച്ച് പ്രോഡക്റ്റ് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതു-സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ Bosch-ന്റെയും ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിൽ Mercedes Benz-ന്റെയും ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു. തൊഴിലില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവാക്കൾക്കുവേണ്ടി ഹ്രസ്വകാല കഴിവ് വികസന പരിപാടികൾ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിദഗ്ദ്ധ കഴിവ് നേടുന്നതിനുള്ള പദ്ധതി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും തെരഞ്ഞെടുക്കപ്പെട്ട ടെക്നിക്കൽ

ഹൈസ്കൂളുകളിലും നടത്തിവരുന്നു. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റുകളും മാസംതോറുമുള്ള സ്റ്റൈപ്പന്റ്, ടൂൾ കിറ്റ് മുതലായവയും നൽകുന്നു. സ്കോളർഷിപ്പുകളും ഇന്റേണൽഷിപ്പുകളും വ്യാവസായിക രംഗത്തെ വിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അദ്ധ്യാപകർക്ക് നൂതന സാങ്കേതികവിദ്യകളിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

3. <u>സംരംഭകത്വ വികസന പദ്ധതികൾ</u>

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. നിലവിൽ 32 യൂണിറ്റുകളും 10 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 15 യൂണിറ്റുകൾ Gestation period പൂർത്തിയായി.

4. <u>മറ്റു പ്രവർത്തനങ്ങൾ</u>

വകുപ്പിനുകീഴിലെ സ്ഥാപനങ്ങളിൽ നിന്നും 12 പേറ്റന്റ് അപേക്ഷകൾ സമർപ്പിക്കുകയും 2 പേറ്റന്റ് ലഭിക്കുകയും ചെയ്തു (പേറ്റന്റ് നമ്പർ 298081- ഡോ. എ. രഞ്ജിത് റാം, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ തീയതി- 26-6-2018 & പേറ്റന്റ് നം. US 10176824B2 ഡോ. എ.ആർ. ജയൻ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, തീയതി - 08-01-2019).

പാലക്കാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ മഴവെള്ള സംഭരണ പദ്ധതി, ആ പ്രദേശത്തെ ഭൂഗർഭ ജല വർദ്ധനവിന് സഹായകമാകുന്നവിധം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു.

കൂടാതെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബിയിലുൾപ്പെടുത്തി നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ വകുപ്പുതലത്തിൽ പൂർത്തിയായിട്ടുണ്ട്. സാമൂഹ്യനന്മ ലക്ഷ്യമിട്ട് സർക്കാർ തലത്തിൽ രൂപീകരിച്ച ഹരിതകേരളം മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾക്കാവശ്യമായ സാങ്കേതിക

സഹായം നൽകാനും തദ്ദേശീയമായ സാങ്കേതികവിദ്യാ വികസനത്തിന് ഊന്നൽ നൽകാനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതിക വിവരവിനിമയത്തിലൂന്നിയ കർമ്മ പദ്ധതിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ബി) 18-7-2019-ലെ സ.ഉ.(കൈ) നമ്പർ 241/2019/ഉവിവ. പ്രകാരം M.Arch in Environmental Design, 25-6-2016-ലെ സ.ഉ.(കൈ) നമ്പർ 1638/2016/ഉവിവ. പ്രകാരം M.Tech in Robotics & Automation എന്നീ നൂതന കോഴ്സുകൾ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഡിപ്ലോമാ തലത്തിൽ നൂതന കോഴ്സുകൾ ആരംഭിച്ചിട്ടില്ല.

എന്നാൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ കരിക്കുലത്തിൽ സമയബന്ധിതമായി വരുത്തുന്നുണ്ട്.

(സി) കോഴിക്കോട് വനിതാ പോളിടെക്നിക് കോളേജിൽ ഉല്പാദന പരിശീലന കേന്ദ്രം നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പുതിയ രണ്ടു കേന്ദ്രങ്ങൾ ആരംഭിക്കുവാൻ 2019-20-ലെ ബഡ്ജറ്റിൽ ലക്ഷ്യമിടുന്നു. ഇപ്രകാരം മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിൽ സ്ഥിതിചെയ്യുന്ന സർക്കാർ പോളിടെക്നിക്കിൽ ഒരു കേന്ദ്രം തുടങ്ങാൻ അനുമതിക്കായി സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്. തൃശ്ശൂരിലെ സർക്കാർ പോളിടെക്നിക്കായ MTI-ലും ഒരു കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കേന്ദ്രീകൃത മൂല്യനിർണ്ണയരീതിയാണ് നടക്കുന്നത്. ഡിഗ്രി പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ ചെയർമാൻ, ചീഫ് എക്സാമിനർ, അഡീഷണൽ എക്സാമിനർ എന്നിവർ അടങ്ങിയ കമ്മിറ്റിക്കാണ് വാല്യുവേഷൻ ചുമതല. ചീഫ് എക്സാമിനർ, അഡീഷണൽ എക്സാമിനർ എന്നിവരുടെ ഒരു മീറ്റിംഗ് ചെയർമാൻ നടത്തുകയും പ്രസ്തുത മീറ്റിംഗിൽ ചീഫ് എക്സാമിനർ, അഡീഷണൽ എക്സാമിനർ എന്നിവർ ഒരുമിച്ചിരുന്ന വാല്യുവേഷൻ നടത്തുകയും ചീഫ് എക്സാമിനർ, അഡീഷണൽ എക്സാമിനർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും 20 ശതമാനം ഉത്തരക്കടലാസ്സുകൾ പുനഃപരിശോധിക്കുകയും ചെയ്യുന്നു.

ചോദ്യപേപ്പർ തയ്യാറാക്കുന്നതോടൊപ്പംതന്നെ വിശദമായ ഉത്തരസൂചിക തയ്യാറാക്കുകയും പരീക്ഷ കഴിയുന്ന ദിവസംതന്നെ ഈ ഉത്തരസൂചിക അതത് വിഷയം പഠിപ്പിച്ച അദ്ധ്യാപകർക്ക് അയച്ചുകൊടുക്കുകയും അവരുടെ നിർദ്ദേശങ്ങൾ ചെയർമാൻ ക്രോഡീകരിച്ച് അന്തിമ ഉത്തരസൂചിക തയ്യാറാക്കി മൂല്യനിർണ്ണയ ക്യാമ്പിലേക്ക് മൂല്യനിർണ്ണയം തുടങ്ങുന്നതിനുമുമ്പായി അയച്ചു കൊടുക്കുകയും ചെയ്യുന്നു.

## ഐ.എച്ച്.ആർ.ഡി.-യിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം

255 (5279) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ എ.ഐ.സി.ടി.ഇ. സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്ന എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് 2010-ന് ശേഷം കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; പ്രസ്തുത സ്കീം നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്നും എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) ഐ.എച്ച്.ആർ.ഡി.-യിൽ എ.ഐ.സി.ടി.ഇ. സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്ന എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് 2010-നുശേഷം കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കിയിട്ടില്ല. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട് ചില അപാകതകൾ നിലനിൽക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി എ.ജി. നൽകിയ 2011-12 വർഷത്തിലെ ഐ.എച്ച്.ആർ.ഡി. ഓഡിറ്റ് റിപ്പോർട്ടിന്മേൽ ഓഡിറ്റ് എൻക്വയറി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP (C) No.37813/2018 എന്ന കേസ് നിലനിൽക്കുന്നതിനാലും ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തികസ്ഥിതി വളരെ മോശമായതിനാലും പ്രസ്തുത സ്കീം ഐ.എച്ച്.ആർ.ഡി.-യിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

(സി) എ.ജി.-യുടെ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്കും ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കും ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള WP (C) No.37813/2018 എന്ന കേസിൽ അന്തിമവിധി വരുന്ന മുറയ്ക്കും മാത്രമേ ഐ.എച്ച്.ആർ.ഡി.-യിൽ 2010-ന് ശേഷമുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്

256 (5280) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഐ.എച്ച്.ആർ.ഡി.കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളേജിന് കെട്ടിടം പണിയാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ജില്ലാ കളക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാണക്കാട് ഇൻകെൽ വ്യവസായ കേന്ദ്രത്തിലെ അഞ്ച് ഏക്കർ ഭൂമിയിൽ ആവശ്യമായ സ്ഥലം സൗജന്യമായി കോളേജിന് ലഭിക്കുവാൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുമോ;

(സി) സ്ഥലം സൗജന്യമായി ലഭ്യമാകാത്തപക്ഷം പാട്ടം വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുവാൻ ഇൻകെൽ കമ്പനിയെ സമീപിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 1993-ൽ മലപ്പുറം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കാമ്പസ്സിൽ സർക്കാർ അനുവദിച്ച കെട്ടിടത്തിലാണ് ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്.

(ബി&സി) പ്രസ്തുത വിഷയം സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് തസ്തിക

257 (5281) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ മെക്കാനിക്കൽ എൻജിനീയറിംഗ് തസ്തികയുടെ (കാറ്റഗറി നമ്പർ 295/2012) 30-12-2016-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടന്നിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനത്തിന് തടസ്സമായി കോടതിയിൽ കേസുകൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ വിശേഷാൽ ചട്ടം സ.ഉ. (അച്ചടി) 366/2010/ഉവിവ. തീയതി 8-11-2010 പ്രകാരം സർക്കാർ പോളിടെക്നിക് കോളേജിലെ ലക്ചറർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന്റെയും ബൈ ട്രാൻസ്ഫർ നിയമനത്തിന്റെയും അനുപാതം 13:7 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരം നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന OA1417/2019 കേസിന്റെ അന്തിമവിധി ലഭിച്ചിട്ടില്ല.

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ**

258 (5282) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടായിരുന്നുവെന്നും അവ ഏതൊക്കെയായിരുന്നുവെന്നും ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) ഈ കോളേജുകളിൽ നിലവിൽ അടച്ചു പൂട്ടിയ കോളേജുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) നിലവിൽ പ്രവർത്തിക്കുന്ന കോളേജുകളിൽ മുൻപുണ്ടായിരുന്ന ഏതെങ്കിലും കോഴ്സുകൾ നിർത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ഡി) നിലവിൽ ഏതെങ്കിലും കോളേജുകൾ പൂട്ടാനുള്ള അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്നതും 2015-16-ൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്നതുമായ 123 സ്വാശ്രയ കോളേജുകൾ നിലവിലുണ്ടായിരുന്നു. ഇവയുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ട്. സ്വാശ്രയ മേഖലയിൽ അടച്ചുപൂട്ടിയ കോളേജുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. Archana College of Engineering, Alappuzha
2. Axis College of Engineering, Thrissur
3. Aryanet Institute of Technology, Palakkad
4. Cochin Institute of Science and Technology, Muvattupuzha
5. Baselios Thomas Catholicose College of Engineering and Technology, Koothattukulam
6. Believers Church Caarmel Engineering College, Pathanamthitta
7. Focus Institute of Science and Technology, Thrissur
8. Hindustan College of Engineering, Kollam
9. Ilahia School of Science and Technology, Ernakulam
10. KMP College of Engineering, Ernakulam
11. Matha College of Technology, Ernakulam
12. Pankajakasthuri College of Engineering, Thiruvananthapuram
13. Pinnacle School of Engineering and Technology, Kollam
14. Prime College of Engineering, Palakkad
15. St. Gregorios College of Engineering, Kasargod
16. Younus College of Engineering, Thalachira, Kollam

(സി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജായ ചേർത്തല കെ.വി.എം.കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ 2018-ൽ ബി.ടെക് കോഴ്സ് നിർത്തലാക്കിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജുകളിൽ മുമ്പുണ്ടായിരുന്ന എന്നാൽ പിന്നീട് നിർത്തലാക്കിയ കോഴ്സുകളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) നിലവിൽ കോളേജുകൾ പൂട്ടാനുള്ള അനുമതിക്കായി അപേക്ഷകൾ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എഞ്ചിനീയറിംഗ് പ്രവേശനം

259 (5283) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എഞ്ചിനീയറിംഗ് പ്രവേശനത്തിന് കമ്മീഷണർ അലോട്ട്മെന്റ് നടത്തിയത് എത്ര സീറ്റുകളിലേക്കാണ്; അറിയിക്കുമോ;

(ബി) പ്രവേശന പ്രക്രിയ പൂർത്തിയായപ്പോൾ എത്ര സീറ്റുകൾ ഏതൊക്കെ ബ്രാഞ്ചുകളിലാണ് ഒഴിഞ്ഞ് കിടക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ ആകെ സീറ്റുകളുടെ എണ്ണം - 15,475

| | |
|---|---|
| ഗവൺമെന്റ് കോളേജ് | -5,146 |
| ഗവൺമെന്റ് നിയന്ത്രിത സ്വാശ്രയ കോളേജ് | -4,533 |
| സ്വകാര്യ സ്വാശ്രയ കോളേജ് - | 5,796 |

(ബി) അനുബന്ധമായി+ ചേർക്കുന്നു.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ നിലവാരം

260 (5284) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പരീക്ഷ ജയിക്കുവാൻ ഓരോ വിഷയത്തിലും വേണ്ട മിനിമം മാർക്കിൽ കുറവ് വരുത്തുവാൻ സാങ്കേതിക സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്റേണൽ പരീക്ഷയിൽ മിനിമം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ടോ;

(സി) പരീക്ഷകളുടെ ക്രെഡിറ്റിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്; പ്രസ്തുത മാറ്റങ്ങൾ വരുത്തിയത് എന്തെങ്കിലും പഠനത്തിന്റെയോ ശിപാർശയുടെയോ അടിസ്ഥാനത്തിലാണോയെന്ന് വിശദമാക്കുമോ;

(ഡി) ഇത് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ നിലവാരം കുറയ്ക്കുവാൻ ഇടയാക്കില്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2019-20 അദ്ധ്യയന വർഷം നടപ്പിലാക്കിയ പുതിയ അക്കാദമിക് കരിക്കുലം അനുസരിച്ച് എഞ്ചിനീയറിംഗ് പരീക്ഷയിൽ ഓരോ വിഷയത്തിനും ജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 45-ൽ നിന്നും 40 ആയി കുറവ് വരുത്തിയിട്ടുണ്ട്.

(ബി) ഇന്റേണൽ പരീക്ഷയ്ക്ക് മിനിമം മാർക്ക് നിർബന്ധമില്ല. മാത്രമല്ല, ഇന്റേണൽ പരീക്ഷവഴി ലഭിക്കുന്ന മാർക്കുകൾ യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് ആനുപാതികമായി നോർമലൈസ് ചെയ്യപ്പെടുകയും ചെയ്യും.

(സി) എ.ഐ.സി.ടി.ഇ. നിർദ്ദേശപ്രകാരം നാലുവർഷം ദൈർഘ്യമുള്ള 25 ബി.ടെക് കോഴ്സുകളുടെയും മൊത്തം ക്രെഡിറ്റുകൾ 182-ൽ നിന്നും 162 ആയി കുറച്ചു. ഇതോടെ തിയറി വിഷയങ്ങൾ 45-ൽ നിന്നും 38 ആകും. 150 മാർക്കുള്ള തിയറി വിഷയങ്ങൾക്ക് 100 മാർക്ക് യൂണിവേഴ്സിറ്റിയുടെ സെമസ്റ്റർ പരീക്ഷകൾക്കും 50 മാർക്ക് ആഭ്യന്തര മൂല്യനിർണ്ണയത്തിനുമായിരിക്കും.

(ഡി) എഞ്ചിനീയറിംഗ് കോഴ്സിന്റെ ക്രെഡിറ്റിൽ മാറ്റം വരുത്തിയത് ദേശീയതലത്തിലുള്ള എ.ഐ.സി.ടി.ഇ. മാതൃകാ പാഠ്യ പദ്ധതിക്കനുസരിച്ചാണ്.

## കൊല്ലം ജില്ലയിലെ പോളിടെക്നിക് കോളേജുകൾ

261 (5285) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര പോളിടെക്നിക് കോളേജുകൾ നിലവിലുണ്ടെന്നും അവയിൽ സ്വകാര്യ മേഖലയിൽ എത്രയെന്നും സർക്കാർ മേഖലയിൽ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കൊല്ലം ജില്ലയിൽ വനിതകൾക്ക് മാത്രമായി ഗവൺമെന്റ് പോളിടെക്നിക് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കോളേജ് എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിലപാട് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ മേഖലയിൽ രണ്ട്, എയ്ഡഡ് മേഖലയിൽ ഒന്ന്, സ്വാശ്രയ മേഖലയിൽ ഒന്ന് എന്നിങ്ങനെ നാല് പോളിടെക്നിക് കോളേജുകളാണ് കൊല്ലം ജില്ലയിൽ നിലവിലുള്ളത്.

(ബി) 1. സർക്കാർ പോളിടെക്നിക് കോളേജ്, എഴുകോൺ

2. സർക്കാർ പോളിടെക്നിക് കോളേജ്, പുനലൂർ

3. ശ്രീനാരായണ പോളിടെക്നിക് കോളേജ്, കൊട്ടിയം

4. യൂനസ് കോളേജ് ഓഫ് പോളിടെക്നിക്, തലച്ചിറ, കൊട്ടാരക്കര

(സി) കൊല്ലം ജില്ലയിൽ വനിതകൾക്ക് മാത്രമായി സർക്കാർ പോളിടെക്നിക് കോളേജുകൾ പ്രവർത്തിക്കുന്നില്ല.

(ഡി) സംസ്ഥാനത്ത് പുതിയ ഗവൺമെന്റ് പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## നടുവിൽ പോളിടെക്നിക്കിൽ അദ്ധ്യയനം ആരംഭിക്കുന്നതിന് നടപടി

262 (5286) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിൽ അധ്യയനം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്;വിശദമാക്കാമോ;

(ബി) എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(സി) അടുത്ത അധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 9-10-2019-ലെ സ.ഉ. (കൈ) 307/2019/റവ പ്രകാരം നടുവിൽ ടെക്നിക്കൽ സ്കൂളിന്റെ കൈവശമുള്ള 7.52 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം കൈമാറാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒന്നാം വർഷ

ക്ലാസ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.ടി.എ.-യുടെ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് 500 ചതുരശ്രമീറ്റർ കെട്ടിടത്തിന്റെ അഭാവമുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ വയറിംഗ് നടത്തുന്നതിനായി 3,67,820 (മൂന്ന് ലക്ഷത്തി അറുപത്തിയേഴായിരത്തി എണ്ണൂറ്റി ഇരുപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നടുവിൽ പോളിടെക്നിക്കിന് കൈവശാവകാശം ലഭിക്കുന്നതിന് വിട്ടുനൽകിയ സ്ഥലത്ത് ടെക്നിക്കൽ സ്കൂളിനുവേണ്ടി പണികഴിപ്പിച്ച കെട്ടിടത്തിന്റെ വിവിധ മുറികളുടെ ഇടച്ചുമരുകൾ നീക്കം ചെയ്ത് എ.ഐ.സി.ടി.ഇ. മാനദണ്ഡമനുസരിച്ച് പോളിടെക്നിക്കിന് ആവശ്യമായ രീതിയിൽ മുറികൾ പുനർ നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ റാമ്പുകൾ, ടോയ്‌ലെറ്റ് ബ്ലോക്കുകൾ (ആൺകുട്ടികൾ, പെൺകുട്ടികൾ, ഭിന്നശേഷിയുള്ളവർ) എന്നിവ നിർമ്മിക്കുക, ഫയർ ആന്റ് സേഫ്റ്റി സൗകര്യമൊരുക്കുക, ചുറ്റുമതിൽ നിർമ്മിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനാവശ്യമുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പോളിടെക്നിക്കിന് ആവശ്യമുള്ള വിവിധ ക്ലാസ് റൂം/ലാബ് ഫർണിച്ചറുകൾ വാങ്ങി നടുവിൽ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പോളിടെക്നിക് കോളേജിന്റെ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 25 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 9,76,250 (ഒൻപത് ലക്ഷത്തി എഴുത്തിയാറായിരത്തി ഇരുന്നൂറ്റി അൻപതു രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ മെഷീനറികൾ, പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചെങ്കിലും ഇതുവരെയും സ്ഥലം കൈമാറാത്തതിനാൽ വിതരണാനുമതി നൽകിയിട്ടില്ല. 2016 മുതൽ ഈ സ്ഥാപനത്തിനായി എ.ഐ.സി.ടി.ഇ. അംഗീകാരം നേടുന്നതിന് അപേക്ഷിക്കുന്നുണ്ടെങ്കിലും മേൽപരാമർശിച്ച കുറവുകൾകാരണം അംഗീകാരം ലഭ്യമായിട്ടില്ല. മേൽ പരാമർശിച്ച മുഴുവൻ ഭൗതിക സാഹചര്യങ്ങളും സമയബന്ധിതമായി നടപ്പിലാക്കി എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

## പോളിടെക്നിക് കോഴ്സിന്റെ ഗുണനിലവാരം

263 (5287) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോഴ്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ പ്രാവീണ്യം ലഭിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസമേഖലയുടെ ആധുനികവല്ക്കരണം സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മീഷനെ നിയോഗിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിപ്ലോമ തലംവരെയുള്ള കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കും ഊന്നൽനൽകി സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തി ദേശീയ നിലവാരത്തിലെത്തിക്കാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കരിക്കുലം ഡിസൈനിംഗ്, അക്കാദമിക് ഇൻസ്പെക്ഷൻ ഉൾപ്പെടെയുള്ള അക്കാദമിക് പ്രവർത്തനങ്ങളും വിജയകരമായി നടത്തിവരുന്നു. സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ 2018-19 കാലയളവിൽ 8010 എഞ്ചിനീയറിംഗ് ബിരുദധാരികളും 3391 ഡിപ്ലോമക്കാരും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇതിൽ 7096 ബിരുദധാരികളുടെയും 3300 ഡിപ്ലോമക്കാരുടെയും പാനൽ ലിസ്റ്റ് വിവിധ സ്ഥാപനങ്ങളിൽ നൽകിയിട്ടുണ്ട്. 2018-19-ൽ മൂന്ന് കേന്ദ്രീകൃത പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പോളിടെക്നിക്കുകളിൽ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ (i) അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക (ii) ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക (iii) ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക (iv) ക്യാമ്പസ് നെറ്റ്‌വർക്ക് സ്ഥാപിക്കുക (v) ഫിറ്റ്‌നെസ് സെന്റർ (vi) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള മറ്റ് സൗകര്യങ്ങൾ (vii) ഐ.സി.റ്റി. പദ്ധതി, ഇ-ജേർണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയവ മുൻഗണനാക്രമത്തിൽ നടപ്പിലാക്കി പോളിടെക്നിക്കുകളിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മറ്റ് മെഷീനറികളും ആവശ്യമായ ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു.

ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിൽ മേപ്പാടി (വയനാട്), ചേർത്തല (ആലപ്പുഴ), കളമശ്ശേരി, കടുത്തുരുത്തി (എറണാകുളം), തോട്ടട (കണ്ണൂർ), മലാപ്പറമ്പ് (കോഴിക്കോട്), നെയ്യാറ്റിൻകര, വട്ടിയൂർക്കാവ് (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങൾ പൂർത്തിയായി ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

പോളിടെക്നിക് കോളേജുകളിൽ സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യാവസായിക രംഗത്തെ വിദഗ്ദ്ധരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും നേതൃത്വത്തിലുള്ള തൊഴിൽ പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അദ്ധ്യാപകർക്ക് നൂതന സാങ്കേതിക വിദ്യകളിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളും വഴി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അവബോധം ക്യാമ്പസ്സുകളിലെത്തിക്കുന്നുണ്ട്.

തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുണ്ട്. ഈ കേന്ദ്രത്തിൽ LED ബൾബുകളും ട്യൂബുകളുമാണ് സംയോജിപ്പിച്ച് നിർമ്മിക്കുന്നത്. നിർമ്മാണസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണവും ആരംഭിച്ചു. 2017-18-ൽ പെരുമ്പാവൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിലും ഈ സംരംഭം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ ഇലക്ട്രോണിക്സ് ലബോറട്ടറികളിലേക്ക് ആവശ്യമുള്ള Embedded System Trainer Kit (ATMEGA 32), Micro Controller (8051) trainer kit ഇവ നിർമ്മിച്ചുവരുന്നുണ്ട്. ഈ പരിശീലന കിറ്റുകൾക്ക് മാർക്കറ്റ് മതിപ്പുവിലയുടെ ഏകദേശം 30 ശതമാനം മാത്രമാണ് നിർമ്മാണ ചെലവായി വരുന്നത്. 2018-19-ൽ Embedded System Trainer Kit (ATMEGA 32) 65 എണ്ണവും Micro Controller (8051) trainer kit 60 എണ്ണവും നിർമ്മിച്ചിട്ടുണ്ട്. നിർമ്മിച്ച പരിശീലന കിറ്റുകൾ സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക് കോളേജുകളിൽ ആവശ്യാനുസരണം സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഉൽപ്പാദന പരിശീലനകേന്ദ്രം വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരീക്ഷം പരിചയപ്പെടുന്നതിനുള്ള സൗകര്യത്തോടൊപ്പം ഒരു ചെറിയ വരുമാനം ലഭിക്കുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു.

ഡിപ്ലോമ പരീക്ഷാ ചോദ്യപേപ്പറുകൾ ഓൺലൈനായി വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം വകുപ്പിൽ നടപ്പാക്കിയിട്ടുണ്ട്. വകുപ്പിനുകീഴിലെ വിവിധ കോഴ്സുകളുടെ പ്രവേശന നടപടികൾ, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പരിശീലന പരിപാടികളുടെ നടത്തിപ്പ് ഇവ പൂർണ്ണമായും ഓൺലൈനാക്കിയിട്ടുണ്ട്.

മറ്റു പ്രവർത്തനങ്ങൾ

സർക്കാർ നിർദ്ദേശപ്രകാരം പ്രളയക്കെടുതിയെ സംബന്ധിച്ച സർവ്വേ നടത്താൻ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധപ്രവർത്തകരെ സജ്ജീകരിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഒരു വെബ് പോർട്ടൽ രൂപകല്പന ചെയ്തു. ഈ പോർട്ടൽ വഴി 55000 വിദ്യാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ടപ്രകാരം രജിസ്റ്റർ ചെയ്തവരിൽനിന്നും 31000 വോളണ്ടിയർമാരുടെ സേവനം പ്രദാനം ചെയ്യാനും സാധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ മാർഗ്ഗരേഖപ്രകാരം ഈ വോളണ്ടിയർ 2 ലക്ഷത്തോളം വീടുകളുടെ സർവ്വേ വിജയകരമായി പൂർത്തീകരിച്ചു. ഉപയോഗശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും മറ്റ് വസ്തുക്കളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ വിഭാവന ചെയ്ത 'പുനർജ്ജനി' എന്ന പദ്ധതി വഴി സർക്കാർ ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അതുപോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിലുമുള്ള സ്വത്തുക്കളുടെ പുനർവിന്യാസവും പുനർനിർമ്മാണവുമാണ് NSS വോളണ്ടിയർമാരുടെ സഹായത്തോടെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നത്. പ്ലംബിംഗ്, മലിനജല-മാലിന്യ മാനേജ്മെന്റ്, ഇലക്ട്രിക്കൽ റിപ്പയറിംഗുകൾ എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ അഡ്വാൻസ്ഡ് ഫാബ്രിക്കേഷൻ ലാബുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 3D പ്രിന്റുകൾ, റോബോട്ടിക്സ് കിറ്റ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വികസന ഉപാധികളിലെ പരിജ്ഞാനം എന്നിവ ഡിപ്ലോമാതല വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുകയെന്നതാണ് ലക്ഷ്യം. സംസ്ഥാനത്തെ 45 സർക്കാർ പോളിടെക്നിക് കോളേജുകളേയും അസാപ്പിന്റെ അഡ്വാൻസ്ഡ് സ്കീമിൽ ഡെവലപ്മെന്റ് സെന്ററുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിൽ കേരള സ്റ്റാർട്ട് അപ് മിഷനുമായി "മിനി ഫാബ് ലാബ്" സ്ഥാപിക്കാനായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബിയിലുൾപ്പെടുത്തി നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 9 പോളിടെക്നിക് കോളേജുകളിലായി 50.38 കോടി രൂപയുടെ അടിസ്ഥാന വികസനത്തിനുള്ള ഭരണാനുമതി നൽകുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുമുണ്ട്. സാമൂഹ്യനന്മ

ലക്ഷ്യമിട്ട് സർക്കാർ തലത്തിൽ രൂപീകരിച്ച ഹരിതകേരളം മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾക്കാവശ്യമായ സാങ്കേതിക സഹായം നൽകാനും തദ്ദേശീയമായ സാങ്കേതികവിദ്യാ വികസനത്തിന് ഊന്നൽനൽകാനും പോളിടെക്നിക് കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഡിപ്ലോമാ തലത്തിൽ നൂതന കോഴ്സുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ കരിക്കുലത്തിൽ സമയബന്ധിതമായി വരുത്തുന്നുണ്ട്.

(സി) പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## പോളിടെക്നിക് പാഠ്യപദ്ധതി പരിഷ്കരണം

264 (T5288) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളിൽ പഠിക്കുന്നവർക്ക് തൊഴിൽ പരിചയം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പോളിടെക്നിക് കോളേജുകളിലെ പാഠ്യപദ്ധതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) എഞ്ചിനീയറിംഗ് ഡിപ്ലോമ സിലബസിൽ നിലവിൽ ഒരു ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. 2020-ൽ നടപ്പാക്കുന്ന പുതിയ സിലബസ് പ്രകാരം രണ്ട് ഇന്റേൺഷിപ്പുകൾ നിർബന്ധമാണ്. മെക്കാനിക്കൽ, ടൂൾ & ഡൈ എന്നീ ട്രേഡുകൾക്ക് ഇൻപ്ലാന്റ് ട്രെയിനിംഗ് നൽകിവരുന്നുണ്ട്.

(ബി) നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അതിന് അനുയോജ്യമായ വിധത്തിൽ അഞ്ചുവർഷത്തിലൊരിക്കൽ സിലബസ് പരിഷ്കരിക്കുന്നുണ്ട്. അടുത്ത സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കെ.ജി.ടി.ഇ. പരീക്ഷ

265 (T5289) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ. പരീക്ഷയിൽ, ഹിന്ദി ടൈപ്പ്റൈറ്റിംഗ് ഹൈസ്പീഡ്, മലയാളം ടൈപ്പ്റൈറ്റിംഗ് ഹൈസ്പീഡ്, മലയാളം ഷോർട്ട് ഹാന്റ് ഹൈസ്പീഡ്, ഇംഗ്ലീഷ് വേർഡ് പ്രോസസ്സിംഗ് ഹൈസ്പീഡ് എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ടൈപ്പ്റൈറ്റിംഗ് പരീക്ഷ വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ആന്റ് വേർഡ് പ്രോസസ്സിംഗ് ലോവർ ആന്റ് ഹയർ (ഇംഗ്ലീഷ് ആന്റ് മലയാളം) പരീക്ഷയ്ക്ക് സിലബസ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) നിലവിൽ മേൽ പരീക്ഷകൾ പരീക്ഷാഭവനിൽ നടത്തപ്പെടുന്നില്ല. ടി വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തീരുമാനമെടുത്ത് അറിയിക്കുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ടൈപ്പ്റൈറ്റിംഗ് പരീക്ഷ വർഷത്തിൽ രണ്ടുപ്രാവശ്യം സമയബന്ധിതമായി നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-ൽ പ്രളയമുണ്ടായ സാഹചര്യത്തിലാണ് രണ്ടു പരീക്ഷകളും സമയബന്ധിതമായി നടത്താൻ കഴിയാതിരുന്നത്. 2019-ലെ 2-ാം പരീക്ഷാ നോട്ടിഫിക്കേഷൻ ഡിസംബർ മാസം പുറപ്പെടുവിക്കുന്നതാണ്.

(സി) സിലബസ് അനുബന്ധമായി* ചേർക്കുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന് ഗവേഷണങ്ങളിൽ പങ്കാളിത്തം

266 (5290) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവേഷണ മികവിന് പാപ്പനംകോട് ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന് ദേശീയ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഊർജ്ജസംരക്ഷണ പദ്ധതി ഗവേഷണങ്ങളിൽ പങ്കാളിത്തം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം എത്ര കോടി രൂപയുടെ സഹായമാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുകയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഊർജ്ജ സംരക്ഷണ പദ്ധതിയിലെ ഹൈഡ്രജൻ സംഭരണ ഉപകരണങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾക്ക് ദേശീയ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഊർജ്ജസംരക്ഷണ പദ്ധതി ഗവേഷണങ്ങളിൽ പാപ്പനംകോട് ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന് പങ്കാളിത്തം ലഭിച്ചിട്ടുണ്ട്.

(ബി) ഗവേഷണങ്ങൾക്കായി പ്രസ്തുത കോളേജിന് 44.5 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിന്റെ Department of Science and Technology-യിൽ നിന്ന് ലഭിക്കുന്നത്.

## കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിന് ലഭിച്ച കത്ത്

267(5291) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ (അക്കൗണ്ട്സ്.പി) വകുപ്പിൽ നിന്നും 1-4-2019-ലെ അക്കൗ.പി.1/04/2019/പൊഭവ. നമ്പർ പ്രകാരം മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിന് ലഭിച്ച കത്തിന് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ശ്രീ. എൻ.വി. രാമകൃഷ്ണൻ എന്ന വ്യക്തിയുടെ സേവനപുസ്തകം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത കത്തിന് ഇതുവരെയും മറുപടി നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ & റിപ്രൊഗ്രാഫിക് സെന്ററിൽ ശ്രീ. എൻ.വി.രാമകൃഷ്ണൻ 15-2-2001-ന് ശേഷം ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ സേവന പുസ്തകം ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 21-10-2019-ലെ സി-ആപ്റ്റ്/2016/09/ഇ.എസ്.റ്റി. നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി* വച്ചിരിക്കുന്നു.

(സി) ഉണ്ട്. ഓഫീസ് രേഖകൾ പ്രകാരം ശ്രീ. എൻ. വി. രാമകൃഷ്ണൻ 15-2-2001-ൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും 7-9-2002-ൽ ടിയാളെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ളതുമാണ്. സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരുടെ സേവന പുസ്തകം സ്ഥല പരിമിതിമൂലം ഹെഡ് ഓഫീസ് കോംപ്ലക്സിലെ രണ്ടാം നിലയിൽ റിക്കാർഡ് റൂമിലാണ് സൂക്ഷിച്ചിരുന്നത്. എന്നാൽ ടി കെട്ടിട മുറിയിലെ മേൽക്കൂരയിൽ ചോർച്ച ഉണ്ടായിരുന്നതിനാൽ വെള്ളംകയറി ചില സേവന പുസ്തകങ്ങളും പഴയ റിക്കാർഡുകളും നശിച്ചുപോയിരുന്നു. ശ്രീ. വി. എൻ. രാമകൃഷ്ണന്റെ സേവന പുസ്തകം ആവശ്യപ്പെട്ടതിനെ തുടർന്ന് സേവനപുസ്തകം ലഭിക്കുന്നതിലേയ്ക്ക് റിക്കാർഡ് റൂം പരിശോധിച്ചെങ്കിലും ആയത് കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

## ബിരുദ പരീക്ഷ തോറ്റവർക്കും ഉപരിപഠനത്തിന് സർവ്വകലാശാലകളിൽ പ്രവേശനം

268 (5292) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദ പരീക്ഷ തോറ്റവർക്കും ഉപരിപഠനത്തിന് സർവ്വകലാശാലകളിൽ പ്രവേശനം നൽകാറുണ്ടോ;

(ബി) കഴിഞ്ഞ വർഷം കാലിക്കറ്റ് സർവ്വകലാശാലയിൽ എൽ.എം.എം.-ന് അഡ്മിഷൻ നേടിയ നാലുപേർ ഡിഗ്രി പാസ്സായിട്ടില്ലായെന്നും അവർ പഠനം തുടരുന്നു എന്നതും വസ്തുതയാണോ; അപ്രകാരം പ്രവേശനം നേടിയവരുടെ യോഗ്യത പരിശോധിക്കുന്നത് ആദ്യ സെമസ്റ്റർ പരീക്ഷാ സമയത്താണോ;

(സി) പി.ജി .പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതിന് മുമ്പ് ഡിഗ്രി അവസാന സെമസ്റ്റർ പരീക്ഷ വിജയിക്കുന്ന കുട്ടികൾക്ക് മാത്രമെ പി ജി.-ക്ക് പ്രവേശനം നൽകാവൂ എന്ന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഇല്ല.

(ബി) കാലിക്കറ്റ് സർവ്വകലാശാല എൽ.എം.എം. (LLM) എന്ന പേരിൽ ഒരു കോഴ്സ് നടത്തുന്നില്ല.

(സി) പ്രവേശനസമയത്ത് അടിസ്ഥാന യോഗ്യത നേടിയതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കാണ് അഡ്മിഷൻ നൽകുന്നത്.

**കായിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ യു.ജി.സി. മാർഗ്ഗനിർദ്ദേശം**

269 (5293) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിലെ പ്രധാനപ്പെട്ടവ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) നിർദ്ദേശങ്ങൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) Guidelines for Development of sports Infrastructure and Equipment in Universities and colleges during XII Plan (2012-17) എന്നൊരു രേഖ യു.ജി.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. XII Plan guidelines Centre of Excellence for Development of Sports (CEDS) in Universities (2012-17) എന്നൊരു മാർഗ്ഗരേഖയും യു.ജി.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ യു.ജി.സി. മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശപ്രകാരം അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന് കീഴിലുള്ള സ്പോർട്സ് ഡിവിഷൻ ആണ് കായിക പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്.

(ബി) 12-ാം പഞ്ചവത്സര പദ്ധതി (2012-17) പ്രകാരമുള്ള 'Development of Sports infrastructure and equipments in universities and colleges' എന്ന യു.ജി.സി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്പോർട്സിലൂടെ യുവജനങ്ങളുടെ ഊർജ്ജം ക്രിയാത്മക രീതിയിൽ രാഷ്ട്ര നിർമ്മിതിക്ക് ഉപയോഗപ്പെടുത്തുക.

2. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വിവിധ സ്പോർട്സ് മത്സര ഇനങ്ങളിൽ ഒരു ദേശീയ വേദി ഒരുക്കുക.

3. ഇതിനായി എല്ലാ വർഷവും നാഷണൽ യൂണിവേഴ്സിറ്റി ഗെയിംസ് സംഘടിപ്പിക്കുക. വിജയികൾക്ക് മൗലാനാ അബ്ദുൽ കലാം ആസാദ് ട്രോഫി സമ്മാനിക്കുക. കൂടാതെ ദേശീയതലത്തിലും 4 സോണുകളായും 206 ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുക.

4. കായിക വകുപ്പ് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് യൂണിവേഴ്സിറ്റികൾക്ക് ഇത്തരം മത്സരം സംഘടിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുക.

5. ലോക സർവ്വകലാശാലാ ചാമ്പ്യൻഷിപ്പിന് മത്സരാർത്ഥികളെ തെരഞ്ഞെടുത്തയയ്ക്കുക.

6. Capacity Building/Sports Management Programme എന്നീ വിഷയങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുക, ഉത്തേജക മരുന്ന് തുടങ്ങിയ ദുഷ്പ്രവണതകൾക്കെതിരെ അത്‌ലറ്റുകൾ, കോച്ചുകൾ, ട്രെയിനർമാർ എന്നിവരെ ബോധവത്കരിക്കുക.

7. യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഉപകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സഹായം നൽകുക.

കൂടാതെ വിവിധ സ്പോർട്സ് മേഖലകളിൽ പങ്കെടുക്കുന്നതിനായി കുട്ടികളെ ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുക, വിവിധ സ്പോർട്സ് ഇനങ്ങളിലുള്ള കുട്ടികളുടെ മുൻപരിചയം കണക്കിലെടുത്ത് അവർക്ക് ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യം എന്നിവ ലഭ്യമാക്കുക, യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകുക, പ്രസ്തുത ധനസഹായത്തിന്റെ കൃത്യമായ വിനിയോഗം ഉറപ്പുവരുത്തുക എന്നിവയെല്ലാം പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(സി) പ്രസ്തുത നിർദ്ദേശ പ്രകാരം കാലിക്കറ്റ് സർവ്വകലാശാലയിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു:

- AIIU, Sports Division നിർദ്ദേശിച്ച Zonal, National മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- സ്പോർട്സ് ഡെവലപ്മെന്റിനാവശ്യമായ വിവിധ സൗകര്യങ്ങൾ, സ്റ്റേഡിയം കോർട്ടുകൾ, ട്രാക്കുകൾ, ഉപകരണങ്ങൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്.
- വിവിധ ഇനങ്ങളിൽ ദേശീയ സോണൽ മത്സരങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാല മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.
- കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കായികക്ഷമത ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി COFE (College Fitness Education Programme) എന്ന പദ്ധതി നടപ്പാക്കിവരുന്നു.
- കായികക്ഷമതയിൽ വിജയിക്കുന്ന കുട്ടികൾക്ക് യൂണിവേഴ്സിറ്റി ഗ്രേസ് മാർക്ക് അനുവദിക്കുന്നു.

**ഓപ്പൺ സർവ്വകലാശാല**

270 (5294) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അതിന്റെ ഘടനയും പരീക്ഷാരീതികളും വിശദമാക്കാമോ;

(ബി) നിലവിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തിവരുന്ന വിദൂര വിദ്യാഭ്യാസ, പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഓപ്പൺ യൂണിവേഴ്സിറ്റി വരുന്നതോടെ നിർത്തലാക്കുമോ;

(സി) ഓരോ വർഷവും റഗുലർ പഠനത്തിന് അവസരം കിട്ടാതെ സമാന്തര വിദ്യാഭ്യാസ മേഖലയെ ആശ്രയിക്കുന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾ പരിഹരിക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുമോ;

(ഡി) കേരളത്തിലെ റഗുലർ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടരുന്നതിനുള്ള നാക്ക് യോഗ്യതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഇ) പ്രസ്തുത യോഗ്യതകൾ നേടിയെടുക്കുന്നതിന് സർവ്വകലാശാലകളിൽ ഏകീകൃത പാഠ്യപദ്ധതിയും പരീക്ഷാരീതിയും നടപ്പാക്കുന്നതിനും സമാന്തര വിദ്യാഭ്യാസ മേഖലയ്ക്ക് ദോഷം വരാത്ത രീതിയിൽ ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്ന കാര്യവും സർക്കാർ ആലോചിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ യു.ജി.സി. യുമായും വിദ്യാഭ്യാസ വിദഗ്ദ്ധരുമായും കൂടുതൽ കൂടിയാലോചന നടത്തുമോ?

ഉത്തരം

(എ-സി) ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) എ പ്ലസ് ഗ്രേഡും 3.26 ഗ്രേഡ് പോയിന്റും വേണം.

(ഇ & എഫ്) ഓപ്പൺ സർവ്വകലാശാല സംബന്ധിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

**ഓപ്പൺ സർവ്വകലാശാലയുടെ രൂപീകരണം**

271 (5295) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ യു.ജി.സി. ചട്ടങ്ങളിൽ എല്ലാ സംസ്ഥാനങ്ങളും വിദൂര വിദ്യാഭ്യാസം, നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോഴ്സുകൾ എന്നിവ സർവ്വകലാശാലകളിൽ നിന്നും ഓപ്പൺ സർവ്വകലാശാലയിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശം ഉണ്ടായിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും നടത്തുന്ന ഓപ്പൺ/വിദൂര വിദ്യാഭ്യാസ കോഴ്സുകൾ ഒരുമിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുവാൻ നിയോഗിച്ച ഡോ. ജെ. പ്രഭാഷിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) ഓപ്പൺ സർവ്വകലാശാലയുടെ ആസ്ഥാനം എവിടെ ആയിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്; അറിയിക്കുമോ;

(ഇ) സാധാരണ ക്ലാസ്സുകൾക്ക് പുറമെ ഓൺലൈൻ ക്ലാസ്സുകളും ഓപ്പൺ സർവ്വകലാശാല വിഭാവനം ചെയ്യുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഇ) ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസവും**

272(5296) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ബിരുദ പഠനത്തിനായി നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ, വിദൂര വിദ്യാഭ്യാസ പദ്ധതി എന്നിവ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുമൂലം റഗുലർ കോളേജ് വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റു തന്നെ പ്രൈവറ്റ് രജിസ്ട്രേഷൻകാർക്കും ലഭിക്കുന്നത് ഇല്ലാതാകുമെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;അറിയിക്കാമോ;

(സി) സംസ്ഥാനത്തെ പാരലൽ കോളേജുകളുടെയും, പ്രൈവറ്റ് രജിഷ്ട്രേഷനിലൂടെ ഡിഗ്രി നേടാനാഗ്രഹിക്കുന്നവരുടെയും താൽപ്പര്യം സംരക്ഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന് പദ്ധതി**

273 (5297) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയിലും, ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഓരോ സർവ്വകലാശാലയ്ക്കും അനുവദിച്ചിട്ടുള്ള ധനസഹായത്തിന്റെ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയെ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ&ബി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്രതലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ പദ്ധതികൾക്ക് 150 കോടി രൂപ വീതവും ഭരണാനുമതി നൽകിക്കഴിഞ്ഞു.

(സി) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ 2018-19 അക്കാദമിക വർഷത്തിൽ തന്നെ ആരംഭിച്ചിരുന്നു. കിഫ്ബി മുഖേന കോളേജുകളുടെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനുള്ള പ്രൊപ്പോസലുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. കോളേജുകളുടെ ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കിറ്റ്കോ-യെയും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കോളേജ് പ്രിൻസിപ്പാൾമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കിറ്റ്കോ 48 കോളേജുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിൽ നിന്ന് ആദ്യഘട്ടത്തിൽ 10 മികച്ച കോളേജുകളെ തെരഞ്ഞെടുക്കുകയും പ്രസ്തുത കോളേജുകളുടെ ഗുണനിലവാരം അന്താരാഷ്ട്ര തലത്തിൽ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി ഒരു പ്രത്യേക എഞ്ചിനീയറിംഗ് ശാഖയിലെ ആഴത്തിലുള്ള വിജ്ഞാനം ലക്ഷ്യമാക്കി ആരംഭിച്ച ബി.ടെക് ഓണേഴ്സ് ഡിഗ്രിക്കുള്ള വ്യവസ്ഥകൾ ഉദാരമാക്കി. നിലവിൽ എൻ.ബി.എ. അക്രഡിറ്റേഷനും പ്രസ്തുത ശാഖയിൽ എം.ടെക് കോഴ്സും ഉള്ള കോളേജുകളിലെ വിദ്യാർത്ഥികൾക്കാണ് ഓണേഴ്സ് ഡിഗ്രി ലഭിച്ചിരുന്നത്. ഈ വ്യവസ്ഥകൾ ഒഴിവാക്കി എല്ലാ കോളേജുകളിലെയും 8.5 ഗ്രേഡ് ലഭിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ ഓണേഴ്സ് ഡിഗ്രി രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതിനും സാങ്കേതിക ശാസ്ത്രരംഗത്തെ വിജ്ഞാന വൈവിധ്യം ഉൾക്കൊള്ളുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബി.ടെക് മൈനർ ബിരുദവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവേശന നടപടികൾ മുതൽ ഗവേഷണ പരിപാടിയുടെ മികവ് ഉറപ്പാക്കുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വീകരിച്ചുവരുന്നുണ്ട്. ദേശീയതലത്തിൽ വരുന്ന പരീക്ഷകളുടെ നിലവാരത്തിലുള്ള എഴുത്തു പരീക്ഷ, ദേശീയ സ്ഥാപനങ്ങളിലെ പ്രൊഫസർമാർ ഉൾപ്പെട്ട അഭിമുഖം എന്നിവയിലൂടെയാണ് പ്രവേശനം നടത്തിവരുന്നത്. ഗവേഷണത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഗവേഷണം നടക്കുന്ന സ്ഥാപനങ്ങളിൽ ഡോക്ടറൽ കമ്മിറ്റി ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളിലെ പ്രൊഫസർമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുണ്ട്. ഗവേഷണ മികവ്, ഗവേഷണ ഫലങ്ങൾ ഏതുതരം പ്രസിദ്ധീകരണത്തിലാണ് പ്രസിദ്ധീകരിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സർവ്വകലാശാലയിൽ പ്രബന്ധങ്ങൾ സമർപ്പിക്കുന്നതിന് മുമ്പായി ഗവേഷണ ഫലങ്ങൾ indexed വിഭാഗത്തിലുള്ള പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. എ.ഐ.സി.ടി.ഇ.-യുടെ പരിഷ്കരിച്ച പാഠ്യപദ്ധതി 2019-20 അദ്ധ്യയന വർഷം എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പിലാക്കുന്നതും അതിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും ഗവേഷണ നിലവാരം ഉയർത്തുവാൻ സഹായിക്കും. ഒട്ടുമിക്ക സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലും ഗവേഷണ സൗകര്യങ്ങളുണ്ട്.

## സർവ്വകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസവും

274 (5298) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിൽ നടത്തുന്ന പ്രൈവറ്റ് രജിസ്ട്രേഷനിലും വിദൂര വിദ്യാഭ്യാസ പദ്ധതിയിലുമായി പ്രതിവർഷം എത്ര വിദ്യാർത്ഥികൾ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് രജിസ്റ്റർ ചെയ്ത് പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ - എയ്ഡഡ് മേഖലയിലും, സഹകരണ - സ്വാശ്രയ മേഖലയിലുമായി എത്ര പ്രൊഫഷണൽ മാനേജ്മെന്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(സി) പുതിയ കോളേജുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; എയ്ഡഡ്, സ്വാശ്രയ, സഹകരണ മേഖലയിൽ നിന്നും പുതിയ കോളേജുകൾ സ്ഥാപിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| സർവ്വകലാശാല | വിദൂര വിദ്യാഭ്യാസം | പ്രൈവറ്റ് വിദ്യാഭ്യാസം |
|---|---|---|
| കേരള | 9000 | 15000 |
| എം.ജി. | - | 17363 (2018-19) |
| കണ്ണൂർ | 40000 | - |
| കാലിക്കറ്റ് | 53531 | - |

(ബി) ആരംഭിച്ചിട്ടില്ല.

(സി) കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, സ്ഥലലഭ്യത, സാമ്പത്തിക ബാധ്യത എന്നിവ പരിശോധിച്ചും സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയവുമായാണ് കോളേജുകൾ അനുവദിക്കുന്നത്. പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് AICTE-യുടെയും ബി.എഡ്. കോളേജുകൾക്ക് NCTE-യുടെയും അംഗീകാരം ആവശ്യമാണ്. പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് വിവിധ സർവ്വകലാശാലകളിലായി നിലവിൽ 68 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

## യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ. യൂണിറ്റ് കമ്മിറ്റി ഓഫീസായി പ്രവർത്തിച്ച മുറി

275 (5299) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ. യൂണിറ്റ് കമ്മിറ്റി ഓഫീസായി പ്രവർത്തിച്ച മുറി ക്ലാസ്സ് മുറിയായി മാറ്റുന്നതിന് തീരുമാനമെടുത്തിരുന്നോ;

(ബി) പ്രസ്തുത മുറിയിൽ ഏത് ക്ലാസ്സാണ് നടത്തിയിരുന്നത്;

(സി) പ്രസ്തുത ക്ലാസ്സ് മുറിയെ കുറിച്ച് പരാതി ലഭിച്ചിരുന്നോ എങ്കിൽ പ്രസ്തുത പരാതിക്ക് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(ഡി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മുറിയിൽ നിന്നും ക്ലാസ്സ് മാറ്റുന്നതിനും, വീണ്ടും എസ്.എഫ്.ഐ യൂണിറ്റ് കമ്മിറ്റി ഓഫീസ് അവിടെ അനുവദിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ?

ഉത്തരം

(എ) യൂണിവേഴ്സിറ്റി കോളേജിലെ യൂണിയൻ ഓഫീസായി പ്രവർത്തിച്ച മുറി ക്ലാസ്സ് മുറിയായി മാറ്റുന്നതിന് തീരുമാനമെടുത്തിരുന്നു.

(ബി) പ്രസ്തുത മുറിയിൽ ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദാനന്തരബിരുദ ക്ലാസ്സായിരുന്നു നടത്തിയിരുന്നത്.

(സി) ടി മുറി പഠനയോഗ്യമല്ല എന്നും ബുദ്ധിമുട്ടുള്ളതായും ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ പരാതിപ്പെട്ടിരുന്നു.

(ഡി) കോളേജ് യൂണിയൻ ഓഫീസായി പ്രവർത്തിച്ച മുറി വീണ്ടും വിട്ടുകൊടുക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. യൂണിയൻ ഓഫീസ് മുറി ആയി ഉപയോഗിച്ചിരുന്ന മുറി ഇപ്പോൾ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ ലൈബ്രറി-കം-റിസർച്ച് മുറിയായി പ്രവർത്തിച്ചുവരുന്നു.

## കേരള യൂണിവേഴ്സിറ്റിയിലെ പ്രീഡിഗ്രി സെക്ഷൻ

276 (5300) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിൽ പ്രീഡിഗ്രി നിർത്തലാക്കിയതിനുശേഷവും പ്രീഡിഗ്രി സെക്ഷൻ പ്രവർത്തിക്കുന്നുണ്ടോ; അവയിൽ ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ബി) പ്രസ്തുത വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു; അവരുടെ പേരും തസ്തികകളും വ്യക്തമാക്കുമോ; അവരുടെ ജോലികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രീഡിഗ്രി സെക്ഷൻ നിർത്തലാക്കിയിട്ടും, ഇവരെ മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറ്റി നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രീഡിഗ്രിയുടെ പരീക്ഷാ വിവരങ്ങൾ അടങ്ങുന്ന ടാബുലേഷൻ ഷീറ്റുകളും രജിസ്റ്ററുകളും പ്രീഡിഗ്രി സെക്ഷനിൽ തന്നെയാണ് സൂക്ഷിക്കുന്നത്.

(ബി) രണ്ട് ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു.

1. ഗായത്രി ബി, സെക്ഷൻ ഓഫീസർ

(മറ്റൊരു സെക്ഷന്റെ അധിക ചുമതല കൂടി നിർവ്വഹിക്കുന്നു.)

2. ജയന ജയപ്രകാശ്, അസിസ്റ്റന്റ്.

(സി) പ്രീഡിഗ്രി കോഴ്സുമായി ബന്ധപ്പെട്ട genuineness, verification, Transcript, Additional Marklist, Duplicate Marklist, Duplicate Pass Certificate തുടങ്ങിയ അന്വേഷണങ്ങൾക്കും ആവശ്യങ്ങൾക്കുമായി ധാരാളം കുട്ടികൾ ഇപ്പോഴും എല്ലാ ദിവസവും സെക്ഷനെ സമീപിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ സേവനം നൽകുന്നുമുണ്ട്. ഇക്കാരണത്താലാണ് പ്രീഡിഗ്രി സെക്ഷൻ ഇപ്പോഴും നിലനിർത്തിപ്പോരുന്നത്.

## ആലപ്പുഴയിലുള്ള കേരള സർവ്വകലാശാലയുടെ ഇൻഫർമേഷൻ സെന്ററും റിസർച്ച് സെന്ററും

277 (5301) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ നിലവിലുള്ള കേരള സർവ്വകലാശാലയുടെ ഇൻഫർമേഷൻ സെന്ററും റിസർച്ച് സെന്ററും സർവ്വകലാശാലയുടെ ഒരു ഉപകേന്ദ്രമായി ഉയർത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽനിന്നും വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇവിടുത്തെ ലൈബ്രറി സൗകര്യം പൊതുജനങ്ങൾ കൂടി ഉപയോഗിക്കുന്ന വിധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത ലൈബ്രറിയിൽനിന്നും പുസ്തക വിതരണത്തിനുള്ള സംവിധാനം കൂടി ഒരുക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴയിൽ നിലവിലുള്ള പഠന ഗവേഷണ കേന്ദ്രം കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് ഡിഗ്രി/മൈഗ്രേഷൻ/എലിജിബിലിറ്റി ഒഴികെയുള്ള എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(സി) നിലവിൽ പൊതുജനങ്ങൾക്ക് ഐ.ഡി. പ്രൂഫിന്റെയും 25 രൂപയുടെ നോൺ റീഫൻഡബിൾ ഫീസിന്റെയും അടിസ്ഥാനത്തിൽ ലൈബ്രറിയിൽ അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ പുസ്തകവിതരണം ലഭ്യമല്ല. നിലവിൽ റഫറൻസ് സൗകര്യം മാത്രമേയുള്ളൂ.

## യൂണിവേഴ്സിറ്റി കോളേജിലെ പരീക്ഷാതട്ടിപ്പ്

278 (5302) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിലെ പരീക്ഷ തട്ടിപ്പ് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് സർവ്വകലാശാലകളുടെ ചാൻസലർ കൂടിയായ ഗവർണർ ആവശ്യപ്പെട്ടിരുന്നോ;

(ബി) കുത്തുകേസിൽ പ്രതിയായ പ്രസ്തുത കോളേജിലെ വിദ്യാർത്ഥിയുടെ വീട്ടിൽനിന്നും യൂണിവേഴ്സിറ്റി പരീക്ഷകളുടെ ഉത്തരക്കടലാസ്സുകളും ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകന്റെ സീലും കണ്ടെത്തിയിരുന്നോ;

(സി) ഇക്കാര്യത്തെക്കുറിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തിയോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ഈ സംഭവത്തിൽ നീതിപൂർവ്വമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) ഉപയോഗിക്കാത്ത സർവ്വകലാശാലാ ഉത്തരക്കടലാസുകൾ കണ്ടെത്തിയിരുന്നു. ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ നിന്നും യാതൊരു സീലും നഷ്ടപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) 18-7-2019-ലെ കേരള സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനപ്രകാരം വ്യാജസീൽ നിർമ്മിച്ചതും ഉപയോഗിക്കാത്ത ഉത്തരക്കടലാസ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി (Regr/2019(1),Regr/2019(2) dtd 22-7-2019) നൽകിയിട്ടുണ്ട്.

## യൂണിവേഴ്സിറ്റി ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സാഹചര്യം

279 (5303) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിലെ ബി.എസ്.സി. കെമിസ്ട്രി വിദ്യാർത്ഥിയായിരുന്ന ആർ. ശിവരഞ്ജിത്തിന്റെ വീട്ടിൽ നിന്നും യൂണിവേഴ്സിറ്റി പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് വർഷത്തേതെന്നും യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷ എഴുതാൻ വിതരണം ചെയ്ത പേപ്പർ ആണോ കണ്ടെത്തിയതെന്നും വെളിപ്പെടുത്താമോ;

(സി) 2014-ലും 2015-ലും ബി.എസ്.സി. കെമിസ്ട്രി സെമസ്റ്റർ പരീക്ഷകളിൽ ദയനീയമായി പരാജയപ്പെട്ട പ്രസ്തുത വിദ്യാർത്ഥിക്ക് 2016 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ പരീക്ഷയിൽ ഉന്നത മാർക്ക് ലഭിച്ചുവെന്നത് ശരിയാണോ;

(ഡി) എഴുതാത്ത ഉത്തരക്കടലാസ്സുകൾ വീട്ടിൽ നിന്നും ലഭിച്ച സാഹചര്യത്തിൽ ഈ വിദ്യാർത്ഥി 2014 മുതൽ എഴുതിയ പരീക്ഷകളുടെ ഉത്തരക്കടലാസ്സുകളിലെ കൈയക്ഷരം വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 23-7-2015, 5-11-2015, 1-4-2016, 19-5-2018 ദിവസങ്ങളിൽ യൂണിവേഴ്സിറ്റി കോളേജ് അധികൃതർ കൈപ്പറ്റിയ ഉത്തരക്കടലാസുകളാണ് കണ്ടെത്തിയത്.

(സി) പ്രസ്തുത വിദ്യാർത്ഥി ആറാം സെമസ്റ്റർ പരീക്ഷയിൽ എല്ലാ പേപ്പറുകളും വിജയിച്ചിട്ടുണ്ട്.

(ഡി) നിലവിൽ കേരള സർവ്വകലാശാല അത്തരത്തിലൊരു തീരുമാനം എടുത്തിട്ടില്ല.

## സർവ്വകലാശാലയുടെ വിശ്വാസ്യത സംരക്ഷിക്കാൻ നടപടി

280 (5304) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷകൾ യഥാസമയം നടത്താതെയും മൂല്യനിർണ്ണയം വൈകിച്ചും ഫലപ്രഖ്യാപനം അനന്തമായി നീട്ടിയും കേരള സർവ്വകലാശാല വിദ്യാർത്ഥികളെ വിഷമിപ്പിക്കുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി പരീക്ഷ നടത്തി ഫലം പ്രഖ്യാപിച്ച് സർവ്വകലാശാലയുടെ വിശ്വാസ്യത സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർവ്വകലാശാല അകാരണമായി പരീക്ഷകൾ നടത്താതിരിക്കുകയോ മൂല്യനിർണ്ണയം വൈകിപ്പിക്കുകയോ ചെയ്തിട്ടില്ല.

(ബി) പരീക്ഷകൾ യഥാസമയം നടത്തുന്നതിനായി അക്കാദമിക് കലണ്ടർ തയ്യാറാക്കുകയും പരീക്ഷകൾ കഴിയുന്ന മുറയ്ക്ക് മൂല്യനിർണ്ണയ ക്യാമ്പുകൾ രൂപീകരിച്ച് വേഗത്തിൽ മൂല്യനിർണ്ണയം പൂർത്തിയാക്കി ഫലപ്രഖ്യാപനം നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പോസ്റ്റ് ട്രൂത്ത് മാഗസിൻ

281 (5305) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ 2018-19 വർഷത്തിൽ പുറത്തിറക്കിയ പോസ്റ്റ് ട്രൂത്ത് എന്ന മാഗസിൻ ഹിന്ദു-മുസ്ലീം മത വിശ്വാസികളുടെ വികാരങ്ങളെ ഹനിക്കുന്നതും സഭ്യമല്ലാത്ത ഭാഷാപ്രയോഗങ്ങൾ ബോധപൂർവ്വം ഉൾകൊള്ളുന്നതും ആയതിനാൽ യൂണിവേഴ്സിറ്റി നിരോധിച്ചിരുന്നുവോ;

(ബി) ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റ്, എഡിറ്റോറിയൽ ബോർഡ് മെമ്പർമാർ എന്നിവർക്കെതിരെ നടപടി ആവശ്യപ്പെട്ട് വിവിധ സംഘടനകൾ യൂണിവേഴ്സിറ്റി അധികൃതർക്കും തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിലും നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) 19-10-2019-ലെ 14746/2019/Admn നമ്പർ സർവ്വകലാശാലാ ഉത്തരവ് പ്രകാരം, കാലിക്കറ്റ് സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ 2018-19 വർഷത്തെ മാഗസിനായ "പോസ്റ്റ് ട്രൂത്ത്" പിൻവലിച്ചിട്ടുണ്ട്. സർവ്വകലാശാലാ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റിനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുകയും, കാലിക്കറ്റ് സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ 2018-19 വർഷത്തെ മാഗസിനായി "പോസ്റ്റ് ട്രൂത്ത്" മായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിനും അന്വേഷണം നടത്തുന്നതിനുമായി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങളുള്ള മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി പരാതിക്കാരെയും എതിർ കക്ഷികളെയും കേൾക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും സർവ്വകലാശാല അധികാരികൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർവ്വകലാശാലാ അധികാരികളുടെ പരിഗണനയിലാണ്.

## കോഴിക്കോട് സർവ്വകലാശാലയിൽ ന്യൂനപക്ഷ പഠനകേന്ദ്രം

282 (5306) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ന്യൂനപക്ഷ പഠനങ്ങളുമായി ബന്ധപ്പെട്ട ഒരു കേന്ദ്രം സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഠനകേന്ദ്രത്തിനുവേണ്ടി ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ International Institute of Minority Studies, Kerala എന്ന പേരിൽ തുടങ്ങാനുദ്ദേശിക്കുന്ന മൈനോറിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് മലപ്പുറം ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. കൂടാതെ ആയതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ഓഫ് റെഗുലേഷനും അംഗീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി&സി) ലഭിച്ചിട്ടില്ല.

## യു.ഐ.ടി

283 (5307) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യു.ഐ.ടി.- കൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം യൂണിവേഴ്സിറ്റികളുടെ കീഴിൽ എവിടെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര യു.ഐ.ടി. അനുവദിച്ചു; എവിടെല്ലാമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) യു.ഐ.ടി.-കൾ ആരംഭിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ നിലവിൽ 34 യു.ഐ.ടി.-കൾ പ്രവർത്തിക്കുന്നു. (ലിസ്റ്റ് ചുവടെച്ചേർക്കുന്നു):

Adoor

Alappuzha

Neyyattinkara

Thiruvananthapuram

Kollam

Pathanapuram

Pirappancode

Yeroor

Kottarakara

Thenmala

Sasthamcotta

Karuvatta

Mukhathala

Mannar

Mannady

Vakkom

Vellarada

Kallara

Azhoor

Ittiva

Kanjiramkulam

Vallakkadavu

Tholicode

Malayinkeezhu

Pathiyoor

Charamangalam

Mannancherry

Muthukulam

Paravur (Chathannur)

Aroor

Bharanickavu(Kayamkulam)

Chengannur

Kazhakoottom

Varkala

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ 18 യു.ഐ.ടി.-കൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ അവയിൽ 17 എണ്ണം പ്രവർത്തിക്കുന്നു.

In the Academic Year 2017-18

Kallara

Azhoor

Ittiva

Kanjiramkulam

Vallakkadavu

Tholicode

Malayinkeezhu

Pathiyoor

Charamangalam

Mannancherry

Muthukulam

In the Academic Year 2018-19

Paravur (Chathannur)

Aroor

Bharanickavu (Kayamkulam)

Chengannur

Kazhakoottom

Varkala.

(സി) നൂതന കോഴ്സുകൾ, പ്രത്യേകിച്ച് കരിയർ റിലേറ്റഡ് കോഴ്സുകൾ ഗ്രാമപ്രദേശങ്ങളിലുള്ള കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യു.ഐ.ടി. പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. അതത് പ്രാദേശിക നേതൃത്വങ്ങളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം അനുബന്ധ കമ്മിറ്റികൾ പരിശോധിക്കുകയും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും ആ പ്രദേശത്ത് സെന്ററിന്റെ ആവശ്യകതയും പരിശോധിച്ച് യു.ഐ.ടി. ആരംഭിക്കാവുന്നതാണോ എന്ന തീരുമാനമെടുക്കുന്നു.

## അലിഗഡ് സർവ്വകലാശാല മലപ്പുറം സെന്ററിന്റെ പ്രവർത്തനം

284 (5308) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലിഗഡ് സർവ്വകലാശാലയുടെ മലപ്പുറത്തെ സെന്ററിന്റെ പ്രവർത്തനം കേന്ദ്ര സർക്കാരിന്റെ നയത്തിലുള്ള മാറ്റം മൂലം അവതാളത്തിലായി എന്നത് വസ്തുതയാണോ;

(ബി) പ്രസ്തുത സെന്ററിന്റെ ഉപയോഗത്തിനായി സംസ്ഥാന സർക്കാർ ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി ഇത്തരത്തിൽ നല്കിയെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഭൂമി ഉപയോഗപ്രദമാക്കാത്ത സാഹചര്യത്തിൽ ഭൂമി തിരിച്ചെടുക്കുന്ന കാര്യം സംസ്ഥാന സർക്കാർ പരിഗണിക്കുന്നുണ്ടോ?

ഉത്തരം

(എ) 2013-ൽ കേന്ദ്രസർക്കാർ 104.93 കോടി രൂപ മലപ്പുറം കേന്ദ്രത്തിന് അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയാണ് ആകെ ലഭിച്ചത് (ആദ്യ ഗഡുവായി 45 കോടി രൂപ ലഭിച്ചതിന് ശേഷം 2015-ൽ 15 കോടി രൂപയും ലഭിച്ചു.) 16-5-2018-ൽ എം.എച്ച്.ആർ.ഡി.-യിൽ നിന്നും അലിഗഡ് രജിസ്ട്രാർക്ക് അയച്ച കമ്മ്യൂണിക്കേഷൻ പ്രകാരം 104.93 കോടി രൂപയിൽ ബാക്കിയുള്ള 44.93 കോടി രൂപ 12-ാമത് പഞ്ചവത്സര പദ്ധതിയുടെ കാലാവധി അവസാനിച്ചതുകാരണം റിലീസ് ചെയ്യാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. 2019-ൽ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. 343 ഏക്കർ

(സി) പരിശോധിച്ചിട്ടില്ല.

## ഓപ്പൺ യൂണിവേഴ്സിറ്റി

285 (5309) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റി സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങിയാൽ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ, വിദൂരവിദ്യാഭ്യാസ കോഴ്സുകൾ എന്നിവ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിൽ ഇന്ത്യയിലെ മറ്റ് ഓപ്പൺ യൂണിവേഴ്സിറ്റികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ വിദേശ ജോലികൾക്ക് പരിഗണിക്കുന്നതിൽ തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ, സ്വകാര്യ തൊഴിൽ മേഖലകളിലും പി.എസ്.സി/ യു.പി.എസ്.സി. നിയമനങ്ങൾക്കും ഓപ്പൺ യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റിന് അംഗീകാരമുണ്ടാകുമോ;

(ഇ) നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികളെയും അതേ കോഴ്സുകൾ ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികളെയും ഒരേ പോലെ പരിഗണിക്കുമോ;

(എഫ്) നിലവിൽ പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ലഭിച്ചുവരുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. ഗ്രാന്റുകളും യാത്രാ സൗകര്യങ്ങളും ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുമോ;

(ജി) ഓപ്പൺ യൂണിവേഴിസിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ടുകൾ ഉണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുകയും പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുകയും ചെയ്താൽ കേരളത്തിലെ പാരലൽ മേഖലയിലെ പതിനായിരക്കണക്കിന് അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എങ്ങനെ പരിഹരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ജി) ഉണ്ട്. ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഓപ്പൺ യൂണിവേഴ്സിറ്റി**

286 (5310) <u>ശ്രീ. ബി. ഡി. ദേവസ്സി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(സി) പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ ബിരുദ, ബിരുദാനന്തര ബിരുദ പഠനം നടത്തുന്നതിനുള്ള നിലവിലെ സൗകര്യം തുടരുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും

287 (5311) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷ കലണ്ടറും തയ്യാറാക്കുന്നതിന്റെ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) കേരള സർവ്വകലാശാല പരീക്ഷ കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ആയത് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി നൽകാമോ;

(സി) പരീക്ഷ നടന്ന് നിശ്ചിത സമയത്തിന് റിസൾട്ട് പ്രഖ്യാപിക്കാൻ സർവ്വകലാശാലകൾ കാലതാമസം വരുത്തുന്നതിന് പരിഹാരം കണ്ടെത്തുമോ;

(ഡി) പരീക്ഷ നടത്തിപ്പിലും വാല്യുവേഷനിലും റിസൽട്ട് പ്രഖ്യാപനത്തിലും എല്ലാ സർവ്വകലാശാലകളിലും ഏകീകൃത സ്വഭാവം വരുത്തുവാൻ സർക്കാർ ഭാഗത്തു നിന്നും എന്തു നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) പേപ്പർ വാല്യുവേഷൻ നടത്തുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുവാനും നിരുത്തരവാദപരമായി പേപ്പർ വാല്യുവേഷൻ നടത്തുന്ന അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുവാനും സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കാമോ;

(എഫ്) പേപ്പർ വാല്യുവേഷനെ ഡ്യൂട്ടിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

(സി) പരീക്ഷാ കലണ്ടർ പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ട് പരീക്ഷകൾ നടത്തുന്നതിൽ ജാഗ്രത പാലിക്കുകയും പരീക്ഷാഫലം നിശ്ചിത സമയത്ത് പ്രഖ്യാപിക്കുന്നതിനായി മൂല്യനിർണ്ണയം കഴിയുന്നതും കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്തി മാർക്കുകൾ ലഭ്യമാക്കുകയും ഉത്തരക്കടലാസുകളുടെ മാപ്പിംഗ്, കമ്പ്യൂട്ടറൈസ്ഡ് മാർക്ക് എൻട്രികൾ ഇവ വേഗത്തിലാക്കുന്നതിനായി ഡാറ്റാ സെന്റർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൊതുവേ പരീക്ഷാ കലണ്ടറിന് അനുസൃതമായാണ് നടന്നുവരുന്നത്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ എടുത്തുകഴിഞ്ഞു. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ മേഖലയിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ഇ) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം കഴിയുന്നിടത്തോളം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചാണ് നടത്താറുള്ളത്. നിരുത്തരവാദപരമായി പേപ്പർ വാല്യുവേഷൻ നടത്തുന്ന അദ്ധ്യാപകർക്കെതിരെ പരീക്ഷാ മാന്വൽ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(എഫ്) പേപ്പർ വാല്യൂവേഷൻ ഡ്യൂട്ടിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യൂണിവേഴ്സിറ്റികളിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അദാലത്ത്

288 (5312) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അദാലത്തുകൾ നടത്തിയതെന്നും അദാലത്തിലെടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

ഉണ്ട്. അദാലത്തുകൾ നടത്തുന്നതിന് പ്രത്യേകമായ ചട്ടങ്ങളുള്ളതായി കാണുന്നില്ല. തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായാണ് അദാലത്ത് സംഘടിപ്പിച്ചത്. വിദ്യാർത്ഥികളുടെ പരീക്ഷാ സംബന്ധവും അക്കാദമികവുമായ പരാതികളും അദ്ധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും മാനേജർമാരുടെയും പരാതികളും പരിശോധിച്ച് അദാലത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഹാപ്രളയത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ, മറ്റു രേഖകൾ എന്നിവ ഫീസീടാക്കാതെ ലഭ്യമാക്കുന്നതിനും അദാലത്തിൽ തീരുമാനമെടുത്തിരുന്നു.

## അസാപ് പദ്ധതി

289 (5313) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അസാപിനു കേരളത്തിൽ തുടക്കം കുറിച്ചതെപ്പോഴാണെന്നും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കേരളത്തിനു പുറത്ത് ഏതെല്ലാം സംസ്ഥാനങ്ങളിൽ അസാപ് ഉണ്ടെന്നും അവിടങ്ങളിലും നമ്മുടെ സംസ്ഥാനത്തും നടന്ന് വരുന്ന പ്രവർത്തനങ്ങളിലും തമ്മിൽ എന്താണു വ്യത്യാസങ്ങൾ ഉള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) അസാപിനു വേണ്ടി ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്ക വേണ്ടിയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഇ) അസാപിലൂടെ വിദ്യാർത്ഥികൾ ഇന്നേവരെ കൈവരിച്ച നേട്ടങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന ഉന്നത-പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത സംരംഭമാണ് അസാപ്. വിദ്യാർത്ഥികൾക്ക് പൊതുവായ തൊഴിൽപ്രാപ്തി ലഭ്യമാക്കുന്ന ഇംഗ്ലീഷ് ആശയവിനിമയ ശേഷി, കമ്പ്യൂട്ടർ ഉപയോഗക്ഷമത എന്നിവ പ്രദാനം ചെയ്യുന്ന 180 മണിക്കൂർ ദൈർഘ്യമുള്ള ഫൗണ്ടേഷൻ പരിശീലനവും ദേശീയ നൈപുണ്യയോഗ്യതാ ചട്ടക്കൂട് അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള തൊഴിൽ/നൈപുണ്യ പരിശീലനവും തൊഴിലിടങ്ങളിലെ ഇന്റേൺഷിപ്പ് പരിശീലനവും സംയോജിപ്പിച്ചുള്ള പരിശീലനക്രമമാണ് അസാപ് നടപ്പിലാക്കിവരുന്നത്.

(ബി) അസാപ്പിനു കേരളത്തിൽ തുടക്കംകുറിച്ചത് 2012 നവംബർ മാസത്തിലാണ്. അസാപ് പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നടത്തപ്പെട്ടവയാകയാൽ ജില്ല തിരിച്ചുള്ള ക്രോഡീകരണം ലഭ്യമല്ല. നാളിതുവരെ നടത്തിയ അസാപ് പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു:

1. <u>ഫൗണ്ടേഷൻ പരിശീലനം</u>

100 മണിക്കൂർ കമ്മ്യൂണിക്കേഷൻ മൊഡ്യൂളും 80 മണിക്കൂർ അടിസ്ഥാന ഐ.ടി മൊഡ്യൂളും ഉൾക്കൊള്ളുന്ന 180 മണിക്കൂർ ഫൗണ്ടേഷൻ മൊഡ്യൂൾ പരിശീലനം അസാപ്പിൽ അംഗമാകുന്ന സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നു.

<u>കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് മൊഡ്യൂൾ</u>

ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, സോഫ്റ്റ് സ്കിൽസ്, ലൈഫ് സ്കിൽസ്, അനലിറ്റിക്കൽ സ്കിൽസ് എന്നിവയുടെ സവിശേഷമായ ഒരു മിശ്രണമാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് മൊഡ്യൂൾ. പ്രവർത്തനാധിഷ്ഠിത പഠനരീതി ഉപയോഗിച്ച് സംഘാടനാശേഷി, ആശയ വിനിമയ ശേഷി, പ്രഭാഷണകല, അഭിമുഖ പ്രതികരണ നൈപുണി, സമയ മാനേജ്മെന്റ് തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഈ പരിശീലനം.

ഐ.ടി.പരിശീലനം

'ഉബണ്ടു' സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി വിവരസാങ്കേതിക വിദ്യയുടെ അടിസ്ഥാന പാഠങ്ങൾ ഉൾക്കൊള്ളുന്നതാണ് ഐ.ടി.മൊഡ്യൂൾ. വിവിധ ഐ.ടി. പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, ഓൺലൈൻ സൗകര്യങ്ങളുടെ പ്രായോഗിക വിനിയോഗം, വിജ്ഞാന ശേഖരണത്തിനും വ്യാപനത്തിനുമായി ഇന്റർനെറ്റിന്റെ സുരക്ഷിത ഉപയോഗം തുടങ്ങിയ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഫൗണ്ടേഷൻ മൊഡ്യൂൾ നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി* ചേർത്തിരിക്കുന്നു.

2. വ്യവസായ ബന്ധിത തൊഴിൽ നൈപുണ്യ പരിശീലനം

150-250 മണിക്കൂർ ദൈർഘ്യമുള്ള നൈപുണ്യ പരിശീലന മൊഡ്യൂളുകൾ, അസാപ് വിദ്യാർത്ഥികളെ അവരുടെ ഇഷ്ടാനുസരണം ഒരു ആധുനിക തൊഴിൽ മേഖലയിലെ പ്രായോഗിക പരിജ്ഞാനവും നൈപുണ്യവും വളർത്തിയെടുക്കുന്നതിനും നവീകരിക്കുന്നതിനും സഹായിക്കുന്നു.

നൈപുണ്യ പരിശീലനത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി വ്യവസായ വിദഗ്ധരുമായും പരിശീലകരുമായും ചേർന്നാണ് അസാപ് നൈപുണ്യ പരിശീലനം നൽകുന്നത്. ഈ പരിശീലനം നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

പരിശീലനത്തിനുശേഷം ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിൽ 150 മണിക്കൂർ ദൈർഘ്യമുള്ള ഇന്റേൺഷിപ്പ് പ്രവൃത്തി പരിചയവും പരിശീലനത്തിന്റെ ഭാഗമാണ്.

3. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

ദേശീയ അന്തർദ്ദേശീയ നിലവാരമുള്ള നൈപുണ്യ കോഴ്സുകളിലെ പരിശീലനം കേരളത്തിലെ തൊഴിലന്വേഷകർക്കു ലഭ്യമാക്കുവാനായി പബ്ലിക്-പ്രൈവറ്റ്-പാർട്ണർഷിപ്പ് (PPP) മാതൃകയിൽ വ്യവസായങ്ങളോടൊത്തു പ്രവർത്തിക്കുന്ന നൈപുണ്യ പരിശീലന സമുച്ചയങ്ങളായ 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുകയും രണ്ടാംഘട്ടമായ 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലുമാണ്.

സംസ്ഥാനത്ത് രണ്ടു ഘട്ടങ്ങളായി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4. അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ

എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ഡാറ്റാ അനലിറ്റിക്സ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി വിഭാവന ചെയ്തിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളാണ് ഈ നൂതന നൈപുണ്യ വികസന കേന്ദ്രങ്ങൾ. അസാപ് സ്ഥാപിച്ചിട്ടുള്ള അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ പട്ടിക അനുബന്ധമായി+ ചേർത്തിരിക്കുന്നു.

5. അസാപ്-എൻ.എസ്.ക്യൂ.എഫ് അംഗീകൃത കോഴ്സുകൾ

രാജ്യത്തുടനീളമുള്ള എല്ലാ നൈപുണ്യ വികസന കോഴ്സുകളുടെ വ്യക്തതയും ഗുണനിലവാരവും ഉറപ്പാക്കി നൈപുണ്യ പരിശീലനം നടപ്പിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് ഏജൻസി (എൻ.എസ്.ഡി.എ.) എല്ലാ നൈപുണ്യ കോഴ്സുകളും ദേശീയ യോഗ്യതാ രജിസ്റ്ററിൽ (എൻ.ക്യൂ.ആർ.) ചേർക്കുന്നു. ഇത്തരത്തിൽ അസാപ്പിന്റെ നേതൃത്വത്തിൽ 8 നൈപുണ്യ കോഴ്സുകൾ ക്യൂ ഫയലിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

6. കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്കുള്ള പ്രത്യേക നൈപുണ്യ പരിശീലനം

കേൾവിക്കുറവുള്ള വിദ്യാർത്ഥികളെ തൊഴിൽ സജ്ജരാക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH)-ന്റെ സഹായത്തോടെ നാലു നൈപുണ്യ കോഴ്സുകളും അസാപ്പിന്റെ ഫൗണ്ടേഷൻ മൊഡ്യൂളും പ്രത്യേക രീതിയിൽ തയ്യാറാക്കി പരിശീലന സജ്ജമാക്കിയിട്ടുണ്ട്. ഈ കോഴ്സുകളുടെ പരിശീലനത്തിനായി ഇന്ത്യൻ സൈൻ ലാംഗ്വേജ് (ISL) പരിശീലനം ലഭ്യമാക്കിയ നൈപുണ്യ പരിശീലകരെ കൂടി അസാപ് -നിഷ് (NISH) നേതൃത്വത്തിൽ സജ്ജരാക്കിയിട്ടുണ്ട്.

7. സമ്മർ സ്കിൽ സ്കൂൾ

വേനലവധിക്കാലത്ത് കേരളത്തിലെ ഹയർ സെക്കണ്ടറി, കോളേജ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള നൈപുണ്യ കോഴ്സുകളിൽ പരിശീലനം നേടാനുള്ള അവസരമായാണ് സമ്മർ സ്കിൽ സ്കൂൾ പരിശീലന മാതൃക നടപ്പിലാക്കുന്നത്.

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

8. <u>സ്മൈൽ ക്യാമ്പുകൾ (SMILE)</u>

പൊതു വിദ്യാഭ്യാസ - ഹയർ സെക്കണ്ടറി വകുപ്പുകളുടെ സഹകരണത്തോടെ പത്താം ക്ലാസ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ അവബോധം മെച്ചപ്പെടുത്തുന്നതിന് അസാപ് സംഘടിപ്പിച്ചിട്ടുള്ള വർക്ക്ഷോപ്പുകളാണ് സ്മൈൽ ക്യാമ്പുകൾ (SMILE).

9. <u>ഇന്റേൺഷിപ്പ് പോർട്ടൽ</u>

സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടൽ വഴി വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിലിടങ്ങളിൽ പരിശീലനത്തിനുള്ള വഴികൾ ഇന്റേൺഷിപ്പ് പോർട്ടലിലൂടെ ലഭ്യമാക്കുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ തങ്ങളുടെ സൗകര്യങ്ങൾ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് പരിശീലനത്തിന് ലഭ്യമാക്കുന്നു.

10. <u>ഷീ സ്കിൽസ് 2019</u>

പെൺകുട്ടികളുടെയും സ്ത്രീകളുടെയും നൈപുണ്യ വിദ്യാഭ്യാസത്തിൽ പുതിയൊരു ചുവടുവയ്പ്പായ ഷീ സ്കിൽസ് 2019 എന്ന പദ്ധതി പത്താം ക്ലാസ്സ് പാസ്സായ 15 വയസ്സിനു മുകളിലുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേകമായ തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പരിശീലനം നൽകുന്നു. കുടുംബശ്രീ അംഗങ്ങൾ, വനിതാ സംഘങ്ങൾ, വീട്ടമ്മമാർ, പഠനം പൂർത്തിയാക്കിയ പെൺകുട്ടികൾ തുടങ്ങിയവർക്ക് റീട്ടെയിൽ, ബാങ്കിംഗ്, അപ്പാരൽ, ബ്യൂട്ടി & വെൽനസ്സ്, ഫുഡ് പ്രോസസിംഗ്, ഹെൽത്ത് കെയർ, ഡാറ്റാ എൻട്രി തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകുന്നു.

(സി) കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ അസാപ് നടക്കുന്നതായി വിവരം ലഭിച്ചിട്ടില്ല.

(ഡി) അസാപ്പ് ആരംഭിച്ച വർഷമായ 2012 മുതൽ 31-10-2019 വരെ 525.50 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്. ടി തുക താഴെ പറഞ്ഞിരിക്കുന്ന അസാപ്പിന്റെ പ്രധാന ചെലവ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോഗ്രാമുകൾക്കായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്:

1. വിദ്യാർത്ഥികളുടെ നൈപുണ്യ പരിശീലനം.
2. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം.
3. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ.
4. കമ്പ്യൂട്ടർ, നെറ്റ്‌വർക്ക് ഉപകരണങ്ങൾ, സെർവർ തുടങ്ങിയവയുടെ സർവ്വീസ്.
5. ഭരണ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ.
6. പ്രോഗ്രാം മാനേജർമാരുടെ ട്രെയിനിംഗ്

മേൽപ്പറഞ്ഞ ശീർഷകങ്ങളിലെ ചെലവുകൾ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിവരുന്നവ ആകയാൽ ജില്ല തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(ഇ) അസാപ് പദ്ധതിയിലൂടെ നൈപുണ്യം നേടിയ വിദ്യാർത്ഥികളുടെ തൊഴിൽക്ഷമതാ അവലോകനം അന്തർദ്ദേശീയതലത്തിൽ സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയ മാതൃകകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ " എംപ്ലോയബിലിറ്റി ഇൻഡക്സ്" നിർണ്ണയത്തിലൂടെയാണ് നടത്തുന്നത്. അസാപ് മുഖേന പരിശീലനം ലഭിച്ച വിദ്യാർത്ഥികളെയും അസാപ്പിൽ അപേക്ഷ നൽകി പ്രവേശനം ലഭിക്കാതെ പോയ വിദ്യാർത്ഥികളെയും താരതമ്യപ്പെടുത്തിയാണ് ഈ അവലോകന പരീക്ഷയുടെ പ്രതിവർഷ റിപ്പോർട്ട് തയ്യാറാക്കുന്നത്.

<u>എംപ്ലോയബിലിറ്റി ഇൻഡക്സ്</u>- ഒന്നിനും നൂറിനും ഇടയിലുള്ള ഈ സ്കോർ സൂചിപ്പിക്കുന്നതിന് പ്രസ്തുത മേഖലയിലെ തൊഴിലിന് അസാപ് പരിശീലനം നേടിയ ഒരു ഉദ്യോഗാർത്ഥി എത്രത്തോളം അനുയോജ്യൻ എന്നതാണ്. വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

| അസാപ് വിദ്യാർത്ഥികളുടെ എംപ്ലോയബിലിറ്റി ഇൻഡക്സ് സ്കോർ | | | | | |
|---|---|---|---|---|---|
| | | 2016 | 2017 | 2018 | 2019 |
| ആകെ | ശരാശരി സ്കോർ | 49 | 66 | 68 | 69 |
| | വർദ്ധനവ് (ശതമാനത്തിൽ) | - | 35% | 39% | 41% |
| ആൺ | ശരാശരി സ്കോർ | 51 | 62 | 64 | 68 |
| | വർദ്ധനവ് (ശതമാനത്തിൽ) | - | 22% | 25% | 33% |
| പെൺ | ശരാശരി സ്കോർ | 48 | 69 | 70 | 69 |
| | വർദ്ധനവ് (ശതമാനത്തിൽ) | - | 44% | 46% | 44% |

2012 മുതൽ 2017 വരെ അസാപ് പരിശീലനം ലഭിച്ച 121017 വിദ്യാർത്ഥികളുടെ പരിശീലന പ്രയോജനം, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച വിശദമായ പഠനം അവസാനഘട്ടത്തിലാണ്.

അസാപ്പിലൂടെ വിദ്യാർത്ഥികൾ ഇന്നേവരെ കൈവരിച്ച നേട്ടങ്ങൾ ജില്ല തിരിച്ച് ക്രോഡീകരിച്ചിട്ടില്ല.

## ഹജ്ജ് കമ്മിറ്റിക്ക് സ്ഥിരം ഗ്രാന്റ്

290 (5314) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് കമ്മിറ്റിക്ക് സ്ഥിരം ഗ്രാന്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സംസ്ഥാന സർക്കാരിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും ഗ്രാന്റ് ഇൻ എയ്ഡായി ധനസഹായം അനുവദിക്കാറുണ്ട്.

(ബി) കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫെയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിത്സാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ 2014 വർഷം മുതൽ ലഭിച്ച അപേക്ഷകർക്ക് മുടങ്ങിക്കിടക്കുന്ന ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ വിതരണം സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 8.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് വിഷയനിർണ്ണയ സമിതി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വഖഫ് ബോർഡിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തുകയുടെ വിനിയോഗം

291 (5315) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമ

വകുപ്പിന് അനുവദിച്ച തുകയുടെ വിനിയോഗം കാര്യക്ഷമമല്ലായെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കാനായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനം ആവശ്യമായ തുക വകയിരുത്താത്തത് കേന്ദ്രസഹായം നഷ്ടമാകാൻ കാരണമായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

**ന്യൂനപക്ഷവിഭാഗക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

292 (5316) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവതീ യുവാക്കൾക്ക് കേന്ദ്ര സർക്കാരിന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് തൊഴിൽ പരിശീലനങ്ങൾ നൽകുന്നത്; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ സീഖോ ഓർ കമാവോ (ലേൺ ആന്റ് ഏൺ) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസികളെ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി ആയി തെരഞ്ഞെടുത്തിട്ടുണ്ടോ;

(സി) അഫിലിയേറ്റഡ് ട്രെയിനിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി ന്യൂനപക്ഷ വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം, കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയം, കേന്ദ്ര തൊഴിൽ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. ടി പദ്ധതി നടപ്പാക്കുന്നത് ഡോൺബോസ്കോ ടെക് സൊസൈറ്റി മുഖേനയാണ്.

(സി) ഇല്ല.

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല.

**സച്ചാർ-പാലോളി കമ്മിറ്റി ശിപാർശകൾ**

293 (5317) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റിയുടെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയായിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലോളി കമ്മിറ്റിയുടെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയായിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലോളി കമ്മിറ്റിയുടെ ഏതൊക്കെ ശിപാർശകൾ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) പാലോളി കമ്മിറ്റിയുടെ താഴെപ്പറയുന്ന ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്.

1. സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു.
2. ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചു.
3. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തി.
4. മദ്രസ്സാദ്ധ്യാപകർക്കും അവരുടെ പെൺമക്കൾക്കും വിവാഹധനസഹായ പദ്ധതിയും മദ്രസ്സാദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നവർക്ക് സ്കോളർഷിപ്പും ഏർപ്പെടുത്തി.
5. ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക്

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തയ്യാറെടുക്കുന്നതിന് സൗജന്യമായി പരിശീലനം നൽകുന്നതിന് 14 ജില്ലകളിലായി 23 സൗജന്യ പരിശീലന കേന്ദ്രങ്ങളും കൂടാതെ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ സർക്കാരിതര സന്നദ്ധ സംരംഭങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗജന്യമായി സൗകര്യം ഒരുക്കിയിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉപാധികളോടെ 28 ഉപകേന്ദ്രങ്ങളും ആരംഭിച്ചു.

6. മുസ്ലീം സമുദായാംഗങ്ങളായ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഏർപ്പെടുത്തി.

7. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു.

8. ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി തീരുമാനിച്ചു.

9. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് പദ്ധതി ഏർപ്പെടുത്തി.

10. 14 ജില്ലകളും കേന്ദ്രീകരിച്ച് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം സംഘടിപ്പിക്കുന്നു.

11. വിധവകളും വിവാഹബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഇമ്പിച്ചി ബാവ ഭവന നിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കുന്നു.

12. ചെറുകിട സംരംഭങ്ങൾക്കായി 42 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകി.

13. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നു.

14. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (തുടർ പദ്ധതി) (നിലവിൽ PMJVK 12 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്).

15. ഉറുദു ഒന്നാംഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കും ചാർട്ടേർഡ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും സ്കോളർഷിപ്പ്, അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീ-ഇംബേഴ്സ്മെന്റ് പദ്ധതി, ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

## വിധവകൾക്കും വിവാഹമോചിതർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി

294(5318) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിധവകൾക്കും വിവാഹ മോചിതർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണപദ്ധതി പ്രകാരമുള്ള അപേക്ഷ മൂന്ന് വർഷമായി ക്ഷണിച്ചിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവസാനമായി എന്നാണ് അപേക്ഷ ക്ഷണിച്ചത്; ഓരോ വർഷവും ലഭിച്ച അപേക്ഷകൾ എത്ര; എത്ര അപേക്ഷകളിൽ ധനസഹായം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) അപേക്ഷ ക്ഷണിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പുതിയ അപേക്ഷകൾ എത്രയും വേഗം ക്ഷണിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം അപേക്ഷ ക്ഷണിച്ച് 1240 വീടുകൾ അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അപേക്ഷ ക്ഷണിച്ച് 1798 പുതിയ വീടുകളും 1000 പുനരുദ്ധാരണ ഭവനങ്ങളും അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ ഈ ഭവന പദ്ധതി ലൈഫ് പദ്ധതിയിൽ ലയിപ്പിച്ചതിനാൽ ലൈഫിലൂടെയാണ് നടപ്പിലാക്കി വരുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിലാണ് അവസാനം അപേക്ഷ ക്ഷണിച്ചത്. വിവരങ്ങൾ അനുബന്ധമായി * ചേർത്തിട്ടുണ്ട്.

(സി) കാലതാമസം ഉണ്ടായിട്ടില്ല. ലൈഫ് പദ്ധതിയാണ് നടപടികൾ കൈക്കൊണ്ടുവരുന്നത്.

## പല്ലാരിമംഗലത്ത് ന്യൂനപക്ഷ യുവജനങ്ങൾക്കായി പരിശീലന കേന്ദ്രം

295 (5319) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ (സി.സി.എം.വൈ.) എറണാകുളം ജില്ലയിൽ ഏതെല്ലാം സ്ഥലത്താണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്ത് ഇത്തരം പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എറണാകുളം ജില്ലയിൽ ഏതെല്ലാം സ്ഥലത്താണ് അവ പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിൽ ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പല്ലാരിമംഗലം പഞ്ചായത്തിൽ ഇത്തരം ഒരു കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ആലുവ, മട്ടാഞ്ചേരി എന്നീ സ്ഥലങ്ങളിലാണ് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(ബി-ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ന്യൂനപക്ഷക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

296 (5320) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) ഇതിനായി എത്ര രൂപ ഇതിനകം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തിക

297 (5321) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ പുതുതായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അപേക്ഷിക്കുവാനുള്ള യോഗ്യതയും എത്രപേർ അപേക്ഷ നൽകിയെന്നും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(സി) പ്രസ്തുത അപേക്ഷ സമർപ്പിച്ചവരിൽ നിന്നും ആരെയാണ് നിയമിച്ചത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് 2019 ഫെബ്രുവരിയിൽ അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ 24-2-2019-ലെ മലയാള മനോരമ പത്രത്തിലും 27-2-2019-ലെ മാധ്യമം പത്രത്തിലും പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിലും നൽകിയിരുന്നു.

(ബി) ജനറൽ മാനേജർ തസ്തികയുടെ യോഗ്യത താഴെപ്പറയും പ്രകാരമാണ്.

Graduate with MBA preferably specialization in Marketing and Finance or HR/CA/CS/ICWAI/B.Tech with PGDBA with 3 years experience.

22 പേർ അപേക്ഷ നൽകിയിരുന്നു.

(സി) അപേക്ഷ സമർപ്പിച്ചവരിൽ നിന്ന് ശ്രീമതി എസ്. അനീഷ, റ<u>ഹ്</u>മത്ത് നിവാസ്, നെട്ടയം പി.ഒ, പൊയപ്പള്ളി, കൊല്ലം എന്ന അപേക്ഷകയേയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത്.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്നതിന് നടപടി

298 (5322) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ തസ്തിക പരിഷ്കരണവും ജില്ല താലൂക്ക് തല ആഫീസുകളുടെ രൂപീകരണവും എന്ന് നിലവിൽ വരുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ സ്ഥിരം ജീവനക്കാർ, ഡെപ്യൂട്ടേഷൻ, റീഡിപ്ലോയ്മെന്റ്, കരാർ എന്നീ വ്യവസ്ഥകളിൽ എത്ര ജീവനക്കാർ വീതമുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കരാർ, താല്ക്കാലികം എന്നീ വ്യവസ്ഥകളിൽ എത്ര ജീവനക്കാരെ നിയമിച്ച എന്നതിന്റെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) താൽകാലികം, കരാർ എന്നീ വ്യവസ്ഥകളിൽ നിയമനം ലഭിച്ചവരെ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ എട്ട് വർഷം നിയമ വിരുദ്ധമായി സ്പെഷ്യൽ റൂൾസ് തടഞ്ഞുവയ്ക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്ന് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഇ) ഡയറക്ടർ തസ്തികയിലേക്ക് അഡ്മിനിസ്ട്രേറ്റീവ് കേഡർ സർവ്വീസിൽ നിന്നും നിയമിക്കുവാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി & സി) അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഇല്ല. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പരിശോധിക്കുന്നതാണ്.

## മത്സരപരീക്ഷാ പരിശീലനകേന്ദ്രത്തിന്റെ ചുമതല

299(5323) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങളിലെ ചുമതലക്കാരെ നിയമിക്കുന്നത് എങ്ങനെയാണ്; ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലെ മേധാവി പ്രിൻസിപ്പൽമാരാണ്. ബിരുദാനന്തര ബിരുദവും UGC (CSIR/NET) പരീക്ഷയിൽ വിജയിച്ചവരുമായ തൊഴിൽരഹിതർ, സർക്കാർ സർവ്വീസിൽ നിന്നും പ്രിൻസിപ്പൽ, സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ് ലക്ചറർമാരായി വിരമിച്ചവർ എന്നിവരെ ടി തസ്തികയിലേയ്ക്ക് ഇന്റർവ്യൂ നടത്തി നിയമിക്കുന്നു.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

300 (5324) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.- യുടെ നിയന്ത്രണത്തിൽ എത്ര ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തുന്നുവെന്നും ഏതെല്ലാം റൂട്ടിൽ എത്ര എണ്ണം വീതം സർവ്വീസ് നടത്തുന്നുവെന്നും വിശദീകരിക്കുമോ;

(ബി) ഇതിന്റെ പ്രതിദിന വാടക എത്രയെന്നും ഇതിൽ നിന്നുള്ള ശരാശരി വരുമാനം എത്രയെന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാക്കിയിട്ടുള്ളത് ഏതെങ്കിലും സ്വകാര്യ ഏജൻസികളാണോ; എങ്കിൽ ഏജൻസിയുടെ വിവരം ലഭ്യമാക്കുമോ;

(ഡി) ഇലക്ട്രിക് നോൺ എ.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിന് പദ്ധതിയുണ്ടോ വിശദീകരിക്കുമോ?

ഉത്തരം

(എ) വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയ 9 മീറ്റർ എ.സി. ഇലക്ട്രിക് ബസ് 10 എണ്ണത്തിൽ 5 എണ്ണം വീതം എറണാകുളം, തിരുവനന്തപുരം സിറ്റി യൂണിറ്റുകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. തിരുവനന്തപുരം-എറണാകുളം റൂട്ടിൽ 9 സർവ്വീസുകൾ നടത്തിവരുന്നു.

(ബി) ഒരു കിലോ മീറ്റർ ഓടുന്നതിന് 400 കിലോ മീറ്റർ സ്ലാബിൽ 43.26 രൂപയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. ഒക്ടോബർ മാസത്തെ കണക്കുപ്രകാരം പ്രതിദിന ശരാശരി വരുമാനം 15,707 രൂപയാണ്.

(സി) അതെ. ഇ-ടെണ്ടർ മുഖാന്തരം മഹാ വോയേജ് എൽ.എൽ.പി. എന്ന സ്വകാര്യ ഓപ്പറേറ്റിംഗ് സ്ഥാപനത്തിൽ നിന്നുമാണ് ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്. കേന്ദ്ര സർക്കാർ FAME II പദ്ധതിയിൽ അനുമതി നൽകിയ 250 എണ്ണം 12 മീറ്റർ നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിന് ഇ-ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ വഴി പാഴ്സൽ

301 (5325) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ വഴി പാഴ്സൽ കൊണ്ടുപോകുന്നതിന് ഏജൻസിയെ തീരുമാനിച്ചത് ടെൻഡർ വഴിയാണോ; എങ്കിൽ ഏത് ഏജൻസിക്കാണ് ടെൻഡർ നൽകിയത്; അറിയിക്കാമോ;

(ബി) പ്രസ്തുത ടെൻഡർ വഴി ഈ വർഷം കെ.എസ്.ആർ.ടി.സി.-ക്ക് എന്ത് തുകയാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ. ആഡ് ഓൺ വീൽസ്, നോർത്ത് ബ്ലോക്ക്, രാജധാനി ബിൽഡിംഗ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം എന്ന ഏജൻസിക്കാണ് ടെണ്ടർ നൽകിയത്.

(ബി) പ്രസ്തുത ലൈസൻസ് കാലാവധി 4-11-2019-ൽ അവസാനിച്ചു. 2019 കലണ്ടർ വർഷത്തിൽ (ജനുവരി 2019 മുതൽ ഒക്ടോബർ 2019 വരെ) ലൈസൻസ് ഫീയിനത്തിൽ 1,18,35,000 രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ

302 (5326) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി.- യുടെ ട്രിപ്പുകൾ മുടങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.- യെ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ആരംഭിച്ച പുതിയ സർവ്വീസുകൾ ഏതൊക്കെ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലം കെ.എസ്.ആർ.ടി.സി ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർക്ക് ഗുണകരമാകുന്ന സർവ്വീസുകൾ നടത്തുന്നതിന് മുൻഗണന നൽകി യാത്രാക്ലേശം ഒഴിവാക്കുന്നതിനും ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ജീവനക്കാർ കൂടുതലുള്ള യൂണിറ്റുകളിൽ നിന്നും കുറഞ്ഞ യൂണിറ്റുകളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽ നിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ഭരണം, സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തനരീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്നു ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. തമിഴ്നാടും കർണ്ണാടകവും ആയുള്ള അന്തർ സംസ്ഥാന കരാറുകൾ പുതുക്കുകയും അതിൻപ്രകാരം പുതിയ സർവ്വീസുകളും പ്രത്യേക വാരാന്ത്യ അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന്, കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും ഡീസൽ

ചെലവ് ലാഭിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം പരിഷ്കരിച്ചതിന്റെ ഫലമായി വാഹനങ്ങൾ സർവ്വീസ് കഴിഞ്ഞ് വരുന്ന സമയങ്ങളിൽ ആവശ്യത്തിനനുസൃതമായി ജീവനക്കാരെ ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ നൂറിൽ അധികം വാഹനങ്ങൾ പകൽ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിടുന്നത് ഒഴിവാക്കാനും ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവനസമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. സർക്കാരിന്റെ മേൽനോട്ടത്തിൽ, കെ.എസ്.ആർ.ടി.സി.-യും സഹകരണ ബാങ്കുകളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം പെൻഷൻ കൃത്യമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 41 ഓർഡിനറി ബസ്സുകളാണ് പുതിയ സർവ്വീസ് തുടങ്ങുന്നതിലേയ്ക്കായി വയനാട് ജില്ലയിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. വയനാട് ജില്ലയിൽ 33 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. 07.20 പടിഞ്ഞാറേത്തറ
2. 06.50 തിരുനെല്ലി
3. 19.00 തിരുവനന്തപുരം
4. 22.30 പത്തനംതിട്ട
5. 15.40 ഭീമനടി
6. 07.40 കോയമ്പത്തൂർ
7. 04.35 കോഴിക്കോട്
8. 06.15 കോഴിക്കോട്
9. 08.40 കോഴിക്കോട്

10. 05.45 കോഴിക്കോട്
11. 10.00 കോഴിക്കോട്
12. 06.20 വിംസ് ഹോസ്പിറ്റൽ
13. 04.45 കാഞ്ഞങ്ങാട്
14. 07.10 കാഞ്ഞങ്ങാട്
15. 16.45 കാഞ്ഞങ്ങാട്
16. 12.30 കോഴിക്കോട്-മടപ്പള്ളിക്കുന്ന്
17. 14.00 സുൽത്താൻബത്തേരി-ശാന്തിഗിരി
18. 07.30 മീനങ്ങാടി
19. 05.15 തലശ്ശേരി
20. 14.25 മുണ്ടക്കൈ-കോഴിക്കോട്
21. 13.45 മാനന്തവാടി-വെണ്ണിയോട്
22. 08.30 കോട്ടത്താർ
23. 07.10 പയ്യാമ്പള്ളി
24. 11.10 മാനന്തവാടി-ചെറിയംകൊള്ളി
25. 06.30 വിംസ്
26. 07.15 സുൽത്താൻബത്തേരി
27. 06.40 സുൽത്താൻബത്തേരി
28. 07.30 സുൽത്താൻബത്തേരി
29. 19.45 തിരുവനന്തപുരം
30. 20.00 കുമിളി
31. 21.00 പുനലൂർ
32. 21.30 കോയമ്പത്തൂർ
33. 22.00 തിരുവനന്തപുരം

## കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് നടപടി

303 (5327) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് യഥാസമയം മാസശമ്പളം പോലും നൽകാൻ കഴിയാത്ത ദയനീയമായ അവസ്ഥയിലാണോ നിലവിൽ കെ.എസ്.ആർ.ടി.സി.-യെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.- യെ ലാഭത്തിലാക്കുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ പ്രൊഫ. സുശീൽ ഖന്നയെ സർക്കാർ എന്നാണ് നിയമിച്ചതെന്ന് അറിയിക്കാമോ;

(സി) 2017-ഏപ്രിലിൽ ഇടക്കാല റിപ്പോർട്ടും 2019-ൽ അന്തിമ റിപ്പോർട്ടും അദ്ദേഹം സമർപ്പിക്കുകയുണ്ടായോ;

(ഡി) അന്തിമ റിപ്പോർട്ട് കിട്ടിയാലുടൻ നടപടി എടുക്കുമെന്ന് സർക്കാർ പലതവണ വ്യക്തമാക്കിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്പോൾ എട്ടുമാസം പിന്നിടുമ്പോൾ ഈ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള നടപടികൾ എന്നേയ്ക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ വായ്പയായി നൽകുന്ന ധനസഹായവുംകൊണ്ടാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 കോടി രൂപയിൽ നിന്നുമാണ് ശമ്പളം നൽകിവരുന്നത്. ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. ഇതും പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായ 20 കോടി രൂപയിൽ നിന്നുള്ള 16 കോടി രൂപയും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈവശം ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നത് തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി

ചേർത്താണ്. സമീപ വർഷങ്ങളിൽ പ്രളയം കാരണം സർവ്വീസുകൾ താറുമാറായതിനാൽ ആ സമയം വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. കൂടാതെ ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പറേഷനിൽ കുറവ് വന്നതും കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടായതിന് കാരണമാണ്. വിവിധ ഓയിൽ കമ്പനികൾക്കും എസ്.ബി.ഐ. ക്യാപ്സിനും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകുന്നതിലേയ്ക്കായി മാസംതോറും സർക്കാർ നൽകുന്ന വായ്പാ ധനസഹായത്തിൽ നിന്നും 2019 ജൂൺ മാസം മുതൽ തുക കുറവ് ചെയ്യുന്നതും ശമ്പളം വൈകുന്നതിന് കാരണമായിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തിലെ ശമ്പളത്തിനായി അനുവദിച്ച തുകയിൽ നിന്നും 5 കോടി രൂപയും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനായി കുറവ് വരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ ശരാശരി 62 കോടി രൂപ കണ്ടെത്താൻ കഴിയാത്തതിനാൽ സർക്കാർ മുൻകയ്യെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് നിലവിൽ പെൻഷൻ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 124 കോടി രൂപയായിരുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി ഈ അന്തരം 30 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ നടത്തിവരുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർണ്ണമാകുന്ന മുറയ്ക്ക് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 24-9-2016-ലെ G.O.(Rt)No.367/2016/Trans നമ്പർ പ്രകാരമാണ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി നിയോഗിച്ചിട്ടുള്ളത്.

(സി) 2017 ഏപ്രിലിൽ ഇടക്കാല റിപ്പോർട്ടും 2019-ൽ അന്തിമ റിപ്പോർട്ടും അദ്ദേഹം സമർപ്പിക്കുകയുണ്ടായി.

(ഡി&ഇ) സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ പുനരുദ്ധാരണ നടപടികൾ ആരംഭിച്ചിട്ടുള്ളതും ഭരണം, ഓപ്പറേഷൻ, സാമ്പത്തികം, മെക്കാനിക്കൽ എന്നീ വിഭാഗങ്ങളിൽ അനുബന്ധ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മേഖലാവൽക്കരണം, കൺസോർഷ്യം മുതലായവ ഇപ്രകാരം സ്വീകരിച്ച നടപടികളിൽ പ്രധാനമായവയാണ്. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്മേൽ കെ.എസ്.ആർ.ടി.സി.-യുടെ അഭിപ്രായം തേടിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

## ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത

304 (5328) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പുറത്തിറങ്ങുന്ന ഇലക്ട്രിക് വാഹനങ്ങളുടെ വില സാധാരണക്കാരന് താങ്ങാവുന്നതിലും അപ്പുറമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതു പരിഹരിക്കുന്നതിനായി സബ്സിഡി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ഡി) സർക്കാരിന്റെ ഇലക്ട്രിക് വാഹന നയം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുത വാഹന വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2019 ജൂൺ 29, 30 തീയതികളിൽ കൊച്ചിയിൽ വെച്ച് " EVOLVE" എന്ന പേരിൽ ഒരു എക്സ്പോ സംഘടിപ്പിക്കുകയും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അനേകം കമ്പനികൾ പ്രസ്തുത എക്സ്പോയിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ഇതിൽ പങ്കെടുത്ത കമ്പനികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി യോഗം ചേർന്ന് സംസ്ഥാനത്ത് വൈദ്യുത വാഹന വിപണി പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു.

ഇലക്ട്രിക് ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം വാഹനവിലയുടെ 25 ശതമാനം അല്ലെങ്കിൽ 30,000 രൂപ ഏതാണോ കുറവ്, ആ തുക സബ്സിഡിയായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇലക്ട്രിക് ടൂ വീലറുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെന്റ് എ ബൈക്ക് ലൈസൻസുകൾ അനുവദിക്കുന്നത് ഇലക്ട്രിക് വാഹനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. 10 ഇലക്ട്രിക് ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസുകൾ നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ FAME-II പദ്ധതിയിൽ ഉൾപ്പെടുത്തി 250 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിനായി ദർഘാസ് ക്ഷണിച്ചിട്ടുമുണ്ട്.

(ബി&സി) ഇലക്ട്രിക് ഓട്ടോറിക്ഷകൾ സാധാരണക്കാരായ ഡ്രൈവർമാർക്ക് വാങ്ങി ഓടിക്കാവുന്നതാണ്. ആയതിന് സബ്സിഡി നൽകുന്നുണ്ട്. വില കൂടുതലായതുകൊണ്ടല്ല സബ്സിഡി നൽകുന്നത്. ഇ-ഓട്ടോറിക്ഷകൾ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി വാഹനവിലയുടെ 25 ശതമാനം അല്ലെങ്കിൽ 30,000 രൂപ ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നികുതിയിളവ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) കാർബൺ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും അതിലൂടെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ വൈദ്യുത വാഹന നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിലൂടെ ലക്ഷ്യം വയ്ക്കുന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

- 2022-ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുക.
- 2020-ഓടുകൂടി വൈദ്യുതി ഇന്ധനമായ 2 ലക്ഷം ഇരുചക്ര വാഹനങ്ങൾ, 50000 മുച്ചക്ര വാഹനങ്ങൾ, 1000 ചരക്ക് വാഹനങ്ങൾ, 3000 ബസുകൾ, 100 ബോട്ടുകൾ എന്നിവ നിരത്തിലിറക്കുക.
- വൈദ്യുത വാഹനങ്ങളുടെ ബാറ്ററി, മോട്ടോർ തുടങ്ങിയ യന്ത്രഭാഗങ്ങൾ സംസ്ഥാനത്തുതന്നെ നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.
- ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് തന്നെ വൈദ്യുത വാഹനങ്ങൾ നിർമ്മിക്കുക.
- വൈദ്യുത വാഹന നിർമ്മാണത്തിൽ സംസ്ഥാനത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

## വാഹനങ്ങൾക്ക് ജി.പി.എസ്. ഘടിപ്പിക്കൽ

305(5329) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനങ്ങളിൽ ജി. പി. എസ്. സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ജി. പി. എസ്. ഘടിപ്പിക്കുമ്പോഴുണ്ടാകുന്ന അധികചെലവ് മോട്ടോർ വ്യവസായത്തിന്റെ നിലനിൽപ്പിനെ ഗുരുതരമായി ബാധിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി പി എസ് ഘടിപ്പിക്കാൻ വേണ്ടിവരുന്ന ചെലവ് മോട്ടോർവാഹന വ്യവസായത്തിന്റെ നിലനിൽപ്പിനെ ഗുരുതരമായി ബാധിക്കുന്ന തരത്തിൽ ഉള്ളതല്ല.

(സി) ഉണ്ട്. വാഹനങ്ങളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി 27-9-2019-ലെ സ.ഉ.(സാധാ) 450/19/ഗതാ. പ്രകാരം ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**റോഡ് അപകടങ്ങൾ**

306(5330) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 വർഷങ്ങളിൽ നാളിതുവരെയായി എത്ര റോഡ് അപകടങ്ങൾ നടന്നിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപകടങ്ങളിൽ മരണപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം എത്രയാണ്;

(സി) റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഗതാഗത വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പ്രവത്തനങ്ങൾ വഴി റോഡ് അപകടങ്ങളുടെ എണ്ണം കുറക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്ക് നൽകുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 'Road Accident Analysis Kerala 2018' റിപ്പോർട്ട് അനുസരിച്ച് 2018-ൽ സംസ്ഥാനത്ത് 40181 അപകടങ്ങളും 2019 സെപ്റ്റംബർ മാസം വരെ 30801 അപകടങ്ങളും നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് 2018-19-ലെ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം അപകടങ്ങളിൽ മരണപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| വർഷം | റിപ്പോർട്ട് ചെയ്ത അപകടങ്ങളുടെ എണ്ണം | മരണപ്പെട്ട വരുടെ എണ്ണം | ഗുരുതരമായി പരിക്കേറ്റ വരുടെ എണ്ണം |
|---|---|---|---|
| 2018 | 40181 | 4303 | 31672 |
| 2019 (സെപ്റ്റംബർ വരെ) | 30801 | 3363 | 34357 |
| ആകെ | 70982 | 7666 | 66029 |

(സി&ഡി) മരണകാരണമായ അപകടങ്ങളും ഗുരുതരമായ അപകടങ്ങളും കൂടുതൽ നടന്ന സ്ഥലങ്ങൾ (ബ്ലാക്ക് സ്പോട്ടുകൾ) കണ്ടെത്തി മുൻഗണനാ ക്രമത്തിൽ അവ പരിഹരിക്കുന്നതിന് നാറ്റ്പാക് സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അതത് റോഡ് Owning agencies നടപടി സ്വീകരിച്ചുവരികയാണ്. അമിത വേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുമുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അമിത വേഗത, വാഹനമോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്ക് വാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. കൂടാതെ World Bank സഹായത്തോടെ റോഡ് സുരക്ഷാ വീഥിയുടെ മാതൃക (അടൂർ-കഴക്കൂട്ടം) നിർമ്മിച്ച് അതിൽ ആധുനികമായ റോഡ് സുരക്ഷാ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചു വരികയാണ്. ഈ പദ്ധതിയിൽ ചെയ്തുവരുന്ന റോഡ് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നാറ്റ്പാക് മുഖാന്തരം Awareness Campaign നടത്തിവരുന്നു. റോഡ് ഉപയോഗിക്കുന്നവർക്കുള്ള പരിശീലന പരിപാടിക്കും റോഡ് സുരക്ഷാവബോധ പരിപാടികൾക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി ഊന്നൽ നൽകിവരുന്നു. ഭാവിയിലേയ്ക്ക് റോഡ് സുരക്ഷാ അവബോധമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിനായി SCERT-യുമായി ചേർന്ന് " റോഡ് സുരക്ഷ " കൈ പുസ്തകവും തയ്യാറാക്കിവരുന്നു. വരും കാലയളവിൽ SCERT-യുടെ പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ബഹു. സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം റോഡ് അപകടമരണങ്ങൾ കഴിഞ്ഞ വർഷത്തെ സമാനമായ കാലയളവിൽ നിന്നും 10% കുറവ് വരുത്താനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ജില്ലാ തലത്തിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. അതിനായി ജില്ലാ തലത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ നടന്ന അപകടമരണ വിവരങ്ങൾ പരിശോധിച്ച്, അപകടമരണങ്ങൾ കൂടുതൽ നടന്നിട്ടുള്ള സ്ഥലങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് വാർഷിക റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. അതത് വർഷങ്ങളിലേക്ക് തയ്യാറാക്കുന്ന ആക്ഷൻ പ്ലാനുകൾ അതത് വർഷത്തിൽ തന്നെ പ്രൊപ്പോസൽ തയ്യാറാക്കി റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

2019-ലെ ആദ്യ 9 മാസ കാലയളവിലെ അപകടമരണ കണക്കുകൾ പരിശോധിക്കുമ്പോൾ എറണാകുളം, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 12.7 ശതമാനവും 11.9 ശതമാനവും റോഡ് അപകടമരണങ്ങൾ കുറഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ദ്വിതല പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുമ്പായി എല്ലാ അപേക്ഷകർക്കും ഇതു സംബന്ധിച്ച ക്ലാസ്സുകൾ നടത്തുന്നു. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, സ്വകാര്യ ബസ് ഡ്രൈവർമാർ, സ്കൂൾ വാഹനങ്ങൾ, ചരക്ക് വാഹനങ്ങൾ ഓടിക്കുന്നവർ എന്നിവർക്ക് സമയാസമയങ്ങളിൽ പരിശീലനം നൽകിവരുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Automated Test Track പത്തോളം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ PPP മോഡലിൽ സ്ഥാപിക്കാൻ നടപടികൾ നടന്നുവരുന്നു. ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് വിദേശ വിദഗ്ദ്ധരെയടക്കം ഉൾപ്പെടുത്തി വിദഗ്ദ്ധ പരിശീലനം ഐ.ഡി.റ്റി.ആർ മുഖേന നടത്തിവരുന്നു.

ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സുശക്തവും കാര്യക്ഷമവുമായ വാഹന പരിശോധന നടത്തിവരുന്നു. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, ഓവർ ലോഡ്, അമിതവേഗത, റെഡ് ലൈറ്റ് വയലേഷൻ എന്നീ കുറ്റങ്ങൾക്കെതിരെ ലൈസൻസ് റദ്ദുചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-ൽ 14,447 ലൈസൻസും 2018-ൽ 17,788 ലൈസൻസും 2019 സെപ്റ്റംബർ വരെ 21,246 ലൈസൻസും റദ്ദ് ചെയ്തു.

റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച " സേഫ് കേരള " പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ റോഡുകൾ അപകടവിമുക്തമാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. സേഫ് കേരള പദ്ധതിക്ക് വേണ്ടി മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരും 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. ഇതുവരെ വിവിധ നിയമലംഘനങ്ങൾക്ക് 2,18,536 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 25.15 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തു.

സ്കൂൾ വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ വാഹനങ്ങളിൽ സ്കൂൾ വർഷാരംഭത്തിൽ പ്രത്യേക പരിശോധനകൾ നടത്തി വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നു. ഈ വർഷാരംഭത്തിലുള്ള പരിശോധനകൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. പരിശോധന പൂർത്തിയാക്കി " checked " സ്ലിപ് പതിപ്പിച്ച വാഹനങ്ങൾ മാത്രമേ സ്കൂൾ വാഹനങ്ങളായി ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ. ഇതു കൂടാതെ സ്കൂൾ സമയങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്.

ഗുഡ്സ് വാഹനങ്ങൾ, ബസുകൾ എന്നീ വാഹനങ്ങളിലും കർശന പരിശോധന നടത്തിവരുന്നു. സ്കൂൾ ബസുകൾ ഉൾപ്പെടെയുള്ള ഇത്തരം വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളിൽ ജി.പി.എസും നിർബന്ധമാണ്. വാഹനങ്ങളിൽ ജി.പി.എസ് നടപ്പിലാക്കുന്നതോടുകൂടി 24x7 വാഹന നിരീക്ഷണം സാധ്യമാകുന്നതാണ്. ആയതിന് പുറമേ അടിയന്തര സഹായത്തിനായി പാനിക് ബട്ടൺ ഇവയിൽ നിർബന്ധമാക്കുന്നുണ്ട്.

ഇതു കൂടാതെ അമിതവേഗം, സിഗ്നൽ വയലേഷൻ എന്നിവ കണ്ടെത്തുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 203 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ വാളയാർ-വടക്കാഞ്ചേരി മേഖലകളിൽ 37 ക്യാമറകളും വളരെയധികം അപകടങ്ങൾ നടക്കാറുള്ള കവടിയാർ വെള്ളയമ്പലം റോഡിലും പുതുതായി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിച്ചതിനുശേഷം അപകടങ്ങൾ ഈ മേഖലകളിൽ താരതമ്യേന കുറവാണ്. ഇതുവഴിയായി അപകടങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

2016 മുതലാണ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മോട്ടോർ വാഹന വകുപ്പ് ആരംഭിച്ചത്. ആയതിനാൽ 2017-ൽ വാഹന അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2016-ൽ 39,420 വാഹന അപകടങ്ങൾ ഉണ്ടായി എങ്കിൽ 2017-ൽ അത് 38,470 ആയി കുറയ്ക്കാൻ സാധിച്ചു. ഒരു ലക്ഷം വാഹനങ്ങൾക്ക് 385 വാഹനാപകടങ്ങൾ എന്നതാണ് ശരാശരിയായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2016, 2017, 2018 വർഷങ്ങളിൽ ആയത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

## സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് തടയാൻ നടപടി

307 (5331) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

സ്കൂൾ വാഹനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ വാഹനങ്ങൾ അദ്ധ്യയന വർഷാരംഭത്തിൽ പ്രത്യേക പരിശോധനകൾ നടത്തി വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നു. പരിശോധന പൂർത്തിയാക്കി 'Checked' slip പതിപ്പിച്ച വാഹനങ്ങൾ മാത്രമേ സ്കൂൾ വാഹനങ്ങളായി ഉപയോഗിക്കാൻ അനുവദിക്കുകയുള്ളൂ. ഇത് കൂടാതെ സ്കൂൾ സമയങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്. 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസ്സുകൾ ഇപ്പോഴും നടത്തിവരുന്നു. വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ബസ്സ് ജീവനക്കാർ എന്നിവർക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തിവരുന്നു. എല്ലാ സ്കൂൾ ബസ്സുകളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. ഇതിനോടൊപ്പം പാനിക് ബട്ടൺ വാഹനത്തിന്റെ ഉൾഭാഗത്തായി ഘടിപ്പിച്ചിരിക്കുന്നു. കുട്ടികൾക്ക് വാഹനത്തിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ ഈ ബട്ടൺ അമർത്താവുന്നതും ഇതിന്റെ അപായ സൂചന ബന്ധപ്പെട്ട എല്ലാ കൺട്രോൾ റൂമുകളിലേക്കും പോകുകയും ഉടൻതന്നെ ഈ ബസ്സിലേയ്ക്ക് സഹായം എത്തിക്കുവാൻ വേണ്ടി ഉദ്യോഗസ്ഥർ സ്ഥലത്തെത്തുകയും ചെയ്യുന്നു. കൂടാതെ സ്കൂൾ ബസ്സുകളുടെ റൂട്ടുകൾ എല്ലാം തന്നെ ഇതിനായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ സജ്ജീകരിച്ചിരിക്കുന്ന കൺട്രോൾ റൂമിൽ നിരീക്ഷിക്കാനാകും. ഈ നിരീക്ഷണത്തിൽ വാഹനങ്ങളുടെ ഓവർ സ്പീഡ്, അപകടകരമായ ഡ്രൈവിംഗ്, റൂട്ട് മാറിയുള്ള ഓട്ടം എന്നിവ പരിശോധിക്കാൻ സാധിക്കും. ഇത്തരം സംവിധാനത്തിലൂടെ സ്കൂൾ വാഹനങ്ങളുടെ നിയമലംഘനങ്ങൾ ഒരു പരിധിവരെ തടയുന്നതിനും ഇത്തരം വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് വളരെ ഫലപ്രദമായ രീതിയിൽ തടയുന്നതിനും സാധിക്കുന്നു.

## ഇരുചക്രവാഹന യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കാൻ നടപടി

308 (5332) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുചക്രവാഹനങ്ങളിൽ യാത്രക്കാർക്ക് ഹെൽമെറ്റ് നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർ ഹെൽമെറ്റ്

ധരിക്കാതെ ഹെൽമെറ്റ് വാഹനങ്ങളിൽ തന്നെ തൂക്കിയിട്ട് യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച വിധമുള്ള പ്രവണതകൾ ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമെറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; അത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മുഴുവൻ ഇരുചക്രവാഹന യാത്രക്കാരും ഹെൽമെറ്റ് നിർബന്ധമായും ധരിച്ചു എന്ന് ഉറപ്പാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രീലേണേഴ്സ് ക്ലാസ്സുകളിൽ ഇത് സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ശക്തമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഹെൽമെറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നയാളിൽ നിന്നും മോട്ടോർ വാഹന നിയമം 194 (D) അനുസരിച്ച് 500 രൂപ പിഴയും ഈടാക്കി വരുന്നു.

(സി&ഡി) 2019-ലെ കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമത്തിൽ ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് (പിൻസീറ്റിൽ ഇരിക്കുന്നവർക്ക് ഉൾപ്പെടെ) ഹെൽമെറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചാൽ മാത്രമേ നടപ്പിലാക്കാൻ സാധിക്കൂ.

**റോഡപകടങ്ങൾ**

309 (5333) ഡോ. എം. കെ. മുനീർ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾക്ക് കാരണമായി കണ്ടെത്തിയിട്ടുള്ള പ്രധാന നിയമലംഘനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അമിതവേഗം, മദ്യപിച്ചുള്ള ഡ്രൈവിംഗ്, വാഹനങ്ങളിൽ രൂപമാറ്റം വരുത്തി ഓടിക്കുന്ന പ്രവണത, തുടർച്ചയായ വാഹന ഡ്രൈവിംഗ് ഇവ മുഖേനയുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഈ വർഷം 30-9-2019 വരെ സംസ്ഥാനത്തുണ്ടായ അപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അമിതവേഗത, അമിതഭാരം, മദ്യപിച്ച് വാഹനം ഓടിക്കൽ, വാഹനം ഓടിക്കുമ്പോൾ മൊബൈലിൽ സംസാരിക്കുക, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതിരിക്കുക തുടങ്ങിയവയാണ് വാഹനാപകടങ്ങളുടെ കാരണങ്ങളായി കണ്ടെത്തിയിട്ടുള്ള പ്രധാന നിയമലംഘനങ്ങൾ. 2018-ൽ റിപ്പോർട്ട് ചെയ്ത 40181 അപകടങ്ങളിൽ 29773 എണ്ണവും അമിതവേഗതമൂലമാണ് സംഭവിച്ചത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സുശക്തവും കാര്യക്ഷമവുമായ വാഹന പരിശോധന നടത്തിവരുന്നു. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, ഓവർ ലോഡ്, അമിതവേഗത, റെഡ് ലൈറ്റ് വയലേഷൻ എന്നീ കുറ്റങ്ങൾക്കെതിരെ ലൈസൻസ് റദ്ദുചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ 2017-ൽ 14,447 ലൈസൻസും 2018-ൽ 17,788 ലൈസൻസും 2019 സെപ്റ്റംബർ വരെ 21,246 ലൈസൻസും റദ്ദ് ചെയ്തു.

പുതിയതായി ആവിഷ്കരിച്ച "സേഫ് കേരള" പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ റോഡുകൾ അപകടവിമുക്തമാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. സേഫ് കേരള പദ്ധതിക്ക് വേണ്ടി മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരും 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. ഇതുവരെ വിവിധ നിയമലംഘനങ്ങൾക്ക് 2,18,536 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 25.15 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തു.

(സി) സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 30-9-2019 വരെ 30,801 അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 4015 |
| 2 | കൊല്ലം | 2564 |
| 3 | പത്തനംതിട്ട | 1210 |
| 4 | ആലപ്പുഴ | 2712 |
| 5 | കോട്ടയം | 2159 |
| 6 | ഇടുക്കി | 842 |
| 7 | എറണാകുളം | 4680 |
| 8 | തൃശ്ശൂർ | 3368 |
| 9 | പാലക്കാട് | 1829 |
| 10 | കോഴിക്കോട് | 2576 |
| 11 | മലപ്പുറം | 1946 |
| 12 | വയനാട് | 522 |
| 13 | കണ്ണൂർ | 1651 |
| 14 | കാസർഗോഡ് | 727 |
| | ആകെ | 30801 |

## വിദ്യാർത്ഥികൾ ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നത് തടയാൻ ബോധവൽക്കരണം

310 (5334) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നതായി കണ്ടെത്തിയ എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുണ്ട്;

(ബി) പക്വതക്കുറവ് മൂലവും ലൈസൻസ് ഇല്ലായ്മ മൂലവും വിദ്യാർത്ഥികൾ ഓടിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് കണക്കിലെടുത്ത് ഇതിനെതിരെ വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് ഗതാഗതവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എല്ലാ ഹൈസ്കൂൾ-ഹയർസെക്കന്ററി സ്കൂളുകളും കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 4001 കേസുകൾ

(ബി&സി) സ്കൂളുകളിൽ ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരികയും സ്കൂൾ പരിസരങ്ങളിൽ വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്.

**വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ**

311 (5335) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ ഇല്ലാതാക്കുന്നതിനായി ഗതാഗതവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ മരണകാരണമായ അപകടങ്ങളും, ഗുരുതരമായ അപകടങ്ങളും കൂടുതൽ നടന്ന സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ അവ പരിഹരിക്കുന്നതിന് നടപടികൾ അതത് റോഡ് Owning agencies സ്വീകരിച്ചുവരികയാണ്. അമിതവേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹനമോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന - പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. കൂടാതെ World Bank സഹായത്തോടെ റോഡ് സുരക്ഷാ വീഥിയുടെ മാതൃക (അടൂർ - കഴക്കൂട്ടം) നിർമ്മിച്ച് അതിൽ ആധുനികമായ റോഡ് സുരക്ഷാ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചുവരികയാണ്. ഈ പദ്ധതിയിൽ ചെയ്തുവരുന്ന റോഡ് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും റോഡ് ഉപയോഗിക്കുന്നവർക്കുള്ള പരിശീലന പരിപാടികൾക്കും റോഡ് സുരക്ഷാവബോധ പരിപാടികൾക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി ഊന്നൽ നൽകിവരുന്നു. ഭാവിയിലേയ്ക്ക് റോഡ് സുരക്ഷാവബോധമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിനായി SCERT-യുമായി ചേർന്ന് " റോഡ് സുരക്ഷ " കൈപുസ്തകവും തയ്യാറാക്കി വരുന്നു.

വരുംകാലയളവിൽ SCERT-യുടെ പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്താനുള്ള നടപടികളും എടുത്തുവരികയാണ്. കൂടാതെ താഴെപ്പറയുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

1. 'സേഫ് കേരള' പദ്ധതി

കേരളത്തിലെ റോഡുകളെ അപകടവിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള " സേഫ് കേരള പദ്ധതി."

2. 'ശബരിമല സേഫ് സോൺ' പദ്ധതി

ഉത്സവകാലത്ത് ശബരിമല അപകടവിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന " ശബരിമല സേഫ് സോൺ പദ്ധതി. "

3. ബോധവൽകരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

4. റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/ പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ദ്വിതല പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുമ്പായി എല്ലാ അപേക്ഷകർക്കും ഇതുസംബന്ധിച്ച ക്ലാസ്സുകൾ നടത്തുന്നു. കൂടാതെ, സ്കൂൾ വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, സ്വകാര്യ ബസ് ഡ്രൈവർമാർ, സ്കൂൾ വാഹനങ്ങൾ, ചരക്കുവാഹനങ്ങൾ ഓടിക്കുന്നവർ എന്നിവർക്ക് സമയാസമയങ്ങളിൽ പരിശീലനം നൽകിവരുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Automated Test Track പത്തോളം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ PPP മോഡലിൽ സ്ഥാപിക്കാൻ നടപടികൾ നടന്നുവരുന്നു. പഠിതാക്കൾക്ക് പരിശീലനം നൽകുന്ന ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് വിദേശ വിദഗ്ധരെയടക്കം ഉൾപ്പെടുത്തി ഐ.ഡി.റ്റി.ആർ മുഖേന ട്രെയിനിംഗ് നടത്തിവരുന്നു.

ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സുശക്തവും കാര്യക്ഷമവുമായ വാഹന പരിശോധന നടത്തിവരുന്നു. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, ഓവർ ലോഡ്, അമിതവേഗത, റെഡ് ലൈറ്റ് വയലേഷൻ എന്നീ കുറ്റങ്ങൾക്കെതിരെ ലൈസൻസ് റദ്ദുചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-ൽ 14,447 ലൈസൻസും 2018-ൽ 17,788 ലൈസൻസും 2019 സെപ്റ്റംബർ വരെ 21,246 ലൈസൻസും റദ്ദ് ചെയ്തു.

റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച " സേഫ് കേരള " പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ റോഡുകൾ അപകടവിമുക്തമാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. സേഫ് കേരള പദ്ധതിക്ക് മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരും 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. ഇതുവരെ വിവിധ നിയമലംഘനങ്ങൾക്ക് 2,18,536 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 25.15 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തു.

സ്കൂൾ വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ വാഹനങ്ങളിൽ സ്കൂൾ വർഷാരംഭത്തിൽ പ്രത്യേക പരിശോധനകൾ നടത്തി

വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നു. ഈ വർഷാരംഭത്തിലുള്ള പരിശോധനകൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. പരിശോധന പൂർത്തിയാക്കി " checked" സ്ലിപ് പതിപ്പിച്ച വാഹനങ്ങൾ മാത്രമേ സ്കൂൾ വാഹനങ്ങളായി ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളു. ഇതുകൂടാതെ സ്കൂൾ സമയങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്.

ഗുഡ്സ് വാഹനങ്ങൾ, ബസുകൾ എന്നീ വാഹനങ്ങളിലും കർശന പരിശോധന നടത്തിവരുന്നു. സ്കൂൾ ബസുകൾ ഉൾപ്പെടെയുള്ള ഇത്തരം വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളിൽ ജി.പി.എസും നിർബന്ധമാണ്. വാഹനങ്ങളിൽ ജി.പി.എസ് നടപ്പിലാക്കുന്നതോടു കൂടി 24x7 വാഹനനിരീക്ഷണം സാധ്യമാകുന്നതാണ്. ആയതിന് പുറമേ അടിയന്തര സഹായത്തിനായി പാനിക് ബട്ടൺ ഇവയിൽ നിർബന്ധമാക്കുന്നുണ്ട്.

ഇതുകൂടാതെ, അമിതവേഗം, സിഗ്നൽ വയലേഷൻ എന്നിവ കണ്ടെത്തുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 203 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ വാളയാർ-വടക്കാഞ്ചേരി മേഖലകളിൽ 37 ക്യാമറകളും, വളരെയധികം അപകടങ്ങൾ നടക്കാറുള്ള കവടിയാർ - വെള്ളയമ്പലം റോഡിലും ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിച്ചതിനുശേഷം അപകടങ്ങൾ ഈ മേഖലകളിൽ താരതമ്യേന കുറവാണ്. ഇതുവഴി അപകടങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

**നികുതി കുടിശ്ശിക ഒടുക്കാത്ത ബസ് സർവ്വീസുകൾ**

312 (5336) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകളിൽ നിന്ന് നികുതി കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് പിരിച്ചെടുക്കാനുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) നികുതി കുടിശ്ശിക ഒടുക്കാതെ സർവ്വീസുകൾ നടത്തുന്ന ബസ് ഉടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കർശനമാക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അന്തർ സംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകളിൽ നിന്ന് നികുതി കുടിശ്ശിക ഇനത്തിൽ ആകെ 41,63,25,786 രൂപ പിരിച്ചെടുക്കാനുണ്ട്.

(ബി) വാഹന ഉടമകൾക്കെതിരെ ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. കൂടാതെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇത്തരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി കർശനമാക്കിയിട്ടുണ്ട്.

**സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ നടപടി**

313 (5337) <u>ശ്രീ. എ. പ്രദീപ്കുമാർ</u>:
<u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര സർവ്വീസുകൾ നടത്തുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളുടെയും പോലീസിന്റെയും സഹായത്തോടെ സമാന്തര സർവ്വീസുകൾക്കെതിരെ ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി കെ. എസ്. ആർ. ടി. സി. യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ഇപ്രകാരം സമാന്തര സർവ്വീസുകൾ നിർത്തലാക്കിയ പ്രദേശങ്ങളിൽ ആവശ്യമായ സർവ്വീസുകൾ നടത്തുവാൻ കെ. എസ്. ആർ. ടി. സി. -ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇത്തരം സമാന്തര സർവ്വീസുകളിൽ യാത്രക്കാർക്ക് വളരെ മോശപ്പെട്ട അനുഭവങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ പരിശോധനകൾ കൂടുതൽ കർശനമാക്കുവാനും ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സമാന്തര സർവ്വീസ് നടത്തുന്നത് തിരുവനന്തപുരം ജില്ലയിലാണ്. മറ്റ് ജില്ലകളിൽ താരതമ്യേന കുറവാണ്. തിരുവനന്തപുരം ജില്ലയിൽ 4 സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ക്വാഡുകളിൽ മോട്ടോർ വാഹന ഉദ്യോഗസ്ഥരും കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥരും ഉൾക്കൊണ്ടിട്ടുണ്ട്. ഈ സ്ക്വാഡുകൾ നാല് വാഹനങ്ങളിലായി തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിരന്തര പരിശോധന നടത്തുന്നുണ്ട്. മറ്റ് ജില്ലകളിൽ ഇത്തരം സർവ്വീസുകൾ വളരെ കുറവാണ്. എങ്കിലും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധന നടത്തുന്നുണ്ട്. അത്തരം വാഹനങ്ങൾ പരിശോധിച്ച് നിയമലംഘനം കണ്ടെത്തിയാൽ പിഴ ഈടാക്കുകയും പെർമിറ്റ് സസ്പെന്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(ബി) പ്രസ്തുത സ്ക്വാഡ് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

(സി) യാത്രക്കാരുടെ ആവശ്യകതയും, കെ.എസ്.ആർ.ടി.സി.-യുടെ വരുമാന ലഭ്യതയും ഉറപ്പുവരുത്തി സർവ്വീസുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി ഓടുന്ന പാരലൽ സർവ്വീസുകൾ എന്നു പറയുന്നത് ചെറിയ റൂട്ടുകളിൽ നടത്തുന്ന സർവ്വീസുകളാണ്. ഇതിനായി ഉപയോഗിക്കുന്നത് ചെറിയ കോൺട്രാക്ട് കാര്യേജുകളും ജീപ്പ്, ട്രക്കർ മുതലായ വാഹനങ്ങളുമാണ്. ഇത്തരം സർവ്വീസുകൾ പ്രാദേശികമായാണ് സർവ്വീസ് നടത്തുന്നത്. ഇത്തരം സർവ്വീസുകളിൽ യാത്രക്കാർക്ക് മോശപ്പെട്ട അനുഭവങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പ

314 (5338) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പയും പലിശയും സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഈ സ്ഥാപനത്തിൽ നിന്നുള്ള വായ്പ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ എടുക്കുന്നതിനുള്ള സാധ്യതകൾ തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പയും പലിശയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | തുക (കോടി രൂപയിൽ) | പലിശ നിരക്ക് |
|---|---|---|
| 2011-12 | 291.00 | 15.13% |
| 2012-13 | 380.00 | 13.02% |
| 2013-14 | 493.00 | 12.85% |
| 2014-15 | 588.00 | 12.90% |
| 2015-16 | 707.50 | 12.33% |

(ബി) കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ കുറഞ്ഞ പലിശനിരക്കും കൂടിയ തിരിച്ചടവ് കാലാവധിയും ഉള്ള വായ്പയാക്കി മാറ്റുന്നതിന്റെ ഭാഗമായി 2018 മാർച്ചിൽ 3100 കോടി രൂപയുടെ ബാങ്ക് കൺസോർഷ്യം വായ്പ എടുത്തിട്ടുണ്ട്. ആയതുപ്രകാരം ഉയർന്ന പലിശയിലെ വായ്പകൾ 9.20% എന്ന കുറഞ്ഞ പലിശനിരക്കിലുള്ള വായ്പയാക്കി പുനഃക്രമീകരിക്കുകയുണ്ടായി.

**കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമനം**

315 (5339) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ. ടി. സി. -യിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണോ നാളിതുവരെയുള്ള ആശ്രിതനിയമനങ്ങൾ നടത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഒരേ കേസിൽ രണ്ട് ആശ്രിതർക്ക് നിയമനങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; എന്ത് മാനദണ്ഡപ്രകാരം ആണ് അത്തരത്തിൽ നിയമനം നടത്തുന്നത്; വ്യക്തമാക്കുമോ;

(ഡി) കെ. എസ്. ആർ. ടി. സി.- യിൽ ഒരു ലക്ഷത്തിനും രണ്ടു ലക്ഷത്തിനും മുകളിൽ ശമ്പളം വാങ്ങുന്ന എത്ര ഉദ്യോഗസ്ഥർ ഉണ്ട്; ഓരോരുത്തരുടെയും ഡെസിഗ്നേഷൻ, നിയമനം (ആശ്രിതനിയമനം ,നേരിട്ടുള്ള നിയമനം, ഡെപ്യൂട്ടേഷൻ) ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആശ്രിത നിയമനങ്ങൾ, പ്രൊമോഷനുകൾ ഇവ നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നടത്തുന്നത്.

24-5-1999-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 12/99/ഉ.ഭ.പ.വ.,

18-11-1999-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 24/99/പി&എ.ആർ.ഡി,

07-6-2007-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 32/2007/പ്ലാനിംഗ്,

12-4-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 14/10/ഉ.ഭ.പ.വ,

5-6-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 28/10/പ്ലാനിംഗ്,

25-7-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 23/15/ഉ.ഭ.പ.വ.

(ബി) അതെ. കെ.എസ്.ആർ.ടി.സി.യിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് നിയമനങ്ങൾ നടത്തുന്നത്.

(സി) നൽകിയിട്ടുണ്ട്. പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. വിജിലൻസ് സ്ക്വാഡിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പി. രാജീവിന്റെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു, റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) കോർപ്പറേഷനിൽ ഒരു ലക്ഷത്തിന് മുകളിൽ ശമ്പളം വാങ്ങുന്നത് ആറ് (6) പേർ. രണ്ട് ലക്ഷത്തിന് മുകളിൽ ശമ്പളം വാങ്ങുന്ന ആരുംതന്നെയില്ല. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ഇ) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആശ്രിതനിയമനങ്ങൾ, പ്രൊമോഷനുകൾ എന്നിവ നൽകിയിട്ടില്ല. എന്നാൽ, പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. വിജിലൻസ് സ്ക്വാഡിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പി. രാജീവിന്റെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ

316 (5340) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ കച്ചവട സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കുമായി വാടകയ്ക്ക് നല്കിയിട്ടുണ്ടോ; എങ്കിൽ ആയതിൽ നിന്നും പ്രതിമാസം ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കടമുറികളോ വലിപ്പമേറിയ ഹാളുകളോ വാടകയ്ക്ക് ഏറ്റെടുക്കാതെ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ അവ അടിയന്തരമായി വാടകയ്ക്ക് നല്കി വരുമാന വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. BOT വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സി പണിത വാണിജ്യ സമുച്ചയങ്ങൾ ഒഴികെയുള്ള ബസ് സ്റ്റേഷനുകളിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങളിൽ നിന്നും ബസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വിവിധ സ്റ്റാളുകളിൽ നിന്നുമായി ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസം ശരാശരി 81,35,775 രൂപ ലഭിക്കുന്നുണ്ട്.

KTDFC - BOT അടിസ്ഥാനത്തിൽ KSRTC -യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ബസ് ടെർമിനൽ കോംപ്ലക്സുകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വാടക വരുമാനം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം | 38,24,657 രൂപ |
| കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, അങ്കമാലി | 32,10,679 രൂപ |
| കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തിരുവല്ല | 3,97,156 രൂപ |

| | |
|---|---|
| കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, കോഴിക്കോട് | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിലെ വാണിജ്യ സ്ഥലങ്ങൾ ഒറ്റ യൂണിറ്റായി M/s. Alif Builders എന്ന സ്ഥാപനത്തിന് താൽക്കാലിക അലോട്ട്മെന്റ് നൽകിയിട്ടുണ്ടെങ്കിലും വാടക ലഭിച്ചു തുടങ്ങിയിട്ടില്ല. പേ ആന്റ് യൂസ് ടോയ്ലെറ്റ് ആന്റ് പേ ആന്റ് പാർക്ക് എന്നീ ഇനങ്ങളിൽ നിന്നും പ്രതിമാസം 5,74,118 രൂപ ലഭിക്കുന്നുണ്ട്. |

(ബി) പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ ചുവടെ പറയുന്ന ബസ് സ്റ്റേഷനുകളിൽ കടമുറികൾ/ ഹാളുകൾ ഒഴിഞ്ഞു കിടക്കുന്നു.

| | | |
|---|---|---|
| കാട്ടാക്കട | - | 1 |
| നെയ്യാറ്റിൻകര | - | 18 |
| നെടുമങ്ങാട് | - | 30 |
| കൊട്ടാരക്കര | – | 4 |
| കണ്ണൂർ | - | 3 |
| പയ്യന്നൂർ | - | 14 |
| കാസർഗോഡ് | - | 9 |

കൂടാതെ വിവിധ ബസ് സ്റ്റേഷനുകളിലായി 65 സ്റ്റാളുകൾ/കടമുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

- BOT വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് നിർമ്മിച്ച കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടം ഒറ്റ യൂണിറ്റായി M/s.Alif Builders എന്ന സ്ഥാപനത്തിന് താൽക്കാലിക അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. വാടകക്കരാർ ഒപ്പ് വച്ചതിനുശേഷമേ സ്ഥലം പ്രസ്തുത സ്ഥാപനത്തിന് കൈമാറുകയുള്ളു.
- തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിലെ സ്ഥലം വാടകയ്ക്ക് നൽകുന്നതിനുള്ള ടെണ്ടറുകളിൽ വളരെ കുറച്ചുപേർ മാത്രമാണ് പങ്കെടുത്തത്. അതിനാൽ വളരെ കുറച്ച് സ്ഥലം മാത്രമാണ് ടെണ്ടർ മുഖേന വാടകയ്ക്ക് നൽകാനായിട്ടുള്ളത്. നാളിതുവരെ 7 ടെണ്ടറുകളിലായി 14551.48 ച.അടി സ്ഥലം വാടകയ്ക്ക് നൽകിയിട്ടുണ്ട്.

- അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിൽ ആകെയുള്ള 97883.11 Sq.ft ഏരിയയിൽ 86420.99 ച.അടി സ്ഥലം ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 11462.12 ച.അടി ഏരിയയ്ക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.
- തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിലെ ആകെയുള്ള റെന്റബിൾ ഏരിയ ആയ 99797 ച.അടി സ്ഥലത്തിൽ 91790.66 ച.അടി സ്ഥലം സർക്കാർ ആഫീസുകൾക്കും സ്വകാര്യ വ്യക്തികൾക്കും വാടകയ്ക്ക് നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 8006.41 ച.അടി അടുത്ത ടെണ്ടറിൽ ഉൾപ്പെടുത്തുന്നതാണ്.

(സി) ദർഘാസ് നടപടികൾ സ്വീകരിച്ചുവരികയാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ നിന്നുള്ള മരണാനന്തര ആനുകൂല്യങ്ങൾ

317 (5341) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ ഡിപ്പോയിൽ ഡ്രൈവറായിരുന്ന എസ്. ഷിജു എന്നയാൾ ഡ്യൂട്ടിക്കിടെ മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ടിയാന്റെ ഏതെല്ലാം ആനുകൂല്യങ്ങളാണ് നാളിതുവരെ അവകാശികൾക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇനി ഏതെല്ലാം ആനുകൂല്യങ്ങൾ നൽകുവാനുണ്ടെന്നും അവ എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ചുള്ള ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ നിലവിലുണ്ടെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദീകരിക്കുമോ;

(ഇ) ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും നിയമനം എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 17-12-2018-ലാണ് മരണപ്പെട്ടത്.

(ബി) ടിയാന്റെ ഭാര്യ, ശ്രീമതി സുബിതാമോൾ എസ്.ആർ -ന് ഫാമിലി പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ PF Closure ആയി 82,476 രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) DCRG നൽകുവാനുണ്ട്. DCRG അനുവദിക്കുന്നതിനുള്ള രേഖകൾ പൂർണ്ണമായും ലഭ്യമായാൽ ആയത് അനുവദിച്ചുനൽകുന്നതാണ്. പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ചീഫ് ഓഫീസ്, ആറ്റിങ്ങൽ യൂണിറ്റ് എന്നിവിടങ്ങളിൽ ഫയലുകൾ നിലവിലുണ്ട്. അവകാശികൾ സമർപ്പിച്ച രേഖകൾ അപൂർണ്ണമായതിനാലാണ് ആനുകൂല്യങ്ങൾ നൽകാൻ തടസ്സം നേരിടുന്നത്.

(ഇ) ആശ്രിതനിയമനത്തിനുള്ള അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ ഇന്റർവ്യൂവിന് മുമ്പുള്ള ഘട്ടംവരെ പൂർത്തിയായിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതിനായി കോർപ്പറേഷനിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കോർപ്പറേഷനിൽ ഏത് തരത്തിലുള്ള നിയമനവും പുതുതായി നടത്തുവാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. എടുത്തിരിക്കുന്ന വായ്പകൾ**

318 (5342) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ വിശദാംശങ്ങൾ നൽകുമോ; ഓരോ വായ്പയും എത്ര ശതമാനം പലിശയ്ക്കുവീതമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പകളിൽ 2011-2016 കാലയളവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ആന്ധ്ര ബാങ്ക്, യൂണിയൻ ബാങ്ക്, ലക്ഷ്മി വിലാസ് ബാങ്ക്, കെ.റ്റി.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്.

(ബി) ബാങ്കുകളുടെ കൺസോർഷ്യം മുഖേന ഒറ്റ വായ്പയാണ് നിലവിലുള്ളത്. തുടക്കത്തിൽ 9.20% ആയിരുന്നു പലിശ. നിലവിൽ 9.55% ആണ്

പലിശയിനത്തിൽ ഈടാക്കുന്നത്. കൺസോർഷ്യം മുഖേന ഓരോ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു:

| ബാങ്കിന്റെ പേര് | തുക (കോടി രൂപയിൽ) |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1000 |
| ബാങ്ക് ഓഫ് ബറോഡ | 500 |
| ആന്ധ്ര ബാങ്ക് | 500 |
| യൂണിയൻ ബാങ്ക് | 300 |
| ലക്ഷ്മി വിലാസ് ബാങ്ക് | 150 |
| കെ.ടി.ഡി.എഫ്.സി | 150 |
| കാനറ ബാങ്ക് | 500 |
| ആകെ | 3100 |

(സി) 2011-2016 കാലയളവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനങ്ങൾ | തുക (കോടി രൂപയിൽ) |
|---|---|
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 291.00 |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 523.00 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | 100.00 |
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | 40.00 |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 50.00 |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | 25.00 |
| കെ.എസ്.പി.ഐ.എഫ്.സി | 50.00 |
| ഹഡ്കോ സ്കീം 20055 | 70.00 |
| ഹഡ്കോ സ്കീം 20209 | 50.00 |
| ഹഡ്കോ സ്കീം 20476 | 260.00 |
| എസ്.ബി.ടി., മിഡ് കോർപ്പറേറ്റ് ബ്രാഞ്ച് | 190.00 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 350.00 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 275.00 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ് | 50.00 |

| | |
|---|---|
| കേരള ഗ്രാമീൺ ബാങ്ക് | 50.00 |
| ലക്ഷ്മി വിലാസ് ബാങ്ക് | 75.00 |
| വിജയ ബാങ്ക് | 100.00 |
| കാനറ ബാങ്ക് | 200.00 |
| യൂണിയൻ ബാങ്ക് | 100.00 |
| ആന്ധ്ര ബാങ്ക് | 100.00 |
| കെ.റ്റി.ഡി.എഫ്.സി. | 2459.50 |
| കെ.എസ്.ടി.ടി.133 | 10.00 |

ടി വായ്പകൾ 12% മുതൽ 16.25% വരെ പലിശയ്ക്കാണ് എടുത്തിരുന്നത്. 2018 മാർച്ച് മാസത്തിലെ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ ലഭ്യമാക്കി ടി വായ്പകൾ പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാധ്യത**

319 (5343) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാധ്യത എത്രയെന്നും, ഈ കടബാധ്യതകൾ ഏതെല്ലാം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടങ്ങൾക്ക് കോർപ്പറേഷൻ എത്ര ശതമാനമാണ് പലിശയായി നൽകുന്നതെന്നും ഇതനുസരിച്ച് ഓരോ മാസവും എത്ര തുക വീതം പലിശയിനത്തിൽ നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) കടം എടുത്തിരിക്കുന്നത് എത്ര വർഷം വീതമുള്ള തിരിച്ചടവ് കാലയളവിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2019 സെപ്റ്റംബർ 30 വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ കണക്കുകൾപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിലനിൽക്കുന്ന കടബാധ്യത സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

ബസ്, ടയർ, സ്പെയർ എന്നിവയുടെ വിതരണക്കാർക്കും സിവിൽ കരാറുകാർക്കും ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 319.74 കോടി രൂപയുടെ ബാധ്യതയുണ്ട്. പാലിയേക്കര ടോൾ കുടിശ്ശികയിനത്തിൽ 77.60 കോടി രൂപയും 2013-ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതുമൂലമുണ്ടായ ബാധ്യത 54.40 കോടി രൂപയും ജി.എസ്.ടി., എസ്.ബി.ഐ. ക്യാപ്സിന്റെ കുടിശ്ശിക ഇനത്തിൽ 12.75 കോടി രൂപയും കൺസോർഷ്യം വായ്പയുടെ ബാലൻസായി 3043.67 കോടി രൂപയും ചേർത്ത് 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 3508.16 കോടി രൂപയുടെ ബാധ്യതയുണ്ട്. ഇതുകൂടാതെ എം.എ.സി.ടി. കേസുകളിൽ ഏകദേശം 50 കോടി രൂപയുടെ ക്ലെയിമിന്റെ കുടിശ്ശികയും കൂടാതെ ഓയിൽ കമ്പനികളും കെ.എസ്.ആർ.ടി.സി.-യുമായുള്ള കരാർ പ്രകാരം അനുവദനീയമായ ഡ്യൂ (Due) ആകാത്ത 135 കോടി രൂപയുടെ ക്രെഡിറ്റും നിലനിൽക്കുന്നുണ്ട്. ഇതുകൂടാതെ സർക്കാർ വായ്പാ ഇനത്തിൽ 2008-09 മുതൽ 2018-19 സാമ്പത്തിക വർഷം വരെ അനുവദിച്ച 3281.83 കോടി രൂപയും ബാധ്യതയാണ്.

(ബി) കൺസോർഷ്യം വായ്പയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മെമ്പർ ബാങ്കുകൾക്കും നിലവിൽ 9.55% പലിശ നൽകിവരുന്നുണ്ട്. ഇതനുസരിച്ച് പ്രതിമാസം ശരാശരി 25 കോടി രൂപ പലിശയിനത്തിൽ നൽകിവരുന്നുണ്ട്.

(സി) നിലവിൽ 20 വർഷം തിരിച്ചടവ് കാലയളവുള്ള 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പയാണ് എടുത്തിരിക്കുന്നത്.

## കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്ന ധനസഹായം

320 (5344) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം എത്ര കോടി രൂപയാണ് സർക്കാർ ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ അതിലെന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ പ്രതിമാസ പെൻഷൻ നൽകുന്നതിലേയ്ക്ക് ഏകദേശം 62 കോടി രൂപ ആവശ്യമാണ്. നിലവിൽ സർക്കാർ മുൻകയ്യെടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ

കൃത്യമായി വിതരണം ചെയ്തുവരികയാണ്. ഇപ്രകാരം 2018-19-ലും 2019-20-ലും പെൻഷൻ വിതരണം ചെയ്ത വകയിൽ കൺസോർഷ്യത്തിന് 10% പലിശസഹിതം ഇതുവരെ 1111,63,08,003 രൂപ (ആയിരത്തി ഒരുന്നൂറ്റി പതിനൊന്ന് കോടി അറുപത്തി മൂന്ന് ലക്ഷത്തി എണ്ണായിരത്തി മൂന്ന് രൂപ മാത്രം) ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള വായ്പാ ധനസഹായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഇതുകൂടാതെ പ്രതിമാസം 20 കോടി രൂപയുടെ വായ്പാ ധനസഹായവും സർക്കാർ അനുവദിക്കുന്നുണ്ട്. 2019 മേയ് മാസം വരെ ടി 20 കോടി രൂപ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും വേതനവും വിതരണം ചെയ്യാൻ മാത്രമാണ് ഉപയോഗിച്ചിരുന്നത്. 2019 ജൂൺ മാസം മുതൽ സർക്കാർ അനുവദിക്കുന്ന 20 കോടി രൂപയിൽ നിന്ന്, കെ.എസ്.ആർ.ടി.സി. ഓയിൽ കമ്പനികൾക്ക് നൽകുവാൻ കുടിശ്ശികയുള്ള തുകയും എസ്.ബി.ഐ. ക്യാപ്സിന് കൺസോർഷ്യം വായ്പയുടെ ഫീ ഇനത്തിൽ നൽകുവാൻ ഉണ്ടായിരുന്ന കുടിശ്ശിക തീർക്കുന്നതിനും കൂടി ഉപയോഗിച്ചുവരികയാണ്. 2019 ഒക്ടോബർ മാസത്തെ ശമ്പളത്തിനായി അനുവദിച്ച തുകയിൽ നിന്ന് ഓയിൽ കമ്പനികൾക്ക് 3.5 കോടി രൂപയും എസ്.ബി.ഐ. ക്യാപ്സിന് 50 ലക്ഷം രൂപയും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഫീ ഇനത്തിൽ ഒരു കോടി രൂപയും ചേർത്ത് മൊത്തം 5 കോടി രൂപ കുടിശ്ശിക തീർക്കുവാനും 15 കോടി രൂപ ശമ്പളത്തിനായും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം, കെ.എസ്.ആർ.ടി.സി.-യുടെ വിവിധ കുടിശ്ശികകൾ തീർക്കുന്നതിനായി 2019 ജൂൺ മുതൽ ഒക്ടോബർ മാസം വരെ ആകെ 19 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഭൂമി

321 (5345) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് കൈവശമുള്ള ഭൂമിയുടെ വിസ്തൃതി എത്രയെന്നുള്ള വിവരം ജില്ല തിരിച്ച് നൽകുമോ;

(ബി) പ്രസ്തുത ഭൂമിയിൽ ഇനിയും പട്ടയം ലഭിക്കാത്ത ഭൂമിയുണ്ടോ; ജില്ല തിരിച്ചുള്ള വിവരം നൽകുമോ?

### ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-ക്ക് എല്ലാ ജില്ലകളിലുമായി 171 ഹെക്ടർ 97 ആർ. ഭൂമിയുണ്ട്. പട്ടയം ലഭിച്ചതും ലഭിക്കാത്തതുമായ ഭൂമി സംബന്ധിച്ച വിശദവിവരം ഉൾക്കൊള്ളുന്ന ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയക്രമം

322 (5346) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിശേഷിച്ച് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ കൂടുതലുള്ള തെക്കൻ ജില്ലകളിലെ ഡിപ്പോകളിൽ നിന്നും യാതൊരു സമയക്രമവും പാലിക്കാതെ സർവ്വീസ് ഓപ്പറേറ്റ് ചെയ്ത് യാത്രക്കാർക്ക് ദുരിതവും കെ.എസ്.ആർ.റ്റി.സി.-ക്ക് വൻനഷ്ടവും ഉണ്ടാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയക്രമം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ യാത്രാ ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് വാഹനം എവിടെയെത്തി എന്ന് മുൻകൂട്ടി അറിയുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ തെക്കൻ മേഖലാ പരിധിയുടെ കീഴിലുള്ള യൂണിറ്റുകളിൽ നിന്നും കൃത്യമായ ക്രോണോളജി പ്രകാരം തയ്യാറാക്കിയ ഷെഡ്യൂളുകൾ അനുസരിച്ചാണ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നത്.

(ബി) പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ പ്രത്യേകം വിന്യസിച്ച് ഷെഡ്യൂളുകളുടെ സമയക്രമം പാലിക്കുന്നത് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ പ്രധാനപ്പെട്ട പോയിന്റുകളിൽ ടി ആവശ്യത്തിലേയ്ക്കായി ഇൻസ്പെക്ടർമാരെ പോസ്റ്റ് ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ബസുകളുടെ സ്ഥിതിഗതി കൃത്യമായി അറിയുന്നതിന് ബസുകളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിക്കേണ്ടതുണ്ട്. തൽസമയ വിവരം ലഭ്യമാക്കുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന്, കേന്ദ്ര നിയമം നിഷ്കർഷിച്ചിരിക്കുന്ന AIS 140 അംഗീകാരമുള്ള ജി.പി.എസ് സംവിധാനമാണ് ബസുകളിൽ സ്ഥാപിക്കേണ്ടത്.

6-9-2019-ൽ ഗതാഗത കമ്മീഷണർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., All India Road Transport Vehicles Federation എന്നിവരുമായി നടത്തിയ ചർച്ചയിൽ ജി.പി.എസ് ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രായോഗിക വശങ്ങൾ വിലയിരുത്തിയുള്ള പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗതാഗത സെക്രട്ടറി, ഗതാഗത കമ്മീഷണർ, റോഡ് സേഫ്റ്റി കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ

323 (5347) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിദിനം അതിന്റെ സർവ്വീസ് നടത്തുന്നതിന് എത്ര ലക്ഷം ലിറ്റർ ഡീസലാണ് വേണ്ടത്; അതിനായി എന്ത് തുക ചിലവാകും;

(ബി) പൊതുവിപണിയെക്കാൾ കുറഞ്ഞ വിലക്ക് കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ നൽകുവാൻ ഏതെങ്കിലും കമ്പനികൾ മുന്നോട്ട് വന്നിട്ടുണ്ടോ;

(സി) ഇതിനായി കെ.എസ്.ആർ.ടി.സി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ പ്രതിദിനം ശരാശരി 430 കിലോ ലിറ്റർ ഡീസൽ ഉപയോഗിക്കുന്നു.

പ്രതിദിനം ശരാശരി 2.90 കോടി രൂപ ഡീസൽ വാങ്ങുന്ന ഇനത്തിൽ കമ്പനികൾക്ക് നൽകി വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ അംഗീകൃത വാങ്ങൽ നയമനുസരിച്ച് പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നും വിലപേശൽ നടത്തി കരാറിലേർപ്പെട്ടാണ് വാങ്ങൽ പ്രക്രിയ

നടത്തിവരുന്നത്. മേൽ പ്രക്രിയയിലൂടെ തന്നെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നിലവിൽ കിലോ ലിറ്ററിന് 1700 രൂപ കിഴിവും 45 ദിവസത്തെ ക്രെഡിറ്റും 10-01-2019 മുതൽ ലഭ്യമാക്കുന്നുണ്ട്. ഇത് 30 ദിവസത്തെ ക്രെഡിറ്റ് ആയി കുറയുകയാണെങ്കിൽ 1975 രൂപയായി കിഴിവ് വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ നിരക്ക് കർണ്ണാടക ആർ.റ്റി.സി.-യിൽ തത്സമയം ടെണ്ടർ മുഖാന്തരം ലഭ്യമായ ഏറ്റവും മികച്ച ഓഫറിന് തുല്യമാണ് (1975 രൂപ കിഴിവും 30 ദിവസ ക്രെഡിറ്റും.) പ്രതിദിനം ഏതാണ്ട് 2200 കിലോ ലിറ്റർ ഉപയോഗമുള്ള കർണ്ണാടക RTC-യിലെ 1975 രൂപയും 30 ദിവസം ക്രെഡിറ്റും എന്നത് പ്രതിദിനം 430 കിലോലിറ്റർ മാത്രം ഉപയോഗമുള്ള കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നത് മെച്ചപ്പെട്ട ഓഫറാണ്. തുടർന്ന് കർണ്ണാടക ആർ.റ്റി.സി.-യിലെ പുതിയ ടെണ്ടറിൽ ഡിസ്കൗണ്ട് വർദ്ധിച്ചതനുസരിച്ച് ഇന്ത്യൻ ഓയിൽ കമ്പനിയുമായി മെച്ചപ്പെട്ട ഓഫറിനായി ചർച്ചകൾ പുരോഗതിയിലാണ്. ആയതിനാൽ ടെണ്ടർ നടപടികൾ ഒഴിവായിരിക്കുകയാണ്.

## വിദ്യാർത്ഥികൾക്കുള്ള യാത്രാസൗജന്യം

324 (5348) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്വകാര്യസ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്ര സൗജന്യം അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ സ്ഥാപനങ്ങളിലും, സ്വകാര്യസ്ഥാപനങ്ങളിലും പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ അധ്യയനവർഷം എത്ര വിദ്യാർത്ഥികളിൽ നിന്ന് യാത്രാസൗജന്യത്തിന് അപേക്ഷകൾ കിട്ടിയെന്നും അതിൽ എത്ര പേർക്ക് അനുവദിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) യാത്രാസൗജന്യം അനുവദിക്കുമ്പോൾ സർക്കാരിന് സഹിക്കേണ്ടി വരുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക്, ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്.

കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. സ്ഥാപനമേധാവികളുടെ അപേക്ഷയും സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച് തനത് വർഷത്തെ അഫിലിയേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നു. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക്, സ്കൂൾ അധികൃതർ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ.-യുടെ കേന്ദ്ര ഓഫീസിൽ നിന്നുള്ള തനത് വർഷത്തെ അംഗീകാരപത്രം ഹാജരാക്കുന്ന മുറയ്ക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്.

(സി)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 134111 |
| 2 | കൊല്ലം | 64778 |
| 3 | പത്തനംതിട്ട | 14192 |
| 4 | ആലപ്പുഴ | 14548 |
| 5 | കോട്ടയം | 7796 |
| 6 | ഇടുക്കി | 1995 |
| 7 | എറണാകുളം | 13298 |
| 8 | തൃശ്ശൂർ | 6279 |
| 9 | കോഴിക്കോട് | 2486 |
| 10 | കണ്ണൂർ | 2470 |
| 11 | കാസർഗോഡ് | 2887 |
| 12 | പാലക്കാട് | 1176 |
| 13 | വയനാട് | 3461 |
| 14 | മലപ്പുറം | 1172 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി)

| ക്രമം നമ്പർ | ജില്ല | അപേക്ഷ ലഭിച്ചത് | കാർഡ് അനുവദിച്ചത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 102002 | 101975 |
| 2 | കൊല്ലം | 31149 | 31035 |
| 3 | പത്തനംതിട്ട | 7460 | 7442 |
| 4 | ആലപ്പുഴ | 14548 | 14548 |
| 5 | കോട്ടയം | 7938 | 7796 |
| 6 | ഇടുക്കി | 2026 | 1995 |
| 7 | എറണാകുളം | 13304 | 13298 |
| 8 | തൃശ്ശൂർ | 6457 | 6279 |
| 9 | കോഴിക്കോട് | 2605 | 2605 |
| 10 | മലപ്പുറം | 1172 | 1172 |
| 11 | കണ്ണൂർ | 2390 | 2329 |
| 12 | കാസർഗോഡ് | 2887 | 2887 |
| 13 | വയനാട് | 3741 | 3741 |
| 14 | പാലക്കാട് | 1176 | 1176 |

(ഇ) വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.-ക്ക് 2018-19 വർഷത്തിൽ 124,26,79,934 രൂപ ബാധ്യത കണക്കാക്കിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.**

325 (5349) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപാനൽ ഡ്രൈവർമാരെ പിരിച്ച് വിട്ടതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ഷെഡ്യൂളുകളാണ് മുടങ്ങിയത്;

(ബി) പിരിച്ചുവിടപ്പെട്ട എംപാനൽ ഡ്രൈവർമാരെ 179 ദിവസത്തേക്ക് വീണ്ടും നിയമിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിലെത്ര പേർ ജോലിക്ക് ഹാജരായി;

(സി) കാലാവധി കഴിഞ്ഞ പി.എസ്.സിയുടെ ഡ്രൈവർ റാങ്ക് പട്ടികയിൽ ഉണ്ടായിരുന്നവർക്ക് കെ.എസ്.ആർ.ടി.സി താല്ക്കാലിക നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്;

(ഡി) സുശീൽ ഖന്ന പാക്കേജ് പ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സും ജീവനക്കാരും തമ്മിലുള്ള അനുപാതം നിലവിലെത്രയാണ്;

(ഇ) ഇതുപ്രകാരം എത്ര ഡ്രൈവർമാരെയാണ് കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമായിട്ടുള്ളത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്.

ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലം കെ.എസ്.ആർ.ടി.സി ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും താരതമ്യേന വരുമാനക്കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്.

(ബി) പിരിച്ചുവിടപ്പെട്ട എംപാനൽ ഡ്രൈവർമാരെ വീണ്ടും നിയമിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കെ.പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരിക്കുകയും എന്നാൽ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ അഭാവംമൂലം സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടിവരികയും ചെയ്യുന്ന സാഹചര്യം ഉണ്ടായപ്പോൾ പലപ്പോഴും കാലഹരണപ്പെട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയടക്കം താൽക്കാലികമായി ദിവസവേതനക്കാരായി കോർപ്പറേഷനിൽ നിയോഗിച്ചിട്ടുണ്ട്. 2007 മുതൽ നാളിതുവരെ 1518 പേരെ കാലഹരണപ്പെട്ട ലിസ്റ്റിൽ നിന്നും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. താൽക്കാലിക നിയമനത്തിൽ തുടർന്നവരെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി.

(ഡി&ഇ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽ ഖന്ന റിപ്പോർട്ടിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5-ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെംഗ്ത് നിശ്ചയിക്കുന്നതിനായി ഒരു സമിതിയെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലെ ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യിൽ നിന്നും രാജിവച്ച ദീപ എസ്. എൻ.-ന്റെ ആനുകൂല്യങ്ങൾ

326 (5350) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പേരൂർക്കട ഡിപ്പോയിൽ ദീപ എസ്.എൻ. എന്നയാൾ കണ്ടക്ടറായി ജോലി നോക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ എന്നുവരെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവർ എന്തു കൊണ്ടാണ് കെ.എസ്.ആർ.ടി.സി.-യിൽനിന്നും രാജി വച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ജോലി ലഭിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽനിന്നും രാജി വയ്ക്കുന്ന ജീവനക്കാർക്ക് അവരുടെ നാളിതുവരെയുള്ള ആനുകൂല്യങ്ങൾ നൽകാറുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ദീപ എസ്.എൻ.-ന് നാളിതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്നും ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുവാനുണ്ടെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ടിയാൾ എൻ.പി.എസ്.-ലേക്ക് അടച്ച തുക തിരികെ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 15-12-2014 മുതൽ 21-1-2018 വരെയാണ് ജോലി നോക്കിയിട്ടുള്ളത്.

(ബി) ഇവർക്ക് മറ്റൊരു സ്ഥാപനത്തിൽ ജോലി ലഭിച്ചതിനാലാണ് കെ.എസ്.ആർ.ടി.സി.-യിൽ നിന്നും രാജി വച്ചത്.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം 2016 മുതൽ റ്റി.എ./ഡി.എ., എൻ.പി.എസ്., അരിയർ, മെഡിക്കൽ റീഇംപേഴ്സ്മെന്റ് എന്നിവ കുടിശ്ശിക ഉണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി കുടിശ്ശികകൾ നൽകുന്നതാണ്.

(ഡി) ശ്രീമതി ദീപയുടെ 01/2018 മാസത്തിലെ ശമ്പളം 03/2018-ലെ Supplementary salary-യോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 02/2018 വരെയുള്ള supplementary salary-യുടെ payment മാത്രമേ നൽകിയിട്ടുള്ളൂ.

(ഇ) ശ്രീമതി ദീപ കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്തിരുന്ന കാലയളവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിക്ഷേപിച്ച തുക Rs.59634 + കെ.എസ്.ആർ.ടി.സി. വിഹിതം Rs.59634 ചേർത്ത് Rs.1,19,268 NSDL-ൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. PRAN: 110017104926 ലഭ്യമായതിനാൽ NSDL-ൽ അപ്‌ലോഡ് ചെയ്യുകയേ നിർവ്വാഹമുള്ളൂ. NPS- ലേയ്ക്ക് അടച്ച തുക തിരികെ ലഭിക്കുന്നതിന് ടിയാൾ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ DDO/DTO മുഖേന നിശ്ചിത ഫോർമാറ്റിൽ Premature Exit-ന് അനുബന്ധ രേഖകൾ സഹിതം NSDL-ൽ അപേക്ഷിക്കേണ്ടതാണ്.

## കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധി

327 (5351) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുശീൽഖന്നയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതോടെ രണ്ട് വർഷത്തിനകം കെ.എസ്.ആർ.ടി.സി. ലാഭത്തിലാകുമെന്നും ശമ്പളവും പെൻഷനും മുടങ്ങില്ലെന്നും ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഉറപ്പ് പാലിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കടം എത്രയായിരുന്നു; നിലവിൽ അത് എത്രയാണ്; വ്യക്തമാക്കുമോ;

(സി) ഐ.ഒ.സി.-ക്ക് നൽകുവാനുള്ള ഇന്ധനകുടിശ്ശിക നൽകുന്നതിനായി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകുന്ന ധനസഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നിലവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 124 കോടി രൂപയായിരുന്നു. ഈ ഭീമമായ

ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഈ ഗുരുതരമായ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനുവേണ്ടി സർക്കാർ മുൻകയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റി. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2% പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവ് ഉണ്ടായി. കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നത് പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതിനായി ഒരു സഞ്ചിതനിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ, സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. ഇപ്രകാരം, സംസ്ഥാന സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ 2019 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക, 10% പലിശ സഹിതം, 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിട്ടുള്ള 1000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽ നിന്നും തിരിച്ചടവുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനുമായി ഇപ്പോൾ പ്രതിമാസം 20 കോടി രൂപയും ടി 1000 കോടി രൂപയിൽ നിന്നും അനുവദിച്ചുനൽകുന്നുണ്ട്. പുനരുദ്ധാരണ നടപടികളുടെ ഫലമായി, സർക്കാർ നൽകുന്ന വായ്പാ ധനസഹായം കൂടി കണക്കിലെടുത്താൽ വരുമാനവും ചെലവും തമ്മിലുള്ള പ്രതിമാസ അന്തരം ശരാശരി 30 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.

കോർപ്പറേഷനിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ നൽകുന്ന വായ്പാ ധനസഹായവുംകൊണ്ടാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 രൂപയിൽ നിന്നുമാണ് ശമ്പളം നൽകിവരുന്നത്. ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തികസ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. ഇതും പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായ 20 കോടി രൂപയിൽ നിന്നുള്ള 16 കോടി രൂപയും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈവശം ഉണ്ടാവുകയുള്ളൂ. ആയതിനാൽ തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനംകൂടി ചേർത്താണ് കഴിഞ്ഞ മാസങ്ങളിൽ ശമ്പളവും വേതനവും നൽകിവന്നത്. സമീപ വർഷങ്ങളിലുണ്ടായ പ്രളയം കാരണം സർവ്വീസുകൾ താറുമാറായതിനാൽ ആ സമയം വളരെ കുറച്ചു ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. കൂടാതെ ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പറേഷനിൽ കുറവ് വന്നതും കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടായതിന് കാരണമാണ്. വിവിധ ഓയിൽ കമ്പനികൾക്കും എസ്.ബി.ഐ ക്യാപ്സിനും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകുന്നതിലേക്കായി, മാസംതോറും സർക്കാർ നൽകുന്ന വായ്പാ ധനസഹായത്തിൽനിന്നും 2019 ജൂൺ മാസം മുതൽ തുക കുറവ് ചെയ്യേണ്ടി വന്നതും ശമ്പളം വൈകുന്നതിന് കാരണമായിട്ടുണ്ട്.

(ബി) മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ നിലനിന്നിരുന്ന കടബാധ്യത സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ബസ്, ടയർ, സ്പെയർ എന്നിവയുടെ സപ്ലയേഴ്സിനും സിവിൽ കരാറുകാർക്കും ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 330.54 കോടി രൂപയുടെ ബാധ്യതയുണ്ട്. 2013-ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതുമൂലമുണ്ടായ ബാധ്യത 66.40 കോടി രൂപയും വിവിധ ബാങ്കുകളിൽ നിന്നെടുത്ത വായ്പയുടെ ബാലൻസായി 2395.94 കോടി രൂപയും ചേർത്ത് സർക്കാർ വായ്പ ഒഴികെ 2792.88 കോടി രൂപയുടെ ബാധ്യത ഉണ്ടായിരുന്നു.

2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിലനിൽക്കുന്ന കടബാധ്യത സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

ബസ്, ടയർ, സ്പെയർ എന്നിവയുടെ സപ്ലയേഴ്സിനും സിവിൽ കരാറുകാർക്കും ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 319.74 കോടി രൂപയുടെ ബാധ്യതയുണ്ട്. 2013-ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതുമൂലമുണ്ടായ ബാധ്യത 54.40 കോടി രൂപയും ജി.എസ്.ടി., എസ്.ബി.ഐ. ക്യാപ്സിന്റെ കുടിശ്ശികയിനത്തിൽ 12.75 കോടി രൂപയും കൺസോർഷ്യം വായ്പയുടെ ബാലൻസായി 3043.67 കോടി രൂപയും ചേർത്ത് 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം സർക്കാർ വായ്പ ഒഴികെ 3430.56 കോടി രൂപയുടെ ബാധ്യതയുണ്ട്.

(സി) ഓയിൽ കമ്പനികൾക്ക് നൽകുവാനുള്ള കുടിശ്ശിക നൽകുന്നതിനായി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകുന്ന ധനസഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 2019 ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ കുടിശ്ശികകൾ തീർക്കുന്നതിനായി ആകെ 15.50 കോടി രൂപ കുറവ് ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 23% (പുതിയ സ്കെയിലിൽ 11%) ഡി.എ. കുടിശ്ശികയുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണം

328 (5352) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ മുഖ്യമായി ആശ്രയിക്കുന്ന ജില്ലകളുടെ ഗതാഗതസൗകര്യം ഉറപ്പുവരുത്താനും ഈ പ്രസ്ഥാനത്തെ നിലനിർത്താനും സ്വയംപര്യാപ്തത കൈവരിക്കാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തെ സംരക്ഷിക്കാനായി തൊഴിലാളികളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി എന്തു നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ പഠനവിധേയമാക്കാത്ത ഡ്യൂട്ടി പരിഷ്കരണവും അതുമൂലമുണ്ടാകുന്ന ഷെഡ്യൂൾ വെട്ടിക്കുറയ്ക്കലും പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യെ ആശ്രയിക്കുന്ന തിരുവനന്തപുരം ജില്ലയേയും മറ്റു ജില്ലകളേയും ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കൊൽക്കത്തയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽ നിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തനരീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.-യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്ന് ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. തമിഴ്നാടും കർണ്ണാടകവും ആയുള്ള അന്തർ സംസ്ഥാന കരാറുകൾ പുതുക്കുകയും അതിൻപ്രകാരം പുതിയ സർവ്വീസുകളും പ്രത്യേക വാരാന്ത്യ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന് കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം നടത്തുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും, പ്രതി ബസ്, പ്രതി കി. മീറ്റർ വരുമാനത്തിൽ

വർദ്ധനവുണ്ടാകുകയും ഡീസൽ ചെലവ് ലാഭിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം പരിഷ്കരിച്ചതിന്റെ ഫലമായി വാഹനങ്ങൾ സർവ്വീസ് കഴിഞ്ഞ് വരുന്ന സമയങ്ങളിൽ ആവശ്യത്തിനനുസൃതമായി ജീവനക്കാരെ ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ നൂറിൽ അധികം വാഹനങ്ങൾ പകൽ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിടുന്നത് ഒഴിവാക്കാനും ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. സർക്കാരിന്റെ മേൽനോട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യും സഹകരണ ബാങ്കുകളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം പെൻഷൻ കൃത്യമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിലായി ഗതാഗത വകുപ്പുമന്ത്രി തലത്തിലും കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചാ യോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി യോഗങ്ങളിലെ തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രസ്തുത നിർദ്ദേശങ്ങൾ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മാനവവിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയും ബസ്സുകളുടെ കോൺവോയ് ഒഴിവാക്കുന്നതരത്തിലും യാത്രക്കാർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന തരത്തിലുമാണ് ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. യാത്രക്കാർക്ക് ഗുണകരമാകുന്നതും കോർപ്പറേഷന് വരുമാനം ലഭിക്കുന്നതുമായ എല്ലാ ട്രിപ്പുകളും നിലനിർത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്ന ബസുകൾ

329 (5353) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എത്ര ബസുകൾ വാടകയ്ക്കെടുത്ത് ഏതെല്ലാം റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ബസ്സുകൾ വാടകയ്ക്കെടുത്തതിന്റെ കരാർ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ബസ്സുകൾ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരമാണോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 10 സ്കാനിയ ബസുകളും 10 ഇലക്ട്രിക് ബസുകളും വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നു (സ്കാനിയ ബസുകൾ നിലവിൽ 9 എണ്ണം). ഇതിൽ 6 സ്കാനിയ ബസുകൾ ഉപയോഗിച്ച് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്ന് ബംഗളൂരു (2 സർവ്വീസുകൾ), കൊല്ലൂർ മൂകാംബിക എന്നിവിടങ്ങളിലേയ്ക്കും 2 ബസ്സുകൾ ഉപയോഗിച്ച് കോട്ടയം യൂണിറ്റിൽ നിന്ന് ബംഗളൂരുവിലേയ്ക്കും ഒരു ബസ് ഉപയോഗിച്ച് പത്തനംതിട്ട യൂണിറ്റിൽ നിന്നും ബംഗളൂരുവിലേയ്ക്കും സർവ്വീസ് നടത്തുന്നു. കൂടാതെ 10 ഇലക്ട്രിക് ബസുകൾ ഉപയോഗിച്ച് തിരുവനന്തപുരം സിറ്റി, എറണാകുളം എന്നീ യൂണിറ്റുകളിൽ നിന്നും തിരുവനന്തപുരം-എറണാകുളം റൂട്ടിൽ ഉപയോഗിക്കുന്നുണ്ട്.

(ബി) ഇലക്ട്രിക് ബസുകൾക്ക് കണ്ടക്ടർ, ഇലക്ട്രിസിറ്റി ചാർജ്, ടോൾ ഫീസുകൾ തുടങ്ങിയവ ഒഴികെ മറ്റ് ചെലവുകൾ കരാർ ഏജൻസിയാണ് വഹിക്കേണ്ടത്. കരാർ മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു. വെറ്റ് ലീസ് സ്കാനിയ ബസ്സുകളുടെ കാര്യത്തിൽ കണ്ടക്ടർ, ഡീസൽ, ടോൾ ഫീസുകൾ ഒഴികെയുള്ള ചെലവുകൾ കരാറിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസിയാണ് വഹിക്കുന്നത്.

(സി) 2019 മാർച്ച് മുതൽ 2019 ഒക്ടോബർ മാസം വരെയുള്ള എട്ട് മാസക്കാലയളവിൽ ഇലക്ട്രിക് ബസ് വാടകയ്ക്കെടുത്ത് ഓപ്പറേറ്റ് ചെയ്തതുവഴി പ്രതിമാസം ലഭിച്ച ശരാശരി വരുമാനം 28,15,326 രൂപയും ചെലവ് 40,24,025 രൂപയുമാണ്. മേൽപ്പറഞ്ഞ കാലയളവിലെ ശരാശരി നഷ്ടം 12,08,699 രൂപയാണ്. ഇലക്ട്രിക് ബസ് കെ.എസ്.ആർ.ടി.സി. സ്വന്തമായി ഓപ്പറേറ്റ് ചെയ്തിരുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന മൾട്ടി ആക്സിൽ ബസുകളിൽ, വെറ്റ് ലീസ് മുഖേനയും ആർ.ടി.സി. ബസുകൾ മുഖേനയും ഓപ്പറേറ്റ് ചെയ്തിരുന്നവ തമ്മിൽ നടത്തിയ താരതമ്യ പഠനത്തിൽ നിലവിൽ ആർ.ടി.സി. ബസുകൾ 14 രൂപ പ്രതി കിലോ മീറ്റർ നഷ്ടം ഉണ്ടാക്കുമ്പോൾ വെറ്റ്ലീസ് ബസുകൾ 7 രൂപ പ്രതി കിലോ മീറ്റർ നഷ്ടം ഉണ്ടാക്കുന്നതായി വെളിപ്പെട്ടിട്ടുണ്ട്.

## തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

330 (5354) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കെ.എസ്.ആർ..ടി.സി. ഡിപ്പോയ്ക്ക് കീഴിൽ ഡ്രൈവർമാർ ഇല്ലാത്തതുമൂലം എത്ര ഷെഡ്യൂളുകൾ റദ്ദാക്കേണ്ടിവന്നിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഇതുമൂലം ഉൾപ്രദേശങ്ങളിലുള്ള യാത്രക്കാർക്ക് വലിയ യാത്രാക്ലേശം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് ഡ്രൈവർമാരുടെ ഒഴിവുകൾ നികത്തി ഷെഡ്യൂളുകൾ പുനരാരംഭിക്കുന്നതിന് പരിഗണന നൽകുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലം 2 ഷെഡ്യൂളുകൾ റദ്ദാക്കേണ്ടി വന്നിട്ടുണ്ട്.

(ബി&സി) ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക ഡ്രൈവർ വിഭാഗം ജീവനക്കാരെ ഒഴിവാക്കിയതുമൂലമാണ് സർവ്വീസുകൾ റദ്ദ് ചെയ്യേണ്ട സാഹചര്യം വന്നുചേർന്നത്. യാത്രക്കാർ താരതമ്യേന കുറവുള്ള റൂട്ടുകളിലെ സർവ്വീസുകൾ റദ്ദ് ചെയ്ത് കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകിവരുന്നു. താമരശ്ശേരി യൂണിറ്റിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 25 ഡ്രൈവർമാരെ തൃശ്ശൂർ യൂണിറ്റിൽ നിയോഗിച്ചിട്ടുണ്ട്.

## ദീർഘദൂര റൂട്ടുകളിൽ സൂപ്പർ ഫാസ്റ്റ് സർവ്വീസ്

331 (5355) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ദീർഘദൂര റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ഒഴിവാക്കി സൂപ്പർ ഫാസ്റ്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകളാണ് ഈ വർഷം ഒഴിവാക്കിയത്; ഇതുപ്രകാരം കെ. എസ്. ആർ. ടി. സി. ക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഗ്രാമീണ മേഖലകളിലെ യാത്രക്കാർക്ക് പ്രധാന നഗരങ്ങളിലേക്ക് നേരിട്ട് ഉണ്ടായിരുന്ന സർവ്വീസുകളെ പ്രസ്തുത പരിഷ്കാരം ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലമുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുവാൻ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ചും ചെയിൻ സർവ്വീസുകൾ 4-8-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ഇത്തരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിനെ തുടർന്ന് യാത്രാ സൗകര്യം നഷ്ടപ്പെട്ടിട്ടുള്ള മേഖലകളിൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്ന രീതിയിലും കോർപ്പറേഷന്റെ വരുമാനം ഉറപ്പുവരുത്തിയും ട്രിപ്പുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്.

(ബി&സി) ഇത്തരം പുനഃക്രമീകരണത്തിലൂടെ സമയക്രമം പാലിക്കാതെയും കൃത്യമായ ഇടവേള ഇല്ലാതെയും നടത്തിവന്നിരുന്ന 57 ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ വിവിധ യൂണിറ്റുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ബസ്സുകൾ ഉപയോഗിച്ച് മറ്റ് മേഖലകളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം ക്രമീകരണത്തിലൂടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്.

**മലപ്പുറം ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

332 (5356) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ റദ്ദുചെയ്ത ബസ് സർവ്വീസുകളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പുതുതായി ആരംഭിച്ച ബസ് റൂട്ടുകൾ ഏതെല്ലാം; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാലിക്കറ്റ് എയർപോർട്ട് കേന്ദ്രീകരിച്ച് ജില്ലാന്തര/അന്തർസംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ വിവിധ ഡിപ്പോകളിൽ നിന്നും 17 സർവ്വീസുകൾ യാത്രക്കാരുടെ എണ്ണം തീരെ കുറവായതിനാൽ റദ്ദ് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1. മലപ്പുറം - പരപ്പനങ്ങാടി | - | 1 |
| 2. മലപ്പുറം - നെടുമ്പാശ്ശേരി | - | 4 |
| 3. മലപ്പുറം - കാളികാവ് | - | 1 |
| 4. മലപ്പുറം - പാലക്കാട് | - | 1 |
| 5. കുട്ടായി - അഴിമുഖം | - | 1 |
| 6. എടവണ്ണപ്പാറ – വാഴക്കാട് | - | 1 |
| 7. മലപ്പുറം - പരപ്പനങ്ങാടി | - | 1 |
| 8. തിരൂർ - പുറത്തൂർ | - | 1 |
| 9. മലപ്പുറം - കിഴിശ്ശേരി | - | 1 |
| 10. എടവണ്ണപ്പാറ -കോഴിക്കോട് | - | 1 |
| 11. പെരിന്തൽമണ്ണ – നിലമ്പൂർ | - | 1 |
| 12. പെരിന്തൽമണ്ണ -ചെർപ്പുളശ്ശേരി | - | 1 |
| 13. പെരിന്തൽമണ്ണ – കാളികാവ് | - | 1 |
| 14. പെരിന്തൽമണ്ണ – ഗൂഡല്ലൂർ | - | 1 |
| | | ------- |
| | | 17 |
| | | ==== |

(ബി) 1. പൊന്നാനി - മൈസൂർ

2. പൊന്നാനി - പെരിന്തൽമണ്ണ

3.പൊന്നാനി - എറണാകുളം - കോഴിക്കോട്

4.നിലമ്പൂർ - ഗൂഡല്ലൂർ

5. പെരിന്തൽമണ്ണ - കാലടി

6.പെരിന്തൽമണ്ണ – താമരശ്ശേരി - തൃശ്ശൂർ

7. മലപ്പുറം - തിരുവനന്തപുരം.

(സി) നിലവിൽ കോഴിക്കോട് മേഖലയിൽ നിന്ന് കാലിക്കറ്റ് എയർപോർട്ടുമായി ബന്ധിപ്പിച്ച് സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കാലിക്കറ്റ് എയർപോർട്ട് കേന്ദ്രീകരിച്ച് മലപ്പുറം ജില്ലയിൽ നിന്നും കൂടുതൽ പുതിയ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ ഉറപ്പുവരുത്തി പരിശോധിക്കുന്നതാണ്.

## കോതമംഗലം ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

333 (5357) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഡിപ്പോയിൽ നിന്നും നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബസ്സുകൾ പുതുതായി കോതമംഗലം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഹൈറേഞ്ചിന്റെ കവാടവും ഏറെ തീർത്ഥാടകരുമുള്ള കോതമംഗലത്ത് നിന്നും വേളാങ്കണ്ണിയിലേക്കും പഴനിയിലേക്കും പുതിയ ബസ്സ് റൂട്ട് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ;

(ഇ) ഏറെ തീർത്ഥാടകരുള്ള പ്രദേശമായ കോതമംഗലത്ത് നിന്നും വേളാങ്കണ്ണിയിലേക്കും പഴനിയിലേക്കും ദീർഘദൂര സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം ഡിപ്പോയിൽ 48 ആർ.ടി.സി ബസുകളും 13 ജൻറം ബസ്സുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. 53 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പ്രതിദിനം ശരാശരി 46 സർവ്വീസുകൾ നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം ഡിപ്പോയ്ക്ക് 5 ആർ.ടി.സി ബസുകളും 4 ജൻറം ബസുകളും പുതുതായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി-ഇ) അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാട്ടുമായി നിലവിലുള്ള കരാർ പ്രകാരം കോതമംഗലത്ത് നിന്നും വേളാങ്കണ്ണി, പഴനി എന്നിവിടങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ തിരുവനന്തപുരത്ത് നിന്നും പഴനിയിലേക്ക് പുതുതായി ആരംഭിച്ചിരിക്കുന്ന സർവ്വീസ് കോതമംഗലം വഴിയാണ് ക്രമീകരിച്ചിട്ടുള്ളത്.

## വർക്കല മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ ടിക്കറ്റ്

334 (5358) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പകൽക്കുറി എച്ച്.എസ്സ്.എസ്.-ൽ പഠിക്കുവാൻ ഓയൂർ ഭാഗത്ത് നിന്ന് എത്തുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ ടിക്കറ്റ് അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) നിലവിൽ പകൽക്കുറി എച്ച്.എസ്.എസ്.-ലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ നൽകിവരുന്നുണ്ട്. എന്നാൽ സ്വകാര്യ ബസുകൾ കൂടുതലായി സർവ്വീസ് നടത്തുന്ന ഏതാനും റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ചുരുക്കം ചില സർവ്വീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. അത്തരം മേഖലകളിൽ വരുമാന ലഭ്യത ഉറപ്പ് വരുത്തിയാൽ മാത്രമേ ടി സർവ്വീസുകൾ തുടരുവാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുകയുള്ളൂ. പ്രസ്തുത സർവ്വീസുകളിൽ കൺസഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## വൈപ്പിൻ ദ്വീപ് നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

335 (5359) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ദ്വീപ് നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കൊച്ചി നഗരത്തിലേക്ക് ബസ് സർവീസുകൾ ദീർഘിപ്പിക്കുന്നതിനായി സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) എറണാകുളം നഗരത്തിലെ റോഡുകൾ ദേശസാൽകൃത റൂട്ടുകളിൽ ഉൾപ്പെടുന്നതിനാൽ പുതുതായി സ്വകാര്യ ബസ്സുകൾക്ക് ടി റൂട്ടുകളിൽകൂടി സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് അനുവദിക്കാൻ നിയമം അനുവദിക്കുന്നില്ല. മാത്രമല്ല, അത് നിലവിലുള്ള ബഹു. കോടതി ഉത്തരവുകളുടെ ലംഘനമാകും. കൊച്ചി നഗരത്തിലെ വാഹന പെരുപ്പംമൂലമുള്ള ഗതാഗത പ്രശ്നങ്ങൾ, പാർക്കിംഗ്, സുരക്ഷാ പ്രശ്നങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് 6-12-2011-ലെ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ടി വിഷയം പരിഗണിക്കുകയും നിരുപാധികം തള്ളിയിട്ടുള്ളതുമാണ്.

ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് പൊതുജന താല്പര്യം മുൻനിർത്തി കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വൈപ്പിൻകരയിലേക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യോട് നിർദ്ദേശിക്കുകയും അവർ നൽകിയ അപേക്ഷ പരിഗണിച്ച് 1-2-2011-ൽ എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി 22 (ഇരുപത്തിരണ്ട്) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഗോശ്രീ പാലം വഴി വൈപ്പിനിലേക്കും തിരിച്ച് എറണാകുളം നഗരത്തിലേക്കും സർവ്വീസ് നടത്തുന്നതിന് സ്ഥിര പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. വൈപ്പിൻ ദ്വീപ് നിവാസികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. 15-7-2019-ൽ 12 ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ വൈപ്പിനിൽ നിന്ന് ഹൈക്കോർട്ട് വരെ ഉള്ള സ്വകാര്യ ബസ് സർവ്വീസ് മുടക്കാതിരിക്കാൻ നോർത്ത് പറവൂർ ജോയിന്റ് ആർ.ടി.ഒ.-യ്ക്ക് കർശന നിർദ്ദേശം നൽകുകയും പരിശോധന നടത്തിവരികയും ചെയ്യുന്നു.

## നിലമ്പൂർ കെ.എസ്.ആർ.ടി.സി.ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

336 (5360) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് എന്നാണ് തീരുമാനമെടുത്തത്; ഇതിന് ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവ നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചത് ഏത് ഫണ്ട് ഉപയോഗിച്ചാണ്; വായ്പ എടുത്താണ് നിർമ്മിച്ചതെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച സമയത്ത് ഗതാഗത വകുപ്പുമന്ത്രി ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, അനുവദിച്ച ഫണ്ട്, ചെലവഴിച്ച തുക എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ ; നിർമ്മാണത്തിന് ആവശ്യമായ ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) നിലമ്പൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചതെന്നാണ്; ഇപ്പോഴത്തെ കെട്ടിടത്തിന്റെ അവസ്ഥയെന്താണ്; കെട്ടിടം ഉപയോഗയോഗ്യമാണോ എന്ന് വ്യക്തമാക്കാമോ; കെട്ടിടം ഉപയോഗ യോഗ്യമാക്കുന്നതിന് ഇനിയും എത്ര തുക വേണ്ടി വരുമെന്ന് അറിയിക്കുമോ;

(ഇ) കെട്ടിട നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-2-2014-ൽ കൂടിയ കെ.എസ്.ആർ.ടി.സി.-യുടെ 377-ാം ഭരണ സമിതി യോഗത്തിലാണ് തീരുമാനമെടുത്തത്. പ്രസ്തുത ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. കെ.എസ്.ആർ.ടി.സി. നേരിട്ട് നടത്തുന്ന പ്രവൃത്തി ആയതിനാൽ ബന്ധപ്പെട്ട ഫയലിലാണ് സാങ്കേതിക അനുമതി നൽകിയിരിക്കുന്നത്.

(ബി) 14-12-2012-ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 88/2012/ഗതാഗതം പ്രകാരം സ്പെഷ്യൽ പാക്കേജ് ആയി അനുവദിച്ച 3 കോടി രൂപ ഉപയോഗിച്ച് 3-7-2014-ലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിനോടൊപ്പം പലിശരഹിത മൂലധന നിക്ഷേപം കൂടി സമാഹരിച്ച് പ്രവൃത്തി ചെയ്യുന്നതിനാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തീരുമാനിച്ചിരുന്നത്.

പ്രസ്തുത കാലയളവിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഗതാഗത വകുപ്പുമന്ത്രിയുടെ ചുമതല വഹിച്ചിരുന്നത്.

(സി) ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തിയോടൊപ്പം വാട്ടർ സപ്ലൈ ആന്റ് സാനിട്ടറി വർക്സ്, Rain Water Harvesting Work, STP (സിവിൽ വർക്സ്), കനോപ്പി എന്നീ പ്രവൃത്തി ഉൾക്കൊള്ളിച്ച് 5.85 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. ടി പ്രവൃത്തി ചെയ്യുന്നതിനായി സർക്കാരിൽ നിന്നും സ്പെഷ്യൽ പാക്കേജ് ഫണ്ടായി 3 കോടി രൂപ അനുവദിച്ചിരുന്നു. ഇതിനോടൊപ്പം പലിശരഹിത മൂലധന നിക്ഷേപം കൂടി സമാഹരിച്ച് പ്രവൃത്തി ചെയ്യുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ തുക കണ്ടെത്താൻ കഴിയാത്തതിനാലും കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും പ്രവൃത്തി നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന് 4 പാർട്ട് ബില്ലുകളിലായി 3,06,36,548 രൂപയുടെ ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 2,92,92,900 രൂപയുടെ പേമെന്റ് നടത്തിയിട്ടുണ്ട്.

(ഡി) 2014 ജൂലൈ മാസമാണ് നിർമ്മാണ പ്രവൃത്തി ആരംഭിച്ചത്. 70% സിവിൽ structural പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണുള്ളത്. ബാക്കിയുള്ള സിവിൽ പ്രവൃത്തികൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, അഗ്നിസുരക്ഷാ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ, വൈദ്യുതീകരണം ചെയ്യുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനയോഗ്യമാക്കുന്നതിന് ഏകദേശം 4.66 കോടി രൂപ ആവശ്യമായി വരുന്നതാണ്.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലവും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ തുക ലഭ്യമല്ലാത്തതിനാലുമാണ് പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നത്.

**ശങ്കരമംഗലം കേന്ദ്രീകരിച്ച് പുതിയ ഓപ്പറേറ്റിംഗ് സെന്റർ**

337 (5361) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ ശങ്കരമംഗലം ജംഗ്ഷൻ കേന്ദ്രീകരിച്ച് കെ. എസ്. ആർ. ടി. സി.-യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ശങ്കരമംഗലം - കാട്ടിൽ ക്ഷേത്രം സർവ്വീസ് നടത്തുന്നതിനായി കെ. എസ്. ആർ. ടി. സി. നിയോഗിച്ചിട്ടുള്ള സ്റ്റാഫിനെ ഉപയോഗിച്ച് ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊല്ലത്തും കരുനാഗപ്പള്ളിയിലും നിലവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ പ്രവർത്തിച്ചുവരുന്നുണ്ട്.

ഒരു ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം സൗജന്യമായി ഗ്രാമപഞ്ചായത്തോ തദ്ദേശഭരണ സ്ഥാപനങ്ങളോ ഒരുക്കി തന്നാലും കെ.എസ്.ആർ.ടി.സി. ഓഫീസ് പ്രവർത്തിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് പ്രതിവർഷം ശരാശരി 40 ലക്ഷം രൂപയെങ്കിലും ആവർത്തന ചെലവ് വരുമെന്നാണ് കെ.എസ്.ആർ.ടി.സി. കണക്കാക്കിയിരിക്കുന്നത്. നിലവിലുള്ള സാഹചര്യങ്ങളിൽ ശങ്കരമംഗലത്ത് ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ പ്രയോജനകരമായിരിക്കുമെന്ന് കരുതുവാൻ കഴിയുകയില്ല. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുമുള്ള പുതിയ ബാധ്യതകളും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ശങ്കരമംഗലത്ത് ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ

338 (5362) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ദിവസവും എത്ര സർവ്വീസുകളാണ് നടത്തേണ്ടതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ഇതിൽ എത്ര സർവ്വീസുകൾ നടത്തുന്നു എന്ന് വ്യക്തമാക്കുമോ; ക്യാൻസൽ ചെയ്ത സർവ്വീസുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) രാവിലെയും വൈകുന്നേരവും ഉള്ള സർവ്വീസുകൾ ക്യാൻസൽ ചെയ്യുന്നതുമൂലം വിദ്യാർത്ഥികൾ സ്കൂളുകളിൽ സമയത്ത് എത്താൻ ബുദ്ധി മുട്ടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് ഡിപ്പോയിൽ നിന്നും 63 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രതിദിനം 54 സർവ്വീസുകളാണ് നടത്തിവരുന്നത്. ക്യാൻസൽ ചെയ്ത സർവ്വീസുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പൂവത്തൂർ സ്കൂളിലെ വിദ്യാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി 8.40-ന് നെടുമങ്ങാട്-പൂവത്തൂർ-പൂങ്കുമ്മൂട്-വട്ടപ്പാറ - കിഴക്കേകോട്ട സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

## ചെങ്ങന്നൂർ ബസ് സ്റ്റാൻഡിൽ അന്തർ സംസ്ഥാനബസുകൾക്ക് സ്റ്റോപ്പ്

339 (5363) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല മണ്ഡല മഹോത്സവവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് ഇതരസംസ്ഥാന തീർത്ഥാടകർ എത്തുന്ന ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ അന്തർ സംസ്ഥാന ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ എല്ലാ അന്തർ സംസ്ഥാന ബസുകൾക്കും സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

## തിരുവില്വാമല ക്ഷേത്രം - ഗുരുവായൂർ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

340 (5364) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല ക്ഷേത്ര പരിസരത്ത് നിന്ന് വടക്കാഞ്ചേരി, എരുമപ്പെട്ടി, കുന്നംകുളം വഴി ഗുരുവായൂർക്ക് ഒരു കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഭക്തജനങ്ങൾക്കും മറ്റ് യാത്രക്കാർക്കും പ്രയോജനം ചെയ്യുംവിധം രാവിലെ 7 മണിക്ക് തിരുവില്വാമലയിൽ നിന്ന് ആരംഭിച്ച് 8.30 മണിക്ക് ഗുരുവായൂരിൽ എത്തിച്ചേർന്ന് തിരിച്ച് പോരുന്നതും രാത്രി തിരുവില്വാമലയിൽ ഹാൾട്ട് ചെയ്യുന്നതുമായ തരത്തിൽ സർവ്വീസ് ഷെഡ്യൂൾ ചെയ്യുന്നതിന് മുന്തിയ പരിഗണന നൽകുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) യാത്രക്കാർക്ക് ഗുണകരമായതും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭ്യമാകുന്നതുമായ സർവ്വീസുകൾ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസിന്റെയും ജീവനക്കാരുടേയും ലഭ്യത ഉറപ്പുവരുത്തി പരിശോധിക്കുന്നതാണ്.

## ഇരിങ്ങാലക്കുട ഡിപ്പോയിലെ ഒഴിവാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി

341 (5365) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നല്ല കളക്ഷൻ ലഭിച്ചുകൊണ്ടിരുന്ന ബസ്സുകൾ മറ്റ് ഡിപ്പോകളിലേയ്ക്ക് മാറ്റിയതുമൂലം എത്ര സർവ്വീസുകളാണ് ഒഴിവാക്കിയത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒരു സർവ്വീസ് (5.30-ന് ഇരിങ്ങാലക്കുട-തിരുവനന്തപുരം സൂപ്പർഫാസ്റ്റ്).

കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം - എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസ്സഞ്ചർ ബസുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 4-8-2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ, പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

## താനൂർ മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

342 (5366) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം പരിഗണിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കടലോരപ്രദേശവും പതിനായിരങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ താനൂരിൽ നിന്നും തിരൂർ വഴിയോ വട്ടത്താണി-വൈലത്തൂർ-കോട്ടയ്ക്കൽ വഴിയോ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) താനൂർ-തിരൂർ-പൊന്നാനി വഴി ഗുരുവായൂർക്കുള്ള രാത്രികാല സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താനൂർ നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ പുതിയ കെ.എസ്.ആർ.ടി.സി. ബസുകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷ മേഖലാതല സാധ്യതാപഠന റിപ്പോർട്ടിനും തുടർ നടപടികൾക്കുമായി ഉത്തരമേഖലാ അധികാരിക്ക് കൈമാറിയിട്ടുണ്ട്.

(ബി&സി) യാത്രക്കാർക്ക് ഗുണകരമായതും കെ.എസ്.ആർ.ടി.സി.ക്ക് വരുമാനം ലഭ്യമാകുന്നതുമായ സർവ്വീസുകൾ സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസിന്റെയും ജീവനക്കാരുടെയും ലഭ്യത ഉറപ്പുവരുത്തി പരിശോധിക്കുന്നതാണ്.

### കണ്ണൂരിൽ നിന്നും കാസർഗോഡേക്ക് കൂടുതൽ ടൗൺ ടു ടൗൺ ബസ്സുകൾ

343 (5367) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ പ്രവൃത്തി പൂർത്തിയായതും പയ്യന്നൂരിലേക്ക് ഈ റൂട്ട് വഴിയുള്ള ദൂരക്കുറവും പരിഗണിച്ച് കണ്ണൂരിൽ നിന്നും പഴയങ്ങാടി വഴി കാസർഗോഡേക്ക് കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ ടൗൺ ടു ടൗൺ ബസ്സുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

നിലവിൽ കണ്ണൂരിൽ നിന്ന് പയ്യന്നൂരിലേക്ക് പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി. 2 ഓർഡിനറി സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ടി റൂട്ടിലൂടെ കണ്ണൂർ-കാസർഗോഡ് ടൗൺ ടു ടൗൺ സർവ്വീസ് ആരംഭിക്കുന്ന കാര്യം യാത്രക്കാരുടെ സൗകര്യവും കോർപ്പറേഷന്റെ വരുമാനവും ഉറപ്പുവരുത്തി സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

### വാഹനങ്ങളിൽനിന്നും എയർഹോണുകൾ നീക്കം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ

344 (5368) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാഹനങ്ങളിലും, സർക്കാർ വാഹനങ്ങളിലും എയർഹോൺ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മോട്ടോർ വാഹന നിയമ പ്രകാരം ഇത്തരം എയർഹോണുകൾ ഉപയോഗിക്കുന്നത് അനുവദനീയമാണോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം എയർഹോണുകൾ ഉപയോഗിച്ചതിന്റെ പേരിൽ എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചു എന്നതിന്റെ ആർ.റ്റി.ഒ. ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) എയർഹോണുകൾ വാഹനത്തിൽ നിന്നും നീക്കം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ വാഹനങ്ങളിൽ എയർഹോൺ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങളിൽ എയർഹോൺ ഉപയോഗിക്കുന്നത് മോട്ടോർ വാഹന നിയമം Section 190(2) പ്രകാരം അനുവദനീയമല്ല. നിയമലംഘനം നടത്തുന്നവരിൽ നിന്ന് 2,000 രൂപ പിഴയും ഈടാക്കി വരുന്നുണ്ട്.

(ബി)

| | |
|---|---|
| ആർ.ടി.ഒ., തിരുവനന്തപുരം | 609 |
| ആർ.ടി.ഒ., ദേശസാത്കൃതം | 31 |
| ആർ.ടി.ഒ .,ആറ്റിങ്ങൽ | 176 |
| ആർ.ടി.ഒ .,കൊല്ലം | 500 |
| ആർ.ടി.ഒ .,പത്തനംതിട്ട | 90 |
| ആർ.ടി.ഒ., ആലപ്പുഴ | 791 |
| ആർ.ടി.ഒ .,കോട്ടയം | 188 |
| ആർ.ടി.ഒ .,ഇടുക്കി | 156 |
| ആർ.ടി.ഒ., എറണാകുളം | 871 |
| ആർ.ടി.ഒ., മൂവാറ്റുപുഴ | ഇല്ല |
| ആർ.ടി.ഒ., തൃശ്ശൂർ | 1946 |
| ആർ.ടി.ഒ .,പാലക്കാട് | 1839 |
| ആർ.ടി.ഒ., മലപ്പുറം | 658 |
| ആർ.ടി.ഒ .,കോഴിക്കോട് | 20 |
| ആർ.ടി.ഒ., വയനാട് | 60 |
| ആർ.ടി.ഒ .,കണ്ണൂർ | 337 |
| ആർ.ടി.ഒ .,വടകര | 661 |
| ആർ.ടി.ഒ .,കാസർഗോഡ് | 157 |

(സി) പരിശോധനയിൽ എയർഹോൺ ഘടിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വാഹന ഉടമകളിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

## വാഹന അപകടങ്ങളും അവയുണ്ടാക്കുന്ന മരണനിരക്കിനെ സംബന്ധിച്ച വിവരശേഖരണവും

345 (5369) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടങ്ങളുണ്ടാക്കുന്ന വാഹനങ്ങളിൽ കൂടുതലും ഏതു വിധത്തിലുള്ളവയാണെന്നും ഓരോ വിഭാഗത്തിലുമുള്ള വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങളെ സംബന്ധിച്ചും താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വലിയ വാഹനങ്ങൾ ഉണ്ടാക്കുന്ന അപകടങ്ങളെയും അവയുണ്ടാക്കുന്ന മരണനിരക്കിനെയും സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്കൂൾ-ഓഫീസ് സമയങ്ങളിൽ ടിപ്പർ ലോറികൾക്ക് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റോഡ് ആക്സിഡന്റ് ഡാറ്റാ അനാലിസിസ് 2018 പ്രകാരം വിവിധ ഇനം വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) സ്കൂൾ-ഓഫീസ് സമയങ്ങളിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി തുടർച്ചയായി വാഹന പരിശോധന നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സമയപരിധി ലംഘിക്കുന്ന വാഹനങ്ങൾക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നുണ്ട്.

## ട്രാഫിക് നിയമലംഘനങ്ങൾ

346 (5370) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്താൻ വാഹനങ്ങൾ വഴിയിൽ തടഞ്ഞുനിർത്തി പരിശോധിക്കുന്ന സമ്പ്രദായത്തിനു പകരം ആധുനിക ക്യാമറയുടെ സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിനായി മോട്ടോർ വാഹന വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യയുള്ള ക്യാമറകൾ പൊതുനിരത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഓരോ ജില്ലയിലും സേഫ് കേരളയുടെ ഭാഗമായി ക്യാമറകൾ സ്ഥാപിക്കുന്നതിനും ഈ ക്യാമറകൾ നിരീക്ഷിക്കുന്നതിനുള്ള കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള കെൽട്രോണിന്റെ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ഈ ക്യാമറകളും കൺട്രോൾ റൂമുകളും ഓരോ ജില്ലയിലെയും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നിയന്ത്രണത്തിൽ ആയിരിക്കും പ്രവർത്തിക്കുന്നത്.

### വാഹനങ്ങളുടെ പിഴത്തുക കുറയ്ക്കുന്നതിന് നടപടി

347 (5371) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമം ലംഘിക്കുന്നതിനുള്ള പിഴതുക തീരുമാനിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് പ്രത്യേക അധികാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രം വർദ്ധിപ്പിച്ച ഉയർന്ന പിഴ തുകയിൽ സംസ്ഥാനം വരുത്തിയിട്ടുള്ള ഇളവുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 200 പ്രകാരം രാജിയാക്കൽ ഫീസ് നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കും.

(ബി) മോട്ടോർവാഹന നിയമത്തിലെ 177, 179(1), 179(2), 182(2), 184 (limited to item (c) of the explanation), 190(2), 192A(1), 194(1) 194(2), 194 A, 194 B(1), 194 B(2) 194 D, 194 E എന്നീ വകുപ്പുകൾ പ്രകാരമുള്ള നിയമലംഘനങ്ങൾക്കാണ് പിഴ കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്. പിഴ കുറച്ചു കൊണ്ടുള്ള 26-10-2019-ലെ സ.ഉ.(പി)37/2019/ഗതാ നമ്പർ വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

### വാഹനങ്ങളിലെ ബോർഡ്

348 (5372) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ ബോർഡ് വയ്ക്കാൻ നിയമാനുസരണം ആർക്കെല്ലാമാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങളിൽ ബോർഡ് വയ്ക്കുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വാഹനങ്ങളിൽ നെയിംബോർഡ് പ്രദർശിപ്പിക്കുവാൻ അനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള 19-11-2015-ലെ സ.ഉ.(പി)74/2015/ഗതാ നമ്പർ, 1-8-2019-ലെ സ.ഉ.(പി) 26/2019/ഗതാ നമ്പർ എന്നിവ അനുബന്ധമായി* ചേർക്കുന്നു.

**മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ സുരക്ഷ**

349 (5373) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിൽ വാഹന പരിശോധന നടത്തുന്ന മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കെതിരെ സാമൂഹ്യവിരുദ്ധരുടെയും ക്രിമിനലുകളുടെയും ആക്രമണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 1-6-2019 മുതൽ 31-10-2019 വരെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഡ്യൂട്ടി സമയത്ത് ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിൻെറ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഡ്യൂട്ടി സമയത്ത് ആക്രമണങ്ങളിൽ പരിക്കേൽക്കുന്ന ഉദ്യോഗസ്ഥർക്ക് മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥരുടെ സുരക്ഷയ്ക്കായി സർക്കാർ പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അവരുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിരത്തുകളിൽ വാഹന പരിശോധന നടത്തുന്ന മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കെതിരെ സാമൂഹ്യവിരുദ്ധരുടെയും ക്രിമിനലുകളുടെയും ആക്രമണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ശ്രീ. വിനോദ്. എ. എസ്, എം.വി.ഐ-യ്ക്കെതിരെ 8-11-2018-ൽ വെള്ളാരംകുന്ന് എന്ന സ്ഥലത്ത് വച്ച് ആക്രമണം ഉണ്ടായതിനെ തുടർന്ന് കൽപ്പറ്റ സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. 10-10-2019-ന് രാവിലെ 9.00 മണിക്ക് രണ്ടത്താണി പരിസരത്ത് സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് വാഹന പരിശോധന നടത്തിവരവേ KL 55 Z 2466 മോട്ടോർ സൈക്കിൾ ഓടിച്ചുവന്ന മുഹ്ലിത്ത്, വള്ളിക്കാടൻ വീട്, ചെറുസൂല, മലപ്പുറം എന്ന വ്യക്തിയെ എ.എം.വി.ഐ ഫസൽ റഹ്മാൻ കൈകാണിച്ചത് ഗൗനിക്കാതെ എം.വി.ഐ ശ്രീ. അസീമിന്റെ ദേഹത്ത് വാഹനം ശക്തിയായി കൊണ്ടിടിക്കുകയുണ്ടായി. ഇടിച്ച ശക്തിയിൽ ശ്രീ. അസീം റോഡിൽ തെറിച്ചു വീഴുകയും അദ്ദേഹത്തിന്റെ കവിളെല്ലും കാൽമുട്ടിലെ എല്ലും തകരുകയും മുഖത്തും ദേഹത്തും തലയോട്ടിയിലും മുറിവുകൾ ഉണ്ടാവുകയും ചെയ്തു. അദ്ദേഹത്തെ കോട്ടയ്ക്കലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് അടിയന്തര ശസ്ത്രക്രിയകൾക്ക് വിധേയമാക്കി. 7 ദിവസത്തെ ആശുപത്രിവാസത്തിനുശേഷം 16-10-2019-ന് ഡിസ്ചാർജ് ചെയ്യുകയുണ്ടായി. പ്രതിക്കെതിരെ 130/2019 നമ്പറായി IPC 353, 332, 333, 324, 326 വകുപ്പുകൾ ചേർത്ത് കാടാമ്പുഴ പോലീസ് കേസ് എടുത്തിട്ടുണ്ട്. അറസ്റ്റ് ചെയ്യരുതെന്ന് ആവശ്യപ്പെട്ട് ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ സമർപ്പിച്ച ജാമ്യാപേക്ഷ ബഹു. പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി തള്ളിയെങ്കിലും പ്രതി ഒളിവിലായതിനാൽ കാടാമ്പുഴ പോലീസിന് ഇതുവരെ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

(ബി) 1-6-2019 മുതൽ 31-10-2019 വരെ മലപ്പുറം ജില്ലയിൽ ഒരു കേസാണ് റിപ്പോർട്ട് ചെയ്തത്. മറ്റുള്ള ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ബന്ധപ്പെട്ട കേസ് നടത്തുന്നതിനുള്ള നിയമസഹായം നൽകുന്നുണ്ട്.

(ഡി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് 90 ദിവസത്തെ പോലീസ് ട്രെയിനിംഗ് നൽകിവരുന്നുണ്ട്. വെപ്പൺ ട്രെയിനിംഗ് ഉൾപ്പെടെയാണ് പരിശീലനം നൽകുന്നത്.

## കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ്സുകളിലെ നിയമലംഘനങ്ങൾ

350 (5374) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ്സുകളിൽ സീറ്റുകൾ തമ്മിലുള്ള അകലം വളരെ കുറവായതിനാൽ കയറി ഇരിക്കുന്നതിനും, ഇറങ്ങുന്നതിനും വളരെയധികം പ്രയാസമനുഭവപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ മോട്ടോർ വാഹന നിയമപ്രകാരം സീറ്റുകൾ ക്രമീകരിക്കേണ്ട വിധം, സീറ്റുകൾ തമ്മിലുള്ള അകലം, വാതിലുകളുടെ ക്രമീകരണം, മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ ഇവ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ;

(സി) പെർമിറ്റ് അനുവദിക്കുമ്പോഴും പിന്നീട് പുതുക്കുമ്പോഴും റീടെസ്റ്റ് നടത്തുമ്പോഴും വാഹന പരിശോധന വേളകളിലും ഇക്കാര്യങ്ങൾ അടിസ്ഥാനപ്പെടുത്തിയാണോ പരിശോധന നടത്തുന്നത്;

(ഡി) എങ്കിൽ ഇത്തരം നിയമലംഘനങ്ങളുടെ പേരിൽ എത്ര വാഹനങ്ങളുടെ പെർമിറ്റുകൾ റദ്ദാക്കിയിട്ടുണ്ട്; ആർ.ടി.ഒ. തിരിച്ച് വിശദാംശം നൽകുമോ;

(ഇ) ഇക്കാര്യത്തിൽ പരിശോധന കർശനമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 1-10-2017-ന് മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റേജ് കാര്യേജുകളിൽ സീറ്റുകൾ തമ്മിലുള്ള അകലം ക്രമീകരിച്ചിരിക്കുന്നത് കേരള മോട്ടോർ വാഹന ചട്ടം 267 അനുസരിച്ചാണ്. മുന്നിലെ സീറ്റിന്റെ പിൻഭാഗത്തു നിന്നും തൊട്ടു പുറകിലുള്ള സീറ്റിന്റെ പിൻഭാഗം വരെ 68 സെന്റീ മീറ്റർ 5 മില്ലിമീറ്ററിൽ നിന്നും കുറയാത്ത അകലം ഉണ്ടായിരിക്കണമെന്ന് മാത്രമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ആയതിനാൽ ടി അകലത്തിലായിരിക്കാം സീറ്റുകൾ ഘടിപ്പിച്ചിട്ടുള്ളത്. ഇത് ചിലപ്പോൾ ഉയരം കൂടിയ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. 1-10-2017-ന് മുൻപുള്ള ബസ്സുകളിലാണ് ഈ പ്രയാസം കണ്ടുവരുന്നത്.

പുതിയ ബസ് ബോഡി കോഡ് പ്രകാരം AIS-052(Rev-1) അനുസരിച്ചുള്ള അളവുകളും നിബന്ധനകളും പാലിച്ച് മാത്രമെ ബോഡികൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 1-10-2017 മുതൽ ബോഡി നിർമ്മിക്കുന്ന ബസ്സുകൾക്ക് സീറ്റുകൾ തമ്മിലുള്ള അകലം കുറഞ്ഞതായുള്ള പ്രശ്നം ഉണ്ടാകുകയില്ല.

(ബി) 1-10-2017-നുശേഷം AIS-052(Rev-1) അനുസരിച്ചാണ് ബസ് ബോഡി നിർമ്മിക്കുന്നത്. ഈ ഉത്തരവിൽ ബസ് ബോഡി നിർമ്മിക്കുന്നതിന്റെ എല്ലാ സാങ്കേതിക വിവരങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും നിഷ്കർഷിച്ചിരിക്കുന്നു. എങ്കിലും ഒരു കേന്ദ്ര ഗവൺമെന്റ് ടെസ്റ്റിംഗ് ഏജൻസി നൽകുന്ന അംഗീകാരമുള്ള വർക്ക്ഷോപ്പുകളിൽ നിർമ്മിക്കുന്ന ഒരു ബസ് ബോഡി വീണ്ടും ടെസ്റ്റിംഗ് ഏജൻസിയിൽ ഹാജരാക്കി അംഗീകാരം വാങ്ങിയാൽ മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരം ബസ്സുകളിൽ സീറ്റുകളുടെ അകലവും, വാതിലുകളുടെ ക്രമീകരണവും മറ്റുള്ള സുരക്ഷാ മാനദണ്ഡങ്ങളും അനുസരിച്ചാണോ ബോഡി നിർമ്മിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുന്നതും ആയതിന് അനുമതി നൽകുന്നതും കേന്ദ്ര സർക്കാർ അംഗീകാരമുള്ള ഏജൻസികളാണ്.

(സി) അതെ.

(ഡി) ഇത്തരം നിയമലംഘനങ്ങളുടെ പേരിൽ വാഹനങ്ങളുടെ പെർമിറ്റുകൾ ഒന്നും തന്നെ റദ്ദാക്കിയിട്ടില്ല.

(ഇ) ഇക്കാര്യത്തിൽ പരിശോധന കർശനമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭാരവാഹനങ്ങളുടെ അമിതഭാരത്തിന്മേലുള്ള ചെക്ക് റിപ്പോർട്ടുകൾ

351 (5375) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പ് പരിശോധിച്ച് കണ്ടെത്തിയ ഭാരവാഹനങ്ങളുടെ അമിതഭാരത്തിന്മേലുള്ള ചെക്ക് റിപ്പോർട്ടുകളിൽ എത്ര എണ്ണം നടപടി സ്വീകരിക്കാതെ മാറ്റിവച്ചിട്ടുണ്ട്;വിശദമാക്കാമോ;

(ബി) പ്രസ്തുത ചെക്ക് റിപ്പോർട്ടുകളിൽ നിന്നും എത്ര തുക സർക്കാരിന് പിഴ ഇനത്തിൽ ലഭിക്കാനുണ്ട്;ആയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2611 എണ്ണം. എല്ലാ ചെക്ക് റിപ്പോർട്ടുകൾക്കും ചാർജ് മെമ്മോ അയയ്ക്കുകയും വാഹനത്തിന്റെ പെർമിറ്റ്, വാഹന ഉടമയുടെ ലൈസൻസ് എന്നിവ റദ്ദാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത ചെക്ക് റിപ്പോർട്ടുകളിൽനിന്നും 1,52,77,700 രൂപ സർക്കാരിന് പിഴ ഇനത്തിൽ ലഭിക്കാനുണ്ട്.

| | | |
|---|---|---|
| സൗത്ത് സോൺ | - | 5,50,000 രൂപ |
| സെൻട്രൽ സോൺ I | - | 57,70,000 രൂപ |
| സെൻട്രൽ സോൺ II | - | 47,25,700 രൂപ |
| നോർത്ത് സോൺ | - | 42,32,000 രൂപ |

## സീ അഷ്ടമുടി പദ്ധതി

352 (5376) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി കായലിലൂടെ ബോട്ട് യാത്രയ്ക്ക് സീ അഷ്ടമുടി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിനായി പ്രത്യേക ബോട്ട് പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ നിർമ്മാണ ചെലവ് എത്ര കോടി രൂപയാണെന്നും ഏത് ഏജൻസിയെയാണ് നിർമ്മാണ ചുമതല ഏല്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സീ അഷ്ടമുടി എന്ന പേരിൽ ടൂറിസം ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഇതിനായുള്ള ബോട്ടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള ബോട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഈ

ആവശ്യത്തിനായി ഒരു ബോട്ടിന് 1,94,58,075 രൂപ നിരക്കിൽ രണ്ട് ബോട്ടുകൾ നിർമ്മിക്കുന്നതിനായി M/s. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിനെ നിർമ്മാണച്ചുമതല ഏല്പിച്ചിട്ടുണ്ട്.

**ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

353 (5377) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ;

(ബി) ജലഗതാഗത വകുപ്പ് വാട്ടർ ആംബുലൻസ് സർവീസ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രാജ്യത്തെ ആദ്യത്തെ സോളാർ ബോട്ട് കേരളത്തിൽ സർവീസ് ആരംഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; കൂടുതൽ സോളാർ ബോട്ടുകൾ ഓടിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) ജലഗതാഗത വകുപ്പ് അതിവേഗ എ.സി. ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വാട്ടർ ടാക്സി സർവീസ് നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഇ) ഒരേ സമയം കരയിലും വെള്ളത്തിലും ഓടിക്കാൻ കഴിയുന്ന വാട്ടർ ബസ് സർവീസ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കാലപ്പഴക്കം ചെന്നതും നിലവിൽ സർവ്വീസ് നടത്തുന്നതുമായ 14 ബോട്ടുകൾകൂടി പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് അനുമതി നല്കുകയും അവയിൽ 5 ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി സർവ്വീസിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ടൂറിസ്റ്റ് സർവ്വീസുകൾക്ക് പുറമേ അത്യാധുനിക ഹൈസ്പീഡ് എ.സി. ബോട്ടുകൾ ഉപയോഗിച്ച് പുതിയതായി വൈക്കം-എറണാകുളം ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുകയും ആലപ്പുഴ-കുമരകം-കോട്ടയം സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുംവരുന്നു. ടി ബോട്ടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൂടാതെ കൊല്ലം മേഖലയിൽ സീ അഷ്ടമുടി എന്ന പേരിൽ ടൂറിസ്റ്റ് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകി ബോട്ടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. രാജ്യത്തെ ആദ്യത്തെ സോളാർ ബോട്ട് സംസ്ഥാനത്ത് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ജലഗതാഗതരംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി

സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം തവണക്കടവ് റൂട്ടിൽ 2017 ജനുവരി 12 മുതൽ വിജയകരമായി സർവ്വീസ് നടത്തിവരുന്നു. കൂടാതെ സോളാർ ബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ 100 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ക്രൂയിസ് വെസ്സലിന്റെ നിർമ്മാണവും നടന്നുവരുന്നു. 2018-ൽ വകുപ്പ് 5 റെസ്ക്യൂ & ഡൈവ് ബോട്ടുകൾ വാങ്ങുകയും ഇവ ഉപയോഗിച്ച് ആലപ്പുഴ, മുഹമ്മ, പാണാവള്ളി, വൈക്കം, എറണാകുളം എന്നിവിടങ്ങളിലായി ആംബുലൻസ് സർവ്വീസുകളും നടത്തിവരുന്നു. കൂടാതെ ജലഗതാഗതം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആകർഷകമാക്കുന്നതിനുമായി വാട്ടർ ടാക്സി, ക്രൂയിസ് വെസ്സൽ എന്നിവ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം മേഖലയിലെ ബോട്ടുകളിൽ സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിൻ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിച്ചുവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്കരണം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2018 വർഷത്തിൽ വകുപ്പ് 5 റെസ്ക്യൂ & ഡൈവ് ബോട്ടുകൾ വാങ്ങുകയും ഇവ ഉപയോഗിച്ച് ആലപ്പുഴ, മുഹമ്മ, പാണാവള്ളി, വൈക്കം, എറണാകുളം എന്നിവിടങ്ങളിലായി ആംബുലൻസ് സർവ്വീസുകൾ നടത്തുകയും ചെയ്തുവരുന്നു.

(സി) ഉണ്ട്. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം തവണക്കടവ് റൂട്ടിൽ 2017 ജനുവരി 12 മുതൽ വിജയകരമായി സർവ്വീസ് നടത്തിവരുന്നു. കൂടുതൽ സോളാർ ബോട്ടുകൾ ഓടിക്കുന്നത് വകുപ്പിന്റെ പരിഗണനയിലാണ്. 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് സോളാർ ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. സോളാർ ബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ 100 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ക്രൂയിസ് വെസ്സലിന്റെ നിർമ്മാണവും നടന്നുവരുന്നു.

(ഡി) ഉണ്ട്. 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള അതിവേഗ എ.സി ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം-എറണാകുളം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. കൂടാതെ ഇതേ തരത്തിലുള്ള ബോട്ടുപയോഗിച്ച് ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നതിനായി ബോട്ടിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. വാട്ടർ ടാക്സി സർവ്വീസ് നടത്തുന്നതിനും പദ്ധതിയുണ്ട്. 10 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള 2 വാട്ടർ ടാക്സികൾ പണി കഴിപ്പിക്കുന്നതിനായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

(ഇ) വകുപ്പിൽ വാട്ടർ ടാക്സി ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ട്. വിഷയം സാങ്കേതിക കമ്മിറ്റി പരിശോധിച്ചുവരുന്നു.

## ജലഗതാഗതം അഭിവൃദ്ധിപ്പെടുത്താൻ പദ്ധതികൾ

354 (5378) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതവകുപ്പ് നിലവിൽ ലാഭകരമായാണോ പ്രവർത്തിച്ചു വരുന്നത്;

(ബി) വകുപ്പിന്റെ വരുമാനമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ വകുപ്പിനുണ്ടായ വരവ്, ചെലവ്, നീക്കിയിരിപ്പ്/നഷ്ടം എന്നിവ എത്രയെന്ന് വിശദമാക്കാമോ;

(ഡി) ജലഗതാഗതം അഭിവൃദ്ധിപ്പെടുത്താൻ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുട്ടനാടൻ മേഖലയിലെ ഉൾപ്രദേശങ്ങൾ, ദ്വീപുകൾ മറ്റു ഗതാഗത മാർഗ്ഗങ്ങൾ അപ്രാപ്യമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അവശ്യ സർവ്വീസ് എന്ന നിലയിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ നിലവിൽ ലാഭകരമല്ല.

(ബി) പാസ്സഞ്ചർ ടിക്കറ്റ് കളക്ഷനിലൂടെയുള്ള തുകയാണ് വകുപ്പിന്റെ വരുമാനമാർഗ്ഗം. കൂടാതെ ആലപ്പുഴ, എറണാകുളം മേഖലകളിൽ സ്റ്റേഷനോഫീസിനോടു ചേർന്നുള്ള മുറികൾ വിവിധ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിൽ നിന്നും ലഭിക്കുന്ന വാടകത്തുക, വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾക്ക് വാടകയിനത്തിൽ ബോട്ടുകൾ നൽകുന്നതുവഴി ലഭിക്കുന്ന വരുമാനം, കുട്ടനാട് മേഖലയുടെ ഉൾപ്രദേശങ്ങളിൽ പത്രം, മറ്റ് ദൈനംദിന ഉപയോഗ വസ്തുക്കൾ എന്നിവ ബോട്ടുമാർഗ്ഗം എത്തിക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം എന്നിവയാണ് ജലഗതാഗത വകുപ്പിന്റെ പ്രധാന വരുമാനം.

(സി) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ പ്രൊഫോർമ അക്കൗണ്ടുകൾ ഫൈനലൈസ് ചെയ്തിട്ടില്ല. ആയതിനാൽ 2016-17, 2017-18, 2018-19 വർഷങ്ങളിലെ പ്രൊവിഷണൽ അക്കൗണ്ട് പ്രകാരം വർഷം തിരിച്ചുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | വരവ് (രൂപ) | ചെലവ് (രൂപ) |
|---|---|---|
| 2016-17 | 67516967 | 486573942<br>(118493028+368080914)<br>(Operation Cost + Other Cost) |
| 2017-18 | 71911163 | 562428421<br>(132107421+430321000)<br>(Operation Cost + Other Cost) |
| 2018-19 | 70663937 | 585725138<br>(144739917 + 440985221)<br>(Operation Cost + Other Cost) |

(ഡി) ജലമലിനീകരണം, വായുമലിനീകരണം, ശബ്ദമലിനീകരണം എന്നിവയിൽ നിന്നും പ്രകൃതിയെ സംരക്ഷിക്കാനുതകുന്ന വിധം ഇന്ത്യയിലെ ആദ്യ സംരംഭമായ ആദിത്യ എന്ന 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 12-01-2017-ൽ പരീക്ഷണാടിസ്ഥാനത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുകയും വൈക്കം തവണക്കടവ് റൂട്ടിൽ ടി ബോട്ട് സർവ്വീസ് നടത്തിവരികയും ചെയ്യുന്നു. ഇതോടനുബന്ധിച്ച് ഇന്ധനച്ചെലവിനത്തിൽ 50 ലക്ഷം രൂപയിൽ അധികം വകുപ്പിന് ലാഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ നിലവിൽ 2 സോളാർ ബോട്ടുകളുടെ കൂടി നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ 04-11-2019-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട വൈക്കത്തുനിന്നും എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയംകൊണ്ട് സർവ്വീസ് നടത്തുന്ന വേഗ എന്ന 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള എ.സി.ബോട്ട് വിജയകരമായി സർവ്വീസ് നടത്തിവരുന്നു. ഇതുമൂലം റോഡ് ഗതാഗതത്തിന്റെ തിരക്കിൽ നിന്ന് ഒഴിവായി കായൽ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് അതിവേഗം ലക്ഷ്യസ്ഥാനത്ത് എത്താൻ യാത്രക്കാർക്ക് കഴിയുന്നു. ഇതിനുപുറമെ വകുപ്പിന്റെ പ്രധാനപ്പെട്ട അഞ്ച് സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കാൻ കഴിയുംവിധത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ അഞ്ച് റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് 19-4-2018-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രളയംപോലുള്ള അടിയന്തര ഘട്ടങ്ങളിൽ ഒറ്റപ്പെട്ട രോഗികളേയും വയോധികരേയും സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കാൻ ഇവ ഏറെ ഉപയോഗപ്രദമായിട്ടുണ്ട്. കൂടാതെ കാലഹരണപ്പെട്ട തടിബോട്ടുകൾക്ക് പകരമായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഐ.ആർ.എസ്. ക്ലാസ്സ് നിലവാരത്തിലുള്ള അഞ്ച് മോണോഹൾ സ്റ്റീൽ ബോട്ടുകൾ 4-1-2019-ൽ ഉദ്ഘാടനം നടത്തി. ഇതിനുപുറമേ ആധുനിക സുരക്ഷാ സജ്ജീകരണങ്ങളോടുകൂടിയ 100 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളുടെയും 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളുടെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കേരളത്തിന്റെ കായൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി ആലപ്പുഴയിൽ നിന്നും കൊല്ലത്തേയ്ക്കും തിരിച്ചും സീസൺ സമയത്ത് ദിവസേന ഒരു സർവ്വീസ് വീതം ചെലവുകുറഞ്ഞ രീതിയിൽ നടത്തിവരുന്നു. കൂടാതെ സീ കുട്ടനാട് എന്ന പേരിലുള്ള ടൂറിസ്റ്റ് സർവ്വീസ് വിജയകരമായി സർവ്വീസ് നടത്തിവരുന്നു. ഇതിനുപുറമേ ഇന്ധന ഉപയോഗവും പ്രകൃതിമലിനീകരണവും കുറയ്ക്കുന്നതിനായി ആലപ്പുഴ മേഖലയിലെ ബോട്ടുകൾ ഇലക്ട്രിക് ആക്കി മാറ്റുന്നതിനുള്ള പഠനം നടത്താനും തീരുമാനമായിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II ശ്രദ്ധ ക്ഷണിക്കൽ

### (1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നവഉദാരവൽക്കരണ സാമ്പത്തിക നയത്തിന്റെ ഫലമായി ജീവിതം തകർക്കപ്പെട്ട കർഷക തൊഴിലാളികളുടെയും ദരിദ്രകർഷകരുടെയും ജീവൻ നിലനിർത്താനുള്ള പദ്ധതിയായിട്ടാണ് ദേശീയ തൊഴിലുറപ്പ് നിയമം രൂപംകൊണ്ടത്. മണ്ണിൽ അദ്ധ്വാനിക്കുന്ന മനുഷ്യർക്ക് ജോലിയും കൂലിയും ഉറപ്പാക്കാനുള്ള ഈ പദ്ധതിയെ തകർക്കുന്നതിന് കേന്ദ്ര സർക്കാർ നടത്തുന്ന നീക്കങ്ങളിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

2005-ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാർലമെന്റ് പാസ്സാക്കി. 2008-ഓടെ രാജ്യത്താകെ ഈ പദ്ധതി നിലവിൽവന്നു. ഇന്ന് രാജ്യത്ത് 13 കോടി 38 ലക്ഷം കുടുംബങ്ങളിലെ 26 കോടി 16 ലക്ഷം തൊഴിലാളികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ, തൊഴിൽ നൽകിയതാകട്ടെ പകുതി കുടുംബങ്ങൾക്ക് മാത്രമാണ്. പ്രതിവർഷം നൂറ് തൊഴിൽ ദിനങ്ങൾ മിനിമം നൽകണമെന്ന് നിയമത്തിൽ പറയുന്നു. പക്ഷേ, മിനിമം തൊഴിൽ ലഭിച്ചവർ നാമമാത്രമാണ്. 2017-18-ൽ ശരാശരി 2.27 ശതമാനം ആളുകൾക്കും 2018-19-ൽ ശരാശരി 4.5 ശതമാനത്തിനും മാത്രമാണ് നൂറ് ദിവസം തൊഴിൽ ലഭിച്ചത്. ശരാശരി തൊഴിൽ ദിനങ്ങളും വളരെ കുറഞ്ഞുപോയിരിക്കുന്നു. 2017-18-ൽ 45 ദിവസവും 2018-19-ൽ 51 ദിവസവുമാണ് ശരാശരി തൊഴിൽ ലഭിച്ചത്. ഈ വർഷം ഇതുവരെ ശരാശരി 37 ദിവസം മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് ഉടൻ തൊഴിലും 15 ദിവസത്തിനകം കൂലിയും നൽകണമെന്നാണ് നിയമം അനുശാസിക്കുന്നത്. ഒരിക്കലും ഇത് നടപ്പാക്കിയിട്ടില്ല. ഇപ്പോൾത്തന്നെ നാല് മാസത്തിലധികമായി കൂലി കുടിശ്ശിക സംസ്ഥാനത്ത് നിലനിൽക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ അവഗണനയാണ് ഇതിന്റെ പ്രധാന കാരണം. കൂലി താമസിച്ചാൽ ഈ നിയമത്തിൽ പിഴയുമുണ്ട്. പക്ഷേ, കൂലിക്കാവശ്യമായ ഫണ്ടുപോലും കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്ന കാര്യം നമ്മൾ മനസ്സിലാക്കണം. ഇതുകൂടാതെ തുടർച്ചയായി പുതിയ മാനദണ്ഡങ്ങൾ വന്നുകൊണ്ടിരിക്കുന്നു. നേരിട്ടുള്ള കൃഷിപ്പണികളെല്ലാം പദ്ധതിയിൽനിന്നും ഒഴിവാക്കി. അളക്കാൻ കഴിയുന്നതും ദീർഘകാലം നിലനിൽക്കുന്നതും ആവർത്തിക്കാൻ കഴിയാത്തതുമായ തൊഴിൽ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്താവൂ എന്ന പുതിയ നിർദ്ദേശം വന്നു. പദ്ധതി വിഹിതത്തിന്റെ നാല്പത് ശതമാനം യന്ത്രങ്ങളുടെ വാടകയ്ക്കും മെറ്റീരിയൽ ചെലവിനും നൽകണമെന്ന് പറഞ്ഞ് തൊഴിലാളികളുടെ കൂലി വിഹിതം അറുപത്

ശതമാനമായി ചുരുക്കുകയാണ്. ഇതെല്ലാം തൊഴിലുറപ്പ് നിയമത്തിലെ യഥാർത്ഥ ലക്ഷ്യങ്ങളുടെ പരസ്യ ലംഘനമാണ്. എന്നാൽ കേരളത്തിൽ കുറച്ച് ഭേദമുണ്ട്. 2017-18-ൽ 12 ലക്ഷംപേർക്ക് ശരാശരി 48 ദിവസവും 2018-19-ൽ 15 ലക്ഷം പേർക്ക് ശരാശരി 66 ദിവസവും കഴിഞ്ഞ വർഷം 441480 കുടുംബങ്ങൾക്ക് 100 ദിവസവും തൊഴിൽ ലഭിച്ച ഏക സംസ്ഥാനമാണ് കേരളം. മാത്രമല്ല ഇവർക്കെല്ലാം 1,000 രൂപ വീതം ഫെസ്റ്റിവൽ അലവൻസും കേരളത്തിൽ നൽകുകയുണ്ടായി. നഗരങ്ങളിൽ അയ്യങ്കാളി പദ്ധതി നടപ്പാക്കിയത് കേരളത്തിൽ മാത്രമാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് പട്ടികവർഗ്ഗ വകുപ്പിന്റെ സഹായത്തോടുകൂടി 200 ദിവസം മിനിമം ജോലി ഉറപ്പാക്കാനുള്ള പുതിയ പദ്ധതിയുണ്ടാക്കി. ഇതെല്ലാമുണ്ടെങ്കിലും ചില പ്രശ്നങ്ങൾ സംസ്ഥാനത്ത് പരിഹരിക്കാനുണ്ട്. സംസ്ഥാനത്ത് അളവ് തിട്ടപ്പെടുത്തി കൂലി കൊടുക്കാനുള്ള മാനദണ്ഡം കടുകട്ടിയായി നിലനിൽക്കുകയാണ്. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ ഒരു പെട്ടി ആട്ടോറിക്ഷയിൽ നിറയ്ക്കാവുന്ന മണ്ണെടുത്തുമാറ്റിയാൽ കൂലിയായി 250 രൂപ വരെ ലഭിക്കും. കേരളത്തിൽ അത് 90 രൂപമാത്രമാണ്. കേരളത്തിൽ ഒരു ദിവസത്തെ കൂലി ലഭിക്കണമെങ്കിൽ ഒരു ടിപ്പർ ലോറി മണ്ണ് വെട്ടിമാറ്റണം. അത് അസാധ്യമായ കാര്യമാണെന്ന് എല്ലാവർക്കുമറിയാം. വർക്ക്സൈറ്റ് ഫെസിലിറ്റീസായ തണൽ ഷെഡ്, ഫസ്റ്റ് എയ്ഡ്, ഷൂ, ഗ്ലൗസ് എന്നിവ ഇതര സംസ്ഥാനങ്ങളിലേതുപോലെ ഇവിടെയും സോഫ്റ്റ്‌വെയർ ഡാറ്റയിൽ ഉൾപ്പെടുത്തി കേന്ദ്ര ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കണം. സൂപ്പർവൈസർമാരായി ജോലി ചെയ്യുന്ന മേറ്റ്മാർക്കുള്ള വേതനം മെറ്റീരിയൽ ഫണ്ട് ക്വാട്ടയിൽ ഉൾപ്പെടുത്തി അയൽ സംസ്ഥാനങ്ങളിലെന്ന പോലെ കേന്ദ്രത്തിൽനിന്നും ഈടാക്കാൻ ശ്രമിക്കേണ്ടതുണ്ട്. തെങ്ങ്, റബ്ബർ എന്നിവയും മറ്റ് വൃക്ഷത്തൈകളും നടുന്നതിന് ഇന്ന് അനുമതിയുണ്ട്. നെൽകൃഷി ചെയ്യേണ്ട സ്ഥലത്ത് നെൽച്ചെടി നടുന്നതിനുള്ള അനുമതി രണ്ട് വർഷത്തിലൊരിക്കലെങ്കിലും ലഭ്യമാക്കാൻ ഇടപെടണം. ജീവിത ചെലവുകൾ അധികരിക്കുന്ന ഈ സാഹചര്യത്തിൽ നിലവിലെ 271 രൂപ എന്ന കൂലി എല്ലാവർഷവും പുതുക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തണം. പ്രത്യേക ക്ഷേമനിധി സംവിധാനത്തിന് കേരളത്തിൽ അടിയന്തരമായി രൂപം കൊടുക്കേണ്ടതുണ്ട്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര നീക്കങ്ങളെ ചെറുക്കുന്നതിനോടൊപ്പം നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക മേഖലയിലെ ജോലികൾ, ക്ഷീര മേഖല, പരമ്പരാഗത മേഖല എന്നിവയിലേക്കുള്ള വ്യാപനവും നടപ്പാക്കി പ്രതിവർഷം 250 ദിവസം തൊഴിൽ ലഭ്യമാക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി]

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ വിദഗ്ദ്ധ തൊഴിൽ നൽകുക എന്നതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് നിലവിൽ ഗ്രാമീണ മേഖലയിലെ 35.97 ലക്ഷം കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 19.41 ലക്ഷം കുടുംബങ്ങൾ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ കൂലിയുടെ നിരക്ക് ഓരോ വർഷവും അഗ്രികൾച്ചർ ലേബർ അടിസ്ഥാനത്തിലുള്ള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. ഓരോ സാമ്പത്തിക വർഷവും തൊഴിലാളികളുടെ വേതനം കേന്ദ്ര സർക്കാർ പുതുക്കി നൽകാറുണ്ട്. കേരളത്തിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള ദിവസവേതനം 271 രൂപയാണ്. കഴിഞ്ഞ വർഷവും കേന്ദ്ര സർക്കാർ ഇതേ നിരക്കാണ് കേരളത്തിന് നിശ്ചയിച്ചത്. കൂടാതെ കർണ്ണാടകം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലും ആൻഡമാൻ & നിക്കോബാർ, ഗോവ, ലക്ഷദ്വീപ് എന്നീ കേന്ദ്ര ഭരണപ്രദേശങ്ങളിലും മാത്രമാണ് മുൻവർഷത്തെ അതേ അവിദഗ്ദ്ധ വേതനം കേന്ദ്ര സർക്കാർ നിശ്ചയിച്ചത്. തൊഴിലുറപ്പ് പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം ജോലി പൂർത്തിയായി 15 ദിവസത്തിനകം വേതനം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ടി തുക കൃത്യമായി 15 ദിവസത്തിനകം തൊഴിലാളികളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള ഫണ്ട് യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാറില്ല. നിലവിൽ 16-7-2019 വരെ തൊഴിൽ ചെയ്ത കുടുംബങ്ങൾക്കുള്ള വേതനവിതരണം മാത്രമേ കേന്ദ്ര സർക്കാർ പൂർത്തിയാക്കിയിട്ടുള്ളൂ. 17-7-2019 മുതൽ 12-11-2019 വരെ സംസ്ഥാനത്ത് അവിദഗ്ദ്ധ വേതന നിരക്ക് ഇനത്തിലുള്ള കുടിശ്ശിക 674.33 കോടി രൂപയാണ്. തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം ലഭിക്കുന്നതിനും മസ്റ്റർറോളുകൾ പ്രോസസ്സ് ചെയ്യുന്നതിനും സംസ്ഥാനം ശ്രദ്ധ ചെലുത്തുന്നുണ്ട്. ആകെ മസ്റ്റർറോളുകളുടെ 99.92 ശതമാനവും 15 ദിവസത്തിനുള്ളിൽ പ്രോസസ്സ് ചെയ്യാൻ സാധിക്കുന്നുണ്ട്. വേതനത്തിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നതിന് നിരന്തരം സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ വേതന കുടിശ്ശിക ഉടൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് ഞാൻ തന്നെ നേരിട്ട് രണ്ട് തവണ കത്തെഴുതിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികളെ സംബന്ധിച്ചും പദ്ധതി നടത്തിപ്പ് സംബന്ധിച്ചുമുള്ള Annual Master Circular ഓരോ വർഷവും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പ്രസിദ്ധീകരിക്കുന്നുണ്ട്. Annual Master Circular പ്രകാരം കൃഷി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട് കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കൽ, മണ്ണ്-ജലസംരക്ഷണ

പ്രവൃത്തികൾ, തെങ്ങ്-റബ്ബർ പ്ലാന്റേഷൻ, വരൾച്ചാ ലഘൂകരണത്തിനുള്ള കുളങ്ങളുടെ നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നവീകരണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ അനുവദനീയമാണ്. എന്നാൽ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ നെൽകൃഷിയുമായി ബന്ധപ്പെട്ട് കൊയ്ത്ത്, കളപറിക്കൽ പോലെ നേരിട്ടുള്ള മറ്റ് കാർഷിക പ്രവൃത്തികൾ എന്നിവ ഏറ്റെടുക്കുന്നതിന് കഴിയുന്നില്ല. കേരളത്തിൽ 19.41 ലക്ഷം കുടുംബങ്ങൾ സജീവമായി പങ്കെടുക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ വേതന വർദ്ധനവ് നടപ്പാക്കുന്നതിനും കുടിശ്ശികയായ വേതനം അടിയന്തരമായി സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനും നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ അനുമതി നൽകണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നുണ്ട്. ഇതിൽ അയ്യങ്കാളി പദ്ധതിയുടെ ഭാഗമായി പശു വളർത്തൽ തൊഴിലുറപ്പിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. മെറ്റീരിയൽ കംപോണന്റ് നമുക്ക് കുറവാണെന്നുള്ള വിമർശനം മുൻകാലത്ത് വന്നിട്ടുണ്ട്; അത് പരിഹരിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അതിന് സ്ഥായിയായ ചില പ്രവൃത്തികൾകൂടി നമുക്കുണ്ടാകണം, അതിന്റെ അടിസ്ഥാനത്തിലാണ് ആ നിർദ്ദേശം വന്നത്. കഴിഞ്ഞ വർഷം പ്രളയമുണ്ടായപ്പോൾ തൊഴിൽദിനങ്ങൾ 150 ദിവസമായി വർദ്ധിപ്പിച്ചു തരികയുണ്ടായി. അതിന്റെ ഭാഗമായി പത്ത് കോടിയിലധികം തൊഴിൽ ദിനങ്ങൾ കഴിഞ്ഞ വർഷം ലഭിച്ചു. അത് സർവ്വകാല റിക്കോർഡാണ്. ഈ വർഷവും ലക്ഷ്യം വയ്ക്കുന്നതിനപ്പുറത്തേയ്ക്ക് ഏകദേശം എത്തുമെന്നാണ് കരുതുന്നത്. പക്ഷേ, കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ വർഷം അനുവദിച്ചിട്ടുള്ളത് നൽകിയിട്ടില്ല. തൊഴിലിന്റെ കൂലി ഇതരസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ കുറവാണെന്ന് പറയുന്നത് ശരിയല്ല. പക്ഷേ, അതിൽ ഒരു കാര്യമുള്ളത്, പ്രായം ചെന്നവരുടെ കണക്കെടുത്ത് നോക്കിയപ്പോൾ 313190 ആളുകൾ 61 വയസ്സിനും 80 വയസ്സിനും ഇടയ്ക്കുള്ളവരാണ്. അതുപോലെ, 51 വയസ്സിനും 60 വയസ്സിനുമിടയ്ക്ക് 419749 പേരാണുള്ളത്. ഇതിൽ പ്രായംചെന്നവർ വലിയതോതിൽ ഉണ്ടെന്നുള്ളതുകൊണ്ട് മറ്റുള്ളവർ ചെയ്യുന്നത്രയും തൊഴിലെടുക്കാൻ ഇവർക്ക് ശാരീരികമായി ശേഷിയില്ല എന്നുള്ള പ്രശ്നമുണ്ട്. അത് പഠിക്കാൻ KILA (Kerala Institute of Local Administration)-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി നമുക്ക് ആ മേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, നമ്മൾ ഡെവലപ് ചെയ്ത SECURE (Software for Estimate Calculation Using Rural rates for Employment) Software ഇപ്പോൾ രാജ്യം മുഴുവനും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ

അളവ് നിശ്ചയിക്കുന്ന മാനദണ്ഡവുമായി ബന്ധപ്പെട്ട് നിലവിൽ പ്രശ്നമുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ വ്യത്യസ്ത മണ്ണുകൾക്ക് വിവിധ അളവുകളാണ്. അവിടെ കൂലി ലഭിക്കാൻ ഒരു പെട്ടിആട്ടോറിക്ഷ മണ്ണ് എടുത്താൽ മതിയെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇവിടെ അത് മതിയാകില്ല. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ അടിയന്തരമായി പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കാൻ തയ്യാറാകുമോ; അതുപോലെ തൊഴുത്ത്, കക്കൂസ് എന്നിവ മെറ്റീരിയൽ കോസ്റ്റിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. എല്ലാം ഒരു യൂണിറ്റായി പരിഗണിച്ച് വ്യക്തികളുടെ പണികൾ മാത്രം ഗുണഭോക്താവിനെ ഏൽപ്പിക്കുകയും മറ്റ് മെറ്റീരിയലുകളെല്ലാം പുറത്തുനിന്ന് വാങ്ങുന്ന സ്ഥിതിവിശേഷവുമാണ് അയൽ സംസ്ഥാനങ്ങളിലെല്ലാമുള്ളത്. അത്തരത്തിലുള്ള ഒരു ഡിസൈൻ ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൊണ്ടുവന്നാൽ മെറ്റീരിയൽ വർക്കിന്റെ വർദ്ധനവ് ഏറ്റവും എളുപ്പത്തിൽ സാധ്യമാക്കാൻ കഴിയും. അതിന് സന്നദ്ധമാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ ചില പ്രവൃത്തികൾ അവർ പ്രത്യേക രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ട്. കേരളത്തിൽ നിലവിൽ അത്തരം ഒരു പ്രക്രിയയില്ല. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഒരു നിവേദനം എനിക്ക് നൽകിയിരുന്നു. തൊഴിലിന്റെ അളവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇവിടെ തയ്യാറാക്കുന്നതിലുള്ള പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

(2) വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. വി. ടി. ബൽറാം: സർ, ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് തൃത്താലയിലെ വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ്. നിരവധി കുടിവെള്ള പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമൊക്കെ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പ്രളയം വലിയ തോതിൽ വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിനെയും അതുമായി ബന്ധപ്പെട്ട് നാടിനെയും ബാധിച്ച അനുഭവം അങ്ങേക്ക് അറിയാവുന്നതാണ്. ഇതിന്റെ ഷട്ടറുകളിൽ ഒരെണ്ണം പൂർണ്ണമായും പ്രളയജലത്തിൽ ഒലിച്ചുപോയി. അങ്ങ് നേരിട്ട് സന്ദർശിച്ചതായതുകൊണ്ട് കൂടുതലായി ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ല. പത്തിലേറെ ഷട്ടറുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതിന്റെ മെക്കാനിക്കൽ റിപ്പയർ & മെയിന്റനൻസ് അടിയന്തരമായി ചെയ്ത് തീർക്കേണ്ടതുണ്ട്. നിലവിലെ സാഹചര്യത്തിൽ എല്ലാ ഷട്ടറുകളും ക്രെയിൻ ഉപയോഗിച്ച് ഉയർത്തിവയ്ക്കേണ്ട സ്ഥിതിയാണുള്ളത്. മെക്കാനിക്കൽ മെയിന്റനൻസ് പ്രവർത്തനങ്ങൾ

വേണ്ടരീതിയിൽ നടത്താത്തതുകാരണം പെട്ടെന്ന് വെള്ളം ഒലിച്ചുവന്നപ്പോൾ ഷട്ടറുകൾ സാധാരണഗതിയിൽ ഉയർത്താൻ സാധിച്ചില്ല. അതിനാൽ ക്രെയിൻ ഉപയോഗിച്ചാണ് ഉയർത്തിവച്ചത്. ഇപ്പോഴും ഉയർത്തിവച്ച അവസ്ഥയിലാണ്. പ്രളയജലം ഒഴുകിപ്പോയി, പുഴയിൽ വെള്ളം സംഭരിക്കേണ്ട സ്ഥിതിയാണ്. എന്നാൽ ഷട്ടറുകൾ താഴ്ത്താൻ കഴിയുന്നില്ല. കാരണം, താഴ്ത്തിയാൽ ഭാവിയിൽ വേറെ അത്യാവശ്യം വന്നാൽ ഉയർത്താൻ കഴിയുമോയെന്നുള്ള ഉറപ്പില്ലാത്തതിനാൽ ഇപ്പോഴത്തെ അവസ്ഥയിൽ നിൽക്കുകയാണ്. അതുകൊണ്ട് വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല. അടിയന്തരമായി മെക്കാനിക്കൽ റിപ്പയറിന് ആവശ്യമായ തുക അനുവദിച്ച് പ്രവൃത്തി എത്രയും പെട്ടെന്ന് നടത്തേണ്ടതായിട്ടുണ്ട്. 1.35 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡിപ്പാർട്ട്മെന്റ് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്മേൽ അടിയന്തര തീരുമാനം എടുക്കേണ്ടതുണ്ട്. ഷട്ടർ താഴ്ത്താത്തതുകാരണം പാവറട്ടി ശുദ്ധജല പദ്ധതിയടക്കമുള്ള നിരവധി കുടിവെള്ള പദ്ധതികളെ ഇത് ബാധിക്കുന്നുണ്ട്. തൃത്താല നിയോജകമണ്ഡലത്തിൽ മാത്രമല്ല തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ പത്തുപതിനഞ്ചോളം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ ഇതുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ഗുരുവായൂർ, കുന്ദംകുളം, മണലൂർ എന്നീ നിയോജകമണ്ഡലങ്ങൾ ഇതിനെ ആശ്രയിച്ച് നിലനിൽക്കുന്നുണ്ട്. അതിനാൽ എത്രയുംപെട്ടെന്ന് ഷട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം ഇതിന്റെ സിവിൽ സ്ട്രക്ചറിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നാണ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ വിലയിരുത്തുന്നത്. താരതമ്യേന പുതിയ പദ്ധതിയായ വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ട് ഏകദേശം പതിനഞ്ച് വർഷമേ ആയിട്ടുള്ളൂ. പക്ഷേ, കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ഇതിന്റെ മെയിൻ സ്ട്രക്ചറിന്റെ ഏപ്രണിൽ കാര്യമായ വിള്ളലുകൾ രൂപപ്പെട്ടിട്ടുണ്ട്. അത് ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ചീഫ് എഞ്ചിനീയറടക്കമുള്ള ഉദ്യോഗസ്ഥർ നിരവധി തവണ അവിടെ സന്ദർശിച്ചതാണ്. കോഴിക്കോട് NIT ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അതുമായി ബന്ധപ്പെട്ട് സമഗ്ര റിപ്പയറിംഗിനായി ഏകദേശം 17 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കോടിക്കണക്കിന് രൂപ പലതരത്തിലുള്ള പദ്ധതികൾക്കായി വിനിയോഗിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുമായി ബന്ധപ്പെട്ട ചർച്ച കഴിഞ്ഞ ദിവസങ്ങളിൽ നടന്നുവെന്നും അക്കാര്യത്തിൽ അങ്ങ് താൽപ്പര്യമെടുക്കുന്നുണ്ടെന്നും ഫണ്ട് അനുവദിക്കപ്പെട്ടു മെന്നുമാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എന്നാൽ ലോകബാങ്ക് സഹായമായി 1,750 കോടി രൂപ ലഭിച്ചിട്ടും അതിൽനിന്നും ഒരു രൂപ പോലും ഇത്തരം കാര്യങ്ങൾക്കുവേണ്ടി നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന കാര്യം കഴിഞ്ഞ ദിവസം

സഭയിൽ ചർച്ച ചെയ്തതാണ്. സെപ്റ്റംബർ മാസത്തിൽ ലഭിച്ച ആ പണം ശമ്പളത്തിനും നിത്യനിദാന ചെലവുകൾക്കുംവേണ്ടി ചെലവഴിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ഇത്തരം പദ്ധതികൾക്കുവേണ്ടി ആ പണം ചെലവഴിക്കാൻ അടിയന്തരമായി എ.എസ്. നൽകണം. എ.എസ്. നൽകിയാലും ഇക്കാര്യം നടപ്പിലാകണമെങ്കിൽ വർഷങ്ങൾ വേണ്ടിവരും. അങ്ങയുടെ മുൻഗാമിയുടെ സഹായത്തോടുകൂടി സംരക്ഷണഭിത്തി തകർന്നത് പുനർനിർമ്മിക്കുന്നതിന് 2 കോടി രൂപയോളം അനുവദിച്ച് ഒരു വർഷമായിട്ടും നിർമ്മാണ പ്രവൃത്തികൾ കഴിഞ്ഞ ദിവസങ്ങളിലാണ് ആരംഭിച്ചത്. എത്രയും പെട്ടെന്ന് ഇത് പരിഹരിക്കേണ്ടതുണ്ട്.

തൃത്താല നിയോജകമണ്ഡലത്തിലെ മറ്റൊരു പ്രധാന പദ്ധതിയായ കൂട്ടക്കടവ് റെഗുലേറ്റർ നിർമ്മാണം 2016-ൽ ആരംഭിച്ചതാണ്. എന്നാൽ ഇതുവരെയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നബാർഡ് സഹായത്തോടു കൂടി 50 കോടി രൂപയുടെ പദ്ധതിക്കാണ് തുടക്കം കുറിച്ചത്. എന്നാൽ ഇതിന് 40 മീറ്ററോളം നീളത്തിൽ മാത്രമാണ് സംരക്ഷണഭിത്തി ഉള്ളത്. കഴിഞ്ഞ പ്രളയത്തിൽ സംരക്ഷണ ഭിത്തി ഇല്ലാത്തതിനാലും അവിടെ നേരത്തെയു ണ്ടായിരുന്നവ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊളിച്ചു മാറ്റിയതും പുഴ ഗതിമാറി ഒഴുകുന്നതിന് കാരണമായി. ഒരുകാലത്തും പ്രളയം ബാധിക്കാൻ സാധ്യതയില്ലാത്ത ആനക്കര പഞ്ചായത്തിലെ നിരവധി പ്രദേശങ്ങളിൽ പുഴ ഗതിമാറി ഒഴുകിയതും ബുദ്ധിമുട്ടുകൾക്ക് ഇടയാക്കി; പ്രളയക്കെടുതി അനുഭവിക്കേണ്ടി വരികയും ചെയ്തു. അതിനാൽ കൂട്ടക്കടവ് റഗുലേറ്റർ പദ്ധതിക്കുവേണ്ടി സംരക്ഷണഭിത്തി ഏതാണ്ട് ഒന്നര കിലോമീറ്ററോളം നീളത്തിൽ കുമ്പ്ര തോട് വരെ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിന്റെ നിർമ്മാണത്തിന് 20 കോടിയോളം രൂപയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ആ നിർദ്ദേശം ഗവൺമെന്റിന്റെയും വകുപ്പിന്റെയും മുമ്പിലുണ്ട്. അതിൽ അങ്ങ് പ്രത്യേകമായി ഇടപെട്ട് ബഹുമാന്യരായ മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും സംസാരിച്ച് RKI പദ്ധതിയിൽ ഉൾപ്പെടുത്തി ഈ രണ്ട് പദ്ധതികൾക്കും വേണ്ടി ഫണ്ട് അനുവദിക്കാൻ തയ്യാറാകണം. അതിന് എത്രയും പെട്ടെന്ന് എ.എസ്. നൽകി നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പൂർണ്ണ അർത്ഥത്തിൽ പ്രവർത്തനക്ഷമമാക്കി ജനങ്ങളുടെ ആശങ്ക പരിഹരിക്കണം. വരുംനാളുകളിൽ ഒരു പ്രളയമുണ്ടായാൽ ഈ പ്രദേശങ്ങളെയൊന്നും ബാധിക്കാത്ത തരത്തിൽ ഈ പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പട്ടാമ്പി, ചാവക്കാട്, കുന്ദംകുളം, ഗുരുവായൂർ മുനിസിപ്പാലിറ്റികളും ഇരുപത്തിയഞ്ചോളം ഗ്രാമപഞ്ചായത്തുകളിലെ വിവിധ കുടിവെള്ള പദ്ധതികളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നതും 3997 ഹെക്ടർ നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള കാർഷികവിളകൾക്ക് ജലം ലഭ്യമാക്കുന്നതിനും ഉപയോഗപ്രദമായ പാലക്കാട് ജില്ലയിലെ തൃത്താല വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന് 2019 ആഗസ്റ്റ് മാസത്തിലുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും ഗുരുതരമായ കേടുപാടുകൾ സംഭവിക്കുകയും ആയതിന്റെ ഒരു ഷട്ടർ പൂർണ്ണമായും groove -ൽനിന്നും വേർപെട്ടുപോകുകയും ചെയ്തു. തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി 16-8-2019-ന് ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.-യ്ക്ക് ഒപ്പം ഞാനും താങ്കളും സ്ഥലം സന്ദർശിക്കുകയും അടിയന്തരമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. റെഗുലേറ്ററിന്റെ നിയന്ത്രണം ചമ്രവട്ടം സെക്ഷൻ ഓഫീസിന്റെ പരിധിയിലായിരുന്നു. റെഗുലേറ്ററിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമമായ ഏകോപനത്തിനുമായി പ്രസ്തുത സെക്ഷൻഓഫീസ് തൃത്താല റെഗുലേറ്ററിനു സമീപത്തായി ഇതിനകംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കസമയത്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ ചമ്രവട്ടം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്തിരുന്നു. വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സുഗമപ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ഷട്ടറുകൾ പുനഃസ്ഥാപിക്കുന്ന തിനാവശ്യമായ 135 ലക്ഷം രൂപ മെക്കാനിക്കൽ പ്രവൃത്തികൾക്കും തകർന്ന ഏപ്രണുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് 1700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. താങ്കളോടൊപ്പം ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, ശ്രീ. മുഹമ്മദ് മുഹസിൻ പി., ഡോ. ഇ. ശ്രീധരൻ എന്നിവർ ഈ വിഷയത്തിൽ സജീവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. 09.10.2019-ന് ഞാൻ ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ. ഇ. ശ്രീധരനുമായും 'ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴ' എന്ന സംഘടനയുടെ പ്രവർത്തകരുമായും ചർച്ച നടത്തി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. റെഗുലേറ്ററിന്റെ സംഭരണശേഷി സാരമായി കുറയുന്നതിനും ജലത്തിന്റെ സുഗമമായ ഒഴുക്കിന് വിഘാതമാകുന്നതുമായ മണൽത്തിട്ടകൾ നീക്കംചെയ്ത് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനായി ഒരു പ്രോട്ടോക്കോൾ നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുഴകളുടെ സുഗമമായ ഒഴുക്കിന് തടസ്സമുണ്ടാകുന്ന മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

പ്രളയംമൂലം തകർന്ന കൂട്ടക്കടവ് റെഗുലേറ്ററിന്റെ അപ്പർ സ്ട്രീമിൽ left bank-ൽ ശരാശരി 7 മീറ്റർ ഉയരത്തിൽ 1360 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയും അപ്രോച്ച് റോഡും നിർമ്മിക്കേണ്ടതുണ്ട്. ഇതിന് ഏകദേശം 22 കോടി രൂപ ആവശ്യമായി വരും. ഇതും പ്രളയംമൂലമുണ്ടായ അധികപ്രവൃത്തികളും ചേർത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അത് പ്രകാരമുള്ള പ്രവൃത്തികൾകൂടി ചെയ്തെങ്കിൽ മാത്രമേ തൃപ്തികരമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. റെഗുലേറ്ററിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട എം.എൽ.എ.-മാർ, ചെയർമാൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൺവീനർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സമിതികൾ ഉടൻതന്നെ രൂപീകരിക്കുന്നതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ പോസിറ്റീവായ മറുപടിയാണ് നൽകിയത്. അങ്ങ് അക്കാര്യത്തിൽ വ്യക്തിപരമായി ശ്രദ്ധ നൽകുന്നയാളാണെന്നത് എനിക്ക് ബോധ്യമുള്ള കാര്യമാണ്. അങ്ങ് അവിടെ നേരിട്ട് വന്നിട്ടുള്ള ആളാണ്. ഇതിന്റെ നടപടിക്രമങ്ങൾ ഒരുപാട് നീളുന്നുണ്ട്. 2 കോടി രൂപയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഒരു വർഷത്തിലേറെ കാത്തിരിക്കേണ്ടതായി വന്നു. ആ ഭിത്തി അന്ന് നിർമ്മിക്കാത്തതുകൊണ്ടാണ് ഇത്തവണ രണ്ടോ മൂന്നോ ഷട്ടറുകൾ നമുക്ക് പൂർണ്ണമായി അടച്ചിടേണ്ടതായി വന്നത്. കാരണം അത് ഉയർത്തിക്കഴിഞ്ഞാൽ കൂടുതൽ കര ഇടിഞ്ഞു പോകുമെന്നുള്ള പ്രശ്നമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ എത്രയുംപെട്ടെന്ന് എല്ലാ നടപടിക്രമങ്ങളും പരമാവധി ത്വരിതപ്പെടുത്തി മെക്കാനിക്കൽ റിപ്പയറിനും സിവിൽ റിപ്പയറിനും ഫണ്ട് അനുവദിക്കണം. കൂട്ടക്കടവിന്റെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഫണ്ട് ലഭിക്കാത്തതുകാരണം സംരക്ഷണഭിത്തി നിർമ്മിക്കുമോ ഇല്ലയോ എന്നുള്ള ആശങ്ക നിലനിൽക്കുന്നതുകാരണം ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധവുമുണ്ട്. അതും അങ്ങയുടെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അക്കാര്യത്തിലും ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഉദ്യോഗസ്ഥരുമായി ആലോചിച്ചശേഷം പെട്ടെന്നുതന്നെ ഷട്ടർ അടയ്ക്കുന്നതിന്റെ പ്രവൃത്തി ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

# III സബ്മിഷൻ

## (1) ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ പിന്നോക്കാവസ്ഥ

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിലെ 20 ലക്ഷത്തിലേറെ വരുന്ന ലത്തീൻ കത്തോലിക്കാ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കണമെന്ന ആവശ്യമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിലെ പിന്നോക്ക ജാതിയിൽ ഉൾപ്പെടുന്ന സമുദായങ്ങളിലൊന്നാണ് ലത്തീൻ കത്തോലിക്കാ വിഭാഗം. പി.എസ്.സി. നിയമന ചട്ടങ്ങളിൽ ഒ.ബി.സി. വിഭാഗത്തിൽ ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കുംകൂടി 4 ശതമാനം സംവരണം നൽകിയിരുന്നു. ദളിത് ക്രൈസ്തവർക്ക് ഒരു ശതമാനമാണ് സംവരണം. അതേസമയം വിദ്യാഭ്യാസ മേഖലയിൽ പ്ലസ്ടു, പ്രൊഫഷണൽ, ഡിഗ്രി കോഴ്സുകളിൽ മൂന്ന് ശതമാനം സംവരണവും ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പി.ജി. കോഴ്സുകൾക്ക് ഒരു ശതമാനം സംവരണവുമാണ് പ്രവേശനത്തിനുള്ളത്. കേരളത്തിലെ മഹാഭൂരിപക്ഷം ലത്തീൻ കത്തോലിക്കരും കടൽത്തീരങ്ങളിലും കായലോരങ്ങളിലും അധിവസിക്കുന്നവരാണ്. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ പന്ത്രണ്ടോളം രൂപതകളുടെ ഭാഗമായിട്ടാണ് മഹാഭൂരിപക്ഷം ആളുകളും താമസിക്കുന്നത്. തീരപ്രദേശത്ത് താമസിക്കുന്നവരുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ ഗൗരവമായി കാണേണ്ടതാണ്. ഇതുസംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ച് ചെറിയ സൂചനയുണ്ടെങ്കിലും കാര്യമായ നടപടിയൊന്നും ഉണ്ടായിട്ടില്ല. വിവിധ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന സമുദായത്തിന്റെ വിവിധ ആവശ്യങ്ങളെപ്പറ്റി പഠനം നടത്തുന്നതിനാണ് ഈ വിഷയം ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പല ഉപജാതികളുടെ കാര്യങ്ങളുമൊക്കെ പ്രത്യേകമായി പറയുന്നുണ്ട്. വിദ്യാഭ്യാസം, തൊഴിൽ, സർക്കാർ ഉദ്യോഗങ്ങളിൽ പങ്കാളിത്തം, സാമ്പത്തികാവസ്ഥ, ജലലഭ്യത, വാസസ്ഥലത്തിന്റെ പ്രശ്നം തുടങ്ങിയവയാണ് അതിൽ പ്രധാനപ്പെട്ട കാര്യങ്ങൾ. അതുപോലെ, സർക്കാർ വിവിധ സമുദായങ്ങൾക്കും സമൂഹങ്ങൾക്കും ബോർഡുകളിലും കോർപ്പറേഷനുകളിലും തൊഴിൽ സ്ഥാപനങ്ങളിലുമൊക്കെ കൊടുക്കുന്ന പ്രാതിനിധ്യം എന്നീ കാര്യങ്ങളിൽ ഇവർ വളരെ പിന്നോക്കമാണ്. അതോടൊപ്പംതന്നെ കേരളത്തിൽ ഇതിനെ സംബന്ധിച്ച് പഠനം നടത്തിയാൽ ഇവർക്കുണ്ടായിട്ടുള്ള തൊഴിൽനഷ്ടം വളരെ ഭീമമാണെന്ന് കണ്ടെത്താൻ കഴിയും. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പലതും

വന്നിട്ടുണ്ടെങ്കിലും ഇവർക്ക് അതിലൊന്നും നിയമനം കിട്ടുന്നില്ല. കേരളത്തിന്റെ എല്ലാവിധ പുരോഗതിയുടെ മുന്നിലും അഭിമാനത്തോടെ മലയാളികൾ ഉയർന്നുനിൽക്കുമ്പോൾ ആ ഉന്നതിയുടെ മുമ്പിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ടവർ വളരെ പിന്നോക്കമായി നിൽക്കുന്നു എന്നുള്ളത് ഗൗരവതരമായ കാര്യമാണ്. സർക്കാർ നിയമനങ്ങളിലൊക്കെ ഇവർ വളരെ പിന്നോക്കമാണ്. ഈ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഒരു കമ്മീഷനെ നിയമിച്ച് പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തണം, അതിനൊരു കമ്മീഷനെ നിയമിക്കണമെന്നതാണ് ഇതിന്റെ ഉള്ളടക്കം. നിലവിൽ വിദ്യാഭ്യാസ മേഖലയിൽ ലത്തീൻ കത്തോലിക്കാ വിഭാഗക്കാർക്ക് പ്രൊഫഷണൽ ബിരുദ കോഴ്സുകളുടെ പ്രവേശനത്തിന് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തോടൊപ്പം ചേർത്ത് 3 ശതമാനം സംവരണവും ആർട്സ് ആന്റ് സയൻസ് കോഴ്സുകളുടെ പ്രവേശനത്തിനും മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകളുടെ പ്രവേശനത്തിനും SIUC വിഭാഗത്തോടൊപ്പം ചേർത്ത് ഒരു ശതമാനം സംവരണവും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ്, ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിൽ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തോടൊപ്പം ചേർത്ത് 4 ശതമാനം സംവരണം ഈ വിഭാഗങ്ങൾക്ക് ഇപ്പോഴുണ്ട്. സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമനമ്പർ 42-ആയും കേന്ദ്ര ഒ.ബി.സി. പട്ടികയിൽ ക്രമനമ്പർ 37 ആയും ഉൾപ്പെട്ടിട്ടുള്ള ലത്തീൻ കത്തോലിക്കാ സമുദായത്തിന് പിന്നോക്കവിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ, പിന്നോക്ക വികസന കോർപ്പറേഷന്റെ വായ്പകൾ എന്നിവയുടെ പ്രയോജനവും ലഭ്യമാണ്. ഇതുകൂടാതെ സർക്കാർ സർവ്വീസിലെ ഒ.ബി.സി. വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ലത്തീൻ കത്തോലിക്കാ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥ പ്രത്യേകം പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങളെല്ലാം ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിക്കുന്നതായിരിക്കുമെന്നാണ് പൊതുവിൽ സൂചിപ്പിക്കാനുള്ളത്.

## (2) ഐ.ഐ.ടി. വിദ്യാർത്ഥിനിയുടെ മരണം

ശ്രീ. എം. നൗഷാദ്: സർ, ഞങ്ങളുടെ നാടിന്റെ അഭിമാനമായിരുന്ന ഫാത്തിമ ലത്തീഫിന്റെ മരണത്തെ സംബന്ധിച്ചാണ് ഉന്നയിക്കുന്നത്. ഒന്നാം റാങ്കോടുകൂടി അഡ്മിഷൻ നേടി നാല് മാസങ്ങൾക്ക് മുമ്പാണ് ആ വിദ്യാർത്ഥിനി ചെന്നൈ ഐ.ഐ.ടി. ക്യാമ്പസിലേക്ക് പോയത്. റാങ്ക് നേടിയപ്പോൾ ഞാനുൾപ്പെടെയുള്ള നിരവധിയാളുകൾ ആ വീട്ടിൽ ചെന്ന് ഫാത്തിമ ലത്തീഫിനെ അഭിനന്ദിച്ചിരുന്നു. അത്തരത്തിൽ നമ്മുടെ നാടിന്റെ അഭിമാനമായി മാറിയ ഫാത്തിമ ലത്തീഫ് ചെന്നൈ ഐ.ഐ.ടി.-യിൽ വിദ്യാർത്ഥിനിയായി പഠനം തുടരുമ്പോൾ ഈ മാസം 9-ാം തീയതി ആത്മഹത്യ ചെയ്തുവെന്ന വാർത്തയാണ് ഞങ്ങൾ കേൾക്കുന്നത്. പഠിക്കുന്ന സ്ഥലത്തും ആ ക്ലാസ്സിലും ആ കുട്ടി ഒന്നാമതായിരുന്നു. കഴിഞ്ഞ പരീക്ഷയിൽ ഇരുപതിൽ പതിമൂന്ന് മാർക്ക് ആ കുട്ടിക്ക് ലഭിച്ചതിനെ സംബന്ധിച്ച് അപ്പീൽ നൽകിയപ്പോൾ അത് പതിനെട്ടാക്കി നൽകി. പതിമൂന്ന് മാർക്ക് കിട്ടുമ്പോഴും ആ കുട്ടി ഒന്നാമതാണ്. അതിനെത്തുടർന്നും അതിനുമുമ്പും ഇതുപോലെയുള്ള സംഭവങ്ങളുണ്ടായി ട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. അവിടത്തെ അദ്ധ്യാപകരുടെ മാനസിക പീഡനത്തെത്തുടർന്നാണ് ആത്മഹത്യ ചെയ്തത്. ആ കുട്ടിയുടെ മൊബൈലിൽ അവിടത്തെ അദ്ധ്യാപകരിൽ ഒരാളായ ശ്രീ. സുദർശൻ പത്മനാഭന്റെ പേര് എടുത്തുപറയുന്നുണ്ട്. " Sudarshan Padmanabhan is the cause of my death" എന്ന് കൃത്യമായി രേഖപ്പെടുത്തിയശേഷമാണ് ആ കുട്ടി മരണം വരിച്ചത്. ഈ നാടിന്റെ അഭിമാനമായ, നാളെ ഈ രാജ്യത്തിന്റെ തന്നെ അഭിമാനമായി മാറേണ്ടിയിരുന്ന ആ കുരുന്നിനെ മരണത്തിലേക്ക് തള്ളിവിട്ടു. കുട്ടികളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനും പകരം അവരെ മരണത്തിലേക്ക് തള്ളിവിടുന്ന സുദർശൻ പത്മനാഭനെ പോലുള്ള അദ്ധ്യാപകരെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് അർഹിക്കുന്ന ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള ഇടപെടൽ കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ആ കുട്ടിയുടെ parents-ഉം കൊല്ലം മേയറും സംഭവസ്ഥലത്ത് പോയിരുന്നു. തമിഴ്നാട് പോലീസിന്റെ ഭാഗത്തുനിന്നും നെഗറ്റീവായ സമീപനമാണ് അവർക്കിതുവരെ നേരിടേണ്ടിവന്നത്. വളരെ ഉന്നതരായിട്ടുള്ളവരാണ് ചെന്നൈ ഐ.ഐ.ടി.യിലെ അദ്ധ്യാപകർ. മിടുക്കിയായിരുന്ന ഫാത്തിമ ലത്തീഫിന്റെ മരണത്തിന് ഉത്തരവാദികൾ ആരായിരുന്നാലും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. മകൾ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് നീതിയെങ്കിലും ലഭിച്ചുവെന്ന് ഉറപ്പുവരുത്താനുള്ള ഇടപെടലുകൾ കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കൊല്ലം കിളികൊല്ലൂർ സ്വദേശിയും ചെന്നൈ ഐ.ഐ.ടി.യിലെ ഹ്യുമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസസ് ഇന്റഗ്രേറ്റഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഒന്നാം വർഷ വിദ്യാർത്ഥിനിയുമായ ഫാത്തിമ ലത്തീഫിനെ 8-11-2019-ന് രാത്രി ഐ.ഐ.ടി. കാമ്പസിൽ ആത്മഹത്യ ചെയ്ത നിലയിൽ കാണുകയുണ്ടായി. ഫാത്തിമ ലത്തീഫിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്നും സത്യസന്ധമായ അന്വേഷണം നടത്തുന്നതിനായി ഇടപെടണമെന്നും ആവശ്യപ്പെട്ട് പിതാവ് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ ഊർജ്ജിത അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി തമിഴ്നാട് പോലീസ് മേധാവിയോട് സംസാരിക്കുകയും ഇക്കഴിഞ്ഞ നവംബർ 14-ന് ഔദ്യോഗികമായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. മരണവുമായി ബന്ധപ്പെട്ട് Cr. P.C. 174 പ്രകാരം തമിഴ്നാട് കോട്ടൂർപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 394/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. സംസ്ഥാന പോലീസ് മേധാവി തമിഴ്നാട് ഡി.ജി.പി.-യുമായും ചെന്നൈ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. വിശ്വനാഥൻ ഐ.പി.എസ്-ഉമായും നിരന്തരം ബന്ധപ്പെടുകയും കേസിന്റെ അന്വേഷണം ചെന്നൈ സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള സെൻട്രൽ ക്രൈംബ്രാഞ്ചിനെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും കമ്മീഷണറും അഡീഷണൽ പോലീസ് കമ്മീഷണറും മേൽനോട്ടം വഹിക്കുന്നുണ്ടെന്നും ഡിവൈ. എസ്. പി. തലത്തിലുള്ള ഒരു വനിതാ ഉദ്യോഗസ്ഥയെ അന്വേഷണച്ചുമതല ഏൽപ്പിച്ചിട്ടുണ്ടെന്നും ചെന്നൈ സിറ്റി പോലീസ് കമ്മീഷണർ അറിയിക്കുകയും ചെയ്തു. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ സി.ബി.ഐ.-ൽ പ്രവർത്തനപരിചയമുള്ള ആളാണെന്നും അറിയിച്ചിട്ടുണ്ട്. കേസിൽ ഊർജിതമായ അന്വേഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്.

## (3) കെ.ടി.ഡി.സി. ഹോട്ടൽ

ശ്രീ. എ. പ്രദീപ്കുമാർ: സർ, കേരളത്തിന്റെ ഭാവി വികസനത്തിൽ ഏറ്റവും പ്രാധാന്യമുള്ളതാണ് വിനോദസഞ്ചാര മേഖല. അതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു ഘടകം കേരളത്തിലേക്കെത്തുന്ന സഞ്ചാരികൾക്ക് നിലവാരമുള്ള താമസ സൗകര്യം പ്രദാനം ചെയ്യുക എന്നുള്ളതാണ്. അതിൽ സ്വകാര്യ മേഖലയ്ക്കെന്ന പോലെ പൊതുമേഖലയ്ക്കും സാധ്യമായ പങ്ക് വഹിക്കാനുണ്ട്. ഈ കാഴ്ചപ്പാടിന്റെ

അടിസ്ഥാനത്തിലാണ് ടൂറിസം വകുപ്പിന്റെ നിർദ്ദേശപ്രകാരം സർക്കാർ ഏജൻസിയായ കേരളം ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) കോഴിക്കോട് പട്ടണത്തിലെ വെസ്റ്റ് ഹിൽ ബീച്ചിൽ നക്ഷത്ര പദവിയുള്ള ഒരു ഹോട്ടൽ നിർമ്മിക്കാൻ നേരത്തെ തീരുമാനിച്ചത്. ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള, ഇപ്പോൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്ഥിതി ചെയ്യുന്ന ക്യാമ്പസിനോട് ചേർന്ന് ഒരേക്കർ സ്ഥലം വർഷങ്ങൾക്കുമുൻപുതന്നെ ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ധനസഹായം ലഭിച്ചിട്ടുണ്ടെന്നുമാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. ഹോട്ടലിന്റെ വിശദമായ പ്ലാനും ആർക്കിടെക്ചർ ഡിസൈനും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അത് സംബന്ധിച്ച ഡിസ്കഷനും കഴിഞ്ഞതാണ്. പക്ഷേ, ഇത്രയും കാലമായിട്ടും അതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർമ്മാണം ആരംഭിക്കാത്തതിന് സാങ്കേതികമായ ചില തടസ്സങ്ങൾ പറയുന്നുണ്ട്. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെ.ടി.ഡി.സി.-ക്ക് ടൂറിസം വകുപ്പിന്റെ നിർദ്ദേശാനുസരണം ഹോട്ടൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള എന്ത് സാങ്കേതിക പ്രശ്നമാണുള്ളതെന്ന് മനസ്സിലാകുന്നില്ല. അവിടത്തെ ജനപ്രതിനിധിയും ഈ ആവശ്യം നേരത്തെമുതൽ ഉന്നയിക്കുന്ന ആളും എന്ന നിലയ്ക്ക് എന്നോട് കെ.ടി.ഡി.സി. അധികൃതർ ഇതുവരെ അത്തരത്തിൽ എന്തെങ്കിലും പ്രയാസമുള്ളതായി സംസാരിക്കുകപോലും ചെയ്തിട്ടില്ല. ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ inefficiency ആണ് ഈ കാലവിളംബത്തിന് കാരണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ടൂറിസം വകുപ്പ് മന്ത്രിയോട് ആവശ്യപ്പെടാനുള്ളത് ഈ കാര്യത്തിൽ അങ്ങ് ഇടപെടുകയും ടൂറിസം വകുപ്പിന്റെ prestigious project ആയ നക്ഷത്രപദവിയുള്ള കെ.ടി.ഡി.സി.-യുടെ ഹോട്ടൽ നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുകയും വേണം. അതിന് കാലവിളംബം വരാത്ത രീതിയിൽ എന്ന് ആരംഭിക്കാനാകുമെന്ന കാര്യത്തിൽ ഉറപ്പ് വരുത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കോഴിക്കോട് കെ.ടി.ഡി.സി.-ക്ക് ഒരു സ്റ്റാർ ഹോട്ടൽ നിർമ്മിക്കാൻ 2017-ലാണ് സർക്കാർ അനുമതി നൽകിയത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 1.19 ഏക്കർ സ്ഥലത്താണ് ഹോട്ടൽ നിർമ്മാണം ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഭൂമി

സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്ന് ചില രേഖകൾകൂടി ലഭിക്കാനുള്ളതിനാലാണ് ഹോട്ടൽ നിർമ്മിക്കാൻ നീക്കി വച്ചിരുന്ന സ്ഥലം കെ.ടി.ഡി.സി.-ക്ക് കൈമാറാൻ ടൂറിസം വകുപ്പിന് ഇതുവരെ സാധിക്കാതെപോയത്. ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് റവന്യൂ വകുപ്പിൽനിന്നും സർവ്വേ സ്കെച്ച് ലഭിക്കുന്ന നടപടി അന്തിമഘട്ടത്തിലാണെന്ന് ഞാൻ മനസ്സിലാക്കുന്നു. കെ.ടി.ഡി.സി.-ക്ക് ഔദ്യോഗികമായി ഭൂമി നൽകുന്ന പ്രവൃത്തികൾ ഉടൻ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹോട്ടലിന്റെ ആർക്കിടെക്ചറൽ പ്ലാൻ തയ്യാറായിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി കെ.ടി.ഡി.സി.-ക്ക് കൈമാറിക്കഴിഞ്ഞാൽ ഉടൻതന്നെ ടെണ്ടർ നടപടികളിലേക്ക് കടന്ന് ഹോട്ടൽ നിർമ്മാണം തുടങ്ങാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഗവൺമെന്റ് അടിയന്തരമായി ഇക്കാര്യത്തിലിടപെട്ട് കാലതാമസം ഒഴിവാക്കി ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട മീറ്റിംഗ് വിളിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും.

## IV റിപ്പോർട്ട് സമർപ്പണം

### പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപത്, പത്ത് റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## V റിപ്പോർട്ട് പരിഗണന

### പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

# VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## 1. റിപ്പോർട്ട് പരിഗണന.

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

ശ്രീ. എൻ. വിജയൻ പിള്ള: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## 2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (i) 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബില്ലിന് അനുമതി നൽകേണ്ടതില്ല എന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. പി. ടി. തോമസ്: സർ, ഇത്രയും പ്രധാനപ്പെട്ട ഒരു ബില്ലിന് ഒറ്റയടിക്ക് അനുമതി നൽകേണ്ടതില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും പറയുമ്പോൾ വളരെ ഖേദവും ദുഃഖവുമുണ്ടെന്ന് ആദ്യമേതന്നെ പറയട്ടെ. നവോത്ഥാന പ്രവർത്തനങ്ങളിലൂടെ ജാതിമത വിവേചനവും സാമൂഹ്യ പിന്നോക്കാവസ്ഥയും ഒരളവുവരെ ഇല്ലാതാക്കിയ സംസ്ഥാനമാണ് കേരളമെന്നാണ് നാം അഭിമാനിക്കുന്നത്. ഇന്ന് നമ്മൾ സാമ്പത്തികമായി ഉണർവിലാണെങ്കിലും അന്ധവിശ്വാസവും അനാചാരവും ആൾദൈവ വിശ്വാസവും അതിന്റെ പേരിലുള്ള

ചൂഷണവും വർദ്ധിച്ചുവരികയാണ്. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവരാണ് ഇതിന്റെ പ്രധാന ഇരകൾ. ഇത്തരക്കാരെ മാനസികമായി ദുർബലരാക്കാനും ചൂഷണത്തിന് വിധേയരാക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നുവരികയാണ്. വ്യാപകമായ സ്ത്രീചൂഷണത്തിനും ശിശുപീഡനത്തിനും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇടവരുത്തുന്നുണ്ട്. Drugs and Magic Remedies (Objectionable Advertisements) Act, 1954 നിലവിലുണ്ടായിട്ടും മാന്ത്രിക ഏലസുകൾ, ധനാകർഷണ യന്ത്രം, ദിവ്യശക്തി പ്രാർത്ഥന, കുട്ടിച്ചാത്തൻ അനുഗ്രഹം, മന്ത്രവാദം, രോഗശാന്തി ചികിത്സ, ഭാഗ്യനക്ഷത്രക്കല്ലുകൾ, വലംപിരി ശംഖ് തുടങ്ങി അനേകം പേരിലുള്ള തട്ടിപ്പുകൾ ഇന്ന് പത്രമാധ്യമങ്ങളിലൂടെ വലിയ പരസ്യമായി വരുന്നു. ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് നികുതി നൽകാതെ പലരും സമ്പന്നരായി മാറുന്നത് ഇതിന്റെ മറവിലാണ്. മനുഷ്യന്റെ യുക്തിക്കും ശാസ്ത്രബോധത്തിനും നിരക്കാത്ത ഇത്തരം പ്രവൃത്തികൾ സാമൂഹ്യ പുരോഗതിയെ പിന്നോട്ടടിച്ചുകൊണ്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന അസമത്വവും ജീവിത സുരക്ഷിതത്വമില്ലായ്മയും മറ്റും അന്ധവിശ്വാസങ്ങൾ പെരുകുന്നതായി ചൂണ്ടിക്കാണിക്കാമെങ്കിലും അസമത്വമില്ലാതാകുന്നതു വരെയും ജീവിതസുരക്ഷ ഉറപ്പാക്കുന്നതുവരെയും ഈ ചൂഷണം തുടരാനുള്ള അനുവാദം നൽകാൻ ഒരു രാഷ്ട്രത്തിനും കഴിയുകയില്ല. പൗരന്റെ മതവിശ്വാസത്തിനും ദൈവവിശ്വാസത്തിനും പൂർണ്ണ സ്വാതന്ത്ര്യമനുവദിച്ചു കൊണ്ട് ശാസ്ത്രബോധത്തിലും യുക്തിബോധത്തിലും അടിസ്ഥാനമായ സാമൂഹ്യ ഉന്നതിയാണ് ഭരണഘടന വിഭാവന ചെയ്തിട്ടുള്ളത്. ശാസ്ത്രബോധവും അന്വേഷണത്വരയും വളർത്തേണ്ടത് ഓരോ പൗരന്റെയും കടമയായി ഭരണഘടന അംഗീകരിച്ചിട്ടുണ്ട്. ഭരണഘടന അനുശാസിക്കുന്ന സാമൂഹ്യ നിർമ്മിതി സാധ്യമാവണമെങ്കിൽ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിയന്ത്രിക്കാനും ഉന്മൂലനം ചെയ്യാനും കഴിയുന്ന വിധത്തിൽ നിയമനിർമ്മാണം ഉണ്ടാകേണ്ടതുണ്ട്. അത്തരത്തിലൊരു സാമൂഹ്യ നിർമ്മിതിക്ക് സാധ്യമാകുന്നവിധം സംസ്ഥാനത്ത് ഒരു നിയമം ഉണ്ടാകണമെന്നതാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്ന പ്രധാന കാര്യം.

ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനുമുള്ള മനോഭാവവും വികസിപ്പിക്കുക ഒരു പൗരന്റെ അടിസ്ഥാന കടമയാണെന്ന് ഭരണഘടനയുടെ മൗലിക കർത്തവ്യങ്ങൾ 51 (A)-യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയുടെ അടിസ്ഥാന കടമയിൽ / മൗലിക കർത്തവ്യങ്ങളിൽ ഒതുങ്ങി നിന്നാൽത്തന്നെ ഇത്തരമൊരു നിയമനിർമ്മാണം അനിവാര്യമാണെന്ന് കണ്ടെത്താൻ യാതൊരു ബുദ്ധിമുട്ടുമില്ല. 2013-ൽ

മഹാരാഷ്ട്രയിലും 2017-ൽ കർണ്ണാടകയിലും ഇത്തരം നിയമനിർമ്മാണം നടത്തുകയുണ്ടായി. ഈ നിയമങ്ങളൊക്കെ തീർച്ചയായും നിർമ്മിച്ചിട്ടുള്ളത് അതത് പ്രദേശത്തെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കുറയ്ക്കുന്നതിനുള്ള നടപടിയെന്ന നിലയിലാണ്. അതോടൊപ്പംതന്നെ ബീഹാർ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് പോലുള്ള സംസ്ഥാനങ്ങൾ ഇതുമായി ബന്ധപ്പെട്ട ചില നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. ഇങ്ങനെയൊക്കെയുള്ളപ്പോഴാണ് കേരളം പോലുള്ള സംസ്ഥാനം, ദൈവത്തിന്റെ സ്വന്തം നാട്, 100 ശതമാനം സാക്ഷരത എന്നൊക്കെ മേനിനടിക്കുന്ന നമ്മൾ ഇപ്രകാരമൊരു നിയമം കൊണ്ടുവരാൻ മടിക്കുന്നത്. ഒറ്റശ്വാസത്തിൽത്തന്നെ പരിഗണിക്കാൻപോലും സാധിക്കില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത് കേട്ടപ്പോൾ വളരെ ദുഃഖം തോന്നി. പ്രത്യേകിച്ച് ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഇപ്രകാരം ശാസ്ത്ര ബോധത്തിന്റെയും ഭരണഘടനയുടെ മൗലിക കടമയെയും ചൂണ്ടിക്കാണിച്ച ഈ വിഷയത്തിൽ നിയമനിർമ്മാണമുണ്ടാകണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുന്ന ഈ സ്വകാര്യ ബില്ലിനെ പരിപൂർണ്ണമായും തള്ളിക്കളയുന്ന നിലപാടെടുക്കുന്നതിലുള്ള ശക്തമായ പ്രതിഷേധം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

നരേന്ദ്ര ധബോൽക്കറുടെ ദാരുണമായ മരണവും അതുപോലെ ഇന്ത്യയുടെ പലഭാഗത്തും നടന്നിട്ടുള്ള സംഭവങ്ങളുമൊക്കെ ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ഇത്തരം ചെയ്തികളുടെയൊക്കെ അനന്തരഫലമാണെന്ന് പറയാൻ സാധിക്കും. ആൾദൈവങ്ങൾക്കും അനാചാരങ്ങൾക്കും നമ്മുടെ നാട്ടിൽ ഒരു പഞ്ഞവുമില്ല. ഇന്ത്യയിലും വിശിഷ്യാ കേരളത്തിലും പ്രണയ സാഫല്യത്തിനും സന്താന ലബ്ധിക്കും സാമ്പത്തികാഭിവൃദ്ധിക്കും ശത്രുസംഹാരത്തിനും വീട്ടുമുറ്റത്ത് ക്യൂ നിൽക്കുന്നവരെ കാണുമ്പോൾ ജനം ഇത്ര കൂരിരുട്ടിലാണോ എന്ന് സംശയിച്ചു പോകുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും നമ്മൾ വ്യത്യസ്തരാണെന്ന് പറയുമ്പോഴും ഇക്കാര്യത്തിൽ നമുക്ക് മേനിനടിക്കാൻ സാധിക്കുമോ? നാൾക്കുനാൾ ആൾദൈവങ്ങൾ വർദ്ധിച്ചുവരുന്നത് എന്തുകൊണ്ടാണ്; അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിക്കുന്നത് എന്തുകൊണ്ടാണ്? അന്ധവിശ്വാസങ്ങളുടെ സൂപ്പർ മാർക്കറ്റായി കേരളം മാറുകയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, അങ്ങയുടെ പ്രമേയം ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കൾ മാത്രമല്ല ഭരണതലത്തിൽ ഉന്നതസ്ഥാനം വഹിക്കുന്നവരും തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലും രാഷ്ട്രീയ പ്രതിസന്ധിയുണ്ടാകുമ്പോഴും പല ആൾദൈവങ്ങളുടെയും അടുത്തുപോയി

കാൽകൊണ്ടുള്ള ചവിട്ട് ഏറ്റുവാങ്ങുന്നത് ദൃശ്യമാധ്യമങ്ങളിലും നവമാധ്യമങ്ങളിലും പലപ്പോഴും നമ്മൾ കണ്ടതാണ്. അത്തരം രാഷ്ട്രീയ നേതാക്കളെയും അതുപോലെ രാഷ്ട്രനേതാക്കളെയും അവഗണിക്കണമെന്ന് ആവശ്യപ്പെടാൻ ഈ പ്രമേയത്തിലൂടെ താങ്കൾ സന്നദ്ധനാകുമോ?

ശ്രീ. പി. ടി. തോമസ്: സർ, അതടക്കമുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞതെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ശ്രദ്ധിച്ചാൽ അറിയാൻ സാധിക്കും. ഒരു പൗരന്റെ മതവിശ്വാസത്തിനും ദൈവവിശ്വാസത്തിനും പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തിട്ടുള്ള രാജ്യമാണ് ഇന്ത്യ. എന്നാൽ ഒരു പൗരന്റെ മൗലിക കർത്തവ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി ചൂണ്ടിക്കാണിച്ചിട്ടുള്ള ഒന്നാണ്, ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിലും പരിഷ്കരണത്തിലുമുള്ള മനോഭാവവും വികസിപ്പിച്ചെടുക്കുക എന്നുള്ളത്. അതിൽ ഊന്നിനിന്നുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ഇന്ത്യയിലും കേരളത്തിലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലുള്ള, സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങൾ നടക്കുന്നുണ്ട്. ആ കാര്യങ്ങളിലേയ്ക്കൊക്കെ വിരൽ ചൂണ്ടുകയും അതൊക്കെ തെറ്റാണെന്നുള്ള ബോധം ജനിപ്പിക്കാനുമുള്ള ശ്രമങ്ങളുടെ ആദ്യപടിയായാണ് ഈ സ്വകാര്യ ബിൽ അവതരിപ്പിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മലയാളികളിൽ ഭൂരിപക്ഷം പേരും ദൈവമുണ്ടെന്ന് വിശ്വസിക്കുന്നവരാണ്. ദൈവത്തെ വിശ്വസിക്കുമ്പോഴും അതിന്റെ വിപരീതഭാവമായ സാത്താൻ കൂടിയുണ്ടെന്നും നമ്മൾ വിശ്വസിക്കുകയാണ് ചെയ്യുന്നത്. ഇതിൽ പോസിറ്റീവ് എനർജിയും നെഗറ്റീവ് എനർജിയുമുണ്ട്. ദൈവത്തെ ആരാധിക്കുന്നതുപോലെ സാത്താനെ ആരാധിക്കുന്ന ആളുകൾ ഇന്ത്യയിലും ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. അങ്ങ് ഇവിടെ പറയുന്ന ആൾ ദൈവങ്ങൾ അല്ലെങ്കിൽ മറ്റ് പലരീതിയിലുള്ള ആരാധനകളും ചിന്തകളുമൊക്കെ നെഗറ്റീവ് എനർജിയുടെ ഭാഗമാണെന്ന് വേണമെങ്കിൽ ചിന്തിക്കാം. ദൈവത്തിൽനിന്ന് അനുഗ്രഹം കിട്ടുന്നതുപോലെ സാത്താനിൽനിന്നും അനുഗ്രഹം കിട്ടുമെന്ന ചിന്താഗതിയിലായിരിക്കും അതിൽ വിശ്വസിക്കുന്നത്. അങ്ങനെ വരുമ്പോൾ എല്ലാ വിധത്തിലുമുള്ള വിശ്വാസങ്ങളും നൽകുന്ന ഭരണഘടനയുള്ളപ്പോൾ സ്വഭാവികമായും ഇതുപോലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയമംമൂലം നിരോധിച്ചാലും വേണമെങ്കിൽ അവർക്ക് വീണ്ടും വിശ്വാസം സംരക്ഷിക്കാൻ കഴിയും. അവർക്ക് ആ വിശ്വാസത്തിൽനിന്നും മാറാൻ കഴിയില്ലേ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച ഭരണഘടനയിലെ 51(A) കൃത്യമായി അങ്ങ് വായിക്കണം. ശാസ്ത്രബോധവും യുക്തിചിന്തയും വികസിപ്പിക്കാൻ ഓരോ പൗരനും കടമയുണ്ടെന്നാണ് ഞാൻ പറയുന്നത്. ഈശ്വര വിശ്വാസത്തിന്റെ മൊത്തവ്യാപരമൊന്നും ആരും ഏറ്റെടുത്തിട്ടില്ല. പൗരാണിക ഇന്ത്യയിൽ ചാർവാകർ എന്നൊരു വംശജർ ഉണ്ടായിരുന്നു. അവരുടെ അടിസ്ഥാനപ്രമാണം ദൈവനിഷേധമായിരുന്നു. അങ്ങനെയുള്ളൊരു ചിന്താപദ്ധതിക്ക് ഇന്ത്യയിൽ വലിയസ്ഥാനം ഉണ്ടായിരുന്നു. നിങ്ങൾ വിചാരിക്കുന്നതുപോലെ ഈശ്വരവിശ്വാസത്തിൽ മാത്രം അധിഷ്ഠിതമല്ല. ഇന്ത്യയുടെ ചരിത്രത്തിൽ ഈശ്വരനിഷേധത്തിന്റെ ചരിത്രവും സംസ്കൃതിയും പരിശോധിച്ചാൽ അതിനെ അംഗീകരിച്ചതായി കാണാൻ കഴിയും.

ശ്രീ. കെ. ബാബു: സർ, ഇവിടെ ശാസ്ത്രബോധവും യുക്തിചിന്തയും ഏറെ വളർന്നിരിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ച വളരെയധികം വികാസം പ്രാപിച്ച് ചൊവ്വയിലേക്ക് പോകാനുള്ള സമയം നിശ്ചയിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽപോലും ശ്രീഹരിക്കോട്ടയിലെ വിക്ഷേപണ കേന്ദ്രത്തിൽനിന്നും ഓരോ തവണ ജി.എസ്.എൽ.വി. വിക്ഷേപിക്കുമ്പോഴും വിഘ്നം തീർക്കാൻ വിഘ്നേശ്വരന് എന്ന നിലയിൽ നാളികേരം ഉടച്ചിട്ടാണ് ശാസ്ത്രജ്ഞർ തുടക്കം കുറിക്കുന്നത്. ഇത് അനാചാരത്തിന്റെ ഭാഗമാണോ; അല്ലെങ്കിൽ അന്ധവിശ്വാസത്തിന്റെ ഭാഗമാണോ എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, അതൊരു contradictory ആയിട്ടുള്ള കാര്യമാണ്. നമ്മളെല്ലാം വളരെയേറെ ബഹുമാനിച്ച വി. ആർ. കൃഷ്ണയ്യർ, അദ്ദേഹം ഇന്ത്യയിലെയും ലോകത്തിലേയും ഏറ്റവും വലിയ നിയമജ്ഞനായിരുന്നു. അവസാനനാളുകളിൽ അദ്ദേഹം പറഞ്ഞൊരു കാര്യം, അദ്ദേഹത്തിന്റെ മരണപ്പെട്ടുപോയ പ്രിയപത്നിയുമായി നേരിട്ട് സംസാരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നായിരുന്നു. അത് അദ്ദേഹത്തിന്റെ വിശ്വാസമായിരുന്നു. ഞാൻ അതിലേക്ക് കടക്കുന്നില്ല; കുറ്റപ്പെടുത്താനും ആഗ്രഹിക്കുന്നില്ല. അദ്ദേഹം അതിൽ പരിപൂർണ്ണമായി വിശ്വസിച്ച് അഭിരമിച്ച് നിൽക്കുകയായിരുന്നു.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ ഉപബോധമനസ്സിൽ തന്റെ പത്നിയുമായുള്ള സ്നേഹത്തിന്റെ ആധിക്യമായിട്ടാണ് ഇങ്ങനെ തോന്നുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാനത് മോശമായിട്ടല്ല പറയുന്നത്. നൂറ്റാണ്ടുകളായി തുടർന്നുവരുന്ന ചില ആചാരങ്ങൾ അവസാനിപ്പിക്കണം എന്നല്ല പറയുന്നത്. ഉദാഹരണമായി, ഇടുക്കിയിലെ വണ്ണപ്പുറത്തിനടുത്ത് കമ്പക്കാനത്ത്

നടന്ന ക്രൂരമായ കൊലപാതകം, അവിടെ ഗൃഹനാഥൻ ഒരു മാന്ത്രികനായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായി അനൂപ് എന്നൊരു ചെറുപ്പക്കാരൻ വന്നു. അദ്ദേഹത്തിൽ നിന്ന് കുറെ മന്ത്രമൊക്കെ പഠിച്ച് കഴിഞ്ഞപ്പോൾ ഗുരുവിനെ കൊന്നാൽ മന്ത്രവാദവും ശക്തിയും തനിക്ക് കിട്ടുമെന്ന് വിചാരിച്ച് അയാൾ ഗൃഹനാഥനെയും ഭാര്യയെയും മക്കളെയും കൊലപ്പെടുത്തി ചാണകക്കുഴിയിൽ കുഴിച്ചിട്ടു. മന്ത്രവാദവും ആഭിചാരവും തൊഴിലായി സ്വീകരിച്ച തൊടുപുഴ വണ്ണപ്പുറം കമ്പക്കാനം കാനാട്ട് കൃഷ്ണൻ (54), ഭാര്യ സുശീല (50), മക്കളായ ആർഷ (21), അർജ്ജുൻ (17) എന്നിവരാണ് കൊല്ലപ്പെട്ടത്. മന്ത്രവാദത്തിൽ കൃഷ്ണന്റെ സഹായിയായിരുന്ന അടിമാലി കൊരങ്ങാട്ടി ആദിവാസി ഊരിലെ തേവർ കുടിയിൽ അനീഷായിരുന്നു മുഖ്യപ്രതി. തന്റെ മന്ത്രവാദഗുരുവിനെ ഇല്ലാതാക്കി മന്ത്രവാദവും ശക്തിയും സ്വന്തമാക്കാൻ വേണ്ടിയാണ് അനീഷ് കൊലനടത്തിയതെന്നാണ് പറയപ്പെടുന്നത്. ഇങ്ങനെയുള്ള ധാരാളം സംഭവങ്ങൾ നടക്കുന്നുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ദുർമന്ത്രവാദം നെഗറ്റീവ് എനർജിയാണ് നൽകുന്നത്. വിശ്വാസികളായ ആളുകൾ പലപ്പോഴും പോസിറ്റീവ് എനർജിക്കുവേണ്ടിയാണ് ദൈവങ്ങളിൽ വിശ്വസിക്കുന്നത്. എറണാകുളത്തെ ഫോർട്ട് കൊച്ചിയിൽ സാത്താൻമാരുടെ ഒരു പള്ളിയുണ്ട്. വെള്ളിയാഴ്ചതോറും സാത്താൻമാരുടെ പള്ളിയിൽ എല്ലാവരും വന്ന് പ്രാർത്ഥിക്കുന്ന രീതിയുണ്ട്. സാത്താൻമാരെയാണ് അവിടെ സേവിക്കുന്നത്. ഹിന്ദു വിശ്വാസികൾ ആദ്യം ഗണപതിക്ക് വച്ചുകൊണ്ട് "ഓം ശ്രീം ഹ്രീം ക്ലീം ഗ്ലൌം ഗം ഗണപതയേ വര വരദ സർവ്വജനം മേ വശമാനയ സ്വാഹാ"എന്ന് മന്ത്രം പറയുമ്പോൾ അതിൽനിന്നും പോസിറ്റീവ് എനർജിയാണ് നമുക്ക് ലഭിക്കുന്നത്. അങ്ങ് വിശ്വാസിയാണോ അവിശ്വാസിയാണോ എന്നെനിക്ക് അറിയില്ല. അങ്ങ് പ്രാർത്ഥിക്കുന്നത് ഞാനിതുവരെ കണ്ടിട്ടില്ല. അങ്ങയുടെ ഭാര്യയും കുട്ടികളുമെല്ലാം വിശ്വസിക്കുന്നതിൽ എതിർപ്പില്ല. ഞാൻ അങ്ങയുടെ വീട്ടിൽ വന്നപ്പോൾ, ശ്രീകൃഷ്ണനും യേശുക്രിസ്തുവുമടക്കം എല്ലാ ദൈവങ്ങളെയും അവിടെ കണ്ടു. അങ്ങേക്ക് വിശ്വാസമുണ്ടോ ഇല്ലയോ എന്നത് നമ്മുടെ വിഷയമല്ല. പക്ഷേ, ദുർമന്ത്രവാദത്തെ എതിർത്ത് തോൽപ്പിക്കണം; അത് നെഗറ്റീവ് എനർജി നൽകുന്ന ഒന്നാണ്. ദുർമന്ത്രവാദത്തെ നിയമനിർമ്മാണംകൊണ്ട് മാത്രം തടയാൻ കഴിയുമോ എന്നുള്ളത് അങ്ങ് വിശ്വസിക്കുന്നുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ നേരത്തെ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ഞാൻ ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്നതിന്റെ പേരിൽ നാട്ടിലെ എല്ലാ കൊള്ളരുതായ്മകളും അവസാനിക്കുമെന്നുള്ള തെറ്റായ ധാരണ എനിക്കില്ല. ഇതൊരു ചൂണ്ടുപലകയാണ്.

ഒരു നിയമനിർമ്മാണം നടത്താൻ ഈ ഗവൺമെന്റ് അല്ലെങ്കിൽ മാറിവരുന്നൊരു ഗവൺമെന്റ് തയ്യാറാകുമ്പോൾ നമ്മുടെ നാട്ടിൽ ശാസ്ത്രബോധത്തിന്റെയും മൂല്യബോധത്തിന്റെയും യുക്തിബോധത്തിന്റെയും അടിസ്ഥാനത്തിലുള്ള കുറേ ചിന്തകൾ മുന്നോട്ടുപോകും. എല്ലാം അവസാനിക്കുമെന്ന് ഞാൻ പറയുന്നില്ല.

മി. സ്പീക്കർ: തീർച്ചയായും.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിക്കുന്ന വിഷയത്തിൽ ഒരുപാട് തലങ്ങളും ദാർശനിക പ്രശ്നങ്ങളുമുണ്ട്. നമ്മുടെ രാജ്യത്തിന്റെ സവിശേഷമായ വർത്തമാനകാല സാഹചര്യം സംബന്ധിച്ച് നോവലിസ്റ്റായ Gunter Grass എഴുതിയിട്ടുണ്ട്. ഇന്ത്യ പുരാതന ശിലായുഗവും ശൂന്യാകാശവും കൈകോർക്കുന്നൊരു ഇടമാണെന്നാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. അക്ഷരാർത്ഥത്തിൽ അത് ശരിയാണ്. അതാണ് മറ്റൊരംഗം ചൂണ്ടിക്കാണിച്ചത്. ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക രംഗത്ത് കുതിച്ചുചാട്ടം ഉണ്ടാകുമ്പോഴും തേങ്ങയുടയ്ക്കുന്ന കാര്യങ്ങളൊക്കെ നമ്മുടെ രാജ്യത്ത് ഇപ്പോഴും നിലനിൽക്കുകയാണ്. വിഷയം അവതരിപ്പിച്ചപ്പോൾ അങ്ങ് തുടക്കത്തിൽ ഭരണഘടനയെ ഉദ്ധരിച്ച് ശാസ്ത്രബോധവും യുക്തിചിന്തയും വളർത്താനും പ്രോൽസാഹിപ്പിക്കാനുമുള്ള നമ്മുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് പറഞ്ഞു. ശാസ്ത്രീയചിന്തയും യുക്തിബോധവും അന്ധവിശ്വാസവും മാത്രമല്ല വിശ്വാസവും ചേർന്നുപോകാൻ പ്രയാസമാണ്. ഒരു ദാർശനികപ്രശ്നവും അതിലുണ്ട്. വിശ്വാസവും അന്ധവിശ്വാസവും എവിടെയാണ് വേർപിരിയുന്നത്; ഏതാണ് അന്ധവിശ്വാസം; ഏതാണ് അന്ധമല്ലാത്ത വിശ്വാസം? ശാസ്ത്രീയമായി മുമ്പോട്ട് പോകാൻ കഴിയാത്ത വിശ്വാസങ്ങളൊക്കെ ഒരർത്ഥത്തിൽ അന്ധവിശ്വാസമാണല്ലോ. ഞാൻ ഏതെങ്കിലും തരത്തിൽ അവസാനവാക്ക് പറയാനല്ല ഉദ്ദേശിക്കുന്നത്. ഞാൻ ഈ വിഷയത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കാൻ പറഞ്ഞെന്നുമാത്രം. നമ്മൾ ഇതൊക്കെ തൊലിപ്പുറമേ പറഞ്ഞാൽ പോരല്ലോ; പറയുന്നതിന് ആത്മാർത്ഥത വേണം. അങ്ങേക്ക് ആത്മാർത്ഥതയില്ലെന്നല്ല; നമുക്കെല്ലാവർക്കും ആത്മാർത്ഥത വേണമെന്ന സദുദ്ദേശ്യമാണ് എനിക്കുള്ളത്. ആൾദൈവമെന്ന വാക്ക് നാലഞ്ച് തവണ അങ്ങ് ആവർത്തിച്ചു. ആൾ ദൈവങ്ങൾക്കെതിരായി അവബോധം വളർത്തിക്കൊണ്ടു വരേണ്ടത് സംബന്ധിച്ച സൂചന അങ്ങ് നൽകുകയും ചെയ്തു. കേരളത്തിൽ ഒരു വലിയ ആൾദൈവമുണ്ടെന്ന് ഞാൻ കരുതുന്നു. അത് മാതാ അമൃതാനന്ദമയി എന്നാണ് അറിയപ്പെടുന്നത്. അങ്ങ് പറഞ്ഞ എതിർക്കപ്പെടേണ്ട ആൾദൈവങ്ങളുടെ കൂട്ടത്തിൽ അമൃതാനന്ദമയി ഉൾപ്പെടുമോ; അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, ആൾദൈവങ്ങളായി ആരൊക്കെ അവതരിച്ചിട്ടുണ്ടോ അവരൊക്കെ എതിർക്കപ്പെടേണ്ടവരാണ്.

മി. സ്പീക്കർ: അങ്ങ് ചർച്ച തുടരുകയാണോ; ക്ലോസ് ചെയ്യുകയാണോ?

ശ്രീ. പി. ടി. തോമസ്: സർ, അടുത്തയാളുകൾക്ക് അവസരം കൊടുക്കാനായി 5 മിനിട്ടുകൂടി സംസാരിച്ച് ചർച്ച അവസാനിപ്പിക്കുകയാണ്. എന്റെ സഹപ്രവർത്തകരായ മെമ്പർമാർക്ക് അടുത്ത ബിൽ അവതരിപ്പിക്കാനുള്ള അവസരം ലഭിക്കണം. ശ്രീ. എം. സ്വരാജിന്റെ ചോദ്യത്തെ ഞാൻ മാനിക്കുകയാണ്. വൈവിധ്യമാർന്നൊരു രാജ്യമാണ് ഇന്ത്യ. ഈശ്വരവിശ്വാസവും നിരീശ്വരവാദവും അല്ലെങ്കിൽ അന്ധവിശ്വാസവും തമ്മിൽ വേർതിരിച്ചെടുക്കാൻ കഴിയുമോ എന്നു ചോദിച്ചാൽ, വെള്ളവും പാലും ഒരുമിച്ച് ഒഴിച്ചാൽ അരയന്നത്തിന്റെ പ്രത്യേക സിദ്ധികൊണ്ട് പാൽ മാത്രം കുടിക്കുമെന്ന് പറയുന്നതുപോലെ കണ്ടുപിടിക്കേണ്ടൊരു കാര്യമാണ്. ഒരു മുട്ടയെടുത്ത് പുഴുങ്ങിയാൽ അതിന്റെ മഞ്ഞ ഉണ്ണിയും പുറം തോടിലെ വെള്ളയും തമ്മിൽ ഒരു നേരിയ പാടയുണ്ട്. ഇതുപോലെ വിശ്വാസവും അന്ധവിശ്വാസവും തമ്മിൽ വേർതിരിക്കാൻ വളരെ ബുദ്ധിമുട്ടാണ്. എന്നോട് വ്യാഖ്യാനിക്കാൻ പറഞ്ഞാൽ എനിക്കും കഴിയില്ല; മറ്റുള്ളവർക്കും സാധിക്കില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ വളരെ ലളിതമായി അത് വ്യാഖ്യാനിച്ചു. പോസിറ്റീവ് എനർജി കിട്ടുന്നത് വിശ്വാസമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അതിനൊന്നും എതിരല്ല. ശ്രീ. വി. പി. സജീന്ദ്രന് ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ട്. എന്റെ ബില്ലിന്റെ സ്പിരിറ്റ് എന്നത് ഞാൻ പലവട്ടം ആവർത്തിച്ച ഭരണഘടനയുടെ 51 (A)-യിൽ പറയുന്ന ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തിയെടുക്കുക എന്നതാണ്.

11.00 AM]

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ശ്രീ. കെ. എൻ. എ. ഖാദർ പ്രസംഗിച്ചപ്പോൾ, തിരുപ്പതിയിൽ ചെന്ന അദ്ദേഹത്തിന്റെ തലയിൽ തന്ത്രി കിരീടം പോലൊരു സാധനം വച്ചുകൊടുത്തുവെന്നും അപ്പോൾ പോസിറ്റീവ് എനർജിയുണ്ടായെന്നും പറഞ്ഞു. ഇക്കാര്യത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, നേരത്തെയുള്ള എന്റെ മറുപടി കേട്ടാൽ അതിനുള്ള ഉത്തരമായി, ആളുകൾ ഇതിനെ പല രീതിയിൽ കാണുന്നുണ്ട്. പോസിറ്റീവ് എനർജി കാണുന്നവരുമുണ്ട്. കത്തോലിക്കാ വിശ്വാസം അനുസരിച്ച്

മാർപാപ്പയ്ക്ക് അപ്രമാദിത്വമുണ്ടോ എന്നത് സംബന്ധിച്ച് വലിയൊരു സംശയം വന്നു. അപ്പോൾ എല്ലാവരുംകൂടി മാർപ്പാപ്പയോട് ഇതിനൊരു മറുപടി പറയാൻ പറഞ്ഞു. അദ്ദേഹം കർദ്ദിനാൾമാരെയെല്ലാം വിളിച്ചുകൂട്ടി ഇതിനൊരു മറുപടി പറയണമെന്ന് പറഞ്ഞു. കർദ്ദിനാൾമാരെല്ലാവരും ഇതിൽ മാർപാപ്പ എടുക്കുന്ന ഏത് തീരുമാനവും സമ്മതമാണെന്ന് പറഞ്ഞുവെന്ന ഒരു കഥയുണ്ട്. അപ്പോൾ ഇതെല്ലാം വ്യാഖ്യാനിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഞാനൊരുദാഹരണം പറയാം, പണമുണ്ടാക്കാൻ ആൾദൈവമായി, ജയിൽ ഉറപ്പായപ്പോൾ ജീവനൊടുക്കി. ആൾദൈവ കച്ചവടത്തിലെ ദുരന്ത നായികയാണ് ദിവ്യാ ജോഷി. തങ്ങൾ ഭൂതത്തെ പുറത്താക്കാൻ അധികാരം കിട്ടിയവരാണെന്ന് വിശ്വസിക്കുന്ന പ്രസ്ഥാനക്കാർ കോടികളുടെ സ്വത്തിന് ഉടമകളാണ്. ആത്മീയ ഉന്നതി എന്ന സങ്കല്പത്തിന് പകരമായി ഭൗതികനേട്ടം മുഖ്യസ്ഥാനത്ത് പ്രതിഷ്ഠിച്ച ഇത്തരക്കാർ സാക്ഷ്യം പറയാൻ പരിശീലനം നൽകിയ ആളുകളെ കൊണ്ടുവരികയാണ്. ധനികനാകാനും ജോലി ലഭിക്കാനും തങ്ങളുടെ പ്രാർത്ഥനയ്ക്കാകുമെന്ന് ഇവർ വിശ്വസിപ്പിക്കുന്നു. രോഗങ്ങളുടെ കാരണം പൈശാചിക ബന്ധമാണെന്ന് പഠിപ്പിക്കുന്നു. ആലപ്പുഴയിലെ ഒരു ധ്യാനകേന്ദ്രത്തിൽ പ്രസിദ്ധീകരിക്കുന്ന പത്രം ചവച്ചരച്ച് കഴിച്ചാൽ രോഗം മാറുമെന്ന് പറഞ്ഞു. അതിനെത്തുടർന്ന് ഒരാൾ മരിച്ചുവെന്നും പറയുന്നുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ആ ധ്യാനകേന്ദ്രം നാഷണൽ ഹൈവേയുടെ അടുത്താണ്. അവരുടെ പരിപാടിയുള്ള ദിവസം ഹൈവേയിലൂടെ ഒരു വാഹനത്തിനും പോകാൻ കഴിയില്ല. ഞാൻ ഒരു ദിവസം 45 മിനിട്ട് അവിടെ കുടുങ്ങിക്കിടന്നു. റോഡ് മുഴുവൻ കയ്യേറി കച്ചവട സ്ഥാപനങ്ങൾ നടത്തുകയാണ്. അതിനെല്ലാവരും കാവൽ നിൽക്കുകയാണ്. ഇത്തരത്തിലുള്ള അതിരുകടന്ന പ്രവർത്തനം, റിലീജിയസ് ഫണ്ടമെന്റലിസം നടക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ മതക്കാരുമുണ്ട്, ഏതെങ്കിലുമൊരു പ്രത്യേക മതക്കാരല്ല. പ്രാർത്ഥനയുടെ മറവിൽ എല്ലാ മതക്കാരും റോഡ് കയ്യേറി പ്രാർത്ഥനാലയം സ്ഥാപിക്കുകയും ഗതാഗതക്കുരുക്കുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അതിനെതിരെ ശക്തമായ നടപടിയെടുക്കണം. പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങെടുക്കുന്ന ധീരമായ തീരുമാനത്തിന് പ്രതിപക്ഷത്തിന്റെ മുഴുവൻ പിന്തുണയുമുണ്ട്. ഞാൻ എന്റെ പ്രസംഗം നീട്ടിക്കൊണ്ട് പോകുന്നില്ല. ഇത് വളരെ ഗൗരവതരമായ വിഷയമാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, മനുഷ്യൻ നിസ്സഹായാവസ്ഥയെ അഭിമുഖീകരിക്കുമ്പോഴാണ് കൂടുതലായി വിശ്വാസത്തെ അല്ലെങ്കിൽ അന്ധവിശ്വാസത്തെ ഉൾപ്പെടെ ആശ്രയിക്കുന്നത്. വലംപിരി ശംഖ് പോലെയുള്ള കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അത്തരം വലിയ പ്രചരണങ്ങൾ വിഷ്വൽ മീഡിയയിലൂടെ നടക്കുകയാണ്. അത്തരം നിലപാടുകളോട് അങ്ങയുടെ പ്രതികരണമെന്താണ്?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാനത് ആദ്യമേതന്നെ വ്യക്തമായി ചൂണ്ടിക്കാണിച്ചു. ഇതൊരു സൂചനയാണ്. ഈ ബിൽ അവതരിപ്പിക്കുന്നതിനെ തുടർന്ന് ഗവൺമെന്റ് പോസിറ്റീവായി ചിന്തിച്ച് ഒരു നടപടിയിലേക്ക് വരണം. യുക്തിവാദികളുടെ മക്കളെ ശ്രദ്ധിച്ചിട്ടുണ്ടോ; ചെറുപ്പം മുതൽ ഈശ്വരചിന്തയ്ക്ക് വിരുദ്ധമായി, അല്ലെങ്കിൽ ദൈവവിശ്വാസത്തിന് വിരുദ്ധമായി വളർന്നുവരുന്ന സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ ആ കുട്ടികളും അതിനനുസരിച്ചുള്ള നിലപാടുമായാണ് വരുന്നത് എന്നുപറയുന്നതു പോലെ ദുർമന്ത്രവാദം, ആഭിചാര ക്രിയകൾ, അല്ലെങ്കിൽ ശത്രുസംഹാരത്തിനുവേണ്ടി ചെയ്യുന്ന ഇത്തരം കാര്യങ്ങൾക്കെതിരെ സ്കൂൾ വിദ്യാഭ്യാസ തലത്തിൽത്തന്നെ കുട്ടികൾക്ക് പ്രോത്സാഹനം കൊടുക്കുകയും പഠിപ്പിക്കുകയും വേണം. യുക്തിബോധത്തിന്റെ അടിസ്ഥാനത്തിൽ, ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കണം. ശാസ്ത്രസാഹിത്യ പരിഷത്തുകാർ മുമ്പ് പറയുമായിരുന്നു, സി. വി. രാമനും ആൽബർട്ട് ഐൻസ്റ്റീനുമൊക്കെ ശാസ്ത്രീയമായാണ് കാര്യങ്ങൾ കണ്ടുപഠിച്ചതെന്ന്. കോപ്പർനിക്കസ് ഭൂമി ഉരുണ്ടതാണെന്ന് കണ്ടുപിടിക്കുന്നതിന് മുമ്പ് എത്രയോ ആളുകളെ അന്നത്തെ ക്രൈസ്തവമതം തൂക്കിലേറ്റുകയും കൊലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭൂമി ഉരുണ്ടതാണെന്നുള്ള സത്യം തെളിയാൻ പിന്നീട് ഒരുപാട് കാലം വേണ്ടിവന്നു. ആളുകൾക്കത് വിശ്വസിക്കാൻ കഴിയുമായിരുന്നില്ല എന്നുപറഞ്ഞതു പോലുള്ള കാര്യങ്ങളുണ്ട്. ഓരോ കാലഘട്ടത്തിന്റെയും മാറ്റങ്ങൾക്കനുസരിച്ച് ഇത്തരം കാര്യങ്ങൾ മുന്നോട്ട് വരും.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കേരളീയ സമൂഹത്തിൽ വളരെ നേരത്തേതന്നെ ശക്തമായ ശാസ്ത്രബോധം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നിരുന്നു. സായിബാബ കേരളത്തിലാകെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കാലയളവിൽ ശ്രീശൈലം എന്ന സ്ഥലത്ത് ഒരു കുടുംബം അദ്ദേഹത്തിന് ആശ്രമം പണിയാനുള്ള സ്ഥലം കൊടുത്തു. എന്നാൽ കുടുംബനാഥന്റെ അനുജൻ പ്രേമാനന്ദ് ശക്തമായി അതിനെ എതിർത്തു. അതിന്റെ കേസുകളെല്ലാം നടക്കുന്നുണ്ടായിരുന്നു. അവിടെ വച്ച് മാതൃഭൂമി പത്രാധിപരായ

കെ. പി. കേശവ മേനോന് ആകാശത്തുനിന്ന് സായിബാബ ഒരു സ്വർണ്ണ ചെയിനെടുത്ത് കൊടുത്തു. അവിടെ അടുത്തുണ്ടായിരുന്ന പ്രേമാനന്ദ് അവിടെയെത്തിയപ്പോഴേക്കും സായിബാബ പോയിരുന്നു. പിന്നീട് അദ്ദേഹം എഴുതിയത് 'ജനയുഗം' വാരികയിൽ സ്ഥിരമായി വരുമായിരുന്നു. ഇവിടെ കൂടിയിരിക്കുന്ന ആളുകളുടെ മുന്നിൽ വച്ച് സ്വർണ്ണ ചെയിൻ ഞാൻ എടുത്തുതരാം. എന്നാലൊരു അമ്മിക്കുട്ടി സായിബാബ എടുത്തുതരുമോ? അങ്ങനെയാണെങ്കിൽ താങ്കൾ പറയുന്ന കാര്യങ്ങളെല്ലാം അംഗീകരിക്കാൻ ഞാൻ തയ്യാറാണ്. അതിനുശേഷം പ്രേമാനന്ദ് എ.ഐ.എസ്.എഫ്.-ന്റെയെല്ലാം സമ്മേളനങ്ങളിൽ വരുമ്പോൾ വിഭൂതി കൊടുക്കുന്നത് എങ്ങനെയെന്ന് കാണിച്ചുതരുമായിരുന്നു. വിശ്വാസവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വേറെ. പക്ഷേ, അദ്ദേഹം ഇതുപോലെയുള്ള ചില വിദ്യകൾ കാണിച്ചപ്പോൾ, ഇതെല്ലാം ഏത് മനുഷ്യനും ചെയ്യാൻ കഴിയുന്നതാണെന്നും അമാനുഷികമായ കാര്യങ്ങൾ ചെയ്യാൻ സായിബാബയ്ക്ക് കഴിയില്ലെന്നും പറഞ്ഞു. അടുത്തകാലത്ത് ഇന്ത്യയിൽ, റാം റഹീം എന്നയാളുടെ ആശ്രമം പരിശോധിച്ചപ്പോൾ അത് വലിയൊരു കൊള്ള സംഘമാണെന്നും വ്യഭിചാര കേന്ദ്രമാണെന്നുമെല്ലാം കണ്ടുപിടിച്ചു. ഇപ്പോൾ അദ്ദേഹം ജയിലിലാണ്. ആൾദൈവങ്ങളെന്ന് പറയുന്നവരെ സഹായിക്കുന്നതും വിശ്വാസികളായി അവരുടെ കൂട്ടത്തിലുള്ളതും സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരും ഐ.എ.എസ്. ഓഫീസർമാരുമടക്കം ഒട്ടനവധി ആളുകളാണ്. അതുകൊണ്ടുതന്നെ ഇവരെ തൊടാൻ ഒരു ഭരണകൂടവും ഇപ്പോൾ ശ്രമിക്കുന്നില്ലെന്ന പ്രശ്നംകൂടി ഗൗരവപൂർവ്വം കാണേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ആ വിഷയംകൂടി ഇതിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: രണ്ടുമൂന്ന് ബില്ലുകൾകൂടി എടുക്കേണ്ടതുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ സഭ ഇന്ന് പരിഗണിക്കുന്നതിൽ ഏറ്റവും പ്രസക്തമായ ബില്ലാണിതെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെയുള്ള ബിൽ കൊണ്ടുവന്നതിൽ ശ്രീ. പി. ടി. തോമസിനെ അഭിനന്ദിക്കേണ്ടതുണ്ട്. ഇതൊരു ഔദ്യോഗിക ബില്ലായി വന്നുകഴിഞ്ഞാൽ, കേരളത്തിൽ ഏറ്റവും കൂടുതൽ സ്വാഗതം ചെയ്യപ്പെടുന്ന നല്ലൊരു നിയമമായി മാറുമെന്ന് എനിക്ക് തോന്നുകയാണ്. എന്താണ് വിശ്വാസവും അന്ധവിശ്വാസവും എന്നത് തമ്മിലുള്ള തർക്കം വളരെ മനോഹരമായി ഇവിടെ നടന്നു. ശാസ്ത്രീയമായി തെളിയിക്കപ്പെടാത്തതെല്ലാം അന്ധവിശ്വാസമാണെന്ന് ശ്രീ. എം. സ്വരാജ് പറഞ്ഞു. നമുക്ക് പോസിറ്റീവ് എനർജി കിട്ടുന്നതെല്ലാം വിശ്വാസവും നെഗറ്റീവ് എനർജി കിട്ടുന്നത്

അന്ധവിശ്വാസവുമാണെന്ന രീതിയിലും ഇവിടെ പരാമർശിക്കപ്പെട്ടു. സത്യത്തിൽ ഇതിന്റെ രണ്ടിന്റെയും ഇടയിലാണെന്നാണ് എനിക്ക് തോന്നുന്നത്. അന്ധവിശ്വാസത്തിന്റെ പേരിൽ എന്റെയൊരു സുഹൃത്ത് മരിച്ചുപോയത് ഞാനിപ്പോഴും വേദനയോടുകൂടി ഓർക്കുകയാണ്. അദ്ദേഹത്തിന്റെ ഭാര്യ അന്ധവിശ്വാസിയായിരുന്നു. അദ്ദേഹത്തിന് ക്യാൻസർ പിടിപെട്ടപ്പോൾ തിരുവനന്തപുരത്ത് കൊണ്ടുപോകണമെന്ന് പറഞ്ഞെങ്കിലും ദിവ്യന്റെ അടുത്ത് കൊണ്ടുപോയാൽ അദ്ദേഹം കൊടുക്കുന്ന മന്ത്രംകൊണ്ട് രക്ഷപെടുമെന്ന് കരുതി. അങ്ങനെ എന്റെ സ്നേഹിതൻ വളരെ പെട്ടെന്ന് മരിച്ചു. അങ്ങനെയുള്ള സാമൂഹ്യ സാഹചര്യത്തിൽ ഇങ്ങനെയൊരു ബിൽ ഔദ്യോഗികമായി കൊണ്ടുവരുന്നതിലേക്ക് ഈ ചർച്ച നയിക്കുമെങ്കിൽ അത് വലിയ കാര്യമാണ്. ശാസ്ത്രവും അന്ധവിശ്വാസവും തമ്മിൽ ഏറ്റുമുട്ടിയ ധാരാളം സന്ദർഭങ്ങളുണ്ട്. ഇതെല്ലാം വളരെ ഭംഗിയായി പ്രസംഗിക്കാമെങ്കിലും യുക്തിവാദികളായ ആളുകളാകട്ടെ അല്ലെങ്കിൽ ശാസ്ത്ര യുക്തിബോധത്തിന്റെ പേരിൽ നിലപാടുകളെടുത്ത ആളുകളാകട്ടെ പ്രായംകൂടി ശാരീരികമായി ദുർബലരായെന്ന് തോന്നുന്ന ഘട്ടങ്ങളിലെല്ലാം അന്ധവിശ്വാസങ്ങളുടെയും ആൾദൈവങ്ങളുടെയും പുറകെ പോയ ചരിത്രമുണ്ട്. ഞാൻ അക്കാര്യം പരാമർശിക്കുന്നത് തെറ്റാണെന്ന് തോന്നുകയാണ്. ഒ. വി. വിജയനെപ്പോലെയുള്ള ഒരുപാട് ആളുകൾ ശാരീരികമായി ദുർബലനായെന്ന് തോന്നുമ്പോഴേക്കും അന്ധവിശ്വാസത്തിന്റെ പിന്നാലെ പോയിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ.ടി.വി. ഇബ്രാഹിം, പ്രായം കൂടണമെന്നില്ല, ചിലയാളുകൾക്ക് പുറത്തു നിന്നുപോയി വീടിന്റെ വാതിൽ അടച്ച് സാക്ഷയിട്ടാൽ അഭിപ്രായം വേറെയാകും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അങ്ങനെയുമുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇത് ഒരു പ്രധാന വിഷയമാണ്. ഈ വിഷയം സഭയിൽ ചർച്ച ചെയ്യുന്നതിന് അങ്ങയുടെ ബിൽ സഹായകരമായിട്ടുണ്ട്. അതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ഇത് വെള്ളിയാഴ്ചകളിൽ സഭയിൽ ചർച്ച ചെയ്യേണ്ടതല്ല; വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. അങ്ങ് യുക്തിചിന്തയും ശാസ്ത്രബോധവും വികസിപ്പിക്കുന്നതിന് അല്ലെങ്കിൽ സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണത്തെക്കുറിച്ചാണ് പറയുന്നത്. നിയമ നിർമ്മാണം ആവശ്യമായിരിക്കാം. അങ്ങ് വിവരിച്ച അന്തരീക്ഷം ഇവിടെ രൂപപ്പെടുന്നത് നമ്മുടെ വിദ്യാഭ്യാസ രീതിയിൽ കാലങ്ങളായി നിലനിൽക്കുന്ന

അശാസ്ത്രീയതകൊണ്ടാണ്. ക്ലാസ്സുകളിലൂടെ, പഠന പ്രക്രിയയിലൂടെ, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ വിദ്യാഭ്യാസ മേഖലയിൽനിന്ന് ലഭിക്കുന്ന അറിവ് നമ്മുടെ ബോധമായി മാറുന്നില്ല എന്നതാണ് ഏറ്റവും പ്രധാന പ്രശ്നമായി തോന്നിയിട്ടുള്ളത്. അദ്ധ്യാപകൻ ക്ലാസ്സ് മുറിയിൽ പറയുന്നത് എന്താണ്? നിങ്ങൾ അത് ഓർത്തിരിക്കണമെന്നാണ്. നിങ്ങൾ അങ്ങനെ ചിന്തിക്കൂ, ഇങ്ങനെ ചിന്തിക്കൂ എന്നൊന്നും ആരും പറയുന്നില്ല. അതായത് ഓർമ്മശക്തിയെ തെറ്റായ രീതിയിൽ കേവലവത്കരിക്കുന്ന അദ്ധ്യാപന രീതിയാണ് നമ്മുടെ സമൂഹത്തിലുള്ളത്. അതുകൊണ്ടാണ് ഈ വിദ്യാഭ്യാസ ക്രമത്തിൽ തേങ്ങ ഉടച്ചശേഷം റോക്കറ്റ് പറപ്പിക്കുന്ന ശാസ്ത്രജ്ഞൻമാരുണ്ടാകുന്നത്. അങ്ങ് ശ്രദ്ധിക്കണം, ഒരു ശാസ്ത്രജ്ഞൻ റോക്കറ്റ് നിർമ്മിക്കാൻ ആവശ്യമായ പരിജ്ഞാനം നേടുന്നു, അതിൽ വൈദഗ്ദ്ധ്യം നേടി റോക്കറ്റ് ഉണ്ടാക്കുന്നു. ശൂന്യാകാശത്തേക്ക് വിക്ഷേപിക്കുന്നതിനുമുമ്പ് ഒരു സങ്കൽപ്പത്തിനുവേണ്ടി തേങ്ങ ഉടയ്ക്കുന്നു. വിക്ഷേപിക്കുന്നത് സ്വർഗ്ഗ ലോകത്തിലേക്കല്ല, ശൂന്യാകാശത്തിലേക്കാണ്. അതായത് ശാസ്ത്രത്തിൽ നേടിയ അറിവ് അദ്ദേഹത്തിന്റെ ശാസ്ത്രബോധമായി മാറിയില്ല എന്നതാണ് പ്രശ്നം. ഇത് എല്ലാ മേഖലയിലുമുണ്ട്. അതുകൊണ്ട് അറിവ് ബോധമായി മാറുന്ന രീതിയിലുള്ള ഒരു അദ്ധ്യാപന രീതിയിലൂടെ ശാസ്ത്രത്തിൽ അറിവ് ലഭിക്കുന്നു; പക്ഷേ, അത് ശാസ്ത്രബോധമായി മാറുന്നില്ല. അതുകൊണ്ട് പഠനപ്രക്രിയയിൽനിന്നും ഈ പറഞ്ഞ വൈകല്യം മാറേണ്ടതുണ്ട്. അതുവഴിമാത്രമേ യുക്തിചിന്തയും ശാസ്ത്രബോധവും വികസിപ്പിക്കാനാകൂ എന്ന ആശയത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഈ സ്വകാര്യ ബിൽ മറ്റ് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഒരു ഔദ്യോഗിക ബില്ലായി പരിഗണിക്കപ്പെടേണ്ടതാണ്. അങ്ങയെപ്പോലെ ഒരാൾ ഈ സന്ദർഭത്തിൽ ഇത്തരമൊരു ബിൽ അവതരിപ്പിച്ചത് ഏറ്റവും അനുയോജ്യമാണ്. കേരളംപോലൊരു സംസ്ഥാനം എല്ലാ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തകർത്തെറിഞ്ഞു വരുന്ന മണ്ണാണ്. മഹാരാഷ്ട്രയിൽ ഇത് നിരോധിച്ചുവെന്ന് അങ്ങ് പറഞ്ഞു. അതേ മഹാരാഷ്ട്രയിലാണ് ഒരു വർഷത്തിനുമുമ്പ് പേരക്കുട്ടിയായ 9 വയസ്സുകാരനെ പിതാവിന്റെ അച്ഛൻ കഴുത്തറുത്ത് നരബലി അർപ്പിച്ചത്. കേരളത്തിൽ ജന്തുബലിയും ഒരുഘട്ടത്തിൽ നരബലിയുമടക്കമുള്ള വിഷയങ്ങളുണ്ടായിരുന്നു. അതെല്ലാം മാറ്റിയെടുത്തതും വിദ്യാഭ്യാസം നൽകിയതും സാമൂഹ്യ നവോത്ഥാന പ്രക്രിയയിലൂടെയാണ്. ഇന്ത്യൻ ഭരണഘടന നമുക്ക് തരുന്നത് വിശ്വാസത്തിലും ഉയർന്ന രൂപത്തിലുള്ള ജനാധിപത്യബോധമാണ്. എല്ലാ വിശ്വാസങ്ങളും ഭരണഘടനയ്ക്ക് താഴെയാണ്. അതിന്റെ ഭാഗമായി 2018-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രഖ്യാപിച്ച സുപ്രധാനമായ ഒരു വിധിയെ അങ്ങയുടെ

പാർട്ടിയാണ് ആദ്യം സ്വാഗതം ചെയ്തത്. അതിനുശേഷം അങ്ങടക്കമുള്ളവർ അന്ധവിശ്വാസികളോടൊപ്പം ചേർന്ന് പ്രക്ഷോഭം നയിച്ചശേഷം ഇത്തരമൊരു വാദഗതി ഉയർത്തുമ്പോൾ അത് ആത്മാർത്ഥതയോടെയാണോ ഉയർത്തിക്കൊണ്ടുവന്നതെന്ന സംശയം എനിക്കുണ്ട്. ആ സംശയമാണ് പ്രകടിപ്പിച്ചത്.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പറയാൻ തീരുമാനിച്ചത് വളരെ വിശദമായി ശ്രീ. എ. പ്രദീപ്കുമാർ ചൂണ്ടിക്കാണിച്ചു. ഉചിതമായ സമയത്താണ് ഈ സ്വകാര്യ ബിൽ കൊണ്ടുവന്നത്. അതിൽ അങ്ങ് ഉറച്ചുനിൽക്കുമെന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. ബിൽ കൊണ്ടുവരാനെടുത്ത തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. എത്ര വിദ്യാർത്ഥികളാണ് സർവ്വകലാശാലയിൽ നിന്ന് ശാസ്ത്രത്തിൽ ബിരുദം നേടി പുറത്തുവരുന്നത്. ബിരുദവും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റുമെടുത്തവർ അന്ധവിശ്വാസത്തിന്റെ പാതയിലേക്ക് പോകുന്നത് എന്തുകൊണ്ടാണെന്നതു സംബന്ധിച്ച് ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ ചൂണ്ടിക്കാണിച്ചു. ദിവ്യന്മാർ ഉയർന്നുവരുന്നതിന്റെ അടിത്തറ സാമ്പത്തികമാണ്. വിശ്വാസി പാപ്പരീകരിക്കപ്പെടുകയും ദിവ്യൻ സാമ്പത്തികമായി ശക്തിപ്പെടുകയും ചെയ്യുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നതെന്ന ധാരണ ഈ ബില്ലിന്റെ ഭാഗമായി അങ്ങേക്കുണ്ടോ? മാധ്യമങ്ങൾ ഇത്തരം കാര്യങ്ങളിൽ ഇടപെടേണ്ടതായിട്ടുണ്ട്. ഇത്തരം അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് വലിയ വാർത്തകളാണ്. മാധ്യമങ്ങൾക്ക് വലിയ സ്വാധീനമുള്ള ഇന്നത്തെ കാലത്ത് ഇത്തരം അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കുന്നതിന് മാധ്യമങ്ങൾക്കാവശ്യമായ ജാഗ്രത പുലർത്തണമെന്ന അഭിപ്രായംകൂടി അങ്ങേക്കുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഇത് നല്ലൊരു ബില്ലാണ്. ആനുകാലികമായി ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ്. ദുർമന്ത്രവാദികൾ ചികിത്സ നടത്തുന്നുണ്ട്. എന്റെ നാട്ടിൽ മുമ്പ് ഒരു ദുർമന്ത്രവാദി ചികിത്സ നടത്തി, അലോപ്പതി മരുന്ന് കഷായത്തിൽ മിക്സ് ചെയ്താണ് ചികിത്സ നടത്തിയത്. പിന്നീട് അയാൾ പോലീസ് പിടിയിലായി. അങ്ങനെ ദുർമന്ത്രവാദികൾ ഇതുപോലുള്ള ചികിത്സാരീതികളുമായി മുന്നോട്ടുപോയി ജനങ്ങളെ കബളിപ്പിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതോടൊപ്പം ഇതേ രീതിയിൽ തന്നെയാണ് നമ്മൾ വലിയ പരസ്യങ്ങൾ കാണുന്നത്. മുടി വളരും, വണ്ണം കുറയ്ക്കും എന്നൊക്കെ പറഞ്ഞ് അറിയപ്പെടുന്ന നടന്മാരെയും നടിമാരെയും ദൃശ്യ-പത്ര മാധ്യമങ്ങളിൽ കാണാറുണ്ട്. അതും ഒരു ദുർമന്ത്രവാദത്തിന്റെ ഭാഗമായി കണക്കാക്കപ്പെടണമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അത് പരസ്യമല്ലേ?

ശ്രീ. അൻവർ സാദത്ത്: സർ, സത്യത്തിൽ കബളിപ്പിക്കപ്പെടുകയാണ്. അതിന്റെ ഇഫക്ട് ആർക്കും കിട്ടുകയില്ല. ഇവിടെ ഒരു ദു:സൂചന ഒരംഗം സൂചിപ്പിച്ചു. ചില വിഷയത്തിൽ യു.ഡി.എഫ്. എടുത്ത തീരുമാനം ആചാരങ്ങൾക്ക് അനുകൂലമാണ്. യു.ഡി.എഫ്. എന്നും അനാചാരങ്ങളെ എതിർക്കും. ആചാരങ്ങൾക്ക് അനുകൂലമായി മാത്രമേ എന്നും യു.ഡി.എഫ്. നിന്നിട്ടുള്ളൂ. ഞങ്ങൾ വിശ്വാസികൾക്ക് അനുകൂലമാണ്.

മി. സ്പീക്കർ: യഥാർത്ഥത്തിൽ ഈ സഭയിൽ ഇന്നത്തെ കാലത്ത് ചർച്ച ചെയ്യേണ്ട ഏറ്റവും പ്രസക്തമായ വിഷയമാണ് ശ്രീ. പി. ടി. തോമസ് കൊണ്ടുവന്നിട്ടുള്ളത്. അതിന് അദ്ദേഹത്തെ അഭിനന്ദിച്ചേ മതിയാകൂ. അതിന്റെ ഉള്ളടക്കത്തെയും ഉദ്ദേശ്യശുദ്ധിയെയും ഉൾക്കൊണ്ടുകൊണ്ട് ചർച്ച ചെയ്യുന്നതാണ് നല്ലത്. ശബരിമല വിധിയിലേക്ക് പോകേണ്ട കാര്യമില്ല. കേരളത്തിന്റെ നവോത്ഥാനശക്തി എന്നുപറയുന്നത് നമ്മൾ കടന്നുവന്ന വഴികളെക്കുറിച്ചുള്ള ഓർമ്മയാണ്. അതാണ് അദ്ദേഹം ഉന്നയിച്ചു കൊണ്ടിരിക്കുന്നത്. ശാസ്ത്രീയ ചിന്തകൾ കൊണ്ടുവരികയെന്നുള്ളത് അനിവാര്യമായ കാര്യമാണ്. അതുകൊണ്ട് ഗവൺമെന്റ് ഭാവിയിൽ ഇക്കാര്യം പുന:പരിശോധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാങ്കേതികമായ കാരണങ്ങൾകൊണ്ട് ഇപ്പോൾ സ്വീകരിച്ചിട്ടില്ലെങ്കിലും ഗവൺമെന്റ് തന്നെ പരിശോധിക്കേണ്ട ഒരു വിഷയമാണിത്.

ശ്രീമതി യു. പ്രതിഭ: സർ, അങ്ങയുടെ ബില്ലിനെപ്പറ്റി ഇവിടെ എല്ലാവരും സംസാരിച്ചു. അന്ധവിശ്വാസത്തിൽ കൂടുതലും വീണുപോകുന്നത് പലപ്പോഴും സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. ഗർഭാവസ്ഥയിലുള്ളത് പെൺകുഞ്ഞാണെങ്കിൽ ജനിക്കാൻ പാടില്ലെന്നുപറയുന്നത് പരിഷ്കൃത സമൂഹത്തിൽ ഒറ്റപ്പെട്ട സംഭവമായി നടക്കുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, സർവ്വശ്രീ ടി. വി. ഇബ്രാഹിം ,എ. പ്രദീപ്കുമാർ, കെ. ആൻസലൻ, ആർ. രാജേഷ്, അൻവർ സാദത്ത്, ശ്രീമതി യു. പ്രതിഭ തുടങ്ങിയവർ ഇക്കാര്യത്തിൽ ഇടപെട്ട് അഭിപ്രായം പറഞ്ഞതിന് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്; അതോടൊപ്പം ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ കാര്യവും. ഭരണപക്ഷത്തുള്ള അംഗങ്ങളാണ് കൂടുതൽ ഇടപെട്ടത്. ബഹുമാനപ്പെട്ട മന്ത്രി എന്താണ് അതിന്റെ സെൻസ് എന്നത് ശ്രദ്ധിച്ച് അത് ഉൾക്കൊണ്ടുകൊണ്ട് ഈ ബില്ലിനെ ഔദ്യോഗിക ബില്ലായി അംഗീകരിക്കാനുള്ള മനോഭാവം ഉണ്ടാകണം. കാരണം, ഞാൻ പാർലമെന്റ് അംഗമായിരിക്കെ കേരളത്തിലെ പുള്ളുവ

സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന സ്വകാര്യ ബിൽ അവതരിപ്പിക്കുകയും പാർലമെന്റ് അത് അംഗീകരിച്ച ചരിത്രവുമുണ്ട്. അതുകൊണ്ട് മാത്രമല്ല, വിദ്യാഭ്യാസപരമായും മറ്റെല്ലാ രീതിയിലും ഔന്നത്യമുള്ള കേരളത്തിലാണ് ഇത്തരം സംഭവങ്ങൾ നടക്കുന്നത്. ഉദാഹരണത്തിന്, മദ്രസ്സാദ്ധ്യാപകൻ കൂടിയായിരുന്ന പുത്തൻപള്ളി വാഴയിൽ സെയ്ദിന്റെ മൃതദേഹം അത്തർപൂശി വച്ചിരുന്നാൽ ജീവൻ വയ്ക്കുമെന്ന് വിശ്വസിച്ച് ഭാര്യയും മക്കളും രണ്ടുമാസം സൂക്ഷിച്ചു. ഞെട്ടിപ്പിക്കുന്ന കാര്യമാണ്. ഒരു മദ്രസ്സാദ്ധ്യാപകന്റെ മൃതദേഹമാണ് അത്തർപൂശി 2 മാസം സൂക്ഷിച്ചത്. കേരളം അന്ധവിശ്വാസത്തിന്റെ പിടിയിലായിരുന്ന കാലഘട്ടത്തിലാണ് പ്രൊട്ടസ്റ്റന്റ് വൈദികർ കേരളത്തിൽ വന്ന് അതിനെതിരായി വലിയ പ്രചരണം നടത്തി, ശാസ്ത്രബോധം ഉയർത്തിയത്. അങ്ങനെയുള്ള ശാസ്ത്രബോധത്തെ തുടർന്നുവന്ന കത്തോലിക്കാസഭ ശക്തമായി നിൽക്കുന്ന കാലഘട്ടത്തിലാണ് പ്രസിദ്ധീകരിക്കുന്ന പത്രം അരച്ച് കലക്കി കുടിച്ചുകഴിഞ്ഞാൽ രോഗം മാറുമെന്ന പ്രചരണവും നടക്കുന്നതെന്ന് നമ്മൾ അറിയണം. അതുകൊണ്ട് ഇന്ന് വലിയ ആൾക്കൂട്ടം കൂടുന്ന ആരാധനാലയങ്ങളിൽ 10 വർഷം കഴിയുമ്പോൾ അതുണ്ടാകില്ല. ഞാൻ ആളുകളുടെ വിശ്വാസത്തിലേക്ക് കടക്കുന്നില്ല. വിശ്വാസവും അന്ധവിശ്വാസവും തമ്മിലുള്ളത് വളരെ നേരിയ ഒരു പാടയാണ്. അത് വ്യാഖ്യാനിക്കാനേ കഴിയില്ല. അത് ഓരോരുത്തരുടെയും വിശ്വാസം അനുസരിച്ചാണ്. അതുകൊണ്ട് കേരളീയ സമൂഹത്തിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഒരു നിയമനിർമ്മാണം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ പിന്തുണകൂടി നന്ദിപൂർവ്വം ഓർമ്മിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഗവൺമെന്റ് അത് പരിഗണിക്കുമെന്ന് വിചാരിച്ചുകൊണ്ട് എന്റെ ചർച്ച അടുത്ത പ്രാവശ്യത്തേക്ക് നീട്ടിവയ്ക്കുകയാണ്.

മി. സ്പീക്കർ: പ്രസ്തുത ബില്ലിന്മേലുള്ള ചർച്ച തുടരുന്നതാണ്.

(ചർച്ച തുടരും)

## (ii) 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

ശ്രീ. ഐ. ബി. സതീഷ്: സർ, 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകളുടെ രജിസ്ട്രേഷനും നിയന്ത്രണവുമായി ബന്ധപ്പെട്ട ശ്രീ. ഐ. ബി. സതീഷിന്റെ അനൗദ്യോഗിക ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണം പരിശോധിച്ചതിൽ സഹകരണസംഘം നിയമങ്ങളുടേതുപോലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്ത വർക്കെതിരെ നടപടി സ്വീകരിക്കുവാനോ പിഴ ഈടാക്കുവാനോ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം വ്യവസ്ഥയില്ലെന്നും ഈ സാഹചര്യത്തിൽ റസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റ്യൂട്ടറി പദവി നൽകുന്നതിനായി ഒരു നിയമനിർമ്മാണം ആവശ്യമാണെന്നും ഈ ലക്ഷ്യം നിറവേറ്റുകയാണ് ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നതെന്നുമാണ് കാണുന്നത്.

നിലവിൽ സംസ്ഥാന റസിഡൻസ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ കേന്ദ്ര ആക്ട് പ്രകാരവും 1955-ലെ ട്രാവൻകൂർ-കൊച്ചിൻ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരവുമാണ്. ഒന്ന് മലബാറിലും മറ്റൊന്ന് തിരുവിതാംകൂർ-കൊച്ചി- യിലുമാണ്. ഈ രണ്ട് നിയമങ്ങളും ഏകോപിപ്പിച്ച് ഒരു ഏകീകൃത സൊസൈറ്റി നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി കേരള സംഘ രജിസ്ട്രേഷൻ ആക്ട്, 2019 എന്ന പേരിൽ ഒരു കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. നിയമ വകുപ്പിന്റെ അഭിപ്രായം ലഭ്യമായശേഷം കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടപ്രകാരം ഉത്തരവിനായി ഫയൽ ജെ2/152/2019/ടാക്സസ് സമർപ്പിച്ചിട്ടുള്ളതാണ്. ഇത് അനൗദ്യോഗിക പ്രമേയം സമർപ്പിച്ച ശ്രീ. ഐ. ബി. സതീഷിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുരോധമായിട്ടുള്ളതിനാൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ലെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, ഐക്യകേരള സംസ്ഥാനം രൂപംകൊണ്ട് പതിറ്റാണ്ട് പിന്നിടുമ്പോഴേക്കും റസിഡൻസ് അസോസിയേഷനുകൾ രൂപീകൃതമായി. ആദ്യകാലത്ത് നഗരങ്ങളിൽ സമൂഹത്തിലെ ഉന്നതരുടെ ഒത്തുചേരൽ വേദികളായിട്ടാണ് റസിഡൻസ് അസോസിയേഷനുകൾ പ്രവർത്തിച്ചത്. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യം കുടുംബങ്ങളുടെ ഘടനയ്ക്ക് മാറ്റം വരുത്തുകയും കൂട്ടുകുടുംബത്തിൽനിന്ന് അണുകുടുംബങ്ങൾ എന്ന സങ്കൽപ്പത്തിലേക്ക് കേരളീയ സമൂഹം രൂപപ്പെടുകയും അവ വ്യാപകമാവുകയും ജീവിത സാഹചര്യങ്ങൾക്കനുസരിച്ചും മെച്ചപ്പെട്ട ഭൗതിക സാഹചര്യം തേടിയും

ആവാസവ്യവസ്ഥ തെരഞ്ഞെടുക്കുന്നതിലൂടെ പല സംസ്കാരങ്ങളിലുള്ളവർ ഒന്നിച്ച് കുടുംബങ്ങളിൽ നിന്ന് അകന്നു കഴിയേണ്ടതായി വരികയും ഇതുമൂലം കുട്ടികളുടെയും വയസ്സായവരുടെയും സംരക്ഷണം ഒരു ചിന്താവിഷയമാകുകയും ചെയ്യുന്ന സാഹചര്യങ്ങളിലാവണം അവയ്ക്കൊരു പരിഹാരമായി റസിഡൻസ് അസോസിയേഷനുകൾ വ്യാപകമായത്. ഒരു പരിധിവരെ റസിഡൻസ് അസോസിയേഷനുകൾക്ക് കൂട്ടായ പ്രവർത്തനത്തിലൂടെയും പരസ്പര സഹകരണത്തോടെയും കൂട്ടുകുടുംബത്തിനു സമാനമായ സാഹചര്യം സംജാതമാക്കുവാൻ സാധിക്കുന്നുണ്ട്. എന്നാൽ അത്തരം അസോസിയേഷനുകൾ സ്ഥാപിക്കപ്പെടുന്നത് വ്യവസ്ഥാപിതമായ നിയമപ്രകാരമല്ല. പഴയ കൂട്ടുകുടുംബ വ്യവസ്ഥയുടെ പുതിയകാല മാതൃകയെന്നുവേണമെങ്കിൽ റസിഡൻസ് അസോസിയേഷനുകളെ വിളിക്കാം. 'നാനാത്വത്തിൽ ഏകത്വം' എന്ന കാഴ്ചപ്പാടിന്റെ തന്മാത്രാ മാതൃകയാണ് റസിഡൻസ് അസോസിയേഷനുകൾ. റസിഡൻസ് അസോസിയേഷനുകൾ വളരെ പ്രധാനപ്പെട്ട ചില ചുമതലകൾ ഇപ്പോൾ നിർവ്വഹിച്ചുവരുന്നുണ്ട്. കേരളത്തിൽ ജനമൈത്രി പോലീസുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ചുമതലയാണ് റസിഡൻസ് അസോസി യേഷനുകൾ നിർവ്വഹിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ ഘട്ടത്തിൽ റസിഡൻസ് അസോസിയേഷനുകൾ പ്രധാന നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അവകൂടി ഉൾച്ചേർത്തുകൊണ്ട് പദ്ധതികൾ രൂപീകരിക്കുകയും ചെയ്യുന്നു. അതുമാത്രമല്ല, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ എന്ന നിലയ്ക്ക് സർക്കാർ പരിപാടികളിൽ പരിഗണനന ലഭ്യമാവുകയും ചെയ്യുന്നുണ്ട്. ഇന്നത്തെ കാലത്ത് റസിഡൻസ് അസോസിയേഷനുകളുടെ ഉത്തരവാദിത്വം വർദ്ധിക്കുകയാണ്. നമ്മളെല്ലാവരും അറിയുന്നതുപോലെ അവഗണിക്കപ്പെടുന്ന വാർദ്ധക്യങ്ങളുടെ നാട്ടുകൂടിയാണ് കേരളം. ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ തിരസ്കൃതമാകുന്ന വാർദ്ധക്യത്തെ പരിഗണിക്കാനുള്ള സംവിധാനമൊരുക്കാൻ തീർച്ചയായും റസിഡൻസ് അസോസിയേഷനുകൾക്കാകും. നിയമങ്ങൾ, സർക്കാരിന്റെ നയങ്ങൾ എന്നിവ ജനങ്ങളിലേക്ക് എത്തിക്കാൻ റസിഡൻസ് അസോസിയേഷനുകൾ വഴി കഴിയും. നമ്മുടേത് മാധ്യമങ്ങൾ ആധിപത്യം ചെലുത്തുന്നൊരു സമൂഹമാണ്, അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചായിരിക്കും പലപ്പോഴും സർക്കാരിന്റെ നയങ്ങളും നിയമങ്ങളും ജനങ്ങളിലേക്കെത്തുന്നത്. സാമൂഹ്യജീവിതത്തിന്റെ സൂക്ഷ്മഘടകങ്ങളിലേക്ക് എത്താനും സർക്കാരിന്റെ നയങ്ങൾ അതിന്റെ എല്ലാ സത്തയും ഉൾക്കൊണ്ട് ജനങ്ങളിലേക്ക് എത്തിക്കാനും റസിഡൻസ് അസോസിയേഷനുകൾക്ക് കഴിയുമെന്നാണ് ഞാൻ കരുതുന്നത്.

ഓരോ പ്രദേശത്തിനും ഒരു ചരിത്രമുണ്ട്. പല നാട്ടിലെ പറവകൾ പറന്നുവന്നൊരു കൂട്ടിൽ എന്നതുപോലെ നാട്ടിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ഒരു പ്രദേശത്തെത്തുന്നവർ; വിവിധ തലമുറകൾ; ആ സ്ഥലത്തിന്റെ സ്ഥലനാമം എങ്ങനെയുണ്ടായി; ആ നാട് ഇന്നലെകളിൽ എങ്ങനെയുണ്ടായിരുന്നുവെന്നൊക്കെ പഠിപ്പിക്കാൻ റസിഡൻസ് അസോസിയേഷനുകൾക്ക് കഴിയും. നാട് കടന്നുപോയ വഴികൾ, എങ്ങനെയാണ് സാമൂഹിക മാറ്റത്തിന് സംഭാവന നൽകാൻ കഴിയുന്നത് എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നമുക്ക് പഠിപ്പിക്കാനാവും.

ഗ്രാമസഭകളിലെ ജനപങ്കാളിത്തം ദുർബലമാണെന്നത് പരക്കെ നാം കാണുന്ന ഒരു വസ്തുതയാണ്. ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്ന പ്രധാനപ്പെട്ട ദൗത്യവും ഉത്തരവാദിത്വവും റസിഡൻസ് അസോസിയേഷനുകൾക്ക് നിർവ്വഹിക്കാനാകും. ഇന്നത്തെ കാലത്ത് ഏറ്റവും പ്രധാനപ്പെട്ട വികസന വൈതരണിയായി മാറിയിരിക്കുന്ന മാലിന്യസംസ്കരണ പ്രശ്നത്തിൽ നേതൃത്വപരമായ ഒരു ഉത്തരവാദിത്വം ഏറ്റെടുക്കാൻ റസിഡൻസ് അസോസിയേഷനുകൾക്ക് കഴിയും. ഓരോ പ്രദേശത്തെയും വീഥികളെ മനോഹരമാക്കി സൂക്ഷിക്കാൻ റസിഡൻസ് അസോസിയേഷനുകൾ സ്വയമേവ മുന്നോട്ടുവരുന്ന അനുഭവങ്ങൾ നമുക്ക് കാണാനാകും. ഇന്നത്തെ കാലത്ത് കുട്ടികൾക്ക് കളിസ്ഥലങ്ങൾ നഷ്ടപ്പെടുകയാണ്. അവർക്ക് വിനോദങ്ങൾ ഇല്ലാതാവുകയാണ്. റസിഡൻസ് അസോസിയേഷനുകളുടെ പരിധിക്കകത്ത് കളിസ്ഥലം സംഘടിപ്പിച്ച് കായികവിനോദങ്ങൾക്കുള്ള വേദിയൊരുക്കാൻ അവർക്കാകും. ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാട്ടിയ അന്ധവിശ്വാസങ്ങൾ നാട്ടിൽ വർദ്ധിച്ചുവരികയാണ്. അത്തരം കാര്യങ്ങൾ നരഹത്യയിലേക്കുവരെ നയിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് ജനങ്ങളുടെ ഒത്തൊരുമ കുറയുന്നതുകൊണ്ടും അടച്ചിട്ട മുറികളിൽ ഒറ്റപ്പെട്ടു ജീവിക്കുന്നതുകൊണ്ടും നവമാധ്യമത്തിന്റെ കാലത്ത് തെറ്റായ വിവരങ്ങൾ തലച്ചോറിൽ എത്തുന്നതു കൊണ്ടും സംഭവിക്കുന്ന ദുരന്തങ്ങളാണ്. ഇതിനൊക്കെ അതീതമായ ഒരു ഐക്യബോധവും ജനങ്ങളുടെ കൂട്ടായ്മയും തുറന്ന സംവാദങ്ങളും സൃഷ്ടിക്കാൻ റസിഡൻസ് അസോസിയേഷനുകൾക്ക് കഴിയും. പുതിയ തലമുറയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരികയാണ്. പരീക്ഷാപ്പേടി തുടങ്ങിയ നിരവധി ഘടകങ്ങൾ അക്കാര്യത്തിലുണ്ട്. വീട്ടിനകത്തുപോലും ഒറ്റപ്പെട്ട് ജീവിക്കുന്ന ബാല്യങ്ങളുണ്ട്, കൗമാരങ്ങളുണ്ട്. ഇവർക്കെല്ലാം ഒരുമിക്കാനുള്ള ഒരു വേദി കൂടിയാണ് റസിഡൻസ് അസോസിയേഷനുകൾ. ഇത്തരം പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ചുമതലയാണ് റസിഡൻസ് അസോസിയേഷനുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ പല റസിഡൻസ് അസോസിയേഷനും ആ അർത്ഥത്തിൽ ഉത്തരവാദിത്വം നിർവ്വഹിക്കാനാകുന്നില്ല. കാരണം അതിനൊരു

ഏകീകൃത സ്വാഭാവമില്ല എന്നുള്ളതാണ്. ഏകീകൃത സ്വഭാവമുള്ള ഒരു സംഘടനാരൂപം സംസ്ഥാന തലത്തിലുണ്ടാകണം. ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധികൾ ഉൾപ്പെടെ, സംവരണം ഉൾപ്പെടെ പാലിച്ചുകൊണ്ട് ഒരു നേതൃത്വ സംവിധാനവും സംഘടനാ രൂപവുമുണ്ടാകേണ്ടതുണ്ട്. ആ സംഘടനാ രൂപത്തിന്റെ കീഴിൽ കേരളത്തിൽ ഏകീകൃതമായ ഒരു പ്രവർത്തനപവിത്രതയും കാഴ്ചപ്പാടും രൂപപ്പെടുത്തുക. തീർച്ചയായും ഇത്തരം പ്രവർത്തനങ്ങൾക്കുള്ള ഒരു മാർഗ്ഗമായി റസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റ്യൂട്ടറി പദവി നൽകുന്നതുവഴി സാധ്യമാകുമെന്നാണ് കരുതുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജിമോൾ]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പഴയ മലബാർ മേഖലയിൽ 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ കേന്ദ്ര ആക്ട് പ്രകാരവും തിരുവിതാംകൂർ-കൊച്ചിയിൽ 1955-ലെ ട്രാവൻകൂർ കൊച്ചിൻ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരവുമാണ് റസിഡൻസ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യുന്നത്. ഇത് സംയോജിപ്പിച്ച് കേരള രജിസ്ട്രേഷൻ ആക്ട് 2019-ന്റെ കരട് ബിൽ തയ്യാറാക്കി നിയമവകുപ്പിന്റെ അഭിപ്രായത്തിന് കൊടുത്തിരിക്കുകയാണ്. അത് കിട്ടിയാലുടൻ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടം ഭേദഗതി ചെയ്ത് നിലവിൽ വരും. അങ്ങ് അവതരിപ്പിച്ച ബിൽ പരിശോധിച്ചപ്പോൾ ഉദ്ദേശ്യലക്ഷ്യങ്ങളൊന്നും ഇല്ലായിരുന്നു. സാധാരണ ബില്ലിന്റെ ആദ്യം തന്നെ അത് പറയും. സംസ്ഥാന അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്ന ചട്ടങ്ങളിൽ മാത്രമേ ഏകീകൃത സ്വഭാവം വരികയുള്ളൂ. അവയുടെ പ്രവർത്തനം നമുക്ക് എങ്ങനെ ഒരുപോലെയാക്കാൻ സാധിക്കും; അത്രയ്ക്ക് ഏകാധിപത്യപരമായ സമീപനം സ്വീകരിക്കുന്നത് എന്തിനാണ്; ചാരിറ്റബിൾ ഓർഗനൈസേഷന് അതിനുള്ള അധികാരമില്ലേ? കോ-ഓപ്പറേറ്റീവ് സൊസൈറ്റിയൊന്നും രൂപീകരിക്കുവാൻ സാധിക്കില്ല. സൊസൈറ്റി ആക്ട് വേറെയാണ്. സർക്കാർ പറഞ്ഞത്, രണ്ടായി കിടക്കുന്ന നിയമങ്ങൾ ഒന്നാകണം. ഇതിൽ എങ്ങനെയാണ് ഇടപെടാൻ കഴിയുന്നത്; ചാരിറ്റബിൾ ഓർഗനൈസേഷനിൽ സംവരണം പാലിക്കാൻ കഴിയുന്നത് എങ്ങനെയാണ്? ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാത്തതുകൊണ്ട് അതിലേക്കൊന്നും പോകാൻ കഴിയുന്നില്ല. ഏതായാലും അങ്ങ് ഉദ്ദേശിച്ച, സംസ്ഥാനമൊട്ടാകെ ഒരേ നിയമത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടണമെന്ന കാര്യം സർക്കാർ അംഗീകരിച്ചു കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഉന്നയിച്ച സ്വകാര്യ നിയമത്തിന്റെ

പ്രധാന ലക്ഷ്യം നേടിയിട്ടുണ്ട്. ഓരോന്നിനും ഓരോ ഉദ്ദേശ്യലക്ഷ്യങ്ങളായിരിക്കും. അത് സർക്കാരിന് നിർബന്ധിക്കാനാകില്ല. ഇത് എങ്ങനെയാണ് കൂട്ടുകുടുംബം ആകുന്നത്. കൂട്ടുകുടുംബത്തിന്റെ അടിസ്ഥാനതത്വം ഒരു കുടുംബത്തിന്റെ സ്വത്ത് ആർക്കും കൈമാറ്റം ചെയ്യപ്പെടാനാകാതെ സൂക്ഷിക്കുക എന്നുള്ളത് മാത്രമാണ്. ഈ നിയമം ഡ്രാഫ്റ്റ് ചെയ്ത് തന്നവർ തെറ്റായി ചെയ്തിരിക്കുകയാണ്. അത് ശരിയല്ല. അങ്ങ് പറഞ്ഞതിൽ തെറ്റില്ല. ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിച്ചുകഴിഞ്ഞു. ഏകീകൃതമായ നിയമം കൊണ്ടുവരാമെന്ന് പറഞ്ഞു. സാധാരണ സർക്കാർ പറയുന്നതുപോലെ തള്ളിക്കളയുകയല്ല ചെയ്തതെന്ന് അങ്ങ് ദയവായി മനസ്സിലാക്കണം.

ചെയർപേഴ്സൺ: ശ്രീ. ഐ. ബി. സതീഷ്, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: സർ, ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(ബിൽ സഭയുടെ അനുമതിയോടെ പിൻവലിച്ചു)

## (iii) 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2.2.2016-ലെ ഉത്തരവുപ്രകാരം സർക്കാർ അസംഘടിത മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡിന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബോർഡിൽ മറ്റ് ഏതൊരു ക്ഷേമനിധിയിലും അംഗത്വം നേടിയിട്ടില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമപദ്ധതിയിൽ ചേരാൻ സാധിക്കാത്ത പാചക തൊഴിലാളികൾക്കും അംഗത്വമെടുക്കാവുന്നതാണ്. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ 22.3.2018-ൽ ചേർന്ന

12(8)-ാം നമ്പർ തീരുമാനപ്രകാരം കാറ്ററിംഗ് തൊഴിലാളികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്ന, കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് അനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. കൂടാതെ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും അവരുടെ വിവാഹത്തിന് ധനസഹായമായി 10,000 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ അംഗമായി 60 വയസ് പൂർത്തിയാക്കി വിരമിക്കുന്നവർക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്നതാണ്. കൂടാതെ കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ചെലവുകൾ എന്നിവയും വിവാഹം, വീടുനിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദിക്കുന്നതാണ്. നിലവിലുള്ള ബോർഡിൽ നിന്നും ആവശ്യമായ സംരക്ഷണവും സാമ്പത്തികാനുകൂല്യവും ലഭിക്കുന്ന സാഹചര്യത്തിൽ പ്രത്യേക ക്ഷേമനിധി ബോർഡ് കാറ്ററിംഗ് തൊഴിലാളികൾക്ക് രൂപീകരിക്കേണ്ട ആവശ്യമില്ല. ഈ സാഹചര്യത്തിൽ 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബില്ലിന് ഒരു പ്രസക്തിയുമില്ലാത്തതിനാൽ നിരാകരിക്കാവുന്നതാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, കാറ്ററിംഗ് തൊഴിലാളികളെന്ന് പറയുമ്പോൾ പാചകത്തൊഴിലാളികൾ മാത്രമല്ല, എല്ലാവിഭാഗം ആളുകളും ഉൾപ്പെടും. കേരളത്തിൽ ഹോട്ടൽ മേഖലയിൽ ഏകദേശം പന്ത്രണ്ട് ലക്ഷം പാചകത്തൊഴിലാളികൾ പണിയെടുത്തുവരുന്നു. ഇത്തരം തൊഴിലാളികൾക്ക് കേരള അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിലുണ്ട്. എന്നാൽ കാറ്ററിംഗ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ഈ രീതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരം തൊഴിലാളികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക്

അർഹതയുണ്ടായിരിക്കുന്നതാണ്. ഇത്തരം കാര്യങ്ങൾ പരിഗണിക്കാൻ നിലവിൽ നിയമസംവിധാനങ്ങളൊന്നുമില്ല. സമൂഹത്തിലെ ദുർബലരായ ഒരു ലക്ഷത്തിൽപ്പരം ആളുകളുടെ സുരക്ഷയ്ക്ക് സമൂഹത്തിനും സർക്കാരിനും ബാധ്യതയുള്ളതിനാൽ അടിയന്തരമായി ഇതിന് പരിഹാരമുണ്ടാക്കണമെന്നതാണ് എന്റെ ആവശ്യം. ഇന്ന് കാറ്ററിംഗ് മേഖലയിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്. നാട്ടിൻപുറങ്ങളിലായാലും മറ്റെവിടെയായാലും വിവാഹം, സമ്മേളനം, വീട്ടിലെ ചെറിയ ചടങ്ങുകൾ ഉൾപ്പെടെയുള്ള ഏത് പരിപാടി നടത്തിയാലും അവയെല്ലാം ഇന്ന് കാറ്ററിംഗുകാരെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ഓണത്തിന് പത്ത് പേർക്കുള്ള സദ്യ ആവശ്യപ്പെട്ടാൽ പായസവും ഇലയും ഉൾപ്പെടെ കാറ്ററിംഗുകാർ വീട്ടിൽ കൊണ്ടുവന്ന് കൊടുക്കുകയാണ്. അങ്ങനെ പൊതുസമൂഹം മാറിയിരിക്കുകയാണ്. ഹോട്ടലുകളിൽനിന്ന് ഭക്ഷണം വാങ്ങിക്കൊണ്ടുവരുന്ന കാലം മാറി. വീട്ടിൽ അതിഥികൾ വരികയാണെങ്കിൽ, ഇന്നയിന്ന കറികളുമായി ഇത്രപേർക്ക് ഭക്ഷണം വേണമെന്ന് കാറ്ററിംഗുകാരോട് തലേദിവസം വിളിച്ചുപറഞ്ഞാൽ അവർ എത്തിച്ചുകൊടുക്കും. ഇത് വലിയ ഒരു വ്യവസായമായി മാറിയിരിക്കുകയാണ്.

ഇവിടെ തൊഴിലെടുക്കുന്ന കുറേയാളുകളുണ്ട്, പ്രത്യേകിച്ച് വിളമ്പുന്ന ആളുകൾ. അവർക്കിത് താൽക്കാലിക ജോലി പോലെയാണ്. പ്രസ്തുത ജോലിയിൽ ഏർപ്പെടുന്ന ലക്ഷക്കണക്കിന് ആളുകൾ കേരളത്തിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ചില മുസ്ലീം പള്ളികളുമായി ബന്ധപ്പെട്ട് അവിടത്തെ ചെറുപ്പക്കാരായ ആളുകൾ വിളമ്പാൻ പോകുന്നുണ്ട്. അവർക്ക് അതിൽനിന്നും കിട്ടുന്ന തുക വീട്ടിലെ ആവശ്യങ്ങൾക്കല്ലാതെ പാവപ്പെട്ട രോഗികളെ ചികിത്സിക്കുക, വിവാഹത്തിന് സാമ്പത്തിക സഹായം നൽകുക തുടങ്ങിയ കാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഉപയോഗിക്കുന്നുണ്ട്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, നമ്മുടെ സമൂഹത്തിൽ നിരവധി കാറ്ററിംഗ് തൊഴിലാളികളുണ്ട്. അത് ധനമുണ്ടാക്കാനുള്ള മാർഗ്ഗം കൂടിയാണ്. കാനഡ അടക്കമുള്ള വിദേശരാജ്യങ്ങളിൽ പഠിക്കാൻ പോകുന്ന കുട്ടികൾ പഠനത്തോടൊപ്പം ജോലിയും ചെയ്യുന്നുണ്ട്. അങ്ങനെ ജോലിചെയ്തുകിട്ടുന്ന പണമുപയോഗിച്ച് അവർ പഠിക്കുകയും സമ്പാദിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ നാട്ടിൽ ആ ഒരു പ്രവണത വളരെ കുറവാണ്. കാറ്ററിംഗ് എന്ന സംവിധാനം വന്നശേഷം പ്ലസ്ടുവിനും ഡിഗ്രിക്കും പഠിക്കുന്ന ധാരാളം വിദ്യാർത്ഥികൾ ശനി, ഞായർ ദിവസങ്ങളിൽ ഭക്ഷണം വിളമ്പുന്ന ജോലിക്ക് പോകുന്നുവെന്നുള്ളത്

പ്രത്യേക കാര്യം തന്നെയാണ്. മുൻകാലങ്ങളിൽ വിവാഹവീടുകളിൽ ബന്ധുമിത്രാദികളും അയൽപക്കത്ത് താമസിക്കുന്നവരും വന്ന് സദ്യയുണ്ടാക്കുകയും വിളമ്പുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. ഇപ്പോൾ അതിനെല്ലാം മാറ്റം വന്നു. ഇപ്പോൾ എല്ലാവർക്കും ജോലി ചെയ്യാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് കാറ്ററിംഗുകാരെ ഏല്പിക്കുകയാണ് പതിവ്. ശ്രീ. വി. പി. സജീന്ദ്രൻ സൂചിപ്പിച്ചതുപോലെ, ദേവാലയങ്ങൾ കേന്ദ്രീകരിച്ച് ഇതുപോലെയുള്ള പുണ്യപ്രവൃത്തി ചെയ്യുന്നവർ പെരുമ്പാവൂരിലുമുണ്ട്. കാരുണ്യ പ്രവർത്തനങ്ങൾക്കും ജീവിക്കാൻ ധനം സമ്പാദിക്കാൻവേണ്ടിയും കാറ്ററിംഗ് ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഈ മേഖലയിലുണ്ട്. അതുകൊണ്ടുതന്നെ ഈ ബില്ലിന് പ്രസക്തി ഏറുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കാറ്ററിംഗ് മേഖല ഇന്ന് വലിയൊരു വ്യവസായംപോലെ വളർന്നുവരുന്നുണ്ട്. ആ വ്യവസായം നടത്തുന്നവർ ലാഭമുണ്ടാക്കുന്നുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ ആ മേഖലയിൽ തൊഴിലെടുക്കുന്ന ഒട്ടനവധി ആളുകൾക്കുവേണ്ട പരിരക്ഷ കിട്ടുന്നില്ല. ഇപ്പോൾ എല്ലാ ചടങ്ങുകൾക്കും ഓർഡർ ചെയ്ത് ഭക്ഷണം വരുത്തുന്ന സാഹചര്യത്തിലേക്ക് മാറിയിരിക്കുകയാണ്. ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് ജോളി സൂപ്പ്. ജോളി സൂപ്പിന്റെ പേറ്റന്റ് ജോളിക്ക് മാത്രമുള്ളതാണ്. വിദേശ രാജ്യങ്ങളിലുള്ളവർ ജോളിയെക്കുറിച്ച് നേരത്തെ അറിഞ്ഞിരുന്നെങ്കിൽ അങ്ങോട്ട് കൊണ്ടുപോകുമായിരുന്നു. കാരണം നല്ലതുപോലെ കൂട്ട് അറിയാവുന്ന ആളാണ് ജോളി. ഭക്ഷണത്തിന്റെ രുചി അനുസരിച്ചാണ് കാറ്ററിംഗ് സർവ്വീസുകാർക്ക് ഡിമാന്റ് വർദ്ധിക്കുന്നത്. കൃത്യമായി ചേരുവകൾ ചേർത്ത് രുചിയുള്ള ഭക്ഷണമുണ്ടാക്കുന്നത് പാചകക്കാരന്റെ കഴിവാണ്. ആരുമറിയാതെ ആട്ടിൻസൂപ്പിൽ സയനൈഡ് ചേർത്ത് ആളുകളെ ഇഞ്ചിഞ്ചായി കൊല്ലാൻവേണ്ടി കൊടുക്കുന്ന ആ പേറ്റന്റ് ജോളിക്ക് മാത്രമുള്ളതാണ്. ജോളി ഇപ്പോൾ പിടിക്കപ്പെട്ടതുകൊണ്ടാണ് അല്ലെങ്കിൽ മറ്റ് രാജ്യങ്ങളിലെവിടെയെങ്കിലും ആരെയെങ്കിലും കൊല്ലണമെന്നുണ്ടെങ്കിൽ അവരെ അങ്ങോട്ടു കൊണ്ടുപോയി ജോളി സൂപ്പ് കുടിപ്പിച്ചാൽ മതിയെന്നുള്ള സ്ഥിതിയിലേക്കാണ് വന്നിരിക്കുന്നത്. നമ്മുടെ നാട്ടിൻപുറങ്ങളിലൊക്കെ നാടൻ ഹോട്ടലുകളുണ്ട്. നമ്മിൽ പലരും ആ ഹോട്ടലുകളിൽ കയറി ഭക്ഷണം കഴിക്കുന്നവരാണ്. നാടൻ ഹോട്ടലുകളിൽ കയറി ഭക്ഷണം കഴിക്കാനുള്ള കാരണം നമ്മുടെ രുചിക്കനുസരിച്ചുള്ള വിഭവങ്ങൾ കഴിക്കാമെന്നുള്ളതാണ്. ഇന്ന് നാടൻ ഹോട്ടലുകൾക്ക് വ്യാപകമായി പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യാത്രയ്ക്കിടയിൽ ഇലയിൽ നല്ല വൃത്തിയായി ഭക്ഷണവും ചൂടുവെള്ളവുമൊക്കെ നൽകുന്ന സ്ഥലങ്ങളുണ്ട്. രുചിയുള്ള ഭക്ഷണം

നൽകുന്ന ഹോട്ടലുകളിലാണ് നമ്മൾ പലപ്പോഴും പോകുന്നത്. ഞങ്ങളുടെ നാട്ടിലൊക്കെ നാടൻ ഹോട്ടലുകളിൽനിന്നും മാത്രമേ ഭക്ഷണം കഴിക്കാറുള്ളൂ. അല്ലാതെ ഏതെങ്കിലും ഹോട്ടലുകളിൽ കയറി ഭക്ഷണം കഴിക്കുന്ന ശീലമില്ല. ഇപ്പോൾ വളരെയധികം ഹോട്ടലുകളുണ്ടെങ്കിലും കാറ്ററിംഗ് സംവിധാനം വളർന്ന് പന്തലിച്ചുകൊണ്ടിരിക്കുകയാണ്. കാറ്ററിംഗ് തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയാണ് ഇപ്പോഴുണ്ടാകേണ്ടത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ചതുപോലെ, ജീവിക്കാൻവേണ്ടി തൊഴിലെടുക്കുന്നതല്ലാതെ കാരുണ്യ പ്രവർത്തനം നടത്താനും അധിക വരുമാനമുണ്ടാക്കാനുമായി ഈ ജോലി ചെയ്യുന്ന ആളുകളെ ഇതിലുൾപ്പെടുത്തണമെന്ന് പറയുന്നില്ല. അവർ ഉൾപ്പെടുന്നെങ്കിൽ ഉൾപ്പെടട്ടെ. ഇത് സ്ഥിരമായ ജോലിയല്ലെന്ന് ഓർക്കണം. ഓർഡർ ലഭിച്ചാൽ മാത്രമേ പാചകക്കാർക്കും ആഹാരം വിളമ്പുന്നവർക്കും ജോലി കിട്ടുകയുള്ളൂ. ആഴ്ചയിൽ രണ്ടോമൂന്നോ ദിവസം മാത്രമേ അവർക്ക് ജോലി ലഭിക്കുകയുള്ളൂ. പാചകത്തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധിയുണ്ടെന്ന് പറഞ്ഞു. ആഹാരം വിളമ്പുന്ന തൊഴിലാളികൾക്ക് ഇപ്പോഴും അത് ലഭിച്ചിട്ടില്ല. ഇത്തരം കാര്യങ്ങൾകൂടി ഇതിലുൾപ്പെടുത്തിയാൽ നന്നായിരിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ലക്ഷക്കണക്കിന് ആളുകൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ സംരക്ഷണത്തിന് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മറ്റുള്ള അംഗങ്ങൾക്ക് അവസരം നൽകുന്നതിനുവേണ്ടി ഞാൻ കുറച്ചുസമയം മാത്രമേ എടുക്കുന്നുള്ളൂവെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലിന് തുടർ ചർച്ച ആവശ്യപ്പെട്ട് അവസാനിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാറ്ററിംഗ് മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികളും എന്ന് ഞാൻ നേരത്തെ പറഞ്ഞു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഭാഗത്തെ തൊഴിലാളികളെന്ന് പറയാൻ കഴിയില്ല. അവർ പഠിക്കാൻ പോകുന്നവരും മറ്റ് പ്രവൃത്തികൾ ചെയ്യുന്നവരുമാണ്. അതിനിടയിൽ ചില സന്ദർഭങ്ങളിൽ കാറ്ററിംഗ് പ്രവൃത്തികളിലേർപ്പെട്ട് കുറച്ച് പണം സമ്പാദിക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികളും യുവാക്കളുമാണവർ. തൊഴിലാളികൾക്ക് വേണ്ടിയുള്ളതാണ് ക്ഷേമനിധി. കാറ്ററിംഗ് മേഖലയിൽ പൂർണ്ണമായി തൊഴിൽ ചെയ്ത് ജീവസന്ധാരണം നടത്തുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നിലവിലുള്ള ക്ഷേമനിധിയിൽ അവർക്കെല്ലാവർക്കും അംഗത്വമെടുക്കാൻ സാധിക്കുന്നതാണെന്നതിൽ യാതൊരു സംശയവുമില്ല. അവർക്ക് അംഗത്വം കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല. ക്ഷേമനിധിയിൽ ന്യായമായിട്ടുള്ള ആനുകൂല്യങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. അത്തരത്തിലുള്ള ആനുകൂല്യങ്ങളിൽ എന്തെങ്കിലും

വ്യത്യാസം വരുത്തേണ്ടതുണ്ടെങ്കിൽ അതൊക്കെ ആലോചിക്കാനും ചർച്ച ചെയ്യാനും സാധിക്കും. കാറ്ററിംഗ് തൊഴിലാളികൾക്ക് ഒരു പ്രത്യേക ക്ഷേമനിധി വേണമെന്ന് പറയുമ്പോഴും ഇതിന്റെ ഭരണസംവിധാനം വളരെ വലുതാണ്. കാറ്ററിംഗ് തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി ആവിഷ്കരിക്കുക എന്നുപറഞ്ഞാൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലുമൊക്കെയുള്ള ഭരണസംവിധാനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് വളരെ വലുതാണ്. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് താങ്ങാൻ സാധിക്കാതെ വരുന്നതിനാലാണ് പല ക്ഷേമനിധികളും തകർന്നുപോകുന്നത്. അതുകൊണ്ട് ഏതാണ്ട് ഒരുപോലെയുള്ള പ്രവൃത്തികൾ ചെയ്യുന്ന തൊഴിലാളികളെ ഒരു ക്ഷേമനിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുപോകുന്നതായിരിക്കും എന്തുകൊണ്ടും നല്ലത്. ആ നിലയിൽ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ ഇവരെ ഉപദേശിക്കുകയും അംഗത്വമെടുപ്പിക്കുകയും ചെയ്താൽ തൊഴിലാളികളെന്ന നിലയിലുള്ള എല്ലാ സുരക്ഷാ സംവിധാനങ്ങളുമൊരുക്കാൻ സംസ്ഥാന ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള പ്രവർത്തനമാണ് നടത്തുക. അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ഈ ബിൽ നിരാകരിക്കുന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ചെയർപേഴ്സൺ: ശ്രീ. വി. പി. സജീന്ദ്രൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, തുടർ ചർച്ച ആവശ്യപ്പെടുന്നു.

ചെയർപേഴ്സൺ: 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ തുടർചർച്ചയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

(ചർച്ച തുടരും)

### (iv) 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഈ ഭേദഗതി ബില്ലിലെ പരാമർശ വിഷയം ആക്ടിന്റെ അന്തഃസത്തയുമായി ചേർന്ന് നിൽക്കുന്നതല്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതുകൊണ്ട് ഇത് പരിഗണിക്കേണ്ടതില്ല. സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്ന കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 22-2-2018-ൽ നിലവിൽ വരികയുണ്ടായി. ഭേദഗതി ബില്ലിലെ പരാമർശങ്ങൾ ആ ആക്ടുമായി പൊരുത്തപ്പെട്ട് പോകുന്നതല്ല. ആയതിനാൽ 2014-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി നിരാകരിക്കാനുണ്ടായ പ്രധാന കാരണം ഇത് ബില്ലുമായി ചേർന്നുപോകുന്ന ഒന്നല്ല എന്നുള്ളതാണ്. എന്തായാലും ഞാൻ മുന്നോട്ടുവച്ച ആശയത്തെ ഗവൺമെന്റ് എതിർക്കുന്നില്ലെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമാകുന്നത്. ഇത്തരത്തിലുള്ള ഒരു നിയമം അനിവാര്യമാണെന്ന് ഗവൺമെന്റ് പറഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൽ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിലവാരം നിർണ്ണയിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സേവനങ്ങൾ എന്ന വാക്ക് അതിനകത്തുണ്ടെന്നുള്ളത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ചികിത്സയുടെ പൂർണ്ണതയ്ക്കും രോഗനിർണ്ണയത്തിന്റെ കൃത്യതയ്ക്കുംവേണ്ടി രണ്ടാം അഭിപ്രായം തേടാനുള്ള രോഗിയുടെ അവകാശത്തെ സംരക്ഷിക്കണമെന്നും അത് വ്യവസ്ഥാപിതമാക്കണമെന്നുമുള്ള ആശയമാണ് ഞാൻ ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൽ പറഞ്ഞിരിക്കുന്ന ഒന്നുരണ്ട് വിഷയങ്ങൾ ഇതിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മാത്രമായി ഒതുങ്ങിനിൽക്കുന്നില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. മെഡിക്കൽ രേഖകൾ സൂക്ഷിക്കാനുള്ള ഒരു ഭാഗം നാല്പതാമതായി ചേർത്തിട്ടുണ്ട്. രോഗിക്ക് മെഡിക്കൽ രേഖ സൗജന്യമായി നൽകണമെന്നുള്ളത് രോഗിയുടെ അവകാശ സംരക്ഷണത്തിന്റെ ഭാഗമാണ്. മെഡിക്കൽ രേഖ സൗജന്യമായി നൽകണം. അത്യാഹിത വിഭാഗത്തിൽപ്പെട്ട

രോഗിക്ക് അടിയന്തര ചികിത്സ നൽകാനുള്ള സാഹചര്യമുണ്ടാകണം. അത് ആ രോഗിയുടെ സംരക്ഷണാർത്ഥം അല്ലെങ്കിൽ അവകാശം സംരക്ഷിക്കാൻവേണ്ടി ഖണ്ഡിക 47-ൽ പറഞ്ഞിരിക്കുന്നതാണ്. അതോടൊപ്പം 25 (ബി)-യിൽ ഒരു രോഗിയുടെ ആരോഗ്യത്തിന് ദോഷകരമായ കാര്യം ഒരു ക്ലിനിക്കൽ സ്ഥാപനം ബോധപൂർവ്വമോ അശ്രദ്ധമായോ ചെയ്തുകഴിഞ്ഞാൽ അതിന്റെ രജിസ്ട്രേഷൻ റദ്ദാക്കണമെന്നുള്ളതും ഈ നിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതായി കാണാൻ കഴിയും. രോഗിയുടെ അവകാശത്തെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ഈ ബില്ലിലെ ചില ഭാഗങ്ങളിലുണ്ടാകുന്നുണ്ട്. ഈ ബിൽ അതിന്റെ പൂർണ്ണതോതിൽ വരണമെന്നുണ്ടെങ്കിൽ, 2018-ൽ ഇതുസംബന്ധിച്ച് സഭ ചർച്ച ചെയ്ത ചില പ്രധാനപ്പെട്ട വിഷയങ്ങൾ പ്രാവർത്തികമാക്കേണ്ടതുണ്ട്. വിവിധ ആശുപത്രികൾ നൽകുന്ന സേവനങ്ങൾക്ക് വ്യത്യസ്ത റേറ്റുകൾ നൽകുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ചെറുതല്ല. ഓരോ ആശുപത്രിയിലും അവരവരുടെ താല്പര്യം അനുസരിച്ച് തുക നിശ്ചയിക്കുകയാണ്. പലപ്പോഴും വളരെ എക്സോർബിറ്റന്റായിട്ടുള്ള റേറ്റുകളാണ് വരുന്നതെന്ന് നമുക്കൊക്കെ അറിയാം. ഇത് പലപ്പോഴും ജനപ്രതിനിധികൾക്ക് ഇടപെടേണ്ടിവരുന്ന ഒരു സ്ഥലവുമാണ്. വലിയ രീതിയിലുള്ള ചികിത്സാച്ചെലവ് അടിച്ചേല്പിക്കപ്പെടുന്നുവെന്നുള്ളതും സാധാരണ രോഗികൾക്ക് പലപ്പോഴും ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നുവെന്നതും വാസ്തവമാണ്. അപ്പോൾ അത് ഈ നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരണമെന്നുള്ള ആവശ്യം അന്നേ ഉന്നയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഒരു പൂർണ്ണത ഈ ആക്ടിനില്ലെന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് ഒരു പൂർണ്ണത കൊണ്ടുവരാൻ അന്നുതന്നെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതോടൊപ്പം ക്ലിനിക്കുകളെ നിയന്ത്രിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകുന്നതും ലാബുകളുടെ കാര്യത്തിൽ പലപ്പോഴും തെറ്റായ വിവരങ്ങൾ നൽകുന്നതും രോഗനിർണ്ണയത്തിലുണ്ടാകുന്ന അപാകതകളും വളരെ വലുതാണ്; ഞാൻ ഈ ഭേദഗതിയിലൂടെ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. പലപ്പോഴും ഇതുസംബന്ധിച്ച് രണ്ടാമതൊരു അഭിപ്രായം വ്യവസ്ഥാപിതമാക്കി മാറ്റിക്കഴിഞ്ഞാൽ ഒരു രോഗിയുടെ അല്ലെങ്കിൽ ഒരു പൗരന്റെ മൗലികമായ അവകാശം സംരക്ഷിക്കപ്പെടും.

ഏതാനും മാസങ്ങൾക്കുമുൻപ് രജനി എന്ന ഒരു സ്ത്രീക്ക് രോഗമില്ലാതെ ക്യാൻസർ ട്രീറ്റ്മെന്റിന് വിധേയയാകേണ്ടിവന്ന ഏറെ വിവാദമായ ഒരു സംഭവം നമുക്കറിയാം. അത് സംബന്ധിച്ച് ഏറെ ചർച്ചകളും രൂക്ഷമായ വാദപ്രതിവാദങ്ങളും ഈ സഭയിലുണ്ടായി. കോട്ടയം മെഡിക്കൽ കോളേജിൽ കൃത്യമായി

രോഗനിർണ്ണയം നടത്താതെ തെറ്റായ ചികിത്സയിൽ സംഭവിച്ചതാണ്. ലാബിൽ നിന്നുകിട്ടിയ റിപ്പോർട്ട് തെറ്റിപ്പോയി എന്നതിനാലും ആ റിപ്പോർട്ട് മനസ്സിലാക്കുന്നതിന് ബന്ധപ്പെട്ട ഡോക്ടർക്ക് കഴിയാതെപോയതിനാലുമാണ് 38 വയസ്സുള്ള യുവതിക്ക് ഇല്ലാത്ത ക്യാൻസർ രോഗത്തിന് ചികിത്സയ്ക്ക് വിധേയമാകേണ്ട സാഹചര്യം കേരളത്തിലുണ്ടായത്. ഒരുപക്ഷേ, രണ്ടാമതൊരു അഭിപ്രായം ആ സ്ത്രീക്ക് നേടാനുള്ള അവസരമുണ്ടായിരുന്നുവെങ്കിൽ അത്തരത്തിലുള്ള ചികിത്സയ്ക്ക് വിധേയമാകേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ആശുപത്രികളിൽ പല രീതിയിലുമുള്ള തെറ്റായ ഉപദേശങ്ങൾ ഡോക്ടർമാർ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്റെ രണ്ടാമത്തെ മകന് ശരീരത്തിൽ ഒരു ചെറിയ മുഴയുണ്ടായി. ഞാൻ ഒരു ആശുപത്രിയിൽ കൊണ്ടുചെന്നു; ആശുപത്രിയുടെ പേര് വെളിപ്പെടുത്തുന്നില്ല. വളരെ പെട്ടെന്നുതന്നെ ഇത് ഓപ്പറേഷൻ നടത്തണം; ഡേറ്റ് ഫിക്സ് ചെയ്യണം; അനസ്തേഷ്യ കൊടുക്കണം എന്നൊക്കെ പറയുകയുണ്ടായി. അവന് 7 വയസ്സേ ഉണ്ടായിരുന്നുള്ളൂ. എനിക്ക് പിറ്റേ ദിവസം നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കേണ്ടിയിരുന്നതിനാൽ ഞാൻ ഇങ്ങോട്ടുവരികയും പിറ്റേ ആഴ്ച ചെന്ന് ഇതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. സെക്കൻഡ് ഒപ്പീനിയനുവേണ്ടി ഞാൻ എറണാകുളത്തെ മറ്റൊരു ആശുപത്രിയിലെ ഡോക്ടറെ കാണിച്ചപ്പോൾ, ആ ഡോക്ടർ പരിശോധിച്ചിട്ട് ഇത് രണ്ടാഴ്ചകൊണ്ട് തനിയെ ചുരുങ്ങിപ്പോകും; ഇതിന് മരുന്നുപോലും വേണ്ടെന്ന് പറയുകയുണ്ടായി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അത് തനിയെ ചുരുങ്ങിപ്പോകുകയും ചെയ്തു. ആശുപത്രി അധികൃതർ പണം വസൂലാക്കുവാൻവേണ്ടി ഇതുപോലെ തെറ്റായ രീതിയിലുള്ള ചില ഉപദേശങ്ങൾ നൽകുന്നുണ്ടെന്നുള്ളത് ഈ പ്രസക്തമായ ബിൽ അവതരിപ്പിക്കുമ്പോൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഞാൻ മുന്നോട്ടുവച്ച വിഷയമാണ് അദ്ദേഹം സൂചിപ്പിച്ചത്. അദ്ദേഹത്തിന്റെ സ്വന്തം അനുഭവത്തിൽ നിന്നാണ് അത് പറഞ്ഞത്. ഒരു എം.എൽ.എ. തന്നെ തനിക്ക് നേരിട്ടുണ്ടായ അനുഭവം ഈ സഭയിൽ വിവരിക്കുകയാണ്. ഇതുപോലെ സമാനമായ ധാരാളം അനുഭവങ്ങളുണ്ട്. ആവശ്യമില്ലാത്ത മരുന്നുകൾ കഴിക്കേണ്ടി വരുന്ന സാഹചര്യങ്ങൾ അനവധി ഉണ്ടായിട്ടുണ്ട്. ഏറെ വിവാദമായതുകൊണ്ടാണ് രജനി എന്ന വ്യക്തിയുടെ കാര്യം പറഞ്ഞത്. ഇതുപോലെ അറിയപ്പെടാത്ത എത്രയോ രജനിമാർ നമ്മുടെ സമൂഹത്തിലുള്ളതുകൊണ്ട് നിയമനിർമ്മാണം അനിവാര്യമാണ്. അതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിച്ചത്. അതിനുശേഷം ക്യാൻസർ ചികിത്സയ്ക്ക് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട

മന്ത്രി പറയുകയുണ്ടായി. ഈയൊരു പർട്ടിക്കുലർ കേസിലാണ് അത് വന്നത്. ഇത്തരത്തിലുള്ള ഏത് രോഗത്തെ സംബന്ധിച്ചും കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടത് അനിവാര്യമാണ്. ഏതെങ്കിലും ഒരു പ്രത്യേക രോഗത്തിനല്ല, അതിനായിട്ടുള്ള സാഹചര്യം ഉണ്ടാകുകയെന്നുള്ളതാണ് പ്രധാനം. ഇപ്പോൾ 'ട്യൂമർ ബോർഡ്' ക്യാൻസറിന്റെ നിർണ്ണയം സംബന്ധിച്ച് ഉണ്ടാകണമെന്ന് പറഞ്ഞു. ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ഇത്തരത്തിലുള്ള കേസുകൾ റഫർ ചെയ്യണമെന്നുണ്ട്. പക്ഷേ, അതൊന്നും നടക്കുന്നില്ലെന്നുള്ളതാണ് ഈയൊരു കേസ്സിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. പലപ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ പല രോഗികൾക്കും അതിലേക്ക് പോകാൻ കഴിയുന്നില്ലെന്നുള്ളതു കൊണ്ടാണ് ഒരു നിയമ പരിരക്ഷ ഇക്കാര്യത്തിലുണ്ടാകണമെന്ന് പറയുന്നത്.

ഇതിനോടൊപ്പംതന്നെ ആശുപത്രികളുടെ പരസ്യങ്ങൾ വളരെ വിപുലമായ രീതിയിൽ, നക്ഷത്രഹോട്ടലുകൾ നൽകുന്ന പരസ്യത്തെക്കാൾ വലിയ പരസ്യങ്ങൾ, ഹൈവേകളിൽക്കൂടി പോകുമ്പോൾ നമുക്ക് കാണാൻ കഴിയും. കുമരകത്ത് ചെല്ലുമ്പോൾ 'വെൽകം ടു ദി ബാക്ക് വാട്ടേഴ്സ്' എന്നുള്ള മനോഹരമായ ഹോർഡിംഗ്സ് കാണാൻ കഴിയും. അതേ നിലയിലാണ് 'നിങ്ങൾ ഇങ്ങോട്ടുവരൂ നിങ്ങളെ ചികിത്സിക്കാം'. അതായത്, മനുഷ്യന്റെ രോഗമെന്ന ഭയത്തെ ചൂഷണം ചെയ്യുന്ന സാഹചര്യങ്ങളാണ് ഇവിടെയുള്ളത്. അപ്പോൾ, പരസ്യങ്ങൾ നിയന്ത്രിക്കണം. ഞാൻ അക്കാര്യം ഈ ബില്ലിൽ പ്രതിപാദിച്ചിട്ടില്ല, പറഞ്ഞുവന്നപ്പോൾ സൂചിപ്പിച്ചതാണ്. ഇത്തരത്തിലുള്ള അനവധി കാര്യങ്ങളിൽ മെഡിക്കൽ എത്തിക്സിനെ കൃത്യമായ നിലയിൽ മുമ്പോട്ടുകൊണ്ടുപോകുകയെന്ന അനിവാര്യമായ ഒരു സാഹചര്യത്തിൽ നാം എത്തിനിൽക്കുകയാണ്. ആശുപത്രികളുടെ എണ്ണം കൂടിയതുകൊണ്ട് മെച്ചപ്പെട്ട ചികിത്സയിലേക്കാണോ നമ്മൾ വരുന്നത്; അതോ കൂടുതൽ ചൂഷണത്തിന് രോഗികൾ വിധേയരാകുകയാണോ എന്നുള്ള ഒരു വിലയിരുത്തൽ ഗവൺമെന്റിനുണ്ടാകണം എന്നതാണ് ഞാൻ ഈ ഭേദഗതിയിലൂടെ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുന്നത്.

ഞാൻ രണ്ട് ഭേദഗതികളാണ് ഇതിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒന്ന്, രണ്ടാം അഭിപ്രായം തേടാനുള്ള അവകാശം. ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ രോഗികളെയോ അവരുടെ ബന്ധുക്കളെയോ കൂട്ടിരിപ്പുകാരെയോ ഇതിൽനിന്നും നിരുത്സാഹപ്പെടുത്താനോ പിന്തിരിപ്പിക്കാനോ പാടില്ല. അതായത്, രണ്ടാം അഭിപ്രായം തേടാനുള്ള അവകാശം. അടുത്ത ഭേദഗതി ബദൽ ചികിത്സാമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള അവകാശം എന്നതാണ്. രണ്ടാമതൊരു അഭിപ്രായം തേടുന്നതനുസരിച്ച് അവർക്ക് കൃത്യമായ ഒരു ചികിത്സാ സംവിധാനമാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തി അതുമായി മുന്നോട്ടുപോകാനുള്ള

അവകാശവും ഇതിൽ ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി ഈ ആക്ടുമായി ചേരുന്നതല്ല എന്റെ ഭേദഗതിയെന്ന് സൂചിപ്പിക്കുമ്പോഴും രോഗികളുടെ സുരക്ഷിതത്വത്തിനനുസൃതമായ ചില ഉദാഹരണങ്ങളാണ് ചൂണ്ടിക്കാട്ടിയത്. ഞാൻ മുന്നോട്ടുവച്ചിരിക്കുന്ന ഭേദഗതികൾ ഇതിനനുസൃതമായി വരുന്നതു തന്നെയാണ്. അതോടൊപ്പംതന്നെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അതിന്റെ പരിപൂർണ്ണതയിൽ എത്തിക്കുവാൻ ഇത്തരത്തിലുള്ള രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾകൂടി ഈ ഭേദഗതികളിൽ ഉൾപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വിവിധ ചികിത്സാ സമ്പ്രദായങ്ങൾ, അതിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ, അതുപോലെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇവയെല്ലാം നിയന്ത്രിക്കുന്നതിനാണ് അത്തരമൊരു നിയമം 22.02.2018-ൽ നിലവിൽ വന്നത്. ഇത് ആ ബില്ലിന്റെ അന്തഃസത്തയ്ക്ക് ചേർന്നതല്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അതുകൊണ്ട് ഇത്തരമൊരു ബിൽ പരിഗണിക്കേണ്ടതില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞ അഭിപ്രായം ആവർത്തിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. അനൂപ് ജേക്കബ്, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല. ചർച്ച തുടരുന്നതാണ്.

ചെയർപേഴ്സൺ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

(ചർച്ച തുടരും)

(v) 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബിൽ

ശ്രീ. പി. ഉബൈദുള്ള: സർ, 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 2007-ലെ കേന്ദ്ര നിയമം, MWPSC (The Maintenance and Welfare of Parents and Senior Citizens (MWPSC) Act , 2007) വയോജന

കമ്മീഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ഈ ആക്ടിന്റെ പിൻബലത്തോടെ രൂപീകരിക്കുന്ന കമ്മീഷനുകൾക്കു മാത്രമേ സിവിൽ കോടതിയുടെ അധികാരങ്ങൾ നിക്ഷിപ്തമാക്കാൻ കഴിയുകയുള്ളൂ. നിയമത്തിന്റെ പിൻബലമില്ലാതെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന ഒരു കമ്മീഷന് സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകുവാനോ ഉത്തരവുകൾ നടപ്പിലാക്കാനോ സാധിക്കുകയില്ല. ഇത്തരമൊരു സാഹചര്യത്തിൽ പ്രസ്തുത ബിൽ നിയമമായി പ്രാബല്യത്തിൽ വരുമ്പോൾ, ഈ കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു ബില്ലിന് പ്രസക്തിയില്ലായെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

12.00 NOON]

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാനത്ത് അവകാശികളാലും ആശ്രിതരാലും അവഗണിക്കപ്പെടുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും നിയമപരിരക്ഷ ലഭിക്കുന്നതിനുവേണ്ടി വയോജന കമ്മീഷൻ രൂപീകരിക്കണമെന്നാണ് ഈ ബില്ലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. എന്ത് അർത്ഥത്തിലാണ് വയോജന കമ്മീഷന്റെ ആവശ്യമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വയോജനങ്ങൾ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് യുവജന കമ്മീഷനും വനിതാ കമ്മീഷനുമൊക്കെയുണ്ട്. ഇപ്പോൾ വയോജനങ്ങളുടെ എണ്ണത്തിലാണ് വർദ്ധനവുണ്ടാകുന്നത്. അതുകൊണ്ട് വയോജന കമ്മീഷൻ രൂപീകരിക്കണമെന്നത് ന്യായമായ കാര്യമാണ്. ഗവൺമെന്റിന്റെ തീരുമാനം പുനഃപരിശോധി ക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2017-ലെ കണക്കനുസരിച്ച് ലോകജനസംഖ്യയുടെ 13 ശതമാനംപേർ 60 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. കേരളത്തിൽ 2014-ലെ സെൻസസ് അനുസരിച്ച് മൊത്തം ജനസംഖ്യയുടെ 12.6 ശതമാനംപേർ 60 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. എന്നാൽ ഇന്ത്യയിൽ ഇത് 8.3 ശതമാനമാണ്. അതേസമയം ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലാണ്. മുമ്പ് കേരളീയരുടെ ആയുർദൈർഘ്യം 63-64 വയസ്സായിരുന്നെങ്കിൽ ഇപ്പോഴത് ശരാശരി 75 വയസ്സാണ്. കേരളത്തിലെ ആയുർദൈർഘ്യം സ്ത്രീകൾക്ക് 76.2 വയസ്സും പുരുഷന്മാർക്ക് 73.8 വയസ്സുമാണ്. ആയുർദൈർഘ്യം കൂടുതൽ സ്ത്രീകൾക്കാണ്. അതുകൊണ്ടുതന്നെ സ്ത്രീകളാണ് സമൂഹത്തിന്റെ പരിചരണത്തിന് ഏറെ അർഹരാകുന്നത്. ഏറ്റവും കൂടുതൽ ആയുർദൈർഘ്യം സ്ത്രീകൾക്കാണെന്നത് വയോജന കമ്മീഷന്റെ പ്രാധാന്യം വർദ്ധിപ്പിക്കുകയാണ്. അങ്ങേക്കുകൂടി അത് ബോധ്യപ്പെട്ടുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കുട്ടികളുടെയും വൃദ്ധരുടെയും

അനുപാതം നോക്കുമ്പോൾ കുട്ടികളെ അപേക്ഷിച്ച് വൃദ്ധരുടെ എണ്ണം വളരെ കൂടുതലാണ്. ഇതിൽ വലിയൊരു വിഭാഗവും വാർദ്ധക്യസഹജമായ പലതരത്തിലുള്ള രോഗങ്ങൾ ബാധിച്ചവരാണ്. സുഖപ്പെടുത്താൻ കഴിയാതെ ദീർഘനാൾ ചികിത്സ വേണ്ടിവരുന്ന രോഗങ്ങളുടെ അടിമകളാണ് വാർദ്ധക്യമെത്തിയ പലയാളുകളും. ആയുർദൈർഘ്യം കൂടുന്നതോടൊപ്പം ആരോഗ്യ പ്രശ്നങ്ങളും കൂടുന്നുവെന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വയോജന സൗഹൃദ സംസ്ഥാനം എന്ന ആശയം നമ്മൾ പണ്ടുമുതലേ മുന്നോട്ടുവയ്ക്കുന്നുണ്ട്. ആ ഒരു ആശയത്തിൽനിന്നും എല്ലാ പ്രായത്തിലുമുള്ളവർക്ക് സൗഹൃദാന്തരീക്ഷം ഉണ്ടാകണമെന്ന രീതിയിൽ (age friendly state) കാര്യങ്ങൾ പോയിട്ടുണ്ട്. കുട്ടികൾക്ക് സൗഹൃദാന്തരീക്ഷം, അതുപോലെ പ്രായംചെന്നവർക്കും സൗഹൃദാന്തരീക്ഷം. അങ്ങനെയാകുമ്പോൾ വയോജനങ്ങളെ സംരക്ഷിക്കുന്നതിന് യുവജനങ്ങളുടെ പേരിലുള്ളതുപോലെയുള്ള നിയമം ഈ മേഖലയിലും വരുന്നത് നല്ലതാണ്. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ എറണാകുളം ജില്ലയെ വയോജന സൗഹൃദ ജില്ലയായി പ്രഖ്യാപിക്കുകയുണ്ടായി. അന്ന് U3A (University of third Age) എന്ന ഒരു കൽപ്പിത സർവ്വകലാശാല എറണാകുളത്ത് സ്ഥാപിച്ചു. അതിന്റെ ലക്ഷ്യം വയോജനങ്ങൾ പ്രത്യേകിച്ച് 56-60 വയസ്സിനിടയിൽ പ്രായമുള്ള, സർവ്വീസിൽനിന്നും വിരമിക്കുന്നവർ ഇന്നലെകളിൽനിന്നും അവന്റെ മേഖലയിൽ പ്രാവീണ്യമുള്ളവരായി മാറുകയാണ്. അങ്ങനെ പ്രാവീണ്യം നേടിക്കഴിഞ്ഞവർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനോ പകർന്ന് നൽകാനോ അവസരങ്ങളില്ല. അവനിലുള്ള കഴിവുകൾ ചെറുപ്പക്കാർക്ക് പകർന്നുകൊടുക്കാൻ കൽപ്പിത സർവ്വകലാശാലകൊണ്ട് കഴിയുമായിരുന്നു. ഈ രീതിയിലുള്ള കൽപ്പിത സർവ്വകലാശാലകളിലൂടെ വയോജനങ്ങളുടെ കഴിവുകൾ പ്രയോജനപ്രദമാക്കാൻ ഈ ബിൽ ഉപകരിക്കുമെന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, വയോജന കമ്മീഷൻ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. നമ്മളെല്ലാവരും അധികം താമസിയാതെ ആ കാറ്റഗറിയിലേക്ക് എത്താൻ പോകുകയാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അത് മുൻകൂട്ടി കണ്ടയാളാണ്. ഇപ്പോൾ ഇതിനുവേണ്ടി ശബ്ദമുയർത്തിയാലേ അന്നത്തേക്ക് ഇത് സാധ്യമാകുകയുള്ളൂ. പ്രായമായവരെ ഉപേക്ഷിക്കുന്നൊരു പ്രവണത കേരളത്തിലെ പൊതുസമൂഹത്തിൽ കൂടിവരികയാണ്. രോഗം ബാധിച്ചുകഴിഞ്ഞാൽ വൃദ്ധസദനങ്ങളിലും മറ്റും തള്ളുന്ന സ്ഥിതിവിശേഷമുണ്ട്. അൽഷിമേഴ്സ് ബാധിച്ചുകഴിഞ്ഞാൽ ഏതെങ്കിലും റെയിൽവേ സ്റ്റേഷനിൽ കൊണ്ടുചെന്നാക്കും.

മുൻകാലത്ത് ഗുരുവായൂരിൽ നടയ്ക്കിരുത്തിയിട്ട് ബന്ധുക്കൾ അപ്രത്യക്ഷരാകുന്ന പ്രവണതയുണ്ടായിരുന്നു. പിന്നെ ഈ വൃദ്ധർ എവിടെ നിന്നാണെന്നോ, എങ്ങനെ വന്നുവെന്നോ അറിയാൻ കഴിയില്ല. അൽഷിമേഴ്സ് ബാധിച്ചാലും മറ്റേത് രോഗം ബാധിച്ചാലും വൃദ്ധജനങ്ങൾ ഒരു ബാധ്യതയായി മാറുന്ന സ്ഥിതിവിശേഷമുണ്ട്. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ അച്ഛനെയും അമ്മയെയും വൃദ്ധസദനങ്ങളിൽ കൊണ്ടുചെന്നാക്കി അവരുടെ മുഴുവൻ ചെലവിനുമുള്ള പണവും കൊടുക്കുകയാണ്. പണം കൊടുത്താൽ എല്ലാ ബാധ്യതയും തീർന്നുവെന്ന സ്ഥിതിവിശേഷത്തിലേക്ക് വരികയാണ്. പ്രായമായവർക്കു വേണ്ട ബഹുമാനം പൊതുസമൂഹം നൽകുന്നില്ലെന്ന് അങ്ങേക്ക് അറിയാമല്ലോ; സഭയിൽത്തന്നെ ഏറ്റവും മുതിർന്നയാളാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ. അദ്ദേഹത്തിന് വേണ്ടത്ര പരിഗണന കിട്ടിയിട്ടുള്ളതായി അങ്ങേക്ക് തോന്നുന്നുണ്ടോ; അദ്ദേഹത്തിന് വേണ്ടത്ര പരിഗണന കിട്ടിയിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? ഈ കമ്മീഷൻ വരുമ്പോൾ അദ്ദേഹത്തെപ്പോലുള്ളവരെ കൂടുതൽ ബഹുമാനിക്കുന്ന രീതിയിലേക്ക് വരുന്നതിനോട് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും ശ്രീ. വി. പി. സജീന്ദ്രനും പറഞ്ഞത് പ്രസക്തമായ കാര്യങ്ങളാണ്. വയോജനങ്ങളെക്കുറിച്ച് പറഞ്ഞുതുടങ്ങിയപ്പോഴാണ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ വയോജനങ്ങളെയും യുവാക്കളെയുമൊക്കെ സമന്വയിപ്പിക്കുന്ന രീതിയിൽ ഒരു കൽപ്പിത സർവ്വകലാശാലപോലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണമെന്ന് പറഞ്ഞത്. വളരെ നല്ലൊരു ആശയമാണത്. നമ്മുടെ സമൂഹത്തിൽ വൃദ്ധരായവർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്നാണ് ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞത്. മുൻപ് നമ്മുടെ സമൂഹത്തിൽ കൂട്ടുകുടുംബ വ്യവസ്ഥയായിരുന്നു നിലനിന്നിരുന്നത്. ഒരു കുടുംബത്തിൽ മുതിർന്ന ആളുകളും അവരുടെ മക്കളും ചെറുമക്കളുമൊക്കെയുണ്ടാകും. അങ്ങനെ ചെറുമക്കളും മക്കളുമൊക്കെയായി വലിയൊരു അംഗസംഖ്യതന്നെ ആ കുടുംബത്തിലുണ്ടാകും. ആ കുടുംബത്തിലെ കാരണവരെ പരിചരിക്കാൻ ചെറുപ്രായമുള്ള ചെറുമക്കളടക്കം ഉണ്ടാകും. ഇപ്പോഴത് മാറി. പ്രായപൂർത്തിയായാൽ വിവാഹം കഴിഞ്ഞ് വേറെ വീട്ടിലേക്ക് താമസംമാറുകയാണ്. ഇപ്പോൾ റേഷൻ കാർഡ് വിഭജിക്കുന്നതുപോലെ കുടുംബം വിഭജിക്കപ്പെട്ട് അണുകുടുംബ വ്യവസ്ഥയിലേക്ക് പോയി. അണുകുടുംബ വ്യവസ്ഥയിലേക്ക് പോയതുവഴി മുതിർന്നവരും പ്രായം കുറഞ്ഞവരും തമ്മിലുള്ള ബന്ധം കുറഞ്ഞു. മുതിർന്നവർക്ക് നൽകേണ്ട പരിഗണനയെക്കുറിച്ചുള്ള അവബോധം വരുംതലമുറയ്ക്ക് ഇല്ലാതെപോയി. അതുകൊണ്ടാണ് മാതാപിതാക്കളെ

വൃദ്ധസദനത്തിലേക്ക് അയയ്ക്കുന്നതിന് പല മക്കളും തയ്യാറാകുന്നത്. 35 ശതമാനം മക്കൾക്കും വൃദ്ധമാതാപിതാക്കൾ ഭാരമാണെന്നാണ് 'Help Age India' എന്ന സന്നദ്ധ സംഘടന നടത്തിയ സർവ്വേയിൽ പറയുന്നത്. 30 ശതമാനം മക്കൾക്ക് മാതാപിതാക്കൾ ഒരു ഭാരമായി മാറിയിരിക്കുകയാണ്. വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുന്നതിൽ 35 ശതമാനം പേരും സന്തുഷ്ടരല്ലെന്നാണ് ഈ സർവ്വേയിൽ പറയുന്നത്. അതേസമയം ബുദ്ധിമുട്ടുകളുണ്ടെന്ന് പരാതിപ്പെടുമ്പോഴും 32% മാതാപിതാക്കളുടെ ദൈനംദിന പ്രവൃത്തികളിൽ സഹായിക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. മാതാപിതാക്കൾ മക്കൾക്ക് ഭാരമായി തോന്നുമ്പോഴാണ് ഏറ്റവും നല്ല വൃദ്ധസദനം ഏതാണെന്ന് നോക്കി അവിടെ കൊണ്ടുപോകുന്നത്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ബില്ലിലൂടെ ആവശ്യപ്പെട്ടത് വളരെ ന്യായവും കാലികവുമായി ഏറ്റവും അത്യാവശ്യമുള്ള കാര്യമാണ്. ഈയിടെ രണ്ട് ഗവൺമെന്റ് ഉദ്യോഗസ്ഥർ തന്റെ അമ്മയെ വൃദ്ധസദനത്തിൽ കൊണ്ടാക്കുകയും അവർ മരിച്ചുവെന്ന് അറിയിച്ചപ്പോൾ മൃതശരീരം ഏറ്റെടുക്കാൻപോലും തയ്യാറാകാതിരിക്കുകയും ചെയ്ത ലജ്ജാകരമായ അവസ്ഥാവിശേഷം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഈ പ്രവണത തുടർന്നുകൊണ്ടിരിക്കുകയാണ്. തങ്ങളെ തങ്ങളാക്കി മാറ്റിയ മാതാപിതാക്കളോടും വയോജനങ്ങളോടും കാണിക്കുന്ന ക്രൂരത അവസാനിപ്പിക്കാൻ ശക്തമായ നടപടിയാണ് വേണ്ടത്. പരാതി കൊടുത്താൽ ആർ.ഡി.ഒ. ഇടപെട്ട് ചിലപ്പോൾ അവരെ നോക്കാൻ നടപടിയെടുക്കുമെങ്കിൽപ്പോലും ഇത്തരത്തിലൊരു കമ്മീഷനുണ്ടെങ്കിൽ മാത്രമേ അത് പൂർണ്ണമായി ഇംപ്ലിമെന്റ് ചെയ്ത് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ എന്നതുകൊണ്ട് ഇത്തരം സംഭവങ്ങൾ കൂടുതൽ കാര്യപ്രസക്തമാകുന്നുവെന്ന് അങ്ങേക്ക് തോന്നിയിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ബിൽ സജീവമാക്കുക എന്നതിലുപരി വയോജന കമ്മീഷൻ രൂപീകരിക്കണമെന്ന ആവശ്യത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി വയോജന കമ്മീഷൻ ആവശ്യമില്ലെന്ന നിലപാടെടുത്തത് ഖേദകരമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എല്ലാവർക്കും പ്രായമായിക്കൊണ്ടിരിക്കുകയാണ്. പരിഷ്കൃത രാജ്യങ്ങളിൽ കൂടുതലും പ്രായമായവരുടെ ലോകമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ കേരളം ഒരുപടി മുന്നിലാണ്. ഈ നിയമസഭയ്ക്കുപോലും പ്രായം വ്യക്തമാകുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. എ. സി. മൊയ്തീന്റെയും ശ്രീ. കെ. രാജുവിന്റെയും പോലെ ഞങ്ങളുടെ മുടിയും ചർമ്മവും ആകാത്തത്

ഇപ്പോഴുള്ള ആധുനിക സൗകര്യങ്ങളുടെ ലഭ്യതകൊണ്ടാണ്. മേക്കപ്പുള്ളതുകൊണ്ട് ഇതൊന്നും അറിയാത്തതാണ്. പഴയ സഭയും ഇപ്പോഴത്തെ സഭയും പരിശോധിച്ചാൽ ഇത് പ്രകടമാണ്. കേരളത്തിലെ മുൻനിര രാഷ്ട്രീയനേതാക്കളൊക്കെ ഇരുന്ന സഭയാണിത്. സി. എച്ച്. മുഹമ്മദ് കോയ 27-ാമത്തെ വയസ്സിലാണ് നിയമസഭയിൽ വന്നത്. അതുപോലെ ശ്രീ. എ.കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയാകുന്നത് 34-ാമത്തെ വയസ്സിലാണ്. 35-ാമത്തെ വയസ്സിൽ സി.എച്ച്. മുഹമ്മദ് കോയ ആദ്യത്തെ സ്പീക്കറായി. നിലവിലെ സ്പീക്കറെ അനുമോദിച്ചുകൊണ്ട് നടന്ന ചർച്ചയിൽ ഈ സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കറായിരിക്കും താങ്കളെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. എന്നുപറഞ്ഞാൽ 49-ഉം 50-ഉം വയസ്സാകുമ്പോഴും പ്രായം കുറഞ്ഞവരായി തോന്നുകയാണ്. കേരളത്തിലെ മുൻനിര നേതാക്കളെല്ലാം ഇരുപത്തിയഞ്ചാമത്തെ വയസ്സിലും ഇരുപത്തിയാറാമത്തെ വയസ്സിലും ഈ സഭയിൽ അംഗങ്ങളായി വന്നു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അടക്കമുള്ളവർക്ക് നാൽപ്പതിനോടടുത്ത് പ്രായമായിരിക്കുകയാണ്. പ്രായം കുറഞ്ഞവർ 30-35 വയസ്സ് കഴിഞ്ഞവരാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്, സഭയ്ക്കുപോലും പ്രായം കൂടിവരുന്ന സന്ദർഭത്തിൽ ഈ പ്രമേയം വളരെ പ്രസക്തമാണ്. കേരളത്തിൽ മാത്രമല്ല, ലോകത്തിലെ എല്ലാ വികസ്വര രാഷ്ട്രങ്ങളും പ്രായമായവരുടേതായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. സി. മമ്മൂട്ടി സൂചിപ്പിച്ചതുപോലെ, അത്തരം സന്ദർഭങ്ങളിൽ ആളുകളുടെ മനോഭാവത്തിൽ മാറ്റമുണ്ട്. കുട്ടികളെ സ്കൂളിൽ ചേർക്കുന്നതുപോലെ പ്രായമായ രക്ഷിതാവിനെ വൃദ്ധസദനത്തിൽ ചേർക്കാനാണ് ഈ രണ്ട് പ്രായത്തിനിടയിലുള്ളവർ ശ്രദ്ധിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ വയോജനങ്ങൾക്ക് എവിടെയെങ്കിലും ആശ്രയകേന്ദ്രമായി, ഒരു സഹായം ലഭ്യമാകുന്നതിനുവേണ്ടി ഇങ്ങനെയൊരു കമ്മീഷൻ രൂപീകരിക്കുന്നതിൽ ദുരഭിമാനം കാണിക്കേണ്ട കാര്യമില്ല. ഒരു പ്രതിപക്ഷാംഗം കൊണ്ടുവന്ന ബില്ലാണെന്നുള്ളതുകൊണ്ട് ഇത് അനാവശ്യമാണെന്ന നിലപാടെടുക്കാൻ പാടില്ല. അതുകൊണ്ടുതന്നെ ഈ ബിൽ അവതരിപ്പിച്ച ശ്രീ. പി. ഉബൈദുള്ളയെ ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, വയോജന കമ്മീഷൻ രൂപീകരിക്കുന്നതിൽ തെറ്റില്ല. പക്ഷേ, ഇതിന് രണ്ട് ഘട്ടമുണ്ട്. ഒന്ന്, യുവജനങ്ങളിൽ ബോധവൽക്കരണം നടത്തണം. വയസ്സാകുമ്പോൾ അവരുടെ മക്കൾ അവരെയും നോക്കുകയില്ലെന്ന ബോധം യുവജനങ്ങൾക്കുണ്ടാകണം. കമ്മീഷൻ

രൂപീകരിക്കുന്നത് നല്ലതാണ്. അതിനുവേണ്ടി വൃദ്ധസദനമുണ്ടാക്കണമെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. കാരണം വളർത്തിയ അച്ഛനെയും അമ്മയെയും അവരവരുടെ മക്കൾതന്നെ പരിചരിക്കണം. ആ രീതിയിൽ വരണം. യുവജന കമ്മീഷനും വയോജന കമ്മീഷനും രൂപീകരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജു ഇക്കാര്യത്തിൽ പോസിറ്റീവായ സമീപനം സ്വീകരിക്കണം. ഈ ബിൽ പരിഗണിക്കാം എന്നെങ്കിലും പറയണം. ഇത് പൂർണ്ണമായി ഒഴിവാക്കരുത്. കാരണം ബില്ലിന് മറുപടി പറഞ്ഞ മന്ത്രിയെന്ന നിലയിൽ അങ്ങയുടെ പേര് ചരിത്രത്തിൽ വരും. അങ്ങ് ഇതുസംബന്ധിച്ച് അറിവുള്ള ആളാണ്. അതുകൊണ്ടാണ് ഞാനിത് പറയുന്നത്.

ശ്രീ. എൽദോസ്. പി. കുന്നപ്പിള്ളിൽ: സർ, നരച്ചമുടി ശോഭയുള്ള കിരീടമാണെന്ന് ബൈബിളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. ടി. വി. ഇബ്രാഹിം സംസാരിച്ചപ്പോൾ ഈ കാലഘട്ടത്തിന്റെ യുവത്വവുമായി ബന്ധപ്പെട്ട് പറഞ്ഞു. പ്രായംചെന്ന എല്ലാവരുടെയും മുടി നരയ്ക്കണമെന്നില്ല. രണ്ട് വർഷങ്ങൾക്കുമുമ്പ് മരണപ്പെട്ട എന്റെ സുഹൃത്തുകൂടിയായ ചെമ്മനം ചാക്കോ ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, 92 വയസായിട്ടും എന്തുകൊണ്ടാണ് അങ്ങയുടെ ഒരു മുടിപോലും നരയ്ക്കാത്തതെന്ന് ഒരാൾ ചോദിക്കുകയുണ്ടായി. "എടോ എന്റെ ഒരു മുടിപോലും നരച്ചില്ലെങ്കിൽ അത് എന്നോടല്ല ഗോദ്റേജ് കമ്പനിയോടാണ് ചോദിക്കേണ്ടത്" എന്നാണ് അദ്ദേഹം അതിന് നൽകിയ മറുപടി. ഇവിടെ വയോജനങ്ങളുമായി ബന്ധപ്പെട്ട് മുടിയുടെയും നരയുടെയും കാര്യം പറഞ്ഞപ്പോൾ ഇക്കാര്യംകൂടി ഓർമ്മിപ്പിച്ചെന്നേയുള്ളൂ. ഒരു പ്രസക്തമായ കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കട്ടെ, വയോജനങ്ങളുമായി ബന്ധപ്പെട്ട ഒരു ബിൽ വന്നാൽ, ഇവിടെ കുറച്ചുമുമ്പ് സൂചിപ്പിച്ചതുപോലുള്ള പ്രശ്നങ്ങൾ വീടുകളിലുണ്ടാകുമ്പോൾ, മക്കൾ ഉപേക്ഷിക്കുമ്പോഴും പ്രശ്നമുണ്ടാക്കുമ്പോഴും തല്ലുമ്പോഴും, അങ്ങനെ വയോജനങ്ങൾ അനാഥരാകുമ്പോൾ ഈ കമ്മീഷന് അതിലിടപെടാനും അവരുടെ പ്രശ്നങ്ങൾ തീർക്കാനും സാധിക്കുന്ന രീതിയിലുള്ള സംരക്ഷണംകൂടി ഉണ്ടാകുമെന്നതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും സ്വാഭാവികമായും ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കണമെന്നുതന്നെയാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

പ്രൊഫ. കെ. യു. അരുണൻ: സർ, നോവലിസ്റ്റായ Albert Camus-ന്റെ 'The Outsider ' എന്ന പുസ്തകം ആരംഭിക്കുന്നത് ഇങ്ങനെയാണ് , " Mother died today. Or, may be yesterday; I can't be sure." അമ്മ ഇന്ന് മരിച്ചു. അല്ലെങ്കിൽ ഇന്നലെയുമാകാം; എനിക്ക് തീർച്ചയില്ല. അത് യൂറോപ്യൻ കൾച്ചറിന്റെ

ഭാഗമാണ്. ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം' എന്ന നോവലിലുമുണ്ട്. 'പാറപ്പുറത്ത്' എന്ന തൂലികാനാമത്തിൽ പ്രസിദ്ധനായ കെ. ഇ. മത്തായിയുടെ 'അരനാഴികനേരം' എന്ന നോവലിൽ 93 വയസ്സുള്ള കുഞ്ഞേനാച്ചൻ വെറുതെ പിടിച്ചുപിടിച്ച് നടക്കുമ്പോൾ ഒരു സ്ഥലത്ത് നിന്നു, നിന്നപ്പോൾ ഒന്നുനോക്കി, അപ്പോൾ അവിടെ ഒരു അവിഹിത സംസർഗ്ഗം നടക്കുകയാണ്. അയാൾ അവിടേക്ക് നോക്കിയതല്ല. വേറെയെവിടെയോ നോക്കിയതാണ്. പക്ഷേ, അത് കുഞ്ഞേനാച്ചന് വലിയ അപരാധമായി മാറി. പ്രായത്തിന്റെ പ്രത്യേകതകൾ കൃത്യമായി മനസ്സിലാക്കി തദനുസൃതമായ പരിപാടികൾ ആവിഷ്കരിക്കുന്നതിന് കേരളീയരെങ്കിലും മുന്നോട്ടുവരുന്ന വിധത്തിലായിരിക്കണം ഇതിന്റെ വകുപ്പുകളെന്ന് സൂചിപ്പിച്ചതാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, പറഞ്ഞുപറഞ്ഞ് വാർദ്ധക്യം ഏതാണ്ട് വലിയൊരു ശാപമായി കാണുന്ന അവസ്ഥയിലെത്തി. മനുഷ്യ ജീവിതത്തിന്റെ നല്ലൊരു കാലഘട്ടമാണ് വാർദ്ധക്യം. അനുഭവങ്ങളിലൂടെ കടന്നുവന്ന് ധാരാളം ജീവിതയാഥാർത്ഥ്യങ്ങളെ സ്വാംശീകരിക്കാൻ കഴിയുന്ന ഒരു കാലഘട്ടം കൂടിയാണത്. എന്നാൽ നമ്മുടെ സമൂഹം അതിനെ കൃത്യമായി ഉപയോഗപ്പെടുത്തുന്നില്ല. ഉദാഹരണത്തിന്, 56 വയസ്സിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഒരു വ്യക്തിയുടെ സേവനം പിന്നീട് സമൂഹം ഉപയോഗിക്കുന്നില്ല. അനുഭവസമ്പത്തുള്ള ഇവരെ കൂടുതൽ മനസ്സിലാക്കാനും ഉപയോഗപ്പെടുത്താനും കഴിയുന്ന തരത്തിൽ നമ്മുടെ ചിന്തകളും പദ്ധതികളും മാറേണ്ട കാലഘട്ടമാണിത്. ഒരു ശാപമായി കാണേണ്ട അവസ്ഥയല്ല വാർദ്ധക്യം. വാർദ്ധക്യത്തോടുള്ള സമീപനത്തെക്കുറിച്ച് ശ്രീമതി സുഗതകുമാരി എഴുതിയത് ഞാൻ ഓർക്കുന്നു, 'പണ്ട് വീടിന്റെ ഉമ്മറത്ത് ഒരു പഴയ ചാരുകസേരയും അതിൽ പ്രായമായ ഒരാളും കാണും, ജീവസാന്നിദ്ധ്യമായി'. എല്ലാ കാര്യങ്ങളിലും കൃത്യമായി എഴുന്നേറ്റുപോയി ഇടപെടാൻ കഴിയില്ലെങ്കിലും എല്ലാ പരാതികളും കേൾക്കുന്ന, എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്ന ഒരാളുണ്ടായിരുന്നു. ആ ചാരുകസേരകൾ തട്ടിൻപുറത്തേക്ക് മാറ്റുകയും പ്രായമായവർക്ക് വീടിന്റെ പിന്നാമ്പുറങ്ങളിൽ സ്ഥലം കണ്ടെത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതുകൊണ്ടാണ് നമ്മുടെ കുടുംബങ്ങളിൽ കൂടുതൽ പ്രശ്നങ്ങളുണ്ടാകുന്നത്. വീട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന കോടതിയായും ചെറിയ കുട്ടികൾക്കും പ്രായമായവർക്കും പരാതിപറയാൻ കഴിയുന്ന സ്ഥാനമായും ഇവരെ കൽപ്പിച്ചിരുന്ന ഒരു കാലഘട്ടം ഓരോ വീട്ടിലുമുണ്ടായിരുന്നു. ഇന്നത് അന്യമായി പോകുന്നത് സാമൂഹ്യമായി നമ്മുടെ ബന്ധങ്ങളെ ശിഥിലമാക്കുന്ന പ്രധാനപ്പെട്ട ഘടകമാണ്. ആ അർത്ഥത്തിൽ വയോജന കമ്മീഷൻ എന്ന ആശയത്തിനപ്പുറം അവരുടെ പ്രശ്നങ്ങൾ പഠിക്കാനും

പരിഹരിക്കാനും അതിനെക്കുറിച്ച് ചിന്തിക്കാനും നമുക്ക് സാധിക്കണം. മലയാളിയുടെ ജീവിതദൈർഘ്യം വർദ്ധിച്ച കാലഘട്ടത്തിൽ പ്രായത്തെക്കുറിച്ചും സമയത്തെക്കുറിച്ചും പ്രത്യേകിച്ച് പറയേണ്ടതുണ്ട്. സമയം എന്നുപറയുന്നത് മിഥ്യയാണ്. കാലം ഒരു പ്രവാഹമാണ്. ആ പ്രവാഹത്തിലെ ഒരു പ്രത്യേക കാലഘട്ടമാണിത്. ഇതെല്ലാം നമ്മുടെ സങ്കൽപ്പങ്ങളും ധാരണകളും മാത്രമാണ്. പ്രായം എന്നത് ചിന്തയുടെ ഭാഗമാണ്. രാഷ്ട്രീയക്കാരിൽ ആർക്കാണ് പ്രായം പറയുന്നത്? ഞാൻ ഗോദ്റേജിന്റെ ഉല്പന്നങ്ങൾ ഉപയോഗിച്ചിട്ടില്ല. നിരന്തരമായി ജനങ്ങളുമായി ഇടപെടുമ്പോൾ, രാത്രിയും പകലും ഒരുപോലെ വിജിലന്റാണ്, നമ്മുടെ ജീവിതം ഡൈനാമിക്കാണ്. രാഷ്ട്രീയക്കാർക്കും അദ്ധ്യാപകർക്കും പ്രായം കുറഞ്ഞുവരുന്നത് അതുകൊണ്ടാണ്. അദ്ധ്യാപകർ എപ്പോഴും പുതിയ തലമുറയുമായി ബന്ധപ്പെടുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അതിന്റെ യുവത്വം എപ്പോഴും നമ്മുടെ മനസ്സിലുണ്ടാകും. പുതിയ പുസ്തകങ്ങളുമായി സമരസപ്പെടുമ്പോൾ, അതിനെ അഭിമുഖീകരിക്കുമ്പോൾ നമുക്ക് പ്രായം അനുഭവപ്പെടുന്നില്ല. എല്ലാ പ്രവൃത്തികളിൽനിന്നും മാറി മനസ്സ് നിഷ്ക്രിയമാകുമ്പോഴാണ് വാർദ്ധക്യമെന്ന കൺസെപ്റ്റുണ്ടാകുന്നത്. അതുകൊണ്ട് വാർദ്ധക്യത്തിന് തീക്ഷ്ണമായ ദുഃഖത്തിന്റെ അവസ്ഥയ്ക്കപ്പുറം വിശാലമായ ഭൂമികയുണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അങ്ങയുടെ അഭിപ്രായവും അങ്ങനെ തന്നെയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഈ ബില്ലിന്റെ പ്രസക്തിയും പ്രാധാന്യവുമാണ് ഇത് തെളിയിക്കുന്നത്. എത്രയാളുകളാണ് ഇടപെടുന്നത്. രണ്ട് പ്രൊഫസർമാരാണ് ഇടപെട്ടത്. ഡോ. എൻ. ജയരാജും, പ്രൊഫ. കെ. യു. അരുണനും. ഡോ. എൻ. ജയരാജ് പ്രൊഫസറും ഡോക്ടറും കൂടിയാണ്. ഹയർ സെക്കണ്ടറി അദ്ധ്യാപകർ, കർഷകർ, ബിസിനസ്സുകാർ എന്നിവരൊക്കെയുണ്ട്. സർവ്വശ്രീ ടി. വി. ഇബ്രാഹിം, സി. മമ്മൂട്ടി, പി. കെ. ബഷീർ, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നിവരൊക്കെ ഇടപെട്ടു. ഇനിയും ധാരാളംപേർ ഇടപെടാൻ കാത്തിരിക്കുകയാണ്. ഇത് ഈ ബില്ലിന്റെ പ്രസക്തിയും പ്രാധാന്യവും വർദ്ധിപ്പിക്കുന്നതാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി ഒരു റീ-തിങ്കിംഗ് നടത്തണം. ഇതിന് ഔദ്യോഗികമായി ഗവൺമെന്റ് ഒരു കമ്മീഷൻ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ പറഞ്ഞത് കറക്ടാണ്. മുമ്പൊക്കെ 55 വയസ്സിലാണ് സർക്കാർ സർവ്വീസിൽനിന്ന് റിട്ടയർ ചെയ്യുന്നത്. റിട്ടയർ ചെയ്തുവെന്ന് പറഞ്ഞാൽ പിന്നെ ജീവിതം അവസാനിച്ചു. വിശ്രമജീവിതം നയിക്കുകയാണ്. ഇപ്പോൾ അതല്ലല്ലോ; ഇപ്പോൾ റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കണമെന്ന വാദംതന്നെ ഉയർന്നുവരുന്നത് ആയുർദൈർഘ്യം വർദ്ധിച്ചതിന്റെ ഫലമായിട്ടാണ്. പ്രൊഫ. കെ. യു. അരുണൻ പറഞ്ഞ പുസ്തകം

ഞാൻ വായിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നത്. വെറുതെയല്ല, ബന്ധപ്പെട്ട രേഖകളുടെ പിൻബലത്തിൽ കാര്യകാരണസഹിതമാണ് ഈ ബിൽ കൊണ്ടുവന്നത്. അതുകൊണ്ട് ഇനിയും ഏതെങ്കിലും പുസ്തകം വായിക്കാനുണ്ടെങ്കിൽ പ്രൊഫ.കെ.യു. അരുണൻ അതുകൂടി തന്നാൽ വായിച്ച് തുടർകാര്യങ്ങളുമായി നമുക്ക് മുന്നോട്ടുപോകാം എന്നാണ് പറയാനുള്ളത്. ഏതായിരുന്നാലും വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്. നമ്മൾ കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് മക്കളെ പഠിപ്പിക്കുകയാണ്. ദരിദ്രനും സാമ്പത്തികമായി ശേഷിയില്ലാത്തവനും എത്ര പാവപ്പെട്ട ആളായാലും വിദ്യാഭ്യാസ വായ്പ എടുക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. ബാങ്കിൽനിന്ന് പലിശയ്ക്ക് വായ്പയെടുത്ത് കുട്ടികളെ പഠിപ്പിച്ച് അവരെ ഉയർത്തിക്കൊണ്ടുവരുമ്പോൾ കുറച്ച് ഉയർന്നുപോയാൽ ചില മക്കൾക്കെങ്കിലും തന്റെ മാതാപിതാക്കളാണ് ഇത് എന്നുപറയാൻ നാണക്കേടാണ്, മടിയാണ്. അവർക്ക് സമൂഹത്തിൽ എന്തോ ഒരു കുറവുള്ളതുപോലെയാണ്. ആ രീതിക്ക് ഒരു മാറ്റമുണ്ടാകണം. അതുകൊണ്ട് യുവാക്കളും വയോജനങ്ങളുമൊക്കെ ചേർന്നുള്ള ഒരു സംയുക്തവേദി രൂപീകരിക്കാൻ നമ്മൾ തയ്യാറാകണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, അങ്ങ് അവതരിപ്പിക്കുന്ന ഈ ബില്ലിൽ കമ്മീഷൻ രൂപീകരണത്തിന്റെ ആവശ്യകതയുടെ പ്രശ്നത്തിലായിരിക്കാം ഗവൺമെന്റ് വ്യത്യസ്ത അഭിപ്രായം പറഞ്ഞിട്ടുണ്ടാകുക എന്നാണ് എനിക്ക് തോന്നുന്നത്. വളരെ പ്രസക്തമായൊരു വിഷയം തന്നെയാണ് നമ്മൾ ചർച്ച ചെയ്യുന്നത്. വളരെ കഷ്ടപ്പെട്ട് പഠിപ്പിച്ച മക്കൾ പിന്നീട് രക്ഷിതാക്കളെ ഉപേക്ഷിച്ച് അല്ലെങ്കിൽ വൃദ്ധസദനങ്ങളിൽ ഏൽപ്പിച്ചുപോകുന്നതിന്റെ ഒരു വിഷമമാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചുകൊണ്ടിരുന്നത്. നേരത്തെ ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ബില്ലിനോട് പ്രതികരിച്ച സമയത്തും വിദ്യാഭ്യാസവുമായിട്ടാണ് ഞാൻ അതിനെ ബന്ധിപ്പിച്ചത്. വിദ്യാഭ്യാസ പ്രക്രിയയുടെ വൈകല്യത്തെക്കുറിച്ചാണ് ഇവിടെയും പറയാനുള്ളത്. ഇതൊക്കെ നിയമനിർമ്മാണം കൊണ്ടുമാത്രം പരിഹരിക്കാവുന്നതല്ല. നമ്മുടെ വിദ്യാഭ്യാസ മേഖലയിലാണ് അതിന്റെ പിഴവ് നിൽക്കുന്നുവെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. നമ്മൾ എന്താണ് കുട്ടികളെ പഠിപ്പിക്കുന്നത്; രക്ഷിതാവ് വീട്ടിൽനിന്ന് പറയുന്നതെന്താണ്; അദ്ധ്യാപകൻ സ്കൂളിൽനിന്ന് പറയുന്നതെന്താണ്; 'അവനവൻ അവനവന്റെ കാര്യം നോക്കിയാൽ അവനവന് നല്ലതാണ് എന്ന് ഗുണദോഷിക്കുന്നതുപോലെയാണ് പറയുന്നത്. നമ്മൾ അങ്ങനെയാണ് പഠിപ്പിക്കുന്നത്. നിങ്ങൾ നിങ്ങളുടെ സ്വന്തം കാര്യം നോക്കുക. അടുത്ത വീട്ടിലെ തന്റെ സഹപാഠിക്ക് തന്നെപ്പോലെ പഠിക്കാനുള്ള സാഹചര്യമുണ്ടോ; ഞാനൊന്ന്

സഹായിക്കേണ്ടതുണ്ടോ; അങ്ങനെയുള്ള സഹാനുഭൂതിയുടേതായിട്ടുള്ള ഒരു വികാരം മനസ്സിൽ അങ്കുരിക്കാതിരിക്കാൻ നമ്മൾ ബോധപൂർവ്വം ശ്രദ്ധിക്കുകയാണ്. അതിലൊന്നും ഇടപെടേണ്ട, നാട്ടിലെ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിക്കേണ്ട. എ+ മാത്രമാണ് ലക്ഷ്യം. അങ്ങനെ എ+ മാത്രം ലക്ഷ്യമിട്ടിട്ട് അത്യാർത്തിയോടെ മക്കളെ ഉയരങ്ങളിലെത്തിക്കാൻ പഠിപ്പിക്കുകയാണ്. എല്ലാ സാമൂഹ്യബന്ധങ്ങളിൽനിന്നും അടർത്തിമാറ്റുകയാണ്. അങ്ങനെയുള്ള ആളുകൾ വളർന്നുവരുമ്പോൾ വിദേശത്തുപോകുന്നു, ജോലി തേടി കാനഡയിലും ആസ്ട്രേലിയയിലും പോകുന്നു. അവിടെചെന്ന് പെട്ടെന്നുതന്നെ സിറ്റിസൺഷിപ്പ് എടുക്കുകയാണ്. നമ്മൾ ലോകത്തിലെ ഏത് സ്ഥലത്തു ചെന്നാലും ഒരവസരം ലഭിച്ചാലുടൻതന്നെ നാട്ടിലേക്ക് ഓടിയെത്താൻ, നമ്മുടെ ജനപഥത്തിലേയ്ക്കെത്താനുള്ള ഒരു വെമ്പലുണ്ടാകും. എന്തുകൊണ്ടാണത്? നമ്മുടെ കുട്ടിക്കാലംമുതലുള്ള ഓർമ്മകളാണ് ഒരു നാഭീനാളബന്ധംപോലെ നമ്മുടെ നാട്ടിലേക്ക്, കുടുംബത്തിലേക്ക്, അമ്മയുടെ മടിയിലേക്കൊക്കെ വലിച്ചടുപ്പിക്കുന്നത്. ആ വൈകാരികമായിട്ടുള്ള ബന്ധത്തിന്റെ വേരറുത്തുകളയുകയാണ് നമ്മുടെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ നടക്കുന്നത്. ഇതൊക്കെ ഏതെങ്കിലും പ്രത്യേക ഗവൺമെന്റിന്റെ പ്രശ്നമല്ല. കാലാകാലങ്ങളായി നിൽക്കുന്നതാണ്. നമ്മുടെ സമൂഹവും മതവും പൗരോഹിത്യവും മതസ്ഥാപനവും എല്ലാവരും പഠിപ്പിക്കുന്നത് സ്വന്തം കാര്യം നോക്കുക എന്നാണ്. സ്വന്തം കാര്യം നോക്കി മക്കളെ നന്നാക്കാൻവേണ്ടി ഇറങ്ങിപ്പുറപ്പെട്ടവരാണ് അവസാനം വൃദ്ധസദനത്തിലാകുന്നത്. ഞാൻ പലപ്പോഴും നമ്മുടെ നാട്ടിലെയും നിയോജകമണ്ഡലത്തിലെയും വൃദ്ധസദനങ്ങളിലെ ആവശ്യങ്ങൾക്കായി പോകാറുണ്ട്. ആരുമില്ലാത്തവരല്ല ഈ വൃദ്ധസദനങ്ങളിലുള്ളതെന്ന് ഒരു പഠനം നടത്തിയാൽ നിങ്ങൾക്ക് മനസ്സിലാകും. അവിടെയുള്ളവരെല്ലാം എല്ലാവരുമുള്ളവരാണ്. മക്കളും കൊച്ചുമക്കളുമൊക്കെയുള്ളവരാണ്. രക്ഷിതാക്കളെ കൊണ്ടുപോയി പോറ്റാനുള്ള ശേഷിയുള്ളവരുടെ മാതാപിതാക്കളാണ്. പക്ഷേ, ആ മക്കളോട് ചോദിച്ചാൽ അവർ എന്താണ് പറയുന്നത്? അവർ പറയും, ഞാൻ എന്ത് ചെയ്യാനാണ് എനിക്ക് ജോലിയുണ്ട്, ഭാര്യയ്ക്ക് ജോലിയുണ്ട്, കുട്ടികൾ പഠിക്കാൻ പോകുന്നു, അച്ഛനും അമ്മയ്ക്കും സമയത്തിന് മരുന്നുകൊടുക്കാനും ഭക്ഷണം കൊടുക്കാനും കഴിയുന്നില്ല, അതുകൊണ്ട് ഞാൻ അവരെ അവിടെക്കൊണ്ടാക്കിയിട്ടുണ്ട്, അവർക്ക് കൃത്യമായി എല്ലാ മാസവും പൈസയും ഭക്ഷണവും വസ്ത്രവുമൊക്കെ കൊടുക്കുന്നുണ്ട്. അവർക്ക് ഭക്ഷണവും വസ്ത്രവും കൊടുക്കുന്നതിനെക്കാളും എത്രയോ വലുതാണ് മക്കളുടെയും കൊച്ചുമക്കളുടെയും സാമീപ്യവും അത് സൃഷ്ടിക്കുന്ന മാനസിക സംതൃപ്തിയുമെന്ന് മനസ്സിലാക്കാനുള്ള ബോധ്യം ഈ മക്കൾക്കില്ല. ആ മക്കളെ അങ്ങനെ ബോധ്യത്തിൽ എത്തിച്ചതാരാണ്? ഈ രക്ഷിതാക്കൾ തന്നെയാണ്.

രക്ഷിതാക്കളും സമൂഹവും ഔപചാരികമായ വിദ്യാഭ്യാസക്രമവും അതിന്റെ ഉള്ളടക്കവുമാണ്. ഇപ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വമ്പിച്ച മുന്നേറ്റം നടന്നുകൊണ്ടിരിക്കുകയാണ്, ഇൻഫ്രാസ്ട്രക്ചർ ഡെവലപ് ചെയ്യുകയാണ്., ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ ഇംപ്രൂവ് ചെയ്യുകയാണ്. അതോടൊപ്പം വിദ്യാഭ്യാസത്തിൽ നിർബന്ധമായും വരേണ്ട ചില മൂല്യങ്ങളുണ്ട്. നമ്മുടെ സാമൂഹ്യജീവിതത്തിന്റെ ശാന്തവും സ്വച്ഛവുമായ പ്രവാഹം ഉറപ്പാക്കാൻ ഉതകുന്ന ചില മൂല്യങ്ങൾകൂടി കൊടുക്കുന്നതിനുള്ള ശ്രദ്ധ വേണ്ടതുണ്ട്. ഈ ബില്ലിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അതുകൂടി ഉൾപ്പെടുത്താൻ കഴിയേണ്ടതുണ്ട്. അതിനെ അവഗണിച്ചുകൊണ്ട് ഒരു കമ്മീഷൻ മാത്രമുണ്ടാകുക, അല്ലെങ്കിൽ നിയമനിർമ്മാണം മാത്രമുണ്ടാകുക എന്നുപറഞ്ഞാൽ ശരിയല്ല. അതുകൊണ്ട് നമുക്ക് അടിച്ചമർത്തി നിയമത്തിന്റെ ബലത്തിൽ മാത്രം ഇത് നടപ്പാക്കാനാവില്ല. നിയമം വേണ്ട എന്നല്ല ഞാൻ പറയുന്നത്, അതിനോടൊപ്പം മേൽപ്പറഞ്ഞ കാര്യങ്ങൾകൂടി വേണമെന്നുള്ള അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, വളരെ കാലികമായ വിഷയമാണ് ശ്രീ. പി. ഉബൈദുള്ള ഇവിടെ അവതരിപ്പിച്ചത്. മഹാനായ കാറൽ മാർക്സ് ആണ് വ്യക്തി, കുടുംബം, സമൂഹം എന്ന് വേർതിരിച്ചുകൊണ്ട് ലോകത്തെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും വരുന്ന മാറ്റത്തെ അപഗ്രഥിച്ച് സംസാരിച്ചത്. നമ്മൾ ഒരു സംസ്കൃതിയുടെ ഭാഗമായാണ് ഇങ്ങനെയൊരു വിഷയം ഇവിടെ അവതരിപ്പിക്കുന്നത്. കാരണം അച്ഛൻ-അമ്മ, ഉമ്മ-ബാപ്പ, ബന്ധം-കുടുംബം എന്ന ആലോചനയുടെ ഭാഗമാണ്. നമ്മുടെ അനുഭവമാണ് ഗുരുനാഥൻ അല്ലെങ്കിൽ old is gold എന്നൊക്കെ പറയുന്നത്. വയോജന കമ്മീഷനുമായി ബന്ധപ്പെടുത്തി ഇവരെ മുന്നോട്ടുകൊണ്ടുവരാൻ ചില മാനദണ്ഡങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. അതിന് വയോജന ക്ലബ്ബുകൾ, ഫിസിയോതെറാപ്പി എന്നിവ അനിവാര്യമാണ്. ചർച്ചയുണ്ടാകണം, ചിരിക്കാനുള്ള അവസരമുണ്ടാക്കണം. അതോടൊപ്പം പ്രായംചെന്നവർ അനുഭവിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. പ്രായമാകുമ്പോൾ കാൽസ്യത്തിന്റെ കുറവുകൊണ്ട് വീഴുക, എല്ല് പൊട്ടുക തുടങ്ങിയ പ്രശ്നങ്ങളുണ്ട്. അതിനൊക്കെ ഇവരെ ഒത്തുചേർത്ത് കൊണ്ടുവരാനും അവരുടെ ആരോഗ്യ സംരക്ഷണത്തിന് ലോക്കൽ ബോഡികളിലൂടെ ഒരു കേന്ദ്രത്തിൽ കൊണ്ടുവന്ന് മാസംതോറും പരിശോധന നടത്തണമെന്നുമുള്ള അഭിപ്രായം അങ്ങേക്കില്ലേ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശ്രീ. എ. പ്രദീപ്കുമാറും ശ്രീ. ഇ. കെ. വിജയനും പ്രസക്തമായ പോയിന്റുകളാണ് പറഞ്ഞത്. പ്രത്യേകിച്ച് വിദ്യാഭ്യാസ

രീതിയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ ഒരു വീട് എന്നുപറയുന്നത് വിദ്യാലയമാണ്. ആ വീട്ടിലെ അദ്ധ്യാപകർ എന്നുപറയുന്നത് രക്ഷിതാക്കളാണ്. വീടുകളിൽ നിന്നുമാണ് വിദ്യാഭ്യാസം ആരംഭിക്കേണ്ടത്. എന്നാൽ ഇപ്പോൾ സ്കൂളിൽ ചെല്ലുമ്പോൾ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് എ+ കിട്ടണം. അതോടൊപ്പം കുട്ടികൾ ജീവിതത്തിൽ എ+ കരസ്ഥമാക്കുന്നവരാകണം. ജീവിതത്തിൽ എ+ കരസ്ഥമാക്കണമെങ്കിൽ മാതാപിതാക്കളോടുള്ള കടമകളെക്കുറിച്ചും അയൽവാസികളോടും സമൂഹത്തോടുമുള്ള ബാധ്യതകളെക്കുറിച്ചും അറിയുന്ന ഒരു തലമുറ വളർന്നുവരണം. അങ്ങനെയൊരു തലമുറയെ വളർത്തിയെടുക്കണമെങ്കിൽ നമ്മുടെ പാഠ്യപദ്ധതിയിൽ മുതിർന്ന പൗരന്മാരോട് സ്വീകരിക്കേണ്ട രീതി സംബന്ധിച്ചും അവരെ പരിചരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വരുന്ന തലമുറയെ ബോധ്യപ്പെടുത്തുംവിധം ഉൾപ്പെടുത്തണം എന്നതാണ് ഇവിടെ ഉയർന്നുവന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാനുള്ളത്. ധാരാളം കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് സംസാരിക്കാനുണ്ട്. ഇനിയും ധാരാളമാളുകൾ ഇടപെട്ട് സംസാരിക്കാൻ കാത്തിരിക്കുകയാണ്. സമയമില്ലാത്തതുകൊണ്ട് ഒരു തുടർ ചർച്ചയ്ക്കുവേണ്ടി ഇത് നീട്ടിവയ്ക്കണം. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെയുണ്ട്. പല പഞ്ചായത്തുകളിലും പകൽവീടുകളുണ്ട്. ഒരു പഞ്ചായത്തിൽ ഒരു പകൽവീടുണ്ടായാൽ പോരാ, ഓരോ വാർഡിലും പകൽവീടുകൾ വേണം. ആ പകൽവീടുകളിൽ മുതിർന്നവരെയും കുട്ടികളെയും യുവജനങ്ങളെയും ഒരുമിച്ചിരുത്താനുള്ള അവസരമുണ്ടാകണം. ഒപ്പം വയോജന ക്ഷേമത്തിനുവേണ്ടി ഒരു വകുപ്പുകൂടി രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 2019 നവംബർ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)